Δ2Y7M63
32F7.2

63 32F7.2
VEKANDA
MUL
089816

**Madras University Library.**

DOCTRINA·VIM·PROMOVET INSITAM

Call Number ~~Q.2x~~ Δ2y7 M63
32F7.2

Accession Number 89816

Available for loan from

This book should be returned on or before the date last marked below.

21 SEP. 1938

15 OCT 1949

25 MAR 1955

15 DEC 1961

14 DEC 1964

O61

ബുക്ക് നമ്പ്ര 2.

ശ്രീ

# വിവേകാനന്ദവിജയം.

## ആദേശവാണികൾ.

---


പ്രസാധകൻ,

കെ. രാമൻമേനോൻ.


---


പ്രസിദ്ധകർ,

എസ്. റ്റി. റെഡ്ഡ്യാർ അൻഡ് സൺസ്,

വി. വി. പ്രസ്സ്—കൊല്ലം.

൨-ാം പതിപ്പു കാപ്പി—൫൦൦.



കാപ്പിറൈറ്റ് പ്രസിദ്ധകരിൽ.



1102.

2 MAY 1[illegible]

89816

Δ2 Y7 M63
32 F7·2



വിവേകാനന്ദസ്വാമികൾ.

89816



വിവേകാനന്ദസ്വാമികൾ.

12 MAY. 19 7.

2 MAY. 19 7

# മുഖവുര.

ശ്രീമത് വിവേകാനന്ദ സ്വാമികൾ അമേരിക്കയിൽ (Thousand Island Park) എന്ന സ്ഥലത്തു് താമസിച്ചിരുന്ന കാലത്തു് അ ദിക്കുകാരായ തന്റെ ശിഷ്യന്മാരെ അഭ്യസിപ്പിക്കുവാനായി അ മഹാചാൎയ്യൻ അവിടെ ഒരു ക്ലാസ്സ് നടത്തിക്കൊണ്ടിരുന്നു. ഈ ശിക്ഷണ ശുഭാവസരത്തിൽ സാക്ഷാൽ ശുകതുല്യനായ ഭഗവാൻ ശ്രീ വിവേകാനന്ദ സ്വാമികളുടെ കരുണാരസസമ്പൂൎണ്ണമായ ഹൃദയ കുഹരത്തിൽനിന്നു് വദനസരോജമാൎഗ്ഗേണ ലോകാനുഗ്രഹാൎത്ഥം നിൎഗ്ഗളിച്ച അമൃതവാണികളെ ഭാഗ്യവതിയും അനുഗൃഹീത ശിഷ്യയും ആയ മിസ്സ്. എസ്സ്. ഇ. വാൾഡൊ എന്ന ധന്യ സ്ത്രീരത്നം അതാതു സമയം കുറിച്ചെടുത്തു് രേഖപ്പെടുത്തിവെച്ചിട്ടുണ്ടായിരുന്നതിൽ നിന്നാണു് അനിതരസാധാരണമായ മാഹാത്മ്യത്തോടുകൂടിയ ഈ ഗ്രന്ഥരത്നം ഉത്ഭവിച്ചിട്ടുള്ളതു്.

അതെ; ഈ വിശിഷ്ട ഗ്രന്ഥത്തിനു് അനിതരസാധാരണമായ വൈശിഷ്ട്യം ഉണ്ടെന്നുതന്നെ തീൎച്ചയായും പറയണം. ഈ മാഹാത്മ്യത്തെ അറിഞ്ഞുകൊണ്ടുതന്നെയാണു് ഇതിന്നു് ഇംഗ്ലീഷിൽ "Inspired Talks" എന്നു് പേരിട്ടിട്ടുള്ളതും. Inspired Talks എന്നാൽ "ഐഹികഭാവത്തിന്റെ പരിധികളെ അതിക്രമിച്ചു്, മനസ്സ് അലൌകികവും ദിവ്യവുമായ ഒരു ഭാവത്തെ പ്രാപിക്കുമ്പോൾ ഉണ്ടാകുന്ന അനുഭവങ്ങളെ അസ്പദമാക്കി പറയപ്പെടുന്ന വാക്കുകൾ" എന്നാണു് അൎത്ഥം. ഈ പരമാൎത്ഥം ഈ പുസ്തകം വായിച്ചുനോക്കുന്ന ഏവനും അനായാസേന ഗ്രഹിക്കാവുന്നതും ആകുന്നു.

ഈ ഭാവാവസ്ഥയിൽ പുറപ്പെട്ടുവിക്കുന്ന ഉത്തേജകങ്ങളും അത്യുൽകൃഷ്ടങ്ങളും ആയ ആശയങ്ങൾ, അവയെ

കേൾക്കുന്നവൎക്ക് വേണ്ടതുപോലെ വിശദമായി ധരിക്കുവാൻ
ആവശ്യമുള്ളേടത്തോളം വ്യക്തമായ ഭാഷയിൽ അറിയിക്കു
വാൻ തരമില്ലാത്തതുകൊണ്ടോ; അതോ, അവയെ സശ്രദ്ധം
കേട്ട് രേഖപ്പെടുത്തിയ ഗ്രന്ഥകൎത്തൃ വ്യാഖ്യാനങ്ങളെ ഉപേ
ക്ഷിച്ച് ദിവ്യാംശങ്ങളെ മാത്രം സംസ്കരിച്ചതുകൊണ്ടോ;
അറിയിക്കാം ഇപ്പോൾ ഇതിൽ ഏതാനും ഭാഗങ്ങൾ ഏതാണ്ടു
സൂത്രങ്ങളെപ്പോലെ അത്ര ഹ്രസ്വമായും ഏതാനും ഭാഗങ്ങൾ
അന്യോന്യം സംബന്ധംകൂടാതെ സ്വതന്ത്രമായും കാണപ്പെടു
ന്നതു്. ഏതായാലും ഈ സ്വഭാവം ഈ ഗ്രന്ഥത്തിന്റെ
മാഹാത്മ്യത്തിന്ന് ഇന്ന് ഒരു മാററുകൂടെ കൂട്ടുന്നതായി ഇരിക്കു
ന്നുള്ളു എന്നതു് സൎവ്വവിദിതമായ ഒരു പരമാൎത്ഥമായി
തീൎന്നിട്ടുണ്ടു്.

വേണ്ടുന്ന വ്യാഖ്യാനങ്ങളോടും വിവരണങ്ങളോടും കൂടി
ഒരു തത്വം പ്രതിപാദിക്കപ്പെട്ടാൽ, അതിനെ കേൾക്കുന്ന
വൎക്ക്, പിന്നെ അതിനെപ്പററി അധികമൊന്നും ചിന്തിക്കു
വാനില്ലെന്ന് വരുന്നതുകൊണ്ടു് ആ പ്രസ്ഥാനം ശ്രോതാക്ക
ളുടെ ചിന്താഗതിയെ ഒരുവിധം തടഞ്ഞു നിൎത്തുകയാകുന്നു
ചെയ്യുന്നതു്. ലോകഗുരുക്കന്മാരും വിദ്വൽശിരോമണികളും
ആയ ശ്രീ ശങ്കരാചാൎയ്യ പ്രഭൃതികളുടെ പ്രതിഭാവിലാസഫല
ങ്ങളായ പലവിധ വ്യാഖ്യാനങ്ങൾക്കും നിരൂപണങ്ങൾക്കും
നിതരാം വിധാനമായിത്തീൎന്ന നമ്മുടെ ശ്രീമദ് ഭഗവദ്ഗീത
തന്നെ ഇവരിൽ ഏതെങ്കിലും ഒരു മഹാചാൎയ്യന്റെ വിചാര
ഗതിയനുസരിച്ച് വിശദമായി ചമയ്ക്കപ്പെട്ടതായിരുന്നു
എങ്കിൽ ഗീതാഭാഷ്യരൂപേണ ഇന്ന് നമ്മൾക്ക് ലഭ്യമായിരി
ക്കുന്നേടത്തോളം അറിവിനെ അതിൽനിന്നും സമ്പാദിക്കു
വാൻ സാധിയ്ക്കുമായിരുന്നോ? ഗീതാഭാഷ്യകാരന്മാരായ അന
ന്താവിദ്വൽശിരോമണികളുടെ ചിന്താസരിത്തിനെ അവൎക്ക്
ഇത്രദൂരം അനയിക്കുവാൻ സാധിക്കുമായിരുന്നോ? ഈ വക
സംഗതികളെ നല്ലപോലെ ഓൎമ്മിച്ചാണ് ബാദരായണപ്രഭൃ
തികൾ അവരുടെ ആശയങ്ങളെ സൂത്രരൂപേണ സംസ്കരിച്ചി

ട്ടുള്ളതെന്നുകൂടിയും ന്യായമായി അനുമാനിക്കേണ്ടിയിരിക്കുന്നു. ഏതായാലും, വിവരണപദ്ധതിയെപ്പോലെ തന്നെ സൂത്രപദ്ധതിയും നമുക്ക് അത്യാവശ്യമായതാണെന്നുള്ള സംഗതി ആരാലും ഒരിക്കലും വിസ്മരിച്ചുകൂടാകുന്നതല്ല.

എന്നാൽ ശ്രീമത് വിവേകാനന്ദ സ്വാമികളുടെ "ആദേശവാണികൾ" കേവലം വിവരണപദ്ധതിയിൽ ഉൾപ്പെട്ടതാണെന്നോ അല്ല, കേവലം സൂത്രപദ്ധതിയിൽ ഉൾപ്പെട്ടതാണെന്നോ ഖണ്ഡിച്ചുപറയുവാൻ ഞാൻ സന്നദ്ധനാകുന്നില്ല. എന്തുകൊണ്ടെന്നാൽ; ഈ രണ്ടു പദ്ധതികൾക്കും ഉള്ള ന്യൂനതകളെ — അതായത്, ആശയങ്ങളെ കേവലം സൂത്രരൂപത്തിൽ മാത്രമാക്കി അടക്കി നിർത്തുന്നതായാൽ അതുനിമിത്തം ധാരാളമായ ദുർഗ്രഹങ്ങൾക്കും തെറ്റിദ്ധാരണകൾക്കും ഇടവരുന്നതുകൊണ്ടു (അങ്ങിനെ വന്നതായി നാം ധാരാളം കണ്ടിട്ടുണ്ടല്ലോ. ബാദരായണരുടെ ബ്രഹ്മസൂത്രത്തെ വ്യാഖ്യാനിച്ച സംഗതിയിൽതന്നെ ആചാര്യന്മാർ അവരവരുടെ ഇഷ്ടത്തിനനുസരിച്ച രസം വരുത്തേണ്ടതിനുവേണ്ടി മർക്കടമുഷ്ടി പിടിച്ചു സൂത്രങ്ങളെ ഖണ്ഡിപ്പിച്ചു തെക്കി പിഴിഞ്ഞിട്ടുള്ളതു എത്രഎത്രയാണു!) സൂത്രപദ്ധതിക്കുള്ള ആ അസംപുഷ്ടദോഷത്തേയും, അതുപോലെതന്നെ വിവരണപദ്ധതിക്കു മുമ്പു വിവരിച്ചതുപോലെയുള്ള ചിന്താപ്രതിരോധ ദോഷത്തേയും — ഇല്ലായ്മ ചെയ്തു തെറ്റിധാരണകൾക്കു വഴികൊടുക്കാത്ത വിധത്തിലും എന്നാൽ ചിന്താസരിത്തിനെ തടുത്തുനിർത്താത്ത തരത്തിലും ഉള്ള ഒരു നൂതന പദ്ധതിയെയാണു ആചാര്യബുദ്ധിമാനായ ശ്രീമത് വിവേകാനന്ദ സ്വാമികൾ ഇവിടെ സ്വീകരിച്ചിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ഈ പരമാർത്ഥവും അതിന്റെ വൈശിഷ്ട്യവും ഈ പുസ്തകത്തിന്റെ ഏതു ഭാഗം വായിച്ചുനോക്കിയാലും മനസ്സിലാക്കുവാൻ സാധിക്കുമെന്നും എനിക്കു പക്ഷമുണ്ടു.

1895 ജൂൺമാസം 19-ാംനു- ആരംഭിച്ചതായ ഈ ക്ലാസ് ആഗസ്റ്റ് മാസം 6-ാംനു- അവസാനിച്ചിരിക്കുന്നതു കൊണ്ട് ഈ ശിക്ഷണം ആകെ കൂടി ഒന്നര മാസത്തോളം മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇവിടെ ഒന്നുരണ്ടു സംഗതി നാം നല്ലപോലെ ആലോചിക്കേണ്ടതായിരിക്കുന്നു.

(i) ശിക്ഷണകാലം ദൈർഘ്യം കുറഞ്ഞത്.

(ii) ശിഷ്യന്മാർ അമേരിക്കയിലെ പുത്തൻ പരിഷ്കാരികൾ.

(iii) ശിക്ഷാവിഷയം ആര്യന്മാരുടെ വിപുലമായ വേദാന്തം.

(iv) സർവോപരി, ഒന്നുതുടങ്ങിയാൽ അതിനെ പൂർണ്ണമാക്കാതെ നിർത്താറില്ലാത്ത സ്വാമികളുടെ സ്വഭാവം.

ഈ സംഗതികളെപ്പററി അല്പമൊന്ന് ആലോചിക്കുന്നതായാൽ ആ ചുരുങ്ങിയ കാലത്തെ ശിക്ഷണം എത്രമാത്രം തീവ്രതരമായതായിരുന്നിരിക്കണം എന്നും ഏതെല്ലാം വിഷയങ്ങളെ സമാശ്ലേഷിച്ചതായിരുന്നിരിക്കണം എന്നും ഊഹിക്കാമല്ലോ. ചുരുക്കി പറയുന്നതായാൽ മോക്ഷപ്രാപ്ത്യുപായങ്ങളായ കർമ്മ-ഭക്തി-യോഗ-ജ്ഞാന-മാർഗ്ഗങ്ങളെ നാലും ദിവ്യാത്മാവായ ആ ഗുരുവര്യൻ തന്റെ വിദേശീയശിഷ്യന്മാർക്കായി ഈ ചുരുങ്ങിയ കാലംകൊണ്ട് പ്രസ്പഷ്ടം തുറന്നു കാട്ടിക്കൊടുത്തു. അതാണ് ഈ ചെറുപുസ്തകത്തിലെ പ്രതിപാദ്യവിഷയം. ഇത്രയും പറഞ്ഞതിൽനിന്നുതന്നെ ഇതിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങൾ എന്തെല്ലാമായിരിക്കുമെന്നും അവ എത്രമാത്രം ഗഹനങ്ങളായിരിക്കുമെന്നും അനുമാനിച്ചുകൂടയോ?

സംസാരചക്രത്തിൽ കുടുങ്ങി, ഭൗതികപ്രതിപത്തിയാകുന്ന മദ്യം സേവിച്ച് മയങ്ങി, കാലവാഡവാനലനിൽപെട്ട് കുഴങ്ങി, കര കണ്ടീടാതെ കഷ്ടപ്പെടുന്ന അമേരിക്കക്കാരെ,—

എന്നുമാത്രമല്ല സമസ്ത ലോകത്തേയും—തട്ടിയുണർത്തി, ജീവിതായോധനത്തെ വിജയപ്രദമായി പര്യവസാനിപ്പിക്കുവാനും തദന്ത്യത്തിൽ പരമപുരുഷാർത്ഥമായ മോക്ഷത്തെ (സ്വാതന്ത്ര്യത്തെ) പ്രാപിക്കുവാനും ഏററവും സുഗമവും സുദൃഢവും ആയ മാർഗ്ഗം കാലത്തിനും ദേശത്തിനും ഒത്തവിധം കാണിച്ചുതന്നു് ഉത്സാഹഭരിതരും പുരുഷസിംഹങ്ങളും ആക്കി സന്മാർഗ്ഗത്തിൽക്കൂടെ നയിക്കുന്ന ധീരയോദ്ധാവായ വിവേകാനന്ദ സേനാനായകൻെറ ഹൂംകാരത്തോടുകൂടിയ വീരശംഖധ്വനി ആർക്കുതന്നെ ആശ്വാസത്തെ ചെയ്യാതിരിക്കയില്ല! ആനന്ദത്തെ കൊടുക്കാതിരിക്കയില്ല!!

മൂലഗ്രന്ഥത്തിൻെറ ജീവസ്സിനും തേജസ്സിനും യാതൊരു ശൈഥില്യവും വരുത്താതെ കഴിയുന്നതും, അതേപ്രകാരംതന്നെ പ്രസ്തുത ഗ്രന്ഥത്തെ ലളിതമായ ഭാഷയിൽ ഭാഷാന്തരം ചെയ്യുവാൻ ഞാൻ ചെയ്തിട്ടുള്ള ശ്രമം എത്രമാത്രം ഫലിച്ചിട്ടുണ്ടെന്നു് വായനക്കാർ തീർച്ചപ്പെടുത്തിക്കൊള്ളുകയേ വേണ്ടു. തങ്കക്കാലാസ്സിൽ രത്നലിപികളാൽ രേഖപ്പെടുത്തി സദാ ഹൃദയത്തോടുചേർത്തു് നിക്ഷേപിക്കുവാൻ ഉചിതമായ ഒരു ഉത്തമഗ്രന്ഥമാണു് ഇതെന്നും ഐഹികവും പാരത്രികവും ആയ ഏതു് അസ്വാസ്ഥ്യത്തേയും വിഹനിച്ചു് അമരത്വം പ്രദാനംചെയ്യാനുള്ള ദിവ്യശക്തി ഇതിന്നുണ്ടെന്നും ആണു് എൻെറ അഭിപ്രായവും വിശ്വാസവും. ഉപനിഷദാദി മഹാഗ്രന്ഥങ്ങളെപ്പോലെ അമൂല്യവും നാരായണീയാദി മഹാസ്തോത്രങ്ങളെപ്പോലെ നിത്യപാരായണോചിതവും ആയ ഈ ചെറുപുസ്തകം അതിൻെറ ജന്മോദ്ദേശ്യത്തെ നിറവേററിക്കാണുവാൻ ഈശ്വരൻ കടാക്ഷിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഞാൻ ഈ പുതിയ പുസ്തകത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കൊല്ലം.<br>
5 മകരം 1102. } കെ. രാമൻ മേനോൻ.

# വിഷയാനുക്രമണിക.


| | | |
|---|---|---|
| 1. | ക്രൈസ്തവസിദ്ധാന്തം. ... ... | 1 |
| 2. | ആത്മാവിന്റെ സർവ്വവ്യാപകത്വം. ... | 7 |
| 3. | നാരദഭക്തിസൂത്രം. ... ... | 11 |
| 4. | ആത്മജ്ഞാനം ... ... ... | 19 |
| 5. | കർമ്മരഹസ്യം. ... ... ... | 27 |
| 6. | ബൈബിൾ. ... ... ... | 33 |
| 7. | ഗീതാ. ... ... ... | 38 |
| 8. | ഗീതാ. ... ... ... | 41 |
| 9. | ശ്രീരാമകൃഷ്ണദേവൻ. ... ... | 46 |
| 10. | ദിവ്യമാതാ. ... ... ... | 54 |
| 11. | ഭക്തിഭജനം. ... ... ... | 57 |
| 12. | ചാർവ്വാകമതം. ... ... ... | 66 |
| 13. | വ്യാസസൂത്രം. ... ... ... | 68 |
| 14. | തപസ്സ്. ... ... ... | 74 |
| 15. | കർമ്മസന്ന്യാസം. ... ... ... | 79 |
| 16. | ജ്ഞാനം. ... ... ... | 82 |
| 17. | ബുദ്ധനും ശങ്കരനും. ... ... | 86 |
| 18. | ധർമ്മസിദ്ധാന്തങ്ങൾ. ... ... | 92 |
| 19. | ശങ്കരഭാഷ്യം. ... ... ... | 99 |
| 20. | ഇച്ഛാസ്വാതന്ത്ര്യം. ... ... | 104 |
| 21. | തത്വജ്ഞാനവും തത്വവിജ്ഞാനീയവും. ... | 108 |
| 22. | സ്വാതന്ത്ര്യവും അസ്വാതന്ത്ര്യവും. ... | 114 |
| 23. | ശങ്കരാചാര്യർ ... ... ... | 115 |
| 24. | ശങ്കരമതം. ... ... ... | 120 |
| 25. | ശങ്കരാചാര്യരും സാംഖ്യമതവും. ... | 124 |
| 26. | മായാ. ... ... ... | 127 |

| | | |
|---|---|---|
| 27. | ഈശ്വരൻ. ... ... ... | 132 |
| 28. | പതഞ്ജലീയോഗസൂത്രം. ... ... | 137 |
| 29. | ഭഗവൽഗീതാ-കർമ്മയോഗം. ... ... | 142 |
| 30. | യോഗസൂത്രം. ... ... ... | 147 |
| 31. | ടി ... ... ... | 151 |
| 32. | ബ്രഹദാരണ്യകോപനിഷത്ത്. ... ... | 156 |
| 33. | കഠോപനിഷത്ത്. ... ... | 157 |
| 34. | അവധൂതഗീതാ. ... ... ... | 163 |
| 35. | തത്വജ്ഞാനം. ... ... ... | 166 |
| 36. | ആത്മജ്ഞാനം. ... ... ... | 176 |
| 37. | ഭക്തിയോഗം. ... ... ... | 182 |
| 38. | ഗുരുഭക്തി. ... ... ... | 192 |
| 39 | നിഷ്ഠ. ... ... ... | 198 |
| 40. | ജീവിതഗതി. ... ... ... | 203 |
| 41 | ആത്മാരാധനം. ... ... ... | 213 |
| 42 | ജീവന്റെ ഗതി. ... ... ... | 222 |
| 43. | അന്തരവും ബാഹ്യവും. ... ... | 232 |

2 MAY. 19 7.

ശ്രീ

# വിവേകാനന്ദവിജയം.

## രണ്ടാം പുസ്തകം.

## ആദേശവാണികൾ.

---

## ക്രൈസ്തവസിദ്ധാന്തം.

---

1895 ജൂൺ 19-ാംനു, ബുധനാഴ്ച—

"അടിയിൽ ശബ്ദം ഉണ്ടായിരുന്നു; ശബ്ദം ദൈവത്തോടുകൂടി ആയിരുന്നു; ശബ്ദം ദൈവമായിരുന്നു."* ഹിന്ദുക്കൾ ഇതിനെയാണ് മായാ—ഈശ്വരന്റെ വിജൃംഭണം—എന്നു പറയുന്നതു്. കാരണം, അതു ഈശ്വരന്റെ ശക്തിയായിരിക്കുന്നതു തന്നെ. പ്രപഞ്ചത്തിൽ പ്രതിഫലിക്കുന്ന കേവല സത്തയെയാണു് ഞങ്ങൾ പ്രകൃതി എന്നു പറയുന്നതു്. ശബ്ദത്തിനു (1) സാധാരണപ്രകടനം—പ്രകൃതിരൂപത്തിൽ ഉള്ളതു്; (2) പ്രത്യേകപ്രകടനം—അവതാരരൂപത്തിൽ ഉള്ളതു്; (കൃഷ്ണൻ, ബുദ്ധൻ ജീസസ്സ്, രാമകൃഷ്ണൻ, ഇവരെല്ലാം ഈ തരത്തിൽ ഉൾപ്പെട്ടവരാണ്) ഇങ്ങനെ രണ്ടു തരം പ്രകടനങ്ങൾ ഉണ്ടു്. കേവലത്തെ ഒരിക്കലും അറിയുവാൻ സാധിക്കുകയില്ലെങ്കിലും, കേവലത്തിന്റെ പ്രത്യേക പ്രകടനമായ ക്രിസ്തു അറിയുന്നവനും അറിയപ്പെടുന്നവനും ആകുന്നു. നമുക്കു് പുത്രനെ അല്ലാതെ പിതാവിനെ അറിയാകുന്നതല്ല. മാനുഷികമായ ഭാവത്തിൽ കൂടെ മാത്രമേ—ക്രിസ്തുവിൽക്കൂടെ മാത്രമേ—നമുക്കു് കേവലത്തെ അറിയുവാൻ സാധിക്കുകയുള്ളു.

---

* ബൈബിൾ, ജോണിന്റെ പുസ്തകം നോക്കുക.

ജോണിൻെറ അത്ര്യത്തെ അഞ്ചു വാക്യങ്ങളിൽ ക്രൈസ്തവധമ്മത്തിൻെറ സവ്വസിദ്ധാന്തങ്ങളും അടങ്ങിക്കിടക്കുന്നുണ്ട്. അതിലെ ഓരോ വാക്യവും അതിഗഹനങ്ങളായ തത്വജ്ഞാനസിദ്ധാന്തങ്ങളെക്കൊണ്ട് പരപൂൎണ്ണമായി ഇരിക്കുന്നു.

പരിപൂൎണ്ണം ഒരിക്കലും അപരിപൂൎണ്ണമായിത്തീരുകയില്ല. അതു് ഇരുട്ടിലാണെങ്കിലും ഇരുട്ടിനാൽ ബാധിക്കപ്പെട്ടിട്ടില്ല. ഈശ്വരൻെറ കാരുണ്യം എല്ലാവരിലും ഒരുപോലെ പതിയുന്നുണ്ട്. മനുഷ്യരുടെ കൊള്ളരുതായ്മകൊണ്ട് അതിന്നു യാതൊരു ദോഷവും നേരിടുന്നില്ല. നമുക്ക് പിത്തരോഗം ഉണ്ടായാൽ അതുനിമിത്തം സൂൎയ്യബിംബത്തെ മഞ്ഞനിറത്തിൽ കാണുന്നു; എന്നല്ലാതെ നമ്മുടെ നേത്രരോഗം സൂൎയ്യനെ ഒരു പ്രകാരത്തിലും ബാധിക്കുന്നില്ലതന്നെ. ഇരുപത്തിഒൻപതാമത്തെ വാക്യത്തിൽ "ലോകത്തിലെ പാപങ്ങളെ എടുക്കുന്നു" എന്നു് പറഞ്ഞിട്ടുണ്ട്. അതിൻെറ ശരിയായ അൎത്ഥം, ക്രിസ്തുദേവൻ നമുക്ക് പരിപൂൎണ്ണരാകുവാനുള്ള മാൎഗ്ഗം കാണിച്ചുതരുന്നു എന്നാകുന്നു. മനുഷ്യൻെറ യഥാൎത്ഥമായ സ്വഭാവത്തെ അവൎക്കു കാണിച്ചുകൊടുക്കുവാൻ വേണ്ടി, അതായതു്, മനുഷ്യൻ ഈശ്വരൻ തന്നെയാണെന്നു് കാണിച്ചുകൊടുക്കുവാൻ വേണ്ടി, ഈശ്വരൻ ക്രിസ്തുവായി അവതരിച്ചു. ദൈവികഭാവത്തിൻെറ മീതെ മാനുഷികഭാവംകൊണ്ട് മൂടിയിരിക്കുക മാത്രമാണു്. അവരാണു് നമ്മൾ, മനുഷ്യർ. ആകയാൽ ദൈവികഭാവത്തിൽനിന്നു് നോക്കുമ്പോൾ ക്രിസ്തുവും നമ്മളും എല്ലാം ഒന്നുതന്നെ; വ്യത്യാസമേതും ഇല്ല.

ക്രിസ്തുവെ രണ്ടുപ്രകാരത്തിൽ നമുക്ക് കാണാറായിട്ടുണ്ട്. ത്രൈമൂൎത്തികക്രിസ്തുവെ * നമുക്കുപരി കയററി പ്രതിഷ്ഠിച്ചിട്ടുണ്ടെങ്കിലും വ്യക്തിഗതക്രിസ്തു + ഒരു സാമാ

---

* ത്രൈമൂൎത്തികക്രിസ്തു= Trinitarian Christ
+ വ്യക്തിഗതക്രിസ്തു=Unitarian Christ.

സ്ഥികപുരുഷൻ മാത്രമേ ആകുന്നുള്ളു. ഈ രണ്ടു് ക്രിസ്തക്കാർക്കും നമ്മെ സഹായിക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഈശ്വരന്റെ അവതാരമായക്രിസ്തുവിന്നു്—തന്റെ ഈശ്വരഭാവത്തെ സ്മരിക്കുന്നവനായ ക്രിസ്തുവിന്നു്—നമ്മെ സഹായിക്കുവാൻ സാധിക്കുകയും ചെയ്യും. ആ ക്രിസ്തുവിൽ യാതൊരു അപൂൎണ്ണതയും ഇല്ലതന്നെ. ഈ അവതാരങ്ങൾക്കു് അവരുടെ ദിവ്യഭാവത്തെപ്പററിയുള്ള ഓൎമ്മ എപ്പോഴും ഉണ്ടായിരിക്കുന്നതാണു്. അവൎക്കു ആ ഓൎമ്മ ജനനം മുതല്ക്കുതന്നെ ഉണ്ടായിരിക്കുകയും ചെയ്യും. അവർ ആട്ടം അവസാനിപ്പിച്ച വേഷക്കാരെപ്പോലെ ആകുന്നു. അവരുടെ പ്രവൃത്തി അവസാനിച്ചാലും മററുള്ളവരെ സന്തോഷിപ്പിക്കുവാനും സഹായിക്കുവാനുംവേണ്ടി അവർ വീണ്ടും രംഗത്തിൽ വരാറില്ലയൊ? അതുപോലെ ഇവരും, ഇവരുടെ പ്രവൃത്തികളെല്ലാം അവസാനിച്ചശേഷവും, മററുള്ളവരുടെ ആവശ്യത്തിന്നായി വരുന്നവരാകുന്നു. ഈ മഹാത്മാക്കൾ ലൌകികമായ യാതൊന്നിനാലും ബാധിതരായിത്തീരുന്നില്ല. അവർ നമ്മെ നേർവഴികാണിക്കുവാൻ വേണ്ടിമാത്രം, കുറേക്കാലത്തേയ്ക്കു്, നമ്മുടെ ആകൃതിയേയും പ്രകൃതിയേയും സ്വീകരിക്കുന്നു എന്നേ ഉള്ളു. എന്നാൽ യഥാൎത്ഥത്തിൽ അവർ ക്ലിപ്തഭാവങ്ങളോട്ടു് കൂടിയവർ അല്ല. അവർ എന്നും സ്വതന്ത്രന്മാർതന്നെ ആകുന്നു.

നന്മ (പുണ്യം) സത്യത്തിന്നു വളരെ അടുത്താകുന്നു എന്നല്ലാതെ അതു് സത്യംതന്നെ ആകുന്നില്ല. ദുഃഖങ്ങളെക്കൊണ്ടു് ക്ഷോഭിതരാകാതിരിക്കുവാൻ അഭ്യസിച്ചതിന്നുശേഷം നാം സുഖങ്ങളെക്കൊണ്ടു് സന്തുഷ്ടരാകാതിരിക്കുവാനും അഭ്യസിക്കണം. നാം തിന്മയ്ക്കും നന്മയ്ക്കും, പാപത്തിന്നും പുണ്യത്തിന്നും, ദുഷ്കൃതത്തിന്നും സുകൃതത്തിന്നും അതീതരാണെന്നു് എന്നു കണ്ടെത്തണം. അവയുടെ ഘടനാസമ്പ്രദായത്തെ നല്ലപോലെ ശ്രദ്ധിച്ചു് പഠിക്കുകയും അവരണ്ടും നമുക്കു് ആവശ്യംതന്നെയാണെന്നു കാണുകയും വേണം.

ഈ ദ്വൈത ആശയം ഉണ്ടായിട്ടുള്ളതു് പ്രാചീന പേർഷ്യൻകാരിൽ നിന്നാണു്. * എന്നാൽ യഥാർത്ഥത്തിൽ നന്മയും തിന്മയും ഒന്നുതന്നെ ആകുന്നു. അവരണ്ടും നമ്മുടെ സ്വന്ത മനസ്സിലും ആകുന്നു. മനസ്സ് അതിന്റെ ശരിയായ നിലയിൽ നിശ്ചഞ്ചലമായിരിക്കുമ്പോൾ അതിനെ നന്മയും തിന്മയും ഒന്നും ബാധിക്കുക ഇല്ല. പരിപൂർണ്ണമായവിധം സ്വതന്ത്രനായിരിക്കുന്നവനെ ഈ ഉഭയഭാവങ്ങളും ബാധിക്കുക ഇല്ല. അപ്പോൾ സ്വാതന്ത്ര്യത്തിന്റേയും ആനന്ദത്തിന്റേയും അനുഭൂതി ഉണ്ടാകുകയും ചെയ്യും. നന്മ സ്വർണ്ണച്ചങ്ങല, തിന്മ ഇരുമ്പുചങ്ങല, രണ്ടും ചങ്ങലതന്നെ. ഈ ചങ്ങലകളുടെ ബന്ധനത്തിൽനിന്നു് മോചിക്കുക; സ്വതന്ത്രനാകുക; അതാണു് വേണ്ടതു്. നിങ്ങൾക്കു ബന്ധനമേ ഇല്ലെന്നു് നിങ്ങൾ എന്നേക്കുമായി അറിയണം. ഇരുമ്പുചങ്ങലകൊണ്ടുള്ള ബന്ധനത്തെ ഭേദിക്കുവാൻവേണ്ടി സ്വർണ്ണച്ചങ്ങലകൊണ്ടുള്ള ബന്ധനത്തെ വരിക്കാതെ നിവൃത്തിയില്ല. പിന്നെ സ്വർണ്ണച്ചങ്ങലയേയും ഉപേക്ഷിക്കാം. ഇങ്ങിനെ ചങ്ങലകൾ രണ്ടും പോകട്ടെ. തിന്മയാകുന്ന മുള്ളു് നമ്മുടെ ശരീരത്തിൽ കുത്തിക്കയറി കിടപ്പുണ്ടു്. ഈ മുള്ളു് കുത്തിയ പ്രപഞ്ചാരണ്യത്തിൽ നിന്നുതന്നെ നന്മയെന്ന മറെറാരു മുള്ളെടുത്തു് അതിനെ കുത്തിനീക്കിയശേഷം രണ്ടു മുള്ളുകളേയും ദൂരത്തെറിഞ്ഞു് സ്വാതന്ത്ര്യത്തെ പ്രാപിക്കണം.

ലോകത്തിൽ എപ്പോഴും ദാതാവിന്റെ നിലയെവേണം സ്വീകരിക്കുവാൻ. ഉള്ളതെല്ലാം കൊടുക്കുക. പ്രതിഫലമായി ഒന്നുംതന്നെ ആഗ്രഹിക്കരുതു്. പരന്മാരെ സ്നേഹിക്കണം, അവ

---

* സൌരാസ്ത്രമതം ലോകത്തിലെ ഏററവും പുരാതനമായ മതമാകുന്നു. അതിന്റെ സ്ഥാപകനായ സൊറാസ്റ്റർ, "ഓർമ്മസ്റ്റഡ്" (നന്മതത്വം) എന്നും "അഹ്രിമൻ" (തിന്മതത്വം) എന്നും ഉള്ള രണ്ടു് പ്രാഥമികതത്വങ്ങളിൽ നിന്നാണു് പ്രപഞ്ചസൃഷ്ടിയെന്നു് ഉപദേശിച്ചു. ഈ സൊറാസ്റ്ററുടെ പിൻഗാമികളാണു് ഇന്നത്തെ പാർസികൾ.

ശുസഹായിക്കണം, അവക്ക് വേണ്ടുന്ന ശുശ്രൂഷകൾ എല്ലാം ചെയ്യണം, തങ്ങളാൽ കഴിയുന്നതെന്തോ അതെല്ലാം അവൎക്ക് കൊടുക്കുകയും വേണം. എന്നാൽ ഇതൊരു വ്യാപാരംപോലെ ആയിപ്പോകരുത്. കൊടുക്കുക എന്നല്ലാതെ അതിന്നു പ്രത്യേകവ്യവസ്ഥകളൊന്നും അരുതു്. പ്രതിഫലമൊന്നും കാംക്ഷിക്കുകയും അരുതു്. ഈശ്വരൻ നമുക്ക് വേണ്ടതെല്ലാം തരുന്നില്ലേ? നാം എന്തൊന്നു് പകരം കൊടുത്തിട്ടാണു്? അതുപോലെ നമ്മാൽ ആകുന്നതെല്ലാം നമ്മളും കൊടുക്കണം.

ഏകദാതാവു് ഈശ്വരൻ മാത്രം. മററു് ലോകത്തിലുള്ളവരെല്ലാം—ലോകമെല്ലാം തന്നെ—വെറും കച്ചവടക്കാർ മാത്രം. ഈശ്വരൻെറ "ചെക്ക്" വാങ്ങുക. അതു എവിടേയും മാറിക്കിട്ടും.

"ഈശ്വരൻ അചിന്ത്യനും അനിർവചനീയനും ആയ പ്രേമസ്വരൂപൻ ആകുന്നു." ഈ ഈശ്വരനെ അനുഭവിക്കുകയല്ലാതെ ഒരിക്കലും നിർവ്വചിക്കുവാൻ സാധിക്കുകയില്ല.

നാം കഷ്ടതകളും സങ്കടങ്ങളും അനുഭവിക്കുമ്പോൾ ഈ ലോകം നമുക്ക് ഒരു മഹാ ഭയങ്കരമായ സ്ഥലംപോലെ ഇരിക്കുന്നു. രണ്ടു ചെറിയ പട്ടിക്കുട്ടികൾ തമ്മിൽ കളിക്കുകയും അന്യോന്യംകടിപിടി കൂട്ടുകയും ചെയ്യുന്നതു് നാം കണ്ടുകൊണ്ടിരിക്കുന്നു എന്നു് വിചാരിക്കുക. നാം അതിനെ പററി ഗൌരവമായി വല്ലതും ചിന്തിക്കാറുണ്ടോ? ഇല്ല. എന്തുകൊണ്ടു്? അതു് വെറും നേരമ്പോക്കാണെന്നു് നമുക്ക് അറിയാം. അഥവാ ഇടക്കിടയ്ക്കു് ഓരോന്നു് മുറുക്കി കടിച്ചാലും കൂടെ ദോഷമൊന്നും വരാനില്ലെന്നും നമുക്ക് നിശ്ചയമുണ്ടു്. ഇതുപോലെതന്നെയാണു് ഈശ്വരനും ചെയ്യുന്നതു്. നമ്മുടെ ഈ ബുദ്ധിമുട്ടുകളും ഈ പരാക്രമങ്ങളും എല്ലാം ഈശ്വരൻെറ ദൃഷ്ടിയിൽ പട്ടിക്കുട്ടികളുടെ വിനോദംപോലെയേ ഉള്ളൂ. ഈ ലോകമെല്ലാം തന്നെ വിനോദത്തിനുവേണ്ടി; അതുകൊണ്ടു് ഈ ലോകവ്യാപാരങ്ങൾ കണ്ടു് ഈശ്വരൻ പുഞ്ചിരിച്ചുകൊണ്ടു് ഇരി

ക്കുന്നതേ ഉള്ളൂ. അല്ലാതെ ഇതിൽ ഒന്നുംതന്നെ ഈശ്വരനെ ക്ഷുഭിതനാക്കിത്തീർക്കുകയില്ല.

"അമ്മേ! ജീവിത സമുദ്രത്തിൽ എന്റെ നാവമിതാ
താഴുവാൻ തുടങ്ങുന്നു;
മായമാകുന്ന ചുഴലിക്കാററും ബന്ധമാകുന്നകൊടുങ്കാററും
പ്രതിനിമിഷം വൎദ്ധിച്ചു് വരുന്നു.
എന്റെ അഞ്ചു തണ്ടുകാർ (പഞ്ചേന്ദ്രിയങ്ങൾ).
അമരക്കാരനോ (മനസ്സ്); വളരെ ബലഹീനൻ.
എന്റെ ശക്തിയെല്ലാം നഷ്ടപ്പെട്ടുപോയി; എന്റെ
നാവം താണുതുടങ്ങി.
ഹാ ദേവി! ഹാ മാതാവെ! എന്നെ രക്ഷിക്കണേ!
എന്നെ രക്ഷിക്കണേ!"

"മാതാവെ! ദേവിയുടെ ചൈതന്യം ദിവ്യനിലും പാപിയിലും ഒരുപോലെ പതിക്കുന്നു; അതു് ഭക്തനേയും ഘാതകനേയും ഒരുപോലെ അശ്ലേഷിക്കുന്നു." മാതാവു് എല്ലാററിൽകൂടെയും എല്ലാകാലത്തും ഒരേവിധം പ്രകാശിക്കുന്നുണ്ടു്. ചൈതന്യം യാതൊരുവസ്തുവിന്റെമേൽ പ്രകാശിക്കുന്നുവൊ ആ വസ്തുവിന്റെ ഗുണവും ദോഷവും രണ്ടും ആ പ്രകാശത്തെ ബാധിക്കുന്നില്ല. അശുദ്ധമായ വസ്തുക്കളുടെ മീതെ പതിച്ചാൽ അശുദ്ധമാകുകയൊ, ശുദ്ധമായവയുടെ മീതെ പതിച്ചാൽ ശുദ്ധമാകുകയൊ ഇല്ല. പ്രകാശമെപ്പൊഴും പരിശുദ്ധവും മാററമില്ലാത്തതും ആയ സ്വഭാവവിശേഷത്തോടുകൂടിയതുതന്നെ. പരിശുദ്ധയും പ്രേമസ്വരൂപിണിയും ആയ മാതാവു് എല്ലാ ജീവജാലങ്ങളുടെയും പിൻപുറത്തായിനില്ലുണ്ടു്. "സർവ്വ ജീവജാലങ്ങളിലും ചൈതന്യരൂപമായി സ്ഥിതിചെയ്യുന്ന മാതാവെ! അങ്ങയ്ക്കു് നമസ്കാരം. ദുഃഖത്തിലും സുഖത്തിലും വിശപ്പിലും സന്തുഷ്ടിയിലും എല്ലാം ദേവി ഒരേവിധം തന്നെയാണു് സ്ഥിതിചെയ്യുന്നതു്."

"തേനീച്ച തേൻ ശേഖരിക്കുമ്പോൾ ഈശ്വരൻ ഭക്ഷിക്കുന്നു" ഇങ്ങിനെ ഈശ്വരനെ സര്‍വ്വവ്യാപിയായി അറിഞ്ഞ് ഋഷികൾ ആരേയും സ്തുതിക്കുന്നതും ഇല്ല; നിന്ദിക്കുന്നതും ഇല്ല. ഒന്നിന്നും നിങ്ങളെ ഉപദ്രവിക്കുവാൻ സാധിക്കുകയില്ല എന്നു അറിയുക. എങ്ങിനെ സാധിക്കും? നിങ്ങൾ സ്വതന്ത്രരല്ലയൊ? നിങ്ങൾ ആത്മാവല്ലയൊ? "അവൻ നമ്മുടെ ജീവന്റെ ജീവനും, ശ്രവണത്തിന്റെ ശ്രവണവും നേത്രത്തിന്റെ കാഴ്ചയും ആകുന്നു."

പോല്ലീസ്സുകാരെ ഭയപ്പെട്ട് ഓടിനടക്കുന്ന ഒരു കുററവാളിയെപ്പോലെയാണ് നാം സാധാരണമായി ലോകത്തിൽകൂടെ സഞ്ചരിക്കാറുള്ളത്. അതുകൊണ്ട് ലോകത്തിന്റെ സൌഭാഗ്യമൊന്നും നമുക്കു വേണ്ടതുപോലെ കണ്ടറിയുവാനും ആസ്വദിക്കുവാനും സാധിക്കുന്നില്ല. നമ്മളെ ബാധിക്കുന്ന ഈ ഭയമെല്ലാം ഭൌതികപ്രതിപത്തിയിൽ നിന്ന് ഉണ്ടാകുന്നതാണ്. ഭൂതത്തിന്ന് ഉണ്ടാകുന്ന അസ്തിത്വം സമസ്തവും അതിന്ന് പിമ്പുറത്ത് സ്ഥിതിചെയ്യുന്ന ചൈതന്യത്തിൽനിന്ന് സിദ്ധിക്കുന്നതാകുന്നു. നാം കാണുന്നതെല്ലാം, ഈശ്വരൻ പ്രകൃതിയിൽകൂടെ ശോഭിക്കുന്നതുമാത്രം ആകുന്നു. *

## 2

## ആത്മാവിന്റെ സര്‍വ്വവ്യാപകത്വം.

---

ജൂൺ 23-ാംനു, ഞായറാഴ്ച—

ധൈര്യവാനും ശ്രദ്ധാവാനും ആയിരിക്കുക. അതാണു ഒന്നാമതായി വേണ്ടത്. പിന്നെ ഏതെങ്കിലും ഒരു മാര്‍ഗ്ഗത്തെ ദൃഢമായി സ്വീകരിക്കണം. അതാണ് രണ്ടാമത്തെക്കാര്യം.

---

* ഇവിടെ "പ്രകൃതി" എന്നതിന്നു ഭൂതവും മനസ്സും എന്നേ അര്‍ത്ഥമുള്ളു.

എന്നാൽ നിങ്ങൾ പരിപൂൎണ്ണഭാവത്തെ പ്രാപിക്കാതിരിക്കയില്ല. ചങ്ങലയുടെ ഒരു കണ്ണിയെ ആദ്യമായി പിടികൂടണം. എന്നാൽ പിന്നെ ചങ്ങല മുഴുവനും നിങ്ങളുടെ കയ്യിൽവന്നുകൊള്ളും. വൃക്ഷത്തിൻെറ മൂലത്തിൽ വേണം നനയ്ക്കുവാൻ. അതായതു്, ഈശ്വരനേവേണം പ്രാപിക്കുവാൻ. എന്നാൽ മരത്തിനു മുഴുവനും നനച്ച ഫലം ഉണ്ടാകുന്നതാണു്. അതായതു്, ഈശ്വരനെ പ്രാപിച്ചുകഴിഞ്ഞാൽ നാം ബാക്കി സൎവ്വത്തേയും പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു.

ഒരുഭാഗം മാത്രം നോക്കുന്നതാണു് ലോകത്തിലെ വലിയ അനൎത്ഥം. നിങ്ങൾ അധികഭാഗങ്ങളെ വികസിപ്പിച്ചാൽ നിങ്ങൾക്കു് അധികം ജീവാത്മാക്കൾ സ്വാധീനമായിത്തീരുന്നതാണു്. നിങ്ങൾക്കു് എല്ലാ ജീവാത്മാക്കളിൽകൂടെയും പ്രപഞ്ചത്തെ കാണുവാനും സാധിക്കുന്നതാണു്. ഭക്തനിൽകൂടെയും ജ്ഞാനിയിൽകൂടെയും നിങ്ങൾക്കു പ്രപഞ്ചത്തെ കാണുവാൻ സാധിക്കും. സ്വപ്രകൃതിയെത്തന്നെ നല്ലപോലെ അന്വേഷിച്ചു് നിൎണ്ണയിക്കുക; പിന്നെ അങ്ങിനെ ഉറപ്പിച്ചതിനെ ബലമായി പിടിക്കുകയും ചെയ്യുക. നമ്മുടെ പ്രകൃതം തന്നെ എന്താണെന്നു നമുക്കു് നിശ്ചയം ഇല്ലാത്തതുകൊണ്ടാണു് നാം ഒരുമാൎഗ്ഗത്തേയും സ്ഥിരമായി ആശ്രയിക്കാതിരിക്കുന്നതു്. നിഷ്ഠ—അതായതു് ഒരു ആദൎശത്തോടുള്ള പ്രതിപത്തി, മാത്രമാണു് ആരംഭദശയിൽ ഇരിക്കുന്നവനുള്ള ഏകമാൎഗ്ഗം. എന്നാൽ ഭക്തിയും ശ്രദ്ധയും ഉണ്ടായാൽ അതുതന്നെ എല്ലാസ്ഥാനങ്ങളിലേക്കും നിങ്ങളെ കൊണ്ടുചെല്ലുകയും ചെയ്യും. പള്ളികൾ, സിദ്ധാന്തങ്ങൾ, ആചാരങ്ങൾ, മുതലായവ ഇളംപ്രായത്തിൽ ഇരിക്കുന്ന ചെടിയെ സംരക്ഷിയ്ക്കുവാനുള്ള വേലികൾ ആകുന്നു. എന്നാൽ ആ ചെടി വലുതായി വലിയ മരമാകുമ്പോൾ ആ വേലി തനിയെതന്നെ പൊളിഞ്ഞു് പോയിക്കൊള്ളും. അതുപോലെ മതങ്ങൾ ബൈബിളുകൾ, വേദങ്ങൾ, നിയമങ്ങൾ മുതലായവ എല്ലാം

ഇളംചെടിക്ക് വളരുവാനുള്ള ചെറിയ ചട്ടികൾ ആകുന്നു. ഈ ചെടി വലുതാകുമ്പോൾ അവ ചട്ടികളിൽനിന്നു പുറത്തു കടന്നുകൊള്ളും. "നിഷ്ഠ" എന്നതു്, ഒരുവിധം പറയുമ്പോൾ, താൻ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗത്തിൽകൂടെയുള്ള ഗതിയിൽ കിടന്നു ബലപ്പെടുന്ന ജീവനെ സംരക്ഷിക്കുവാനായുള്ള ഏർപ്പാട്—ചെടിയെ ചട്ടിയിൽ വയ്ക്കുന്നതുപോലെയുള്ള ഒരു രക്ഷ—ആകുന്നു.

നിങ്ങൾ സമുദ്രത്തെവേണം കാണുവാൻ. അല്ലാതെ തിരയെനോക്കി നില്ക്കരുതു്. ഒരു ഉറുമ്പും ഒരു ദേവനും തമ്മിൽ യാതൊരുവ്യത്യാസവും നിങ്ങൾ കാണരുതു്. ഒരു ചെറുകീടംകൂടയും നസ്രാണിയുടെ സഹോദരനാണു്. അല്ലാതെ ഒരുവൻ ഉൽകൃഷ്ടൻ, മററൊരുവൻ നികൃഷ്ടൻ എന്നിങ്ങനെയുള്ള വ്യത്യാസം എങ്ങിനെ ഉണ്ടാകാം. ഓരോന്നും അതാതിൻെറ സ്ഥാനത്തു് വലിയതുതന്നെ. നാം ഇവിടെ ഉള്ളതുപോലെതന്നെ സൂര്യനിലും നക്ഷത്രങ്ങളിലും ഉണ്ടു്. ചൈതന്യം കാലദേശങ്ങൾക്കു് അതീതവും സവ്വവ്യാപകവും ആകുന്നു. ഈശ്വരനെ സ്തുതിക്കുന്ന വദനങ്ങളെല്ലാം എൻെറ വദനങ്ങൾ; കാണുന്ന കണ്ണുകളെല്ലാം എൻെറ കണ്ണുകൾ. നാം യാതൊരു പ്രത്യേകസ്ഥലത്തും ബന്ധിതർ അല്ല. നാം ശരീരമല്ല. പ്രപഞ്ചമാണു് നമ്മുടെ ശരീരം. നാം ഒരു ജാലവിദ്യക്കാരനെപ്പോലെ ആകുന്നു. അവൻ അവൻെറ കയ്യിലുള്ള "മായാദണ്ഡം" വീശി അവൻെറ ഇച്ഛാനുസരണം നമ്മുടെമുമ്പിൽ പല അത്ഭുതകാഴ്ചകളേയും ഉണ്ടാക്കുന്നില്ലെ. ഒരു വലിയ വലയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു എട്ടുകാലിയെപ്പോലെയാണു് മനുഷ്യൻെറ നില. ആ വലയിൽ അതു വിചാരിക്കുന്ന ഏതുസ്ഥലത്തും അതിന്നു് നിഷ്പ്രയാസം സഞ്ചരിക്കുവാൻ സാധിക്കുമല്ലൊ. എന്നാൽ തല്ക്കാലം ഈ എട്ടുകാലിക്കു് അതിരിക്കുന്ന വലയുടെ മദ്ധ്യഭാഗം മാത്രമേ അറിഞ്ഞുകൂടു. അതിന്നു് ഒരിക്കൽ ഈ വലയുടെ മുഴുവൻഭാഗത്തെപററിയും ഉള്ള അറിവു് ഉണ്ടാകാതിരിക്കയില്ല. അതു് തീച്ച

യാണ്. അതുപോലെ നമുക്ക് ഇപ്പോൾ ഈ ശരീരം ഉള്ളേടത്തോളപ്പുററിയുള്ള അറിവേ ഉള്ളൂ. ഒരൊററ മസ്തിഷ്കം മാത്രമേ നമുക്ക് ഇപ്പോൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നുള്ളൂ. എന്നാൽ ഒരിക്കൽ തീച്ചയായും ഈ തരം തെററും. തെററിയേ കഴിയൂ. അപ്പോൾ, അതായതു് നമ്മൾ ബോധാതീതമായ ഒരു അവസ്ഥയെ പ്രാപിക്കുമ്പോൾ നമുക്ക് എല്ലാം അറിയാറാകും; നമുക്ക് എല്ലാ മസ്തിഷ്കങ്ങളേയും ഉപയോഗപ്പെടുത്താറുമാകും. ഈ ബോധഭാവത്തിന്ന് നമ്മൾക്ക് ഇപ്പോൾതന്നെ ഒരു "തള്ളു് കൊടുക്കുവാൻ" സാധിക്കുന്നതാണ്. എന്നാൽ അതു് അപ്പുറം കടന്ന് ബോധാതീതാവസ്ഥയിൽ പ്രവത്തിക്കുന്നതായിരിക്കും.

നമ്മുടെ ശ്രമങ്ങളെല്ലാം യഥാത്ഥമായ അസ്തിത്വത്തെ സമ്പാദിക്കുവാൻ വേണ്ടിയുള്ളവ ആകുന്നു. അല്ലാതെ മറെറാന്നിന്നും തന്നെ വേണ്ടിയുള്ളവ അല്ല. ഈ മമതയും ഈ അഹങ്കാരവുംകൂടി അതിന്നുവേണ്ടിയാണ്. നാം യഥാത്ഥത്തിൽ ശുദ്ധസ്ഫടികംപോലെ നിമ്മലരാണ്. അതാണ് നമ്മളുടെ യഥാത്ഥസ്വഭാവം. ഇതിൽ എല്ലാം പ്രതിഫലിക്കും; എന്നാൽ ആ പ്രതിഫലനങ്ങളൊന്നും അതിനെ ബാധിക്കാതെ അതു് എന്നും ശുദ്ധമായിത്തന്നെ ഇരിക്കുകയും ചെയ്യും. അസ്ഥാനം പ്രാപിച്ചുകഴിഞ്ഞാൽപിന്നെ നിങ്ങൾക്ക് യാതൊരു കർമ്മവും യാതൊരു വ്യാപാരവും ഇല്ല. ശരീരം ഒരു വെറും യന്ത്രംമാത്രമായിത്തീരുന്നു. അതിനെപ്പററി യാതൊരുശ്രദ്ധയും വെക്കേണ്ടതായ അവശ്യമേ ഇല്ല. അതു് ശുദ്ധമായി ഭവിക്കുന്നു. അതിന്ന് ഒരിക്കലും അശുദ്ധമാകുവാൻ സാധിക്കുകയേ ഇല്ല.

നിങ്ങൾ പരിപൂണ്ണനാണെന്ന് അറിയുക. അപ്പോൾ സമസ്ത ഭയങ്ങളും അസ്തമിക്കും. "ഞാനും എന്റെ പിതാവും ഒന്നാകുന്നു" എന്നു് പറയുക.

മുന്തിരിവള്ളിയിൽ കുലകളെന്നപോലെ കാലക്രമേണ ക്രിസ്തുക്കൾ അനേകം ഉണ്ടാകും. അപ്പോൾ അവർ കളി

കളെല്ലാം അവസാനിപ്പിച്ച് കടന്നുപോകുകയും ചെയ്യും. ഒരു പാത്രത്തിൽ വെള്ളം തിളയ്ക്കുവാൻ തുടങ്ങുമ്പോൾ ആദ്യം ഒരു കുമിള ഉണ്ടാകുന്നു, പിന്നെ കുറെ കഴിഞ്ഞു് മറ്റൊന്നു് ഉണ്ടാകുന്നു, പിന്നെ ക്രമേണ കുമിളകൾ അധികമധികമായി ത്തീരുന്നു. ഒടുവിൽ എല്ലാം തിളതന്നെ. ഇങ്ങിനെ വെള്ളം അവസാനിക്കുന്നതുവരെ തിളച്ചുകൊണ്ടേ ഇരിക്കും. വെള്ള മെല്ലാം ആവിയായി പോകുകയും ചെയ്യും. ലോകത്തിൽ ഇതേവരെ ഉണ്ടായിട്ടുള്ളതിൽവെച്ച് ഏററവും വലിയ രണ്ടു കുമിളകളാണു് ബുദ്ധനും ക്രിസ്തുവും. മോസസ്സ് ഒരു ചെറിയ കുമിള. അതിലും വലിയവലിയ കുമിളകൾ അനേകം ഉണ്ടു് വരുന്നു. ഒരിക്കൽ എല്ലാവരും കുമിളകളായിത്തീരും; എല്ലാ വരും ആവിയായി പുറത്തുപോകുകയും ചെയ്യും. എന്നാലും പ്രപഞ്ചവ്യാപാരം ഇങ്ങിനെതന്നെ ഇരിക്കാതിരിക്കയില്ല. സൃഷ്ടിചക്രം ഇങ്ങിനെതന്നെ തിരിഞ്ഞുകൊണ്ടിരിക്കുന്ന താണു്. അതെന്നും പുതിയതുതന്നെ. വീണ്ടുംവീണ്ടും തിളച്ചും കുമിളകളായും ആവിയായും പോകേണ്ടതിന്നു് വേണ്ടേട ത്തോളം പുതിയവെള്ളം വീണ്ടും അതിൽ വീണുകൊണ്ടുതന്നെ ഇരിക്കുന്നതാണു്.

## 3.

## നാരദഭക്തിസൂത്രം.

---

ജൂൺ 24-ാംനു-, തിങ്കളാഴ്ച—

"ഈശ്വരനിലുള്ള അത്യന്ത പ്രേമമാണു് ഭക്തി. ഈ പ്രേമമാണു് യഥാർത്ഥമായ അമരത്വം. ഈ പ്രേമം ലബ്ധമാകു മ്പോൾ അവൻ പരിപൂർണ്ണതൃപ്തിയെ പ്രാപിക്കുന്നു. അവന്നു പിന്നെ നാശത്തെപ്പററി വ്യസനമാകട്ടെ, അസൂയയാകട്ടെ യാതൊന്നും ഉണ്ടാകുന്നില്ല. ഇതിനെ അറിഞ്ഞു് മനുഷ്യൻ ഭ്രാന്തനായിത്തീരുന്നു."

എന്റെ ഗുരുദേവൻ ഇങ്ങിനെ പറയാറുണ്ട്:—"ഈ ലോകം ഒരു വലിയ ഭ്രാന്തശാലയാണ്. ഇവിടെ ഉള്ളവർ എല്ലാം മുഴുത്ത ഭ്രാന്തന്മാർ തന്നെ. ചിലക്ക് കാഞ്ചനത്തിലാണ് ഭ്രാന്ത്; ചിലരുടെ ഭ്രാന്ത് കാമിനിയ്ക്കുവേണ്ടിയാണ്; ചിലക്ക് പേരിനും പ്രതാപത്തിനും വേണ്ടിയാണ്; ദുർല്ലഭം ചിലർ ഈശ്വരനുവേണ്ടിയും ഭ്രാന്തന്മാരല്ലാതെ ഇല്ല. ഈശ്വരനുവേണ്ടി ഭ്രാന്തനാകുന്നതാണ് എനിക്ക് ഇഷ്ടം. ഈശ്വരൻ ലഗ്നംപോലെ * ആണ്. ഈ ഈശ്വരലഗ്നസ്പർശനംകൊണ്ട് മനുഷ്യൻ നിമിഷാന്തരത്തിൽ കനകമായി ഭവിക്കുന്നു. അയസഖഡ്ഗം ലഗ്നസ്പർശംകൊണ്ട് സ്വർണ്ണമായാലും അതു് ഖഡ്ഗാകൃതിയിൽ തന്നെ ഇരിക്കുന്നതാണല്ലോ. പക്ഷെ അതുകൊണ്ട് മുമ്പിലത്തെപ്പോലെ ഒന്നിനേയും ഛേദിക്കുവാൻ ഇപ്പോൾ സാധിക്കുകയില്ല. അതുപോലെ ഈശ്വരലഗ്നംകൊണ്ട് സ്വർണ്ണമായി തീർന്നു മനുഷ്യന്റെ ആകൃതിക്ക് ഭേദമൊന്നും വരുന്നില്ലെങ്കിലും, അവന്റെ പ്രകൃതം തീരെ മാറിപ്പോകുന്നു—മനുഷ്യരൂപം അങ്ങിനെതന്നെ ഇരിക്കുന്നു എങ്കിലും അവനു പിന്നെ ഒന്നിനേയും ഉപദ്രവിക്കുവാനൊ, യാതൊരു പാപകൃത്യവും ചെയ്യുവാനൊ സാധിക്കുക ഇല്ല."

"ഈശ്വരചിന്തകൊണ്ട് ചിലർ കരയുന്നു, ചിലർ ചിരിക്കുന്നു, ചിലർ ആടുന്നു, ചിലർ പാടുന്നു, ചിലർ അത്ഭുതങ്ങളായ പലതും പറയുന്നു. എന്നാൽ എല്ലാവരും പറയുന്നതും പ്രവർത്തിക്കുന്നതും എല്ലാം ഈശ്വരനെത്തന്നെ ലക്ഷ്യമാക്കിയാണ്."

പ്രവാചകന്മാർ ഉപദേശിക്കും. അവരെക്കൊണ്ട് അത്രയേ സാധിക്കുകയുള്ളു. എന്നാൽ ജീസസ്സ്, ബുദ്ധൻ,

---

* പണ്ട് ഒരു തരം കല്ലുണ്ടായിരുന്നു എന്നും അതിന്റെ സ്പർശംകൊണ്ട് ഇരുമ്പ് സ്വർണ്ണമായി തീർന്നിരുന്നു എന്നും പുരാണങ്ങളിൽ പറഞ്ഞുകാണുന്നുണ്ട്. ഈ കല്ലിനെയാണ് "ലഗ്നം" എന്ന് പറയുന്നത്.

രാമകൃഷ്ണൻ ഇവരെപ്പോലെയുള്ള അവതാരമൂർത്തികൾക്ക്, ഒരുവന്ന് ഒന്ന് കൊടുക്കുന്നതുപോലെ, ധർമ്മത്തെ പ്രദാനം ചെയ്യുവാൻ സാധിക്കുന്നതാണ്. ഒരു ദർശനം, ഒരു സ്പർശനം, മാത്രം മതി. അതുകൊണ്ട് കാര്യംകഴിഞ്ഞു. അത്രയ്ക്കാണ് അവരുടെ ശക്തി. ഈ ഗുരുക്കന്മാർ അവരുടെ ശിഷ്യന്മാൎക്ക് യഥാർത്ഥശക്തിയെ പകർത്തിക്കൊടുക്കുകയാണ് ചെയ്യുന്നത്. അതിനെയാണ് "ഗുരുശക്തി" "പാരമ്പര്യശക്തി" എന്നെല്ലാം പറയുന്നത്. യഥാർത്ഥമായ ജ്ഞാനസ്നാനം ഇങ്ങിനെ എന്നന്നേയ്ക്കുമായി അവർ നിലനിർത്തുന്നു.

"എല്ലാ അനുഗ്രഹങ്ങളേയും 'തടയുക-തടയുക' എന്നുള്ളതാണ് യഥാർത്ഥഭക്തിയുടെ സ്വഭാവം. അതുകൊണ്ട് ഭക്തിയെ യാതൊരു അനുഗ്രഹനിർവ്വഹണത്തിന്നും ഉപയോഗപ്പെടുത്തുവാൻ സാധിക്കുക ഇല്ല." ശ്രീ നാരദമഹർഷി ഭക്തിലക്ഷണം വിവരിച്ചിട്ടുള്ളത് ഇങ്ങിനെയാണ്:—

"എല്ലാ വിചാരങ്ങളും, എല്ലാ വാക്കുകളും, എല്ലാ പ്രവൃത്തികളും ഈശ്വരന്നായിക്കൊണ്ട് സമർപ്പിക്കുകയും, ഈശ്വരനെപ്പറ്റിയുള്ള ഏററവും നിസ്സാരമായ ഒരു വിസ്മൃതിപോലും അത്യന്ത ദുഃഖത്തെ ജനിപ്പിക്കുകയും ചെയ്യുമ്പോൾ, അവനിൽ, അപ്പോൾ, ഭക്തി ആരംഭിച്ചിരിക്കുന്നു."

"പ്രത്യുപകാരേച്ഛ ഇല്ലാതിരിക്കുന്നപ്രേമമാണ് അത്യുൽകൃഷ്ടമായ പ്രേമം. മാനുഷികമായ പ്രേമത്തിൽ മാത്രമേ ഈ ഇച്ഛ ഉണ്ടാകയുള്ളൂ."

"സാമുദായികവും ശാസ്ത്രീയവും ആയ നിയതികളേയും ആചാരങ്ങളേയും അതിക്രമിച്ചവനാകുന്നു സന്ന്യാസി. ജീവസ്സ് മുഴുവനും ഈശ്വരപാദങ്ങളിലേയ്ക്ക് പ്രവഹിക്കുകയും, ഈശ്വരനിൽമാത്രം അഭയംപ്രാപിക്കുകയും ചെയ്യുമ്പോൾ— അപ്പോൾ നമുക്ക് ഈ ഭക്തി ലഭ്യമാകുവാൻ അടുത്തിരിക്കുന്നു എന്ന് അറിയാകുന്നതാണ്."

ശാസ്ത്രങ്ങളെ കൂടാതെ കഴിക്കുവാൻ വേണ്ടേടത്തോള മുള്ളശക്തി ഉണ്ടാകുന്നതുവരെ ശാസ്ത്രങ്ങളെ പ്രത്യക്ഷരം അനുസരിക്കുകതന്നെവേണം. ആ ശക്തി ലഭ്യമായിക്കഴിഞ്ഞാൽ നിങ്ങൾക്ക് അവയെ അതിലംഘിക്കാം. പുസ്തകമല്ലകാൎയ്യം. ധാൎമ്മികങ്ങളായ പരമാൎത്ഥങ്ങളെ അനുഭവപ്പെട്ടത്തിത്തന്നെ തൃപ്തിപ്പെടേണ്ടതാകുന്നു.

ഓരോന്നും നിങ്ങൾതന്നെ ഇങ്ങിനെ അനുഭവിച്ചറിയേണ്ടതാകുന്നു. "ഞാൻ കണ്ടിട്ടുണ്ട്, എന്നാൽ നിങ്ങൾക്ക് കാണുവാൻ സാധിക്കുകയില്ല" എന്ന് പറയുന്ന ഗുരുവിനെ ഒരിക്കലും വിശ്വസിക്കുകയേ അരുത്. "ഞാൻ കണ്ടിട്ടുണ്ട്, അതുപോലെ നിങ്ങൾക്കും കാണുവാൻ കഴിയും" എന്ന് പറയുന്ന ഗുരുവാരൊ ആ ഗുരുവിനെമാത്രമേ വിശ്വസിക്കാവൂ. എല്ലാ കാലത്തും, എല്ലാ രാജ്യത്തും, എല്ലാ ശാസ്ത്രങ്ങളും എല്ലാ സത്യങ്ങളും വേദങ്ങളാണ്. എന്തുകൊണ്ടെന്നാൽ ഈ പരമാൎത്ഥങ്ങൾ കാണപ്പെടാവുന്നവയും അനുഭവിക്കപ്പെടാവുന്നവയുംആകുന്നു. അതിനെ കാണുകയും അനുഭവിക്കുകയും ആൎക്കും ആവാം.

"ഭക്തിയാകുന്ന സൂൎയ്യന്റെ അരുണോദയം ഉണ്ടാകുവാൻ തുടങ്ങുമ്പോൾ നാം നമ്മുടെ സൎവ്വപ്രവൃത്തികളും ഈശ്വരാൎപ്പണമായി ചെയ്യണം. നാം ഈശ്വരനെ ഒരു നിമിഷനേരത്തേയ്ക്കുപോലും വിസ്മരിക്കുന്നതായാൽ, ആ വിസ്മരണം നമുക്ക് അസഹ്യമായ ദുഃഖത്തെ ഉണ്ടാക്കുന്നതായിരിക്കുന്നു."

ഈശ്വരനും നിങ്ങളുടെ ഈശ്വരഭക്തിക്കും മദ്ധ്യേത്തിലായി യാതൊന്നുംതന്നെ ഉണ്ടായിരിക്കരുത്. നിങ്ങളുടെ ഭക്തി അനൎഗ്ഗളമായി ഈശ്വരങ്കലേയ്ക്ക് പ്രവഹിക്കട്ടെ. ഭക്തി-ഭക്തി-ഭക്തി-അതാണ് കാൎയ്യം. ലോകം എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ. ഭക്തിതന്നെ മൂന്നു പ്രകാരത്തിൽ ഉണ്ട്: —

(i) വെറുംയാചന—അതും വേണം, ഇതും വേണം, എന്നിങ്ങിനെ സകലതും യാചിക്കുക; ഒന്നുംതന്നെ കൊടുക്കുവാൻ തയ്യാറാകാതേയും ഇരിക്കുക; ഇങ്ങിനെ ഒരുതരം.

(ii) ഒണ്ണുമാററം—ഞാൻ ഇന്നതങ്ങോട്ടുതരാം; ഇന്നത് ഒന്ന് കൈക്കുലിതരാം; അതിന്നുപകരം എനിക്ക് ഇന്നത് ഇങ്ങോട്ടുതരണം; ഇന്നകാര്യം നിവൃത്തിച്ചുതരണം; എന്നിങ്ങിനെ മറെറാരുതരം.

(iii) പ്രത്യുപകാരേച്ഛ ഇല്ലാത്ത പ്രേമം—ഒന്നും ആവശ്യപ്പെടുന്നില്ല; എല്ലാം കൊടുക്കുവാൻ തയ്യാറുമുണ്ട്; എന്തു് അപത്തുവന്നാലും ശരി; ഇങ്ങിനെ മൂന്നാമത്തു് ഒരുതരം. ശലഭങ്ങൾക്ക് അഗ്നിയോടുള്ള പ്രേമംപോലെ ആണ് ഇതു്.

"ഭക്തി, കർമ്മത്തെക്കാളും, യോഗത്തെക്കാളും, ജ്ഞാനത്തെക്കാളും ഉൽകൃഷ്ടമായതാകുന്നു."

കർമ്മിക്ക് കർമ്മം ഒരു സ്ക്കൂൾപഠിപ്പു പോലേയേയുള്ളു. അല്ലാതെ അതിനാൽ മററുള്ളവക്ക് ഒരു ഗുണവും ചെയ്യാൻ അവനെക്കൊണ്ട് സാധിക്കുകയില്ല. അവരവരുടെ കാര്യം അവരവർതന്നെ നിർവ്വഹിച്ചേ മതിയാകൂ. പ്രവാചകന്മാരെക്കൊണ്ട്, അതെങ്ങിനെ പ്രവർത്തിച്ച് തീക്കുവാൻ സാധിക്കുമെന്നു് കാണിച്ചുതരുവാനേ സാധിക്കുകയുള്ളു. "നീ എന്തൊന്നു് ഇച്ഛിക്കുന്നുവൊ നീ അതായിത്തീരുന്നു." അതുകൊണ്ടു് നിങ്ങൾ നിങ്ങളുടെ ഭാരം ക്രിസ്തുവിൻെറ പുറത്തു് വെച്ചുകെട്ടുവാനാണ് ഭാവമെങ്കിൽ, തരക്കേടില്ല, നിങ്ങൾ ക്രിസ്തുവിനെപ്പററിത്തന്നെ നിരന്തരം ചിന്തിക്കണം, നിങ്ങൾ ക്രിസ്തുദേവനെത്തന്നെ ആഗ്രഹിക്കണം, അങ്ങിനെ ക്രിസ്തുദേവനായിത്തന്നെ തീരുകയും വേണം. അതായതു നിങ്ങൾക്കു ക്രിസ്തുദേവനിൽ ഭക്തിയുണ്ടാകണം എന്നു് താല്പര്യം.

"അതിതീവ്രമായ ഭക്തിയും അത്യുൽകൃഷ്ടമായ ജ്ഞാനവും രണ്ടും ഒന്നുതന്നെ ആകുന്നു.

ഈശ്വരനെപ്പററി വലിയ കാൎയ്യത്തിൽ പ്രസംഗിച്ചതുകൊണ്ടൊന്നും പ്രയോജനം ഇല്ല. നാം ഈശ്വരനെ പ്രേമിക്കണം, പ്രവൎത്തിക്കുകയും വേണം; അതുകൊണ്ടേ പ്രയോജനമുള്ളു. ലോകത്തേയും എല്ലാ ലൌകികവിഭവങ്ങളേയും ഉപേക്ഷിക്കുക. "ചെടി" ഇളംപ്രായത്തിൽ ഇരിക്കുമ്പോൾ ഇതു് പ്രത്യേകിച്ചും ആവശ്യമാണു്. രാവും പകലും ഈശ്വരനെ പററിത്തന്നെ ചിന്തിക്കണം. മററൊന്നിനെ പററിയുള്ള ചിന്തയും അരുതു്. ഇതിന്നു പൂൎണ്ണമായും സാധിച്ചില്ലെങ്കിൽ സാധിക്കുന്നേടത്തോളം തികച്ചും ചെയ്യുക. പ്രതിദിവസം അവശ്യമായിവരുന്ന ദിനചിന്തകളെല്ലാം ഈശ്വരനിൽ കൂടെത്തന്നെ ചെയ്യാവുന്നതാണു്. ഈശ്വരന്നു വേണ്ടി ഭക്ഷിക്കുക ഈശ്വരന്നുവേണ്ടി പാനം ചെയ്യുക, ഈശ്വരന്നു വേണ്ടി ഉറങ്ങുക, എന്നുവേണ്ട സൎവ്വും ഈശ്വരന്നുവേണ്ടി ചെയ്യുക; ഇങ്ങിനെ മററുള്ളവരോടു് ഈശ്വരനെപ്പററി സംസാരിക്കണം. കഴിയുന്നേടത്തോളം ഈശ്വരനെപ്പററി മാത്രമേ സംസാരിക്കുകയും ചെയ്യാവു. ഇതു് വളരെ ഗുണകരമാമ ഒരു സംഗതി ആകുന്നു.

ഈശ്വരൻേറയും ഈശ്വരൻെറ വിശിഷ്ടസന്താനങ്ങളുടേയും അനുഗ്രഹം സമ്പാദിക്കുക. ഇവ ഈശ്വരനിലേയ്ക്കുള്ള രണ്ടു് പ്രധാനവഴികൾ ആകുന്നു. ഈശ്വരസാക്ഷാൽക്കാരം ഉണ്ടായിട്ടുള്ള മഹാത്മാക്കളുടെ സാഹചൎയ്യം സിദ്ധിക്കുക എന്നതു് അത്ര എളുപ്പമായ സംഗതിഒന്നും അല്ല. അവരുമൊന്നിച്ചു് അഞ്ചുനിമിഷം ഇരിക്കുന്നതുകൊണ്ടു് ഒരു ജീവിതംമുഴുവനും മാറിപ്പോകുന്നതാണു്. നിങ്ങൾക്കു് അങ്ങിനെയുള്ള ഒരു ഗുരുവിൻെറ സാന്നിദ്ധ്യം യഥാൎത്ഥത്തിൽ ഒഴിച്ചുകൂടാത്തതായി തീരുമ്പോൾ അങ്ങിനെയുള്ള ഒരു ഗുരുവൎയ്യൻ നിങ്ങളെ അന്വേഷിച്ചു് വന്നുകൊള്ളും. ഈശ്വരഭക്തന്മാരുടെ സാന്നിദ്ധ്യം ഒന്നുകൊണ്ടുതന്നെ ആ പ്രദേശം പരിശുദ്ധമായിത്തീരുന്നു. "ഈശ്വരസന്താനങ്ങളുടെ മാഹാത്മ്യം

ഏവംവിധം ആകുന്നു.” അവർ ഈശ്വരൻതന്നെ. അവർ സംസാരിക്കുമ്പോൾ അവരുടെ വാക്കുകൾ പ്രമാണങ്ങളും തന്നെ. അവർ സ്ഥിതിചെയ്യുന്ന സ്ഥലം അവരിൽനിന്ന് പ്രവഹിക്കുന്ന തേജസ്സുകൊണ്ട് പരിശുദ്ധമായും പരിപൂർണ്ണമായും ഇരിക്കും. അവിടെ ചെല്ലുന്നവക്ക് അതു് അനുഭവമാകുകയും, അതുനിമിത്തം അവരിൽ, പരിശുദ്ധരായിത്തീരുവാനുള്ള ഒരു പ്രത്യേകവാസന, ജനിക്കുകയും ചെയ്യും.

“അങ്ങിനെയുള്ള ഭക്തന്മാക്ക് പിന്നെ ജാതിഭേദമില്ല; പണ്ഡിതനെന്നും പാമരനെന്നും ഉള്ള ഭേദബുദ്ധി ഇല്ല; സൌന്ദര്യം, ജനനം, ധനം, സ്ഥിതി ഇവകളെക്കൊണ്ടുള്ള വ്യത്യാസമൊന്നും ഇല്ല. എല്ലാം ഈശ്വരൻേറതുതന്നെ.”

എല്ലാവിധ ദുസ്സംസർഗ്ഗങ്ങളേയും ഉപേക്ഷിക്കണം. ആദ്യകാലങ്ങളിൽ ഇതു് പ്രത്യേകിച്ചും ആവശ്യമാണ്. നിങ്ങളുടെ മനസ്സിനെ ഭിന്നമാർഗ്ഗങ്ങളിലേയ്ക്കു് തിരിക്കുന്ന ലൌകികജനങ്ങളുമായുള്ള സംസർഗ്ഗവും ഉപേക്ഷിച്ചേ മതിയാകൂ. “അഹങ്കാരവും മമതയും എല്ലാം ഉപേക്ഷിക്കുക.” പ്രപഞ്ചത്തിൽ തൻേറതായി യാതൊന്നും ഇല്ലാത്തവനെ മാത്രമേ ഈശ്വരൻ സഹായിക്കുകയുള്ളൂ. ലൌകികങ്ങളായ എല്ലാ പ്രേമബന്ധങ്ങളേയും ഖണ്ഡിക്കണം. “എൻെറ നാളത്തെ സ്ഥിതി എന്തായിരിക്കും?” എന്ന വിചാരമേ അരുതു്. എന്തെങ്കിലും ആയിക്കൊള്ളട്ടെ. അവയെല്ലാം അതീതനായിത്തീരണം. നിങ്ങൾ ചെയ്തിട്ടുള്ളതിൻെറ ഫലംഎന്താണെന്ന് കാണുവാൻവേണ്ടി ഒരിക്കലും പിന്നോക്കം തിരിഞ്ഞു് നോക്കുവാനേ പാടില്ല. എല്ലാം ഈശ്വരാർപ്പണമായിചെയ്യേണം. അങ്ങിനെ കഴിഞ്ഞാൽമതി. അതിനെപ്പററി പിന്നെ ചിന്തിക്കുകയേ വേണ്ട. നമ്മുടെ ആത്മാവിനെ ഇടമുറിയാത്ത ധാരയായി ഈശ്വര പാദാരവിന്ദങ്ങളിലേയ്ക്കു് നിശ്ശേഷം പകന്നു് കൊടുത്തേയ്ക്കുക. പിന്നെ പണം അന്വേഷിക്കുവാൻ സമയമെവിടെ, പേരും പ്രതാപവും അന്വേഷിക്കുവാൻ സമയമെ

വിടെ, എന്തിന്നു്, ഈശ്വരനെ ഒഴികെ, മററൊന്നിനെ പ്പററിയും ചിന്തിക്കുവാൻ സമയമെവിടെ? അങ്ങനെ വരു മ്പോൾ നിങ്ങളുടെ ആ ഹൃദയത്തിൽ നിസ്സീമവും അത്യൽകൃ ഷ്ടവും അത്യത്ഭുതകരവും ആയ പ്രേമാനന്ദം ജാതമാകുന്ന താണു്. അനുഗ്രഹങ്ങളെല്ലാം വെറും പളുങ്കുമണികൾ, ഈശ്വ രപ്രേമം പ്രതിനിമിഷം വർദ്ധിച്ചുകൊണ്ടേ ഇരിക്കും. എപ്പോഴും അതു് നവം നവം ആയും ഇരിക്കും. അനുഭവം കൊണ്ടു മാത്രമേ അതിനെ അറിയുവാൻ സാധിക്കുകയുള്ളു.

ഭക്തി എല്ലാററിനേക്കാളും എളുപ്പം ആയതാണു്. അതിൻെറ തെളിവിന്നു് ന്യായവാദങ്ങളൊന്നും ആവശ്യമില്ല. അതു് പ്രകൃത്യാ ഉള്ളതാകുന്നു. അതിന്നു് യാതൊരു തെളിവും വേണ്ട, യാതൊരു ദൃഷ്ടാന്തവും ആവശ്യമില്ല. യുക്തി വാദ ത്താൽ ഒന്നിനെ നമ്മുടെ മനസ്സുകൊണ്ടു് പരിമിതമാക്കി ത്തീർക്കുകയാകുന്നു ചെയ്യുന്നതു്. നാം നമ്മുടെ മനസ്സാകുന്ന വല വീശി ഒന്നിനെ പിടികൂടുന്നു; പിന്നെ ഞെളിഞ്ഞു നിന്നു് പറയുകയായി "അതിനെ തെളിയിച്ചിരിക്കുന്നു" എന്നു്. എന്നാൽ ഈശ്വരനെ ഇങ്ങിനെ വലവീശി പിടി ക്കുവാൻ ഒരിക്കലും—ഒരിക്കലും സാധിക്കുന്നതല്ല തന്നെ.

പരിശുദ്ധമായ പ്രേമം അനിർവാച്യസ്വഭാവത്തോടും അനുപമിത ശക്തിയോടും കൂടിയതാണു്. നാം തെററായി സ്നേഹിക്കുന്നതു കൂടെയും, യഥാർത്ഥമായ പരിശുദ്ധ പ്രേമ ത്തിൻെറ പ്രകടനം തന്നെ ആകുന്നു; അതും യഥാർത്ഥ ആന ന്ദത്തിൻെറ ഒരു പ്രകടനംതന്നെ ആകുന്നു. ഏതൊരു വിധ ത്തിൽ പ്രയോഗിച്ചാലും വേണ്ടരില്ല, ശക്തിയെല്ലാം ഒന്നു തന്നെ. അതിൻെറ പ്രകൃതംതന്നെ സമാധാനവും ആന ന്ദവും ആണു്. തൻെറ കുഞ്ഞിനെ എടുത്തു് ചുംബിക്കുന്ന ഘാതകനും, ആ ഒരു നിമിഷനേരത്തേയ്ക്കു് പ്രേമം ഒന്നിനെ ഒഴിച്ചു് മററൊന്നിനേയും അറിയുന്നില്ല.

അഹംഭാവത്തേയും മമതയേയും നിശ്ശേഷം ഉപേക്ഷിക്കുക. കാമ-ക്രോധ-മദ-മാത്സര്യാദികളിൽ നിന്ന് വിമുക്തനാകുക. എല്ലാം ഈശ്വരനായിക്കൊണ്ട് അർപ്പിക്കുക. 'ഞാൻ' അല്ല. 'അന്ത്' തന്നെ ആകുന്നു. ആ പഴയ മനുഷ്യൻ പോയേ പോയി. ഇനി ബാക്കിയുള്ളത് "നിന്തിരുവടി മാത്രം." "ഞാൻ അന്ത് തന്നെ ആകുന്നു."

ആരെയും കുററം പറയരുത്. ദുഃഖമാണ് വരുന്നത് എങ്കിൽ ഈശ്വരൻ നിങ്ങളുമായി കളിക്കുന്നു എന്ന് വിശ്വസിച്ചുകൊള്ളണം, അതുകൊണ്ട് അത്യന്തം സന്തോഷത്തോടുകൂടിയവനായി ഇരിക്കുകയും വേണം.

പ്രേമം കാലദേശാതീതവും കേവലവും ആകുന്നു.

## 4

## ആത്മജ്ഞാനം.

---

ജൂൺ 25-ാംനു, ചൊവ്വാഴ്ച —

സുഖത്തെ തുടന്നുകൊണ്ട് ദുഃഖം വരുന്നു. സുഖമുണ്ടെങ്കിൽ അതിനെ തുടന്ന് തീച്ചയായും ദുഃഖവും ഉണ്ടാകാതിരിക്കയില്ല. ഈ മാററം ഒരു സമയം വളരെ വളരെ ഇടവിട്ടായി എന്നു വരാം. അല്ലെങ്കിൽ വളരെ വളരെ അടുത്തായി എന്നും വരാം. ജീവൻെറ അഭിവൃദ്ധിക്ക് അനുസരിച്ചായിരിക്കും ഈ സ്ഥിതിഭേദം ഉണ്ടാകുന്നത്. ജീവൻ അധികം അഭിവൃദ്ധിപ്പെട്ടതാണെങ്കിൽ അതിന്ന് ഈ മാററം അധികം വേഗം ഉണ്ടാകുന്നു; അല്ല, അഭിവൃദ്ധി കുറഞ്ഞതാണെങ്കിൽ താമസിച്ചും വരുന്നു. എന്നാൽ **നമുക്ക് വേണ്ടതു് സുഖവും അല്ല, ദുഃഖവും അല്ല.** സുഖവും ദുഃഖവും രണ്ടും നമ്മുടെ

യഥാത്ഥസ്വഭാവത്തെ വിസ്മരിപ്പിക്കുകയാണ് ചെയ്യുന്നതു്. അവ രണ്ടും രണ്ടു് ചങ്ങലകൾ തന്നെ. സുഖം സ്വർണ്ണച്ചങ്ങല, ദുഃഖം ഇരുമ്പു ചങ്ങല, അത്രയേ ഭേദമുള്ളൂ. രണ്ടുകൊണ്ടു് കെട്ടിയാലും ഫലം ഒന്നുതന്നെ, ബന്ധനം തന്നെ. ഇവയ്ക്കു രണ്ടിനും അടിയിലാണു് ആത്മാ. അതിന്നു് സുഖവും ഇല്ല; ദുഃഖവും ഇല്ല. സുഖം, ദുഃഖം എന്നുള്ളവയെല്ലാം ഓരോ അവസ്ഥാഭേദങ്ങൾ മാത്രമല്ലയോ. അവസ്ഥകൾക്ക് മാററം കൂടാതേയും കഴികയില്ല. എന്നാൽ ആത്മാ സച്ചിദാനന്ദസ്വരൂപനാണു്. അതിന്നു് യാതൊരു മാററവും ഇല്ല. നാം ഈ ആത്മാവിനെ സമ്പാദിക്കേണ്ടതായിട്ടൊന്നും ഇല്ല. അതു് നമ്മുടെ വശംതന്നെ ഇരിപ്പുണ്ടു്. പക്ഷെ, കുറെ കാറുപിടിച്ചു് മങ്ങിക്കിടക്കുന്നു എന്നേയുള്ളൂ. ആ കാറു് തുടച്ചുകളഞ്ഞു് ശുദ്ധിയാക്കിയാൽ മതി. എന്നാൽ അതിനെ പ്രകാശസ്വരൂപനായി കാണുവാൻ സാധിക്കും.

ആത്മാവിനെത്തന്നെ ആശ്രയിച്ചു് നില്ക്കണം. എന്നാൽ മാത്രമേ നമുക്ക് ലോകത്തെ യഥാത്ഥമായി സ്നേഹിക്കുവാൻ സാധിക്കുകയുള്ളൂ. വളരെ വളരെ ഉയരത്തിൽ വേണം നില്ക്കുവാൻ. നമ്മുടെ സവ്വപ്രാപഞ്ചികമായ സ്വഭാവത്തെ നല്ലപോലെ അറിഞ്ഞു്, ഈ ലോകത്തിലെ ഈ നേരമ്പോക്കുകളെല്ലാം, പരിപൂണ്ണമായ സമാധാനത്തോടുകൂടി കണ്ടുകൊണ്ടു് നില്ക്കുക. ഇതെന്താണു്? വെറും പിള്ളർകളി. അതു് നമുക്ക് നല്ലതുപോലെ നിശ്ചയമില്ലേ? പിന്നെ ഇതെല്ലാം കണ്ടതുകൊണ്ടു് ക്ഷോഭിക്കുവാൻ എന്താണുള്ളതു്! സ്തുതിവചനങ്ങൾ കേൾക്കുമ്പോൾ സന്തോഷിക്കുന്ന മനസ്സ് നിന്ദാവചനങ്ങൾ കേൾക്കുമ്പോൾ തീച്ചയായും ദുഃഖിക്കുകയും ചെയ്യും. എല്ലാ ഇന്ദ്രിയസുഖങ്ങളും, എന്തിന്നു്; മാനസികസുഖങ്ങൾ കൂടിയും, ക്ഷണപ്രഭങ്ങളല്ലയോ? യഥാത്ഥമായി സനാതനമായിരിക്കുന്ന ആനന്ദം ഒന്നു മാത്രമേ ഉള്ളൂ. അതു് നമ്മളിൽത്തന്നെ ഇരിക്കുന്നതും ഉണ്ടു്. അതിനെ

ത്തന്നെ—അതിനെ മാത്രം—ആശ്രയിക്കുക. മററൊന്നിനേയും ആശ്രയിച്ചതുകൊണ്ടു് പ്രയോജനമില്ല. അതു മാത്രമാണു് പരിപൂർണ്ണമായ സ്വാതന്ത്ര്യത്തോടുകൂടിയ ആനന്ദം. നമ്മുടെ ഈ ആനന്ദം നമ്മളിൽ എത്രകണ്ടു് അധികം ഉണ്ടാകുന്നുവോ, അത്രകണ്ടു് നാം ദിവ്യഭാവത്തെ പ്രാപിച്ചവരായിതീരുന്നു. ഈ ആത്മാനന്ദത്തെയാണു് ലോകം "ധർമ്മം" (മതം) എന്നു് പറയുന്നതു്.

യഥാർത്ഥമായിട്ടുള്ള പ്രപഞ്ചം അന്തഃപ്രപഞ്ചമാണു്. അതു് ബാഹ്യപ്രപഞ്ചത്തേക്കാൾ എത്ര എത്രയോ അധികം വലിയതും ആകുന്നു. മാത്രമല്ല, ബാഹ്യപ്രപഞ്ചം തന്നെ യഥാർത്ഥമായ അന്തരപ്രപഞ്ചത്തിൻെറ മങ്ങിയ ഒരു പ്രതിഛായ-അല്ലാതെന്താ. ഈ ലോകം സത്തും അല്ല, അസത്തും അല്ല. അതു് സത്തിൻെറ ഒരു പ്രതിഛായമാത്രം. "ഊഹം സത്യത്തിൻെറ തങ്കനിറമിട്ട ഛായയാകുന്നു" എന്നു് ഒരു കവി പറഞ്ഞിട്ടുണ്ടു്.

നാം സൃഷ്ടിയിൽ പ്രവേശിക്കുന്നു; അപ്പോൾ നമുക്കു് അതു് ജീവിതമായും തീരുന്നു. വസ്തുക്കളെല്ലാം സ്വയമേവ ജഡങ്ങളാണു്. അവയ്ക്കു് ജീവസ്സുണ്ടാക്കുന്നതു് നമ്മളാണു്. പിന്നെ ആ നമ്മൾ തന്നെ ശുദ്ധ മുഠാളന്മാരെപ്പോലെ തിരിഞ്ഞുനിന്നു് അവയെകണ്ടു് ഭയപ്പെടുന്നു; അല്ലെങ്കിൽ അവയെ അനുഭവിച്ചു് സുഖിക്കുന്നു. നിങ്ങൾ ആ മുക്കുവസ്ത്രീകളെപ്പോലെ ആകരുതു്. അതു് വലിയ കഷ്ടമാണു്. ചില മുക്കുവസ്ത്രീകൾ ഒരിക്കൽ ഒരു ചന്തയിൽ പോയി അവരുടെ മത്സ്യം വിററു് മടങ്ങി വരുന്ന വഴിക്കു് നേരം സന്ധ്യയായി. പോരെങ്കിൽ വലിയ കാററും മഴയും. അതുനിമിത്തം അന്നു് അവർക്കു് സ്വഗൃഹങ്ങളിലേയ്ക്കു് മടങ്ങി എത്തുവാൻ സാധിക്കയില്ലെന്നു വന്നു. അതിനാൽ അവർ അന്നത്തെ രാത്രി കഴിച്ചുകൂട്ടുവാൻ ഒരു പുഷ്പത്തോട്ടക്കാരൻെറ ഗൃഹത്തെയാണു് അഭയം പ്രാപിച്ചതു്. ആ ചെറു ഗൃഹത്തിൽ ആവശ്യത്തിലധികം

സ്ഥലം ഇല്ലാതിരുന്നതുകൊണ്ട് ഇവക്ക് കിടക്കുവാനായി ഒഴിച്ചുകൊടുത്ത സ്ഥലം അവൻ പുഷ്പം അറുത്ത് സൂക്ഷിക്കുന്ന ഒരു ചെറിയ മുറിയായിരുന്നു. പിറേറദിവസം അയൽപക്കത്തുള്ള ഒരു പ്രഭുവിൻെറ ഗൃഹത്തിൽ നടക്കുവാനുള്ള കല്യാണത്തിന്നു് എത്തിയ്ക്കുവാനായി അവൻ അന്നു് ഒട്ടുവളരെ പുഷ്പങ്ങൾ അറുത്ത് കുട്ടകളിൽ നിറച്ച് ആ മുറിയിൽതന്നെ ഒരേടത്ത് സൂക്ഷിച്ചിട്ടുണ്ട്. ആ മുറിയിലെങ്ങും നിറഞ്ഞിരുന്ന ഈ പുഷ്പങ്ങളുടെ സൌരഭ്യം ആ സ്ത്രീകൾക്ക് ദുസ്സഹമായിതീൎന്നു. എന്തിന്നു്, അവക്ക് അതുനിമിത്തം ഉറക്കമേവന്നില്ല. വല്ലാത്ത ബുദ്ധിമുട്ടിൽ ആയി. ഒടുവിൽ അവർ ഒരു വിദ്യ കണ്ടുപിടിച്ചു. അവർ അവരുടെ മത്സ്യക്കുട്ടകളെ അരികിലേയ്ക്കു് വലിച്ച് അതിലേക്ക് അവരുടെ മൂക്ക് തള്ളിവെച്ചു കിടന്നു. അവർ പരമാനന്ദമായി ഉറങ്ങുകയുംചെയ്തു.

ഈ ലോകം നമ്മുടെ മത്സ്യക്കുട്ടയാണ്. സുഖാനുഭൂതിക്കായി നാം അതിനെ ഒരിക്കലും ആശ്രയിക്കരുത്. അങ്ങിനെ ചെയ്യുന്നതു് താമസികന്മാരുടെ, അല്ലെങ്കിൽ ബദ്ധന്മാരുടെ ലക്ഷണമാകുന്നു. പിന്നെ രാജസികന്മാർ ഒരുവക ഉണ്ട്. അഹങ്കാരം അവക്കാണു അധികം. "ഞാൻ—ഞാൻ" എന്നു് എപ്പോഴും അഭിമാനിക്കുന്നതു് അവരാണു്. അവർ തന്നെ ചിലപ്പോൾ സൽക്കൎമ്മങ്ങൾ ചെയ്തു എന്നു് വരാം. അതുനിമിത്തം ഒട്ടൊക്കെ ആദ്ധ്യാത്മിക ഭാവത്തോടുകൂടിയവരായിതീൎന്നു എന്നും വരാം. എന്നാൽ ഉൽകൃഷ്ടന്മാർ സാത്വികന്മാർ ആണു്. അവക്ക് ബാഹ്യലോകവുമായുള്ള ഇടപാടുകളേ കുറയും. അവർ എപ്പോഴും ആത്മാരാമന്മാർതന്നെ. താമസം രാജസം സാത്വികം എന്നീ മൂന്നു ഗുണങ്ങളും എല്ലാവരിലും ഉണ്ട്. ഓരോ സമയത്തു് ഓരോന്നിനായിരിക്കും പ്രാധാന്യം; എന്നേയുള്ളൂ.

"സൃഷ്ടി" എന്നതു് ഏതാണ്ടൊന്നിനെ "ഉണ്ടാക്കുക" എന്നുള്ളതല്ല. അതു് നഷ്ടപ്പെട്ടുപോയിരിക്കുന്ന സാമ്യാവ

സ്ഥയെ വീണ്ടും സമ്പാദിക്കുവാനുള്ള പരിശ്രമം ആകുന്നു. കെടേശ്ശുകണ്ണങ്ങളെ വെള്ളത്തിന്നടിയിൽ കൊണ്ടുപോയി വിട്ടാൽ, അവ ഓരോന്നോരോന്ന് ആയൊ, അല്ലെങ്കിൽ തരം പോലെ ഒന്നിലേറെ കണ്ണങ്ങൾ കൂടിച്ചേൎന്നൊ വെള്ളത്തിൻ മുകളിലേക്ക് ബലപ്പാടോടെ പൊങ്ങിവരുന്നില്ലെ? അതുപോലെയാണ്. ജീവിതം ഉണ്ടു്. അതു് ദുഃഖത്തോടുകൂടിയേ ഇരിക്കയും ഉള്ളു. ഒരു ചെറിയ ദോഷമാണ് ജീവിതത്തിൻെറ കാരണം തന്നെ. ലോകത്തിലെ അല്പദുഷ്ടത നല്ലതും വളരെ ആവശ്യവും ആകുന്നു. എന്തുകൊണ്ടെന്നാൽ പൂൎണ്ണമായ സാമ്യാവസ്ഥയെ പ്രാപിച്ചുകഴിഞ്ഞാൽ പിന്നെ ലോകമേ ഉണ്ടാകുകയില്ലല്ലൊ. സാമ്യാവസ്ഥയും നാശവും യഥാൎത്ഥത്തിൽ ഒന്നുതന്നെ. ഈ ലോകം പ്രവൎത്തിച്ചുകൊണ്ടിരിക്കുമ്പോൾ അതോടുകൂടിത്തന്നെ നന്മയും തിന്മയും പ്രവൎത്തിച്ചുകൊണ്ടേ ഇരിക്കുന്നുണ്ടു്. എന്നാൽ നമുക്ക് ഈ ലോകത്തെ അതിക്രമിക്കുവാൻ കഴിയുമ്പോൾ നാം നന്മയ്ക്കും തിന്മയ്ക്കും അതീതന്മാരായി ആനന്ദസ്വരൂപികളായി തീരുകയും ചെയ്യും.

ദുഃഖം കൂടാത്ത സുഖവും തിന്മകൂടാത്ത നന്മയും ഉണ്ടാകുവാൻ ഒരു വിധത്തിലും സാദ്ധ്യമല്ല. ഒന്നുതന്നെ ആകുമ്പോൾ അതു് സാമ്യാവസ്ഥയിൽ തന്നെ ഇരിക്കുവാനേ തരമുള്ളു. ജീവിതംതന്നെ സാമ്യാവസ്ഥയുടെ ഭംഗം ആണ്. ആകയാൽ അസാമ്യാവസ്ഥയിൽ സ്വാമ്യാവസ്ഥ എങ്ങനെ സാദ്ധ്യമാകും. നമുക്കു വേണ്ടതു് ജീവിതവുമല്ല, സുഖവുമല്ല, നന്മയുമല്ല. സ്വാതന്ത്ര്യം; അതാണ് വേണ്ടതു്. സൃഷ്ടി അത്യന്തവിഹീനമായതാണ്; അതു് എന്നു് തുടങ്ങി, എന്നു് അവസാനിക്കും, എന്നൊന്നും ആരെക്കൊണ്ടും പറയുവാൻ സാധിക്കുക ഇല്ല. പരിധിരഹിതമായ തടാകത്തിൽ സദാ ചലിച്ചുകൊണ്ടിരിക്കുന്ന കുമിളപോലെ ആണ് സൃഷ്ടികാൎയ്യം. ഇനിയും കണ്ടെത്താത്തതായ അഗാധപ്രദേശങ്ങൾ ഈ തടാകത്തിൽ വളരെ വളരെ കിടപ്പുണ്ടു്. സാമ്യാവസ്ഥയെ പ്രാപിച്ച മററു സ്ഥല

ങ്ങളും ഇല്ലായ്കയില്ല. കുമിളകൾ എപ്പോഴും ഉണ്ടായിക്കൊണ്ടു തന്നെ ഇരിക്കുന്നു. അതിന്നവസാനമൊന്നും ഇല്ല. എങ്കിലും സാമ്യാവസ്ഥയെ പ്രാപിക്കുവാനുള്ള ശ്രമം സനാതനമായ ഒരു ശ്രമംതന്നെ ആകുന്നു. ജനനം, മരണം, എന്നുള്ളതു് ഒരേ പരമാത്ഥത്തിൻെറ രണ്ടുപേരുകൾ എന്നെയുള്ളു; ഒരേ നാണയത്തിൻെറ ഇരു പുറങ്ങൾ മാത്രം. രണ്ടും മായാകാര്യം തന്നെ. ചിലപ്പോൾ ജീവിക്കുവാൻ ആഗ്രഹിക്കുന്നു; നിമിഷാന്തരത്തിൽ മരിക്കുവാനും ശ്രമിക്കുന്നു. അതിൻെറ പ്രവൃത്തികൾ ഒന്നും ഊഹിക്കവഹിയാ. അങ്ങനെ ദുജ്ഞേയമായ ഒരു അവസ്ഥയാണു് അതു്. യഥാത്ഥമായ പ്രകൃതി—ആത്മാ—അതിന്നപ്പുറം ആകുന്നു. നാം ഒരു ഈശ്വരനെ സ്വീകരിക്കുമ്പോൾ, ആ ഈശ്വരൻ യഥാത്ഥത്തിൽ നമ്മുടെ ആത്മാതന്നെയാണു്. അതിൽ നിന്നു് താൻ വേറിട്ടതായി ഭാവിച്ചു്, അതായിരിക്കുന്ന ഈശ്വരനെ, തന്നിൽ നിന്നു് അന്യമായി പുറത്തു് പൂജിക്കുകയാകുന്നു ചെയ്യുന്നതു്. എന്നാൽ ആ ഈശ്വരൻ നമ്മുടെ ആത്മാതന്നെയാണു്. ഏകമീശ്വരൻ അതൊന്നുമാത്രം.

നമ്മുടെ നഷ്ടപ്പെട്ടുപോയ സാമ്യാവസ്ഥയെ വീണ്ടെടുക്കുവാൻ, നാം ആദ്യമായി രജസ്സുകൊണ്ടു് തമസ്സിനെ നശിപ്പിക്കണം; പിന്നെ രജസ്സിനെ സ്വാത്വികംകൊണ്ടു് ജയിക്കണം. ശാന്തവും ഭാസുരവും ആയ സാത്വികഭാവം ക്രമേണ വളന്നു് വളന്നു് വരും. മററെല്ലാം ഇല്ലാതാകുന്നതുവരെ അതു് അങ്ങനെ വളരുകയും ചെയ്യും. ബന്ധനത്തെ ഉപേക്ഷിക്കുക; "പുത്രൻ" ആയിത്തീരുക; സ്വാതന്ത്ര്യത്തെ വരിക്കുക. അപ്പോൾനിങ്ങൾക്കു് "പിതാവിനെ"കാണുവാൻ സാധിക്കും. ഇങ്ങിനെയാണു് ജീസസ്സ് പ്രവത്തിച്ചതു്. നിസ്സീമശക്തിയാണു് ധമ്മം (മതം). അതുതന്നെയാണു് ഈശ്വരനും. അതിനാൽ ബലഹീനതയേയും അടിമത്വത്തേയും നിരസിക്കുക.

നിങ്ങൾ സ്വതന്ത്രനാണെങ്കിൽ, നിങ്ങൾ ആത്മാതന്നെ;
നിങ്ങൾ സ്വതന്ത്രനാണെങ്കിൽ, നിങ്ങൾ അമരൻതന്നെ;
നിങ്ങൾ സ്വതന്ത്രനാണെങ്കിൽ, നിങ്ങൾ ഈശ്വരൻതന്നെ.

ലോകം എനിക്കുവേണ്ടി ആണു്; അല്ലാതെ, ഞാൻ ലോകത്തിനുവേണ്ടി അല്ല. നന്മയും തിന്മയും എൻെറ അടിമകളാണു്; അല്ലാതെ, ഞാൻ അവയുടെ അടിമയല്ല. മുമ്പോട്ടുപോകാതെ നിന്നേടത്തുതന്നെ നില്ക്കുന്നതു് മൃഗപ്രായൻെറ പ്രകൃതമാണു്. തിന്മയെ ഉപേക്ഷിച്ചു് നന്മയെ വരിക്കുന്നതു് മനുഷ്യൻെറ പ്രകൃതമാണു്. നന്മയേയും തിന്മയേയും ഉപേക്ഷിച്ചു് ആനന്ദസ്വഭാവനായിരിക്കുന്നതു് ഈശ്വരൻെറ പ്രകൃതമാണു്. അതുകൊണ്ടു് നമുക്കു് ഈശ്വരനാകണം. ഹൃദയം സമുദ്രത്തെപ്പോലെ അത്ര വിശാലമായി ഭവിക്കട്ടെ. ലൌകികങ്ങളായ നിസ്സാരസംഗതികളെ എല്ലാം മറന്നു് തള്ളണം. ദുഃഖം വരുമ്പോൾകൂടിയും സന്തോഷംകൊണ്ടു് ഭ്രാന്തചിത്തൻ ആകണം. ലോകത്തെ ഒരു ചിത്രമെന്നപോലെകാണുക; അങ്ങിനെ അതിൻെറ സൌന്ദര്യത്തെ അനുഭവിക്കുക; അതിനെ അറിഞ്ഞുകഴിഞ്ഞാൽ പിന്നെ നിങ്ങളെ, അതിൽ ഉള്ളവ ഒന്നുംതന്നെ ബാധിക്കുകയില്ല. ലോകത്തിൻെറ സ്വഭാവം അതാണു്. സമാധാനവും ശാന്തവുംആയ മനസ്സോട്ടുകൂടി അതിനെ കണ്ടു് രസിച്ചുകൊണ്ടു് നില്ക്കുക. നന്മയേയും തിന്മയേയും തുല്യമായി കാണുക. രണ്ടും ഈശ്വരൻെറ കളികൾതന്നെ. എല്ലാം കണ്ടുകൊണ്ടു് ആനന്ദിക്കുക.

"എല്ലാം ഈശ്വരൻതന്നെ. പുലിയും ഈശ്വരൻതന്നെ. എന്നാലും പുലി-ഈശ്വരനെ അകററുകതന്നെവേണം. എല്ലാവെള്ളവും വെള്ളംതന്നെ; എങ്കിലും ചെളിവെള്ളത്തെ നാം കുടിക്കുവാൻ ഉപയോഗിക്കുന്നില്ലല്ലോ" എന്നു് എൻെറ ഗുരുദേവൻ പലപ്പോഴും പറയാറുണ്ടു്.

നഭസ്സെല്ലാം ഈശ്വരൻെറ കേളീരംഗം. സൂൎയ്യനും ചന്ദ്രനും രണ്ടു് ദീപങ്ങൾ. ഏതു ക്ഷേത്രമാണു് നിങ്ങൾക്കു പിന്നെ വേണ്ടതു്? "എല്ലാ നേത്രങ്ങളും അങ്ങയുടേതു്. എന്നാലും അങ്ങയ്ക്കു് ഒരുനേത്രംപോലും ഇല്ല. എല്ലാകൈകളും അങ്ങയുടേതു്; എന്നാലും അങ്ങയ്ക്കു് ഒരു കൈപോലും ഇല്ല".

ഒന്നിനേയും അനുഗ്രഹിക്കുകയും വേണ്ട, ഒന്നിനേയും ഉപേക്ഷിക്കുകയും വേണ്ട. വരുന്നതിനെ യഥാകാലം സ്വീകരിച്ചുകൊള്ളുക. നമുക്കു് ഉണ്ടാകേണ്ടതു് സ്വാതന്ത്ര്യമാണു്. വെറുതെ കുറെ ദുഃഖങ്ങൾ സഹിച്ചു, അല്ലെങ്കിൽ ചിലതെല്ലാം ഉപേക്ഷിച്ചു;അതുകൊണ്ടൊന്നും കാൎയ്യമായില്ല. നിസ്സംഗനായിരിക്കുകയാണു് വേണ്ടതു്. ആ കാളയുടെ കഥ കേട്ടിട്ടില്ലേ. ഒരു കാളയുടെ കൊമ്പത്തു ഒരിക്കൽ ഒരു കൊതു ചെന്നിരുന്നു. അതു വളരെനേരം അവിടെ ഇരുന്നിട്ടും ആ കാള ഒന്നും ഇളക്കുന്നതു കണ്ടില്ല. ഒടുവിൽ അതിനുതന്നെ ഇരിക്കപ്പൊറുതിയില്ലാതായി, അതു് കാളയോടു ഇങ്ങിനെ പറഞ്ഞു:— "മിസ്റ്റർ കാളെ! ഞാൻ വളരെനേരമായി ഇവിടെവന്നു് ഇരിക്കുന്നു. നിങ്ങൾക്കു എന്നെക്കൊണ്ടു് വളരെ ബുദ്ധിമുട്ടു് ഉണ്ടായിരുന്നിരിക്കാം. എന്തു കാട്ടാം. ഞാൻവളരെ വ്യസനിക്കുന്നു. ഏതായാലും ഞാൻ ഇനി പോകുകയാണു്." ഇതു കേട്ടപ്പോൾ ആ കാള ചിരിച്ചുകൊണ്ടു് പറഞ്ഞതു് ഇങ്ങിനെ ആയിരുന്നു:—"ഓ! അതൊന്നും ഇല്ല. നീ നിൻെറ കുടുംബത്തെ മുഴുവനും കൂട്ടിക്കൊണ്ടുവന്നു് വേണമെങ്കിൽ എൻെറ ആ കൊമ്പത്തു താമസിപ്പിച്ചോ. നിനക്കു എന്നെ എന്തുചെയ്വാൻ സാധിക്കും."

---

# 5

# കർമ്മരഹസ്യം.

---

ജൂൺ 26-ാം നു, ബുധനാഴ്ച—

നാം നമ്മളെ പററിയുള്ള വിചാരങ്ങൾ ഒന്നും ഇല്ലാത്തവരായിത്തീരുമ്പോൾ, നാം നമ്മുടെ ഏററവും മുഖ്യമായ കൃത്യം ചെയ്തുകഴിഞ്ഞിരിക്കുന്നു എന്നും, നമ്മുടെ ഏററവും പ്രധാനമായ ശക്തി പ്രയോഗിച്ചു കഴിഞ്ഞിരിക്കുന്നു എന്നും ഉറപ്പിക്കാം. എല്ലാ മഹാത്മാക്കളും അറിഞ്ഞിട്ടുള്ള പരമാത്ഥമാണു് ഇതു്. നാം ദിവ്യനായ പ്രവത്തകന്നു് വിധേയരായി തീരുക. ആ പ്രവത്തകൻതന്നെ പ്രവത്തിക്കട്ടെ. അല്ലാതെ നമ്മൾതന്നെ ഒന്നും ചെയ്യേണ്ട. "അല്ലയൊ അജ്ജുന! എനിക്കു് ഈ സമസ്തലോകത്തിലും യാതൊരുകമ്മവും ചെയ്യേണ്ടതായിട്ടില്ല" എന്നു് ഭഗവാൻ ശ്രീകൃഷ്ണൻതന്നെ അരുളിച്ചെയ്തിട്ടുണ്ടു്. എല്ലാം ഈശ്വരനായി അപ്പിക്കണം, യാതൊന്നുമായി യാതൊരു ബന്ധവും ഉണ്ടാകരുതു്. എന്നാൽ മാത്രമെ ഏതെങ്കിലും ശരിയായ പ്രവൃത്തി ചെയ്യാൻ നിങ്ങളെക്കൊണ്ടു് സാധിക്കുകയുള്ളു. യഥാത്ഥശക്തികളെ കാണുവാൻ ഒരു കണ്ണിന്നും സാദ്ധ്യമല്ല. ഫലങ്ങളെ മാത്രമേ കാണുവാൻ സാധിക്കുകയുള്ളു. അഹന്തയെ പിടിച്ചു പുറത്തുതള്ളണം. അതിനെ ഉപേക്ഷിക്കണം; അതിനെ മറക്കണം; ഈശ്വരൻ പ്രവത്തിക്കട്ടെ. അതു് ഈശ്വരന്റെ കൃത്യം. അല്ലാതെ അതിൽ നമുക്കെന്തു് കായ്യം. നാം ഒന്നുംതന്നെ ചെയ്യേണ്ടതായിട്ടില്ല. ഒഴിഞ്ഞു നിന്നേച്ചാൽ മാത്രം മതി. ഈശ്വരൻ പ്രവത്തിക്കട്ടെ; നാം എത്രത്തോളം അകന്നുപോകുന്നുവൊ അത്രത്തോളം ഈശ്വരൻ അടുത്തുവന്നുകൊള്ളും. ഈ "ചെറിയ അഹത്തെ" നശിപ്പിക്കുക. "വലിയ അഹം" മാത്രം ജീവിക്കട്ടെ.

നമ്മുടെ ഇന്നത്തെ ഈ നാം നമ്മുടെ വിചാരങ്ങൾ കൊണ്ടു് ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണു്. അതുകൊണ്ടു് വിചാരിക്കുന്നതു് വളരെ സൂക്ഷിച്ചുവേണം. വാക്കുകൾക്കു് വിചാരത്തെപ്പോലെ പ്രാധാന്യമില്ല. അവ രണ്ടാംകിട കാൎയ്യംമാത്രം ആകുന്നു. സജീവനായി, പ്രധാനമായി, നില്ക്കുന്നതു് വിചാരമാണു്. വിദൂരസഞ്ചാരം ചെയ്യുന്നതും വിചാരംതന്നെ. നാം വിചാരിക്കുന്ന ഓരോ വിചാരവും നമ്മുടെ സ്വഭാവം കൊണ്ടു് ചായം പിടിപ്പിക്കപ്പെട്ടവ ആണു്; അതുകൊണ്ടു് ശുദ്ധനും ദിവ്യനുമായ മനുഷ്യന്റെ വിനോദവാക്കുകളും ശകാരങ്ങൾകൂടിയും, അവന്റെ പ്രേമത്തിന്റെയും പരിശുദ്ധതയുടെയും കലൎച്ചയോടുകൂടിയവ ആയിരിക്കും. അവകൂടെ ലോകകല്യാണത്തിന്നായി ഭവിക്കുകയും ചെയ്യും.

ഒന്നും ആഗ്രഹിക്കരുതു്. പ്രവൃത്തികൾ എല്ലാം ഈശ്വരാൎപ്പണമായിചെയ്യേണ്ടണം. പ്രതിഫലം ആഗ്രഹിക്കുകയേ പാടില്ല. നിരാഗ്രഹിയുടെ പ്രവൃത്തികൾക്കാണു് വലിയ ഫലങ്ങൾ ഉണ്ടാകുന്നതു്. ഇരന്നുനടക്കുന്ന സന്ന്യാസി എല്ലാവരുടെപടിവാതുക്കലേക്കും ധൎമ്മത്തെ നയിക്കുന്നു. എന്നാൽ അവരുടെവിചാരം അവർ ഒന്നും പ്രവൎത്തിക്കുന്നില്ലെന്നും ആകുന്നു. അവർ ഒന്നുംതന്നെ ആവശ്യപ്പെടുന്നതും ഒന്നുംതന്നെ ആലോചിക്കുന്നതും ഇല്ല. അവർ അവരുടെ പ്രവൃത്തി യാതൊരു കൎത്തൃത്വബോധവും കൂടാതെ ചെയ്യുകമാത്രമാണു്. അറിവാകുന്ന വൃക്ഷത്തിന്റെ ഫലം അശിച്ചുപോയാൽ അവർ നിമിഷാന്തരത്തിൽ അഹംഭാവികളായി തീരുകയായി. തൽക്ഷണം അവർ ചെയ്ത ഗുണങ്ങളെല്ലാം അവരെ വിട്ടോടുകയും ചെയ്യും. "ഞാൻ" എന്നു് പറയുന്ന മാത്രയിൽതന്നെ നാം വഞ്ചിതരായി തീൎന്നുകഴിഞ്ഞിരിക്കുന്നു. ഇതിനെയാണു് നാം "അറിവു്" എന്നു് പറയുന്നതു്. പക്ഷെ അതു് വെറുതെയാണു്. അറിവുനിമിത്തം, മരത്തോടു കെട്ടിയിരിക്കുന്ന കാളയെപ്പോലെ, വൃത്താകൃതിയിൽ സഞ്ചരിക്കുക മാത്രമെ ചെയ്യു

ന്നുള്ളു. ഇങ്ങിനെ വലയം ചെയ്യുന്നന്നതുകൊണ്ടു കേന്ദ്രത്തെ സമീപിക്കുന്നില്ല. അതിന്നു് സാധിക്കുകയും ഇല്ല. ഈശ്വരൻ വളരെ ഗൂഢമായി ഒളിച്ചിരിക്കുകയാണു്. ഈശ്വരന്റെ പ്രവൃത്തികൾ എല്ലാം അങ്ങിനെ ഒളിച്ചിരുന്നുകൊണ്ടാണു്. അവ അത്യുൽകൃഷ്ടങ്ങളും ആകുന്നു. അതുകൊണ്ടു അതിഗൂഢമായി ഒളിച്ചിരിക്കുന്നവന്റെ വ്യാപാരങ്ങൾ മാത്രമെ എപ്പൊഴും ഉൽകൃഷ്ടങ്ങളായിരിക്കുകയുള്ളു. നിങ്ങൾ നിങ്ങളെ ത്തന്നെ ജയിക്കുക. എന്നാൽ സമസ്തപ്രപഞ്ചവും നിങ്ങൾക്കു അധീനമായി തീരുന്നതുകാണാം.

വസ്തുക്കളുടെ യഥാർത്ഥമായ സ്വഭാവത്തെ യാതൊരു കലൎപ്പുംകൂടാതെ നാം കാണുന്നതു് സാത്വികാവസ്ഥയിലാണു്. ആ അവസ്ഥയിൽ നാം ഇന്ദ്രിയങ്ങൾക്കും യുക്തിക്കു കൂടെയും അതീതമായി പോകുന്നു. നമ്മളെ ഉള്ളിൽ അടക്കി ഒതുക്കി നിൎത്തുന്ന വലിയ മതിൽക്കെട്ടു് നമ്മുടെ അഹങ്കാരമാണു്. നാം സകലത്തും നമ്മളോടാണു് സംബന്ധിപ്പിക്കുന്നതു്. ഞാൻ അതു് ചെയ്യു; ഞാൻ ഇതു് ചെയ്യു; ഞാൻ മററതു് ചെയ്യു; എന്നുവേണ്ട ഞാൻ എന്തിന്നും യോഗ്യൻ തന്നെ! എന്റെ വീരസ്യങ്ങളൊന്നും പറയുവാനില്ല. ഈ നിസ്സാരമായ "ഞാൻ" നിനെ ദൂരതഃപരിവൎജ്ജിക്കുക. നമ്മളിലുള്ള ഈ രാക്ഷസനെ വധിക്കുക. "ഞാൻ അല്ല; എല്ലാം നിന്തിരുവടി" എന്നിങ്ങനെ പറയണം. അതിനെ അനുഭവപ്പെട്ടുത്തണം. അതിൽതന്നെ ജീവിക്കുകയും വേണം. അഹങ്കാരത്താൽ നിൎമ്മിതമായിരിക്കുന്ന ഈ ലോകത്തെ നാം നിശ്ശേഷം ഉപേക്ഷിക്കുന്നതുവരെ, നമുക്കു് സ്വൎഗ്ഗലോകത്തിൽ പ്രവേശിക്കുവാൻ സാധിക്കുക ഇല്ല. അങ്ങിനെ ആൎക്കും ഇതേവരെ സാധിച്ചിട്ടില്ല; ഇനിമേലിൽ ആൎക്കും സാധിക്കുകയും ഇല്ല. ലോകത്തെ ഉപേക്ഷിക്കുക എന്നതു് അഹത്തെ വിസ്മരിക്കുക എന്നുള്ളതാണു്. അതു്—അഹം—ഈ ചെറിയ ശരീരത്തിൽമാത്രം ജീവിക്കുന്ന ഒന്നല്ലെന്നും, ശരീരത്തിന്റെ

അല്ലെന്നും അറിയുന്നതാണ് ലോകത്യാഗം. അതുകൊണ്ടു് ദുർമ്മതിയായിരിക്കുന്ന ഈ ചെറിയ അഹങ്കാരത്തെ നിശ്ശേഷം തുടച്ചുനീക്കേണ്ടതാകുന്നു.

ആളുകൾ നിങ്ങളെ ദുഷിക്കുമ്പോൾ നിങ്ങൾ അവരെ അനുഗ്രഹിക്കുക. അവർ നിങ്ങൾക്കു വലിയ ഉപകാരമാണ് ചെയ്യുന്നതു്. പക്ഷെ ആ പരമാർത്ഥം നിങ്ങൾ അറിയുന്നില്ലെന്നേ ഉള്ളു. അതിനാൽ ആ ഉപകാരത്തെയാണ് നിങ്ങൾ അനുസ്മരിക്കേണ്ടതു്. അവർ ഉപദ്രവിക്കുന്നതു് അവരെത്തന്നെ ആകുന്നു. അതിന്നേ അവരെക്കൊണ്ടു സാധിക്കയും ഉള്ളു. നിങ്ങൾ നിങ്ങളെ വെറുക്കുന്ന ജനങ്ങളുടെ ഇടയിൽ ചെല്ലുക. അവർ നിങ്ങളുടെ അഹങ്കാരത്തെ നിങ്ങളിൽ നിന്ന് ചവിട്ടിമെതിച്ച് പുറത്താക്കട്ടെ. അത്രത്തോളം നിങ്ങൾ ഈശ്വരങ്കലേയ്ക്കു അധികം സമീപിക്കുകയേയുള്ളു. തള്ളക്കുരങ്ങിനെപ്പോലെ*, നാം നമ്മുടെലോകമാകുന്ന കുഞ്ഞിനെ കെട്ടിപ്പിടിച്ചുകൊണ്ടു് നടക്കുകയാണ്. നമുക്കു സാധിക്കുന്നേടത്തോളം നാം അങ്ങിനെതന്നെ ചെയ്യും; എന്നാൽ അവസാനത്തിൽ അവസരംവരുമ്പോൾ നാം അതിനെ നമ്മുടെ കാൽക്കൽഇട്ടു് അതിന്മേൽ കയറിനില്ക്കുകതന്നെ വേണം. അപ്പോൾ മാത്രമേ നാം ഈശ്വരങ്കലേയ്ക്കു് കുതിച്ചുചാടുവാൻ സമർത്ഥരായിത്തീരുന്നുള്ളു. ഗുണകാര്യങ്ങൾക്കുവേണ്ടി ദോഷാരോപിതനായിത്തീരുന്നവൻ അനുഗ്രഹീതനാകുന്നു. നമ്മൾക്കു വായിക്കുവാൻ സാധിക്കുകയില്ലെങ്കിലും നാം അനുഗ്രഹീതർ തന്നെ. അപ്പോൾ നമ്മളെ ഈശ്വരനിൽനിന്ന് അകററിനിർത്തുവാൻ അതു് ഹേതുവായിത്തീരുകയില്ലല്ലോ.

---

* അപകടമൊന്നും ഇല്ലാത്ത സമയങ്ങളിൽ തള്ളക്കുരങ്ങിന്നു അതിന്റെ കുഞ്ഞിനെ വലിയകാര്യമാണ്. എപ്പോഴും കെട്ടിപ്പിടിച്ചുംകൊണ്ടുനടക്കും. ഏതെങ്കിലും ഒരു അപകടം വരുന്നു എന്നു കണ്ടാൽ, അതു് ആ കുട്ടിയെ നിലത്തിട്ടു അതിൻമേൽതന്നെ ചവിട്ടി മരത്തിൻമേൽ ചാടികയറുകയുംചെയ്യും. "തന്നിക്കു ചുടുംപോൾ കുട്ടി ചുവട്ടില്" എന്നതുപോലെ.

ഭോഗേച്ഛ എന്നതു് നാം കാലടിയിൽ ഇട്ടു് ചവിട്ടി മെതിക്കേണ്ട വിഷജന്തുവാണു്. ആയിരം ഫണങ്ങളുള്ള ഭയങ്കര സർപ്പമാണു് അതു്. നാം സർവ്വത്തേയും ത്യജിച്ചു് പുറപ്പെട്ടമ്പോൾ ആദ്യം അവലംബമൊന്നും തന്നെ ലഭ്യമായില്ലെന്നു വരാം. സർവ്വദുഃഖം എതിരിട്ടുനോക്കുകയും ചെയ്യുമായിരിക്കാം. എന്നാലും ഭയപ്പെട്ടു് പിന്നോക്കം വെയ്ക്കരുതു്. മുറുകെ പിടിക്കുക; ധൈര്യമായി നിന്നുകൊള്ളുക. ഈ ലോകം ഒരു മഹാഭയങ്കരമായ പൈശാചിക പ്രദേശമാണു്. ആ രാജ്യത്തിലെ രാജാവാണു് അപകടമായ അഹം. അതിനെ ദൂരെ ഉപേക്ഷിച്ചു് ഉറപ്പിച്ചുനില്ക്കേണമെങ്കിലാകും. കാമം, കാഞ്ചനം, പേരു്, പ്രതാപം ഇവയെല്ലാം ഉപേക്ഷിച്ചു് ഈശ്വരനെ ബലമായി പിടിച്ചുകൊള്ളുക. എന്നാൽ അവസാനത്തിൽ നാം പരിപൂർണ്ണമായ നിസ്സംഗത്തോടുകൂടിയ ഒരു ശാന്താവസ്ഥയെ പ്രാപിക്കുന്നതായിരിക്കും. ഇന്ദ്രിയങ്ങളുടെ തൃപ്തിയാണു് സുഖാനുഭൂതി എന്നുള്ള വിചാരം കേവലം ഭൗതികപരമായ ഒന്നാകുന്നു. യഥാർത്ഥമായ സുഖത്തിൻെറ ഒരു ചെറിയ കണികപോലും അവിടെയെങ്ങും തൊട്ടു തെറിച്ചുപോലും കിടപ്പില്ല. അവിടെ ഉണ്ടെന്നു തോന്നുന്ന സുഖങ്ങളെല്ലാം യഥാർത്ഥമായ ആനന്ദത്തിൻെറ വെറും ഛായമാത്രം ആകുന്നു.

ഇന്നു ലോകത്തിന്നുവേണ്ടി പ്രവർത്തിക്കുന്നവരെന്നു അഭിമാനിക്കുന്നവരും പറയപ്പെടുന്നവരും ആയി പലരും ഉണ്ടല്ലൊ. അവർ പലതും പ്രവർത്തിക്കുന്നതും ഉണ്ടു്. എന്നാൽ ഈശ്വരങ്കൽ സർവ്വം അർപ്പിച്ച ധന്യാത്മാക്കൾ, ഇവരുടെ പ്രവൃത്തികളേക്കാൾ വളരെ വളരെ അധികം ലോകോപകാരപ്രദങ്ങളായ പ്രവൃത്തികൾ ചെയ്യുന്നുണ്ടു്. തന്നെത്താൻ പരിപൂർണ്ണമായി ശുദ്ധിചെയ്യപ്പെട്ട ഒരുവന്നു് ഒരു സൈന്യം ഉപദേഷ്ടാക്കൾ ചെയ്യുന്നതിലും അധികം ചെയ്യുവാൻസാധിക്കും. പരിശുദ്ധതയിൽ നിന്നും മൌനഭാവത്തിൽ നിന്നും ആണു് വാക്ശക്തി ഉണ്ടാകുന്നതു്.

ഒരു പുഷ്പത്തെപ്പോലെ ആയിരിക്കുക. ഒരു സ്ഥലത്തു നിന്നു് തന്റെ ദളങ്ങളെ വികസിപ്പിക്കുക മാത്രമേ പുഷ്പം ചെയ്യുന്നുള്ളൂ. തേനീച്ചകൾ അതിനെ അന്വേഷിച്ചു് തനിയേ ചെന്നുകൊള്ളുന്നു. കേശവചന്ദ്രസേനനും ശ്രീരാമകൃഷ്ണനും തമ്മിൽ വലിയ വ്യത്യാസം ഉണ്ടു് *. ഭഗവാൻ ലോകത്തിൽ യാതൊരു പാപത്തേയും, യാതൊരു ദുഃഖത്തേയും, പരിഹരിക്കപ്പെടേണ്ടതായ യാതൊരു തിന്മയേയും, കണ്ടതും ആചരിച്ചതും ഇല്ല. അതിനാൽ ശാന്തമായും നിശ്ശബ്ദമായും ഒരിടത്തിൽ ഒതുങ്ങി ഇരുന്നു കാലം കഴിച്ചതേ ഉള്ളൂ. സേനനാകട്ടെ ബ്രഹ്മസമാജസ്ഥാപകൻ, അതിന്റെ നേതാവു്, വലിയ വിദ്വാൻ, സുപ്രസിദ്ധ വാഗ്മി, ലോകത്തെ ഇളക്കിമറിച്ച വീരൻ. എന്നിട്ടോ! പന്ത്രണ്ടുകൊല്ലം കഴിഞ്ഞപ്പോഴേക്കും ദക്ഷിണേശ്വരത്തിലെ ആ ശാന്തനായ പ്രവാചകൻ, ഇന്ത്യയിൽ മാത്രമല്ല ലോകത്തിൽ എങ്ങും തന്നെ ഒരു വലിയ പരിവത്തനത്തെ ഉണ്ടാക്കിതീൎത്തു. ശക്തിയെല്ലാം മൌനിയിലാണു് ഇരിക്കുന്നതു്. അവർ ജീവിക്കുന്നു, ലോകത്തെ പ്രേമിക്കുന്നു, തിരശ്ശീലയിൽ അന്തർദ്ധാനം ചെയ്യുകയും ചെയ്യുന്നു. അത്രയേ ഉള്ളൂ. എന്നാലും ശക്തിയെല്ലാം കിടക്കുന്നതു അവരിലാണു്. "ഞാൻ" എന്നും "എന്റേതു" എന്നും ഒരിക്കലും പറയാതെ കേവലം ഒരു യന്ത്രത്തെപ്പോലെ മാത്രം വത്തിക്കുന്നവരാണു് അനുഗ്രഹീതന്മാർ. സദാ ജീവിച്ചിരിക്കുന്നവരും, പൂൎണ്ണമായ ഈശ്വരതാദാത്മ്യത്തെ സിദ്ധിച്ചവരും, അദർശികജീവിതം നയിച്ചവരും, യാതൊന്നും അനുഗ്രഹിക്കാത്തവരും, അതമാർത്ഥം യാതൊന്നും പ്രവൎത്തിക്കാത്തവരും ആയ ക്രിസ്തുമാരേയും ബുദ്ധന്മാരേയും ഉണ്ടാക്കുന്നതു് അങ്ങനത്തവരാണു്. യഥാർത്ഥ ലോകപ്രവൎത്തകന്മാർ അവരാണു് — ആ ജീവൻ

---

* ഇവരുടെ അന്യോന്യസമാഗമത്തെപ്പററി അറിയുവാൻ ശ്രീശ്രീരാമകൃഷ്ണചരിതാമൃതം ഒന്നാംഭാഗം രണ്ടാംപുസ്തകം സുന്ദരകാണ്ഡം പൂർവ്വാർദ്ധം "ബ്രഹ്മസമാജവും രാമകൃഷ്ണദേവനും" എന്ന അദ്ധ്യായം നോക്കുക.

മുക്തന്മാരാണ്. കേവലം നിസ്സ്വാൎത്ഥരും, സ്വല്പമായ വ്യക്തിത്വത്തെ നിശ്ശേഷം നശിപ്പിച്ചവരും, യാതൊരു അഗ്രഹവും യാതൊരു ഉദ്ദേശവും ഇല്ലാത്തവരും, ആയ അവരാണ് ലോകത്തെ ഇളക്കിമറിക്കുന്നതു്. അവർ എല്ലാം തത്വങ്ങൾ, അവരുടെ വാക്കുകളെല്ലാം പ്രമാണങ്ങൾ. അല്ലാതെ ആകാരവും വ്യക്തിത്വവും ഒന്നും അവൎക്കില്ല.

## 6

## ബൈബ്ലൂൾ.

---

ജൂൺ 27-ാംനു, വ്യാഴാഴ്ച—

“ഞാൻ പിന്നീട് ഒരു സുഖദാതാവിനെ അയയ്ക്കുന്നതാണ്” എന്നു് ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ സുഖദാതാവ് ഞാനാണെന്നാണ് മുഹമ്മതു് വാദിക്കുന്നതു്. ക്രിസ്തുവിന്നു് അനിതരസാധാരണവും അപ്രകൃതവും ആയ ഒരു ഉത്ഭവത്തെ സാധിക്കേണ്ടതായ ആവശ്യം അദ്ദേഹം കാണുക ഉണ്ടായില്ല. എന്നാൽ അങ്ങിനെയുള്ള അവകാശവാദങ്ങൾ എല്ലാകാലത്തും എല്ലാരാജ്യത്തും ഉണ്ടായതായി നാം കാണുന്നുണ്ട്. മഹാപുരുഷന്മാരായവരെല്ലാം തങ്ങൾ ഈശ്വരസന്താനങ്ങളാണെന്നു് വാദിച്ചിട്ടുണ്ട്.

അറിയുകഎന്നതു് അന്യോന്യസംബന്ധത്തോടു കൂടിയ ഒരു അവസ്ഥയാണ്. നമുക്ക് ഈശ്വരൻ ആകാം. എന്നാൽ നമുക്ക് ഒരിക്കലും ഈശ്വരനെ അറിഞ്ഞുകൂടാ. അറിവ് എന്നതു് ഒരു താണനില ആകുന്നു. ആദാം പതിതനായി തീൎന്നതു് “അറിയുക” എന്നതിനെ പ്രാപിച്ചപ്പോൾ ആണ്. അതിന്നുമുമ്പ് അദ്ദേഹം ഈശ്വരനായിരുന്നു; സത്യംതന്നെ ആയിരുന്നു; പരിശുദ്ധിതന്നെ ആയിരുന്നു. നമ്മുടെ മുഖം

നമ്മൾതന്നെ അല്ലയൊ? എന്നിട്ടെന്താ? നമുക്ക് അതിന്റെ ഒരു ച്ഛായയെ മാത്രമല്ലെ കാണ്മാൻ സാധിക്കുന്നുള്ളു. അല്ലാതെ യഥാൎത്ഥവസ്തുവെ കാണ്മാൻ സാധിക്കുന്നില്ലല്ലൊ. അതുപോലെ നാം പ്രേമംതന്നെ ആണ്. എന്നാൽ നാം അതിനെ ചിന്തിക്കുമ്പോൾ നാം മറെറാരുവസ്തുവെ സ്വീകരിക്കേണ്ടതായിവരുന്നു. വസ്തു എന്നതു് ബാഹ്യത്തിൽ പ്രകടിതമായ വിചാരം ആണ്. * ലോകത്തിൽനിന്നു് പിൻതിരിയുന്നതാണ് നിവൃത്തി.

ഈശ്വരൻ ആദ്യമായി നാലുപേരെ സൃഷ്ടിച്ചു× എന്നും, അവരോട് ഒരു അരയന്നം (ഈശ്വരൻതന്നെ) ഉപദേശിച്ചു എന്നും, "പ്രകടനം, അതായതു് സൃഷ്ടികാൎയ്യം; താണപടിയാണ്" എന്നായിരുന്നു ആ ഉപദേശമെന്നും, അതുകൊണ്ടു് അവർ നാലുപേരും സൃഷ്ടികാൎയ്യത്തിൽ ഏൎപ്പെടാതിരുന്നു എന്നും, ഹിന്തുപുരാണങ്ങളിൽ പറഞ്ഞുകാണുന്നുണ്ടു്. ഇതിന്റെ ശരിയായഅൎത്ഥം പ്രകടനകാൎയ്യം അധോഗതിയെ പ്രാപിച്ച ഒരു അവസ്ഥയാണെന്നാണ്. എന്തുകൊണ്ടെന്നാൽ ചൈതന്യത്തെ അക്ഷരങ്ങളെക്കൊണ്ടുമാത്രമെ പ്രകടിപ്പിക്കുവാൻ സാധിക്കുകയുള്ളു. "അക്ഷരം നിഗ്രഹിക്കുന്നു." +

---

* ഇതൊരു താൎക്കികസിദ്ധാന്തമാണ്. "അറിയുന്നവൻ തന്റെ പ്രതിഛായയെ മാത്രമേ അറിയുന്നുള്ളു. അല്ലാതെ തന്നെത്തന്നെ അറിയുന്നില്ല. അതിനാൽ അറിയുന്നവൻ എപ്പോഴും അറിയപ്പെടാത്ത വസ്തു ആകുന്നു. അതുകൊണ്ടു "അറിവു്" എന്നുള്ളതു് അറിയുന്നവനിൽ നിന്നു് കേവലം ഭിന്നവും വ്യതിരിക്തവും ആകുന്നു എന്നു് സ്പഷ്ടം. ആ നിലയ്ക്കു് അതു് ബാഹ്യത്തിൽ പ്രകടിതമായ വിചാരം, അല്ലെങ്കിൽ, ഒരു വിഭിന്നവസ്തു എന്നപോലെ, അറിയുന്നവനിൽ നിന്നു് പുറത്തു് നില്ക്കുന്ന വിചാരം ആണെന്നു് വരും. അറിയുന്നവന്നു് ചൈതന്യം എന്നു് പേരിട്ടാൽ അതിൽനിന്നു് ഭിന്നവും വ്യതിരിക്തവും ആയ വസ്തുവിന്നു് "ഭൂതം" അല്ലെങ്കിൽ "വസ്തു" എന്നുതന്നെ പേരിടണം. അതുകൊണ്ടാണ് "വസ്തു എന്നതു് ബാഹ്യത്തിൽ പ്രകടിതമായ വിചാരം" എന്നു് സ്വാമികൾ ഇവിടെ പറഞ്ഞിരിക്കുന്നതു്.

× ആദ്യം സൃഷ്ടിക്കപ്പെട്ട നാലുപേർ സനകൻ, സനന്ദനൻ, സനാതനൻ, സനൽകുമാരൻ ഇവരാണ്.

+ ബൈബിൾ.

ഈവക ആവരണങ്ങളാൽ നിഗ്രഹനം ചെയ്യപ്പെട്ടിരിക്കുന്ന പരമാൎത്ഥം കാലക്രമേണ വിസ്മരിക്കപ്പെട്ടുപോകുമെന്നു് നാം അറിയുന്നുണ്ടു്. എന്നാലും തത്വം വസ്തുക്കളാൽ പരിവേഷ്ടിതമായിരിക്കുവാൻ നിർബന്ധപ്പെട്ടതാണു്. ഈ പരമാൎത്ഥം എല്ലാമഹാന്മാൎക്കും അറിയാകുന്നതേയുള്ളൂ. അതുകൊണ്ടാണു്, നമ്മൾക്കു് തത്വങ്ങളെ കാണിച്ചുതരുവാൻ വേണ്ടിയും അവയ്ക്കു് കാലാനുസൃതമായ ആവരണങ്ങൾ ഉണ്ടാക്കുവാൻ വേണ്ടിയും ഇടമുറിയാതെയുള്ള പ്രവാചകന്മാരുടെ ആവിർഭാവം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. "ധൎമ്മം എന്നും ഒന്നുതന്നെ; എല്ലാ പ്രവാചകന്മാരും ഉപദേശിക്കുന്നതും ഒന്നുതന്നെ; അവൎക്കും തത്വത്തെ ആകൃതിപ്പെടുത്തിയേ കാണിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു് അവർ അതാതുകാലം തത്വങ്ങളെ പഴയ ആകൃതിയിൽനിന്നു എടുത്തു് പുതിയ ആകൃതിയിൽ പെടുത്തി നമ്മുടെ മുമ്പിൽ വെയ്ക്കുകയാണു് ചെയ്യുന്നതു്" എന്നു് എന്റെ ആചാൎയ്യദേവൻ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ടു്. നാം നാമരൂപങ്ങളിൽനിന്നു് നിവൃത്തരാകുമ്പോൾ— പ്രത്യേകിച്ചും ശരീരത്തിൽനിന്നു് നിവൃത്തരാകുമ്പോൾ— നമ്മൾക്കു് നല്ലതൊ തീയതൊ ആയ ശരീരം ആവശ്യമില്ലാതാകുമ്പോൾ—അപ്പോൾ മാത്രം—ആണു് നാം ബന്ധനത്തിൽനിന്നു് രക്ഷപ്പെടുന്നതു്. എന്നെന്നും അഭിവൃദ്ധിപ്പെട്ടുകൊണ്ടു ഇരിക്കുകയെന്നതു് എന്നെന്നും ഉള്ള ബന്ധനം ആകുന്നു. അല്ലാതെ അഭിവൃദ്ധിമോചനമല്ല. അതിനാൽ രൂപത്തെതന്നെ ഇല്ലായ്മചെയ്യാനാണു് ആഗ്രഹിക്കേണ്ടതു്. നാം എല്ലാ ശരീരങ്ങളിൽനിന്നും മോചിക്കണം. നല്ല ശരീരം തന്നെ ആയാലും വേണ്ടതില്ല, അതിൽനിന്നും വേണം മോചിക്കുക. ശരീരങ്ങളെല്ലാം ബന്ധനങ്ങൾതന്നെ ആകുന്നു. യഥാൎത്ഥമായ അസ്തിത്വം, ഈശ്വരൻ— ഒന്നുമാത്രമേ ഉള്ളൂ. അല്ലാതെ രണ്ടുണ്ടാകുവാൻ പാടില്ല. ആകെ ആത്മാ ഒന്നേ ഉള്ളൂ. അതു് ഞാനാകുന്നു.

"രക്ഷപ്പെടുവാനുള്ള ഉപായം" എന്ന നിലയിൽ മാത്രമേ സൽക്കർമ്മങ്ങൾക്ക് വിലയുള്ളൂ. അവ കർമ്മിക്കുതന്നെ നന്മചെയ്യുന്നു എന്നല്ലാതെ മററാക്കും ഒരു നന്മയും ചെയ്യുന്നില്ല.

"അറിവ്" എന്നതു് ഒരു വെറും തരംതിരിക്കൽമാത്രം. നാം ഒരേ സമ്പ്രദായത്തിലുള്ള അനേകം വസ്തുക്കളെ കാണുമ്പോൾ അവയുടെ ശേഖരത്തിന്നു് ഒരു പേർ കല്പിച്ചു് തൃപ്തരാകുകയായി; അത്രയേ ഉള്ളൂ. നാം തത്വങ്ങളെ കണ്ടെത്തുന്നു എന്നല്ലാതെ "എന്തുകൊണ്ടു്?" എന്ന ചോദ്യമേ ഇല്ല. നാം അധികം വിസ്തൃതമായ ഇരുട്ടു് പ്രദേശത്തിൽ ഒന്നു സഞ്ചരിച്ചു് നമുക്കു് ചിലതെല്ലാം അറിവുണ്ടെന്നു് ഭാവിക്കുകയാണു്. "എന്തുകൊണ്ടു്?" എന്ന ചോദ്യത്തിന്നു് ഈ ലോകത്തിൽ സമാധാനം കണ്ടുപിടിക്കുവാൻ സാധിക്കുകയില്ല. അതിന്നുവേണമെങ്കിൽ നാം ഈശ്വരനെ പ്രാപിക്കുകതന്നെ വേണം. "അറിയുന്നവനെ" ഒരിക്കലും സ്ഫുരിപ്പിക്കുവാൻ സാധിക്കുകയില്ല. ഒരു സമുദ്രത്തിൽ ഇടുന്ന ഉപ്പുതരി തൽക്ഷണംതന്നെ സമുദ്രജലത്തിൽ അലിഞ്ഞുചേരുന്നതുപോലെയാണു് അതിന്റെ മാതിരി.

ഭിന്നഭാവം സൃഷ്ടി; ഐക്യഭാവം ഈശ്വരൻ. അതിനാൽ ബ്രഹ്മത്വമെന്നഭാവത്തെ ധരണം ചെയ്യുക. അപ്പോൾ നിങ്ങൾ ജനനത്തേയും മരണത്തേയും അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു; സനാതനമായ ഐക്യത്തെ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു; ഈശ്വരനിൽ എത്തിക്കഴിഞ്ഞിരിക്കുന്നു; ഈശ്വരനായിക്കഴിഞ്ഞിരിക്കുന്നു. ജീവനെ ഉപേക്ഷിച്ചും സ്വാതന്ത്ര്യം സമ്പാദിക്കണം. ഒരു പുസ്തകത്തിന്റെ ഭാഗങ്ങൾ എന്നപോലെ എല്ലാ ജീവിതങ്ങളും നമ്മൾക്കു് വേണ്ടതാണു്. നാം മാററമില്ലാത്തതും, സാക്ഷിസ്വരൂപവും, ആയ ആത്മാവാകുന്നു. ഈ ആത്മാവിന്മേലാണു് അക്ഷരങ്ങളെ പതിപ്പിക്കുന്നതു്. ജ്വലിക്കുന്ന ചൂട്ടെടുത്തു് അതിവേഗം വൃത്താകൃതിയിൽ

ചുററുമ്പോൾ നമ്മുടെ നേത്രങ്ങളിൽ ഒരു അഗ്നിവൃത്തത്തിൻെറ അക്ഷം പതിക്കുന്നതുപോലെയാണ് തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജീവിതങ്ങളെല്ലാം ചേൎന്ന് ആത്മാവിൽ ഒരു അക്ഷത്തെ പതിപ്പിക്കുന്നതു്. എല്ലാ വ്യക്തികളുടേയും ഐക്യഭാവമാണ് ആത്മാ. അതു് നിശ്ചലനും, സനാതനനും, നിർവ്വികാരനും ആകയാൽ ആ ആത്മാതന്നെ ആകുന്നു ഈശ്വരൻ. അതു് ജീവിതം അല്ല; അതിനെ ജീവിതമാക്കി ഭാഷപ്പെടുത്തിയിരിക്കുകയാണ്. അതു് സുഖമല്ല; അതിനെ സുഖമാക്കിച്ചമച്ചിരിക്കുകയാണ്.

ഇന്നത്തെ ലോകം ഈശ്വരനെ മിക്കവാറും ഉപേക്ഷിച്ചു കഴിഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈശ്വരൻ ഇപ്പോൾ ലോകത്തിന്നു് വേണ്ടടത്തോളമൊന്നും പ്രവൎത്തിച്ചു കാണുന്നില്ലത്രേ! അതുകൊണ്ടു് ആ ഈശ്വരനെക്കൊണ്ടു് എന്തു് പ്രയോജനം എന്നാണ് അവർ ചോദിക്കുന്നതു്. എന്താ! നാം ഈശ്വരനെ ഒരു മുൻസിപ്പാൽ അധികൃതനെപ്പോലെ മാത്രമാണൊ വിചാരിക്കേണ്ടതു്!

നമ്മളെക്കൊണ്ടു് ചെയ്യുവാൻ സാധിക്കേണ്ടതു്, എല്ലാ ആഗ്രഹങ്ങളേയും, എല്ലാ മത്സരങ്ങളേയും, എല്ലാ വ്യത്യാസങ്ങളേയും നശിപ്പിക്കുകയാണ്. അപകടമായ അഹത്തെ നശിപ്പിക്കുക; മനസ്സിനെ ജയിക്കുക; ഈശ്വരനെ പ്രാപിക്കേണ്ടതിന്നു് നമ്മളെ സഹായിക്കുവാനുള്ള യന്ത്രമെന്നപോലെ ശരീരത്തേയും മനസ്സിനേയും ശുദ്ധമായും ബലിഷ്ഠമായും സംരക്ഷിക്കുക. അത്രമാത്രമേ നമ്മൾ ചെയ്യേണ്ടതായിട്ടുള്ളു. അത്രമാത്രമേ നമ്മളെക്കൊണ്ടു് ചെയ്യുവാൻ സാധിക്കുകയും ഉള്ളു. അവകൊണ്ടുള്ള ശരിയായ പ്രയോജനം അത്രമാത്രവും ആകുന്നു. സത്യത്തെ സത്യത്തിനു മാത്രമായി ആഗ്രഹിക്കണം. ആനന്ദത്തെക്കൂടെ കാംക്ഷിക്കുന്നതു് നന്നല്ല. അതും ഒരു കാംക്ഷതന്നെ അല്ലയൊ. നിങ്ങൾ കാംക്ഷിച്ചാലും ഇല്ലെങ്കിലും അതു് തീൎച്ചയായും വന്നുകൊള്ളും. എന്നാലും

നിങ്ങളുടെ പ്രേരകം അതായിരിക്കരുതു് എന്നേ ഉള്ളൂ. ഈശ്വരൻ എന്ന ഒന്നു് ഒഴികെ മറെറാരു ഉദ്ദേശവും ഉണ്ടായിരിക്കരുതു്. സത്യത്തെ പ്രാപിക്കുവാൻ ധൈൎയ്യപ്പെടുക; അതു് നരകത്തിൽകൂടെ ആയാലും ശരി.

## 7

## ഗീതാ.

ജൂൺ 29-ാംനു, ശനിയാഴ്ച—

ശ്രീകൃഷ്ണൻ അൎജ്ജുനനു് ഉപദേശിക്കുന്നു. ശ്രീകൃഷ്ണൻ= ജീവാത്മാക്കളുടെ നാഥൻ. അൎജ്ജുനൻ=ഗുഡാകേശൻ, അതായതു് നിദ്രയുടെ നാഥൻ, അല്ലെങ്കിൽ നിദ്രയെ ജയിച്ചവൻ. ഉപദേശിക്കുന്നതു് ധൎമ്മക്ഷേത്രത്തിൽ വെച്ചു്. ധൎമ്മക്ഷേത്രം=ലോകം; ഈ ഭൂമി എന്നു സാരം. പഞ്ചപാണ്ഡവന്മാർ=സൽഗുണങ്ങളുടെ പ്രതിനിധികൾ. ശത്രുക്കൾ കൌരവന്മാർ. അവർ സംഖ്യയിൽ നൂറുപേർ; അനേകമെന്നു താല്പൎയ്യം. ഇവർ പ്രതിനിധീകരിക്കുന്നതു് നാം സ്നേഹിക്കുന്നവയും എന്നാൽ നമ്മാൽ ജയിക്കപ്പെടേണ്ടവയും ആയ ഐന്ദ്രിയസുഖങ്ങളാണു്. ഇവർ (ഈ ഐന്ദ്രിയവസുഖങ്ങൾ) പാണ്ഡവന്മാരുടെ (സൽഗുണങ്ങളുടെ) മറെറാരു ശാഖയിലുള്ള സഹോദരങ്ങൾ തന്നെ. ലോകൈകവീരനായ അൎജ്ജുനൻ (പ്രബുദ്ധമായ ജീവൻ) ആണു് പാണ്ഡവന്മാരുടെ സേനാനായകൻ.

നാം ഇന്ദ്രിയ സുഖങ്ങളോടാണു് ഏററവും ബന്ധപ്പെട്ടു കിടക്കുന്നതു്. എന്നാൽ അവ നമ്മളാൽ ഹനിക്കപ്പെടേണ്ട ശത്രുക്കളും ആകുന്നു. അതിനാൽ അവയെ നിശ്ശേഷം നിഗ്രഹിക്കുവാനായി നാം അവയോടു് യുദ്ധം ചെയ്യുകതന്നെ വേണം. നാം തനിയെ തന്നെ നില്ക്കണം. നാം ബ്രഹ്മം; മറെറല്ലാം ഈ ഒന്നിൽ ലയിക്കേണ്ടവമാത്രം.

ഈ യുദ്ധത്തിൽ കൃഷ്ണൻ ചെയ്യാത്ത പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല. പക്ഷെ പ്രവർത്തിച്ചതെല്ലാം നിസ്സംഗനായിട്ടാണ് എന്നുള്ളതാണ് വിശേഷം. കൃഷ്ണൻ ഈ ലോകത്തിൽ ആയിരുന്നു എങ്കിലും ഈ ലോകത്തിന്റേതു് ആയിരുന്നില്ല. "നിസ്സംഗനായി എല്ലാ പ്രവൃത്തികളും ചെയ്യുക. കർമ്മത്തിനുവേണ്ടി കർമ്മം ചെയ്യുക. അല്ലാതെ നിങ്ങൾക്കുവേണ്ടി ഒരിക്കലും ഒരു കർമ്മവും ചെയ്യപ്പോകരുതു്."

നാമരൂപങ്ങളോടു കൂടിയിരിക്കുന്ന സ്വാതന്ത്ര്യം ഒരിക്കലും ശരിയായ സ്വാതന്ത്ര്യമായിരിക്കയില്ല. നമ്മളെ (നമ്മളായിരിക്കുന്ന കലങ്ങളെ) ഉണ്ടാക്കിയിരിക്കുന്ന കളിമണ്ണാണതു്. അതു് പരിമിതവും അസ്വതന്ത്രവും ആകുന്നു. അതിനാൽ ആ വിധത്തിൽ ഉള്ളതും അന്യോന്യസംബന്ധത്തോടു കൂടിയിരിക്കുന്നതും ആയ സ്വാതന്ത്ര്യം ഒരിക്കലും യഥാർത്ഥമായ സ്വാതന്ത്ര്യമായിരിക്കുവാൻ പാടുള്ളതല്ല. ഒരു കലത്തിനു്, ഒരു കലം എന്ന നിലയിൽ "ഞാൻ സ്വതന്ത്രനാണു്" എന്നു് പറയുവാൻ പാടുള്ളതല്ല. അതിനു് രൂപത്തെപ്പററിയുള്ള ബോധമെല്ലാം ഇല്ലാതാകുമ്പോഴാണ്, അതു സ്വതന്ത്രനായിത്തീരുന്നതു്.

അതുമാതന്നെയാണ് ഈ പ്രപഞ്ചം മുഴുവനും. അതു് പലപ്രകാരത്തിൽ ഇരിക്കുന്നു എന്നേ ഉള്ളൂ. ചിലപ്പോൾ വലിയ ഭിന്നിപ്പുകൾ ഉണ്ടായേക്കാം. എന്നാൽ അവ അവയെ തുടർന്നുണ്ടാകുന്ന യോജിപ്പിനെ അധികം പൂർണ്ണമാക്കുകയാണ് ചെയ്യുന്നതു്. സർവ്വപ്രാപഞ്ചികമായ സംഗീതത്തിൽ സ്വാതന്ത്ര്യം ശക്തി ഐക്യം എന്നീ മൂന്നു് സ്വരങ്ങൾ * പ്രധാനമായി നില്ക്കുന്നു.

---

* സ്വാമികൾ ഇവയെയാണ് ത്രിമൂർത്തികൾ എന്നു് പറയാറുള്ളതു്.

നിങ്ങളുടെസ്വാതന്ത്ര്യം മററുള്ളവക്ക് ഉപദ്രവകരമായി തീരുന്നു എങ്കിൽ അവിടെ സ്വാതന്ത്ര്യമില്ല. നിങ്ങൾ മററുള്ളവരെ ഒരിക്കലും ഉപദ്രവിക്കരുതു്.

"ബലഹീനനായി ഇരിക്കുന്നതു തന്നെയാണു് ദുഃഖിതനായിരിക്കുന്നതും" എന്നു് മഹാകവി മിൽട്ടൺ പറഞ്ഞിരിക്കുന്നു. പ്രവൃത്തിയും ദുഃഖവും അന്യോന്യം വേർതിരിക്കുവാൻ വഹിയാത്തവിധം യോജിച്ചാണു് ഇരിക്കുന്നതു്. അധികം പ്രിവൃത്തിക്കുന്നവനാണു് അധികം കഷ്ടതകാണാറുള്ളതു്. "കർമ്മത്തിന്നുമാത്രമേ നിനക്കു അധികാരമുള്ളു. ഫലത്തിന്നു് അധികാരമില്ല."

ഭൌതികദൃഷ്ട്യാ നോക്കുമ്പോൾ ദുഷ്ടവിചാരങ്ങൾ രോഗബീജങ്ങളാണു്.

നമ്മുടെ ശരീരം ഒരു ഇരുമ്പിൻകട്ടിപോലെയും നാം വിചാരിക്കുന്ന ഓരോ വിചാരവും അതിന്മേൽ പ്രയോഗിക്കുന്ന ഓരോ ചുത്തിക പ്രഹരംപോലെയും ആകുന്നു. നാം ഏതൊന്നായിത്തീരുവാൻ ആഗ്രഹിക്കുന്നുവോ, നമ്മെ അതാക്കിതീക്കുന്നതു് ഈ വിചാരപ്രഹരങ്ങളാണു്.

ലോകത്തിലെ സർവ്വസൽചിന്തകളും നമ്മൾക്കു് അവകാശപ്പെട്ടവയാണു്. അവ തനിയെതന്നെ നമ്മളെ വന്നു് ബാധിച്ചുകൊള്ളും. നാം അവയ്ക്കു് വഴിതുറന്നു് കൊടുത്തേച്ചാൽ മാത്രംമതി.

പുസ്തകങ്ങളെല്ലാം നമ്മൾ തന്നെയാണു്. മൂഢന്മാർ അതറിയുന്നില്ലന്നേയുള്ളു. "സച്ചിദാനന്ദം-സോഹം-സോഹം" എന്നിങ്ങനെയുള്ള ദിവ്യധ്വനി നമ്മുടെ ഹൃദയത്തിൽനിന്നു് ദിവാനിശം പുറപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടു്. ആ ദിവ്യമന്ത്രധ്വനിയെ ഹ! കഷ്ടം! നാം കേൾക്കുന്നില്ലല്ലോ!

എല്ലാ അറിവുകളുടേയും നിലയറ നമ്മളിൽ ഓരോരുത്താിലും ഉണ്ടു്. ഇങ്ങേഅററം ഉറുമ്പുമുതൽ അങ്ങേഅററം ദേവൻവരെ സകലത്തിലും ഉണ്ടു്.

യഥാൎത്ഥമായ ധർമ്മം ഒന്നുമാത്രമുള്ളു. എന്നിട്ടും, നാം നാമരൂപങ്ങളെപ്പററിയും, പ്രതീകങ്ങളെപ്പററിയും ഉദാഹരണങ്ങളെപ്പററിയും അന്യോന്യം കലഹിച്ചുകൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. ശാശ്വതമായ സ്വർഗ്ഗം, അതിനെ അറിയുവാൻ സാധിക്കുന്നവൎക്കു്, ഇന്നും ഉണ്ടു്. ഇനി ഒരിക്കൽ അതു ഉണ്ടാക്കുകയൊന്നും വേണ്ട. നമ്മൾ നമ്മളെത്തന്നെ കളഞ്ഞു. എന്നാൽ നമ്മുടെ വിചാരം, പോയതു് ലോകമാണെന്നാണു്.

പരിപൂൎണ്ണശക്തിക്കു് ഈ ലോകത്തിൽ പ്രായോഗിക പ്രാബല്യം ഇല്ല. അതുണ്ടു്; അതുതന്നെ; അല്ലാതെ അതു് പ്രവൎത്തിക്കുന്നില്ല.

യഥാർത്ഥമായ പരിപൂൎണ്ണത ഒന്നുമാത്രം ആണെങ്കിലും അന്യോന്യസംബന്ധത്തോടുകൂടിയവ പലതും ഉണ്ടാകുന്നതാണു്.

## 8

## ഗീതാ.

ജൂൺ 30-ാംനു, ഞായറാഴ്ച—

ഒരു വിഷയത്തെ ലക്ഷ്യമാക്കാതെ വിചാരിക്കുവാൻ പുറപ്പെടുന്നതു് അസാദ്ധ്യത്തെ സാദ്ധ്യമാക്കുവാൻ ശ്രമിക്കുന്നതുപോലെയാകുന്നു. സ്ഥൂലമായ ഒരു ലക്ഷ്യം കൂടാതെ നമുക്കു് സൂക്ഷ്മമായ ഒന്നിനെപ്പററിയും ചിന്തിക്കുവാൻ സാധിക്കുക ഇല്ല. ഈശ്വരബോധവും ഇതുപ്രകാരം ഉള്ളതാണു്.

ലോകത്തിലുള്ള ഏററവും മഹത്തരങ്ങളായ ആശയങ്ങളുടെ സ്ഥൂലീകൃതമായ ഒരുഭാവത്തെയാണ് നാം ഈശ്വരൻ എന്നു് പറയുന്നതു്.

എല്ലാവിചാരങ്ങൾക്കും ഈ രണ്ടു ഭാഗങ്ങൾ ഉണ്ടു്; വിചാരിക്കുന്നതു് ഒന്നു്; വാക്കു് മറെറാന്നു്. ഈ രണ്ടുഭാഗങ്ങളും നമ്മൾക്കു് ആവശ്യം തന്നെയാണു്. വെറും ആദർശവാദികളും ശരിയല്ല; അവരെപ്പോലെതന്നെ വെറും ഭൌതികവാദികളും ശരിയല്ല. നാം രണ്ടിനേയും, അതായതു്, ആശയത്തേയും അതിൻെറ പ്രകടനത്തേയും, സ്വീകരിക്കണം.

നമ്മൾക്കു് കണ്ണാടിയിൽക്കൂടെ മാത്രമേ നമ്മുടെ മുഖം കാണുവാൻ സാധിക്കുക ഉള്ളു. അതിനാൽ നമ്മുടെ അറിവുകളെല്ലാം പ്രതിഛായയെപ്പററി മാത്രം ആകുന്നു. ഒരുവന്നു് അവൻെറ സ്വന്ത ആത്മാവിനെ; അല്ലെങ്കിൽ, ഈശ്വരനെ അറിയുവാൻ സാധിക്കുക ഇല്ല. എങ്കിലും നാം ആത്മാതന്നെ—ഈശ്വരൻതന്നെ—ആകുന്നു.

നിർവ്വാണാവസ്ഥയിൽ നിങ്ങൾക്കു് സദ്ഭാവം ഇല്ലാതാകുന്നു. എങ്കിലും നിങ്ങൾ സത്തായിത്തീരുന്നതു് അപ്പോഴാണു്. "നിങ്ങൾ ഇല്ലാതാകുമ്പോഴാണ് നിങ്ങൾ അത്യുത്തമനും യാഥാർത്ഥികനും ആകുന്നതു്" എന്നു് ശ്രീബുദ്ധദേവൻ പറഞ്ഞിട്ടുണ്ടു്. "നിങ്ങളുടെ ആ ചെറിയ അഹം നശിക്കുമ്പോൾ" എന്നാണു്, "നിങ്ങൾ ഇല്ലാതാകുമ്പോൾ" എന്നുള്ളതിൻെറ ശരിയായ സാരം.

ഉള്ളിലുള്ള ദിവ്യചൈതന്യം മിക്ക ജനങ്ങളിലും മങ്ങിക്കിടക്കുകയാണു്. അതു് ഒരു ഇരുമ്പുപാത്രത്താൽ മൂടിവെച്ചിരിക്കുന്ന ദീപംപോലെ ആകുന്നു. അതിൻെറ ഒരൊററ രശ്മിപോലും പുറത്തേയ്ക്കു് കടക്കുകയില്ല. എന്നാൽ പരിശുദ്ധതകൊണ്ടും നിസ്വാർത്ഥതകൊണ്ടും ഈ മൂടിയെ ക്രമേണ

ഘനം കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഇങ്ങിനെ നമുക്ക് അതിനെ ഒരു ശുദ്ധ സ്ഫടികത്തെപ്പോലെ ആക്കിത്തീർക്കാം. ഇങ്ങിനെയുള്ള ഒരു ഇരുമ്പുപാത്രം സ്ഫടികപാത്രമാക്കിത്തീർത്ത ഒരാളാണ് ശ്രീരാമകൃഷ്ണദേവൻ. അതിൽകൂടെ ഉള്ളിൽ ഇരിക്കുന്ന ചൈതന്യം മുഴുവനും അതേപ്രകാരംതന്നെ പുറത്തു കാണാം. നമ്മളെല്ലാവരുംതന്നെ ഈവിധം ഗ്ലാസ്സു പാത്രത്തെ ഉണ്ടാക്കിതീർക്കുകയാണ് ചെയ്യുന്നത്; അങ്ങിനെ നമ്മുടെ പ്രതിഛായയെ അധികമധികം പുഷ്ടവും പ്രകാശവും ആക്കിത്തീർക്കുകയാണ് ചെയ്യുന്നത്. എങ്കിലും ഇങ്ങിനെ ഒരു മൂടൽ പാത്രം ഉണ്ടായിരിക്കുന്നേടത്തോളം കാലം നാം ഭൗതികമാർഗ്ഗങ്ങളിൽകൂടെതന്നെ സഞ്ചരിച്ചേ മതിയാകൂ. അക്ഷമനായിരിക്കുന്നവനു് ഒരിക്കലും വിജയം സിദ്ധിക്കുകയില്ല.

തത്വങ്ങളുടെ പ്രകൃതിപാഠങ്ങളാണു് മഹർഷികൾ. ശിഷ്യന്മാർ ഋഷിയെ തത്വമാക്കി ചമക്കുന്നു. പിന്നെ അവർ അതേ തത്വത്തെ അവ്യക്തിയിൽ വിസ്മരിക്കുകയും ചെയ്യുന്നു.

ശ്രീബുദ്ധദേവൻ സാകാര ഈശ്വരനെ നിരന്തരം നിഷേധിച്ചു. എന്നിട്ടോ? അതിൻെറ ഫലമായി ഇന്ത്യയിൽ എങ്ങും വിഗ്രഹങ്ങൾ ഉണ്ടായിത്തീരുകയാണ് ചെയ്തതു്. വേദങ്ങളിൽ വിഗ്രഹങ്ങളെപ്പററി ഒന്നും പറഞ്ഞു കാണുന്നില്ല. ഈശ്വരനെ സർവ്വത്ര കണ്ടുകൊണ്ടിരിക്കുന്ന അവൎക്കു പ്രതിമയുടെ ആവശ്യം അക്കാലത്തില്ലാതിരുന്നതുകൊണ്ടാണ് വിഗ്രഹങ്ങളെപ്പററി വേദങ്ങളിൽ ഒന്നും പറഞ്ഞുകാണാത്തതെന്നു് വിശ്വസിക്കാം. സൃഷ്ടാവും സ്നേഹിതനും എന്നനിലയിലുള്ള ഈശ്വരഭാവത്തിനു് നാശം വന്നപ്പോൾ അതിൻെറ പ്രതിക്രിയ ആയി വിഗ്രഹങ്ങൾ ഉണ്ടായിതീൎന്നു. വിഗ്രഹത്തെ നിർദാക്ഷിണ്യം നിഷേധിച്ച ബുദ്ധദേവൻതന്നെ ഒരു വിഗ്രഹമായി പരിണമിച്ചു. അതുപോലെതന്നെ ജീസസ്സും. മരം, കല്ലു്, തുടങ്ങി ബുദ്ധൻ, ക്രിസ്തുവരെ വിഗ്രഹങ്ങൾ

അനേകമുണ്ടു്. എങ്ങിനെയായാലും നമുക്ക് വിഗ്രഹം കൂടി യേകഴിയൂ എന്നുള്ളതു് നിശ്ചയംതന്നെ.

പരിഷ്കാരത്തിന്നുള്ള സാധനായതങ്ങൾ പരിഷ്കാരത്തിനെ തടയുകമാത്രമേ ചെയ്യയുള്ളൂ. "നീ ചീത്തയാണു്" എന്നു് ഒരിക്കലും പറയരുതു്. "നീ നല്ലവൻതന്നെ. ഇനിയും നന്നാകുക" എന്നുവേണം പറയുവാൻ.

പുരോഹിതന്മാർ ഏതുരാജ്യത്തും ഉപദ്രവകാരികൾതന്നെയാണു്. അവർ മററുള്ളവരെ അധിക്ഷേപിക്കുകയും ആക്ഷേപിക്കുകയും മാത്രമേ ചെയ്യയുള്ളൂ. ഒരു ഇഴയെ നന്നാക്കുവാൻവേണ്ടി, അതിനെ വലിച്ചു് വലിച്ചു് നാലഞ്ചു് ഇഴകളെങ്കിലും ഇളക്കിത്തീക്കുന്ന സമ്പ്രദായമാണു് അവരുടെ കയ്യിൽ ഇരുപ്പു്. പ്രേമം ഒരിക്കലും കുററാരോപണം ചെയ്യയില്ല; അങ്ങിനെ ചെയ്യുന്ന ധമ്മം ദുരാഗ്രഹത്തിൻേറതാണു്. "ശരിയായ ക്രോധം"—"ന്യായമായ ഹിംസ" ഇങ്ങിനെയൊന്നും ഇല്ല.

നിങ്ങൾ ഒരുവനെ ഒരു സിംഹമാകുവാൻ അനുവദിക്കുന്നില്ലെങ്കിൽ അവൻ തീർച്ചയായും ഒരു കുറുനരി ആയിത്തീരും. സ്ത്രീ ജനങ്ങൾ ഒരു മഹാത്ഭശക്തിതന്നെയാണു്. പക്ഷെ ഇപ്പോഴയ്ക്കു് അതു് ദോഷത്തിന്നു മാത്രമായി തീൎന്നുപോയി. കാരണം പുരുഷന്മാർ അവരെ ഞെക്കിപിഴിയുന്നതുതന്നെ. അവർ അതു നിമിത്തം ഇന്നത്തെ കുറുനരികൾ ആയിത്തീൎന്നു, എന്നാൽ നിങ്ങൾക്കു് അവരെ ഞെരുക്കാതെ വിട്ടേയ്ക്കാമെങ്കിൽ അവർ നാളേയ്ക്കു് സിംഹങ്ങളായിത്തന്നെ തീരും.

സാധാരണ ഭാഷയിൽ പറയുകയാണെങ്കിൽ ആദ്ധ്യാത്മികാഗ്രഹത്തെ ബുദ്ധിക്കരുവിൽ ഇട്ടുവേണം ചിത്രീകരിക്കുവാൻ. അല്ലാത്തപക്ഷം അതു് ദുഷിച്ചു് വെറും ദുർവ്വാശികൾ മാത്രമായി തീൎന്നേയ്ക്കുവാനും മതി.

മാററമുള്ള വസ്തു പുറകിലായി മാററമില്ലാത്തതായ ഒന്നു ഉണ്ടെന്നുള്ള സിദ്ധാന്തം എല്ലാ ആസ്തികന്മാക്കും സമ്മതമാണ്. പക്ഷെ ആ കേവല വസ്തുവിൻെറ സ്വഭാവത്തെപററിയെ അവക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളൂ. എന്നാൽ ശ്രീ ബുദ്ധദേവൻ ഇതിനെ ലവലേശം അമ്മതിക്കുന്നില്ല. "ബ്രഹ്മവും ഇല്ല. ആത്മാവും ഇല്ല. ജീവനും ഇല്ല" എന്നാണ് അദ്ദേഹം പറയുന്നത്.

ലോകത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ളവരിലെല്ലാം വെച്ച് ഏററവും ഉൽകൃഷ്ടസ്വഭാവത്തോടുകൂടിയ ആൾ ശ്രീ ബുദ്ധദേവൻ ആണ്. അദ്ദേഹത്തെ കഴിച്ചാൽ പിന്നെ ക്രിസ്തു. ഇത്രയും പരമാത്ഥംതന്നെ. എന്നാൽ ലോകത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ള ശിക്ഷണങ്ങളിൽവെച്ച് അത്യുൽകൃഷ്ടമായ ശിക്ഷണം ശ്രീകൃഷ്ണൻെറ ഗീതയിൽ അടങ്ങിയിരിക്കുന്നതാണ്. അതുപോലെ അതൊന്നുതന്നയേ ഉള്ളൂ. അതിനോടുപമിക്കുവാൻ ഇന്നേവരെ മറെറാന്നുംതന്നെ ഉണ്ടായിട്ടില്ല. ലോകത്തിൽ ധമ്മസ്ഥാപനത്തിന്നായി അത്യാത്തുകാലം അവതരിക്കുന്ന ദുർല്ലഭം ചില മഹാപുരുഷന്മാരിൽ ഒരാളാണ് ഗീതാകത്താവു്. അദ്ദേഹത്തെപ്പോലെയുള്ള ഒരു അപാരബുദ്ധിമാനെ മുമ്പൊരിക്കലും കാണുക ഉണ്ടായിട്ടില്ല; ഇനി ഒരിക്കലും കാണുവാൻ സാധിക്കുകയും ഇല്ല.

ശക്തി ആകെ ഒന്നു, ദോഷകരമായി കാണപ്പെട്ടാലും ശരി; ഗുണകരമായി കാണപ്പെട്ടാലും ശരി; കാൎയ്യം ഒന്നുതന്നെ. അങ്ങോട്ടും ഇങ്ങോട്ടും ആയി ഒഴുകിക്കൊണ്ടിരിക്കുന്ന ഒരേനേരിയാണ് നന്മയും തിന്മയും.

# 9
# ശ്രീരാമകൃഷ്ണദേവൻ.

ജൂലായി 1-ാംനു, തിങ്കളാഴ്ച—

ശ്രീരാമകൃഷ്ണൻ ഒരു ബ്രാഹ്മണപുത്രനാണ്. ബ്രാഹ്മണൻ എന്നുമാത്രം പറഞ്ഞാൽ പോരാ; മതാചാരങ്ങളിൽ വളരെ വളരെ നിഷ്കർഷബുദ്ധിയോടുകൂടിയ ഒരാളായിരുന്നു രാമകൃഷ്ണന്റെ പിതാവ്. സാധാരണക്കാർ ചെയ്യുന്ന ദാനം കൂടെ അദ്ദേഹം സ്വീകരിച്ചിരുന്നില്ല. കൊടുക്കുന്നവൻ ബ്രാഹ്മണനായിരിക്കണം; സ്വാത്ഥപരമായ യാതൊരു പ്രവൃത്തിയും ചെയ്യുന്നവനായിരിക്കുന്നതു്; അവിധം അമ്പലത്തിൽ ശാന്തികൂടെ ചെയ്യുന്നവനാകരുത്; വേദവിക്രയം കൊണ്ടു് ജീവിക്കുന്നവനാകരുതു്; ആരേയും ആശ്രയിക്കുന്നവനും ആകരുതു്. ഈവക ഗുണങ്ങളോടുകൂടിയ ഉത്തമ ബ്രാഹ്മണൻ വല്ലതും കൊടുക്കുന്നതായാൽ അതുമാത്രമേ അദ്ദേഹം സ്വീകരിച്ചിരുന്നുള്ളു. അതായതു "ആകാശത്തിൽനിന്നു് അറ്റുവീഴുന്നതുമാത്രം." ഇങ്ങിനെയായിരുന്നു അദ്ദേഹത്തിന്റെ ഭിക്ഷാരീതി.

ക്ഷേത്രങ്ങൾക്കു് ഹൈന്ദവധമ്മത്തിന്റെമേൽ വലിയ പിടിയൊന്നുമില്ല. ക്ഷേത്രങ്ങളെല്ലാം ഇല്ലാതായിപ്പോയാലും അതുകൊണ്ടു് ധമ്മത്തിന്നു് ഒരു തരിമ്പും ന്യൂനത സംഭവിക്കുവാനില്ല. "ഈശ്വരനും അതിഥിക്കും" കൂടിയായിരിക്കണം ഒരു ശരിയായ ഹിന്ദുവിന്റെ ഗൃഹനിമ്മാണം. അല്ലാതെ, തനിക്കു മാത്രമായി ഉണ്ടാക്കുന്നതു് കേവലം സ്വാത്ഥവും തന്മൂലം നിഷിദ്ധവും ആകുന്നു. അതുകൊണ്ടു് ചിലർ ഈശ്വരനും അതിഥിക്കുംകൂടി ഒന്നായി വീടുണ്ടാക്കുന്നു; മററു ചിലർ വെവ്വേറെതന്നെ ഉണ്ടാക്കുന്നു; എന്നേയുള്ളു. ഇങ്ങിനെയാണു് ഇന്ത്യയിലെ ക്ഷേത്രങ്ങളെല്ലാം ഉണ്ടായിട്ടുള്ളതു്.

അത്യന്തദാരിദ്ര്യംനിമിത്തം ശ്രീരാമകൃഷ്ണൻനന്നെ ചെറു പ്രായത്തിൽതന്നെ ഒരു കാളീക്ഷേത്രത്തിൽ ശാന്തിവൃത്തി സ്വീകരിക്കേണ്ടതായിവന്നു. നിലത്തു വീണുകിടക്കുന്ന ഒരു പുരുഷശരീരത്തിൽ ഒരു കാൽ എടുത്തു വെച്ചുകൊണ്ടാണു് ദേവിയുടെ നില്പു്. മായ ഇല്ലാതാകുന്നതുവരെ നമുക്കു് ഒന്നും അറിയുവാൻ സാധിക്കുകയില്ലാ എന്നാണു് ഈ വിഗ്രഹത്തിന്റെ, അല്ലങ്കിൽ ഈ പ്രതീകത്തിന്റെസാരം. ബ്രഹ്മം ആണുമല്ല, പെണ്ണുമല്ല, അറിയപ്പെട്ടതും അല്ല, അറിയപ്പെടാകുന്നതുമല്ല. അങ്ങിനെയുള്ള ബ്രഹ്മത്തെ വിഷയീകരിക്കുവാൻ വേണ്ടി ആ ബ്രഹ്മം മായ എന്ന ഒരു യവനികകൊണ്ടു് തന്നത്താൻ മൂടിയിരിക്കുകയാണു്. ഇങ്ങിനെ പ്രപഞ്ചമാതാവായി തീൎന്നു് സൃഷ്ടിചെയ്യുന്നു. നിലത്തു നമസ്കരിച്ചു കിടക്കുന്നതു് ശിവനാണു്. ഈ ശിവൻ മായകൊണ്ടു് അവ്യക്തനാകയാൽ ശവപ്രായമായി തീൎന്നിരിക്കുന്നു. യാതൊരു ചേഷ്ടയും ഇല്ല. ഇവിടെ ജ്ഞാനി പറയുന്നതു :— "ഞാൻ എന്റെ ശക്തികൊണ്ടു (അദ്വൈതഭാവനകൊണ്ടു്) ഈശ്വരനെ ആവരണശൂന്യനാക്കിത്തീൎക്കും" എന്നാണു്. എന്നാൽ ദ്വൈതികളുടെ പക്ഷം അങ്ങിനെയല്ല. "ഞങ്ങൾ അമ്മയോടു അപേക്ഷിച്ചു്, അമ്മയുടെ ആവരണത്തെ അമ്മയെക്കൊണ്ടുതന്നെ ഇല്ലായ്മ ചെയ്യിക്കും. വാതിൽ തുറന്നു തരുവാനായി അമ്മയോടുതന്നെ പ്രാൎത്ഥിക്കും. അതിന്റെ താക്കോൽ അമ്മയുടെ വശംമാത്രമേ ഇരിപ്പുള്ളു." എന്നാണു് അവരുടെ പക്ഷം.

കാളിമാതാവിന്റെ നിത്യപരിചരണംകൊണ്ടു് ഈ യുവപുരോഹിതന്റെ ഹൃദയത്തിൽ തീവ്രമായ ഭക്തി പ്രബുദ്ധമായിത്തീൎന്നു. അതുനിമിത്തം ദേവിയുടെ നിത്യപൂജയ്ക്കുകൂടെ ആ യുവാവിനെക്കൊണ്ടു് സാധിക്കാതെയായി. അദ്ദേഹം ആ പൂജാവൃത്തിയെ ഉപേക്ഷിച്ചു് ക്ഷേത്രവളപ്പിലുള്ള ഒരു ചെറിയ ഉദ്യാനത്തിൽ പോയി അവിടെ ധ്യാനനിമഗ്ദനായി ഇരുന്നു. ഈ ചെറിയ ഉദ്യാനം ഗംഗാതീരത്തിൽ ആയി

രുന്നു. ഇങ്ങിനെയിരിക്കെ ഒരുദിവസം രാമകൃഷ്ണൻ ഗംഗാതീരത്തിൽ ഇരിക്കുമ്പോൾ ഒരു ചെറിയ ആശ്രമം കെട്ടിയുണ്ടാക്കേണ്ടതിനു വേണ്ടുന്ന സാധനസാമഗ്രികളെല്ലാം ആ നദിയിലെ തിര അടിച്ചുകൊണ്ടുവന്ന് അദ്ദേഹത്തിൻെറ കാക്കൽ വെച്ചുകൊടുത്തു. ആ സാമാനങ്ങൾകൊണ്ട് അദ്ദേഹം ഒരു ചെറിയ കുടിൽ കെട്ടിയുണ്ടാക്കി അതിൽ ഇരുന്ന് അമ്മയെ വിളിച്ചു കരയുവാനും പ്രാൎത്ഥിക്കുവാനും തുടങ്ങി അദ്ദേഹത്തിനു സ്വന്തശരീരത്തെപ്പററി കൂടയും യാതൊരു സ്മരണയും ഇക്കാലത്തു ഉണ്ടായിരുന്നില്ല. തൻെറ "ദിവ്യമാതാവ്" എന്നു ഒരൊററ വിചാരമല്ലാതെ മററൊന്നും ആ ഭക്തോത്തമനു ഇല്ലാതായി. അദ്ദേഹത്തിൻെറ ഒരു അടുത്തബന്ധു ഇക്കാലത്തു അദ്ദേഹത്തെ അടുത്തിരുന്ന് ശുശ്രൂഷിച്ചിരുന്നു. എങ്കിലും ദിവസേന ഒരിക്കൽമാത്രമേ വല്ലതുമെങ്കിലും അദ്ദേഹത്തെക്കൊണ്ടു ഭക്ഷിപ്പിക്കുവാൻ സാധിച്ചിരുന്നുള്ളു. ഭക്ഷിപ്പിക്കുവാൻ കേവലം സാധിക്കാത്ത ദിവസങ്ങളും ഇക്കാലത്ത് ധാരാളം ഉണ്ടായിട്ടുണ്ട്. ഇങ്ങിനെ കുറച്ചുകഴിഞ്ഞപ്പോൾ, അമ്മയെ കാണുവാനുള്ള മാൎഗ്ഗത്തിൽ അദ്ദേഹത്തെ സഹായിക്കുവാനായി ഒരു സന്ന്യാസിനി അവിടെ വന്നുചേൎന്നു. ശ്രീരാമകൃഷ്ണന്ന് അതാതുകാലം അവശ്യമായിവന്ന ഗുരുക്കന്മാരെല്ലാം അന്വേഷിക്കാതെ ഇങ്ങിനെ വന്നുചേൎന്നവരാണ്. ഓരോ വർഗ്ഗത്തിൽനിന്നും ഓരോ മഹാന്മാർ ഇങ്ങിനെ അതാതുകാലം വന്ന് അദ്ദേഹത്തെ വേണ്ടവിധം സഹായിക്കുക ഉണ്ടായിട്ടുണ്ട്. അവരുടെ ഉപദേശങ്ങളെയെല്ലാം അദ്ദേഹം ശ്രദ്ധയോടുകൂടി കേൾക്കുകയും അതുപ്രകാരം ആചരിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹം അമ്മയെ മാത്രമേ ഏകാഗ്രമായി ആരാധിക്കുകയുണ്ടായിട്ടുള്ളു. അദ്ദേഹത്തിനു എല്ലാം അമ്മ തന്നെ ആയിരുന്നു.

ശ്രീരാമകൃഷ്ണദേവൻ പരുഷമായ ഒരൊററവാക്കുപോലും ആരോടും ഒരിക്കലും പറയുക ഉണ്ടായിട്ടില്ല. അദ്ദേഹം എല്ലാവരിലും ഒരേവിധം അനുഭാവത്തോടുകൂടിയവനായിരുന്നു.

അതുനിമിത്തം അവരെല്ലാവരും, അദ്ദേഹം അവരവരുടെ വർഗ്ഗത്തിൽ ചേർന്നവനാണെന്ന്, കരുതുകകൂടെ ചെയ്തിട്ടുണ്ട്. അദ്ദേഹം എല്ലാവരേയും ഒരേവിധം സ്നേഹിച്ചു; അദ്ദേഹം എല്ലാമതങ്ങളേയും ഒരേവിധം ആദരിച്ചു. അവയെല്ലാം അദ്ദേഹത്തിന്ന് പരമാത്ഥങ്ങൾതന്നെ ആയിരുന്നു. ഓരോന്നിന്നും അദ്ദേഹം ഓരോസ്ഥാനം കണ്ടു. ഒന്നും അദ്ദേഹത്തിന്ന് അസ്ഥാനത്തിലായിരുന്നില്ല. അദ്ദേഹം സ്വതന്ത്രനായിരുന്നു; എന്നാൽ അദ്ദേഹത്തിൻെറ സ്വാതന്ത്ര്യം പ്രേമത്തിലല്ലാതെ ഒരിക്കലും ഹിംസയിൽ ആയിരുന്നില്ല. ശാന്തപ്രകൃതികൾ സൃഷ്ടിക്കുന്നു; രൂക്ഷപ്രകൃതികൾ പ്രചരിപ്പിക്കുന്നു. പാൾ ഇപ്രകാരമുള്ള ഒരു രൂക്ഷപ്രകൃതിയാണ്. ക്രിസ്തു സൃഷ്ടിച്ച ശക്തിയെ പ്രചരിപ്പിച്ചതു് പാൾ ആണ്. *

സെൻറ് പാളിൻെറ കാലം കഴിഞ്ഞുപോയി. നാം ഇന്നത്തെ പുതിയ ദീപ്തികളായി തീരേണ്ടിയിരിക്കുന്നു. അങ്ങിനെയുള്ള ഒരു ദീപ്തി നമുക്ക് ലഭ്യമാകുമ്പോൾ അതായിരിക്കും ലോകത്തിലെ ഒടുവിലത്തെ മതം. ഏതായാലും ചക്രംതിരിഞ്ഞേകഴിയൂ. അതിനെ നാം സഹായിക്കുകയാണ് വേണ്ടതു്. അല്ലാതെ തടയുകയല്ല. ധാമ്മികവിചാരത്തിരകൾ പൊങ്ങിക്കൊണ്ടും താണുകൊണ്ടും ഇരിക്കും. ഏററവും മുകളിൽ വരുന്നവയാണ് നിലനില്ക്കുന്നവയായി നാം കാണുന്നതു്. അവയുംതല്ക്കാലത്തേയ്ക്കു മാത്രമെ അങ്ങിനെനില്ക്കുകയുള്ളൂ. ഇവരെ നാം "വത്തമാനപ്രവാചകന്മാർ" എന്നു പറയുന്നു. ഈ സമ്പ്രദായം അനുസരിച്ച് ഇന്നത്തെ ധമ്മം ഉപദേശിക്കുവാനാണ് ശ്രീരാമകൃഷ്ണദേവൻ അവതരിച്ചിട്ടുള്ളതു്. അദ്ദേഹം ഉപദേശിക്കുന്നതു് സംഘടനാപരമായ ധമ്മവും ആകുന്നു. അല്ലാതെ വിഘടനാപരമായതല്ല. വാസ്തവങ്ങളെ തേടിപ്പി

* വിവേകാനന്ദസ്വാമികൾ, ശ്രീരാമകൃഷ്ണദേവൻെറ സെൻറ് പാൾ ആണെന്നു പറയാറുണ്ട്.

ടിക്കവാനായി, അദ്ദേഹം പുതിയമാർഗ്ഗത്തിൽക്കൂടെ പ്രകൃതിയിൽ പ്രവേശിക്കേണ്ടതായിവന്നു. അദ്ദേഹം അങ്ങിനെ പ്രവേശിക്കുകയും അതുവഴിയായി അദ്ദേഹത്തിന്നു ശാസ്ത്രീയമായ ധർമ്മം കണ്ടുകിട്ടുകയും ചെയ്തു. ഈ ധർമ്മമാകട്ടെ, "വിശ്വസിക്കുവിൻ" എന്നല്ല ഉപദേശിക്കുന്നതു്; പ്രത്യുത, നിങ്ങൾതന്നെ "കണ്ടുകൊള്ളുവിൻ" എന്നാണു്. "ഞാൻ കാണുന്നുണ്ടു്, അതുപോലെ നിങ്ങൾക്കുംകാണാം" എന്നാണു് അദ്ദേഹം പറയുന്നതു്. അതേമാർഗ്ഗങ്ങളെത്തന്നെ നിങ്ങളും ഉപയോഗിക്കുന്നതായാൽ; അതേ ദർശനത്തിൽതന്നെ നിങ്ങൾക്കും എത്തിച്ചേരാം. ഈശ്വരൻ എല്ലാവക്കും ലഭ്യമാകും. ദൈവികത എല്ലാവക്കും പ്രാപിക്കാവുന്നതാണു്. ശ്രീരാമകൃഷ്ണന്റെ ഉപദേശങ്ങളെല്ലാം ഹിന്ദുധർമ്മത്തിന്റെ മർമ്മങ്ങൾ ആകുന്നു. അല്ലാതെ അവയൊന്നുംതന്നെ അദ്ദേഹത്തിന്റെ സ്വന്തസൃഷ്ടികളല്ല. അവ അദ്ദേഹത്തിന്റെ പ്രത്യേക സന്ദേശങ്ങളാണെന്നു് അദ്ദേഹം ഒരിക്കലും പറഞ്ഞിട്ടുമില്ല. അദ്ദേഹം പേരിന്നോ പ്രതാപത്തിന്നോ അല്പം പോലും ആഗ്രഹിച്ചതും ഇല്ല.

അദ്ദേഹത്തിന്നു ഉദ്ദേശം നാല്പതുവയസ്സു് പ്രായമായപ്പോൾ അദ്ദേഹം ഉപദേശിക്കുവാൻ തുടങ്ങി. എന്നാൽ അതിന്നായി ഒരിക്കലെങ്കിലും പുറത്തുപോകുക എന്നതു് ഉണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ഉപദേശം ആവശ്യമുള്ളവർ അദ്ദേഹത്തെ പ്രാപിക്കുകയാണു് ചെയ്തതു്. അവരെ സ്വീകരിക്കുവാൻ അദ്ദേഹം കാത്തിരിക്കുകമാത്രമേ ചെയ്തുള്ളൂ.

ഹൈന്ദവസമ്പ്രദായം അനുസരിച്ചു് അദ്ദേഹത്തിന്റെ കാരണവന്മാർ അദ്ദേഹത്തെക്കൊണ്ടു് ചെറുപ്രായത്തിൽതന്നെ വിവാഹം ചെയ്യിച്ചു. അദ്ദേഹത്തിന്റെ ഭാര്യക്കു് അക്കാലത്തു് അഞ്ചുവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. അതിനാൽ ഈ ബാലിക അവരുടെ ഭർത്താവിന്റെ സ്ഥിതിഗതി

കളും അവസ്ഥാന്തരങ്ങളും ഒന്നും ധരിക്കാതെ ദൂരത്തിലുള്ള പിതൃഗൃഹത്തിൽ തന്നെ താമസിക്കേണ്ടി വന്നു. പിന്നെ പ്രായപൂത്തി വന്നപ്പോൾ, ഈ ഭാഗ്യവതിയും ഈശ്വരചിന്തയിൽത്തന്നെ നിമഗ്നയായിത്തീൎന്നു. അവൾക്ക് ഐഹികസുഖങ്ങളെപ്പററി യാതൊരു ചിന്തയും, അവയിൽ യാതൊരു അഭിരുചിയും ഉണ്ടായിരുന്നില്ല. ആ ദേവി അവരുടെ സ്വന്തഗൃഹത്തിൽനിന്നു് ദക്ഷിണേശ്വരത്തിലേക്ക്—അക്കാലത്തു് ശ്രീരാമകൃഷ്ണൻ അവിടെയായിരുന്നു താമസിച്ചിരുന്നതു്—കാൽനടയായി പുറപ്പെട്ടു ചെന്നു. തൻെറ ഭൎത്താവിനെ കണ്ട മാത്രയിൽത്തന്നെ അദ്ദേഹത്തിൻെറ യഥാൎത്ഥസ്ഥിതിഗതികളെ ആ ദിവ്യസ്ത്രീ നല്ലപോലെ ധരിച്ചു. അവർ പരിശുദ്ധയും, ഉൽകൃഷ്ടയും, ദിവ്യയും ആയിരുന്നതിനാലാണു് രാമകൃഷ്ണദേവൻെറ യഥാൎത്ഥസ്വഭാവം മനസ്സിലാക്കുവാൻ അത്ര എളുപ്പത്തിൽ അവൾക്കു് സാധിച്ചതു്. അതിനാൽ ആ ധന്യസ്ത്രീ അവരുടെ ഭൎത്താവിൻെറ പരിശ്രമങ്ങളിൽ അദ്ദേഹത്തെ സഹായിച്ചുകൊണ്ടുതന്നെ ജീവിതം നയിക്കുവാൻ നിശ്ചയിച്ചു. അല്ലാതെ തൻെറ ഭൎത്താവിനെ ഒരു ഗൃഹസ്ഥൻെറ സ്ഥാനത്തിലേയ്ക്കു് പിടിച്ചിറക്കുവാനായി അഗ്രഹിച്ചതേ ഇല്ല.

ഭഗവാൻ ശ്രീ ശ്രീരാമകൃഷ്ണദേവനെ ഇന്ത്യയിൽ ഒരു പൂൎണ്ണാവതാരമായിട്ടാണു് അരാധിച്ചുപോരുന്നതു്. അദ്ദേഹത്തിൻെറ ജന്മതിഥി അവിടെ ഒരു ധാൎമ്മികോത്സവമായി കൊണ്ടാടിവരുന്നു.

* * *

സൎവ്വാന്തൎയ്യാമിയായ വിഷ്ണുവിൻെറ പ്രതീകമായി ഒരു പ്രത്യേകതരം ഉരുണ്ട ശിലയെയാണു് കരുതിവരുന്നതു്. * പ്രതിദിനം പ്രഭാതത്തിൽ ശാന്തിക്കാരൻ കടന്നു വന്നു് അതിനെ പൂജിക്കുന്നു. അതിന്നു് നീരാഞ്ജനം കാണിക്കുന്നു,

---

* ഉരുണ്ട ശില എന്നു് പറയുന്നതു് സാളഗ്രാമത്തെയാണു്.

അതിനെ പര്യങ്കത്തിൽ ശയിപ്പിക്കുന്നു, ഒടുവിൽ ഈശ്വ രനെ അപ്രകാരം പൂജിക്കുന്നതിൽ വല്ല ന്യൂനതയും ഉണ്ടെങ്കിൽ അതിനെ ക്ഷമിച്ചനുഗ്രഹിക്കുവാനായി ഈശ്വരനോട്ട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈശ്വരനെ ഒരു പ്രതീകത്തോടു സംബന്ധിപ്പിച്ചോ അല്ലെങ്കിൽ സ്ഥൂലമായ മറേറതെങ്കിലും സാകാരഭാവത്തിൽ സങ്കല്പിച്ചോ പൂജിക്കുവാൻ മാത്രമെ അവ നെക്കൊണ്ട് സാധിക്കുന്നുള്ളു. ആ പൂജാരി ആ പ്രതിമയെ അല്ലെങ്കിൽ ആ പ്രതീകത്തെ കുളിപ്പിക്കുന്നു, അതിനെ വസ്ത്രം ധരിപ്പിക്കുന്നു, തന്റെ സ്വന്ത ദൈവിക ദിവ്യചൈതന്യത്തെ അതിൽ അർപ്പിക്കുന്നു. അങ്ങിനെ അതിനെ സജീവനാക്കി തീർക്കുകയും ചെയ്യുന്നു.

* * *

“നന്മയേയും സൌഭാഗ്യത്തേയും മാത്രം ആരാധിക്കു ന്നതു് ബലഹീനതയാണു്; തിന്മയേയും വൈരൂപ്യത്തേയും കൂടെ സ്നേഹിക്കുകയും പൂജിക്കുകയും വേണം;” എന്നിങ്ങനെ പറയുന്നവരായ ഒരു തരക്കാർ ഉണ്ടു്. ഈ വർഗ്ഗക്കാരെ തിബെ ത്തിലെങ്ങും ധാരാളമായി കാണാം. അവരുടെ ഇടയിൽ വിവാഹം എന്ന ഒരു ഏർപ്പാടേ ഇല്ല. ഇന്ത്യയിൽ പരസ്യ മായി ജീവിക്കുവാൻ അവരെക്കൊണ്ടു് സാധിക്കാത്തതിനാൽ രഹസ്യ സംഘങ്ങൾ ഏർപ്പെടുത്തുകയാണു് അവർ അവിടെ ചെയ്യുന്നതു്. ഒരുവിധം മര്യാദക്കാരാരും അവരുടെ ശേഖ രത്തിൽ ഉൾപ്പെട്ടുകയില്ല. ഇവർ തപോവൃത്തിയിൽ വളരെ പ്രതിപത്തിയോടുകൂടിയവർ ആകുന്നു. ബലത്തെ സംബന്ധി ച്ചിടത്തോളം അവർക്കതുകൊണ്ടു് നല്ല വിജയം ഉണ്ടാകുന്നതു മുണ്ടു്.

“തപസ്സ്” എന്നതിന്റെ ധാത്വാർത്ഥം “ദഹിപ്പിക്കുക” എന്നാണു്. ഉപരിപ്രകൃതിയെ തപിപ്പിക്കുന്നതു് ഒരുവിധം തപസ്സുതന്നെ ആകുന്നു. ചിലപ്പോൾ അതു് ഉദയാസ്തമന വ്രതം പോലെയും ആയിരിക്കും. അതായതു് സൂര്യോദയം

മുതൽ സൂര്യാസ്തമനം വരെ ഇടവിടാതെ പ്രണവം ജപിച്ചു കൊണ്ടിരിക്കുകതന്നെ. ഈവിധ സാധനാപരിശീലനം നിമിത്തം അവരിൽ ഒരുതരം ശക്തി ജാതമാകുന്നു. അതിന്റെ ആദ്ധ്യാത്മികമായോ ലൌകികമായോ ഏതെങ്കിലും രൂപത്തിൽ സ്വേച്ഛപ്രകാരം പ്രയോഗിക്കാകുന്നതാണ്. തപസ്സിനെ പററിയുള്ള ഈ ആശയം ഹിന്ദുധർമ്മത്തിൽ അത്യവസാനം അന്തർഗ്ഗതമായി തീർന്നിട്ടുണ്ട്. ലോകത്തെ സൃഷ്ടിക്കുവാനായി ഈശ്വരൻ തപസ്സുചെയ്തു എന്നുകൂടെ ഹിന്ദുക്കൾ പറയാറുണ്ട്. സർവ്വപ്രവൃത്തികൾക്കും മാനസികമായുള്ള ഒരു ആയുധമാണ് തപസ്സ്. ത്രിലോകങ്ങളിലുമുള്ള സമസ്തസംഗതികളും തപസ്സുകൊണ്ട് സാധിക്കാം.

*　　　*　　　*

തങ്ങൾക്കു അനുഭവം ഇല്ലാത്തതായ സമുദായങ്ങളേയും സമ്പ്രദായങ്ങളേയും പററി ആക്ഷേപിക്കുന്നവർ അറിഞ്ഞും അറിയാതേയും കള്ളം പറയുന്നവരാണ്. ഏതെങ്കിലും ഒരു സമ്പ്രദായത്തിൽ ദൃഢമായ വിശ്വാസമുള്ള ഒരുവന്ന് മററു സമ്പ്രദായങ്ങളിലും അതേ പരമാർത്ഥംതന്നെ വെളിപ്പെട്ടുകാണാകുന്നതാകുന്നു.

*　　　*　　　*

ഒരിക്കൽ ഒരു പരമഭക്തനോട്ട് * അന്നത്തെ നക്ഷത്രം എന്താണെന്ന് ചോദിച്ചപ്പോൾ "ഈശ്വരനാണ് എന്റെ സനാതനമായ നക്ഷത്രം; അതല്ലാതെ മററൊരു നക്ഷത്രവും ഞാൻ അറിയുന്നില്ല" എന്നാണ് മറുപടി പറഞ്ഞതു്.

89816
Q2xM63
32F7.2

* ഈ പരമഭക്തൻ ശ്രീ ഹനുമാനാകുന്നു.

# 10

## ദിവ്യമാതാ.

ജൂലായി 2-ാംനു, ചൊവ്വാഴ്ച—

പ്രാപഞ്ചികമായ മഹാശക്തിയെ "മാതാവു്" എന്ന ഭാവത്തിലാണു് ശാക്തന്മാർ ആരാധിക്കാറുള്ളതു്. മാതാ! അതാണു് അവക്കു് ഏററവും ഹൃദ്യമായ പദം. ഇന്ത്യയിൽ സ്ത്രീജനങ്ങളുടെ ഏററവും ഉൽകൃഷ്ടമായ ഭാവം മാതൃഭാവമാകുന്നു. ഈശ്വരനെ മാതാവു് എന്ന ഭാവത്തിൽ ചെയ്യുന്ന ആരാധനയെ ഹിന്ദുക്കൾ "ദക്ഷിണാചാരം" എന്നു് പറയുന്നു. ഇതാണു് ഉത്തമമാഗ്ഗം. ഇതു് ആദ്ധ്യാത്മികാഭിവൃദ്ധിക്കല്ലാതെ ലൗകികാഭിവൃദ്ധിക്കു് ഒരിക്കലും നിദാനമായിത്തീരുകയില്ല. ഈശ്വരനെ പ്രകാരാന്തരേണ ചെയ്യുന്ന ആരാധനയെ "വാമാചാരം" എന്നു് പറയുന്നു. ഇതു് വളരെ ഭയാനകവും നികൃഷ്ടവും ആയതാണു്. സാധാരണമായി ലൗകികങ്ങളായ അഭിവൃദ്ധികൾക്കു് നിദാനമായിതീരുന്നതു് ഇതാണു്. എന്നാൽ ഇതുകൊണ്ടു് ആദ്ധ്യാത്മികമായ അഭിവൃദ്ധി ഉണ്ടാകുന്ന കാൎയ്യം വളരെവളരെ പ്രയാസംതന്നെ. അതിനാൽ ക്രമേണ അധഃപതനത്തിലാണു് തൽപ്രവൎത്തകന്മാർ ചെന്നെത്തുന്നതു്. അതുകൊണ്ടു് വാമാചാരികളുടെ വംശം കൂടെ ഇല്ലാതായിത്തീരുകയും ചെയ്യുന്നു.

മാതാവാണു് ശക്തിയുടെ ഒന്നാമത്തെപ്രകടനം. മാതാവിനെ പിതാവിനെക്കാൾ ഉപരിയായ ആശയമായി കരുതുകയും ചെയ്യുന്നു. അമ്മ എന്നതിനോടുകൂടിത്തന്നെ ശക്തിയുടേയും, വീൎയ്യത്തിൻേറയും, സൎവ്വ ശക്തിത്വത്തിൻേറയും ആശയം നമ്മൾക്കു് ലഭ്യമാകുന്നുണ്ടു്. ഒരു കുഞ്ഞിൻെറ വിചാരംതന്നെ എന്താണെന്നു് നോക്കുക? അമ്മ സൎവ്വ

ത്തിനും ശക്തയാണ്, അമ്മക്ക് എന്തും ചെയ്യാൻ സാധിക്കും, എല്ലാവരും അമ്മയുടെ ചൊൽപടിക്ക് നടക്കും, എന്നൊക്കെയല്ലയൊ. അതുപോലെ തന്നെയാണ് ഭക്തന്റേയും ഭാവനം. ഈ ദിവ്യമാതാവ് നമ്മളിൽ നിദ്രാവസ്ഥയിൽ കിടക്കുന്ന "കുണ്ഡലിനി"യാണ്. ആ ശക്തിയെ ആരാധിച്ച്, അതിന്റെ അനുഗ്രഹം സമ്പാദിക്കാതെ നമുക്ക് നമ്മളെത്തന്നെ അറിയുവാൻ സാധിക്കുകയില്ല. കരുണാമൂർത്തി, സർവ്വശക്ത, സർവ്വാന്തര്യാമി, സർവ്വജ്ഞ, മുതലായവയെല്ലാം ദിവ്യമാതാവിന്റെ പര്യായങ്ങൾ ആണ്. പ്രപഞ്ചത്തിലുള്ള വിശ്വത്തിന്റെ ആകെ തുകയാണ് ദേവി. പ്രപഞ്ചത്തിൽ കാണുന്ന ശക്തിയുടെ പ്രകടനങ്ങളെല്ലാം ദേവിതന്നെ ആകുന്നു; മാതാതന്നെ ആകുന്നു. ജീവനും (സത്തും) അമ്മതന്നെ; ബുദ്ധിയും (ചിത്തും) അമ്മതന്നെ; സ്നേഹവും (ആനന്ദവും) അമ്മതന്നെ. അമ്മ പ്രപഞ്ചത്തിൽ തന്നെയാണ്; എന്നാൽ അതിൽനിന്ന് വേറിട്ടും ആകുന്നു. ദേവി ഒരു സാകാരവ്യക്തികൂടെ ആകുന്നതുകൊണ്ട് ദേവിയെ കാണുവാനും അറിയുവാനും സാധിക്കും. ശ്രീരാമകൃഷ്ണദേവൻ ദേവിയെ ഇങ്ങിനെ കാണുകയും അറിയുകയും ചെയ്തിട്ടുണ്ട്. മാതൃഭാവത്തിൽ സ്ഥിരപ്രതിഷ്ഠ കിട്ടിക്കഴിഞ്ഞാൽ പിന്നെ നമുക്ക് എന്തും പ്രവർത്തിക്കാം. അപ്പോൾ ദേവി ഭക്തന്റെ പ്രാർത്ഥനകളെ അതിവേഗം കേൾക്കുകയും ചെയ്യും.

ദേവി ഇഷ്ടപ്പെടുന്നു എങ്കിൽ, ഏതു സമയത്തും ഏത് ആകൃതിയിലും ഏതു പ്രകാരത്തിലും നമുക്ക് ദർശനം തരുവാൻ സാധിക്കും. ദിവ്യമാതാവിന്ന് രൂപവും നാമവും സ്വീകരിക്കാം. രൂപം കൂടാതെ നാമം മാത്രം വേണമെങ്കിൽ അങ്ങിനേയും ആകാം. ഇങ്ങിനെ നാം പലഭാവങ്ങളിൽ കൂടെ ദേവിയെ ആരാധിച്ചാൽ നമ്മൾക്കും നാമരൂപങ്ങൾ ഇല്ലാത്ത പരിശുദ്ധന്മാരും പരിപൂർണ്ണന്മാരും ആയിത്തീരാകുന്നതാണ്.

"അനേകം പരമാണുക്കൾകൂടി ചേൎന്നുണ്ടായതാണു് ശരീരം. ഈ സമുച്ചയഭാവത്തെയാണു് നാം മനുഷ്യൻ എന്നു് പറയുന്നതു്. അതുപോലെ ഓരോ ജീവനും ഓരോപരമാണുവാണു്. ആ പരമാണുക്കളുടെ സമുച്ചയഭാവത്തെയാണു് നാം ഈശ്വരൻ എന്നു് പറയുന്നതു്. അതിന്നും അപ്പുറത്താണു് കേവലാവസ്ഥ. ശാന്തമായ സമുദ്രം കേവലഭാവം. അതേ സമുദ്രംതന്നെ ഘോരമായ തിരമാലകളോടുകൂടി ക്ഷോഭിച്ചിളകുന്നതു് ദിവ്യമാതാവു്. കാലവും ദേശവും നിമിത്തവും ദേവിതന്നെ. ഈശ്വരൻ തന്നെ ദിവ്യമാതാവു്. ഈശ്വരന്നു് വ്യാകൃതം, അവ്യാകൃതം എന്നിങ്ങിനെ രണ്ടു ഭാവങ്ങൾ ഉണ്ടു്. വ്യാകൃതഭാവത്തിൽ ദേവി ഈശ്വരനും, പ്രകൃതിയും, ജീവനും ആകുന്നു. അവ്യാകൃത ഭാവത്തിൽ ആ ദേവി തന്നെ അറിയപ്പെടാത്തതും അറിയപ്പെടുവാൻ സാദ്ധ്യമല്ലാത്തതും ആയ വസ്തു വിശേഷവും ആകുന്നു. അവ്യാകൃതത്തിൽ നിന്നാണു് ഈശ്വരൻ, പ്രകൃതി, ജീവൻ എന്നീ അസ്തിത്വത്രികോണം ഉണ്ടായിട്ടുള്ളതു്." ഇങ്ങിനെയൊക്കെയാണു് വിശിഷ്ടാദ്വൈതികളുടെ സിദ്ധാന്തം.

അമ്മയുടെ ഒരു അംശം, ഒരുരേണു, ഒരു ബിന്ദു-കൃഷ്ണൻ; മറ്റൊന്നു് ബുദ്ധൻ, മറ്റൊന്നു് ക്രിസ്തു. നമ്മുടെ ലൌകികമായ മാതാവിൽ ഉള്ളതും ആ ദിവ്യമാതാവിന്റെ ഓരൊററകിരണംതന്നെയാണു്. അതിനാൽ ആ കിരണത്തെ ആരാധിക്കുന്നതുകൊണ്ടുതന്നെ വൈശിഷ്ട്യം സിദ്ധിക്കുന്നതാണു്. നിങ്ങൾക്കു് പ്രേമവും ജ്ഞാനവും വേണമെങ്കിൽ ദേവിയെത്തന്നെ ആരാധിക്കുവിൻ.

# 11

## ഭക്തിഭജനം.

ജൂലായി 3-ാംനു, ബുധനാഴ്ച —

സാധാരണമായിപ്പറയുകയാണെങ്കിൽ മനുഷ്യരുടെധൎമ്മം ആരംഭിക്കുന്നതു് ഭയത്തിൽ നിന്നാണു്. "ദൈവ ഭയമാകുന്നു ജ്ഞാനത്തിന്റെ ആരംഭം". ഇതു് കേവലം ശരിയല്ല. താണ തരത്തിലുള്ള ഒരു ആശയം മാത്രമാണിതു്. ഉന്നതാശയം വരുന്നതു് പിന്നാലെ ആകുന്നു. "പരിപൂൎണ്ണമായ സ്നേഹം ഭയത്തെ ഇല്ലാതാക്കുന്നു." നമുക്കു് ജ്ഞാനോദയം ഉണ്ടാകുന്നതുവരെ — അതായതു് ഈശ്വരൻ എന്നാൽ എന്താണെന്നു് അറിയാറാകുന്നതുവരെ — അല്പാല്പം ഭയം നമ്മളിൽ എങ്ങിനെയൊക്കെയായാലും, അവശേഷിച്ചു് നില്ക്കുകതന്നെ ചെയ്യും. ക്രിസ്തു ഒരു മനുഷ്യനായിരുന്നതുകൊണ്ടു് മററുള്ളവരിൽ അശുദ്ധിയെ കാണേണ്ടതായിത്തന്നെ വന്നു. ആ പുണ്യവാൻ അതിനെ ആക്ഷേപിക്കുകയും ചെയ്തു. എന്നാൽ ഈശ്വരനാകട്ടെ ഇതിലും എത്രയോ എത്രയോ ഉപരിയായ സ്ഥാനത്തിലാകയാൽ ഒരിക്കലും അയുക്താവസ്ഥയെ കാണുന്നില്ല. അതുകൊണ്ടു് ഈശ്വരൻ ഒരിക്കലും കോപിഷ്ടനായി ഭവിക്കുന്നതും ഇല്ല. ആക്ഷേപിക്കുന്നതു് ഒരിക്കലും അത്യുന്നതാവസ്ഥയുടെ ലക്ഷണമല്ല. ദേവീദിന്റെ കൈകൾ രക്തം പുരണ്ടവ ആയിരുന്നു; അതുകൊണ്ടു് ദേവീദിന്നു് ക്ഷേത്രം പണിചെയ്യുവാൻ സാധിച്ചില്ല. *

പ്രേമത്തിലും, സൽഗുണങ്ങളിലും, ദിവ്യത്വത്തിലും നാം അധികമധികം അഭിവൃദ്ധിയെ പ്രാപിക്കുന്നതോടുകൂടി നാം

* ബൈബിൾ—സാമുവൽ—അദ്ധ്യായം ൧൭.

നമ്മുടെ ബഹിർഭാഗത്തിലും അധികരിച്ച പ്രേമവും സൽഗുണവും ദിവ്യതവും കാണുന്നതായിരിക്കും. മററുള്ളവരെ ചെയ്യുന്ന ആക്ഷേപങ്ങളെല്ലാം യഥാൎത്ഥത്തിൽ നമ്മളെ തന്നെ ചെയ്യുന്ന ആക്ഷേപങ്ങളാണ്. വ്യഷ്ടിയെ ശരിപ്പെടുത്തിവെയ്ക്കുക. അതു് നിങ്ങളെക്കൊണ്ടു് ചെയ്യാൻ സാധിക്കുന്ന കാൎയ്യമാണല്ലൊ. എന്നാൽ സമഷ്ടിയും നിങ്ങൾക്കു വേണ്ടപോലെ തനിയെതന്നെ ശരിപ്പെട്ടുകൊള്ളും. നമ്മുടെ അന്തർഭാഗത്തിൽ ഇല്ലാത്തതിനെ വിങ്ങൾക്കു് പുറത്തും കാണുവാൻ സാധിക്കുകയില്ല. അതു് നിശ്ചയംതന്നെ. ഒരു വലിയ യന്ത്രം ഒരു ചെറിയ യന്ത്രത്തിന്നു് ഏതൊരു പ്രകാരമൊ അതുപോലെയാണു് നമുക്കു് പ്രപഞ്ചവും. ഒരു ചെറിയന്ത്രം ഉണ്ടാക്കി നാം അതിനെക്കൊണ്ടു് പ്രവൎത്തിക്കുന്ന സമയം അതിൻെറ ഘടനയിൽ വല്ല ന്യൂനതയും കണ്ടാൽ അതുപോലെയുള്ള വലിയ യന്ത്രത്തിലും ഉണ്ടാകുന്ന ന്യൂനത അതുപോലെതന്നെ ആയിരിക്കുമെന്നു് നമുക്കു് ഊഹിച്ചുകൂടയൊ?

ലോകത്തിൽ ഉണ്ടായിട്ടുള്ള യഥാൎത്ഥവിജയങ്ങളെല്ലാം സ്നേഹം ഒന്നുകൊണ്ടു മാത്രം ഉണ്ടായിട്ടുള്ളതാണു്. ദോഷത്തിന്നു് യാതൊരു ഗുണവും ചെയ്യാൻ സാധിക്കുകയില്ല. മററുള്ളവരിൽ കുററം ആരോപിക്കുന്നതുകൊണ്ടു് ഒരുഗുണവുംഉണ്ടാകുവാനില്ല. ഇതു അനേകായിരം തവണ പരിശോധിച്ചു നോക്കിട്ടുള്ളസംഗതിയല്ലയൊ? അന്യന്മാരെ ദൂഷിക്കുന്നതുകൊണ്ടു് ഒരുഗുണവും ഒരിക്കലും ഉണ്ടായിട്ടില്ല, ഉണ്ടാകയും ഇല്ല.

ഒരു യഥാർത്ഥ വേദാന്തിയാണെങ്കിൽ, അവൻ സകലരിലും അനുഭാവത്തോടുകൂടിയവനായിരിക്കും. അവന്നു് ആരോടും വിരോധം ഉണ്ടായിരിക്കയില്ല. അദ്വൈതം, അല്ലെങ്കിൽ കേവലമായ ഐക്യഭാവം വേദാന്തത്തിൻെറ ജീവനാണു്. ദ്വൈതികളുടെ വിചാരം അവരുടെ മാൎഗ്ഗം മാത്രമാണു് ശരിയായിട്ടുള്ളതു് എന്നാകുന്നു. അതുകൊണ്ടു് അവൎക്കു

MUL
089816

മററുള്ളവരോട്ട് അനുഭാവമുണ്ടാകുവാൻ വളരെ പ്രയാസമായിരിക്കുന്നു. ഇന്ത്യയിൽ വൈഷ്ണവന്മാർ എന്ന ഒരു തരക്കാരുണ്ടു. അവർ ഒന്നാന്തരം ദ്വൈതവാദികളാണ്. അതുകൊണ്ടു് അവർ മററുള്ളവരോട്ട് അനുഭാവമില്ലാത്തവരും ആകുന്നു. പിന്നെ ഒരു കൂട്ടർ ഉള്ളതു് ശൈവന്മാരാണു്. അവരും മുഴത്ത ദ്വൈതികൾതന്നെ. അവരുടെ ഇടയിൽ പണ്ടുണ്ടായിരുന്ന ഒരു ഭക്തന്റെ കഥ ഇങ്ങിനെ പറഞ്ഞുകേട്ടിട്ടുണ്ട്. കഥ ബഹുനേരംപോക്കുള്ളതാണ്. പണ്ടു് ഒരു ശിവഭക്തൻ ഉണ്ടായിരുന്നു. അവന്നു് "ശിവ-ശിവ" എന്നല്ലാതെ മററൊരു തിരുനാമവും കേൾക്കുകകൂടെ ഇഷ്ടമില്ല. അതിനാൽ അവൻ രണ്ടു കാതിലും ഓരോ ചെറുമണി (ഘണ്ട) കെട്ടി തൂക്കിക്കൊണ്ടായിരുന്നു നടന്നിരുന്നതു്. "നാരായണ" എന്നോ "രാമ" എന്നോ മററൊ ഏതെങ്കിലും ഒരു തിരുനാമം ആരെങ്കിലും ഉറച്ചിരിക്കുവാൻ തുടങ്ങുന്നതായാൽ, ആ ഭക്തോത്തമൻ ഉടനെതന്നെ, തലയിട്ടാട്ടി, കാതിൽ (കണ്ണത്തിൽ) തൂക്കിയിരിക്കുന്ന മണി (ഘണ്ട) കിലുകില ശബ്ദിപ്പിക്കുവിൻ തുടങ്ങും. ഈ മണിനാദംകൊണ്ട് മററു ശബ്ദങ്ങളൊന്നും ചെകിട്ടിൽ കടക്കുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. അതുകൊണ്ട് ഈ ഭക്തോത്തമനെ "ഘണ്ടാകർണ്ണൻ" (ചെവിയിൽ മണി കെട്ടിതൂക്കിയവൻ) എന്നായിരുന്നു വിളിച്ചിരുന്നതു്. അന്യദേവന്മാരോട്ട് ഈവിധം അസാധ്യമായ വിരോധഭാവം ഉണ്ടായിരുന്നു എങ്കിലും ഉത്തമനായ ശിവഭക്തനായിരുന്നതുകൊണ്ടു്, ആ ഭക്തനു് പരമാർത്ഥം മനസ്സിലാക്കികൊടുക്കേണമെന്നു് കരുണാനിധിയായ പരമശിവൻ__ഭക്തവത്സലൻ നിശ്ചയിച്ചു. അതനുസരിച്ച് ഒരു ദിവസം പകുതി ശരീരം വിഷ്ണുവിന്റെ ആകൃതിയിലും മററെ പകുതി ശരീരം ശിവന്റെ ആകൃതിയിലും ആയി, ആ ദേവദേവൻ ഘണ്ടാകർണ്ണനു് ദർശനം കൊടുത്തു. അപ്പോൾ ആ ഭക്തൻ ഇഷ്ടദേവനു് ധൂപാരാധന ചെയ്യുകയായിരുന്നു. തന്റെ ധൂപപാത്രത്തിൽനിന്നും പുറപ്പെടുന്ന പരിമളം, മുമ്പിൽപ്രത്യക്ഷമായി

നില്ക്കുന്ന വിഷ്ണുഭാഗത്തിൻെറ നാസികയിൽ പ്രവേശിക്കുന്നതായി കണ്ടപ്പോൾ ആ ശിവഭക്തനു് സഹിച്ചില്ല. അതിനാൽ തൻെറ ഇടത്തെ കൈവിരൽ വിഷ്ണുവിൻെറ നാസികയിൽ തിരുകി വെച്ചുകൊണ്ടാണു് പിന്നീടു് ആരാധന നടത്തിയതു്. അത്രയ്ക്കാണു് അവരുടെ പക്ഷപാതം.

*　　　*　　　*

സിംഹത്തെപ്പോലെയും മററും ഉള്ള ക്രൂരമൃഗങ്ങൾ ഒരൊററ അടികൊണ്ടുതന്നെ ഗജാദിജന്തുക്കളെ തലകുത്തിക്കുന്നു. പിന്നെ അവയെ പിളർന്നു രക്തമാംസാദികൾ ഭക്ഷിച്ചു് മദിച്ചു് ഓടിപ്പോകുകയും ചെയ്യുന്നു. പുല്ലു തിന്നുന്ന കാളയോ? അതിന്നു ഒരു ചുണയും ഇല്ല. പകൽ മുഴുവനും പുൽമേടയിൽ മേഞ്ഞും ഉറക്കംതൂങ്ങിയും നടക്കുകയാണു്. വ്യത്യാസം നോക്കുക.

ചീനാരാജ്യത്തിൽ മാംസഭോജികളായ "മാങ്കി"കളും സസ്യഭുക്കുകളായ സാധാരണക്കാരും ഉണ്ടു്. എന്നാൽ അവർ തമ്മിൽ എന്തു വ്യത്യാസം! ക്ഷാത്രശക്തിക്കു പ്രാബല്യം കൂടുന്ന കാലത്തു മാംസഭക്ഷണം അധികരിക്കുകതന്നെ ചെയ്യും. എന്നാൽ സൈൻസിൻെറ (ഭൌതികതത്വവിജ്ഞാനീയത്തിൻെറ) അഭിവൃദ്ധിയോടുകൂടി ക്ഷാത്രവീര്യത്തിന്നു് (തമ്മിൽ തല്ലിന്നു്) പ്രാബല്യം കുറയാതെ ഇരിക്കയില്ല. അപ്പോൾ സസ്യഭുക്കുകൾ ധാരാളമായി കൊള്ളുകയും ചെയ്യും.

*　　　*　　　*

ഈശ്വരനെ സ്നേഹിക്കുന്ന സംഗതിയിൽ നമ്മൾ രണ്ടുഭാഗമായി പിരിയുന്നു—ഒരുഭാഗം സ്നേഹിക്കുന്ന നമ്മൾ, മറെറാരുഭാഗം സ്നേഹിക്കപ്പെടുന്ന നമ്മൾ. ഈശ്വരൻ എന്നെ സൃഷ്ടിച്ചു. ഞാൻ ഈശ്വരനേയും സൃഷ്ടിച്ചു. ഈശ്വരനെ നാം നമ്മുടെ ആകൃതിയിൽ സൃഷ്ടിക്കുകയാണു് ചെയ്തിരിക്കുന്നതു്. ഈശ്വരനെ നമ്മുടെ നാഥനാക്കിവെച്ചിരിക്കുന്നതു് നമ്മൾതന്നെയാണു്. അല്ലാതെ ഈശ്വരൻ നമ്മളെ ഈശ്വരൻെറ ആകൃതിയിൽ സൃഷ്ടിക്കുകയൊ നമ്മളെ ഈശ്വ

രന്റെ ദാസന്മാരാക്കുകയോ ചെയ്തിട്ടില്ല. നമ്മളും ഈശ്വരനും ഒന്നുതന്നെയാണു്; നമ്മളും ഈശ്വരനും അന്യോന്യം സ്നേഹിതന്മാരാണു്; എന്നു നാം അറിയുമ്പോൾ തുല്യതയും സ്വാതന്ത്ര്യവും ഉണ്ടായിക്കൊള്ളും. നിങ്ങൾ സനാതനമായ ഏകസത്തയിൽ നിന്നു് ഒരു തലനാരിടയ്ക്കുപോലും അകന്നതായി നിങ്ങൾ വിശ്വസിക്കുന്ന കാലത്തെല്ലാം നിങ്ങളിൽ നിന്നു് ഭയം കേവലം വിട്ടുമാറുകയില്ല.

"ഇതുകൊണ്ടു ലോകത്തിന്നു് എന്തുഗുണമുണ്ടാകുവാനാണു്?" എന്നു ചോദിക്കരുതു്. അതു ശുദ്ധമഠാളത്തരമായ ഒരു ചോദ്യമാണു്. ലോകം അതിന്റെ പാട്ടിൽ പോകട്ടെ അതക്കെന്തു ഭേദം. സ്നേഹിക്കുക; യാതൊന്നും കാംക്ഷിക്കരുതു്. പ്രേമം; അതൊന്നുമാത്രം മതി. മറെറാന്നിന്മേലും ദൃഷ്ടിവെയ്ക്കുന്നതു് നന്നല്ല. സ്നേഹം പ്രബുദ്ധമാകട്ടെ. അപ്പോൾ എല്ലാ "മതങ്ങളും" വിസ്മരിക്കപ്പെട്ടുപോകും. ഇങ്ങിനെ പ്രേമസുധാപാനംകൊണ്ടു മദോന്മത്തരായി തീരണം. "ഭഗവാനെ! സൎവ്വേശ്വര! ഇതെല്ലാം നിന്തിരുവടിയുടേതു ആകുന്നു. ഇതെന്നും നിന്തിരുവടിയുടേതായിത്തന്നെ ഇരിക്കുകയും ചെയ്യും; നിന്തിരുവടിക്കല്ലാതെ മററാൎക്കും ഒന്നും ഇല്ല" എന്നു പറഞ്ഞുകൊണ്ടും ഉറപ്പിച്ചുകൊണ്ടും സംസാരസമുദ്രത്തിൽ ചാടിവീണാൽ നിങ്ങൾക്കുവേണ്ടുന്ന സൌഭാഗ്യങ്ങളെല്ലാം തനിയേസിദ്ധമായിക്കൊള്ളും. ഈശ്വരൻ എന്നതിന്റെ അൎത്ഥംതന്നെ പ്രേമം എന്നാണു്. ഒരു പൂച്ച അതിന്റെ കുഞ്ഞുങ്ങളെ സ്നേഹിക്കുന്നതു കാണുന്നില്ലെ! അതും ഈശ്വരന്റെ പ്രകടനംതന്നെയാണു്. എന്നാൽ ഈ വിശ്വാസം ദൃഢമായിരിക്കണം. പിന്നെ വേണം മാറിനിന്നു് പ്രാൎത്ഥിക്കുവാൻ. ഈശ്വരനെ സൎവ്വത്ര കാണുന്നതുകൊണ്ടു് "സോഹം—സോഹം" എന്നു് പറയുക. ഈശ്വരനെ അന്വേഷിക്കുകയല്ല, ഈശ്വരനെ കാണുകയാണു് വേണ്ടതു്.

"ഈ ലോകത്തിലെ ദീപവും പ്രപഞ്ചത്തിലെ ആത്മാവും ആയ പ്രഭു നിങ്ങളെ സദാ സംജീവരാക്കിവെയ്ക്കട്ടെ."

*     *     *

കേവലത്തെ ആരാധിക്കുവാൻ സാധിക്കുക ഇല്ല. അതുകൊണ്ട് നമ്മുടെ സ്വഭാവത്തെപ്പോലെ സ്വഭാവമുള്ള ഒരു പ്രകടനഭാവത്തെ വേണം ആരാധിക്കുവാൻ. ജീസസ്സിന്റെ സ്വഭാവം നമ്മുടെ സ്വഭാവംപോലെതന്നെ ഉള്ളതായിരുന്നു. അദ്ദേഹം ക്രിസ്തുവായി. അതുപോലെ നമ്മൾക്കും ആകാം; ആകയുംവേണം. ക്രിസ്തുവെന്നും ബുദ്ധനെന്നും ഉള്ളത് നാം പ്രാപിക്കേണ്ടതായ ഓരോ ഭാവങ്ങളുടെ പേരുകളാണ്. ആ ഭാവങ്ങളെ പ്രകടിപ്പിച്ചവരാണ് ജീസസ്സും ഗൌതമനും. എന്നാൽ "മാതാ"വാണ് ഒന്നാമത്തെ പ്രകടനം. ഏററവും വൈശിഷ്ട്യം കൂടിയതും ആ പ്രകടനംതന്നെയാകുന്നു. പിന്നെ ക്രിസ്തുക്കളും ബുദ്ധന്മാരും ഉണ്ടായി. അവക്ക് രണ്ടാം കിടസ്ഥാനമേ ഉള്ളു. നമ്മുടെ പരിതസ്ഥിതികളെ ഉണ്ടാക്കുന്നതും നമ്മുടെ ബന്ധങ്ങളെ ഛേദിക്കുന്നതും നാംതന്നെയാണ്. ആത്മാ നിർഭയനാകുന്നു. ബഹിർഭാഗത്തിൽ ഈശ്വരനെ കണ്ടു ഭജിക്കുന്നതു നല്ലതുതന്നെ; എന്നാൽ നാം ചെയ്യുന്നതെന്താണെന്ന് നമുക്കുതന്നെ അറിഞ്ഞുകൂടാ എന്നേയുള്ളു. ആത്മാവിനെ അറിയാറാകുമ്പോൾ നമുക്ക് എല്ലാം അറിയാറാകും. പ്രേമത്തിന്റെ പരിപൂർണ്ണമായ പ്രകടനം ഐക്യഭാവമാകുന്നു. "ഞാൻ ഒരു സ്ത്രീയും അദ്ദേഹം ഒരു പുരുഷനും ആയിരുന്ന ഒരു കാലം ഒരിക്കൽ ഉണ്ടായിരുന്നു. ഞങ്ങളിൽ പ്രേമം കടന്നുകൂടി; അതു വർദ്ധിച്ചു പരിപൂർണ്ണതയെ പ്രാപിച്ചപ്പോൾ അദ്ദേഹവും ഞാനും ഇല്ലാതായിത്തീർന്നു. രണ്ടായിട്ടുണ്ടായിരുന്ന ഒരു കാലം ഒരിക്കൽ ഉണ്ടായിരുന്നു എന്നുമാത്രമേ ഞാൻ ഇപ്പോൾ കഷ്ടിയായി ഓർക്കുന്നുള്ളു. എന്നാൽ ഞങ്ങളുടെ ഇടയിൽ പ്രേമം കടന്നുകൂടി ഞങ്ങളെ ഒന്നാക്കിത്തീർത്തു." എന്നിങ്ങിനെ ഒരു പേർഷ്യൻസൂഫി കവിതയിൽ കാണുന്നുണ്ട്.

ജ്ഞാനം സനാതനമായതാണ്. ഈശ്വരൻ ഉള്ള പ്പോഴെല്ലാം ജ്ഞാനവും ഉണ്ട്. അലൌകികമായ നിയതികളെ കണ്ടുപിടിക്കുന്നവൻ ഈശ്വരാദേശമുള്ളവനാകുന്നു. അതുകൊണ്ട് അവൻ കൊണ്ടുവരുന്നതെല്ലാം വെളിപ്പാടുകളും ആയിരിക്കും. എന്നാൽ വെളിപ്പാടുകളെല്ലാം സനാതനങ്ങൾ തന്നെയാണ്. അല്ലാതെ പുതിയതെന്നോ, അവസാനത്തേതെന്നോ ഒന്നും പറയുവാൻ പാടില്ല. ആ വിധത്തിൽ അവയെ അനുഗമിക്കുവാനും പാടില്ല. ഹിന്ദുക്കൾ തന്നെ അവരുടെ മതത്തെ ദൂഷിക്കുന്നു എന്നും, ഈ ദൂഷണവൃത്തി അവരെ സ്വാതന്ത്ര്യരാക്കുന്നു എന്നും, ഹിന്ദുക്കളെ പരാജയപ്പെടുത്തിയ വിദേശികൾ അനവധികാലമായി അധിക്ഷേപിക്കാറുണ്ട്. അവരുടെ വിദേശഭരണാധികാരികൾ അതിനെ അറിയാതെ അവരുടെ ബന്ധങ്ങളെ ബന്ധിച്ചുകളഞ്ഞു. ഭൂമിയിൽവെച്ച് ഏററവും ധാർമ്മികന്മാരായവർ ഹിന്ദുക്കളാണ്. അവക്ക് ആ സംഗതിയിൽ യാതൊരു കാപട്യവും ഇല്ല. ഈശ്വരപരമായ സംഗതികളെ ഏതുവിധം പറഞ്ഞാലും അതെല്ലാം അവക്ക് പുണ്യകർമ്മങ്ങൾ തന്നെയാണ്. അവക്ക് പ്രവാചകന്മാരോടോ പ്രമാണഗ്രന്ഥങ്ങളോടോ കൃത്രിമമായ ബഹുമാനങ്ങളൊന്നും ഇല്ല. അതുപോലെ ലോകരെ പററിക്കുവാൻ വേണ്ടി ഭക്തിനടിക്കുന്ന കപടന്മാരിലും അവക്ക് അനുഭാവമേതുമില്ല.

ക്രിസ്തുവിനെ പിടിച്ച് ഉള്ളിൽ അടയ്ക്കുവാനാണ് പള്ളികളുടെ ശ്രമം. അല്ലാതെ പള്ളികളെ ക്രിസ്തുവിൽ അടക്കുവാനല്ല. അതുകൊണ്ട് സ്വേച്ഛാനുസരണമുള്ള ഈ സംഗതിയെ നിറവേററുവാൻ അനുകൂലിക്കുന്ന ഭാഗങ്ങൾ മാത്രം അവരുടെ വേദഗ്രന്ഥത്തിൽ സംരക്ഷിക്കപ്പെട്ടു. അതുകൊണ്ട് ഗ്രന്ഥങ്ങളെമാത്രം വിശ്വസിച്ചിരിക്കുവാൻ പാടില്ല. മാത്രമല്ല, ഗ്രന്ഥാരാധനം ഏററവും ഹീനതരമായ ഒരു പ്രതീകാരാധനവും ആകുന്നു. നമ്മൾക്ക് അതുകൊണ്ടു അനേകം

ബന്ധങ്ങൾ ഉണ്ടായിത്തീരുന്നതാകും. ഭൗതികതത്വ വിജ്ഞാനീയം, ആദ്ധ്യാത്മികതത്വ വിജ്ഞാനീയം, എന്നുവേണ്ട എല്ലാ തത്വസിദ്ധാന്തങ്ങളും, ഗ്രന്ഥങ്ങളോട് യോജിക്കണം എന്നാണ് പ്രോട്ടസ്റ്റന്റ് ബൈബിളിന്റെ സിദ്ധാന്തം. ഇത് എല്ലാവരും സ്വീകരിച്ചേ മതിയാകു. ഇല്ലെങ്കിൽ അതികഠിനമായ ശിക്ഷയുണ്ട്. പ്രോട്ടസ്റ്റന്റ് ബൈബിളിന്റെ ഈ കട്ടംപ്രയോഗം വളരെ ഭയാനകമായ ഒന്നാകുന്നു. ക്രിസ്തീയ രാജ്യങ്ങളിലുള്ള ഓരോരുത്തരുടേയും തലയിൽ ഓരോ പട്ടക്കാരൻ പള്ളി സ്ഥിതിചെയ്യുന്നുണ്ട്; ആ ഓരോ പള്ളിക്കകളിലും ഓരോ ബൈബൾഗ്രന്ഥവും ഉണ്ട്. ഈ വലിയ ഭാരത്തിനടിയിലും മനുഷ്യൻ ജീവിക്കുകയും വളരുകയും ചെയ്യുന്നു. ഇതുകൊണ്ടുതന്നെ മനുഷ്യൻ ഈശ്വരനാണെന്നു തെളിയുന്നില്ലയൊ?

അസ്തിത്വമുള്ള ജീവികളിലെല്ലാം വെച്ച് ഏററവും ഉൽകൃഷ്ടമായതു് മനുഷ്യനാകുന്നു. അതുപോലെതന്നെ ലോകങ്ങളിലെല്ലാം വെച്ച് ഏററവും ഉൽകൃഷ്ടമായ ലോകവും ഇതുതന്നെയാകുന്നു. അതുകൊണ്ട് മനുഷ്യാവസ്ഥയെക്കാൾ ഉൽകൃഷ്ടമായ ഒരു ഭാവത്തിൽ ഈശ്വരനെപ്പററിയബോധം നമുക്ക് ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. നമ്മുടെ ഈശ്വരൻ മനുഷ്യനാണ്; മനുഷ്യൻ ഈശ്വരനുമാണ്. നാം ഇവിടെ നിന്നുയർന്നു ഇതിനപ്പുറത്തുള്ള ഒരു സ്ഥാനത്തുപോയി അവിടെ ഇതിലും ഉപരിയായ ഏതെങ്കിലും കാണുമ്പോൾ, നാം ഈ മനസ്സിൽനിന്നും, ശരീരത്തിൽനിന്നും വിചാരസീമയിൽനിന്നും പുറത്തുചാടി ഈ ലോകത്തെ കേവലം വിസ്മരിക്കേണ്ടതായിരിക്കുന്നു. അങ്ങിനെ കേവലത്തിൽ എത്തിച്ചേരുമ്പോൾ നാം ഈ ലോകത്തിൽ നിശ്ശേഷം ഇല്ലാതായിത്തീരുകയും ചെയ്യുന്നു. മനുഷ്യനായിരിക്കുന്നേടത്തോളം കാലം നമുക്ക് ഏതുലോകത്തിലും മാനുഷികമായ ഭാവത്തിൽ മാത്രമേ കാണുവാനും അറിയുവാനും സാധിക്കുകയുള്ളൂ. മൃഗ

ങ്ങളെപ്പററി നാം അറിയുന്നതെല്ലാം താരതമ്യതാപനയുള്ള ബോധംകൊണ്ടാണു്. അവയെ മാനുഷഭാവക്കരുവിലിട്ടു് ആകൃതിപ്പെടുത്തിയാണു് നാം അറിയുന്നതു്. നാം എന്തെല്ലാം പ്രവൃത്തിക്കുകയും അനുഭവിക്കുകയും ചെയ്യുന്നുവോ അവയെയെല്ലാം അടിസ്ഥാനപ്പെടുത്തി നാം മററുള്ളവരേയും കണക്കാക്കുന്നു.

ജ്ഞാനത്തിൻെറ അനേകത്തുക എല്ലാകാലത്തും ഒരുപോലെതന്നെ ഇരിക്കും. പക്ഷെ ചിലപ്പോൾ അതിൻെറ പ്രകടനം അധികമായിരിക്കും; മററു ചിലപ്പോൾ അതു് കുറവായിരിക്കും. അത്രമാത്രം വ്യത്യാസമേ ഉള്ളു. അതിൻെറ ഏക ഉത്ഭവസ്ഥാനം സ്വാന്തർഭാഗം മാത്രമാണു്. അവിടെ മാത്രമേ അതിനെ കണ്ടെത്തുകയും ഉള്ളു.

* * *

എല്ലാകവിതകളും എല്ലാ ചിത്രങ്ങളും എല്ലാ സംഗീതങ്ങളും യഥാർത്ഥത്തിൽ സ്വാന്തർഭാഗത്തുള്ള സ്തോഭങ്ങളുടെ പ്രകടനങ്ങൾ മാത്രമാണു്. അതു് വാക്കുകളിൽ കൂടെ വരുമ്പോൾ കവിത; ചായങ്ങളിൽക്കൂടെ വരുമ്പോൾ ചിത്രം; സ്വരങ്ങളിൽക്കൂടെ വരുമ്പോൾ സംഗീതം; അത്രതന്നെ.

* * *

തങ്ങളുടെ ദുഷ്കർമ്മങ്ങൾക്കുള്ള ശിക്ഷ പെട്ടെന്നു് അനുഭവിക്കുന്നവർ ഭാഗ്യവാന്മാർ. അവരുടെ കണക്കു് വേഗത്തിൽ തീൎന്നുകൊള്ളും. എന്നാൽ ശിക്ഷ പിന്നീടു് ഒരു കാലത്തേയ്ക്കു് നീട്ടിവെയ്ക്കപ്പെട്ടവർ നിർഭാഗ്യവാന്മാർ തന്നെ. അവരുടെ കണക്കു് ദീർഘിപ്പിച്ചു കിടക്കുകയേയുള്ളു. അവരുടെ ശിക്ഷ അധികരിച്ചും ഇരിക്കും.

* * *

ഐക്യത്തെ പ്രാപിച്ചവർ ഈശ്വരനിൽ അധിവസിക്കുന്നവരാണെന്നു് പറയണം. എല്ലാ വിദ്വേഷവും "ആത്മഹത്യ"യാണു്. അതായതു്, സ്വാത്മത്തെക്കൊണ്ടു് അതിനെത്തന്നെ ഹനിക്കുന്നതാണു്. അതുകൊണ്ടു് ജീവിതനി

യതി പ്രേമം ആകുന്നു. ഈ പ്രേമാവസ്ഥയെ പ്രാപിക്കുന്നതു് പരിപൂൎണ്ണതയെ പ്രാപിക്കുന്നതുതന്നെ. നാം എത്രത്തോളം പൂൎണ്ണന്മാരായിത്തീരുന്നുവോ അത്രത്തോളം കുറച്ചുമാത്രമേ, നമുക്കു് പ്രവൎത്തിക്കുവാനുള്ള പ്രവൃത്തികളായി നാം ഇപ്പോൾ സാധാരണമായി കണക്കാക്കാറുള്ളതുപോലെയുള്ള, പ്രവൃത്തികൾ എടുക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ഈ പ്രവൃത്തികളെല്ലാം വെറും "പിള്ളക്കളി" മാത്രമാണെന്നു് സാത്വികന്മാർ കാണുകയും അറിയുകയും ചെയ്യുന്നു. അതുകൊണ്ടു് അവർ ഈവക സംഗതികളിലൊന്നും മനസ്സുവെയ്ക്കാറില്ല.

ദ്വേഷ്യം വരുമ്പോൾ, ഒരടി അടിയ്ക്കുവാൻ എളുപ്പത്തിൽ കഴിയും. എന്നാൽ ആ സമയത്തു് കൈ ഇളക്കാതെ വെറുതേ നില്ക്കുവാനും, "നിന്തിരുവടിയിൽ അടിയൻ അഭയംപ്രാപിക്കുന്നു" എന്നു് പറയുവാനും, പിന്നെ ഈശ്വരൻ പ്രവൎത്തിക്കുന്നതും കാത്തു് ഇരിക്കുവാനും വളരെ വളരെ പ്രയാസമാണു്.

## 12

## ചൎവ്വാക മതം.

---

ജൂലായി 5-ാംനു-, വെള്ളിയാഴ്ച—

ഓരോ നിമിഷനേരത്തേയും സാധാരണ സ്ഥിതിയിൽ നിന്നു് മാററുവാൻ തയ്യാറാകുന്നതുവരെ നിങ്ങൾക്കു് സത്യത്തെ കാണുവാൻ സാധിക്കുകയില്ല. നിങ്ങൾ സത്യാന്വേഷണമാൎഗ്ഗത്തിൽ സ്ഥിരതയുള്ളവരും ഉദ്ധവ്രതത്തോടുകൂടിയവരും ആയി ഇരിക്കണം.

*          *          *

ചാർവ്വാകന്മാർ ഇന്ത്യയിലെ ഏററവും പഴയ സമ്പ്രദായക്കാരാണു്. അവർ വെറും ഭൌതികവാദികൾ ആയിരുന്നു. ഇന്നു് അവരെ ഇന്ത്യയിലെങ്ങും കാണുകയില്ല. അവരുടെ കാലം കഴിഞ്ഞുപോയി. മാത്രമല്ല, അവരെപ്പോലെതന്നെ അവരുടെ മിക്ക ഗ്രന്ഥങ്ങളും അപ്രത്യക്ഷമാകുകകൂടെ ചെയ്തിരിക്കുന്നു. "ശരീരവും അതിൻെറ ശക്തികളും കൂടിചേർന്നു് ഉണ്ടാകുന്നതാണു് ആത്മാ എന്നു് പറയപ്പെടുന്നതു്. അതുനിമിത്തം ശരീരം നശിക്കുമ്പോൾ ആത്മാവും നശിക്കുന്നു. ദേഹനാശാനന്തരം ആത്മാ സ്ഥിതിചെയ്യുന്നുണ്ടെന്നുള്ളതിലേയ്ക്കുയാതൊരു തെളിവും ഇല്ല." എന്നെല്ലാം ആയിരുന്നു അവരുടെ സിദ്ധാന്തം. ഇന്ദ്രിയങ്ങൾ വഴിയായി ഉണ്ടാകുന്ന അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള അറിവുകളെ മാത്രമേ അവർ ആദരിച്ചിരുന്നുള്ളു. അല്ലാതെ ഊഹത്തെ അടിസ്ഥാനമാക്കി അവർ യാതൊന്നും സ്വീകരിച്ചിരുന്നില്ല.

* * *

ആദ്ധ്യാത്മിക ഭാവവും മാനുഷികഭാവവും ഒന്നായിചേരുന്നതാണു് സമാധി. അല്ലങ്കിൽ സാമ്യാവസ്ഥയെ വരുത്തുന്നതു് സമാധി.

* * *

"സ്വാതന്ത്ര്യധ്വനി വെറും ഭ്രാന്തിയാണു്" എന്നു് ഭൌതികവാദി സിദ്ധാന്തിക്കുന്നു. "ബന്ധനത്തെപ്പററി പറയുന്ന വാക്കുകളാണു് ഭ്രാന്തി"യെന്നു് ആദർശ്ശവാദികളും സിദ്ധാന്തിക്കുന്നു. എന്നാൽ വേദാന്തി പറയുന്നതു്, "നിങ്ങൾ ഒരേസമയത്തിൽതന്നെ സ്വതന്ത്രന്മാരും അസ്വതന്ത്രന്മാരും ആണു് — ഭൌതികലോകത്തിൽ നിങ്ങൾക്കു് ഒരിക്കലും സ്വാതന്ത്ര്യം ഇല്ലാ അതുപോലെതന്നെ ആദ്ധ്യാത്മികലോകത്തിൽ നിങ്ങൾക്കു ഒരിക്കലും അസ്വാതന്ത്ര്യവുമില്ല." എന്നാണു്.

ബന്ധത്തിനും മോക്ഷത്തിനും അതീതനാകുക. നമ്മൾ

ശിവന്മാരാണ്; നമ്മൾ സനാതനമായ ഇന്ദ്രിയാതീതജ്ഞാന സ്വരൂപികളാണ്.

ഓരോരുത്തരുടേയും പിമ്പുറത്ത് നിസ്സീമമായ ശക്തി ഒളിച്ചിരുപ്പുണ്ട്. അമ്മയോട് പ്രാത്ഥിക്കുക. അപ്പോൾ നിങ്ങൾക്ക് അത് അനുഭവമാകുന്നതു് കാണാം.

"ദിവ്യമാതാവെ! ദേവി! വാക്ദേവതെ! സർവ്വേശരി! നിന്തിരുവടി വാക്ക് രൂപത്തിൽ എൻെറനാവിന്മേൽ നടനം ചെയ്താലും.

"ഘോരമായ ഇടിയിൽ സ്വശബ്ദത്തെ വെച്ചിരിക്കുന്ന ദേവി! കാളിമാതാവെ! തമ്പുരാട്ടി! നിന്തിരുവടി അടിയനിൽ പ്രസാദിക്കണേ. കാലസ്വരൂപിണി! ശക്തിസ്വരൂപിണി! ദേവി! പ്രസാദിച്ചാലും, പ്രസാദിച്ചാലും."

## 13

## ശ്രീമത് ശങ്കരാചാര്യ്യസ്വാമികളുടെ വ്യാസസൂത്രഭാഷ്യം.

ജൂലായി നാലാംനു, ശനിയാഴ്ച—

ഓം. തത്. സത്.

ശ്രീമത് ശങ്കരാചാര്യ്യസ്വാമികളുടെ സിദ്ധാന്തപ്രകാരം പ്രപഞ്ചത്തിന്നു രണ്ടു ഭാവങ്ങൾ ഉണ്ടു്. ഒന്നു് "ഞാൻ" എന്നഭാവം; മററൊന്നു് "നീ" എന്നഭാവം. ഇവ ഇരുട്ടും വെളിച്ചവും പോലെ അത്ര വിപരീത സ്വഭാവങ്ങളോടു കൂടിയതാണ്. അതുകൊണ്ടു് ഇതിൽ ഏതെങ്കിലും ഒന്നു് മറേറതിൽ നിന്നു് ഉണ്ടായതാകുവാൻ പാടില്ല. ഇതു് തക്കമററ സംഗ

തിയാകുന്നു. കത്താവിൽ കമ്മത്തെ ആരോപിക്കുകയാകുന്നു നാം ചെയ്യുന്നതു്. യഥാത്ഥവസ്തു കത്താമാത്രം. മറെറല്ലാം ഒരുതരം വെറും കാഴ്ച. ഇതിന്നു് വിപരീതമായ അഭിപ്രായം ഒരിക്കലും സാധുവാകയില്ല. വസ്തുവും ബാഹ്യലോകവും ഒരു പ്രകാരത്തിൽ-ഇരിക്കുന്ന-ആത്മാ തന്നെയാണു്. യഥാത്ഥത്തിൽ സദ്ഭാവം ഒരു വസ്തുവിന്നുമാത്രമേ ഉള്ളു.

സത്തും അസത്തും കൂടിച്ചേന്നതിൽ നിന്നാണു് നമ്മുടെ ഈ ലോകമെല്ലാം ഉണ്ടായിട്ടുള്ളതു്. നമ്മുടെ മേൽ അനേക ശക്തികൾ കൂടിച്ചേന്നു് പ്രവത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു്. അന്യോന്യവിരുദ്ധങ്ങളായ ഈവക ശക്തികളുടെ പ്രവൃത്തിഫലമായി സംസാരവും (ജീവിതവും) ഉണ്ടാകുന്നു. ലോകം ഈശ്വരൻതന്നെ. അതു് പരമാത്ഥമാകുന്നു. എന്നാൽ നമ്മാൽ കാണപ്പെടുന്ന ലോകം, ആ യഥാർത്ഥലോകം അല്ലന്നേ ഉള്ളു. മുത്തുച്ചിപ്പിയിൽ രജതം എന്നതുപോലെ നാം യഥാത്ഥത്തിൽ ഇല്ലാത്ത ഒന്നിനെയാണു് കാണുന്നതു്. ഇതത്രെ അദ്ധ്യാസം. അതായതു യഥാത്ഥമായ ഒരു വസ്തുവിനെ ആശ്രയിച്ച് സാങ്കല്പ്യേന ഉണ്ടാകുന്ന ഒരു അയഥാത്ഥ അസ്തിത്വത്തെയാണു് നാം "അദ്ധ്യാസം" എന്നു് പറയാറുള്ളതു്. ഉദാഹരണം പറയാം. നാം ഒരിക്കൽ ഒരു നാടകം കണ്ടു എന്നിരിക്കട്ടെ. പിന്നെ ഒരിക്കൽ നാം അതിനെ അനുസ്മരിക്കുമ്പോൾ ആ കാഴ്ച നമ്മുടെ മുമ്പിൽ ആവിർഭവിക്കുന്നു. അങ്ങിനെ അല്പസമയത്തേക്കു് ആ ദശനത്തിന്നു് ആ സ്തിത്വം സിദ്ധിക്കുന്നുണ്ടു്. എന്നാൽ ആ അസ്തിത്വം യഥാത്ഥമായ അസ്തിത്വമാണൊ? അപ്പോൾ നാടകംകണുക ഉണ്ടാമോ? അതൊട്ടില്ലതാനും. ഇതുപോലെയാണു് അദ്ധ്യാസം. വെള്ളത്തിലെ ചൂടുപോലെയാണു് അദ്ധ്യാസം എന്നും വേറെ ചിലർ പറയുന്നു. യഥാത്ഥത്തിൽ വെള്ളത്തിന്നു് ചൂടില്ല. അതിന്നു് ഇല്ലാത്തതായ ചൂടിനെ അതിൽ ആരോപിക്കുന്നതുപോലെ ഒരു വസ്തുവിന്നില്ലാത്തതായ ഗുണത്തെ അതിനുണ്ടെന്നു് ആരോപിക്കുന്നതാ

ക്കുന്നു—അതായത്, യഥാൎത്ഥത്തിൽ ഇല്ലാത്ത ഒന്നിനെ ഉണ്ടെന്ന് നിശ്ചയിക്കുന്നതാകുന്നു—അദ്ധ്യാസം. നാം യഥാൎത്ഥത്തെ കാണുന്നുണ്ട്. പക്ഷെ അതിനെ കാണുന്നതു് മറെറാരു വസ്തുവിൽകൂടെ ആകയാൽ, നമ്മാൽ കാണപ്പെടുന്ന യഥാൎത്ഥവസ്തുവിൻെറ രൂപം മദ്ധ്യസ്ഥവസ്തുവിൻെറ സ്വഭാവം അനുസരിച്ച് വികൃതമായിരിക്കുന്നു എന്നേയുള്ളു.

അകൃതീകരിക്കാതെ നിങ്ങൾക്ക് നിങ്ങളെത്തന്നെ കാണുവാൻ സാധിക്കുകയില്ല. നാം ഒന്നിനെ മറെറാന്നായി തെററിദ്ധരിക്കുമ്പോൾ, നമ്മുടെ മുമ്പിൽ ഇരിക്കുന്ന വസ്തുവെയാണ് നാം യാഥാൎത്ഥ്യേന സ്വീകരിക്കുന്നതു്. അല്ലതെ ഒരിക്കലും അപ്രത്യക്ഷമായ വസ്തുവെ അവ്വിധം സ്വീകരിക്കാറില്ല. ഇങ്ങിനെ നാം അയഥാൎത്ഥത്തെ (കൎമ്മത്തെ) യഥാൎത്ഥമായി (കൎത്താവായി) തെററിദ്ധരിച്ചുപോകുന്നു. ആത്മാ ഒരിക്കലും കൎമ്മമായി തീരുകയില്ല. മനസ്സ് എന്നതു് അന്തരേന്ദ്രിയമാണ്. ബാഹ്യേന്ദ്രിയങ്ങൾ അതിൻെറ വെറും യന്ത്രങ്ങൾ മാത്രം ആകുന്നു. വ്യക്തിപരമായി "ഞാൻ—ഞാൻ" എന്നു തോന്നുവാൻ ശക്തിവരുത്തുന്നതും കൎത്താവിൻെറ ശക്തിതന്നെയാണ്. കൎത്താവ് തന്നെയാണ് കൎമ്മമായി നിന്ന് "ഞാൻ" എന്ന് പറയുന്നതു്. വ്യക്തിപരമായി തിരിഞ്ഞു നിന്ന് "ഞാൻ" എന്ന് പറയുന്നതു് ആത്മാതന്നെയാകുന്നു. അല്ലാതെ മനസ്സോ ഇന്ദ്രിയങ്ങളോ അല്ല. നിങ്ങൾക്ക് ഒരാശയത്തെ മറെറാരാശയത്തിന്മേൽ ആരോപിക്കുവാൻ സാധിക്കും. "നീലാകാശം" എന്ന് നാം സാധാരണമായി പറയാറില്ലെ. "ആകാശം" എന്നതുതന്നെ ഒരാശയം. അതിന്മേൽ നീലനിറമെന്ന മറെറാരാശയത്തെ ആരോപിക്കുകയാകുന്നു ചെയ്യുന്നതു്. തത്വശാസ്ത്രങ്ങളും മായാകാൎയ്യങ്ങളും എല്ലാം അവിടെ കിടപ്പുണ്ട്. പക്ഷെ അവകൊണ്ടൊന്നും ആത്മാവിന് യാതൊരു ബാധയും ഉണ്ടാകുന്നില്ല.

സാപേക്ഷകമായ ജ്ഞാനം, അതായതു ഒന്നിനെ അപേക്ഷിച്ചുണ്ടാകുന്ന ജ്ഞാനം, നല്ലതുതന്നെ. അതു് ക്രമേണ കേവലജ്ഞാനത്തിലേക്കു് എത്തിപ്പിച്ചുകൊള്ളും. അതുകൊണ്ടു് അതും നല്ലതുതന്നെ ആകുന്നു. എന്നാൽ ഇന്ദ്രിയങ്ങളുടെ അറിവാകട്ടെ, മനസ്സിൻെറ അറിവാകട്ടെ, വേദങ്ങളുടെ അറിവുകൂടെയാകട്ടെ, നിശ്ശേഷം ശരിയായിട്ടുള്ളതല്ല. എന്തുകൊണ്ടെന്നാൽ ഇവയെല്ലാം സാപേക്ഷിതജ്ഞാനശേഖരത്തിൽ ഉൾപ്പെട്ടവമാത്രമേ ആകുന്നുള്ളൂ. ഒന്നാമതായി "ഞാൻ ശരീരമാണു്" എന്ന ആ ഭ്രമം ഇല്ലാതാകണം. അപ്പോൾ മാത്രമേ നാം യഥാൎത്ഥജ്ഞാനത്തിനു് അവകാശിയായി തീരുന്നുള്ളൂ. മനുഷ്യൻെറ അറിവുതന്നെ എന്താ? മൃഗത്തിൻെറ അറിവിനെക്കാൾ ഒരു പടികൂടി കൂടിയതു്. അത്രതന്നെ. അതിൽ ഒട്ടും ഏറയും ഇല്ല; ഒട്ടും കുറച്ചും അല്ല.

* * *

വേദത്തിലെ ഒരു ഭാഗം കൎമ്മങ്ങളെപ്പററി പറയുന്നു. അതിനാൽ ആ ഭാഗത്തിന്നു് കർമ്മകാണ്ഡം എന്ന ഒരു പേരു കൂടെയുണ്ടു്. മറേറഭാഗം ബ്രഹ്മജ്ഞാനത്തെ പററിയും ധർമ്മത്തെപ്പററിയും പ്രതിപാദിക്കുന്നു. അതിനാൽ ആ ഭാഗത്തെ ജ്ഞാനകാണ്ഡമെന്നും പറയുന്നു. ജ്ഞാനകാണ്ഡത്തിലാണു് ആത്മിക സംഗതികളെല്ലാം അടങ്ങിയിരിക്കുന്നതു്. അതുകൊണ്ടു് ഈ ഭാഗത്തിലെ ജ്ഞാനം യഥാർത്ഥത്തോടു് ഏതാണ്ടു് അടുത്തു് ചെല്ലുന്നുണ്ടു്. കേവലത്തെ പററിയുള്ള ജ്ഞാനം ഒരു ഗ്രന്ഥത്തെയും ആശ്രയിച്ചു് നില്ക്കുന്നില്ല. മാത്രമല്ല യാതൊന്നിനേയും ആശ്രയിച്ചു് നില്ക്കുവാനും തരമില്ല. അതു് കേവലംതന്നെ ആകുന്നു. എന്തെല്ലാം എത്രയെല്ലാം പഠിച്ചാലും അതുകൊണ്ടൊന്നും ഈ ജ്ഞാനം ഉണ്ടാകുന്നതല്ല. അതു് സിദ്ധാന്തമല്ല; അനുഭൂതിയാണു്. കണ്ണാടിയിലെ അഴുക്കുകളെല്ലാം തുടച്ചുകളഞ്ഞു് വൃത്തിയാക്കുക — നിങ്ങളുടെ മനസ്സിനെ ശുദ്ധമാക്കുക. എന്നാൽ ഒരു നിമിഷത്തിൽ നിങ്ങൾ ബ്രഹ്മംതന്നെയാണെന്നു് നിങ്ങൾക്കു് കാണാറാകും.

ഈശ്വരൻ ഉണ്ട്; ഈശ്വരൻ മാത്രമേ ഉള്ളൂ. ജനനവും ഇല്ല, മരണവും ഇല്ല; സുഖവും ഇല്ല, ദുഃഖവും ഇല്ല; കൊലയുമില്ല, മാററവുമില്ല; നന്മയുമില്ല, തിന്മയുമില്ല; ഉള്ളതെല്ലാം ഒന്ന്, ബ്രഹ്മം മാത്രം. നാം രജ്ജുവെ സർപ്പമെന്ന് വിചാരിക്കുന്നു. ആ തെററ് നമ്മുടേതല്ലയൊ? നാം ഈശ്വരനെ പ്രേമിയ്ക്കുകയും, ആ ഈശ്വരൻ നമ്മുടെ പ്രേമത്തിൽ പ്രതിഫലിക്കുകയും ചെയ്യുമ്പോൾ നമ്മളെക്കൊണ്ട് നന്മമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അപ്പോൾ മാത്രമേ നന്മചെയ്കയുമുള്ളൂ. അപ്പോൾ ചെയ്യുന്നതെല്ലാം നന്മമാത്രമേ ആയിരിക്കയും ഉള്ളൂ. കൊലയാളി ഈശ്വരൻ തന്നെയാണ്, എന്നാൽ അവൻ ധരിച്ചിരിക്കുന്ന വസ്ത്രമോ; അവനിൽ ചെയ്തിട്ടുള്ള ആരോപം മാത്രം. അവൻെറ കൈക്കുപിടിച്ച് അവന്ന് സത്യം ഉപദേശിക്കുക.

ആത്മാവിന്ന് ജാതിഭേദമില്ല; ഉണ്ടെന്ന് വിചാരിക്കുന്നത് വെറും ഭ്രാന്തികൊണ്ടു മാത്രമാണ്. ജനനവും മരണവും ഇതുപോലെതന്നെ ആകുന്നു; ചലനവും ഗുണവും ഇതുപോലെതന്നെ ആകുന്നു. ആത്മാ ഒരിക്കലും മാറുന്നില്ല; അത് പോകുന്നതും വരുന്നതും ഇല്ല. അത് അതിൻെറ സ്വന്ത വിജൃംഭണങ്ങളുടെ, സനാതനമായ സാക്ഷിയാണ്. എന്നാൽ നാം അതിനെ വിജൃംഭണമായിത്തന്നെ തെററിദ്ധരിക്കുന്നു. ഇതും ഒരു സനാതനമായ തെററിദ്ധാരണ തന്നെയാണ്. ഒരാദ്യവും അവസാനവും ഇല്ലാതെ അങ്ങിനെ നടന്നുകൊണ്ടിരിക്കുകയാണ്. വേദങ്ങൾ നമ്മുടെ സ്ഥാനത്തേയ്ക്ക് ഇറങ്ങിവന്നേ മതിയാകൂ, അല്ലാതെ ധരിക്കുവാൻ പ്രയാസമുള്ള കഠിന തത്വങ്ങളെ, ഗ്രഹിക്കുവാൻ പ്രയാസമുള്ള കഠിന ഭാഷയിൽ പറഞ്ഞാൽ നമുക്ക് അവയെ അറിയുവാൻ സാധിക്കുന്നതല്ല.

"സ്വർഗ്ഗം" എന്നതു് ഒരു വെറും അന്ധവിശ്വാസം. അതിൻെറ ഉത്ഭവം ആഗ്രഹത്തിൽ നിന്നാകുന്നു. ആഗ്രഹം

തന്നെനരകം; അതിൽ കഴുത്തുപെട്ടുപോയാൽ പിന്നെ അധഃപതനംതന്നെഗതി.

ഈശ്വരൻ എന്ന ഭാവത്തിലല്ലാതെ യാതൊന്നിനേയും സമീപിക്കരുത്. എന്തുകൊണ്ടെന്നാൽ, നാം അങ്ങിനെ ചെയ്യപോയാൽ നമുക്ക് തിന്മയെ കാണാതിരിക്കവാൻ സാധിക്കുകയില്ല. നാം നോക്കുന്ന വസ്തുവെ ഭ്രാന്തിയാകുന്ന പുതപ്പുകൊണ്ട് മൂടിവെയ്ക്കുകയാകുന്നു ചെയ്യുന്നത്. അതു കൊണ്ട് നമ്മൾ തിന്മകളേയും ന്യൂനതകളേയും കാണുകയും ചെയ്യുന്നു. ഈ മായാ ഭ്രമങ്ങളിൽ നിന്ന് വിമുക്തരാകുക. എന്നാൽ നിങ്ങൾ അനുഗ്രഹീതരായി. ഭ്രമങ്ങളെ എല്ലാം ഇല്ലാതാക്കുന്നതാണ് സ്വാതന്ത്ര്യം.

ഒരുവിധം പറയുകയാണെങ്കിൽ ബ്രഹ്മം എല്ലാ ജനങ്ങളാലും അറിയപ്പെട്ടതാകുന്നു. "ഞാൻ" എന്ന് പറയാത്തവരും അറിയാത്തവരും ഉണ്ടോ? എന്നാൽ ഞാൻ യഥാൎത്ഥത്തിൽ എന്താണ്, ആരാണ്? ആരും അറിയുന്നില്ല. നമ്മൾ നമ്മളാണെന്ന് നമ്മൾക്കെല്ലാം അറിയാം. എന്നാൽ നമ്മൾ എങ്ങിനെയുള്ളവർ ആണെന്ന് നമ്മൾക്കാൎക്കും അറിഞ്ഞുകൂടാ. വേദത്തിൽ പല സംഗതികളെ പററിയും പറഞ്ഞിട്ടുണ്ട്. അവകളെല്ലാം സാകല്യേന പരമാൎത്ഥങ്ങളും, എന്നാൽ താണതരത്തിൽ മാത്രം ഉള്ളവയും ആകുന്നു. സൎവ്വോപരി ശോഭിക്കുന്നതും സൎവ്വപ്രധാനമായതും വേദത്തിൻെറ സത്തായിരിക്കുന്നതും ആയ പരമാൎത്ഥം "നമ്മളിൽ ഓരോരുത്തരുടേയും ഉള്ളിൽ ഇരിക്കുന്ന ആത്മാ ബ്രഹ്മംതന്നെ ആകുന്നു" എന്നുള്ളതാണ്. ജനനം, വളൎച്ച, മരണം—ആവിൎഭാവം, അസ്തിത്വം, തിരോഭാവം—എന്നീ അവസ്ഥാത്രയങ്ങളിൽ സൎവ്വും അടങ്ങിയിരിക്കുന്നു. ഈ നിയമത്തിന് അധീനമല്ലാത്ത വസ്തു ലോകത്തിൽ ഒന്നുംതന്നെ ഇല്ല. നമ്മുടെ അനുഭൂതി വേദങ്ങൾക്കും അതീതമായതാകുന്നു. എന്തുകൊണ്ടെന്നാൽ വേദങ്ങൾതന്നെ അനുഭൂതിയെ ആശ്രയിച്ച്

ന്നില്ക്കുന്നവകളാണല്ലോ. പരമോൽകൃഷ്ടമായ വേദാന്തം അതീതാവസ്ഥയെപ്പററിയുള്ള ജ്ഞാനമാകുന്നു.

സൃഷ്ടിക്ക് ഒരു ആരംഭമുണ്ട് എന്നു് പറയുന്നതു് എല്ലാ തത്വജ്ഞാനസിദ്ധാന്തങ്ങളുടേയും കടയ്ക്കു് വെക്കുന്ന കോടാലിയാണ്.

പ്രകടിതവും അപ്രകടിതവും ആയി കാണപ്പെടുന്ന പ്രാപഞ്ചിക വിശ്വത്തെ ആകുന്നു "മായാ" എന്നു് പറയുന്നതു്. മായ നമ്മെ അഴിച്ചുവിടുന്നതുവരെ നമുക്ക് അതിൽനിന്നു് പുറത്തു കടന്നു് സ്വതന്ത്രരാകുവാൻ സാധിക്കുന്നതല്ല.

ഈ പ്രപഞ്ചം നമുക്കു് അനുഭവിക്കുവാൻ വേണ്ടിയുള്ളതുതന്നെ ആണു്. പക്ഷെ നാം യാതൊന്നിനേയും ആഗ്രഹിക്കരുതു്. അവിടെയാണു വൈഷമ്യം. ബലഹീനതയുടെ സന്താനമാണു് ആഗ്രഹം. ആഗ്രഹം നമ്മളെ ഇരപ്പാളികളാക്കി തീക്കുന്നു. നമ്മളോ! രാജപുത്രന്മാർ! അല്ലാതെ ഇരപ്പാളികൾ അല്ലതന്നെ.

## 14

## തപസ്സ്.

---

ജൂലായി 7-ാംനു, ഞായറാഴ്ച—

പൂർണ്ണമതഃ പൂർണ്ണമിദം
പൂർണ്ണാൽ പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ.

അഖണ്ഡപരിപൂർണ്ണമായ പ്രകടനം അനേകഭാഗങ്ങളായി വിഭജിച്ചിരിക്കുന്നുവെങ്കിലും അതു് പിന്നേയും അഖ

ണ്ഡപരിപൂർണ്ണമായിത്തന്നെ ഇരിക്കുന്നു. അതിന്റെ ഓരോ അംശവും അതുപോലെതന്നെ അഖണ്ഡപരിപൂർണ്ണമായിരിക്കുന്നു. *

വ്യാകൃതഭാവത്തിലും അവ്യാകൃതഭാവത്തിലും, അതായത് മാററമുള്ളതും മാററമില്ലാത്തതും ആയ രണ്ടു ഭാവങ്ങളിലും ബ്രഹ്മം ഒന്നേ ഒന്നുതന്നെ ആണ്. അറിയുന്നവനും അറിയപ്പെടുന്നവനും ഒന്നുതന്നെ ആണെന്ന് അറിയുക. അറിയുന്നവൻ, അറിയപ്പെടുന്നത്, അറിവ്—ഈ ത്രിമൂർത്തികളാകുന്നു പ്രപഞ്ചരൂപത്തിൽ വിജൃംഭിക്കുന്നത്. യോഗി ധ്യാനത്തിൽ കാണുന്നത് ഇതത്രെ. ആ ധന്യൻ ഇങ്ങിനെ കാണുന്നത് സ്വന്ത ആത്മശക്തിയൊന്നാണ്.

പ്രകൃതി, അദൃഷ്ടം എന്നെല്ലാം നാം സാധാരണമായി പറയാറുണ്ടല്ലോ. അതെല്ലാം ഈശ്വരന്റെ വെറും ഇച്ഛ മാത്രം ആണ്.

ഭോഗങ്ങളിലുള്ള ആഗ്രഹം നിലനില്ക്കുന്നേടത്തോളം കാലം ബന്ധവും ഉണ്ടായിരിക്കുന്നതാണ്. ഭോഗാനുഭൂതി എന്നത് ആഗ്രഹപൂർത്തി ആകുന്നു. അതുകൊണ്ട് ആഗ്രഹമുള്ള അപൂർണ്ണന്മാർക്ക് മാത്രമേ അത് ഉണ്ടാകുവാൻ തരമുള്ളു. ജീവാത്മാ പ്രകൃതിയെ ആസ്വദിക്കുന്നു. പ്രകൃതിയുടെ അടിയിൽ കിടക്കുന്ന യാഥാർത്ഥ്യം, ജീവൻ, ഈശ്വരൻ ഇതെല്ലാം ബ്രഹ്മംതന്നെ. എന്നാൽ നാം അതിനെ (ബ്രഹ്മത്തെ) പുറ

---

* അഖണ്ഡപരിപൂർണ്ണാവസ്ഥ ആകെ ഒന്നേയുള്ളു. ഒന്നിലധികം ഉണ്ടാകുവാനും നിവൃത്തിയില്ല. അത് അപരിച്ഛേദ്യവും അവ്യാകൃതവുംകൂടെ ആകുന്നതാനും. എന്നാൽ "അഖണ്ഡപരിപൂർണ്ണപ്രകടനം" എന്നതിന് ഇവിടെ പ്രത്യക്ഷവും അപ്രത്യക്ഷവും ആയ പ്രപഞ്ചം എന്നാണ് അർത്ഥം. ഈ പ്രപഞ്ചം അനേകം രൂപങ്ങളെക്കൊണ്ട് ഉണ്ടാക്കപ്പെട്ടതാണ്. ആ വക രൂപങ്ങൾ, സ്വപ്രകൃതമനുസരിച്ചുതന്നെ പരിച്ഛേദ്യങ്ങളും ആകുന്നു. എങ്കിലും സമഷ്ടിഭാവത്തിൽഅത് എല്ലായ്പോഴും പരിപൂർണ്ണംതന്നെയാണ്. മാത്രമല്ല, അതിലെ ഓരോ ഭാഗവും, വേർപിരിക്കുവാൻ വഹിയാത്തവിധം അതിനോട് ബന്ധപ്പെട്ട് കിടക്കുകയാൽ അവയും പരിപൂർണ്ണംതന്നെയാണ്.

ന്തെടുത്തു് കൊണ്ടുവരുന്നതുവരെ അതു് അദൃശ്യമായിത്തന്നെ ഇരിക്കും. അതിനെ പ്രമഥനംകൊണ്ടുവേണം—അരണിയിൽനിന്നു് അഗ്നിയെ ഉണ്ടാക്കുന്നതുപോലെതന്നെ—പുറത്തുകൊണ്ടുവരാൻ. ഈ അരണിയുടെ താഴത്തെ രടിക്കഷണം ശരീരം, കുത്തുരണ്ട മഥനക്കോൽ ഓങ്കാരം, ധ്യാനം കടച്ചിൽ. ഇങ്ങിനെ മഥനം ചെയ്താൽ ബ്രഹ്മജ്ഞാനമാകുന്ന അഗ്നി ഉള്ളിൽ പൊട്ടി ഉണ്ടാകുന്നതു് കാണാം. ഇതിനെ തപസ്സുകൊണ്ടുവേണം സാധിക്കുവാൻ. ശരീരത്തെ വളയാതെ നിർത്തി ഇന്ദ്രിയങ്ങളെയെല്ലാം ഓരോന്നോരോന്നായി മനസ്സിൽ അർഹുതി ചെയ്യണം. യഥാർത്ഥ ഇന്ദ്രിയകേന്ദ്രങ്ങൾ എല്ലാം ഉള്ളിലാണു്; പുറമെ കാണപ്പെടുന്നവ വെറും യന്ത്രങ്ങളെപ്പോലെയുള്ള അവയവങ്ങൾ മാത്രമാകുന്നു. അവയെ മനസ്സിലേക്കു് അടിച്ചോടിക്കണം. പിന്നെ ധാരണകൊണ്ടു് മനസ്സിനെ ധ്യാനത്തിൽ നിർത്തണം. പാലിൽ വെണ്ണ എന്നപോലെ ബ്രഹ്മം പ്രപഞ്ചത്തിലെങ്ങും സർവ്വവ്യാപകമായിരിക്കുന്നുണ്ടു്. എന്നാൽ പ്രമഥനം അതിനെ ഒരു പ്രത്യേകദിക്കിൽ ഒരുക്കൂട്ടുന്നു. മഥനംകൊണ്ടു പാലിൽ നിന്നു് വെണ്ണ എടുക്കുന്നതുപോലെ ധ്യാനംകൊണ്ടു് ബ്രഹ്മാനുഭൂതി ഉണ്ടാക്കാകുന്നതാകുന്നു.

ജ്ഞാനേന്ദ്രിയങ്ങൾ അഞ്ചെ അഞ്ചെണ്ണമേ ഉള്ളൂ എന്നാണു് സാധാരണമായി വെച്ചിട്ടുള്ളതു്. എന്നാൽ ആറാമതു് ഒരു ഇന്ദ്രിയംകൂടെ ഉണ്ടെന്നും, അതു് അബോധാവസ്ഥയാണെന്നും, അതിൽക്കൂടെയാണു് ആദേശങ്ങളെല്ലാം സിദ്ധിക്കുന്നതെന്നും ആണു് എല്ലാ ഹിന്ദുതത്വജ്ഞാനങ്ങളും പറയുന്നതു്.

* * *

പ്രപഞ്ചം ചലനസ്വരൂപമാണു്; അതിനാൽ അന്യോന്യം ഉണ്ടാകുന്ന ഉരസൽ നിമിത്തം ഒടുവിൽ എല്ലാം ഇല്ലാതായിത്തീരാതിരിക്ക വഹിയാ. പിന്നെ കുറെ കാല

ത്തേയ്ക്കു് വിശ്രമമായി. അതിന്നുശേഷം പഴയപടിതന്നെ വീണ്ടും ഉണ്ടാകുകയും ചെയ്യുന്നു.

*                    *                    *

"ചർമ്മാകാശം" മനുഷ്യനെ ആവരണം ചെയ്തിരിക്കുന്ന കാലത്തോളം, അതായതു്, താൻ ശരീരമാണു് എന്ന വിശ്വാസം നില്ക്കുന്നേടത്തോളം, കാലം അവന്നു് ഈശ്വരനെകാണുവാൻ സാധിക്കുക ഇല്ല.

*                    *                    *

ഇന്ത്യയിലെ തത്വജ്ഞാനത്തിന്നു് ആറു വിഭിന്ന ശാഖകൾ ഉണ്ടു്. ഇവയെയാണു് "ഷൾ ദർശനങ്ങൾ" എന്നു് പറയുന്നതു്. ഈ ആറു് ദർശനങ്ങളും വേദത്തിൽ വിശ്വസിക്കുന്നവ ആകകൊണ്ടു് അവയെയെല്ലാം അവിടെ പാവനങ്ങളായി കരുതിപ്പോരുന്നു.

വ്യാസഭഗവാന്റെ തത്വജ്ഞാനത്തിനാണു് വലിയ പ്രാധാന്യം. ഉപനിഷത്തുകൾക്കുകൂടെ അത്ര ഉന്നതമായ സ്ഥാനം ഇല്ലന്നുപറയാം. വ്യാസഭഗവാൻ തത്വങ്ങളെയെല്ലാം "സൂത്രം" ആയിട്ടാണു് എഴുതിവെച്ചിട്ടുള്ളതു്. സൂത്രങ്ങൾ കേവലം സൂചനങ്ങൾ മാത്രമാണെന്നു പറയണം. സൂത്രഭാഷയ്ക്കു് വ്യാകരണനിർബ്ബന്ധമൊന്നും ഇല്ല. കർത്താവും ക്രിയയും ഇല്ലാത്ത സൂത്രങ്ങൾ അനേകം കാണാം. ഈ രീതി പിന്നീടു് വലിയ ഉപദ്രവങ്ങളെയെല്ലാം ഉണ്ടാക്കിത്തീർത്തു. ഓരോ ആചാര്യന്മാരും ഓരോവിധം വ്യാഖ്യാനിക്കുവാൻ തുടങ്ങി. ഇങ്ങിനെയാണു് അതിൽനിന്നു് ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം ഇവയെല്ലാം ഉണ്ടായിത്തീർന്നതു്. എന്നാൽ വിഭിന്ന സമ്പ്രദായങ്ങളിലെ മഹാചാര്യന്മാരെല്ലാം വ്യാസസൂത്രങ്ങൾക്കു് ഭാഷ്യം നിർമ്മിച്ചപ്പോൾ മനഃപൂർവ്വം വ്യാജം പറയുകതന്നെ ചെയ്തു. തങ്ങളുടെ സമ്പ്രദായത്തിന്നു് അനുകൂലിക്കുന്ന പ്രകാരത്തിലുള്ള അർത്ഥം ഉണ്ടാക്കേണ്ട സംഗതിയിൽ അവർ മനഃപൂർവ്വം വ്യാജം പറയുകതന്നെയാണു് ചെയ്തിട്ടുള്ളതു്.

മിക്കവാറും എല്ലാ ശാസ്ത്രഗ്രന്ഥങ്ങളും അധികഭാഗവും മനുഷ്യരുടെ വ്യാപാരങ്ങളെ വിവരിക്കുന്ന ചരിത്രങ്ങൾതന്നെയാണ്. എന്നാൽ ഉപനിഷത്തിലാകട്ടെ മനുഷ്യ പ്രവൃത്തികളുടെ ചരിത്രം വളരെ വളരെ ദുർല്ലഭമായേ കാണുന്നുള്ളൂ. വേദങ്ങൾ പറയുന്നതു മിക്കവാറും തത്വജ്ഞാനങ്ങളെപ്പററി മാത്രമാണ്. തത്വശാസ്ത്രം കൂടാത്ത ധർമ്മസമ്പ്രദായം വെറും അന്ധവിശ്വാസമായിരിക്കും. ധർമ്മസമ്പ്രദായം കൂടാത്ത തത്വജ്ഞാനം വളരെശ്ശുഷ്കമായ നിരീശ്വരത്വവും ആയിരിക്കും.

വിശിഷ്ടാദ്വൈതം എന്നത് ഏതാനും പ്രത്യേകതകളോടുകൂടിയ അദ്വൈതം തന്നെയാണ്. ശ്രീമത് രാമാനുജാചാര്യ സ്വാമികളാണു അതിന്റെ സ്ഥാപകൻ. അദ്ദേഹം പറയുന്നത് ഇങ്ങിനെയാണ്:—ശ്രീ വ്യാസഭഗവാൻ, മനുഷ്യസമുദായത്തെ അനുഗ്രഹിക്കുവാനായി വേദങ്ങളാകുന്ന പാൽകടലിനെ മഥനംചെയ്ത് വേദാന്തതത്വജ്ഞാനമാകുന്ന അമൃതത്തെ സമ്പാദിച്ചു......പ്രപഞ്ചത്തിന്റെ ഏകനാഥനായ ബ്രഹ്മം എല്ലാ ഗുണങ്ങളോടും നന്മകളോടും കൂടിയവനാകുന്നു. അദ്ദേഹമാണ് മഹാപുരുഷൻ".

മദ്ധ്വാചാര്യർ ഒരു തനിച്ച ദ്വൈതിയാണ്. സ്ത്രീകൾക്കുകൂടെ വേദത്തിന്ന് അധികാരമുണ്ടെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. എന്നാൽ അദ്ദേഹം പ്രധാനമായി ആശ്രയിക്കുന്നതു് പുരാണങ്ങളെയാകുന്നു. "ബ്രഹ്മം" എന്നതിന്റെ അർത്ഥംതന്നെ "വിഷ്ണു" എന്നാണെന്നും, അല്ലാതെ "ശിവൻ" എന്നല്ലെന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു. വിഷ്ണുവിൽകൂടെയല്ലാതെ മോക്ഷം സിദ്ധിക്കയില്ലെന്നാണ് അദ്ദേഹത്തിന്റെ മതം.

# 15
# കമ്മസന്ന്യാസം.

ജൂലായി 8-ാംനു, തിങ്കളാഴ്ച—

മദ്ധ്വന്റെ മതത്തിൽ യുക്തിവാദത്തിന്നു് സ്ഥാനമില്ല. അതു് വേദത്തിലെ വെളിപ്പാടുകളെ അടിസ്ഥാനപ്പെടുത്തി രൂപീകരിച്ചിട്ടുള്ളതാണു്.

രാമാനുജൻ പറയുന്നതു്, വേദങ്ങൾ പരിശുദ്ധമായ മനനത്തിന്നു് നിദാനമായിരിക്കണം എന്നാണു്. ദ്വിജന്മാരായ മൂന്നുവർണ്ണങ്ങളിലും ജനിക്കുന്ന കുട്ടികൾ എട്ടു്, പത്തു്, പതിനൊന്നു് എന്നീ വയസ്സുകളിൽ യഥാക്രമം യജ്ഞോപവീതം ധരിച്ചു് വിദ്യാഭ്യാസം തുടങ്ങണം. വിദ്യാഭ്യാസം ഗുരുകുലത്തിൽ ചെന്നു് താമസിച്ചാണു് ചെയ്യേണ്ടതു. അവിടെ വെച്ചു് വേദം പഠിക്കണം, പ്രതിപദം ഉരുവിട്ടു് ഉറപ്പിക്കണം, ശരിയായ ഉച്ചാരണവും സ്വരവും മനസ്സിലാക്കണം.

ഈശ്വരനാമങ്ങളെ ഉരുവിടുന്നതാണു് ജപം. അതു നിമിത്തം ഭക്തൻ അഖണ്ഡ പരിപൂർണ്ണാവസ്ഥയെ പ്രാപിക്കുന്നതാകുന്നു. വൈദികകമ്മ-യജ്ഞങ്ങൾ എല്ലാം കൊള്ളാം. പക്ഷെ അവ വളരെ ശക്തികുറഞ്ഞവയാണു്. ബ്രഹ്മം മാത്രമാണു് സ്വാതന്ത്ര്യം; ആ സ്വാതന്ത്ര്യത്തെ പ്രാപിക്കുവാൻ കമ്മയജ്ഞങ്ങളെക്കൊണ്ടുമാത്രം മതിയാകയില്ല. എന്നാൽ ഈ സ്വാതന്ത്ര്യം എന്നതു് അജ്ഞാനനാശമല്ലാതെ മറ്റൊന്നും അല്ലതാനും. അജ്ഞാനമാകട്ടെ ബ്രഹ്മജ്ഞാനമുണ്ടാകുമ്പോൾ മാത്രമേ നീങ്ങുകയുള്ളു. വേദാത്ഥത്തെ പ്രാപിക്കുവാൻ ഈ കമ്മബഹളങ്ങളിൽക്കൂടെയെല്ലാം കടന്നുപോകേണമെന്നില്ല. അതിന്നു് പ്രണവം ജപിച്ചാൽമാത്രം മതിയാകും.

സകല ദുഃഖങ്ങളുടേയും കാരണം ബഹുത്വദർശനമാണ്; ബഹുത്വദർശനത്തിൻെറ കാരണം അജ്ഞാനവും ആകുന്നു. കർമ്മകോടികൾ അസമത്വബോധത്തെ അധികരിപ്പിക്കുകയേ ഉള്ളു. ഈവക കർമ്മങ്ങളെ ആചരിക്കുന്നത് നിങ്ങളിലുള്ള ഏതെങ്കിലും ചിലതിനെ ഇല്ലായ്മചെയ്യാനൊ, അല്ലെങ്കിൽ നിങ്ങളിൽ ഇല്ലാത്തഏതെങ്കിലും ചിലതിനെ ഉണ്ടാക്കുവാനൊ കൊള്ളാം. അത്രയേയുള്ളു. അതുകൊണ്ടാണ് കർമ്മകോടികൾ അത്യാവശ്യങ്ങളല്ലാതായിരിക്കുന്നതു.

യാതൊരു കർമ്മത്തോടും ചേരാത്തതാണ് ബ്രഹ്മം. ആത്മാ ആ ബ്രഹ്മവും ആകുന്നു. നമ്മളോ ആ ആത്മാവും അത്രെ. ഇതിനെയുള്ള ജ്ഞാനം നമ്മുടെ സകല തെററുകളേയും ശരിപ്പെടുത്തുന്നതായിരിക്കും. തത്വത്തെ ഒന്നാമതായി ശ്രവണം ചെയ്യണം; പിന്നെ ബുദ്ധികൊണ്ടു് അതിനെപ്പററി മനനംചെയ്യണം; അവസാനമായി അതിനെ അനുഭവപ്പെടുത്തുകയും വേണം. യുക്തിയെ ഉപയോഗിച്ചു, വേണ്ടുന്ന ചിന്തകളെല്ലാം ചെയ്തു് തത്വത്തെ നമ്മളിൽതന്നെ സ്ഥിരപ്രതിഷ്ഠമാക്കിത്തീക്കുന്നതാണ് മനനം എന്നതു്. അനുഭൂതി എന്നതു നിരന്തരാനുസന്ധാനംനിമിത്തം ആ തത്വത്തെ നമ്മുടെ ജീവിതത്തിൻെറ ഒരു ഭാഗമാക്കിതീക്കുന്നതാകുന്നു. ഈ നിരന്തരാനുസന്ധാനം, അല്ലെങ്കിൽ ധ്യാനം, ഒരു പാത്രത്തിൽ നിന്ന് മറെറാരു പാത്രത്തിലേയ്ക്കു് ധാരമുറിയാതെ ഒഴിക്കുന്ന തൈലത്തെപ്പോലെ ഇരിക്കും. ഇടവിടാതെയുള്ളസ്മരണ മനസ്സിനെ ആ വിചാരത്തിലിട്ട് തിരയ്ക്കുന്നു; അങ്ങിനെ സ്വാതന്ത്ര്യപ്രാപ്തിക്ക അതു് നമ്മെ സഹായിക്കുകയും ചെയ്യുന്നു. അതിനാൽ എല്ലായ്പോഴും "സോഹം—സോഹം" എന്നു് വിചാരിക്കുക. അതു് മിക്കവാറും സ്വാതന്ത്ര്യത്തെപ്പോലെ തന്നെ നല്ലതാണ്. രാവും പകലും ഇടവിടാതെ "സോഹം സോഹം" എന്നു് പറഞ്ഞുകൊണ്ടിരിക്കണം. ഈ നിരന്തരാനുസന്ധാനത്തിൻെറ ഫലമായി അനുഭൂതി ഉണ്ടായിക്കൊള്ളും.

2 MAY. 19



ഈശ്വരനെപ്പററി കേവലവും നിരന്തരവും ആയ ധാരണയാണ് ഭക്തി.

സമസ്ത സൽപ്രവൃത്തികളും ഭക്തിയെ അവാന്തരേണ സഹായിക്കുന്നുണ്ട്. സൽചിന്തകളും സൽകർമ്മങ്ങളും ദുശ്ചിന്തകളെപ്പോലെയും ദുഷ്കർമ്മങ്ങളെപ്പോലെയും ബഹുത്വബോധത്തെ വർദ്ധിപ്പിക്കുകയില്ല. അതുകൊണ്ടു അവ സാധകനെ ക്രമേണ സ്വാതന്ത്ര്യത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നു. പ്രവർത്തിക്കുക, കർമ്മങ്ങൾ ചെയ്യുക, ഇതുമാത്രം നിങ്ങളുടെ കടമയാണ്. എന്നാൽ കർമ്മഫലങ്ങളെ ഈശ്വരന്നായികൊണ്ട് വിട്ടേക്കണം. അല്ലാതെ അതിനെപ്പററി ചിന്തിക്കേണ്ടതായ അവകാശംതന്നെ നിങ്ങൾക്കില്ല. ജ്ഞാനം ഒന്നിനുമാത്രമെ നമ്മളെ പരിപൂർണ്ണന്മാരാക്കുവാൻ സാധിക്കുകയുള്ളു. ഏവനൊരുത്തൻ ഭക്തിയോടുകൂടി ഈശ്വരനെ അനുഗമിക്കുന്നുവൊ അവന്ന് ഈശ്വരൻ ദർശനം കൊടുക്കുന്നു.

* * *

നാം വിളക്കുപോലെയാണ്; നമ്മുടെ ജ്വലനത്തെയാണ് ജീവിതം എന്ന് പറയുന്നത്. ജ്വലനത്തിന്നത്യാവശ്യമായ ജീവവായു ഇല്ലാതാകുമ്പോൾ വിളക്ക് കെട്ടേക്കഴിയും; അല്ലാതെ മററ്റൊന്നും ഇല്ല. നമ്മളെക്കൊണ്ടു കഴിയുന്നതു വിളക്കിനെ തുടച്ചു വൃത്തിയാക്കിവെയ്ക്കുവാൻ മാത്രം. ജീവൻ ഒരു സമുച്ചയഭാവം; ഒരു സമ്മിശ്രപദാർത്ഥം. അതുകൊണ്ടു അത് ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ അതിൻെറ ഘടകങ്ങളായി പിരിഞ്ഞുപോകുകതന്നെ ചെയ്യും. അല്ലാതെ അതിന്ന് എന്നും ഒരേപ്രകാരം നില്ക്കുവാൻ സാധിക്കുകയില്ല.

16

## ജ്ഞാനം.

ജൂലായി 9-ാംനു, ചൊവ്വാഴ്ച—

മനുഷ്യൻ ആത്മാ എന്ന നിലയിൽ സ്വതന്ത്രനാകുന്നു; മനുഷ്യൻ എന്നനിലയിൽ ബദ്ധനും ആകുന്നു. മാനുഷിക ഭാവത്തിൽ ഓരോ ഭൌതികാവസ്ഥയിലും അവൻ മാറിമാറി ക്കൊണ്ടേ ഇരിക്കുകയാണു്. ആ സ്ഥിതിയിൽ അവൻ ഒരു വെറും യന്ത്രംമാത്രം. പക്ഷെ സ്വാതന്ത്ര്യത്തെപ്പററിയ ഒരു ബോധം അവനു് ഇല്ലാതിരിക്കയില്ലന്നേ ഉള്ളൂ. ശരീരങ്ങളിൽ വെച്ചു മാനുഷിക ശരീരമാണു ഏററവും ഉൽകൃഷ്ടമായതു്; അതുപോലെ മനസ്സുകളിൽ വെച്ചു സർവ്വപ്രാധാന്യം മനുഷ്യൻെറ മനസ്സിന്നും ആകുന്നു. ആത്മാവസ്ഥയെ പ്രാപിച്ചുക ഴിഞ്ഞ ഒരാൾക്കു പിന്നെ സ്വേഛപോലെ തനിക്കുയോജി ക്കുന്ന ഏതു ശരീരവും എടുക്കുവാൻ സാധിക്കും. അവൻ പിന്നെ സകല നിയമങ്ങൾക്കും അതീതനാകുന്നു. ഇതു് ഒരു തത്വമാണു്; എന്നാൽ വെറും ഒരു തത്വം മാത്രമല്ല; തെളി യിക്കപ്പെടേണ്ടതും തെളിയിക്കപ്പെടാകുന്നതും ആയ ഒരു തത്വമാകുന്നു. ഇതിനെ ഓരോരുത്തരും അവരവക്കുതന്നെ തെളിയിച്ചു ബോദ്ധ്യപ്പെടുത്തി കൊടുക്കണം. അല്ലാതെ ഒരു വനെക്കൊണ്ടു് മററൊരുവനെ ബോദ്ധ്യപ്പെടുത്തുവാൻ സാധി ക്കുകയില്ല. അവനവനെത്തന്നെ തൃപ്തിപ്പെടുത്തുവാനേ സാ ധിക്കുകയുള്ളൂ. തെളിയിക്കത്തക്കതായ—അനുഭവപ്പെടുത്തി കാണിച്ചുകൊടുക്കത്തക്കതായ—തത്വശാസ്ത്രം ഒന്നേയുള്ളൂ. അ താണു് രാജയോഗം. രാജയോഗം, സൂക്ഷ്മം പറകയാണെങ്കിൽ, ധർമ്മത്തിൻെറ സൈൻസാണു്. ഒരു യോഗിക്കു പരിചയം കൊണ്ടു് യാതൊന്നു അനുഭവപ്പെട്ടിട്ടുണ്ടോ അതിനെ അ സിദ്ധൻ പറഞ്ഞുകൊടുക്കുന്നു. യുക്തി നല്ലതുപോലെ പാകം

വരുമ്പോൾ അതു് "ബോദ്ധ്യം" ആയിത്തീരും; അതിനാൽ ബോദ്ധ്യം ഒരിക്കലും യുക്തിക്കു് വിരോധമായി നില്ക്കയില്ല.

കർമ്മം ഹൃദയത്തെ ശുദ്ധമാക്കുന്നു; അതുകൊണ്ടു് കർമ്മം തന്നെ കർമ്മിയെ വിദ്യയിലേക്കു് നയിക്കുകയും ചെയ്യുന്നു. "വിദ്യ" എന്നു് പറയപ്പെടുന്നതു തന്നെ ജ്ഞാനം. എങ്കിലും കർമ്മത്തെപ്പററി പലക്കും അഭിപ്രായവ്യത്യാസമുണ്ടു്. മനുഷ്യർക്കും ജന്തുക്കൾക്കും ഉപകാരമായ പ്രവൃത്തികൾ ചെയ്യുന്നതുമാത്രമാണു് "കർമ്മം" എന്നു് ബുദ്ധമതക്കാർ പറയുന്നു. അതുമാത്രമല്ല, ഈശ്വരസേവയും വൈദികകർമ്മങ്ങളും, മറേറതിനെപ്പോലെതന്നെ, കർമ്മമാകുന്നു, എന്നും അവ മനസ്സിനെ ശുദ്ധമാക്കുകകൂടെ ചെയ്യുന്നു എന്നും ബ്രാഹ്മണർ പറയുന്നു. എന്നാൽ ശ്രീമത് ശങ്കരാചാര്യസ്വാമികളുടെ പക്ഷം ഇങ്ങിനെയൊന്നും അല്ല. "എല്ലാ കർമ്മങ്ങളും—സൽക്കർമ്മങ്ങളായാലും ശരി, ദുഷ്കർമ്മങ്ങളായാലും ശരി—ജ്ഞാനത്തിനു് വിരോധമാണു്" എന്നാണു് സ്വാമികൾ പറയുന്നതു്. അജ്ഞാനത്തിനു് നിദാനമായ പ്രവൃത്തികൾ എല്ലാം പാപം തന്നെ. പക്ഷെ നേരിട്ടല്ലെന്നേയുള്ളു. അവാന്തരമായിട്ടാണു്. അവ നേരിട്ടു് പാപമാകാതിരുന്നാൽ കൂടെയും പാപങ്ങൾക്കു് കാരണമായി തീരുന്നു; അവ തമസ്സിനേയും രജസ്സിനേയും വർദ്ധിപ്പിക്കുന്നു. കർമ്മവും ഭക്തിയും എല്ലാം ഒടുവിൽ വന്നു നില്ക്കുന്നതു് ജ്ഞാനത്തിലാണു്. എന്നാൽ സത്വത്തോടുകൂടി മാത്രമെ ജ്ഞാനം വരികയുള്ളൂ. സൽപ്രവൃത്തികൾ ജ്ഞാനത്തെ ആവരണം ചെയ്തിരിക്കുന്ന മറയെ നീക്കം ചെയ്യുന്നു. അപ്പോൾ ജ്ഞാനം പ്രകാശമാനമായി തീരുകയും ചെയ്യുന്നു. ജ്ഞാനംകൊണ്ടുമാത്രമെ നമുക്കു് ഈശ്വരനെ പ്രാപിക്കുവാൻ സാധിക്കുകയും ഉള്ളൂ.

അറിവിനെ ആരാലും ഒരിക്കലും സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. അതിനെ കണ്ടുപിടിക്കുവാനെ കഴിയൂ. ഇങ്ങനെ വലിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നവൻ ആദേശസിദ്ധിയു

ള്ളവനും ആയിരിക്കും. ഈ അറിവുകളെല്ലാം ഒരേ തരത്തിൽ ഉള്ളവയായിരിക്കണമെന്നില്ല. എന്നാൽ അവ ആദ്ധ്യാത്മിക പരങ്ങളാകുമ്പോൾ മാത്രമെ അതിന്റെ കർത്താവിനെ "പ്രവാചകൻ" എന്നു പറകയുള്ളൂ. അറിവു ലൌകികങ്ങളായ സംഗതികളെപ്പററിയാണെങ്കിൽ തൽകർത്താവിനെ ഒരു തത്വ വിജ്ഞാനി (സൈൻടിസ്റ്റ്) എന്നു പറയും. ഇങ്ങിനെ എല്ലാത്തരം അറിവുകളുടെയും ഉത്ഭവസ്ഥാനം ഒന്നുതന്നെയാണെങ്കിലും, നാം സർവ്വോപരി പ്രാധാന്യം കല്പിക്കുന്നതു് ആദ്യത്തെ വകുപ്പിൽ ഉൾപ്പെട്ടവയ്ക്കാണ്.

ശങ്കരാചാര്യസ്വാമികൾ "എല്ലാ അറിവുകളുടേയും പരമാർത്ഥവും സത്തും ബ്രഹ്മം ആകുന്നു, അറിയുന്നവൻ അറിയപ്പെടുന്നതു്, അറിവു്, എന്നീ പ്രകടനങ്ങളെല്ലാം ബ്രഹ്മത്തിലുള്ള ആരോപങ്ങൾ മാത്രമാണ്" എന്നു പറയുന്നു. ശ്രീമത് രാമാനുജാചാര്യരുടെ പക്ഷം "ഈശ്വരൻ ബോധസ്വരൂപനാണ്; സബോധജ്ഞാനത്തിന്റെ സത്താണ്; അവ്യാകൃതബോധം വ്യാകൃതമായിത്തീരുമ്പോൾ ലോകമാകുന്നു" എന്നെല്ലാമാണ്. യഥാർത്ഥ ദ്വൈതികൾക്കു് ഈവക ആരോപങ്ങളും അപവാദങ്ങളും ഒന്നും ഇല്ല.

* * *

തത്വജ്ഞാനസമൃദ്ധിയുള്ള മതങ്ങൾ ദുർല്ലഭമായിട്ടേയുള്ളൂ. ബുദ്ധമതം അത്തരം ദുർല്ലഭമതങ്ങളിൽ ഒന്നാകുന്നു. എന്നിട്ടും ആ മതം ഇന്ത്യാനിവാസികളായിരുന്ന പൊതുജനങ്ങളുടെ ഇടയിൽ സർവ്വത്ര വ്യാപിച്ചു. ബുദ്ധമതത്തിലെ മഹത്തായ ആദർശങ്ങളെ സമഗ്രമായി ധരിക്കേണ്ടതിന്നു് ഇരുപത്തഞ്ചു് ശതവർഷങ്ങൾക്കുമുമ്പെ, ഇന്ത്യയിൽ ഉണ്ടായിരുന്നവരുടെ ഇടയിൽ എത്ര ആശ്ചര്യകരമായ മനഃസംസ്കാരവും ബുദ്ധിവൈപുല്യവും ഉണ്ടായിരുന്നിരിക്കണം!

ഇന്ത്യയിൽ ഉണ്ടായിട്ടുള്ള മഹാതത്വജ്ഞാനികളിൽ, ജാതിസമ്പ്രദായത്തെ അനാദരിച്ച ഒരു മഹാചാര്യൻ ശ്രീ

ബുദ്ധദേവൻ മാത്രമാണു്. നോക്കുക! അദ്ദേഹത്തിന്റെ ഒരൊററ അനുയായിപോലും ഇന്നു് ഇന്ത്യയിൽ അവശേഷിച്ചിട്ടില്ല. മററുണ്ടായിട്ടുള്ള ആചാര്യന്മാരും തത്വജ്ഞാനികളും എല്ലാം സാമുദായിക ഘടനാസമ്പ്രദായത്തിൽ ഒട്ടൊക്കെ കൈകടത്താതിരിക്കുകയല്ല ചെയ്തതു്. അവർ അങ്ങിനെ എത്രതന്നെ ഉയരത്തിൽ പൊങ്ങി പറന്നാലും, അവരിൽ, എന്റെ ആചാര്യദേവൻ പറയാറുള്ളതുപോലെ, "അല്പമൊരു കഴുകത്വം" അവശേഷിച്ചു നില്ക്കാതിരുന്നില്ല. ഭഗവാൻ ശ്രീരാമകൃഷ്ണദേവൻ സാധാരണമായി ഇങ്ങനെ പറയാറുണ്ടായിരുന്നു.—"ഒരു കഴുകൻ ആകാശത്തിൽ വളരെ ഉയരം പൊങ്ങി പറക്കുന്നു. ചിലപ്പോഴെല്ലാം നമ്മുടെ ദൃഷ്ടിയെത്താത്തവിധം അത്ര ഉയരത്തിൽ പോയി എന്നുവരാം. എന്നാലും അതിന്റെ നോട്ടമെല്ലാം, ഭൂമിയിൽ വല്ലേടത്തും കിടക്കുന്ന ചീഞ്ഞ ശവത്തിന്മേൽ ആയിരിക്കും."

* * *

പ്രാചീനകാലത്തിലെ ഹിന്ദുക്കൾ 'അസാദ്ധ്യപണ്ഡിതന്മാർ' ആയിരുന്നു. ജീവനുള്ള ഒന്നാന്തരം 'അകാരാദി'കൾ. ഏതു സംശയത്തിനും അതിൽ നോക്കിയാൽ സമാധാനം കാണും. "പുസ്തകത്തിലുള്ള അറിവും അന്യന്റെ കയ്യിലുള്ള ധനവും, നമ്മളെ സംബന്ധിച്ചിടത്തോളം അറിവും അല്ല, ധനവും അല്ല" എന്നു് അവർ പലപ്പോഴും പറയുക ഉണ്ടായിട്ടുണ്ടു്.

ശ്രീമത് ശങ്കരാചാര്യസ്വാമികളെ ഞങ്ങൾ ശിവാവതാരമായി കരുതിപ്പോരുന്നു.

# 17

## ബുദ്ധനും ശങ്കരനും.

---

ജൂലായി 10-ാംനു, ബുധനാഴ്ച.—

ഇന്ത്യയിൽ അറുപത്തഞ്ചു് ലക്ഷം മഹമ്മദീയർ ഉണ്ടു്. അവരിൽ ചിലർ സൂഫികളും * ആകുന്നു. അവരുടെ ധാർമ്മികമായ വിശ്വാസത്തിന്നു് — മതവിശ്വാസത്തിന്നു് — ഏതാനും പ്രത്യേകതകളെല്ലാം കാണാം. അവർ മനുഷ്യനും ഈശ്വരനും ഒന്നുതന്നെയാണെന്നു് പറയുന്നു. അവരിൽ കൂടെയാണു് ഈ ആശയം യൂറോപ്പിലേക്കു് കടന്നിട്ടുള്ളതു്. "ഞാൻ ആ പരമാത്മാവാകുന്നു" എന്നാണു് അവരുടെ സർവ്വപ്രധാനമായ സിദ്ധാന്തം. എന്നാൽ അവക്കു് രഹസ്യവും പരസ്യവും ആയി രണ്ടുതരം സിദ്ധാന്തങ്ങൾ ഉണ്ടു്. മതസ്ഥാപകനായ മഹമ്മദ് നബിക്കുതന്നെ ഇങ്ങിനെയൊന്നും ഉണ്ടായിരുന്നതുമില്ല.

"ഹഷ്ഷാഷിൻ" എന്ന സിറിയൻ പദം ഇംഗ്ലീഷിലേയ്ക്കു് കടന്നപ്പോഴേക്കും "അസ്സസിൻ" എന്നായിതീർന്നു. +

---

* സൂഫികൾ മഹമ്മദീയരുടെ ഇടയിലുള്ള ഒരു പ്രത്യേക വർഗ്ഗക്കാരാണു്. ഹിന്ദുമതവുമായുണ്ടായ സാഹചാര്യത്തിന്നു ശേഷമാണു് ഇങ്ങിനെ ഒരു വകഭേദം ആ മതക്കാരുടെ ഇടയിൽ ഉണ്ടായിട്ടുള്ളതെന്നു് ചരിത്രം തെളിയിക്കുന്നു. ഇവരുടെ സംഖ്യ കേവലം നിസ്സാരമല്ലതാനും.

+ ഇതൊരു സിറിയൻ പദമാണു്. ഇതിന്റെ ശരിയായ അർത്ഥം "ഹഷീഷ് ഭക്ഷിക്കുന്നവൻ" എന്നാകുന്നു. ഹഷീഷ് എന്നതു് ലഹരിയുള്ള ഒരു മരുന്നു്. പിന്നീടു് ഇതു് ഒരു സംഘത്തിന്റെ പേരായി തീർന്നു. ഈ സംഘം പതിനൊന്നാം ശതവർഷത്തിൽ സിറിയാരാജ്യത്തു് നിലനിന്നിരുന്നു എന്നു് കാണുന്നു. ഇവർ ഒരുതരം പടയാളികളാണു്. എന്നാൽ ഇവരുടെ പട മിക്കതും മതഭ്രാന്തികൊണ്ടു് ഉണ്ടായിട്ടുള്ളതാണു്. ഈ സംഘക്കാർ അവരുടെ സംഘനേതാവിന്റെ ആജ്ഞാനുസരണം അനേകം കൊലകൾ നടത്തിയതായി ചരിത്രത്തിൽ കാണുന്നുണ്ടു്. ഹഷ്ഷാഷിൻ എന്ന ഈ പദത്തിൽ നിന്നാണു് കൊലയാളി എന്നു് അർത്ഥമുള്ള "അസ്സാസിൻ" എന്ന ഇംഗ്ലീഷ് പദം ഉണ്ടായിട്ടുള്ളതെന്നു് പറയുന്നു.

ഹഷ്ഷാഷിൻ എന്നതു് സിറിയായിലെ ഒരു വർഗ്ഗത്തിൻെറ പേരാണു്. അവരുടെ മതവിധിക്കു് യോജിച്ചതാണെന്നു് ധരിച്ചു് ആ പഴയ സംഘക്കാർ അനേകം "അവിശ്വാസികളെ" പണ്ടു് കൊലചെയ്യ ഉണ്ടായിട്ടുണ്ടു്.

ദൈവം, പ്രപഞ്ചം മുഴുവനും നിറഞ്ഞു് നില്ക്കുന്നു എന്നാണു് മഹമ്മദീയരുടെ വിശ്വാസം. അതിൻെറ പ്രതീകമായി അവരുടെ ആരാധനസ്ഥലത്തു് അവർ വെള്ളം നിറച്ച ഒരു പാത്രം വെയ്ക്കുന്ന സമ്പ്രദായം ഇന്നും നടപ്പുണ്ടു്.

ദശാവതാരങ്ങൾ ഉണ്ടാകുമെന്നാണു് ഹിന്തുക്കളുടെ വിശ്വാസം. ഒമ്പതു് അവതാരങ്ങളും കഴിഞ്ഞിരിക്കുന്നു എന്നും പത്താമത്തെ അവതാരം ഇനി ഉണ്ടാകുവാനിരിക്കുന്നു എന്നും അവർ വിശ്വസിക്കുന്നു.

*　　　*　　　*

തൻെറ തത്വജ്ഞാനസിദ്ധാന്തത്തിന്നു് പ്രാമാണികത്വമുതൽകൂടെ ഉണ്ടെന്നു് കാണിക്കുവാൻവേണ്ടി ശങ്കരാചാൎയ്യസ്വാമികൾ ചിലപ്പോഴെല്ലാം പ്രാമാണികാധികാരത്തെ ആശ്രയിക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ മററെല്ലാ ആചാൎയ്യന്മാരെക്കാളും ധീരോദാത്തനായ ആചാൎയ്യവീരൻ ശ്രീബുദ്ധദേവൻതന്നെ ആയിരുന്നു എന്നുള്ളതിന്നു് വാദമില്ല. അദ്ദേഹം ധീരധീരം ചെയ്ത പ്രഖ്യാപനം കേൾക്കുക. അതിങ്ങിനെയാണു്:—"ഒരു ഗ്രന്ഥത്തേയും വിശ്വസിക്കരുതു്. വേദങ്ങളെക്കൂടെ വിശ്വസിക്കരുതു്. അവയെല്ലാം കള്ളക്കഥകളാണു്. അവ എന്നോടു് യോജിക്കുന്നുണ്ടെങ്കിൽ അവയ്ക്കു് അത്രയും നല്ലതു്. എല്ലാ ഗ്രന്ഥങ്ങളിലുംവെച്ചു് മഹത്തായിരിക്കുന്ന ഗ്രന്ഥം ഞാനാണു്. യാഗവും, യജ്ഞവും, പൂജയും, ഭജനവും എല്ലാം വെറുതെ. അവകൊണ്ടൊന്നും യാതൊരു പ്രയോജനവും ഇല്ല." ലോകത്തിന്നു് പരിപൂൎണ്ണമായ ഒരു സദാചാരപദ്ധതി ഉണ്ടാക്കികൊടുത്തതു് ബുദ്ധദേവനാണു്; അദ്ദേഹമാകട്ടെ,

നന്മക്കുവേണ്ടിമാത്രം നന്മപ്രവർത്തിച്ചു, സ്നേഹത്തിന്നുമാത്രമായി സ്നേഹിക്കുകയും ചെയ്യു.

ശങ്കരാചാര്യർ പറയുന്നതു്:—"ഈശ്വരനെപ്പററി യുക്തിവാദം ചെയ്യുന്നോക്കാം; വേദങ്ങളിൽ ശ്രുതിന്നനുവദിച്ചിട്ടുണ്ടു്; അതുകൊണ്ടു് അങ്ങിനെ ചെയ്യാകുന്നതാണു്, എന്നാണു്.

യുക്തിവാദം അദ്ദേശത്തിന്നു് സഹായമായി നില്ക്കുന്നതായിരിക്കും. ഗ്രന്ഥങ്ങളും(പ്രമാണങ്ങളും)അനുഭവപ്പെട്ട യുക്തികളും, അല്ലെങ്കിൽ വ്യക്തിഗതമായബോധവും, രണ്ടും ഈശ്വരൻ ഉണ്ടെന്നുള്ളതിലേക്ക് മതിയായ തെളിവുകൾ ആകുന്നു. ആ ചാര്യസ്വാമികളുടെ അഭിപ്രായപ്രകാരം, വേദങ്ങൾ തന്നെ പ്രപഞ്ചജ്ഞാനത്തിൻെറ, ഒരുതരം, അവതാരമാണു്. വേദങ്ങൾ ഈശ്വരനാൽ വെളിപ്പെടുത്തപ്പെട്ടവയാണു് എന്നുള്ളതാണു് ഈശ്വരൻെറ സദ്ഭാവത്തിന്നുള്ള തെളിവു. ഈ വിധം അത്യത്ഭുതകരമായ തത്വങ്ങളെ ഈശ്വരനെക്കൊണ്ടുമാത്രമേ വെളിപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ എന്നുള്ളതാണു് വേദങ്ങളുടെ പ്രമാണം. ആ വേദങ്ങൾ അറിവുകളുടെ നിക്ഷേപമാകുന്നു. ഒരുവൻ ശ്വാസത്തെ ഉച്ഛ്വസിക്കുന്നതുപോലെ വൈദികതത്വങ്ങളെല്ലാം ഈശ്വരനിൽനിന്നു് പുറത്തുവന്നു. അതുകൊണ്ടു് ഈശ്വരൻ യുക്തിയിലും അറിവിലും പരിപൂർണ്ണനാണെന്നു് നമുക്കു് അറിയാറായിട്ടുണ്ടു്. ഈശ്വരൻ ഈ ലോകത്തെ ഉണ്ടാക്കിയായിരിക്കാം; അല്ലെങ്കിൽ ഉണ്ടാക്കീട്ടില്ലായിരിക്കാം; എങ്ങിനെ ആയാലും അത്ര പ്രധാനമായ സംഗതിയൊന്നും അല്ല. എന്നാൽ വേദങ്ങളെ ഉണ്ടാക്കി എന്നുള്ളതാകുന്നു സർവ്വോപരിപ്രധാനമായിട്ടുള്ളതു്. ലോകത്തിന്നു് ഈശ്വരനെ അറിയാറായിട്ടുള്ളതു് വേദങ്ങളിൽക്കൂടെയാണു; അല്ലാതെ അതിന്നു് മററു മാർഗ്ഗങ്ങളൊന്നും ഇല്ല.

വേദങ്ങളിൽ സമസ്തവും അടങ്ങിയിരിക്കുന്നു എന്നുള്ള ശങ്കരൻെറ ഈ സിദ്ധാന്തത്തിന്നു് അന്യാദൃശമായ പ്രാബല്യവും

പ്രചാരവും ഉണ്ടു്. ഒരാളുടെ ഒരു പശു കാണാതെപോയാൽ അവൻ അതിനെക്കൂടെ വേദങ്ങളിൽ ചെന്നു് തിരിഞ്ഞു നോക്കും എന്നു് ഹിന്തുക്കൾ പഴമൊഴിയായി പറയുന്നു. അവരുടെ വേദത്തിൻെറ വ്യാപ്തിയെപ്പററി അവൎക്കുള്ള വിശ്വാസം അത്രയ്ക്കാണു്.

യാഗയജ്ഞാദി കൎമ്മവിധികളെ അനുസരിക്കുന്നതു് ജ്ഞാനകാൎയ്യമല്ല, എന്നാണു് ശങ്കരൻെറ മതം. ഈശ്വരനെ പററിയുള്ള ജ്ഞാനം—സദാചാരപരമായ കൎമ്മങ്ങൾ, യാഗയജ്ഞാദി വൈദികകൎമ്മങ്ങൾ, നാം വിചാരിക്കുന്നതും വിചാരിക്കാതിരിക്കുന്നതും ആയ കൎമ്മങ്ങൾ—ഇവയെ ഒന്നും ആശ്രയിക്കാതെ, ഇവയിൽനിന്നെല്ലാം സ്വതന്ത്രവും ഭിന്നവും ആയതാണു്. ഒരു മരക്കുററിയെ അന്ധവിശ്വാസിയായ ഒരുവൻ ഒരു ഭൂതമായി കാണുമായിരിക്കാം; അതിനെത്തന്നെ ഒരു തസ്കരൻ പോല്ലീസ്സുകാരനായി കാണുമായിരിക്കാം; അതേ കുററിയെത്തന്നെ ഒരു കാമുകൻ അവൻെറ പ്രിയജനമായി കാണുമായിരിക്കാം; എന്നാൽ ഈ കാഴ്ചകൊണ്ടൊന്നും ആ മരക്കുററിക്കു യാതൊരുമാററവും ഉണ്ടാകുന്നില്ല. അതുപോലെ നമ്മുടെ സദാചാരപരമായ കൎമ്മബാഹുല്യങ്ങളെക്കൊണ്ടോ, യാഗയജ്ഞാദി വൈദിക കൎമ്മകോടികളെക്കൊണ്ടോ, നമ്മുടെ വിചാരം കൊണ്ടോ, നമ്മൾ വിചാരിക്കാതിരിക്കുന്നതുകൊണ്ടോ ഈശ്വരജ്ഞാനത്തിനു് യാതൊരു മാററവും ഭേദവും വരുന്നില്ല.

യുക്തിക്കൊ അല്ലെങ്കിൽ ഗ്രന്ഥങ്ങൾക്കൊ ഈശ്വരനെ കാണിച്ചുതരുവാൻ സാധിക്കാത്തതുകൊണ്ടു് വേദാന്തം അവാച്യമായിത്തന്നെ ഇരിക്കുന്നു. ഭേദാതീതമായ അവസ്ഥയിലുള്ള ദൎശനംകൊണ്ടു് ഈശ്വരനെ അനുഭവപ്പെടുത്തുകതന്നെ വേണം. അതെങ്ങിനെയാണു് വേണ്ടതെന്നു വേദാന്തംനമ്മെ പഠിപ്പിച്ചുതരുന്നതാകുന്നു. ഇങ്ങിനെ നിങ്ങൾ ഈശ്വരനിൽ എത്തിച്ചേൎന്നാലും അവിടെത്തന്നെ പിന്നയും ഉറച്ചു നിന്നു

പോകരുത്. സാകാര ഈശ്വരഭാവത്തെ ത്യജിച്ച് കേവലബ്രഹ്മത്തിൽ എത്തിച്ചേർന്നേ മതിയാകൂ. എല്ലാ ജീവികളുടേയും ദർശനവസ്തു ഈശ്വരൻ തന്നെയാണ്. ദർശനം ചെയ്യാനായി എല്ലായിടത്തുമുള്ളതും ഈശ്വരൻതന്നെ ആകുന്നു. "ഞാൻ—ഞാൻ" എന്നു പറയുന്നതു് ഏതൊന്നോ അതു തന്നെയാണ് ബ്രഹ്മം. എങ്കിലും നാം രാവും പകലും ഈശ്വരനെത്തന്നെ കണ്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും—നാം കണ്ടുകൊണ്ടിരിക്കുന്നതു് ഈശ്വരനെയാണ് എന്നു നാം അറിയുന്നില്ല. നമുക്കു ഈ പരമാർത്ഥം മനസ്സിലായാൽ ആ ക്ഷണത്തിൽ നമ്മുടെ സമസ്തദുഃഖങ്ങളും അസ്തമിക്കുന്നതാകുന്നു. അതുകൊണ്ടു നമുക്കു സത്യത്തെപ്പററിയുള്ള ജ്ഞാനം തന്നെയാണ് ഉണ്ടാകേണ്ടതു്. ഐക്യത്തെ പ്രാപിക്കുക; പിന്നെ ദ്വൈതഭാവനയൊന്നും വരികയില്ല. യാഗയജ്ഞാദി കർമ്മങ്ങളെക്കൊണ്ടൊന്നും ജ്ഞാനം സിദ്ധിക്കുകയില്ല. ജ്ഞാനപ്രാപ്തിക്കു് ജ്ഞാനത്തെ അന്വേഷിക്കുകതന്നെ വേണം; അതിനെ ആരാധിക്കുകതന്നെ വേണം; ആത്മാവിനെ അറിയുകതന്നെ വേണം.

ബ്രഹ്മവിദ്യ, ബ്രഹ്മത്തെ അറിയുക, എന്നതു് ആണ് ഉൽകൃഷ്ടമായ ജ്ഞാനം. ഇതിനു താഴെയുള്ള അറിവുകൾ എല്ലാം തത്വവിജ്ഞാനീയങ്ങൾ മാത്രമാകുന്നു. ഇങ്ങിനെയാണ് മുണ്ഡകോപനിഷത്തിൽ പറഞ്ഞിട്ടുള്ളു്. മുണ്ഡകം സന്ന്യാസിമാർക്കുള്ള ഉപനിഷത്താണ്. പ്രധാനം, അപ്രധാനം, എന്നിങ്ങിനെ അറിവു് രണ്ടുപ്രകാരത്തിൽ ഉണ്ടു്. ഈ രണ്ടുതരം അറിവുകളും വേദങ്ങളിൽ അടങ്ങിയിരിക്കുന്നു. ഇതിൽ അപ്രധാനമായ അറിവു് കർമ്മങ്ങളേയും യാഗയജ്ഞാദികളേയും പററി വേദങ്ങളിൽ പറഞ്ഞിരിക്കുന്ന ഭാഗത്തുള്ളതാണ്. ലൌകികസംഗതികളെപ്പററിയുള്ള എല്ലാ അറിവുകളും ഈ ഗോത്രത്തിൽതന്നെ ഉൾപ്പെടുന്നതാകുന്നു. യാതൊരു അറിവിനാൽ നമുക്കു് കേവലത്തെ പ്രാപിക്കുവാൻ സാധി

ക്കുമൊ, അതാകുന്നു പ്രധാനമായ അറിവു്. കേവലം സമസ്തപ്രപഞ്ചത്തേയും അതിന്റെ സ്വന്ത പ്രകൃതിയിൽനിന്നു് സൃഷ്ടിക്കുന്നു. അല്ലാതെ അതിന്നു കാരണമൊന്നും ഇല്ല; അതിൽനിന്നു് പുറത്തും യാതൊന്നും ഇല്ല. അതു് സമസ്തവിശ്വം; ഉള്ളതെല്ലാം അതുതന്നെ. എല്ലാ കർമ്മങ്ങളേയും തനിക്കായിക്കൊണ്ടുതന്നെ, അതായതു്, സ്വന്തആത്മാവിന്നായിക്കൊണ്ടുതന്നെ ചെയ്യുന്നവൻ ആരൊ അവൻ മാത്രമാണു് ബ്രഹ്മത്തെ അറിയുന്നതു്. ബാഹ്യത്തിൽ ചെയ്യുന്ന ആരാധനമാണു് ശ്രേഷ്ഠമെന്നു മൂഢന്മാർ കരുതുന്നു. ആ ഭോഷന്മാടെ വിചാരം കർമ്മത്തിന്നു ഈശ്വരനെ ദാനം ചെയ്യാൻ സാധിക്കും എന്നാണു്. സുഷുമ്നയിൽ കൂടെ, അതായതു യോഗിഗമ്യമായ മാർഗ്ഗത്തിൽകൂടെ, പോകുന്നവർക്കു മാത്രമേ ആത്മാവിനെ പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ. അവർ ഈ മാർഗ്ഗത്തെ അഭ്യസിക്കുവാൻ ഒന്നാമതായി ഗുരുവിനെപ്രാപിക്കണം. ഓരോ ഭാഗത്തിന്നും പൂർണ്ണത്തിന്നുള്ള അതേ സ്വഭാവങ്ങൾ എല്ലാം ഉണ്ടു്; എല്ലാം ഉത്ഭവിക്കുന്നതു് ആത്മാവിൽനിന്നാണു്.

ധ്യാനം-അമ്പു്; ഈശ്വരനെ കാംക്ഷിക്കുന്ന മനസ്സു്-വില്ലു്; ആത്മാ—ലക്ഷ്യം. മോക്ഷേശ്വരനോടുകൂടിയ മനസ്സാകുന്ന ഞാണാണു് അസ്ത്രമാകുന്ന ധ്യാനത്തെ ലക്ഷ്യം ആകുന്ന ആത്മാവിലേയ്ക്കു ഓടിക്കുന്നതു. അമ്പിന്റെ ഗതിഞാണിന്റെ ശക്തിയെ ആശ്രയിച്ചിരിക്കും.

ഖണ്ഡം എന്ന നിലയിൽ നമുക്കു് ഒരിക്കലും അഖണ്ഡത്തെ പ്രകടിപ്പിക്കുവാൻ സാധിക്കുകയില്ല. എന്നാൽ യഥാർത്ഥത്തിൽ നാം ഖണ്ഡമല്ല; അഖണ്ഡപരിപൂർണ്ണമായ വസ്തുതന്നെ ആകുന്നു. ഇതിനെ അറിയുമ്പോൾ നാം ആരോടും വാദത്തിനു് പുറപ്പെടുന്നതല്ല. ആരോടു വാദിക്കുവാനാണു്!

ദിവ്യജ്ഞാനം ഭക്തികൊണ്ടും, ധ്യാനംകൊണ്ടും, സദാചാര പരിശുദ്ധികൊണ്ടും സമ്പാദിക്കാം. "സത്യം മാത്രമേ ജയിക്കയുള്ളൂ. അസത്യം ഒരിക്കലും വിജയിക്കയില്ല. ബ്രഹ്മത്തിലേയ്ക്കുള്ള മാർഗ്ഗം സത്യത്തിൽ കൂടെ മാത്രം ആകുന്നു."

# 18.

## ഏതാനും ധർമ്മസിദ്ധാന്തങ്ങൾ.

---

ജൂലായി 11-ാംനു, വ്യാഴാഴ്ച—

മാതൃപ്രേമംകൂടാതെ യാതൊരു സൃഷ്ടിക്കും ജീവിക്കുവാൻ സാധിക്കുകയില്ല. കേവലം ലൌകികമായി ഒന്നുംതന്നെ ഇല്ലെന്നുപറയാം. ലൌകികം അലൌകികത്തേയും അലൌകികംലൌകികത്തേയും മാർഗ്ഗാന്തരേണ സ്വീകരിക്കുകയും ഒന്നു മറ്റേതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഈ പ്രത്യക്ഷാവസ്ഥ മാത്രമല്ല ഉള്ളത് എന്ന തത്വത്തെ സ്വീകരിച്ചിരിക്കുന്ന മതസ്ഥന്മാരെല്ലാം ഈ പ്രത്യക്ഷപ്രപഞ്ചത്തിനടിയിൽ അതിനാധാരമായി ഒരു അസ്തിഭാരം ഉണ്ട് എന്ന വിശ്വാസത്തോടുകൂടിയവർ ആണ്. എന്നാൽ ആ അസ്തിഭാരത്തിൻെറ സ്വഭാവത്തേയും പ്രകൃതത്തേയും പററി അവരിൽ പല വ്യത്യാസാഭിപ്രായങ്ങളും കണ്ടേക്കും. എങ്കിലും മൂലപ്രമാണത്തെ അവരെല്ലാവരും ഒരുപോലെ സമ്മതിക്കുന്നുണ്ട്. ഭൌതികവാദികൾ പറയുന്നതു് അങ്ങിനെ ഒരു അസ്തിഭാരമേ ഇല്ലെന്നാണ്. ഉണ്ടെന്നു വിശ്വസിക്കുവാൻ കാരണവും അവർ കാണുന്നില്ല. ഈ പ്രത്യക്ഷപ്രപഞ്ചം അതില്ലാതെ തന്നെ തന്നത്താൻ വ്യാഖ്യാനിക്കുന്നു എന്നാണ് അവരുടെ സിദ്ധാന്തം.

എല്ലാമതങ്ങളും ബോധാതീതമായ ഒരു അവസ്ഥയെ സ്വീകരിക്കുന്നുണ്ട്. മാത്രമല്ല, ഈ സംഗതിയിൽ ഒരു

വിശേഷംകൂടെ ഉണ്ടതാനും. ധർമ്മബോധങ്ങൾ എങ്ങിനെയെല്ലാമായാലും, ആചാരങ്ങൾ ഏതെല്ലാം പ്രകാരം ഇരുന്നാലും, ഈ അവസ്ഥ എല്ലാമതങ്ങൾക്കും ഒരുപോലെ, ഒരേ പ്രകാരത്തിൽ ഉള്ളതാകുന്നു. ദേഹത്തെ അതിക്രമിക്കുമ്പോൾ ഹിന്തുക്കൾക്കും, ക്രിസ്ത്യാനികൾക്കും, മഹമ്മദീയക്കും, ബൌദ്ധന്മാക്കും, എന്നുവേണ്ട പ്രത്യേകമതമൊന്നും ഇല്ലാത്തവക്കുംകൂടെയും, ഉണ്ടാകുന്ന അനുഭവം ഒരേപ്രകാരത്തിൽ ഉള്ളതാണ്.

* * *

ലോകത്തിലുള്ള ക്രിസ്ത്യാനികളിലെല്ലാം വെച്ച് ഏററവും വിശിഷ്ടന്മാരായ ക്രിസ്ത്യാനികൾ ഇന്ത്യയിലുള്ളവർ ആണ്. അവരെ, ഏശുവിൻെറ സ്വർഗ്ഗാരോഹണത്തിന്നുശേഷം ഏതാണ്ട് ഒരു കാൽശതവർഷം കഴിയുന്നതിന് മുമ്പായിത്തന്നെ തോമസ്സ് എന്ന ധർമ്മദൂതൻ ഇന്ത്യയിൽ കൊണ്ടുവന്നു് പ്രതിഷ്ഠിച്ചു. അക്കാലത്ത് അംഗ്ലോസാക്സന്മാർ കേവലം മൃഗപ്രായന്മാർ മാത്രമേ ആയിരുന്നുള്ളൂ. പരിഷ്കാരികളായ ഇന്നത്തെ ആ കൂട്ടരുടെ പൂർവികന്മാർ അക്കാലത്ത് ദേഹത്തിലെല്ലാം ചായംപിടിപ്പിച്ച്, ഗിരികന്ദരങ്ങളിൽ താമസിക്കുന്ന കാട്ടുജാതികൾ ആയിരുന്നു. ഇന്ത്യയിൽ ഒരുകാലത്ത് ക്രിസ്ത്യാനികളുടെ സംഖ്യ ഇന്നത്തേതിനെക്കാൾ വളരെ അധികം ആയിരുന്നു. ഇന്നയ്ക്ക് അവരുടെ എണ്ണം മൂന്നിലൊന്നായി കുറഞ്ഞിരിക്കുകയാണ്.

ക്രിസ്തുമതം എന്നും എവിടേയും ഖഡ്ഗംകൊണ്ടേ പ്രചരിപ്പിക്കപ്പെട്ടിട്ടുള്ളൂ. യേശുദേവനെപ്പോലെ കരുണയും ക്ഷമയും ഉള്ളവർ വളരെ വളരെ ദുർല്ലഭമായേ ഉണ്ടാകാറുള്ളൂ. "ഒരു ചെകിട്ടത്തടിക്കുമ്പോൾ മറേറ ചെകിട്ടുകൂടെ കാണിച്ചുകൊടുക്കുക" എന്നു് ഉപദേശിച്ച ആ മഹാ സാത്വിക പ്രകൃതിയുടെ പിൻഗാമികൾ, അദ്ദേഹത്തിൻെറ കാലംകഴിഞ്ഞ് വളരെ ചെല്ലുന്നതിന്നു മുമ്പായിത്തന്നെ, അദ്ദേഹത്താൽ നിർ

ദ്ദിഷ്ടമായ അതേമതം പ്രചരിപ്പിക്കുവാൻ വേണ്ടി അനേകം ജനങ്ങളെ ക്രൂരക്രൂരം ഹിംസചെയ്തതു് എത്ര അതിശയനീയമായിരിക്കുന്നു! മതപരിവർത്തനം ചെയ്യിപ്പിക്കുന്ന മൂന്നു പ്രധാനമതങ്ങൾ ബുദ്ധമതവും, മഹമ്മദുമതവും, ക്രിസ്തുമതവും ആണു്. ഏററവും പ്രാചീനങ്ങളായ മൂന്നു മതങ്ങൾ ഹിന്ദുമതവും ജൂദമതവും സൌരാസ്ത്രമതവും ആകുന്നു. ഈ മൂന്നു് പുരാതനമതങ്ങളും തങ്ങളുടെ സംഘത്തിലേക്കു് അന്യമതാവലംബികളെ മാനസാന്തരപ്പെടുത്തുവാൻ ശ്രമിക്കുകകൂടയും ഉണ്ടായിട്ടില്ല. ബുദ്ധമതാവലംബികൾ സ്വമതപ്രചരണത്തിന്നു് അഗ്നിയേയും ഖഡ്ഗത്തേയും ആശ്രയിക്കാതെ ശുദ്ധമായ സൽസ്വഭാവം ഒന്നുകൊണ്ടുതന്നെയായിരുന്നു ആ പ്രവൃത്തി ചെയ്തുകൊണ്ടിരുന്നതു്. ആ മതം ഒരിക്കൽ ലോകത്തിലെ മുക്കാൽ ഭാഗം ജനങ്ങളേയും അതിൽ ഉൾപ്പെടുത്തിനില്ക്കുക ഉണ്ടായിട്ടുണ്ടു്.

ബുദ്ധമതക്കാർ, യുക്തിവാദംചെയ്തു് സിദ്ധാന്തങ്ങളെ സമർത്ഥിക്കുന്ന ബുദ്ധിമാന്മാരായ സമുദായക്കാരിൽ, അഗ്രഗണ്യന്മാരാണു്. അവർ ഒന്നാന്തരം ന്യായങ്ങൾ പറയും. അതിന്നു് സംശയമില്ല. ഒന്നും ഇല്ലാത്ത ഒരു ശൂന്യാവസ്ഥ, അല്ലെങ്കിൽ കേവലമായ മറെറാരവസ്ഥ, ഇതിൽ ഏതെങ്കിലും ഒന്നേ ഉണ്ടാകുവാൻ പാടുള്ളു എന്നുള്ളതു് നിശ്ചയംതന്നെ. അല്ലാതെ ഈ രണ്ടവസ്ഥകൾക്കും മദ്ധ്യേ ആക്കും എങ്ങും ഇല്ലനില്ക്കുള്ളി. ബുദ്ധമതക്കാർ ഇതിലെ ആദ്യത്തേതിനെയാണു് സ്വീകരിച്ചതു്. അവർ ബുദ്ധിപൂർവ്വകമായി എല്ലാററിനേയും നശിപ്പിക്കുന്നു. ഈശ്വരനുമില്ല, ആത്മാവുമില്ല, പ്രപഞ്ചവുമില്ല, ഒന്നുമില്ല. അവരുടെ ഈ സിദ്ധാന്തത്തെ അവർ നല്ലതുപോലെ ന്യായവാദം ചെയ്തു അങ്ങേ അററംവരെ സാധിക്കുന്നതും ഉണ്ടു്. പ്രത്യുത, അദ്വൈതികളാകട്ടെ കേവലസിദ്ധാന്തകക്ഷികൾ ആണു്. അവരും ന്യായവാദം ചെയ്യുന്ന കൂട്ടർതന്നെ ആകുന്നു. ന്യായവും യുക്തിയും കൂടാതെ ഒന്നിനേയും അവരും അംഗീകരിക്കുന്നില്ല. ഇങ്ങിനെ ന്യായവാദം ചെയ്തു

കൊണ്ടു് അവർ തത്വലോകത്തിൽ പര്യടനംചെയ്യുമ്പോൾ ചെന്നുചേർന്നതു് ന്യായത്തിന്നും യുക്തിക്കും പ്രവേശനമില്ലാത്ത കേവലത്തിലാണു്. കേവലം എന്നാൽ സമസ്ത ഭാവങ്ങളും ഉണ്ടായിട്ടുള്ള "ഏകവസ്തു" എന്നു് താല്പര്യം. ബുദ്ധമതക്കാൎക്കും അദ്വൈതികൾക്കും തമ്മിൽ ഒരു സംഗതിയിൽ നല്ല യോജിപ്പു് കാണുന്നുണ്ടെന്നു് പറയാം. രണ്ടുകൂട്ടരും ഒരേ സമയത്തിൽ തന്നെ "അസ്തി""നാസ്തി" എന്നിങ്ങിനെ രണ്ടു ഭാഗങ്ങളെ കാണുന്നുണ്ടു്. ഇവയിൽ ഏതെങ്കിലും ഒന്നു മാത്രമേ ശരിയായിരിക്കുവാൻ പാടുള്ളു എന്നും, ഒന്നുമാത്രം പരമാൎത്ഥമാകുമ്പോൾ മറേറതു് പരമാൎത്ഥമല്ലാതെവരണം എന്നും ഇരുകൂട്ടൎക്കും അറിയാം. ആകയാൽ ബുദ്ധമതക്കാർ യാഥാൎത്ഥ്യത്തെ "നാസ്തി"യിൽ ആണു് സ്ഥാപിക്കുന്നതു്. അദ്വൈതികൾ "അസ്തി"യിലുംആകുന്നു. ലോകത്തിലെങ്ങും ഉണ്ടായിട്ടുള്ള യുദ്ധങ്ങളെല്ലാം ഈ വ്യത്യാസത്തിൽ നിന്നു് ഉണ്ടായിട്ടുള്ളതാണു്. മല്ലയുദ്ധത്തിന്റെ ബീജംതന്നെ ഇതാണു്.

"നാസ്തി" സിദ്ധാന്തവാദികൾക്കു് അസ്തിത്വത്തെ പററിയുള്ള ആശയംതന്നെ എങ്ങിനെ ഉണ്ടാകും എന്നാണു് "അസ്തി" സിദ്ധാന്തവാദികൾ ചോദിക്കുന്നതു്. വൃത്താകൃതിയിൽ അതിവേഗം തിരിയുന്നപന്തം ഒരു അഗ്നിവൃത്തമായി കാണപ്പെടുന്നതു് എന്തുകൊണ്ടാണു്? അവൎക്കു് അതിനെ എങ്ങിനെ സാധിക്കാം? ചലനത്തെ അറിയണമെങ്കിൽ ചലനമില്ലാത്ത മറെറാന്നിനെ ആശ്രയിക്കുകതന്നെ വേണമെല്ലോ. പിമ്പുറത്തായി ഒരു അസ്തിഭാരം ഉണ്ടെന്നുള്ള സിദ്ധാന്തത്തെ സ്വീകരിക്കുവാൻ അവർ തയ്യാറില്ലെങ്കിൽ, മുമ്പുറത്തു് വെറും കാഴ്ചക്കുമാത്രമായി ഒന്നുള്ളതിനെ അവരെക്കൊണ്ടു് ഒരു പ്രകാരേണയും വ്യാഖ്യാനിക്കുവാൻ സാധിക്കുകയില്ല. മാത്രമല്ല, "ഏകം ആയ വസ്തു ബഹുവായി പിരിഞ്ഞതെങ്ങിനെയാണു്" എന്നു് വ്യാഖ്യാനിക്കുവാൻ ആദർശവാദികളെ ക്കൊണ്ടും സാധിക്കുകയില്ല. അതിന്നു് ഒരേ ഒരു വ്യാഖ്യാനം

മാത്രമേ ഉള്ളൂ. അതു് അതീന്ദ്രിയമായ ലോകത്തിൽ നിന്നു് വരേണ്ടതുമാകുന്നു. നാം ബോധാതീതമായ അവസ്ഥയെ, അതായതു് ഇന്ദ്രിയങ്ങളുടെ സമസ്തവ്യാപാരങ്ങൾക്കും അതീതമായ ഒരു അവസ്ഥയെ, പ്രാപിക്കുമ്പോൾ മാത്രമേ അ വ്യാഖ്യാനം നമുക്കു് ലഭ്യമാകുകയുള്ളൂ. അങ്ങിനെ പോകുന്ന ആൾക്കു് ആ അബോധാവസ്ഥയിൽ കേവലത്തെ അനുഭവപ്പെടുത്തുവാൻ സാധിക്കുന്നതുമാണു്. വിവേകാനന്ദൻ എന്ന മനുഷ്യന്നു് അപ്പോൾ കേവലത്തിലേക്കു് കടക്കുവാനും അവിടെനിന്നു് പിന്നേയും മാനുഷികലോകത്തിലേക്കുതന്നെ ഇറങ്ങുവാനും സാധിക്കും. ആ സ്ഥാനത്തിൽ എത്തിയ ആൾക്കു് സംഗതികളെല്ലാം മനസ്സിലായി കഴിഞ്ഞിരിക്കുന്നു; ആ ആളുടെ കാര്യങ്ങളും എല്ലാം ശരിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതുതന്നെ മററുള്ളവരുടെ സംഗതികൾ ശരിപ്പെടുത്തുകയും ചെയ്യും. മററുള്ളവക്കും ഇതിലേക്കുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുവാൻ അദ്ദേഹത്തെക്കൊണ്ടു് സാധിക്കുന്നതാണു്. അതിനാൽ ഇതു് ഒന്നാമതായി തങ്ങൾക്കുതന്നെയും രണ്ടാമതായി മററുള്ളവക്കുകൂടിയും അനുഗ്രഹമായി തീരുന്നു. ഇവിടെ ആണു് ധർമ്മം ആരംഭിക്കുന്നതു്. "തത്വജ്ഞാനം അവസാനിക്കുന്നേടത്തു് ധർമ്മം ആരംഭിക്കുന്നു" എന്നു് പറയുന്നതും ഇതുതന്നെ ആകുന്നു. ഇപ്പോൾ നമുക്കു് ബോധാതീതാവസ്ഥയിൽ ഇരിക്കുന്ന സംഗതികളെല്ലാം, ഭാവിയിൽ ഏതോ ഒരു കാലത്തു് എല്ലാവക്കും അനുഭവബോദ്ധ്യമായി തീരും. അതായിരിക്കും ലോകകല്യാണാവസരം. അതുകൊണ്ടു് ധർമ്മം ഇനിയും വരുവാൻ ഇരിക്കുന്നതേയുള്ളൂ. ലോകത്തിലെ ഏററവും മഹത്തരമായ പ്രവൃത്തി "ധർമ്മപ്രവൃത്തി" തന്നെ ആകുന്നു. ഈ പരമാർത്ഥം മനുഷ്യരാരും ഇന്നു് അത്ര ധാരാളമായി ഓർമ്മിക്കുന്നില്ലെങ്കിലും, അവക്കു് അതിന്റെ രഹസ്യം അറിവായിട്ടുള്ളതുകൊണ്ടാണു് അവർ എല്ലാകാലത്തും ധാർമ്മികമായ ചിന്തകളെ കൈവിടാതെ വച്ചുകൊണ്ടിരിക്കുന്നതു്.

ധർമ്മം ഒരു നല്ല പശുവാണ്; ധാരാളം പാൽ കറക്കാം. പക്ഷെ ഒട്ടൊക്കെ ചവിട്ടും കുത്തും ഉണ്ടെന്നേയുള്ളു. ധാരാളം പാലുള്ള പശുവിൻെറ ചവിട്ടും കുത്തും പാൽക്കാരൻ അത്ര വകവെയ്ക്കാറില്ലല്ലൊ. ധർമ്മം മേലിൽ ജനിക്കുവാനുള്ള ഒരു അത്യുൽകൃഷ്ട സന്താനമാകുന്നു. നാം അ കുഞ്ഞിനെ വേണ്ടതുപോലെ ശുശ്രൂഷിച്ച് വളർത്തിയാൽ അത് ഒരു ബലിഷ്ഠസത്വമായിത്തീരും. അഗ്രഹം എന്ന രാജാവും അറിവ് എന്ന രാജാവും തമ്മിൽ വലിയ യുദ്ധമായി. ഈ യുദ്ധത്തിൽ ജ്ഞാനരാജൻ മിക്കവാറും പരാജിതനായി പോകതന്നെ ചെയ്തു. ആ ഘട്ടത്തിൽ അദ്ദേഹം ഉപനിഷത്ത് എന്ന രാജകന്യകയെ വിവാഹം ചെയ്തു. ഇവരിൽ അനുഭൂതി എന്ന ഒരു സന്താനം ജാതനായി. അ അനുഭൂതി അഗ്രഹരാജനെ തോല്പിച്ച് പിതാവിന്ന് വിജയം സമ്പാദിച്ചുകൊടുത്തു. *

ഒരു കാമുകന്ന് ഒരു കാമിനിയിൽ ഉണ്ടാകുന്ന പ്രേമം നിമിത്തം അവൻെറ ഇച്ഛാശക്തികളെല്ലാം യാതൊരു ശ്രമവുംകൂടാതെ, ഏതൊരുപ്രകാരം ഒരേ കേന്ദ്രത്തിൽ ഏകീകൃതമായിത്തീരുന്നുവോ അതുപോലെ ഈശ്വരഭക്തി നിമിത്തം, ഭക്തൻെറ സമസ്ത ശക്തികളും നിഷ്പ്രയാസം ഈശ്വരനിൽ ഏകീകൃതമായിത്തീരുന്നതാണ്.

ഭക്തിമാർഗ്ഗം പ്രകൃതിക്ക് അനുസരണമായിട്ടുള്ളതും സുഖകരവും ആകുന്നു. ജ്ഞാനമാർഗ്ഗം, ഒരു നദിയെ അതിൻെറ ഉത്ഭവസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചുകൊണ്ടുപോകുന്നതുപോലെ അത്ര പ്രയാസമായതാണ്. പക്ഷെ അതു എളുപ്പവഴിയാണെന്നുള്ളതിന്നു സംശയമില്ല. എന്നാൽ അത്രയ്ക്കുമാത്രം വിഷമവും ആകുന്നു. ജ്ഞാനം പറയുന്നത്:—"എല്ലാം നിരോധിക്കുക" എന്നാണ്. ഭക്തി പറയുന്നത്:—"എല്ലാം

* ഇത് പ്രബോധചന്ദ്രോദയത്തിലെ കഥയാണ്.

ഈശ്വരാർപ്പണമാക്കി ചെയ്യുക" എന്നും ആകുന്നു. ഭക്തി മാർഗ്ഗം നീണ്ടവഴിയാണ്; എന്നാൽ വളരെ സുഖദവും അശ്വാസകരവും ആകുന്നു എന്ന ഗുണം കൂട്ടം.

"അടിയൻ നിന്തിരുവടിയുടേതാണ്; അതിനാൽ അടിയൻ ചെയ്യുന്നതെല്ലാം ചെയ്യുന്നത് നിന്തിരുവടിതന്നെ ആകുന്നു. ഞാനെന്നും എന്റേതെന്നും ഇനി ഒട്ടുംതന്നെ ഇല്ല."

"ദാനം ചെയ്വാൻ അടിയന്നു് ധനമില്ല; പഠിക്കുവാൻ അടിയന്നു് ബുദ്ധിയില്ല; യോഗാഭ്യാസം ചെയ്വാൻ അടിയന്നു് ആയുസ്സില്ല. അതിനാൽ ആനന്ദസ്വരൂപനായ നിന്തിരുവടിക്കായിക്കൊണ്ടു അടിയൻ അടിയനെത്തന്നെ ദാനംചെയ്യുന്നു. അടിയന്റെ മനസ്സും അടിയന്റെ ശരീരവും നിന്തിരുവടിക്കായി ഭവിക്കട്ടെ."

ആത്മാവിന്നും ഈശ്വരന്നും മദ്ധ്യേ ഒരു തടസ്സമുണ്ടാക്കുവാൻ, എത്രയൊക്കയായാലും, അജ്ഞാനംകൊണ്ടും അന്ധവിശ്വാസംകൊണ്ടും സാധിക്കുകയില്ല. ഈശ്വരൻ ഇല്ലാ എന്നിരുന്നാൽ കൂടെ ഭക്തിയെ ഗാഢമായി ആശ്രയിച്ചിരിക്കുകതന്നെയാണു വേണ്ടതു്. അമേദ്ധ്യത്തെ കാംക്ഷിക്കുന്ന ശ്വാനനെപ്പോലെ ജീവിക്കുന്നതിലും ഭേദം, ഈശ്വരനെ അന്വേഷിച്ചുകൊണ്ടു മരിക്കുകയാകുന്നു. ഏററവും ഉന്നതമായ ആദർശത്തെ തിരഞ്ഞെടുക്കണം, അതിന്നനുസരണമായി ജീവിക്കുവാൻ ശ്രമിക്കുകയും വേണം. "മരണം എന്നതു് നിശ്ചയമായും സംഭവിക്കുന്ന സംഗതിയാകയാൽ ഒരു സൽകൃത്യത്തിന്നായി ജീവിതന്നെ ഉപേക്ഷിക്കുന്നതു് ഏററവും ഉചിതമായ പ്രവൃത്തിയാകുന്നു."

ഭക്തി യാതൊരു പ്രയാസവും കൂടാതെ ജ്ഞാനത്തെ സമ്പാദിക്കുന്നതാണു്; പിന്നെ ജ്ഞാനാനുഭൂതി ഉണ്ടാകുമ്പോൾ പരാഭക്തിയും ഉണ്ടായിക്കൊള്ളും.

ജ്ഞാനം വലിയ സൂക്ഷ്മഗ്രാഹിയാണ്; എന്തുകണ്ടാലും അതിനെപ്പററി ആക്ഷേപിച്ചുകൊള്ളും. എന്നാൽ ഭക്തി പരമ ശാന്തനാകുന്നു. "ഈശ്വരൻതന്നെ ഈശ്വരൻെറ യഥാർത്ഥസ്വഭാവം എനിക്ക് കാണിച്ചുതന്നുകൊള്ളും" എന്ന് സമാധാനിച്ചു അത് സകലത്തേയും സ്വീകരിക്കുകയാണ് ചെയ്യുന്നത്.

* * *

# 19

## ശങ്കരഭാഷ്യം.

---

ജൂലായി 12-ാനു, വെള്ളിയാഴ്ച—

"എല്ലാവരുടേയും അഗ്രാഹം ആത്മാ"-നാലാം വ്യാസസൂത്രം.

ഈശ്വരനെ വേദാന്തത്തിൽക്കൂടവേണം അറിയുവാൻ. പ്രപഞ്ചകാരണവും, സൃഷ്ടാവും, രക്ഷിതാവും, സംഹാരകർത്താവും ആയ ഈശ്വരനെയാണ് എല്ലാ വേദങ്ങളും ചൂണ്ടി കാണിക്കുന്നതു്. ബ്രഹ്മാ, വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികളും ഒന്നായിചേർന്ന് നില്ക്കുന്നതു "ഈശ്വരൻ". ഹൈന്ദവ വിശ്വാസകോടികളിൽ ഈ ത്രിമൂർത്തികൾക്കു ഗണ്യമായ ഒരു സ്ഥാനം ഉണ്ടു്.

"അടിയനെ സംസാരമാകുന്ന ഇരുട്ടുകടലിൻെറ മറുകര പററിക്കുന്ന പിതാവ് നിന്തിരുവടി ആകുന്നു" എന്ന് ശിഷ്യൻ ഗുരുവിനോടു പറയുന്നു.

നിങ്ങൾക്ക് ബ്രഹ്മത്തെ കാണിച്ചുതരുവാൻ വേദങ്ങളെ കൊണ്ടു സാധിക്കുകയില്ല. നിങ്ങൾ ബ്രഹ്മംതന്നെഅല്ലയോ? എന്നാൽ, പരമാർത്ഥത്തെ നിങ്ങളുടെ ദൃഷ്ടിയിൽ നിന്നു

മറച്ചുവെച്ചിരിക്കുന്ന ആ മൂടുപടത്തെ നീക്കംചെയ്യുന്നസംഗതിയിൽ സഹായിക്കുവാൻ മാത്രമേ അവയെക്കൊണ്ടു് സാധിക്കുകയുള്ളൂ. നീങ്ങുവാനുള്ള ഒന്നാമത്തെ ആവരണം അജ്ഞാനത്തിന്റേതാണു്. അതു് നശിക്കുമ്പോൾ പാപവും നശിക്കുന്നു; അപ്പോൾ ആഗ്രഹങ്ങളും ഇല്ലാതാകുന്നു; സ്വാർത്ഥത അവസാനിക്കുന്നു; ദുഃഖങ്ങളും അസ്തമിക്കുന്നു. എന്നാൽ ഈ അജ്ഞാനനാശം "ഈശ്വരനും ഞാനും ഒന്നുതന്നെയാണു്" എന്ന അറിവു് ഉണ്ടാകുമ്പോൾ മാത്രമേ വരികയുള്ളൂ. നിങ്ങൾ ആത്മാവിനോടു ഐക്യം പ്രാപിക്കുക. അതാണു് സർവ്വപ്രധാനമായ സംഗതി. അല്ലാതെ, മാനുഷികമായി ക്ലിപ്ത ഭാവത്തിൽ സത്യതല്പരബുദ്ധിയുള്ളവരായി തീരുന്നതുകൊണ്ടു് പ്രയോജനമൊന്നും ഇല്ല. "ഞാൻ ശരീരമല്ല" എന്നു് നിങ്ങൾ അറിയുമ്പോൾ എല്ലാ ദുഃഖങ്ങളും എല്ലാ രോഗങ്ങളും അവസാനിക്കുന്നതാണു്. ഇതാണു് ദുഃഖസന്തരണത്തിനുള്ള പരമരഹസ്യം. ഈ പ്രപഞ്ചംതന്നെ ഒരു ജാലവിദ്യ. ആ ജാലത്തിൽനിന്നു ഒഴിഞ്ഞുനിന്നാൽ ദുഃഖങ്ങളൊന്നും നിങ്ങളെ ബാധിക്കുകയില്ല.

സ്വതന്ത്രനായിത്തീരുവാൻ ഒന്നാമനായി പാപങ്ങളെ ഇല്ലാതാക്കി പുണ്യങ്ങളെ ആർജ്ജിക്കണം; തിന്മയിൽനിന്നു് നന്മയിലേയ്ക്കു് കടക്കണം; പിന്നെ രണ്ടിനേയും ഉപേക്ഷിക്കുകയും വേണം. അല്ലാതെ, പാപത്തെ അല്ലെങ്കിൽ തിന്മയെ ആ നിലയിൽതന്നെ ഉപേക്ഷിക്കുവാൻ സാധിക്കുക ഇല്ല. തമസ്സിനെ രജസ്സുകൊണ്ടു് ജയിക്കണം, പിന്നെ തമസ്സിനേയും രജസ്സിനേയും സത്വത്തിൽ ലയിപ്പിക്കണം. ഒടുവിൽ സത്വരജസ്തമസ്സുകളേയും അതിക്രമിച്ചുപോകുകയും വേണം. അല്ലാതെ തമസ്സിൽനിന്നു് നേരിട്ടു് സത്വത്തിലേയ്ക്കു് ചാടുവാനൊ സത്വത്തെവെച്ചുകൊണ്ടു് പരിപൂർണ്ണൻ ആകുവാനൊ സാധിക്കുകയില്ല. നിങ്ങളുടെ ശ്വാസോച്ഛ്വാസംതന്നെ ഈശ്വരഭജനമായിത്തീരുന്ന ഒരു സ്ഥാനമുണ്ടു്. ആ സ്ഥാനത്തെപ്രാപിക്കുക.

മററൊരുവൻെറ വാക്കുകളിൽനിന്ന് എപ്പോഴെങ്കിലും നിങ്ങൾ എന്തെങ്കിലും പഠിക്കുകയൊ നിങ്ങൾക്ക് എന്തെങ്കിലും ലഭിക്കുകയൊ ചെയ്യുന്നുണ്ടെങ്കിൽ, ജന്മാന്തരങ്ങളിൽ അതിൻെറ അനുഭവം നിങ്ങൾക്ക് ഉണ്ടായിരുന്നു എന്ന് നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അനുഭവത്തിൽ കൂടെ മാത്രമേ ഏതു് അറിവും ലാഭവും ഉണ്ടാകുവാൻ നിവൃത്തിയുള്ളു; ഉണ്ടാകയും ഉള്ളു.

ശക്തി ഏതൊരുപ്രകാരത്തിൽ ഉള്ളതായാലും വേണ്ടതില്ല; അതിൻെറ ലാഭത്താൽ പിന്നീട്ട് പൂർവ്വാധികം കഷ്ടപ്പാടുകൾ ഉണ്ടാകുന്നതാണ്. അതുകൊണ്ടു് എല്ലാ അനുഗ്രഹങ്ങളേയും നശിപ്പിക്കുക. അനുഗ്രഹമാണ് നമുക്ക് ആപത്തുകളെയെല്ലാം വരുത്തിവെയ്ക്കുന്നതു്. അനുഗ്രഹം എന്നതു് സ്വർണ്ണനിറം പിടിപ്പിച്ച വിഷഗുളികകൾ മാത്രമാണെന്ന് അറിയുന്നതാണ് വൈരാഗ്യം.

"മനസ്സ് ഈശ്വരനല്ല; ആത്മാവുമല്ല."

"തത്-ത്വം-അസി" (അതു് നീ ആകുന്നു.) "അഹം ബ്രഹ്മാസ്മി" (ഞാൻ ബ്രഹ്മമാകുന്നു.) ഇതു് അനുഭവമാകുന്ന ഒരുവന്ന് "ഹൃദയഗ്രന്ഥികൾ ഭേദിക്കപ്പെട്ടുകയും സർവ്വസംശയങ്ങളും ഛേദിക്കപ്പെട്ടുകയും ചെയ്യും." നമ്മൾക്ക് ഉപരിയായി ഈശ്വരൻപോലും ഉണ്ടായിരിക്കുന്ന കാലത്തെല്ലാം അഭീതിസ്വം സാധിതപ്രായമായിരിക്കയില്ല. അതിന്നു വേണമെങ്കിൽ നമ്മൾ ഈശ്വരൻതന്നെ ആകണം. സൂക്ഷ്മത്തിൽ വിഭിന്നങ്ങളായ പദാർത്ഥങ്ങൾ എന്നും വിഭിന്നങ്ങളായിത്തന്നെ ഇരിക്കും. നിങ്ങൾ ഈശ്വരനിൽനിന്നു ഭിന്നമാണെന്നുള്ളതു പരമാർത്ഥമാണെങ്കിൽ നിങ്ങൾക്ക് ഒരിക്കലും ഈശ്വരനോടുകൂടി യോജിക്കുവാൻ സാധിക്കുകയില്ല. അതുപോലെതന്നെ ഭിന്നമല്ലെങ്കിൽ ഭിന്നിക്കുവാനും സാധിക്കുകയില്ല. സൽക്കർമ്മഫലങ്ങളെക്കൊണ്ടു് നിങ്ങൾ ഈശ്വരനോടു

കൂടി ചേരുകയാണെങ്കിൽ ആ സൽക്കർമ്മഫലം അവസാനിക്കുമ്പോൾ നിങ്ങൾ ഈശ്വരനെ വിട്ടുപിരിയേണ്ടതായിത്തന്നെ വരും. എന്നാൽ ചേർച്ച സനാതനമായിതന്നെ ഉള്ളതാണു്; സൽക്കർമ്മം അതിനെ മൂടിവെച്ചിരിക്കുന്ന ആവരണത്തെ നീക്കം ചെയ്യുവാൻ സഹായിക്കുകമാത്രമാണു് ചെയ്യുന്നതു്. നമ്മൾ "അസാദ്" (സ്വതന്ത്രന്മാർ)ആകുന്നു. നമുക്കു് ആ പരമാർത്ഥം ബോദ്ധ്യപ്പെട്ടുക മാത്രമേ വേണ്ടതായിട്ടുള്ളു. "ആത്മാവിനാൽ തിരഞ്ഞെടുക്കപ്പെട്ടുന്നവൻ" എന്നു് പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം നാം ആത്മാതന്നെയാണെന്നും നാം നമ്മളെത്തന്നെയാണു് തിരഞ്ഞെടുക്കുന്നതു് എന്നും ആകുന്നു.

കാഴ്ച എന്തൊന്നിനേയാണു് ആശ്രയിക്കുന്നതു്? നമ്മുടെ സ്വന്ത ശ്രമത്തേയോ, അതൊ പുറമെയുള്ള ഏതെങ്കിലും വസ്തുവേയോ? അതു് നമ്മളെത്തന്നെ ആശ്രയിച്ചാണു് നില്ക്കുന്നതു്. നമ്മുടെ ശ്രമം മാലിന്യത്തെ തുടച്ചു് വെടിപ്പാക്കുന്നു എന്നു് മാത്രം. അല്ലാതെ അതുകൊണ്ടു് കണ്ണാടിക്കു് മാററമൊന്നും ഉണ്ടാകുന്നില്ല. അറിയുന്നവനുമില്ല, അറിവുമില്ല, അറിയപ്പെടുന്ന വസ്തുവും ഇല്ല. "എനിക്കു് അറിഞ്ഞുകൂടാ എന്നു് അറിയുന്നവനാരോ അവന്നു് അതിനെ അറിയാം". അല്ലാതെ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുവാൻ ബദ്ധപ്പെടുന്നവരാരും ഒന്നും അറിയുന്നവരല്ല.

നാം ബദ്ധരാണു് എന്നുള്ള ആശയം തന്നെ വെറും ഭ്രാന്തിയിൽ നിന്നു് ഉണ്ടായിട്ടുള്ളതാകുന്നു.

ധർമ്മം ഈ ലോകത്തിലേയ്ക്കു് ചേർന്നതല്ല; അതു് ഒരു "ഹൃദയ ശുചീകരണം"മാത്രവും ഈ ലോകത്തിൽ അതിന്റെ പ്രയോജനം അപ്രധാവും ആകുന്നു. സ്വാതന്ത്ര്യം ആത്മസ്വഭാവത്തിൽ നിന്നു് വേർ പിരിക്കുവാൻ സാധിക്കാത്ത ഒന്നാണു്. ആത്മാ എന്നും ശുദ്ധവും പൂർണ്ണവും സ്ഥിരവും

തന്നെ. ഈ ആത്മാവിനെ നിങ്ങൾക്ക് നിർവ്വചിക്കുവാനൊ അറിയുവാനോ സാധിക്കുകയില്ല. ആത്മാവിനെപ്പററി "നേതി നേതി" എന്നുമാത്രമേ പറയുവാൻ തരമുള്ളു.

"മനസ്സിൻേറയൊ അല്ലെങ്കിൽ വിചാരത്തിൻേറയോ ഏതൊരു ശക്തികൊണ്ടും പുറത്ത് ഓടിക്കുവാൻ സാധിക്കാത്ത ഒന്നാണ് ബ്രഹ്മം"—ശങ്കരാചാര്യസ്വാമികൾ.

* * *

"പ്രപഞ്ചംതന്നെ ഒരു വിചാരം, വേദങ്ങൾ ഈ വിചാരത്തിൻെറ വാക്കുകൾ ആകുന്നു. നമുക്ക് വേണമെങ്കിൽ ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുവാനും സൃഷ്ടിക്കാതിരിക്കുവാനും സാധിക്കും. വാക്കുകളെ ഉച്ചരിക്കുന്നതുകൊണ്ട് അദൃഷ്ടമായ ഒരുവിചാരം പ്രബുദ്ധമാകുന്നു. പിന്നെ അതിൻെറ ഫലമായി ദൃശ്യലോകം ഉണ്ടാകുകയും ചെയ്യുന്നു." ഒരുതരം കർമ്മയോഗികളുടെ അഭിപ്രായം ഇങ്ങിനെയാണ്. നമ്മൾ ഓരോരുത്തരം ഓരോ സ്രഷ്ടാവാണെന്നാണ് അവർ വിചാരിക്കുന്നത്. വാക്കുകളെ ഉച്ചരിക്കുമ്പോൾ ആ വാക്കിനോട്ട് യോജിച്ചു നില്ക്കുന്ന ആശയം ഉൽബുദ്ധമാകുന്നതാണ. അതിൻെറ ഫലം പ്രത്യക്ഷമായി കാണപ്പെടുകയും ചെയ്യും. "വിചാരം വാക് ശക്തിയാകുന്നു; വാക്ക് വിചാരത്തിൻെറ പ്രകടനവും ആകുന്നു" എന്ന് മീമാംസകന്മാർ പറയുന്നു. ഇവരും ഹിന്ദുസമ്പ്രദായത്തിലെ ഒരു ദർശനം ആശ്രയിച്ചുള്ള വർഗ്ഗക്കാരാണ്.

# 20

## ഇച്ഛാസ്വാതന്ത്ര്യം.

---

ജൂലായി 13-ാംനു, ശനിയാഴ്ച—

നമുക്ക് ഏതെല്ലാം അറിവുകളുണ്ടോ അവയെല്ലാം മിശ്രവസ്തുക്കളാണ്. ഇന്ദ്രിയങ്ങൾമൂലമായുണ്ടാകുന്ന അറിവുകൾ എല്ലാം ഓരോ വസ്തുവേയും ഭാഗം ഭാഗമായി പിരിച്ച് വിചാരം ചെയ്യുന്നതിൽ നിന്ന് ഉണ്ടാകുന്നവയാകുന്നു. മനസ്സ് ഒരു കലർപ്പില്ലാത്ത ഏക വസ്തുവാണ്—മൂലപദാർത്ഥമാണ്—സ്വതന്ത്രമായതാണ്—എന്നിങ്ങിനെയുള്ള വിചാരങ്ങൾ തന്നെ ദ്വൈതബുദ്ധിയിൽ നിന്ന് ഉണ്ടാകുന്നതാകുന്നു. ഗ്രന്ഥങ്ങളെ അഭ്യസിച്ചതുകൊണ്ട് തത്വജ്ഞാനം സിദ്ധിക്കുക ഇല്ല. നിങ്ങൾ ഗ്രന്ഥങ്ങളെ അധികമധികം ആശ്രയിക്കുംതോറും നിങ്ങളുടെ മനസ്സ് പൂർവാധികം പരിഭ്രമിച്ച് വശാകുകയേയുള്ളൂ. വിചാരശീലന്മാരല്ലാതിരുന്ന തത്വജ്ഞാനികൾ വിചാരിച്ചിരുന്നത് മനസ്സ് ഏകപദാർത്ഥം ആണെന്നായിരുന്നു. അതുകൊണ്ട് അവർ സ്വതന്ത്രഇച്ഛയിൽ വിശ്വസിക്കുവാൻ നിർബന്ധിതരായിത്തീരുകയും ചെയ്തു. എന്നാൽ പിന്നീട് മനഃശാസ്ത്രം അഭിവൃദ്ധിയെ പ്രാപിച്ചപ്പോൾ മേൽവിവരിച്ച വിശ്വാസം തെറ്റാണെന്നും മനസ്സ് ഒരു മിശ്രപദാർത്ഥമാണെന്നും തെളിവായി. എല്ലാമിശ്രപദാർത്ഥങ്ങളും, അവയ്ക്കു സ്വപ്രകൃത്യാ ഇല്ലാത്തതായ ഒരു അന്യശക്തികൊണ്ടു ബന്ധിക്കപ്പെട്ടതായി വേണം ഇരിക്കുവാൻ എന്നുള്ളത് തർക്കമറ്റ സംഗതിയാകുന്നു. അതുകൊണ്ട് ഇച്ഛ എന്നതും ബാഹ്യത്തിലെ ഏതോ ശക്തികളുടെ പ്രയോഗം കൊണ്ട് സംഘടിക്കപ്പെട്ടതാണെന്ന് സ്പഷ്ടമായിരിക്കുന്നുണ്ട്. മനുഷ്യന്നു അത്യാവശ്യമായിരിക്കുന്ന ഭക്ഷണം കഴിക്കുവാൻകൂടെ സ്വതന്ത്രമായി ഇച്ഛിക്കുവാൻ

സാധിക്കുകയില്ല. അതിന്നും വിശപ്പിന്റെ പ്രേരണ ആവശ്യമാകുന്നു. ഇച്ഛ ആഗ്രഹത്തിന്നു അധീനമാണ്. എന്നാൽ നാം സ്വതന്ത്രരാണ്; ആ പരമാൎത്ഥം നമ്മൾ ഓരോരുത്തൎക്കും അനുഭവവും ആകുന്നു.

ഇതെല്ലാം തെറ്റാണെന്നും തെറ്റായ വിശ്വാസം കൊണ്ട് ഉണ്ടായിട്ടുള്ളതാണെന്നും ആണ് വേറെ ചിലരുടെ അഭിപ്രായം. അങ്ങിനെയാണെങ്കിൽ ലോകത്തെത്തന്നെ എങ്ങിനെ തെളിയിക്കാം? അതിന്ന് ആകെയുള്ള ഒരു തെളിവു നാം അതിനെ കാണുകയും അറിയുകയും ചെയ്യുന്നു എന്നുള്ളത് മാത്രമാണല്ലോ. അതുപോലെതന്നെ സ്വാതന്ത്ര്യവും നമുക്ക് അനുഭവമാകുന്നില്ലേ? പ്രാപഞ്ചികമായ ബുദ്ധി ഈ ലോകത്തെ സമ്മതിക്കുന്നു എങ്കിൽ, അതുതന്നെ സ്വാതന്ത്ര്യത്തേയും സമ്മതിക്കുന്നതിനിടവരണം. എന്നാൽ ഈശ്വര—ഈശ്വരസന്നിധിയിൽ ഉള്ളതുമാത്രം—അല്ല സ്വാതന്ത്ര്യം. എല്ലാ യുക്തിവാദങ്ങളുടേയും അടിസ്ഥാനം, സ്വാതന്ത്ര്യത്തിൽ മനുഷ്യനുള്ള വ്യവസ്ഥിതവിശ്വാസം ആകുന്നു. സ്വാതന്ത്ര്യം ഈശ്വരനോടു ചേൎന്നുതന്നെയാണ്. അതു് പക്ഷെ ബന്ധനത്തിൽ അകപ്പെട്ടുപോയി. സ്വതന്ത്രമായ ഈശ്വര എന്നുള്ള ആശയംതന്നെ ബന്ധനത്തിന്ന് പ്രതികൂലമായി മനുഷ്യനുള്ള പരിശ്രമത്തെ പ്രതിനിമിഷം തെളിയിക്കുന്നുണ്ട്. സ്വതന്ത്രമായതു ഏകമായിരിക്കണം, അവ്യാകൃതമായിരിക്കണം, പരിപൂൎണ്ണമായിരിക്കണം, അക്ലിപ്തവും ആയിരിക്കണം. മനുഷ്യസ്വാതന്ത്ര്യം ഇപ്പോൾ ഒരു വെറും ഓൎമ്മ—സ്വാതന്ത്ര്യോന്മുഖമായ ഒരു നോട്ടം—മാത്രമായിരിക്കുന്നു.

പ്രപഞ്ചത്തിലെ സമസ്തവസ്തുക്കളും തങ്ങൾ ഗതിതുടൎന്നുകൊണ്ടിരിക്കുന്ന വൃത്തത്തെ പരിപൂൎണ്ണമാക്കുവാൻ സ്വയമേവ യത്നിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നതു്. തങ്ങളുടെ ഉത്ഭവസ്ഥാനത്തേയ്ക്കുതന്നെ—തങ്ങളുടെ യഥാൎത്ഥ ഉത്ഭവസ്ഥാനമായ ആത്മാവിലേയ്ക്കുതന്നെ—എത്തിച്ചേരുവാൻ

ബദ്ധപ്പെടുകയാണ്. സുഖത്തെ തേടുക എന്നതു് സാമ്യാവസ്ഥയെ—തുല്യാവസ്ഥയെ--കണ്ടുപിടിക്കുവാനുള്ള പരിശ്രമം അല്ലാതെ മററൊന്നുമല്ല. ഭേദമറിയാത്ത സാമ്യാവസ്ഥയെ വീണ്ടും പ്രാപിക്കുവാനുള്ള ശ്രമംതന്നെയാണ് അതു്. സദാചാരം എന്നതു് ബദ്ധൻെറ സ്വതന്ത്രനാകുവാനുള്ള പരിശ്രമം മാത്രമാകുന്നു. നാം സ്വാതന്ത്ര്യത്തിൽ നിന്നു് വന്നവരാണെല്ലതിലേക്കുള്ള തെളിവും അതുതന്നെ ആകുന്നു.

*　　　　*　　　　*

കർത്തവ്യത്തെപ്പററിയുള്ള ആശയം ജീവനെക്കൂടെ തപിപ്പിക്കുന്ന ദുഃഖമദ്ധ്യഹ്ന സൂര്യനാകുന്നു. "ഹേ! രാജൻ! ഈ അമൃതം ഒരു തുള്ളി സേവിച്ച് സുഖത്തെ വരിച്ചാലും!" ഇവിടുത്തെ അമൃതം "ഞാൻ കർത്താവല്ല" എന്ന വിശ്വാസം ആകുന്നു.

പ്രതിക്രിയ കൂടാതെയുള്ള ക്രിയ ഉണ്ടാകട്ടെ. അതാണ് വേണ്ടതു്. ക്രിയ വളരെ സുഖകരമായതാണ്; ദുഃഖങ്ങളെല്ലാം ഉണ്ടാകുന്നതു് പ്രതിക്രിയയിൽനിന്നു മാത്രം. ഒരു ചെറിയകുട്ടി വിളക്കിൻനാളത്തെ പിടിക്കുന്നു. ഈ സ്പർശനവിനോദം ആ കുട്ടിക്ക് വളരെ സുഖകരമാണ്. എന്നാൽ അതിൻെറ ദേഹപ്രകൃതി അതിന്നു് പ്രതിക്രിയ ചെയ്യുമ്പോഴാണു ദേഹത്തിൻെറ വേദനയെല്ലാം വരുന്നതു്. നമുക്കു ഈ പ്രതിക്രിയയെ എപ്പോളൊരുസമയം തടയുവാൻ സാധിക്കുമൊ ആ സമയംമുതൽ നമുക്ക് ഒന്നുംതന്നെ പേടിക്കുവാൻ ഇല്ല. മസ്തിഷ്കത്തെ നിയന്ത്രിക്കുക; അതു് പ്രവൎത്തിക്കാതിരിക്കട്ടെ. എല്ലാററിന്നും സാക്ഷിയായിരിക്കുക; അല്ലാതെ ഒരിക്കലും പ്രതിക്രിയചെയ്യപോകരുതു്. അങ്ങിനെയായാൽ മാത്രമേ നിങ്ങൾക്ക് സുഖിയായിരിക്കുവാൻ സാധിക്കുകയുള്ളൂ. നാം അറിഞ്ഞിട്ടുള്ള സുഖങ്ങളിലെല്ലാം വെച്ചു ഏററവും ഉപരിയായ സുഖം, നാം നമ്മളെത്തന്നെ പൂൎണ്ണമായി മറക്കുന്ന സമയത്തു് ഉണ്ടാകുന്ന സുഖമാകുന്നു. നിങ്ങൾ നിങ്ങളുടെ സ്വതന്ത്രമായ ഇന്ദ്രിയത്തെ തന്നെ ആശ്രയിച്ചു പ്രവൎത്തിക്കണം. അല്ലാതെ ധൎമ്മമാണു്,

കത്തവ്യമാണ് എന്നെല്ലാം വിചാരിച്ച് കേവലം അഗ്രഹമില്ലാത്തതൊന്നും തന്നെ പ്രവത്തിക്കരുത്. നമ്മൾക്ക്, പരമാത്ഥം പറയുകയാണെങ്കിൽ, കത്തവ്യം എന്നു പറയത്തക്കതായി ഒന്നുംതന്നെ ഇല്ല. ഈ ലോകം നമ്മുടെ സാധാരണ "കളിക്കളരി"പോലെയുള്ള ഒരു സ്ഥലം ആകുന്നു. അതിൽ നാം കളിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതം ഒരു ദീഘ വിനോദകാലം മാത്രം.

ജീവിതത്തിന്റെ രഹസ്യമെല്ലാം "നിർഭയനായി ഇരിക്കുക" എന്നതിലാണ് അടങ്ങിയിരിക്കുന്നത്. "എനിക്ക് എന്തു സംഭവിച്ചേയ്ക്കുമോ?" എന്നു വിചാരിച്ചു ഒരിക്കലും ഭയപ്പെടരുത്. ആരേയും ആശ്രയിച്ചു നില്ക്കുകയും അരുത്. സമസ്ത സഹായങ്ങളേയും നിങ്ങൾ നിർദ്ദാക്ഷിണ്യം ഉപേക്ഷിക്കുന്ന കാലത്തു—ആ നിമിഷത്തിൽതന്നെ—നിങ്ങൾ സ്വതന്ത്രനായിത്തീരുന്നതാകുന്നു. വെള്ളം നിറഞ്ഞിരിക്കുന്ന "സ്പഞ്ചിൽ" പിന്നെ ഒട്ടുംതന്നെ വെള്ളം കയറുവാൻ നിവ്വാഹമില്ലല്ലോ.

*　　　　*　　　　*

സ്വയരക്ഷയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നതുകൂടെ തെററാണ്. എന്നാൽ ഇതു് മററുള്ളവരെ ഉപദ്രവിയ്ക്കുവാനായി അങ്ങോട്ടു് കയറിച്ചെന്നു് മല്ലുകെട്ടുന്നതിൽ വളരെവളരെ ഭേദം തന്നെ ആകുന്നു. "ശരിയായ വിപ്രതിപത്തി" എന്നൊന്നേഇല്ല. എന്തുകൊണ്ടെന്നാൽ, സമസ്ത വസ്തുക്കളേയും ഒരുപോലെ കാണാതിരിക്കുന്നതുകൊണ്ടാണ് ചിലരോടു പ്രതിപത്തിയും മററു ചിലരോടു വിപ്രതിപത്തിയും ഉണ്ടാകുന്നതു്.

## 21

# തത്വജ്ഞാനവും തത്വവിജ്ഞാനീയവും.

---

ജൂലായി 14-ാംനു, ഞായറാഴ്ച—

ഇന്ത്യയിൽ തത്വജ്ഞാനം എന്നതിന്നു്, നമുക്കു് ഈശ്വരനെ കാണുവാനുള്ള ഉപാധി, എന്നാണു് അർത്ഥം ആക്കിയിരിക്കുന്നതു്. അതായതു് ധർമ്മ (മത)ത്തിന്റെ യുക്തിയുക്തമായ (ബുദ്ധിപരമായ) ഭാഗം എന്നു് സാരം. അതു കൊണ്ടു് ധർമ്മത്തിന്നും തത്വജ്ഞാനത്തിന്നും തമ്മിലുള്ള ബന്ധം എന്താണെന്നു് ഹിന്ദുക്കളാരും ചോദിക്കുക ഇല്ല.

വ്യഷ്ടിപരമായ സ്ഥൂലഭാവം, സമഷ്ടിപരമായ സാധാരണഭാവം, കേവലഭാവം എന്നിങ്ങിനെ തത്വജ്ഞാനപദ്ധതിയിൽ മൂന്നു് സ്ഥാനങ്ങൾ ഉണ്ടു്. സമസ്ത വസ്തുക്കളും തമ്മിൽ യോജിക്കുന്നതായ അത്യന്ത കേവലത്വം, ഐക്യഭാവം ആകുന്നു. ഏതു് ധർമ്മത്തിലും ഒന്നാമതായി പ്രതീകം അല്ലെങ്കിൽ രൂപം, പിന്നെ സിദ്ധാന്ത വ്യാഖ്യാനം അല്ലെങ്കിൽ പുരാണങ്ങൾ, അവസാനമായി തത്വജ്ഞാനം ഇങ്ങിനെ മൂന്നുഭാഗങ്ങൾ കാണാം. ഇവയിൽ ആദ്യത്തെ വകുപ്പിൽ ഉൾപ്പെട്ടവരണ്ടും തല്ക്കാലത്തേയ്ക്കു മാത്രമായിട്ടുള്ളവയാണു്. അവ ആത്യന്തികാവസ്ഥയെ പ്രാപിക്കേണ്ടതിന്നുള്ള ശ്രമത്തിൽ ചവിട്ടി കയറുവാനുള്ള രണ്ടു് താഴ്ന്ന പടികളും, തത്വജ്ഞാനം എന്നതു് എല്ലാററിന്റേയും അടിയിൽ കിടക്കുന്ന അസ്തിഭാരവും ആകുന്നു.

പാശ്ചാത്യ മതങ്ങളുടെ വിചാരം സുവിശേഷവും ക്രിസ്തുവുംകൂടാതെ മതംതന്നെ ഉണ്ടാകുവാൻ പാടില്ലാ

എന്നാണ്. ജൂദമതക്കാരുടെ ഇടയിലും ഇങ്ങിനെതന്നെ ഒരു വിശ്വാസമുണ്ട്. മോസസ്സും പ്രവാചകന്മാരും കൂടാതെ മതം ഉണ്ടാകയില്ലെന്നാണ് അവർ വിചാരിക്കുന്നത്. അവരുടെ ഇടയിൽ അങ്ങിനെയുള്ള വിശ്വാസം വരുവാനുള്ള കാരണം ആ വക മതങ്ങളെല്ലാം പുരാണങ്ങളെ മാത്രം പ്രമാണമാക്കി നില്ക്കുന്നു എന്നുള്ളതാണ്. യഥാർത്ഥമായ ധർമ്മം, അതായത് അത്യുന്നതമായ ധർമ്മം, പുരാണങ്ങളെയെല്ലാം അതിക്രമിച്ച് അതിന്നും അപ്പുറത്ത് കടക്കുന്നുണ്ട്. ആ വിധത്തിലുള്ള ധർമ്മത്തിന്ന് ഒരിക്കലും പുരാണങ്ങളെമാത്രം ആശ്രയിച്ച് നില്ക്കുവാൻ സാധിക്കുകയില്ല. അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്ന ഇന്നത്തെ ഭൌതികതത്വ വിജ്ഞാനീയം, ആത്മതത്വ വിജ്ഞാനീയത്തിൻെറ, അതായത് ധർമ്മ (മത)ത്തിൻെറ അസ്തിഭാരത്തെ വളരെ ബലപ്പെടുത്തിയും ഇരിക്കുന്നു. ഈ സമസ്ത പ്രപഞ്ചവും "ഒന്നാണ്" എന്ന് ഇന്ന് ഭൌതികതത്വ വിജ്ഞാനീയം (സൈൻസ്) വഴിയായി തെളിയിക്കുവാൻ സാധിക്കുന്നുണ്ട്. അലൌകിക തത്വവാദികൾ "ഉള്ളത്" എന്ന് പറയുന്നത് യാതൊന്നിനെയാണൊ അതിനെത്തന്നെയാണ് പ്രകൃതിശാസ്ത്രജ്ഞന്മാർ "വസ്തു" എന്ന് പറയുന്നത്. അല്ലാതെ ഇവർതമ്മിൽ വലിയ തമ്മിൽത്തല്ലൊന്നും ഇല്ല. രണ്ടുകൂട്ടരും പറയുന്നത് ഒന്നുതന്നെ ആകയാൽ അതിന്ന് അവകാശവും ഇല്ല. ഒരു "പരമാണു" എന്ന് പറയപ്പെടുന്നത് കാണുവാൻ മാത്രമല്ല, വിചാരിക്കുവാൻ പോലും വയ്യാത്തവിധം അത്രമാത്രം ചെറിയ ഒന്നാണെങ്കിലും അതിൽ പ്രപഞ്ചത്തിൻെറ സമസ്ത ശക്തികളും അന്തർലീനമായി കിടക്കുന്നുണ്ടെന്ന് ഇവർ സമ്മതിക്കുന്നതുതന്നെയാണ്, വേദാന്തികൾ ആത്മാവിനെപ്പററി പറയുന്നതും. ചുരുക്കം പറയുകയാണെങ്കിൽ എല്ലാവർഗ്ഗക്കാരും പറയുന്നത് ഒന്നേ ഒന്നുതന്നെയാണ്; പക്ഷെ പറയപ്പെടുന്ന വാക്കുകൾ പലവിധമാണെന്നുമാത്രമേ വ്യത്യാസമുള്ളൂ.

േദാന്തവും വർത്തമാന പ്രകൃതി വിജ്ഞാനീയവും കാരണസിദ്ധാന്തത്തെ സ്വീകരിക്കുന്നുണ്ട്. അതായതു് സ്വയമേവ പരിണാമത്തെ പ്രാപിക്കുന്ന ഒരു "കാരണം" ഉണ്ടെന്നാണ് അവരുടെ മതം. ആ മഹാകാരണത്തിൽ തന്നെയാണ് മററെല്ലാകാരണങ്ങളും അടങ്ങിയിരിക്കുന്നതു. ഉദാഹരണത്തിന്നായി ഒരു കുലാലനെ എടുത്തുനോക്കുക. കലം ഉണ്ടാക്കുന്നതിൻെറ അധികാരണം കുശവനാണ്. അതു് ആൾ സംബന്ധമായതു്. മണ്ണ് ഉപാദാനകാരണം, അതു് വസ്തു സംബന്ധമായതു്; അവൻെറ ചക്രം നിമിത്തകാരണം, അതു് യന്ത്രസംബന്ധമായതു്. എന്നാൽ ഇവമൂന്നും ആത്മാതന്നെയും ആകുന്നു. ആത്മാ കാരണവും കാര്യവും രണ്ടും ആണ്. വേദാന്തികൾ പറയുന്നതു് പ്രപഞ്ചം പരമാൎത്ഥമായതല്ല, വെറും വ്യാവഹാരികം, ഉണ്ടെന്ന് തോന്നുന്നതുമാത്രം ആകുന്നു, എന്നാണ്. മായയിൽക്കൂടെ കാണപ്പെടുന്ന ഈശ്വരനെ "പ്രകൃതി" എന്നു അവർ പറയുന്നു. മററൊരുതരം ചിന്തകന്മാർ പറയുന്നതു് ഈശ്വരൻതന്നെ പ്രകൃതിയായി, അല്ലെങ്കിൽഈ ലോകമായി, തീൎന്നു എന്നാകുന്നു. അദ്വൈതികൾ ആകട്ടെ "ഈശ്വരൻ ഈ പ്രകൃതിയായി തോന്നുകയാണ്, എന്നാൽ ഈശ്വരൻ യഥാൎത്ഥത്തിൽ പ്രകൃതിയല്ല" എന്നും പറയുന്നു.

അനുഭൂതിയെ നമുക്ക് ഒരു മാനസികവികാരം ആയി മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ. മനസ്സിലെ ഒരു സ്ഥോഭം, മസ്തിഷ്കത്തിലെ ഒരു അക്ഷം; അതുമാത്രം ആണതു്. നമുക്ക് മസ്തിഷ്കത്തെ മുന്നോക്കമാകട്ടെ പിന്നോക്കമാകട്ടെ തള്ളുവാൻ സാധിക്കുന്നതല്ല. എന്നാൽ നമുക്ക് മനസ്സിനെ അങ്ങിനെ ചെയ്യാകുന്നതും ആണ്. അതിനെ ഭൂതം, വർത്തമാനം, ഭാവി എന്നീ കാലത്രയങ്ങളിലും വ്യാപിപ്പിച്ചു് നിൎത്താം. അതിനാൽ മാനസികാനുഭവങ്ങളാകുന്ന സ്ഥോഭങ്ങൾ എന്നന്നേയ്ക്കുമായി നിലനിൎത്തപ്പെടാകുന്നവയാണ്. മനസ്സിന്നു സൎവ്വവ്യാപകത്വം എന്ന ഒരു വിശേഷഗുണംകൂടെ

ഉണ്ട്*. അതിനാൽ എല്ലാ അനുഭവങ്ങളേയും മനസ്സിൽ ശരിയായി വകതിരിച്ച് വ്യവസ്ഥപ്പെടുത്തിവെയ്ക്കുവാൻ സാധിക്കുന്നു. അങ്ങിനെ വ്യവസ്ഥപ്പെടുത്തിവെച്ചിട്ടും ഉണ്ട്.

കാൻറ് എന്ന ആംഗ്ലേയ തത്വജ്ഞാനിയെപ്പററി നിങ്ങളെല്ലാവരും ധാരാളമായി കേട്ടിട്ടുണ്ടായിരിക്കുമെല്ലോ. അദ്ദേഹത്തിൻെറ സർവ്വപ്രധാനമായ വിജയം സുസ്ഥാപിതമായിരിക്കുന്നത്, "കാലം-ദേശം-നിമിത്തം എന്നിവ മനസ്സിൻെറ ഭാവങ്ങൾ മാത്രമാണ്" എന്നുള്ള കണ്ടുപിടുത്തത്തിലാണ്. പക്ഷെ ഇതേ സംഗതി, കാൻറിൻെറ ജനനത്തിന്ന് എത്ര എത്രയോ ആയിരം വർഷങ്ങൾക്കു മുമ്പുതന്നെ വേദാന്തം കണ്ടുപിടിച്ചു കഴിഞ്ഞിരിക്കുന്നു. അവർ "മായാ" എന്നു പറഞ്ഞതു് ഇതിനെയാണ്. ഷോപ്പൻഹയർ എന്ന തത്വജ്ഞാനിയാകട്ടെ ബുദ്ധി ഒന്നിനെ മാത്രമേ ആശ്രയിക്കുന്നുള്ളു. അതുകൊണ്ട് അദ്ദേഹം വേദത്തെ യുക്തിവാദംചെയ്ത് സമർത്ഥിക്കുവാനാണ് പുറപ്പെട്ടതു്. എന്നാൽ ശങ്കരൻ വേദങ്ങൾക്ക് ഈവക വൈശിഷ്ട്യങ്ങൾ മാത്രമല്ല കാണുന്നതു്. ഇവയ്ക്കു പുറമെ ഒരു ദിവ്യത്വത്തെക്കൂടെ കാണുകയും അതിനേയും സാധിക്കുകയും ചെയ്യുന്നു.

* * *

* സൃഷ്ടികാര്യങ്ങളെല്ലാം കാല-ദേശ-നിമിത്തങ്ങളെ ആശ്രയിച്ചുള്ളവയാണ്. അങ്ങിനെയുള്ള സർവ്വസൃഷ്ടികളും വിചാരം, അനുഭവം, ഇച്ഛാശക്തി എന്നീ പ്രകടന സ്വഭാവങ്ങളോടു കൂടിയ മനസ്സിൽ അല്ലെങ്കിൽ ഓർമ്മയിൽ ആണ് സ്ഥിതിചെയ്യുന്നതു്. ഈ മനസ്സിന്ന് അതീതമായി നിലനില്ക്കുവാൻ ഇവയ്ക്കു സാദ്ധ്യമല്ല. അതുകൊണ്ട് കാലദേശനിമിത്തങ്ങളെല്ലാം മനസ്സിൽതന്നെ അടങ്ങിയതായിരിക്കുന്നു. മനസ്സ് സർവ്വവ്യാപകവും സനാതനവും ആണെന്ന് പറയുന്നതു് ഇതുകൊണ്ടാണ്. പക്ഷെ ഈ മനസ്സ് പ്രാപഞ്ചിക മനസ്സാണ്. വ്യക്തിഗതമായ മനസ്സ് ഈ സർവ്വവ്യാപകമായ മനസ്സിൻെറ അല്ലെങ്കിൽ പ്രാപഞ്ചിക മനസ്സിൻെറ ഒരംശം തന്നെ ആകുന്നു. അതിനാൽ വ്യക്തിപരമായി നോക്കുമ്പോഴും, കാലദേശനിമിത്തങ്ങളും, അതിനെ ആശ്രയിച്ചുള്ള സൃഷ്ടികളും എല്ലാം സ്വന്ത മനസ്സിൽ മാത്രമാണെന്ന് കാണാം.

അനേക വ്യക്തികളിൽ പൊതുവിലുള്ളതായി കാണപ്പെടുന്ന ഗുണത്തെ മനസ്സിലാക്കി അവയെ വ്യവസ്ഥപ്പെടുത്തുന്നതിനെയാണ് അറിവ് എന്നു പറയുന്നത്. അനേകതരം മരങ്ങളെ വിഷയമാക്കി അവയിൽ പൊതുവിലുള്ള ഗുണത്തെ കണ്ടുപിടിക്കുന്നതാണ് "മരത്വം" അല്ലെങ്കിൽ "മരം" എന്നുള്ള ആശയം. ഇതാണ് മരത്തെപ്പററിയുള്ള അറിവ്. എല്ലാ അറിവുകളും ഇങ്ങിനെതന്നെ. ഇതൊരു വ്യഷ്ടിഗതമായ പരിധിക്കകത്തുമാത്രമേ വ്യാവൃതമായിരിക്കുന്നുള്ളൂ. എന്നാൽ അറിവ് ഈ പരിധിയെ അതിക്രമിക്കും. അങ്ങിനെ അത് അതിൻെറ പൂർണ്ണഭാവത്തെ പ്രാപിക്കുമ്പോൾ "ഏകത്വ"ത്തിൽ ചെന്ന് അവസാനിക്കുകയും ചെയ്യും.

പ്രപഞ്ചത്തെ പലപ്രകാരേണ വകതിരിക്കാം. എന്നാൽ ഇനി പിരിക്കുവാൻ വഹിയാ എന്ന സ്ഥലത്തെത്തുമ്പോഴത്തെ വിഭജനമാണ് സാകാര ഈശ്വരൻ എന്നത്. അതിനും അപ്പുറത്തായി പ്രപഞ്ചത്തെ പൊതുവിൽ ബാധിക്കുന്ന ഒരു തത്വത്തെ പറയുവാൻ സാധിക്കുകയില്ല. എന്നാൽ ഈ വിഭജനം തന്നെ വളരെ സ്ഫുടവും, വ്യക്തവും, തത്വജ്ഞാന സിദ്ധാന്തങ്ങൾക്ക് യോജിച്ചതുകൂടേയും അല്ലതാനും.

ഐക്യഭാവം സ്വയം വിജൃംഭിച്ചുകൊണ്ടുവരുന്ന ഒന്നാണ്, അതിൽ നിന്നാണ് സമസ്തസംഗതികളും ഉണ്ടാകുന്നത്.

ലൌകികതത്വ വിജ്ഞാനീയം കാർയ്യങ്ങളുടെ പരമാത്മാവസ്ഥകളെ കണ്ടുപിടിക്കുവാൻ ഉള്ളതാണ്. അലൌകികതത്വവിജ്ഞാനീയം എന്നത് പുഷ്പങ്ങളെ മാലയായി ബന്ധിക്കുവാനുള്ള ചരടും ആകുന്നു. സൂക്ഷ്മഭാവങ്ങളെപ്പററിയുള്ള ചിന്തകളെല്ലാം അലൌകികമാണ്. ഒരു വൃക്ഷച്ചുവട്ടിൽ വളം ഇടുന്ന ആ പ്രവൃത്തിയിൽക്കൂടെ സൂക്ഷ്മലോകസംബന്ധമായ പ്രവൃത്തി ഉൾപ്പെട്ടു കിടക്കുന്നുണ്ട്.

ധർമ്മം (മതം) എന്നതിൽ ഒന്നാമതായി സ്ഥൂല പ്രകൃതിയും, അതിന്നപ്പുറത്തായി സൂക്ഷ്മപ്രകൃതിയും, അവസാനമായി കേവല പ്രകൃതിയും അടങ്ങിയിരിക്കുന്നു. അതിനാൽ ഇതിൽ ഏതെങ്കിലും പ്രത്യേകഭാവത്തെ അത്രകാര്യമായി കരുതുവാൻ ഒന്നും ഇല്ല. തത്വത്തെ ഗ്രഹിക്കണം. അതായത് ഐക്യബോധത്തെ പുലർത്തണം.

*　　　*　　　*

പിശാചുക്കൾ തമസ്സിന്റെ യന്ത്രങ്ങളാണ്; ദേവന്മാർ ചൈതന്യത്തിന്റെ യന്ത്രങ്ങളുമാകുന്നു. രണ്ടുകൂട്ടരും യന്ത്രങ്ങൾതന്നെ. മനുഷ്യൻമാത്രമെ അവ്വിധമല്ലാതെ ജീവനോട് കൂടിയവനായി ഇരിക്കുന്നുള്ളു. മററെല്ലാം യന്ത്രപ്രായം. യന്ത്രങ്ങളെ ഭേദിക്കുക. നിങ്ങളും യന്ത്രങ്ങളും തമ്മിലുള്ള സംബന്ധം ഒരു വേലക്കാരനും അവന്റെ പണിയായുധവും തമ്മിലുള്ള ബന്ധംപോലെ മാത്രമേ ഉള്ളു എന്ന് അറിയുക. അല്ലാതെ നിങ്ങളും യന്ത്രങ്ങളും ഒന്നുതന്നെയാണെന്ന് ഒരിക്കലും വിചാരിച്ചുപോകരുത്. ഇങ്ങിനെ നിങ്ങൾ തത്വാവസ്ഥയെ മനസ്സിലാക്കിയാൽ അപ്പോൾതന്നെ നിങ്ങൾക്ക് സ്വാതന്ത്ര്യത്തെ പ്രാപിക്കാവുന്നതാണ്. ജീവികൾക്കു മുക്തിയെ സമ്പാദിക്കുവാൻ സാധിക്കുന്ന ജന്മം മനുഷ്യജന്മം ഒന്നുമാത്രമേ ഉള്ളു. അതുപോലെതന്നെ മുക്തിയെ സമ്പാദിക്കുവാനുള്ള ലോകവും ഇതൊന്നു മാത്രമേ ഉള്ളു. ഇവിടെവെച്ചുമാത്രമേ—മനുഷ്യനുമാത്രമേ—മുക്തി ലഭ്യമാകയുള്ളു എന്നു താല്പര്യം.

"ആത്മാവിനാൽ തിരഞ്ഞെടുക്കപ്പെടുന്നവർ" (രക്ഷിക്കപ്പെടുന്നവർ) എന്ന് പറഞ്ഞിട്ടുള്ളതു ശരിതന്നെ. ഈ തിരഞ്ഞെടുപ്പ് പരമാർത്ഥമായിട്ടുള്ളതാകുന്നു. പക്ഷെ അത് കേവലം അന്തരമായ വ്യാപാരം മാത്രമാണ്. അല്ലാതെ ബാഹ്യത്തെ ബാധിക്കുന്നതായും, ലോകത്തെ സമഗ്രമായി വ്യാപിക്കുന്നതായും കരുതുന്നത് അത്യാപൽക്കരവും വളരെ ഭയങ്കരവും ആകുന്നു.

# 22

# സ്വാതന്ത്ര്യവും, അസ്വാതന്ത്ര്യവും.

ജൂലായി 15-ാംനു, തിങ്കളാഴ്ച—

ബഹുഭർത്തൃത്വ സമ്പ്രദായം അതിൻെറ പരമകാഷ്ഠയിൽ എത്തിച്ചേൎന്നിട്ടുള്ളതു് തിബെത്തു് രാജ്യത്താണു്. അവിടെയുള്ള സ്ത്രീകൾ പുരുഷന്മാരെക്കാൾ വളരെ ബലിഷ്ഠകൾ ആകുന്നു. ഇംഗ്ലീഷുകാർ അവിടെ ചെല്ലുമ്പോൾ ഈ സ്ത്രീകളാണു് പട്ടക്കുററന്മാരായ പുരുഷന്മാരെ മലമുകളിലേയ്ക്കു് ചുമന്നുകൊണ്ടു് പോകുന്നതു്. അതു കാണുമ്പോൾ പാശ്ചാത്യർ അത്ഭുതപരതന്ത്രന്മാരായി തീൎന്നുപോകും.

സ്ത്രീജനങ്ങൾക്കു് സ്വാതന്ത്ര്യമുള്ള എല്ലാ രാജ്യങ്ങളിലേയും സമ്പ്രദായം ഇങ്ങിനെതന്നെയാണു്. മലയാളരാജ്യം എടുത്തുനോക്കുക. അവിടെ ബഹുഭർത്തൃത്വസമ്പ്രദായം നടപ്പില്ല. എങ്കിലും എല്ലാ സംഗതികളിലും മുൻനടക്കുന്നവർ സ്ത്രീകൾതന്നെയാണു്. അതിൻെറ ഫലം അവിടെ കാണ്മാനും ഉണ്ടു്. അവിടെയുള്ളപോലെ അത്ര വൃത്തിയും വെടിപ്പും ശുചിത്വവും സ്വച്ഛതയും ഞാൻ ലോകത്തിൽ മറെറാരു രാജ്യത്തും കണ്ടിട്ടില്ല. അതുപോലെതന്നെ വിദ്യാഭ്യാസ സംഗതിയിലും മുൻനില്ക്കുന്നവർ അവർതന്നെ ആകുന്നു. നല്ലപോലെ സംസ്കൃതം അറിയാകുന്ന അനേകം സ്ത്രീകളെ അരാജ്യത്തു് ഞാൻതന്നെ കാണുക ഉണ്ടായി. ഇന്ത്യയിലെ മററു പ്രദേശങ്ങളിലെല്ലാം തിരഞ്ഞാലും സംസ്കൃതം അറിയാകുന്ന സ്ത്രീകളെ ലക്ഷത്തിന്നു് ഒന്നുകണ്ടുപോലും കാണുവാൻ സാധിക്കയില്ല. സ്വാതന്ത്ര്യം അഭിവൃദ്ധിയെ പ്രാപിക്കുന്നു; അസ്വാതന്ത്ര്യം അധഃപതനത്തേയും ഉണ്ടാക്കുന്നു. മലയാളരാജ്യത്തെ പോർച്ചുഗീസ്സുകാരൊ, മഹമ്മദീയരൊ ആക്രമിച്ചു കീഴടക്കുക ഉണ്ടായിട്ടില്ല.

ദ്രാവിഡർ മദ്ധ്യഇന്ത്യക്കാരാണ്. ഇവർ ആൎയ്യഗോത്രത്തിൽ ഉൾപ്പെട്ടവർ അല്ല. മാത്രമല്ല, ഇവർ ആൎയ്യന്മാൎക്ക് വളരെ മുമ്പായിത്തന്നെ ഇന്ത്യയിൽ വന്നുചേൎന്നവരാണ്. തെക്കെഇന്ത്യയിലെ ദ്രാവിഡർ ഏററവും പരിഷ്കൃതന്മാർ ആയിരുന്നു. അവരുടെ ഇടയിൽ പുരുഷന്മാരെക്കാൾ അധികം പ്രാബല്യം സ്ത്രീകൾക്കാണ്. പിന്നെ അവർ പല ഭാഗങ്ങളായി പിരിഞ്ഞ് പല ഭാഗങ്ങളിലേക്കുമായി പോയി. ചിലർ ഈജിപ്തിലേക്കുപോയി, ചിലർ ബാബലോണിയായിലേയ്ക്ക് പോയി, ബാക്കി കുറേപ്പേർ ഇന്ത്യയിലും താമസിച്ചു.

# 23
# ശങ്കരാചാൎയ്യർ.

---

ജൂലായി 16-ാംനു-, ചൊവ്വാഴ്ച—

അദൃഷ്ടമായ (നമ്മൾക്ക് അപ്രത്യക്ഷമായ) ഏതോ കാരണം നമ്മളെ യാഗയജ്ഞാദി വൈദികകൎമ്മങ്ങളിലേയ്ക്ക് നയിക്കുന്നു. അവ പിന്നീട് ദൃഷ്ടമായ കാൎയ്യങ്ങളെ (നമുക്ക് പ്രത്യക്ഷമായി കാണാകുന്ന ഫലങ്ങളെ) ഉണ്ടാക്കുകയും ചെയ്യുന്നു. അത്രയേ ഉള്ളു. എന്നാൽ മോക്ഷപ്രാപ്തിക്കു ഇവയൊന്നും മതിയാകയില്ല. അതിന്ന് ഒന്നാമതായി ശ്രവണം, പിന്നെ മനനം, പിന്നെ നിദിധ്യാസനം (ബ്രഹ്മത്തെപ്പററിയുള്ള ധ്യാനം) ഇവ ഉണ്ടായാൽ മാത്രമേ സാധിക്കുകയുള്ളു.

കൎമ്മഫലവും ജ്ഞാനഫലവും രണ്ടും രണ്ടുതന്നെയാണ്. സദാചാരങ്ങൾക്കെല്ലാം നിദാനമായിരിക്കുന്നത് ഒന്നുകിൽ “ഇതു് ചെയ്യുക” അല്ലെങ്കിൽ “ഇതു് ചെയ്യാതിരിക്കുക” എന്നുള്ള നിർബ്ബന്ധനിയമമാണ്. എന്നാൽ ഇവ ശരീരം, മനസ്സ് ഇവകളുടെ മാത്രം കാൎയ്യമാകുന്നു. എല്ലാ സുഖങ്ങളും

അതുപോലെതന്നെ എല്ലാദുഃഖങ്ങളും ഇന്ദ്രിയകാൎയ്യങ്ങൾമാത്രം. ഇന്ദ്രിയങ്ങളും സുഖദുഃഖങ്ങളും തമ്മിൽ, ഒരുവിധത്തിലും വേർപിരിയുവാൻ വഹിയാത്തവിധം അന്യോന്യം ബന്ധപ്പെട്ടാണു കിടക്കുന്നതു്. സുഖദുഃഖങ്ങളെ അനുഭവിക്കുവാൻ ശരീരം കൂടാതേയും കഴികയില്ല. ശരീരം എത്രത്തോളം ഉന്നതിയെ പ്രാപിച്ചിരിക്കുന്നുവൊ തദനുസരണം ഗുണകൎമ്മങ്ങളും നന്നായിത്തന്നെ ഇരിക്കും. ബ്രഹ്മാവുവരെ ഇങ്ങിനെയാണു്. എന്നാൽ എല്ലാവൎക്കും ഉണ്ടു് ശരീരം. ശരീരം ഉണ്ടായ ക്ഷണം മുതല്ക്കുതന്നെ സുഖവും ദുഃഖവും ഉണ്ടായിരിക്കുന്നു. ഇനി സുഖദുഃഖങ്ങളെ ഇല്ലായ്മചെയ്യണമെങ്കിൽ, അതിന്നു് നിദാനമായ ശരീരത്തെ ഉപേക്ഷിക്കുകതന്നെ വേണം. ആത്മാ അശരീരിയാണു്. ഇങ്ങനെയെല്ലാമാണു് ശങ്കരാചാൎയ്യസ്വാമികൾ പറയുന്നതു്.

ഏതു നിയമത്തെക്കൊണ്ടും ഒരുവനെ സ്വതന്ത്രനാക്കുവാൻ സാധിക്കുകയില്ല. നിങ്ങൾ സ്വതന്ത്രർതന്നെആണു്. നിങ്ങൾക്കു് സ്വാതന്ത്ര്യം എന്നതു യഥാൎത്ഥത്തിൽ ഇല്ലാ എങ്കിൽ നിങ്ങളെ സ്വതന്ത്രനാക്കുവാൻ ഒന്നിനാലും സാധിക്കുകയില്ല. ആത്മാ സ്വയം പ്രകാശമാണു്. കാൎയ്യകാരണങ്ങൾ ഒന്നും അങ്ങോട്ടു് എത്തുകയില്ല. ഇങ്ങിനെ ശരീരം കൂടാതെ ഇരിക്കുന്ന അവസ്ഥതന്നെ ആകുന്നു സ്വാതന്ത്ര്യം. ഉണ്ടായതും, ഉള്ളതും, ഉണ്ടാകുന്നതും ആയവയെല്ലാം അതിതം ആയതാണു് ബ്രഹ്മം. സ്വാതന്ത്ര്യം ഏതെങ്കിലും ഒരു കാരണത്തിന്റെ കാൎയ്യം ആണെന്നു വരികിൽ അതിന്നു് പറയത്തക്കതായി യാതൊരു വിലയും ഇല്ലതന്നെ. അപ്പോൾ അതൊരു മിശ്രപദാൎത്ഥമായിരിക്കണം; അ സ്ഥിതിക്കു് അതിൽ ബന്ധത്തിന്റെ (അസ്വാതന്ത്ര്യത്തിന്റെ) ബീജങ്ങൾ തീൎച്ചയായും ഉണ്ടായിരിക്കുകയും വേണം. കാരണത്തിന്റെ ഫലമായി ഉണ്ടാകുന്ന കാൎയ്യങ്ങളെല്ലാം, കാരണം നശിക്കുന്നതോടുകൂടി നശിക്കേണ്ടതായും വരും. ആ സ്ഥിതിക്കു് സ്വാതന്ത്ര്യത്തിന്നും സ്ഥിരതയില്ലെന്നു വരുന്നതാണു്. അങ്ങിനെ

വരുവാൻ പാടില്ല. അതിനാൽ അതൊരു സത്യാവസ്ഥയാണ്. കലൎപ്പില്ലാത്ത കേവലാവസ്ഥയാണ്. അതിനെ പ്രാപിക്കേണ്ടതായിട്ടില്ല. പ്രാപിക്കേണ്ടതാണെന്നു വന്നാൽ അതു് നിങ്ങളിൽനിന്നു് അന്യമായതായി. നിങ്ങളിൽനിന്നു് അന്യമായതൊന്നും നിങ്ങൾക്കു് ഒരിക്കലും ഉറപ്പായി സിദ്ധിക്കയില്ല. സ്വാതന്ത്ര്യം നിങ്ങളുടെ യഥാൎത്ഥ പ്രകൃതംതന്നെ ആകുന്നു.

കൎമ്മവും ഭജനവും ആവശ്യം തന്നെ. അവയെല്ലാം ആവരണങ്ങളെ നീക്കംചെയ്വാൻ കൊള്ളാം. ബന്ധത്തേയും മായയേയും ഇല്ലായ്മ ചെയ്യുന്ന സംഗതിയിൽ അവ ഉപകാരമായിത്തന്നെ ഇരിക്കും. അല്ലാതെ അവയ്ക്കു മോക്ഷത്തെ (സ്വാതന്ത്ര്യത്തെ) പ്രദാനംചെയ്വാനുള്ള അവകാശം ഇല്ല. കണ്ണു തുറന്നു നാം ആരാണെന്നു നോക്കുവാൻ തന്നെ നമ്മുടെ ശ്രമം കൂടാതെ നമ്മാൽ സാധിക്കുകയില്ലല്ലോ. അതുകൊണ്ടു വേദത്തിന്റെ സൎവ്വപ്രധാനമായ വിജയം അതിന്റെ അദ്വൈതവേദാന്തസ്ഥാപനത്തിൽ ആകുന്നു സ്ഥിതിചെയ്യുന്നതു എന്നു ശ്രീമത് ശങ്കരാചാൎയ്യസ്വാമികൾ പറയുന്നു. എന്നാൽ അതിനു താഴെയുള്ള ഭാഗങ്ങൾ ഒന്നും ആവശ്യമില്ലന്നോ, അവയെല്ലാം അബദ്ധങ്ങളാണെന്നോ ഒന്നും പറയുന്നതുമില്ല. ആ ഭാഗം കൎമ്മത്തേയും ഭജനത്തേയും പഠിപ്പിക്കുന്നതുകൊണ്ടു് അവയും ആവശ്യം തന്നെ. അധികാരിഭേദം അനുസരിച്ചു് ചിലൎക്കു ഈ മാൎഗ്ഗത്തിൽകൂടെയും ഈശ്വരനെ പ്രാപിക്കുവാൻ സാധിച്ചു എന്നുവരാം. മറ്റു ചിലർ മറ്റൊന്നിന്റെയും സഹായവുംകൂടാതെ, അദ്വൈതം ഒന്നുകൊണ്ടുതന്നെ ഈശ്വരനെ പ്രാപിച്ചു എന്നും വരാം. അദ്വൈതം ഏതൊരു ഫലത്തെ കൊടുക്കുന്നുവോ അതേ ഫലത്തെ തന്നെ ദ്വൈതവും കൊടുക്കുന്നതാണ്. ജ്ഞാനംകൊണ്ടു ഏതൊരു സ്ഥാനത്തെ പ്രാപിക്കാമോ, അതേ സ്ഥാനത്തെ തന്നെ കൎമ്മംകൊണ്ടും ഭക്തികൊണ്ടും പ്രാപിക്കാകുന്നതാണ്.

ഗ്രന്ഥങ്ങൾക്കു ഈശ്വരനെ പഠിപ്പിക്കുവാൻ സാധിക്കുകയില്ല. അവയെക്കൊണ്ടു അജ്ഞാനത്തെ നശിപ്പിക്കുവാൻ മാത്രമെ സാധിക്കു. ആ ഫലം കൂടെയും അവാന്തരമാണു്. ശാസ്ത്രങ്ങളെ ആശ്രയിക്കുക, അതേ സമയംതന്നെ സ്വാതന്ത്ര്യത്തിലേക്കുള്ള കവാടത്തെ ഭേദിക്കുകയുംചെയ്യുക. ഇതാണു് ശങ്കരാചാര്യസ്വാമികളാൽ സാധിപ്പിക്കപ്പെട്ട മഹൽകൃത്യം. അങ്ങിനെയൊക്കെയാണെങ്കിലും ഈ സമ്പ്രദായങ്ങൾക്കു തമ്മിൽ വലിയ വ്യത്യാസമൊന്നും ഇല്ല. എല്ലാം അന്യോന്യ സംബന്ധത്തോടുകൂടിയവതന്നെ ആകുന്നു. ആദ്യമായി മനുഷ്യന്നു സ്വസംബന്ധമായ ആശയം തന്നെ കാണിച്ചുകൊടുത്തേ മതിയാകൂ. പിന്നെ യഥാക്രമം അവിടെനിന്നു ഉയർത്തി ഉയർത്തി വേണം പരമോൽകൃഷ്ടമായ അവസ്ഥയിൽ എത്തിപ്പിക്കുവാൻ. ഓരോ മതവും ഇങ്ങിനെയാണു ശ്രമിച്ചിട്ടുള്ളതു്. മനുഷ്യർ പലതരത്തിലുള്ള മനഃസ്ഥിതിയോടുകൂടിയവരാകുന്നു. അതിനാൽ അവൎക്കെല്ലാം യോജിക്കുന്ന പലതര മതങ്ങളും വേണം. പലപടിയിലുള്ള മതങ്ങൾ എല്ലാം നിലനിൽക്കുവാനുള്ള കാരണം അതുതന്നെ ആകുന്നു.

ഗ്രന്ഥങ്ങളെക്കൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു അജ്ഞാനത്തെ ഇല്ലായ്മചെയ്യാനാണു്. എന്നാൽ അജ്ഞാനനാശത്തിനായി ഉദ്ദേശിക്കപ്പെട്ട ഗ്രന്ഥങ്ങൾ തന്നെ അജ്ഞാനത്തിന്റെ ഭാഗമാകുന്നു. ജ്ഞാനത്തിന്റെ മേൽ വന്നുകൂടിയിരിക്കുന്ന അജ്ഞാനാവരണത്തെ അകററി നിൎത്തുന്നതിനു് ഗ്രന്ഥങ്ങൾ ഉപകരിക്കും. "സത്യം അസത്യത്തെ ബഹിഷ്കരിക്കും." നിങ്ങൾ സ്വതന്ത്രനാകു. അല്ലാത്തപക്ഷം നിങ്ങളെ സ്വതന്ത്രനാക്കുവാൻ ആരാലും സാധിക്കയില്ല. നിങ്ങൾക്കു ഒരു പ്രത്യേകസിദ്ധാന്തം ഉണ്ടായിരിക്കുന്നേടത്തോളം കാലം നിങ്ങൾക്കു ഈശ്വരൻ ഉണ്ടായിരിക്കയില്ല. "തനിക്കു് അറിയാമെന്നു് അറിയുന്നവന്നു ഒന്നും അറിഞ്ഞുകൂടാ." അറിയുന്നവനെ അറിയുവാൻ ആരെക്കൊണ്ടു സാധിക്കും!

ആസ്തിത്വഭാവത്തിൽ സനാതനമായ രണ്ടു തത്വങ്ങൾ ഉണ്ടു്. ഒന്നു് ഈശ്വരൻ, മററൊന്നു് പ്രപഞ്ചം. ഇതിൽ ആദ്യത്തേതു മാററമില്ലാത്തതും രണ്ടാമത്തേതു മാററമുള്ളതും ആകുന്നു. ലോകം സനാതനമായി നില നിൽക്കുന്നതാണു്. മാററത്തിൻെറ തുകയെ നിങ്ങളുടെ മനസ്സുകൊണ്ടു ഗ്രഹിക്കുവാൻ സാധിക്കാതാകുമ്പോൾ അതിനെ നിങ്ങൾ സനാതനമെന്നും ആദ്യന്തവിഹീനമെന്നും മററും പറയുന്നു.

* * *

ഒരു നിമിഷനേരത്തേയ്ക്കു മാത്രം എങ്കിലും നിങ്ങൾക്കു യാതൊരു കൎമ്മവും ചെയ്യാതെ അടങ്ങി ഇരിക്കുവാൻ സാധിക്കുമോ? യോഗികൾ പറയുന്നതു സാധിക്കും എന്നാണു്.

* * *

തന്നത്താൻ ബലഹീനനാണെന്നു വിചാരിക്കുന്നതാണു് വലിയ പാപം. നമ്മളാരും ബലഹീനരല്ല. മററാരും നമ്മളേക്കാൾ ബലിഷ്ഠരുമല്ല. നിങ്ങൾ ബ്രഹ്മംതന്നെയാണെന്നു അനുഭവപ്പെടുത്തുക. നിങ്ങൾ കൊടുക്കുന്ന ശക്തിയല്ലാതെ യാതൊന്നിനും യാതൊരുശക്തിയും ഇല്ല. നമ്മൾ സൂൎയ്യനും, ചന്ദ്രനും, നക്ഷത്രങ്ങൾക്കും, പ്രപഞ്ചത്തിന്നും, അതീതന്മാരാണു്.

ഈശ്വരമാഹാത്മ്യത്തെ ഉപദേശിക്കുക. ദുഃഖത്തെ നിശ്ശേഷം നിരാകരിക്കണം. അങ്ങിനെ ഒരു അവസ്ഥയെ സമ്മതിക്കുകയേ അരുതു്. എഴുന്നേററു നിന്നു് "ഞാൻ യജമാനനാണു്—എല്ലാററിന്നും യജമാനനാണു്" എന്നു സധൈൎയ്യം ഘോഷിക്കുക. ചങ്ങലയെ വിളക്കിച്ചേൎത്തു ഉണ്ടാക്കിയതും നാം തന്നെ. അതിനെ ഖണ്ഡിക്കുന്നതും നമ്മൾ തന്നെ. അല്ലാതെ മററാരെക്കൊണ്ടും സാധിക്കുകയില്ല.

ഏതു കൎമ്മത്തിന്നും നിങ്ങളെ സ്വതന്ത്രനാക്കുവാൻ സാധിക്കുന്നതല്ല. ജ്ഞാനം ഒന്നിന്നു മാത്രമേ അതിന്നു അധികാരമുള്ളൂ. ജ്ഞാനം അപ്രതിഹതമായ ശക്തിയോടു കൂടിയതാണു്. മനസ്സിന്നു അതിനെ സ്വീകരിക്കുവാനോ, നിഷേ

ധിക്കുവാനോ സാധിക്കുകയില്ല. അതു വരുമ്പോൾ മനസ്സു് അതിനെ സ്വീകരിച്ചുകൊള്ളുകയേ വേണ്ടൂ. അതുകൊണ്ടു് അതു മനസ്സിൻെറ ഒരു വ്യാപാരം അകുന്നില്ല. അതിൻെറ പ്രകടനം മനസ്സിൽ ആവിർഭവിക്കുന്നു എന്നുമാത്രമേ ഉള്ളൂ.

കർമ്മം അല്ലെങ്കിൽ ഭജനം നിങ്ങളെ നിങ്ങളുടെ സ്വന്ത പ്രകൃതിയിലേക്കു കൊണ്ടുവരുവാൻ ഉള്ളതാണു്. ആത്മാ ശരീരമാണു് എന്നു വിചാരിക്കുന്നതു വെറും ഭ്രാന്തിയാകുന്നു. അതുകൊണ്ടു ഇവിടെ നാം ഈ ശരീരത്തിൽ ഇരിക്കുന്ന കാലത്തും നമുക്കു സ്വതന്ത്രരായിരിക്കാം. ശരീരത്തിനു ആത്മാവുമായി യാതൊരുസംബന്ധവും ഇല്ല. യഥാർത്ഥത്തിനെ അയഥാർത്ഥമായി എടുക്കുന്നതാണു് ഭ്രാന്തി. അല്ലാതെ അയഥാർത്ഥ്യം കേവലം ഇല്ലാത്തതാണു് എന്നു് പറയുന്നതല്ല.

## 24

## ശങ്കരമതം.

---

ജൂലായി 17-ാംനു, ബുധനാഴ്ച—

ശ്രീമത് രാമാനുജാചാര്യർ ഈ പ്രപഞ്ചത്തെ ചിത്തു് (മനുഷ്യൻ) അചിത്തു് (പ്രകൃതി) ഈശ്വരൻ ഇങ്ങിനെ മൂന്നായി ഭാഗിച്ചിരിക്കുന്നു. എന്നാൽ ശങ്കരാചാര്യർ പറയുന്നതു് ചിത്തു് എന്നതുതന്നെയാണു് ഈശ്വരൻ എന്നാകുന്നു. ഈശ്വരൻ തന്നെ സത്യം, ഈശ്വരൻ തന്നെ ജ്ഞാനം, ഈശ്വരൻതന്നെ പരിപൂർണ്ണത. അല്ലാതെ അവ ഗുണങ്ങൾ മാത്രമല്ല. ഈശ്വരനെ പററിയുള്ള ഏതൊരു വിചാരവും ഈശ്വരനെ ഗുണവാനാക്കി തീർക്കുന്നതാകുന്നു. അതുകൊണ്ടു് ഈശ്വരനെപ്പററി പറയാകുന്നതു് "ഓം-തത്-സത്" എന്നു മാത്രം അകുന്നു.

ശങ്കരൻ വീണ്ടും ചോദിക്കുന്നത് ഇങ്ങനെ ആണ്. വസ്തുവിൽനിന്ന് വേർപിരിഞ്ഞ് നിങ്ങൾക്ക് അസ്തിത്വത്തെ തനിച്ച് കാണ്മാൻ സാധിക്കുമൊ? രണ്ടുവസ്തുക്കൾ തമ്മിലുള്ള വ്യത്യാസം എവിടെ? വസ്തുവിലല്ല. ഇന്ദ്രിയങ്ങളിലും അല്ല. ഒരു വസ്തു എന്താണ് എന്ന അറിവ് നമുക്ക് ഉണ്ടാകുന്നതോടുകൂടി അത് എന്തല്ലാ എന്ന അറിവുകൂടിയും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് വ്യത്യാസബോധം ധാരണയിലാണ് ഇരിക്കുന്നതെന്ന് വരുന്നു. അവിടെ ശേഖരിച്ചുവെച്ചിട്ടുള്ള അക്ഷങ്ങളോട് താരതമ്യപ്പെടുത്തിനോക്കുമ്പോഴാണ് നമുക്ക് വ്യത്യാസബോധം ഉണ്ടാകുന്നത്. അതുകൊണ്ട് വസ്തുക്കളിലല്ലാ വ്യത്യാസം. ഇന്ദ്രിയങ്ങളിൽ ഉണ്ടാകുന്ന അനുഭൂതിയിൽ പോലും അല്ല. അത് മസ്തിഷ്കത്തിൽ മാത്രമാണ്. ഏകരൂപമായ വസ്തു ബാഹ്യത്തിലും, വ്യത്യാസങ്ങളെല്ലാം ഉള്ളിലും ആകുന്നു. അതുകൊണ്ട് ബഹുത്വാശയം മനസ്സിൻെറ സൃഷ്ടിയാണ്.

വ്യത്യസ്തഭാവങ്ങൾ ഒരേ വസ്തുവിൽ യോജിപ്പോടുകൂടിയിരിക്കുമ്പോൾ അവ അ വസ്തുവിൻെറ ഗുണങ്ങളായിത്തീരുന്നു. വിഭിന്നത്വം എന്താണ്, എങ്ങിനെയാണ് എന്ന് നമുക്ക് തീർത്തുപറയുവാൻ സാധിക്കുകയില്ല. നാം വസ്തുക്കളെ സംബന്ധിച്ച് കാണുന്നതും അനുഭവിക്കുന്നതും എല്ലാം വെറും അസ്തിത്വം മാത്രമാണ്. മററു വ്യത്യാസങ്ങളെല്ലാം നമ്മളിൽ തന്നെയാണ് ഇരിക്കുന്നത്. ഏതു വസ്തുവെപ്പററിയും നമുക്കുള്ള ദൃഢമായ അറിവ് അത് "ഉണ്ട്" എന്നുള്ളത് മാത്രം ആകുന്നു. കയററിലെ പാമ്പുപോലെ, എല്ലാ ഭിന്നിപ്പുകളും, വ്യത്യാസങ്ങളും നമ്മളിൽ നിന്ന് ഉണ്ടാകുന്നതാകുന്നു. അവ രണ്ടാംകിട പരമാൎത്ഥങ്ങളും ആകുന്നു. രജ്ജു സർപ്പമല്ലങ്കിലും സർപ്പത്തിന്നുകൂടെ അവിടെ ഏതാണ്ട് ഒരു അസ്തിത്വമുണ്ട്. അ അസ്തിത്വത്തിൽകൂടെയാണ് തെററിധാരണ ഉണ്ടായത്. കയററിൻെറ ബോധം ഇല്ലാതായപ്പോൾ സർപ്പത്തിൻെറ ബോധം ഉദിച്ചു. അതുപോലെതന്നെ സർപ്പത്തിൻെറബോധം

ഇല്ലാതായപ്പോൾ രജ്ജുവിൻെറബോധവും ഉണ്ടായി. എന്നാൽ നിങ്ങൾ ഒന്നിനെമാത്രമേ ഒരിക്കൽ കാണുന്നുള്ളു എന്ന പരമാത്ഥം മറേറതു് ഇല്ലാത്തതാണു് എന്ന ആശയത്തെ തെളിയിക്കുന്നില്ല. ലോകത്തെപ്പററിയുള്ള ആശയം ഈശ്വരൻ എന്ന ആശയത്തെ മൂടുന്ന ഒരു ശീലയാണു്. അതിനെ നീക്കിക്കളയണം. എന്നാൽ ലോകത്തിന്നു് അസ്തിത്വമേ ഇല്ലാ എന്നു് പറഞ്ഞുകൂടാ. അതിന്നുമുണ്ടു് സാകല്യേന ഒരു അസ്തിത്വം.

ശങ്കരാചാൎയ്യസ്വാമികൾ വീണ്ടും ഇങ്ങിനെ പറയുന്നു:—ദൎശനം അസ്തിത്വത്തിൻെറ അവസാനത്തെ തെളിവാകുന്നു. അതു് സ്വയം പ്രകാശവും ബോധസ്വരൂപവും ആണു്. എന്തുകൊണ്ടെന്നാൽ ഇന്ദ്രിയങ്ങളെ അതിക്രമിച്ചു പോകുവാൻ, നമ്മൾക്കു പിന്നേയും ഈ അന്തർദർശനം തന്നെയാണു് അവശ്യമായിട്ടുള്ളതു്. ഈ ദർശനം എന്നു് പറയുന്നതു് ഇന്ദ്രിയങ്ങളിൽ നിന്നും യന്ത്രങ്ങളിൽ നിന്നും സ്വതന്ത്രമായതാണു്. അതു് യാതൊന്നിനാലും വ്യവസ്ഥിതമാക്കപ്പെട്ടതല്ല. ബോധം കൂടാതെ ദർശനം ഉണ്ടാകുവാൻ സാധിക്കുകയില്ല. ഈ ദർശനത്തിന്നു് സ്വപ്രകാശത്വം ഉണ്ടെന്നു് മുമ്പെ പറയുക ഉണ്ടായെല്ലൊ. ഇതിനെത്തന്നെയാണു്, ചുരുങ്ങിയ മാത്രയിൽ, ബോധാവസ്ഥ എന്നു് പറയുന്നതു്. ദർശനത്തിൻെറ യാതൊരു വ്യാപാരവും ബോധശൂന്യമായതായിരിക്കുവാൻ തരമില്ല. പരമാത്ഥത്തിൽ ബോധത്വം തന്നെയാണു് ദർശനത്തിൻെറ സ്വരൂപം. അസ്തിത്വവും ദർശനവും രണ്ടു വസ്തുക്കളേ അല്ല; രണ്ടു വസ്തുക്കൾ ഒന്നായിച്ചേന്നതും അല്ല. അവ ഒരേ ഒരു വസ്തുതന്നെയാണു്. കാരണം അവശ്യമില്ലാത്തതു് യാതൊന്നോ അതു് പരിപൂൎണ്ണം ആകുന്നു. അതുകൊണ്ടു് ദർശനത്തിൻെറ അവസാനത്തെ തെളിവു് ദർശനം തന്നെയാണു്. അതു് സനാതനവും ആകുന്നു. അതു് എല്ലായ്പോഴും കർത്തൃത്വസ്വഭാവത്തോടു കൂടിയതായി

രിക്കും. ദർശ്ശനം ചെയ്യുന്നവൻ തന്നെയാണ് ദർശ്ശനവും. ഈ ദർശ്ശനം മനസ്സിലല്ല; പ്രത്യുത, ദർശ്ശനം മനസ്സിനെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. അത് കേവലം. അറിയുന്ന ഏകവസ്തു അതുതന്നെ. അതുകൊണ്ട് ദർശ്ശനം തന്നെ യഥാർത്ഥത്തിൽ ആത്മാവും ആകുന്നു. ദർശ്ശനം തന്നെ ദർശ്ശനം ചെയ്യുന്നു. എന്നാൽ ആത്മാ പിന്ന് അറിയുന്നവനാകുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, അറിയുന്നവൻ അങ്ങനെ അറിയുന്നവനായിത്തീരുന്നത് അറിവിൻെറ പ്രവൃത്തികൊണ്ടാണ്. ആകയാൽ ശങ്കരൻ പറയുന്നത് "ഈ ആത്മാ ഞാനല്ല" എന്നാണ്. എന്തുകൊണ്ടെന്നാൽ "അഹം" എന്ന ബോധം ആത്മാവിലല്ല. നാം ആത്മാവിൻെറ പ്രതിഛായ കൾമാത്രമാണ്. ആത്മാവും ബ്രഹ്മവും ഒന്നുതന്നേയും ആകുന്നു.

നിങ്ങൾ കേവലത്തെപ്പററി സംസാരിക്കുകയും വിചാരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾക്ക് അറിവാകുന്നത് സാകല്യേനയുള്ള അറിവാണ്. അതുകൊണ്ട് അവിടേയ്ക്ക് ഈ താർക്കിക സിദ്ധാന്തങ്ങളെല്ലാം യോജിക്കുകയും ചെയ്യുന്നു. യോഗമാർഗ്ഗത്തിൽ ദർശനവും അനുഭൂതിയും ഒന്നുതന്നെയാണ്. എന്നാൽ ശ്രീമത് രാമാനുജാചാര്യനാൽ സ്ഥാപിതമായ വിശിഷ്ടാദ്വൈതം പൂർണ്ണമായ ഐക്യത്തെയല്ല കാണുന്നത്. അദ്ദേഹവും ഐക്യത്തെ കാണുന്നുണ്ടെന്നുള്ളത് പരമാർത്ഥം തന്നെ. പക്ഷെ അത് ഒരു ഭാഗംമാത്രമേ ആകുന്നുള്ളു. എന്നാൽ അതുകൊണ്ടുതന്നെ അത് അദ്വൈതത്തിലേയ്ക്കുള്ള ഒരു പടിയാകുന്നതുമുണ്ട്. "വിശിഷ്ടം" എന്നാൽ "വ്യത്യാസം" എന്നർത്ഥം. ലോകത്തിൻെറ സ്വഭാവമാകുന്ന പ്രകൃതിക്ക് മാററം നേരിടുന്നത് അതിന്മേലാണ്. മാററത്തോടുകൂടിയ വാക്കുകളാൽ വേഷ്ടിതമായ മാററത്തോടുകൂടിയ അംശങ്ങൾകൊണ്ട് ഒരിക്കലും കേവലത്തെ വെളിവാക്കുവാൻ സാധിക്കുകയില്ല. ആ മാർഗ്ഗത്തിൽക്കൂടെ നിങ്ങൾ ഏതാണ്ട് ഒന്നിനെ പ്രാപിക്കുന്നുണ്ട്. അതു പരമാർത്ഥം. പക്ഷെ

അതിന്നു് ഏതാനും ഗുണങ്ങൾ കുറവായിരിക്കുന്നു എന്നു് കാണാം. അല്ലാതെ പൂർണ്ണമായ ബ്രഹ്മത്തെത്തന്നെയല്ല അവിടെ കാണുന്നതു്.

## 25

## ശങ്കരാചാര്യരും സാംഖ്യമതവും.

ജൂലായി 18-ാംനു, വ്യാഴാഴ്ച —

"ബോധാവസ്ഥ എന്നതു് ഒരു മിശ്രഭാവം. അതിന്നപ്പുറത്തായി പുരുഷൻ. അതുതന്നെ അവസാനം. അതിന്നപ്പുറത്തുപോകുവാൻ നമ്മാൽ സാധിക്കുക ഇല്ല. ഈ പുരുഷൻ തന്നെയും ഒരു സാക്ഷി. ഇങ്ങിനെ അനേകംപുരുഷന്മാരുണ്ടു്. നാം ഓരോരുത്തരും ഓരോ പുരുഷനാണു്." എന്നെല്ലാമാണു് സാംഖ്യന്മാർ പറയുന്നതു്. എന്നാൽ അദ്വൈതികൾ ഇതിനോടു് യോജിക്കുന്നില്ല. പുരുഷന്മാർ ഒന്നിലേറ ഉണ്ടാകുവാൻ പാടില്ലന്നാണു് അവരുടെ സിദ്ധാന്തം. ആ പുരുഷൻ ആകട്ടെ, ബോധവാൻ ആകുവാനും പാടില്ല. അതിന്നു ഗുണം ഒന്നും ഉണ്ടാകുവാനും പാടില്ല. എന്തുകൊണ്ടെന്നാൽ ഈ ഗുണങ്ങൾ ഒന്നുകിൽ ബന്ധനത്തെ ഉണ്ടാക്കും; അല്ലെങ്കിൽ ഇവതന്നെ ഒരിക്കൽ ഇല്ലാതാകും. അതുകൊണ്ടു് ഏകമായ വസ്തു യാതൊരു ഗുണത്തോടും കൂടാത്തതായിരിക്കുവാനേ പാടുള്ളൂ. അതിന്നു ജ്ഞാനംകൂടെ ഉണ്ടായിക്കൂടാ. മാത്രമല്ല, അതു് പ്രപഞ്ചത്തിന്റെ കാരണമായിരിക്കുവാനും നിവൃത്തിയില്ല. പ്രപഞ്ചത്തിന്റെ മാത്രമല്ല മറ്റൊന്നിന്റേയും കാരണമാകുവാനും പാടില്ല. "അടിയിൽ 'രണ്ടു' എന്നു് ഇല്ലാത്ത കേവലമായ 'ഏകം'—അസ്തിത്വം—ഒന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ" എന്നാണു് വേദങ്ങൾ പറയുന്നതു്.

* * *

സ്വത്വം ജ്ഞാനത്തോടുകൂടിത്തന്നെ ഉദിക്കുന്നു. അതുകൊണ്ടു് സത്വമാണ് ജ്ഞാനത്തിനു് കാരണം എന്നു് തെളിവാകുന്നില്ല. പ്രസ്തുത മനുഷ്യനിൽ മുമ്പുതന്നെ ഉണ്ടായിരുന്ന അറിവിനെ സത്വം പുറത്തേയ്ക്കു് വരുത്തുക മാത്രമേ ചെയ്യുന്നുള്ളൂ. അഗ്നിക്കരികിൽ ഇരിക്കുന്ന ഇരുമ്പുണ്ടയെപ്പോലെയാണു് അതിന്റെ സ്വഭാവം. അഗ്നിയുടെ ചൂടു് ഇരുമ്പുണ്ടയിൽ കടന്നു് അതിനെ തപിപ്പിക്കുകയല്ല ചെയ്യുന്നതു്. അതിൽതന്നെ അടങ്ങി കിടപ്പുള്ള ചൂടിനെ പ്രബുദ്ധമാക്കിത്തീർക്കുകമാത്രമേ ചെയ്യുന്നുള്ളൂ.

ശങ്കരാചാര്യസ്വാമികൾ പറയുന്നതു് ജ്ഞാനം ബന്ധനമല്ലാ എന്നാണു്. എന്തുകൊണ്ടെന്നാൽ അതു് ഈശ്വരന്റെ പ്രകൃതംതന്നെയാണല്ലോ. ഈശ്വരൻ ജ്ഞാനസ്വരൂപനല്ലെ. ലോകം എല്ലാകാലത്തും ഉണ്ടായിട്ടുണ്ടു്. അല്ലാതെ ലോകം കൂടാത്ത ഒരു കാലം ഒരിക്കലും ഉണ്ടായിട്ടില്ല; ഉണ്ടാകുകയും ഇല്ല. പക്ഷെ ചിലപ്പോൾ പ്രകടിത ഭാവത്തിലായിരിക്കാം; ചിലപ്പോൾ അപ്രകടിതഭാവത്തിലായിരിക്കാം എന്നേ ഉള്ളൂ. ഇങ്ങിനെയാണു് സനാതനമായവസ്തു സ്ഥിതിചെയ്യുന്നതു്. അല്ലാതെ ഒരിക്കൽ നശിക്കുക, പിന്നെ ഒരിക്കൽ ഉണ്ടാകുക; എന്നൊന്നും ഇല്ല.

"ജ്ഞാന-ബല-ക്രിയ" ആകുന്നു ഈശ്വരൻ. ഈശ്വരന്നു രൂപത്തിന്റെ ആവശ്യമേ ഇല്ല. അപൂർണ്ണം മാത്രമെ രൂപത്തെ അംഗീകരിക്കേണ്ടതായിട്ടുള്ളൂ. അഖണ്ഡജ്ഞാനത്തെ അറിയുന്നതിലും ഗ്രഹിക്കുന്നതിലും ഒരു സഹായി എന്നപോലെ നില്ക്കുവാൻ അപൂർണ്ണത്തിന്നു് രൂപാശ്രയം ആവശ്യംതന്നെ. എന്നാൽ ഈശ്വരന്നു് യഥാർത്ഥത്തിൽ അങ്ങിനെയുള്ള സഹായങ്ങൾ ഒന്നും വേണ്ടതായിട്ടില്ല.

"ചലിയ്ക്കുന്ന ആത്മാ" എന്ന ഒന്നേ ഇല്ല. ആകെ ആത്മാ ഒന്നേ ഉള്ളൂ. ഈ ശരീരത്തിന്റെ ബോധാത്മകനായ രേണാധികാരി ജീവനാണു്. ആ ജീവനിൽ പഞ്ചപ്രാണ

ന്മാരെയും യോജിപ്പിച്ചിരിക്കുകയാകുന്നു. എന്നാലും ആ ജീവൻ തന്നെ ആകുന്നു ആത്മാവും. എന്തുകൊണ്ടെന്നാൽ എല്ലാം ആത്മാതന്നെ ആണല്ലൊ. അതിനെപ്പററി നിങ്ങൾക്കുണ്ടാകുന്ന വിചാരങ്ങളെല്ലാം ഭ്രാന്തികൊണ്ടുമാത്രം ഉണ്ടാകുന്ന സങ്കല്പങ്ങളാണ്. അല്ലാതെ ജീവനിൽ അതൊന്നുംതന്നെ ഉള്ളതല്ല. നിങ്ങൾ ഈശ്വരൻതന്നെ ആണ്. ബാക്കി നിങ്ങൾ വിചാരിക്കുന്നതെല്ലാം തെററ്. നിങ്ങൾ കൃഷ്ണനിൽ ആത്മാവിനെ ആരാധിക്കണം. അല്ലാതെ, കൃഷ്ണനെ കൃഷ്ണനായിത്തന്നെ ആരാധിക്കുന്നതു ശരിയല്ല. സ്വാത്മത്തെ തന്നെ ആരാധിക്കുന്നതുകൊണ്ടേ സ്വാതന്ത്ര്യത്തെ സമ്പാദിക്കുവാൻ സാധിക്കുകയുള്ളു. "സാകാര ഈശ്വരൻ" എന്നു പറയുന്നതുതന്നെ സ്വന്ത "ആത്മാ വിഷയീകരിക്കപ്പെട്ടതു്" ആണ്. "തൻെറ സ്വന്ത യാഥാർത്ഥ്യത്തെ ലക്ഷ്യമാക്കി, അതിനെ അതി തീവ്രതയോടെ അന്വേഷിക്കുന്നതാകുന്നു ഭക്തി." എന്നാണ് ശ്രീമത് ശങ്കരാചാര്യ സ്വാമികൾ ഭക്തിയെ നിർവ്വചിച്ചിട്ടുള്ളതു്.

ഈശ്വരനെ പ്രാപിയ്ക്കുവാനായി നാം സ്വീകരിക്കുന്ന മാർഗ്ഗങ്ങളെല്ലാം ശരിയായിട്ടുള്ളവതന്നെ ആണ്. ആ മാർഗ്ഗങ്ങളെ സമാശ്രയിച്ചേ ഈശ്വരനെ പ്രാപിക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടു് അവ ഉപേക്ഷിയ്ക്കപ്പെടാകുന്നവ അല്ല. നമുക്ക് അരുന്ധതി (നക്ഷത്രം)യെ കാണുവാൻ ആദ്യമായി സപ്തൎഷികളേയും, അവരിൽ പ്രത്യേകിച്ചു് വസിഷ്ഠനേയും കാണേണ്ടതായിട്ടില്ലെ. അവയെ ആശ്രയിക്കാതെ അരുന്ധതിയെ മാത്രമായി കാണുവാൻ സാധിക്കുമൊ? ഇല്ല. മററുള്ളവയെ ആശ്രയിച്ചു് ചെന്നാൽ മാത്രമേ അരുന്ധതി നമ്മുടെ ദൃഷ്ടിക്ക് വിഷയമായിത്തീരുകയുള്ളു. അതുകൊണ്ടു് അവ ആവശ്യങ്ങൾതന്നെയാണ്. പരമാൎത്ഥങ്ങളുംആണ്.

* * *

വേദാന്തത്തിൻെറ അത്യൽകൃഷ്ട പ്രമാണം ശ്രീമത് ഭഗവൽഗീത ആകുന്നു.

## 26

## മായാ.

ജൂലായി 19-ാനു. വെള്ളിയാഴ്ച—

"നീ" "നീ" (ത്വം-ത്വം) എന്നു ഞാൻ പറയുന്നകാലത്തെല്ലാം, "ഞാൻ" എന്നും "നീ" എന്നും രണ്ടു് വിഭിന്നഭാവങ്ങൾ ഉണ്ടെന്നു് തീൎച്ചയാണല്ലൊ. അതിനാൽ ആ കാലത്തെല്ലാം, നമ്മളിൽനിന്നു് വിഭിന്നനായും, എന്നാൽനമ്മളെ രക്ഷിക്കുന്നവനായും ഒരു ഈശ്വരനുണ്ടെന്നുപറയുവാനുള്ള അവകാശം എനിയ്ക്കുണ്ടു്. പിന്നെ മൂന്നാമതു് ഒരുവനെ കാണുമ്പോഴാണു്, ഞാനും-നീയും-അവനും ഇങ്ങനെഭാവങ്ങൾമൂന്നായിതീരുന്നതു്. അപ്പോൾ നമ്മൾക്കു മദ്ധ്യേനിൽക്കുന്ന മൂന്നാമത്തേവനെ അദൎശമാക്കി എല്ലാ കൎത്തൃത്വശക്തികളും അവനിൽ നിക്ഷേപിക്കാം. നിങ്ങൾക്കുംഎനിക്കും മദ്ധ്യേനില്ക്കുന്നവൻ കൎത്താവാണു്. ത്രികോണത്തിൻെറ പാൎശ്വഭാഗങ്ങളെ കൂട്ടിയോജിപ്പിക്കുന്ന അന്തിമരേഖയും അതുതന്നെ ആകുന്നു. നീരാവി മഞ്ഞാകുന്നു, അതു പിന്നെ ജലമാകുന്നു, ആ ജലം തന്നെ പിന്നീടു ഗംഗയായും തീരുന്നു. എന്നാൽ അതു് നീരാവിയായി നില്ക്കുന്ന കാലത്തു് ഗംഗാനദിയല്ല അതു് ജലമായിത്തീരുമ്പോൾ നീരാവി ഉണ്ടെന്നു് നാം വിചാരിക്കുന്നതും ഇല്ല. സൃഷ്ടി അല്ലെങ്കിൽ മാററം എന്നുള്ള ആശയം ഇച്ഛയിൽനിന്നു് വേൎതിരിക്കുവാൻ സാധിക്കാത്തവിധം അവതമ്മിൽ അത്രയ്ക്കു് അന്യോന്യം യോജിച്ചാണു കിടക്കുന്നതു്. നാം ഈലോകത്തെ ചലനത്തിൽ ഇരിക്കുന്നതായി കാണുന്നേടത്തോളം കാലം അതിന്നടിയിലായി ഒരു ഇച്ഛാശക്തി പ്രവൎത്തിക്കുന്നുണ്ടെന്നു് വിശ്വസിക്കേണ്ടതായിരിക്കുന്നു. എന്നാൽ നമ്മുടെ ഇന്ദ്രിയങ്ങൾ നമ്മെ വഞ്ചിക്കുന്നവകൾ ആണെന്നു് ഭൌതികശക്തിശാസ്ത്രം (ഫിസിക്സ്) തെളിയിക്കുന്നുണ്ടു്. നാം

കാണുന്നതുപോലെയോ, അല്ലെങ്കിൽ കേൾക്കുന്നതുപോലെയോ, അല്ലെങ്കിൽ സ്പർശിക്കുന്നതുപോലെയോ, അല്ലെങ്കിൽ ഘ്രാണിക്കുന്നതുപോലെയോ, അല്ലെങ്കിൽ രുചിക്കുന്നതുപോലെയോ യഥാർത്ഥത്തിൽ ഒന്നുംതന്നെ ഇല്ല. ഉണ്ടെന്നു് ഇന്ദ്രിയദൃഷ്ട്യാ തോന്നുന്നതു് ഭ്രമംകൊണ്ടാണു്. അതിനെത്തന്നെയാണു് "ഇന്ദ്രിയവഞ്ചന" എന്നു പറയുന്നതും. ഏതാനും ചില ഫലങ്ങളെജനിപ്പിക്കുന്ന ഏതാനും ചില ചലനങ്ങൾ നമ്മുടെ ഇന്ദ്രിയങ്ങളെ ബാധിക്കുന്നു; നമുക്കു് അതിന്നു് അനുസരണമായി മാത്രമെ അറിയുവാൻ സാധിക്കുന്നുള്ളു. അതിനാൽ നാം അറിയുന്നതെല്ലാം സാകല്യേന ഉള്ളതാണു്. അതിനെ സംബന്ധതേന ഉള്ളതല്ലാതെ നഗ്നമായ സത്യമല്ല.

"സത്യം" എന്നതിന്നു് "അസ്തിത്വം-'ഉണ്ടു്.' എന്നുള്ള അവസ്ഥ" എന്നാണു് അർത്ഥം. ഇതിനെ സംസ്കൃതഭാഷയിൽ "സത്" എന്നുപറയുന്നു. നമ്മുടെ ഇന്നത്തെ സ്ഥാനത്തിൽനിന്നു് നോക്കുമ്പോൾ ഈ ലോകം, നമുക്കു് ഇച്ഛയും ബോധവുംകൂടിച്ചേർന്നതുപോലെ ആണു് കാണുന്നതു്. നാം നമുക്കു ഏതൊരുപ്രകാരം സത്തായിരിക്കുന്നുവോ അതുപോലെ മാത്രമെ സാകാര ഈശ്വരൻ, അദ്ദേഹത്തിനു തന്നെയും സത്തായിരിക്കുന്നുള്ളു. അല്ലാതെ അതിലും അധികമായി ഒന്നും ഇല്ല. നമ്മളെ സാകാരമായി കാണുന്നതുപോലെ ഈശ്വരനേയും സാകാരനായി കാണാവുന്നതാണു്. മനുഷ്യർ എന്ന നിലയിൽ നമുക്കു് ഒരു ഈശ്വരൻ ഉണ്ടായിരിക്കുക തന്നെ വേണം. എന്നാൽ ഈശ്വരന്മാർ എന്ന നിലയിൽ നമുക്കു് അതിൻെറ ആവശ്യം ഒട്ടും ഇല്ലതാനും. അതുകൊണ്ടാണു് ശ്രീരാമകൃഷ്ണദേവൻ ദിവ്യമാതാവിനെ നിരന്തരം കണ്ടുകൊണ്ടിരുന്നതു്. എല്ലാം തന്നോടൊന്നിച്ചുതന്നെ—തന്നിൽതന്നെ—സ്ഥിതിചെയ്യുന്നതായി അദ്ദേഹം കണ്ടു. അദ്ദേഹത്തിൻെറ ചുററുപാടും ഉള്ള വസ്തുക്കളെ കാണുന്നതിലും സ്ഫുടതരമായി അദ്ദേഹം ദേവിയെ, അന്തരമേതും

കൂടാതെ, സദാ കണ്ടുകൊണ്ടേ ഇരുന്നു. എപ്പോൾ?—രാമകൃഷ്ണൻ മനുഷ്യനായിരുന്നപ്പോൾ മാത്രം. എന്നാൽ സമാധിയിൽ അദ്ദേഹത്തിന്നു്, ആത്മാ ഒന്നൊഴികെ മററെല്ലാം വിനഷ്ടമായും തീൎന്നു. അദ്ദേഹത്തിൻെറ "അമ്മ" കൂടയും ഇല്ലാതായി. സാകാരഈശ്വരൻ ആദിയിൽ വളരെ അകലത്തിൽ ആണു് കാണപ്പെട്ടുക. അതുപിന്നെ ക്രമേണ ക്രമേണ അടുത്തടുത്തു് വരുവാൻ തുടങ്ങും. ഇങ്ങിനെ അടുത്തടുത്തു വന്നു് ഒടുവിൽ തന്നിൽതന്നെ പ്രവേശിച്ചു് അവിടെത്തന്നെ ദ്രവിച്ചു് ചേരുകയും ചെയ്യും. പിന്നെ സാകാരഈശ്വരനുമില്ല. അറിവും ഇല്ല. എല്ലാം സ്വാത്മത്തിൽ ലയിച്ചുകഴിഞ്ഞിരിക്കുന്നു.

ബോധവും ഒരു ബന്ധനമാണു്; അതു് രൂപത്തിന്നു് മുമ്പായി ഉണ്ടാകുന്നു; എന്നൊരുവക വാദമുണ്ടു്. എന്നാൽ ബുദ്ധി ഇങ്ങിനെ ഏതെങ്കിലും ഒന്നിന്നു് കാരണമായിരിക്കുന്നു എങ്കിൽ തന്നേയും അതു് ക്രമേണ മററൊരു കാരണത്തിൻെറ കാൎയ്യമായിതീരാതിരിക്കുന്നില്ല. ഇതാണു് മായാ. ഏതായാലും വൃത്തം മുറിവില്ലാത്തതാണു്. മനസ്സു് ശരീരത്തെ ഉണ്ടാക്കുന്നു; ആ ശരീരംതന്നെ മനസ്സിനേയും ഉണ്ടാക്കുന്നു; മുട്ട പക്ഷികളെ ഉണ്ടാക്കുന്നു, ആ പക്ഷികളുംതന്നെ മുട്ടയേയും ഉണ്ടാക്കുന്നു; വൃക്ഷം ബീജത്തെ ഉണ്ടാക്കുന്നു, ആ ബീജംതന്നെ വൃക്ഷത്തേയും ഉണ്ടാക്കുന്നു. ഓരോന്നും ഇങ്ങിനെതന്നെ. ഈ ലോകം തീരെ അന്യോന്യസംബന്ധത്തോടു് കൂടാത്തതൊ, അല്ലെങ്കിൽ എല്ലാം ഒന്നായി ചേൎന്നതൊ അല്ല. മനുഷ്യൻ പ്രകൃത്യാ സ്വതന്ത്രനാകുന്നു. അതുകൊണ്ടു് അവൻ ഈ രണ്ടു ഭാഗങ്ങളേയും തരണംചെയ്യേ മതിയാകൂ. ഓരോന്നും അതാതിൻെറ സ്ഥാനത്തു് പരമാൎത്ഥംതന്നെയാണു്. അതിന്നു വാദമില്ലതന്നെ. എന്നാൽ സത്യത്തെ, അതായതു് ശരിയായ അസ്തിത്വത്തെ, അല്ലെങ്കിൽ സദ്ഭാവത്തെ പ്രാപിക്കുവാൻ നാം, അസ്തിത്വം-ഇച്ഛ-ബോധം-പ്രവൃത്തി-ഗമനം-അറിവു് ഇവയെ സംബന്ധിച്ചു് ഇപ്പോൾ നമുക്കുള്ള അറിവു

ൻ

കൾക്കെല്ലാം അപ്പുറം കടക്കേണ്ടതാകുന്നു. ജീവന്നു് യഥാൎത്ഥമായ അസ്തിത്വം ഇല്ലതന്നെ. അതുനിമിത്തം, ഒരു സംഘടിതപദാൎത്ഥമാകയാൽ, അതു് ഒരിക്കൽ പൊളിഞ്ഞു് നശിച്ചു പോകാതെ കഴിയുകയില്ല. "ഇനി ഇവിടുന്നങ്ങോട്ടു് പിരികവാൻ നിവൃത്തിയില്ല" എന്ന നിലയിൽ ഉള്ളതിനെ ആണു് "മൂലവസ്തു" എന്നു പറയുന്നതു്. അതൊന്നുമാത്രമേ പരമാൎത്ഥമായിട്ടും ഉള്ളു. യഥാൎത്ഥമായ സ്വാതന്ത്ര്യം, യഥാൎത്ഥമായ അമരത്വം, യഥാൎത്ഥമായ ആനന്ദം ഇവയെല്ലാം അതൊന്നുമാത്രം ആണു്. പിരിയുവാൻ പാടുള്ളതൊ കൂടിച്ചേൎന്നുണ്ടായതൊ ആയ വസ്തു യഥാൎത്ഥമായ ഒന്നായിരിക്കുവാൻ പാടില്ല. അതു് ഒരിക്കൽ പൊളിയാതെയൊ പിരിയാതെയൊ ഇരിക്കയില്ല. അപ്പോൾ മുമ്പിലത്തെ യഥാൎത്ഥം അയഥാൎത്ഥമായി തീരുന്നു. അതുകൊണ്ടു് ഇങ്ങിനെ ഒരു വ്യക്തിത്വം ഉണ്ടെന്നു് വിചാരിക്കുന്നതു് വെറും ഭ്രാന്തികൊണ്ടു മാത്രം ആണു്. അങ്ങിനെ ഭ്രാന്തികൊണ്ടുണ്ടായ വ്യക്തിത്വത്തെ സംരക്ഷിക്കുവാനായി ചെയ്യുന്ന ശ്രമങ്ങളെല്ലാം യഥാൎത്ഥത്തിൽ ദുഷ്ടങ്ങളും ആകുന്നു. പ്രത്യുത, ഈ വ്യക്തിത്വത്തെ ഇല്ലായ്മചെയ്വാൻ ചെയ്യുന്ന ശ്രമങ്ങളെല്ലാം ശിഷ്ടങ്ങളും ആയിരിക്കും. പ്രപഞ്ചത്തിൽ ഉള്ളവയെല്ലാം, അറിഞ്ഞുകൊണ്ടായാലും ശരി, അറിയാതെ കണ്ടായാലും ശരി, ഈ വ്യക്തിത്വത്തെ പൊളിക്കുവാൻവേണ്ടി സദാ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഭിന്നിപ്പു്, അല്ലങ്കിൽ അപാസ്തവമായ വ്യക്തിത്വം, ആണു് പാപങ്ങൾക്കെല്ലാം നിദാനം. അതുകൊണ്ടു് അതിനെ നശിപ്പിക്കുവാൻവേണ്ടിയാണു് എല്ലാ സദാചാരനിയമങ്ങളേയും ഉണ്ടാക്കീട്ടുള്ളതു്.

ആദ്യം സദാചാരങ്ങൾ ആവിൎഭവിക്കുന്നു; പിന്നീട് മതം അവയെ നിയമമാക്കി വ്യവസ്ഥപ്പെടുത്തുന്നു. ആദ്യം ആചാരങ്ങൾ ഉണ്ടാകുന്നു, പിന്നീടു് അവയെ വ്യാഖ്യാനിക്കുവാനായി അലൌകികപ്രകൃതിവിജ്ഞാനീയവും ഉണ്ടാകുന്നു.

ഏതെങ്കിലും ഒരു പുതിയ സംഭവം ഉണ്ടാകുമ്പോൾ അതു് യുക്തിയെക്കാളും ഉപരിയായ നിയതിയിൽനിന്നാണ് വരുന്നതു്. അതിനെ മനസ്സിലാക്കുവാനുള്ള ശ്രമത്തിൽനിന്നു് പിന്നീട്ട് യുക്തികളും ആവിർഭവിക്കുന്നു. യുക്തിയല്ല പ്രവത്തിപ്പിക്കുന്ന പ്രേരകശക്തി. അതു് പിന്നീട്ട് ചെയ്യപ്പെടുന്ന "ചവ്വിതചവ്വണം" മാത്രം. മനുഷ്യജന്മികളുടെ ജീവിതവ്യാപാരങ്ങളെ രേഖപ്പെടുത്തുന്ന ചരിത്രകാരകനാണു് യുക്തി എന്നു് പറയാം.

*                    *                    *

ശ്രീബുദ്ധദേവൻ ഒരു ഉത്തമവേദാന്തി ആയിരുന്നു. ബുദ്ധമതംതന്നെ പരമാത്ഥത്തിൽ, വേദാന്തത്തിൻെറ ഒരു സന്താനമാണു്. ശ്രീ ശങ്കരാചാര്യസ്വാമികളെ ബുദ്ധമതത്തിൻെറ 'പരമവിരോധി' ആയിട്ടാണു് പലരും കണക്കാക്കീട്ടുള്ളതു്. എന്നാൽ അദ്ദേഹ ശങ്കരാചാര്യരെത്തന്നെ "ഒളിവിൽ ഇരിക്കുന്ന ബുദ്ധമതക്കാരൻ" എന്നു് പലപ്പൊഴും വിളിയ്ക്കുക ഉണ്ടായിട്ടുണ്ടു്. ശ്രീ ബുദ്ധദേവൻ വിഘടിപ്പിച്ചു് പരിശോധിച്ചു; ശ്രീശങ്കരാചാര്യർ അവയെ ഘടിപ്പിച്ചു് പരിശോധിച്ചു. ബുദ്ധദേവൻ ഒന്നിനേയും തലകുനിച്ചു് ആദരിക്കുക ഉണ്ടായില്ല. വേദത്തേയോ, ജാതിമര്യാദയേയോ, പൌരോഹിത്യത്തേയോ, ആചാരഭേദാദികളേയോ ഒന്നിനേയും അദ്ദേഹം ആദരിക്കുക ഉണ്ടായില്ല. യുക്തിക്കു് എത്രത്തോളം പ്രവേശിക്കാമൊ, അത്രത്തോളം തികച്ചും അദ്ദേഹം ധൈര്യസമേതം സഞ്ചരിച്ചു. നിർഭയമായി അങ്ങിനെ സത്യത്തെ ലക്ഷ്യമാക്കി ചെയ്ത ഒരു അന്വേഷണവും, ജീവരാശികളോടു് അദ്ദേഹത്തിനുണ്ടായിരുന്നതുപോലെ ഉള്ള പ്രേമവും ലോകം മറെറാരു കാലത്തും മറെറാരു ആളിലും കാണുകഉണ്ടായിട്ടില്ല. ശ്രീ ബുദ്ധദേവൻ ധാമ്മികലോകത്തിലെ വാഷിങ്ങ്ട്ടൻ ആണെന്നു് പറയാം. വാഷിങ്ങ്ട്ടൻ ഭൌതികലോകത്തിൽ ഒരു സിംഹാസനം സമ്പാദിച്ചു. അതിനെ അദ്ദേഹം അമേരിക്കാക്കാക്കായി കൊടുക്കുകയും ചെയ്തു. അതുപോലെ ബുദ്ധദേവനും ആദ്ധ്യാത്മികലോകത്തിൽ അത്യുന്നതമായ ഒരു രാജസിംഹാസനം

പിടിച്ചടക്കി; അതിനെ ലോകത്തിന്നായി പ്രദാനംചെയ്യുകയും ചെയ്തു. അല്ലാതെ തങ്ങൾക്കായി ഒന്നുംതന്നെ അവർ അതിൽനിന്നെടുത്ത് സ്വന്തമാക്കിവെയ്ക്കുവാൻ ശ്രമിച്ചില്ല.

## 27

## ഈശ്വരൻ.

---

ജൂലായി 20-ാംനു, ശനിയാഴ്ച—

നമ്മുടെ ശരിയായിട്ടുള്ള അറിവ്, അല്ലെങ്കിൽ ധർമ്മം (മതം)—ദർശനം (അനുഭൂതി) ആണ്. ആത്മാവിനെപ്പററി അനേക സംവത്സരങ്ങൾ ഒന്നായി സംസാരിച്ചുകൊണ്ടിരുന്നാലും അതുകൊണ്ട് നമുക്ക് ആത്മാവിനെ അറിയുവാൻ സാധിക്കുകയില്ല. സിദ്ധാന്തങ്ങൾക്കും നിരീശ്വരത്വത്തിന്നും തമ്മിൽ വലിയ വ്യത്യാസമൊന്നും ഇല്ല. പരമാർത്ഥം പറകയാണെങ്കിൽ, നിരീശ്വരവാദിയാണ് സിദ്ധാന്തവാദിയേക്കാൾ പരമാർത്ഥി. അവൻ ധരിച്ചതു പറയുന്നു, പറയുന്നതുപോലെ നടക്കുന്നു. സിദ്ധാന്തവാദിയുടെ സംസാരം ഒന്നും നടപ്പ് മറെറാന്നും ആയിരിക്കും. ചൈതന്യലോകത്തിൽ ഞാൻ എടുത്തുവെക്കുന്ന ഓരോ കാലടിയും മുന്നനുഭവിച്ചും എന്റേതുതന്നെയാണ്. നിങ്ങൾ അവിടെ ചെന്നുനോക്കുമ്പോൾ അത്രയും നിങ്ങളുടേതുതന്നെയായി കാണാം. നമ്മൾക്ക് വേണ്ടതെല്ലാം നമ്മൾതന്നെ സമ്പാദിച്ചേ മതിയാകൂ. വേറെ ഒരാൾ ഭക്ഷണം കഴിച്ചതുകൊണ്ട് നമ്മുടെ വിശപ്പ് മാറുമൊ? ഗുരുക്കന്മാരെക്കൊണ്ടു സാധിക്കുന്നത് ആഹാരത്തെ ഉണ്ടാക്കിത്തരുവാൻ മാത്രമാണ്. നമ്മുടെ വയർ നിറയണമെങ്കിൽ അതിനെ നമ്മൾതന്നെ എടുത്തു ഭക്ഷിക്കണം. വാദങ്ങൾകൊണ്ട് ഒരിക്കലും ഈശ്വരനെ തെളിയിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് കവിഞ്ഞപക്ഷം ന്യായശാസ്ത്രാനു

സ്വതമായ ഒരു തീരുമാനം ഉണ്ടാക്കുവാൻ സാധിച്ചു എന്നുമാത്രംവന്നേക്കാം.

നമ്മളിൽനിന്നു പുറത്തായി ഈശ്വരനെ കാണുവാൻ നമ്മാൽ പ്രയാസമാണ്. നമ്മളിൽനിന്നു പുറത്തുള്ള ദിവ്യതമെല്ലാം നമ്മുടെ സ്വന്ത ആത്മാതന്നെ ഉണ്ടാക്കീട്ടുള്ളവയാണ്. ഏററവും പാവനമായ ക്ഷേത്രം നമ്മൾതന്നെ ആകുന്നു. "രൂപീകൃതമാക്കിച്ചെയ്യുക" എന്നതു് നാം നമ്മളിൽ കാണുന്നതിന്നുപകരം, അതിനെത്തന്നെ ഏററവും മങ്ങിയ നിറത്തിൽ, മറെറാന്നിനെ ഉണ്ടാക്കിവെയ്ക്കുക എന്നതാകുന്നു.

ഈശ്വരനെ കാണുന്ന മാൎഗ്ഗത്തിൽ നമ്മളെ സഹായിക്കുവാനുള്ള ഏക ആയുധം മനഃശക്തികളെ ഒരുകേന്ദ്രത്തിൽ ഒരുക്കൂട്ടുന്നതു മാത്രമാകുന്നു. അതൊഴികെ ഈ ശതിയിൽ സ്വയരക്ഷയ്ക്കു മററായുധങ്ങളൊന്നും ഇല്ല. നിങ്ങൾ ഒരു ആത്മാവിനെ (നിങ്ങളുടെ സ്വന്ത ആത്മാവിനെത്തന്നെ) അറിയുന്നതായാൽ നിങ്ങൾക്കു് മറെറല്ലാ ആത്മാക്കളേയും അറിയാകുന്നതാണ്. മുമ്പു് കഴിഞ്ഞതും ഇന്നുള്ളതും മേലിൽ വരാനിരിക്കുന്നതും ആയവയെ എല്ലാം അറിയുവാൻ സാധിക്കും.

ഇഛര മനസ്സിനെ ഒരു കേന്ദ്രത്തിൽ ഏകീകരിക്കുന്നു; മനനം, പ്രേമം, ഭക്തി, ശ്വാസനിയന്ത്രണം മുതലായവ ഈ ഇഛരയെ ക്ഷോഭിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ഇങ്ങിനെ ഒരേ കേന്ദ്രത്തിൽ ഉറച്ചുനിൽക്കുന്ന മനസ്സ് ഒരു വിളക്കുപോലെ ആണു്. അതിൻെറ നാളം ചലിക്കാതെ ജ്വലിക്കുമ്പോൾ ആത്മാവിൻെറ സകലമൂലകളും നമുക്കു് പ്രത്യക്ഷത്തിൽ കാണാറാകും.

ഏതൊരു സമ്പ്രദായവും എല്ലാവക്കും ഒരുപോലെ രുചിച്ചു എന്നൊ യോജിച്ചു എന്നൊ വരിക ഇല്ല. അതുകൊണ്ടു് എല്ലാവരേയും ഉൾപ്പെടുത്തുവാനായി സമ്പ്രദായങ്ങൾ പലതും ഉണ്ടാകേണ്ടതായിത്തന്നെഇരിക്കുന്നു. എന്നാൽ

ഈ എല്ലാസമ്പ്രദായങ്ങളേയും ഒരുവൻ ഓരോന്നോരോന്നായി തരണം ചെയ്യണം എന്നൊന്നും ഇല്ല. കർമ്മപദ്ധതി ഏററവും താണ സമ്പ്രദായമാണ്. പിന്നെ ബാഹ്യത്തിലുള്ള ഈശ്വര ഭാവന. അവസാനമായി സ്വാന്തർഭാഗസ്ഥിതനായ ഈശ്വര സാക്ഷാല്ക്കാരം. ചില സംഗതികളിൽ ഇവയെ പടിപടിയായി കടക്കേണ്ടതായ ആവശ്യം കണ്ടേയ്ക്കും. എന്നാൽ പല സംഗതികളിലും ഒരേ ഒരു മാർഗ്ഗംതന്നെ ധാരാളം മതിയാകുന്നതായും ഇരിക്കും. അതുകൊണ്ട് "നിങ്ങൾ ജ്ഞാനത്തിൽ എത്തിച്ചേരുന്നതിന്നുമുമ്പായി, നിങ്ങൾ കർമ്മത്തിൽ കൂടെയും ഭക്തിയിൽക്കൂടെയും കടന്നുപോകേണ്ടതാകുന്നു" എന്ന് എല്ലാവരോടും ഒരുപോലെ പറയുന്നത് പരമാബദ്ധംതന്നെയാണ്.

നിങ്ങൾ നിങ്ങളുടെ സ്വന്ത ബുദ്ധിയെത്തന്നെ പ്രബലമായി ആശ്രയിക്കണം. അങ്ങിനെ ആശ്രയിച്ച് പ്രവർത്തിച്ചാൽ കുറെ കഴിയുമ്പോൾ നിങ്ങൾ ഒരു ഉന്നതപദവിയിൽ എത്തിച്ചേരുന്നതായിരിക്കും. അത് നിങ്ങളുടെ ബുദ്ധിക്ക് പ്രതികൂലമായി നില്ക്കാത്തതുകാണുമ്പോൾ നിങ്ങൾ എത്തിചേർന്നിരിക്കുന്നത് ഉന്നതമായ പദവിതന്നെ ആണെന്ന് നിങ്ങൾക്കുതന്നെ ബോദ്ധ്യമാകുകയും ചെയ്യും. ബോധത്തിന്ന് അപ്പുറത്തുള്ള അവസ്ഥ സമാധിയാണ്. എന്നാൽ സിരാനാളങ്ങൾക്കുണ്ടാകുന്ന ഏതാനും അസ്വാസ്ഥ്യനിമിത്തം ജാതമാകാറുള്ള ബുദ്ധിശൂന്യാവസ്ഥയെ ഈ ബോധാതീതാവസ്ഥയായി തെററിദ്ധരിച്ചുപോകരുത്. ഈ അനുഭൂതിയെ—ഈ സമാധിയെ—കളവായി നടിക്കുന്നതും പറയുന്നതും വളരെ വളരെ ഭയങ്കരമായ ഒരു സംഗതി ആകുന്നു. സഹജബോധം സാധാരണമായി ഉണ്ടാകുന്നതാണ്. അതിനെ അഭേദമായി തെററിദ്ധരിക്കുവാനും എളുപ്പം കണ്ടേയ്ക്കും. എന്നാൽ ഈ തെററിദ്ധാരണയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതും പറയുന്നതും വളരെ അപൽക്കരമാകുന്നു. ഈ അനുഭൂതിക്ക് ബാഹ്യപരിശോധനകൾ ഒന്നും ഇല്ല. അത് സ്വന്തബോധത്തെ

ത്തന്നെ ആശ്രയിച്ചാണു് നില്ക്കുന്നതു്. അല്ലാതെ അന്യമായ തെളിവൊന്നും അതിന്നില്ല.

എല്ലാ മതങ്ങളും യുക്തിയെ അതിക്രമിച്ചു പോകുകയാണു് ചെയ്യുന്നതു്. എന്നാൽ ആ അതീതാവസ്ഥയിൽ എത്തിച്ചേരുവാൻ ഒരു വഴികാട്ടിയായി യുക്തി ഒന്നുമാത്രമേ ഉള്ളുതാനും. സഹജബോധം വെള്ളക്കട്ട പോലേയും, യുക്തി വെള്ളംപോലേയും, ആദേശം സൂക്ഷ്മാകൃതിയിൽ ഉള്ള ആവി പോലേയും ആകുന്നു. ഒന്നിനെത്തുടൎന്നു് മറ്റേതു് ഉണ്ടാകുന്നു. വസ്തു, ശരീരം, മനസ്സ് എന്നീ ഭേദങ്ങൾ സനാതനമായി എവിടേയും പ്രവൎത്തിച്ചുകൊണ്ടേ ഇരിക്കുന്നുണ്ടു്. എന്നാൽ ഈ ചങ്ങലയുടെ ഏതൊരു കണ്ണിയെ നാം പിടിക്കുന്നുവൊ അവിടെ നിന്നാണു് ചങ്ങല തുടങ്ങുന്നതു് എന്നാണു് നമുക്കു തോന്നുന്നതു്. ഏതു ഭാഗത്തേയ്ക്കും ഉള്ള വാദങ്ങളെല്ലാം തുല്യപ്രാബല്യമുള്ളവതന്നെയാണു്. അവ പരമാൎത്ഥങ്ങളും ആണു്. എന്നാൽ നാം വേണ്ടതു ഇവയ്ക്കു അതീതമായി പോകുക ആകുന്നു. ഇവ ഇല്ലാത്തതായ സ്ഥലത്തു ചെന്നുചേരണം. ഈ പരിവൎത്തനങ്ങളെല്ലാം മായാകാൎയ്യങ്ങൾ ആണല്ലൊ.

ധൎമ്മം (മതം) യുക്തിക്കു് അതീതമായതാകുന്നു. അതു് പ്രകൃതിക്കും ഉപരിതന്നെ. വിശ്വാസം എന്നതു് ഒരു വെറും വിചാരംമാത്രമല്ല, അതു് ആത്യന്തികമായ അവസ്ഥയുടെ ഗ്രഹണം—പ്രകാശാനുഭവം—ആകുന്നു. ഒന്നാമതായി കേൾക്കുക; പിന്നെ യുക്തിവാദം ചെയ്യുക. യുക്തിക്കു് ആത്മാവിനെപ്പററി എന്തെല്ലാം പറയുവാൻ സാധിക്കുമൊ അതെല്ലാം പറയട്ടെ. ശ്രദ്ധവെച്ചു് കേൾക്കണം. യുക്തിപ്രവാഹം അതിന്മേൽ പതിക്കട്ടെ. പിന്നെ എന്തു് അവശേഷിച്ചു് കിട്ടുന്നു എന്നു് നോക്കുക. കിട്ടുന്നതിനെ സ്വീകരിക്കുകയും ചെയ്യുക. ഒന്നും അവശേഷിക്കുന്നില്ലെങ്കിൽ ഭാഗ്യമായി. നിങ്ങൾക്കു് പിന്നെയും ഒരു അന്ധവിശ്വാസംകൂടി കൂടാതെ കഴിഞ്ഞു. ആത്മാവിന്നെ എടുത്തുകളയുവാൻ ഒന്നിനെക്കൊണ്ടും സാധി

ക്കുക ഇല്ലെന്നും, അതു് എല്ലാ പരീക്ഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും ശരിയായി ഉറച്ചുനില്ക്കുന്നു എന്നും നിങ്ങൾക്ക് ബോദ്ധ്യം വന്നാൽപിന്നെ അതിനെ ബലമായി പിടിച്ചു് അതിനെത്തന്നെ മററുള്ളവക്ക് ഉപദേശിച്ചുകൂടയൊ? സത്യം ചിലരുടെ മാത്രം സ്വകാര്യസ്വത്തായിരിക്കുവാൻ പാടുള്ളതാണൊ? മററുള്ളവക്കുകൂടെ ഉപകരിച്ചുപോയാലെന്താ? എല്ലാ ജനങ്ങളുടേയും കല്യാണത്തിന്നു് അതു് നിദാനമായിരിക്കട്ടെ. അവസാനമററ പരിപൂർണ്ണമായ വിശ്രമത്തിലും സമാധാനത്തിലും ശാന്തമായി അതിനെത്തന്നെധ്യാനിക്കുക. അതിൽതന്നെ മനസ്സിനെ ഏകാഗ്രമാക്കി വെയ്ക്കുക. നിങ്ങളും അതും തമ്മിൽ വ്യത്യാസമില്ലാത്തവിധം അതോടുകൂടി ഐക്യത്തെ പ്രാപിക്കുക. പിന്നെ സംസാരത്തിൻേറയും ഉപദേശത്തിൻേറയും അവശ്യമൊന്നും ഇല്ല. മൌനംതന്നെ സത്യത്തെ വിതരണം ചെയ്തുകൊള്ളും. വെറുതെ സംസാരിക്കുന്നതിൽ നിങ്ങളുടെ വീര്യത്തെ നഷ്ടപ്പെടുത്തുന്നതുകൊണ്ടു് പ്രയോജനമൊന്നും ഇല്ലല്ലൊ. നിങ്ങൾ അതിന്നുപകരം നിശ്ശബ്ദനായി ധ്യാനിച്ചാൽ മാത്രംമതി. ബാഹ്യലോകത്തിലെ തിക്കും തിരക്കും ഒന്നും നിങ്ങളെ അലട്ടാതിരിക്കട്ടെ. ഇങ്ങനെ നിങ്ങളുടെ മനസ്സ് അതിൻെറ അത്യുന്നതസ്ഥാനത്തെ പ്രാപിക്കുമ്പോൾ നിങ്ങൾ അതിനെപ്പററിയുള്ള ധാരണയെ ഇല്ലാത്തവനായി തീരും. നിശ്ശബ്ദനായി ശക്തിയെ ഒരുക്കൂട്ടുക. അങ്ങനെ നിങ്ങൾ ശക്തിയുടെ ഒരു മഹാകേന്ദ്രമായിത്തീരട്ടെ. അല്ലാതെ ഒരു ഇരപ്പാളിയെക്കൊണ്ടു എന്തുതന്നെ ദാനംചെയ്വാൻ സാധിക്കും! ദാനം ചെയ്വാൻ സാധിക്കുന്നതു് ഉള്ളവനല്ലെ. രാജാധിരാജൻ ചെയ്യുന്നതു ദാനം. തനിക്ക് ഒന്നും ആവശ്യമില്ലാത്തവനായി ഇരിക്കുന്നവനാരൊ അവനെക്കൊണ്ടു മാത്രമെ ശരിയായി ദാനം ചെയ്യുവാൻ സാധിക്കു. അവൻ രാജാധിരാജന്മാരുടേയും രാജാധിരാജനാകുന്നു. ആഗ്രഹങ്ങൾ ഉള്ളവൻ രാജാധിരാജനായാലും ഇരപ്പാളിയുമാകുന്നു.

* * *

നീങ്ങളുടെ ധനത്തെ നിങ്ങൾ ഒരു സൂക്ഷിപ്പുകാരൻെറ നിലയിൽ മാത്രമെ കയ്യേശം വെയ്ക്കാവൂ. ധനം ഈശ്വരനല്ലാതെ മററാക്കാണ് ഉള്ളതു്? അതിനോടുകൂടിയാതൊരു ബന്ധവും ഉണ്ടാകരുതു്. പേരും, പ്രതാപവും, ധനവും, ധാന്യവും എല്ലാം പോകട്ടെ. അവയെല്ലാം ഭയാവഹങ്ങളായ ബന്ധങ്ങൾ ആണ്. നിങ്ങൾ അത്യത്ഭുതകരമായ സ്വാതന്ത്ര്യാവസ്ഥയിൽ വേണം വിഹരിക്കുവാൻ. നിങ്ങൾ സ്വതന്ത്രരാണ്, സ്വതന്ത്രരാണ്, സ്വതന്ത്രരാണ്. "ഹ! ഞാൻ അനുഗ്രഹീതൻ. ഞാൻ സ്വതന്ത്രൻ. ഞാൻ പരിപൂർണ്ണൻ. ഞാൻ സർവ്വവ്യാപി. ഞാൻ സനാതനൻ. എല്ലാം ഞാൻ തന്നെ. ഞാൻ എല്ലാംതന്നെ." ഇങ്ങനെ ഇടവിടാതെ വിശ്വസിച്ചുകൊണ്ടും പറഞ്ഞുകൊണ്ടും ഇരിക്കുക.

# 28

## പതഞ്ജലിയോഗസൂത്രം.

---

ജൂലായി 21-ാംനു, ഞായറാഴ്ച—

ചിത്തം (മനസ്സ്) എന്നതു് വൃത്തികളായിത്തീരുന്ന സ്വഭാവത്തോടുകൂടിയ ഒരു അന്തഃകരണം ആണ്. "വൃത്തികൾ" എന്നാൽ പലവിധത്തിലുള്ള പ്രകടനങ്ങൾ എന്നു് അർത്ഥം. ഈ മനസ്സുതന്നെ ക്രിയ പ്രതിക്രിയ ഇവകളുടെ ഒരു സമ്മിശ്രണവും ആണ്. അതുകൊണ്ടു അതു് സ്ഥിരതയുള്ളതാകുവാൻ തരമില്ല. മനസ്സിന്നു് ഒരു സൂക്ഷ്മശരീരം ഉണ്ടു്. അതിൽകൂടെയാണ് മനസ്സു് സ്ഥൂലശരീരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഈ മനസ്സിൻെറ പിമ്പിലാണു് യഥാർത്ഥ ആത്മാ എന്നു് വേദാന്തം പറയുന്നു. മനസ്സും സൂക്ഷ്മശരീരവും വേദാന്തത്തിന്നും പഥ്യമാണു്. എന്നാൽ അവയ്ക്കു്

ഉപരിയായി മൂന്നാമത്തു് ഒന്നിനെ സ്ഥാപിക്കുകയാണു് ചെയ്യുന്നതു്. ആ മൂന്നാമത്തേതിനെ അവർ സനാതനം അത്യന്തികം, എന്നെല്ലാം പറയുന്നു. വിഭജിച്ചു് വിഭജിച്ചുപോയാൽ ഇനി വിഭജിക്കുവാൻ വയ്യാ എന്ന സ്ഥലത്തു് എത്തുമ്പോൾ, അവസാനമായി കിട്ടുന്നതു് അതിനെയാണു്. പിന്നെ അതിന്മേൽ വിഭജനം സാദ്ധ്യമല്ല. അങ്ങിനെ അതു് കലൎപ്പില്ലാത്ത മൂലവസ്തു ആകുന്നു. അവിടെ പിന്നെ മിശ്രവസ്തുക്കൾ ഒന്നുംതന്നെ ഇല്ല. ജനനം എന്നതു് വിഭിന്നഭാഗങ്ങൾ അന്യോന്യം സംഘടിക്കുന്നതു്. മരണം എന്നതു അവ അന്യോന്യം വിഘടിക്കുന്നതു്. പിരിച്ചുള്ള പരിശോധനയുടെ അവസാനം ആത്മാവിനെ കാണുന്നേടത്താകുന്നു. അവിടെ പിന്നേയും വിഭജനം അസാദ്ധ്യമായിരിക്കുന്നതിനാൽ അതിനെ അവസാനപടിയായി കണക്കാക്കാതിരിക്കവഹിയാ.

ഓരോ തിരയുടെയും പിമ്പുറത്തായി ഒരു മഹാസമുദ്രം സ്ഥിതിചെയ്യുന്നുണ്ടു്. ആ മഹാസമുദ്രത്തിൻെറ പ്രകടനങ്ങളെല്ലാംതന്നെ തിരകളായിട്ടാണു്. അവയിൽ ചിലവ വളരെ വലുതായിരിക്കും; ചിലവ നന്നെ ചെറുതായും ഇരിക്കും. എന്നാൽ എല്ലാ തിരകളും സത്തിൽ സമുദ്രംതന്നെ ആകുന്നതാനും. സമുദ്രം എന്ന നിലയിൽ അവയെല്ലാം ഒന്നു്, എന്നാൽ തിരകൾ എന്ന നിലയിൽ അവകളെല്ലാം ഭിന്നം. തിരകളെല്ലാം അടങ്ങിയാൽ പിന്നെ എല്ലാം ഒന്നുതന്നെ. "കാഴ്ചക്കൂടാത്ത കാഴ്ചക്കാരൻ" എന്നാണു് പതഞ്ജലി പറയുന്നതു്. മനസ്സു് പ്രബുദ്ധമായിരിക്കുമ്പോൾ ആത്മാ അതിനോടുകൂടി ചേൎന്നിരിക്കുന്നു. പഴയ രൂപങ്ങൾ ഒന്നിനു പിമ്പിൽ ഒന്നായി തുടരെത്തുടരെ അതിവേഗം ആവൎത്തിച്ചുകൊണ്ടിരിക്കുന്നതിനെയാണു് ഓൎമ്മ അല്ലെങ്കിൽ ധാരണ എന്നു പറയുന്നതു്.

നിസ്സംഗനായിരിക്കുക. ഒന്നിനോടുകൂടിയും ഒരു ബന്ധവും ഉണ്ടായിരിക്കരുതു്. ജ്ഞാനംതന്നെ ആകുന്നു

മുക്തി. അതിനാൽ ഒന്നുകിട്ടുമ്പോൾ അതോടുകൂടിത്തന്നെ നിങ്ങൾക്ക മറേറതും ലഭ്യമായിക്കൊള്ളും. ജ്ഞാനംകൊണ്ടു് നിങ്ങൾക്ക സ്ഥൂലലോകത്തെ കാണാതാക്കുവാൻകൂടെ സാധിക്കും. ഏതെങ്കിലും ഒരു വസ്തുവിൽനിന്നു് അതിൻെറ ഗുണങ്ങളെ ഓരോന്നോരോന്നായി മനസാ നീക്കിനീക്കി കളയുവാൻ തുടങ്ങുക. കുറച്ചുകഴിയുമ്പോൾ ഗുണങ്ങളെല്ലാം അവസാനിക്കും. അതിനുശേഷം അവശേഷിക്കുന്ന വസ്തുവെക്കൂടയും നിങ്ങൾക്കു് സ്വേച്ഛപോലെ ഒട്ടവിൽനിങ്ങളുടെ ഓൎമ്മയിൽനിന്നു ഉന്മൂലനംചെയ്യുവാൻ കഴിയുന്നതാകുന്നു.

തയ്യാറായിട്ടുള്ളവർ—സംസ്കാരം തികഞ്ഞവർ—അതിവേഗം അഭിവൃദ്ധിയെ പ്രാപിക്കും. അവൎക്കു് ആറുമാസത്തിന്നകത്തുതന്നെ നല്ലയോഗിയായിത്തീരാകുന്നതാണു്. അത്രതന്നെ അഭിവൃദ്ധിയെ പ്രാപിച്ചിട്ടില്ലാത്തവൎക്ക—സംസ്കാരം കുറഞ്ഞവൎക്കു്—അനേകകൊല്ലങ്ങൾ വേണ്ടിവന്നു എന്നും വരാം. എന്നാൽ ഏതൊരുവന്നും മനഃപൂർവ്വമായ നിഷ്ഠകൊണ്ടും, മറെറല്ലാറേറയും ഉപേക്ഷിച്ചു ഏകാന്തമായി ചെയ്യുന്ന പരിശ്രമം കൊണ്ടും, അതിന്നുമാത്രമായി ജീവിക്കുന്നതുകൊണ്ടും, പന്ത്രണ്ടുകൊല്ലത്തെ നിരന്തരാഭ്യാസംകൊണ്ടു് പ്രാപ്യസ്ഥാനത്തു എത്തിച്ചേരാകുന്നതാണു്. എന്നാൽ മാനസികമായ ഈവക അഭ്യാസങ്ങൾ ഒന്നും കൂടാതെ ഭക്തി ഒന്നുകൊണ്ടുതന്നെ ഒരുവന്നു് ഈ സ്ഥാനത്തു എത്തിച്ചേരുവാൻ സാധിക്കുന്നതാണു്. എന്നാൽ അതു് താമസഗതി ആണെന്നേ ഉള്ളു.

മനസ്സിനാൽ കാണപ്പെടുകയും ഗ്രഹിക്കപ്പെടുകയും ചെയ്യുന്നതുപോലെയുള്ള ആത്മാവാണു് ഈശ്വരൻ. ആ ഈശ്വരൻെറ പരമോൽകൃഷ്ടമായ നാമം "ഓം" എന്നും ആകുന്നു. അതുകൊണ്ടു് അതിനെ ഉച്ചരിക്കുക. അതിനെത്തന്നെ ധ്യാനിക്കുക. അതിൻെറ അത്യത്ഭുതകരമായ സ്വഭാവത്തേയും ഗുണങ്ങളേയും സ്മരിക്കുക. ഇടവിടാതെയുള്ള പ്രണ

വോച്ചാരണം ഒന്നു മാത്രമാണ് ശരിയായ ആരാധന. അതൊരു വെറുംവാക്ക് അല്ല. അതു ഈശ്വരൻതന്നെ ആകുന്നു.

ധർമ്മം (മതം) നിങ്ങൾക്കു പുതിയതായി ഒന്നുംതന്നെ തരുന്നില്ല. അതു നിങ്ങളുടെ ആവരണങ്ങളെ നീക്കം ചെയ്യുക മാത്രമെ ചെയ്യുന്നുള്ളൂ. അപ്പോൾ നിങ്ങൾക്കു നിങ്ങളെത്തന്നെ കാണുവാൻ സംഗതിയാകുകയും ചെയ്യും. ഈശ്വരാനുഭൂതിക്കുള്ള മാർഗ്ഗത്തിൽ ഒന്നാമതായി നമ്മുടെ മുമ്പിൽ നില്ക്കുന്ന വലിയ തടസ്സം അനാരോഗ്യമാണ്. അരോഗദൃഢമായ ശരീരം ആണ് ഈശ്വരാന്വേഷത്തിന്നു ഏററവും പററിയ ആയുധം. പിന്നത്തെ വലിയ തടസ്സം നിരുന്മേഷശീലം—എപ്പോഴും ഉന്മേഷമൊന്നും കൂടാതെ ശുഷ്കമൂകനെപ്പോലെ ഇരിക്കുക—ഇതൊരു വിഷമ സംഗതിയാണ്. എന്നാൽ നിങ്ങൾ ഒരിക്കൽ ബ്രഹ്മത്തെ അറിഞ്ഞുകഴിഞ്ഞാൽ പിന്നെ ഒരിക്കലും അങ്ങിനെ നിരുന്മേഷിയായി ഇരിക്കയില്ല. സംശയബുദ്ധി, നിരുത്സാഹം, തെററിദ്ധാരണ, ഇവയാണ് മററു തടസ്സങ്ങൾ.

* * *

പ്രാണന്മാർ സൂക്ഷ്മശക്തികൾ ആകുന്നു. ചലനങ്ങളെല്ലാം ഉണ്ടാകുന്നതു് അവയിൽ നിന്നാണ്. ഇവ ആകെ പത്തെണ്ണം ഉണ്ടു്. അകത്തഞ്ചു്, പുറത്തഞ്ചു് ഇങ്ങിനെ ആണ്. ഒരു വലിയപ്രവാഹം മേലോട്ടും മറെറാന്നു കീഴോട്ടും ആയി നമ്മുടെ ഉള്ളിൽ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ശ്വാസോഛ്വാസംവഴിക്കു പ്രാണങ്ങളെ നിയന്ത്രിക്കുന്നതിനെയാണ് പ്രാണായാമം എന്നുപറയുന്നതു്. പ്രാണന്റെ ഏററവും സ്ഫുടതരമായ പ്രകടനം ശ്വാസോച്ഛ്വാസം ആകുന്നു. അതുകൊണ്ടാണ് പ്രാണനെ സംയമനം ചെയ്വാൻ ശ്വാസത്തെ പിടികൂടുന്നതു്. ശ്വാസം—വിറകു്, പ്രാണൻ—ആവി, ശരീരം—എഞ്ചിൻ. പ്രാണായാമത്തിന്നു്; ഒന്നു- പൂരകം(ശ്വാസത്തെ ഉള്ളിലേയ്ക്കു് എടുക്കുന്നതു്) രണ്ടു്- കുംഭകം

(ശ്വാസത്തെ ഉള്ളിൽതന്നെ അടക്കി നിൎത്തുന്നതു്) മൂന്നു്- രേചകം (ശ്വാസത്തെ പുറത്തേയ്ക്കു വിടുന്നതു്) ഇങ്ങിനെ മൂന്നു പിരിവുകൾ ഉണ്ടു്.

*　　*　　*

ആദ്ധ്യാത്മിക ശക്തിയെ നിങ്ങൾക്കായി കയററിക്കൊണ്ടുവരുന്ന ശകടമാണു് ഗുരു. പഠിപ്പിക്കുവാൻ ആരേക്കൊണ്ടും സാധിക്കും. അതല്ല കാൎയ്യം ഗുരുവിൽനിന്നു് ശിഷ്യനിലേയ്ക്കു —ഒരു പാത്രത്തിൽ നിന്നു് മറെറാരു പാത്രത്തിലേയ്ക്കു തൈലം ഒഴിക്കുന്നപോലെ —ശക്തി ധാരമുറിയാതെ പ്രവഹിക്കണം. അതു മാത്രമേ ഫലവത്താകയുള്ളൂ. ശിഷ്യന്മാരുടെ അന്യോന്യസംബന്ധം സാഹോദൎയ്യമാണു്. ഇതു് ഇന്ത്യയിൽ സൎവ്വത്ര നിയമസാധുത്വമുള്ള സമ്പ്രദായം ആകുന്നു. ഗുരുതന്നെ, അദ്ദേഹത്തിന്റെ ഗുരുവിൽനിന്നു് മന്ത്രത്തെ ഗ്രഹിച്ചവൻ ആയിരിക്കുമെല്ലോ. അങ്ങിനെയുള്ള ഗുരു വിചാരശക്തിയെ (മന്ത്രത്തെ) ശിഷ്യനായി പ്രദാനം ചെയ്യുന്നു. ഗുരുവിനെ കൂടാതെ ഒന്നുംതന്നെ ശരിയായി ചെയ്യുവാൻ സാധിക്കുകയില്ല. പരമാൎത്ഥം പറകയാണെങ്കിൽ ഇതുകൊണ്ടു് വലിയ അപകടങ്ങൾ കൂടെനേരിട്ടേയ്ക്കുവാനുംമതി. ഗുരുവിനെ ആശ്രയിക്കാതെ ഇൗവക യോഗാഭ്യാസങ്ങൾ ചെയ്യുന്നതായാൽ അതു് മോഹത്തെ അധികരിപ്പിക്കുന്നതായിട്ടാണു് സാധാരണമായി കണ്ടിട്ടുള്ളതു്. എന്നാൽ ഗുരുവിന്റെ ശരിയായ ശിക്ഷണത്തിൻ കീഴിൽ അഭ്യസിക്കുന്നപക്ഷം ഇൗ ദോഷം ഉണ്ടാകുന്നതു് വളരെ ദുൎല്ലഭമായിട്ടേ കണ്ടിട്ടുള്ളൂ.

ഓരോ "ഇഷ്ട"ത്തിനും പ്രത്യേകം പ്രത്യേകം മന്ത്രങ്ങൾ ഉണ്ടു്. ഇൗ "ഇഷ്ടം" എന്നതു് ഓരോ ആരാധകനും പ്രത്യേകമായിട്ടുള്ള "ആശയവിശേഷം" ആണു്. "ഇഷ്ടദേവത" എന്നു് പൊതുവിൽ പറയാം. മന്ത്രം എന്നതു് ആ ആശയത്തെ പ്രകടിപ്പിക്കുവാനുള്ള ബാഹ്യവാചകവും ആകുന്നു. അങ്ങിനെയുള്ള വാചകത്തെ, അതായതു് മന്ത്രത്തെ ഇട

വിടാതെ ജപിച്ചുകൊണ്ടിരുന്നാൽ, അതു് മനസ്സിനെ "ഇഷ്ടത്തിൽ" ഉറപ്പിക്കുന്നതിന്നു സഹായമായിത്തീരുന്നതാണു്. ഈ വിധത്തിലുള്ള ആരാധനം ഇന്ത്യയിലുള്ള ഈശ്വരഭക്തന്മാരുടെ ഇടയിൽ എങ്ങും നടപ്പുള്ളതാകുന്നു.

## 29

## ഭഗവൽഗീതാ-കർമ്മയോഗം.

ജൂലായി 2൭-ാംനു, ചൊവ്വാഴ്ച—

കർമ്മയോഗംകൊണ്ടു മുക്തിയെ പ്രാപിക്കാം. അതിന്നു നിങ്ങൾ നിഷ്കാമ്യമായി കർമ്മത്തോടു യോജിക്കണം. എന്നാൽ മാത്രമേ സാധിക്കുകയുള്ളു കർമ്മങ്ങൾ ചെയ്യുക, അതിന്നു വിരോധമില്ല. എന്നാൽ അത്രമാത്രംമതി. അല്ലാതെ അവയുടെ ഫലത്തെപ്പററി ചിന്തിക്കുകയേ അരുതു് അങ്ങിനെയുള്ള നിഷ്കാമ്യകർമ്മങ്ങൾ നിങ്ങളെ ജ്ഞാനത്തിലേയ്ക്കു് നയിക്കും. ജ്ഞാനം നിങ്ങളെ ബന്ധത്തിൽ നിന്നു് മോചിപ്പിക്കുകയും ചെയ്യും. എന്നാൽ "അറിയുന്നതിന്നു" മുമ്പായി കർമ്മങ്ങളെ ഉപേക്ഷിക്കുന്നതു നന്നല്ല. അതു് ദുഃഖത്തിലേയ്ക്കു നയിക്കുകയേ ഉള്ളൂ. ആത്മാവിന്നുവേണ്ടി ചെയ്യുന്ന പ്രവൃത്തികളൊന്നും ബന്ധത്തെ ഉണ്ടാക്കുകയില്ല. സുഖത്തെ ആഗ്രഹിക്കുകയാകട്ടെ, ദുഃഖത്തെ ഭയപ്പെടുകയാകട്ടെ അരുതു്. "കർമ്മങ്ങൾ ചെയ്യുന്നതു് മനസ്സും ശരീരവും ആകുന്നു. അല്ലാതെ ഞാനല്ല." ഈ പരമാർത്ഥത്തെ നിങ്ങൾ നിങ്ങളോടുതന്നെ നിരന്തരം പറഞ്ഞുകൊണ്ടിരിക്കണം. അതിനെത്തന്നെ അനുഭവപ്പെടുത്തുകയും വേണം. നിങ്ങൾ പ്രവർത്തിക്കുന്നു എന്നു് അറിയുവാൻ ശ്രമിക്കാതിരിക്കുക.

ചെയ്യുന്ന പ്രവൃത്തികളെല്ലാം ഈശ്വരാർപ്പണമായി ചെയ്യുക. ലോകത്തിൽ ഇരിക്കുന്നതുകൊണ്ടു് വിരോധമൊന്നും

ഇല്ല. എന്നാൽ ലോകത്തിൻേറതായി ഇരിക്കരുത് എന്നേ ഉള്ളൂ. താമര കണ്ടിട്ടില്ലേ. അതുപോലെ ഇരിക്കണം. അതിൻെറ മുരട്ട് ചെളിയിൽ കിടക്കുന്നു; എന്നാലും അതു് ശുദ്ധമായിത്തന്നെ ഇരിക്കുന്നു; അതിൻെറ ഇല വെള്ളത്തിൽ കിടക്കുന്നു; എന്നാലും അതു് വെള്ളത്താൽ നനയപ്പെടുന്നില്ല. മററുള്ളവർ നിങ്ങളോട്ട് എന്തുതന്നെ പ്രവർത്തിച്ചാലും വേണ്ടതില്ല, നിങ്ങൾ എല്ലാവരേയും ഒരേവിധം സ്നേഹിക്കണം. ഒരു കുരുടന്നു് വർണ്ണഭേദങ്ങൾ കാണ്മാൻ സാധിക്കുന്നില്ലല്ലോ. അതുപോലെ ദുഷ്ടത നിങ്ങളിൽതന്നെ ഇല്ലെങ്കിൽ അതിനെ നിങ്ങൾക്കു് മററുള്ളവരിൽ എങ്ങിനെ കാണുവാൻ സാധിക്കും. നാം പുറത്തു കാണുന്നതിനെ, നാം നമ്മളിൽതന്നെ കാണുന്നതിനോട്ട് താരതമ്യപ്പെടുത്തി നോക്കി, അതിന്നനുസരണമായാണ് തീരുമാനങ്ങൾ ഉണ്ടാക്കുന്നതു്. നാം ശുദ്ധന്മാരാണെങ്കിൽ നമുക്കു് ഒരിക്കലും അശുദ്ധിയെ കാണുവാൻ സാധിക്ക ഇല്ല. അതു് ഉണ്ടായിരിക്കാം, ഇല്ലെന്നല്ല പറയുന്നതു്. എന്നാൽ നമ്മൾക്കു് അതില്ലാ എന്നു മാത്രമേയുള്ളൂ. എല്ലാ പുരുഷന്മാരിലും സ്ത്രീകളിലും കുട്ടികളിലും ഈശ്വരനെത്തന്നെ കാണണം. അന്തർജ്ജ്യോതിസ്സിനെക്കൊണ്ടുവേണം ഇങ്ങിനെ കാണുവാൻ. അതു് കണ്ടാൽ പിന്നെ മററൊന്നും തന്നെ കാണുവാൻ നമ്മളെക്കൊണ്ടു് സാധിക്കുകയില്ല. നിങ്ങൾ അനുഗ്രഹിക്കുന്നതു് നിങ്ങൾക്കു് കിട്ടുന്നു. ഈ ലോകം തന്നെ അതിൻെറ പാട്ടിൽ പോകട്ടെ. ഈശ്വരനെത്തന്നെ അനുഗ്രഹിക്കുക; മററൊന്നുംതന്നെ കാംക്ഷിക്കരുതു്. കാംക്ഷിക്കത്തക്കതായി മററൊന്നുംതന്നെ ഇല്ല. എത്രത്തോളം അധികം ശക്തിയുണ്ടോ അത്രത്തോളം അധികം ബന്ധനവും ഉണ്ടു്; അത്രത്തോളം തന്നെ അധികം ഭയവും ഉണ്ടു്. നമ്മൾ ഉറുമ്പിനെക്കാൾ എത്ര എത്ര അധികം ഭയവിഹ്വലന്മാരും ദുഃഖിതന്മാരും ആകുന്നു? ഒരൊററ ചാട്ടംകൊണ്ടു് ഇതിന്നെല്ലാം അപ്പുറം കടന്നു് ഈശ്വരനെ പ്രാപിക്കണം.

സൃഷ്ടാവിൻെറ തത്വവിജ്ഞാനീയത്തെ സമീക്ഷിക്കുക, സൃഷ്ടിയുടേതു് അനുഗ്രഹിക്കുന്നതെന്തിന്നു്?

"കർത്താവും കർമ്മവും ഞാനാണു്"—"കാമക്രോധത്തെ നിരോധിക്കുവാൻ സാധിക്കുന്നവനാരോ അവനാണു് യോഗി."

"അഭ്യാസംകൊണ്ടും നിസ്സംഗത്വംകൊണ്ടും മാത്രമേ നമ്മൾക്കു് മനസ്സിനെ കീഴടക്കുവാൻ സാധിക്കുകയുള്ളു."

* * *

ഞങ്ങളുടെ പൂർവ്വികന്മാർ ശാന്തമായിരുന്നു് ഈശ്വരനേയും സദാചാരത്തേയും മററും പററി സാവധാനം നല്ലപോലെ ചിന്തിച്ചവരാണു്. അതുകൊണ്ടു് ആ വക സംഗതികളെപ്പററി ചിന്തിക്കുവാനുള്ള വാസനയും ബുദ്ധിയും ഞങ്ങൾക്കും സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ പണം സമ്പാദിക്കുവാനുള്ള ഇന്നത്തെ ദുരാഗ്രഹംകൊണ്ടു് നാം ഒരു സമയം ആ വാസനയേയും ബുദ്ധിയേയും നിശ്ശേഷം നശിപ്പിച്ചേക്കുവാനും മതി.

* * *

ശരീരത്തിന്നുള്ള രോഗങ്ങളെ നശിപ്പിക്കുവാൻ ശരീരത്തിന്നുതന്നെ എത്രയോ ശക്തികളെല്ലാം ഉണ്ടു്. ഈ ശക്തികളെ മനഃസ്ഥിതി, ഔഷധം, വ്യായാമം മുതലായവയെക്കൊണ്ടു് പ്രബുദ്ധമാക്കിത്തീർക്കാം. ഭൌതികാവസ്ഥകളാൽ ബാധിതരായിരിക്കുന്നേടത്തോളംകാലം ഭൌതിക വിഭവങ്ങളുടെ സഹായം നമുക്കു് അവശ്യം അവശ്യംതന്നെ ആകുന്നു. സിദ്ധികളുമായുള്ള ബന്ധം നിശ്ശേഷം ഇല്ലാതായിത്തീരുന്നതുവരെ നമുക്കു് അവയെ അനാദരിക്കുവാൻ സാധിക്കുക ഇല്ല.

ബോധശൂന്യമായ മനസ്സു് എന്ന ഒരു അവസ്ഥ ഉണ്ടു്. അതു് ബോധഭാവത്തിന്നടിയിലാണു്. ബോധം എന്നതു് മാനുഷഭാവത്തിൻെറ ഒരു ഭാഗം—ഒരു മനുഷ്യാവയവം—

തന്നെ ആകുന്നു. തത്വജ്ഞാനം എന്നതു മനസ്സിനെ സംബന്ധിച്ചുള്ള ഊഹം മാത്രം. അറിവിന്റെ ഏകമായ അടിസ്ഥാനം അനുഭവം ആകയാൽ ഇന്ദ്രിയങ്ങൾക്ക് ഈ കാഴ്ചയോടുകൂടിയുള്ള സംബന്ധത്തെ ആശ്രയിച്ചാണു് ധമ്മം സ്ഥിതിചെയ്യുന്നതു്. ആപ്തന്മാർ എന്നു് പറയപ്പെടുന്നവർ ധമ്മത്തെ അനുഭവപ്പെടുത്തിയവർ തന്നെ. നിങ്ങൾ, അവർ അംഗീകരിച്ച സമ്പ്രദായത്തെത്തന്നെ അംഗീകരിക്കുന്നതായാൽ അവക്കുണ്ടായ അതേ അനുഭവങ്ങൾ തന്നെ—പ്രത്യക്ഷദർശനങ്ങൾതന്നെ- നിങ്ങൾക്കും ഉണ്ടാകും. ധമ്മത്തിന്റെ തെളിവും അതുതന്നെ ആകുന്നു. ഓരോ തത്വശാസ്ത്രത്തിനും പ്രത്യേകമായ സമ്പ്രദായങ്ങളും പ്രയോഗത്തിനു് പ്രത്യേകമായ യന്ത്രങ്ങളും ഉണ്ടു്. അതിനാൽ ഓരോ ശാസ്ത്രത്തെപ്പററി ചിന്തിക്കുമ്പോഴും അവക സമ്പ്രദായങ്ങളേയും യന്ത്രങ്ങളേയും തന്നെ ഉപയോഗപ്പെടുത്തിയേ മതിയാകൂ. അടുക്കളയിലുള്ള കലങ്ങളേയോ ചട്ടികളേയോ ഉപയോഗിച്ചു്, ഒരു ജ്യോതിശ്ശാസ്ത്രജ്ഞനെക്കൊണ്ടു് ഏതെങ്കിലും ഒരു ഗ്രഹത്തിന്റെ പരിവേഷത്തേയോ മററൊ കാണിച്ചുകൊടുക്കുവാൻ സാധിക്കുന്നതാണോ? അതിനു ഒരു ദൂരദർശിനീയന്ത്രംതന്നെ ഉപയോഗിച്ചേ മതിയാകൂ. അതുപോലെ ധർമ്മശാസ്ത്രത്തിലെ ഏതെങ്കിലും മഹൽസംഗതിയേ അറിയണമെങ്കിൽ, അവയെ കാണുവാൻ, അവയെകണ്ട വിദഗ്ദ്ധന്മാർ ഉപയോഗിച്ച മാർഗ്ഗങ്ങളേയും കരുക്കളേയും തന്നെ ഉപയോഗപ്പെടുത്തേണ്ടതായിരിക്കുന്നു. ശാസ്ത്രത്തിന്നു് മഹിമകൂടുന്തോറും അതിനെ അറിയുവാനുള്ള മാർഗ്ഗങ്ങളും വിപുലങ്ങളായിരിക്കും. നാം ഈ ലോകത്തിലേക്ക് വരുന്നതിനു മുമ്പായിത്തന്നെ ഇതിൽനിന്നു് പുറത്തുകടക്കുവാൻ ഉള്ള മാർഗ്ഗങ്ങളേയും ഈശ്വരൻ ഉണ്ടാക്കിവെച്ചിട്ടുണ്ടു്. അതിനാൽ നാം ആ മാർഗ്ഗങ്ങളെ കണ്ടെത്തുകമാത്രമേ വേണ്ടതായിട്ടുള്ളു. അതിനാൽ ഈ മാർഗ്ഗങ്ങളെപ്പററി വഴക്കുകൂട്ടുന്നതു് നന്നല്ല. അതുകൊണ്ടു് ഒരു പ്രയോജനവും ഉണ്ടാകുവാൻ ഇല്ല. അനുഭൂതി ഒന്നിനെമാത്രം

ലക്ഷ്യമാക്കി, അതിന്നു് നിങ്ങളുടെ സ്ഥിതിക്കു് ഏററവും യോജിക്കുന്ന സമ്പ്രദായത്തെ നിരടെത്തട്ടത്തുകൊള്ളണം. നിങ്ങൾ മാമ്പഴം തിന്നുകൊള്ളുവിൻ. ബാക്കിയുള്ളവർ, കൂടിയേകഴിയൂ എങ്കിൽ, കുട്ടയെപ്പററി വഴക്കടിച്ചുകൊള്ളട്ടെ. ഏശുദേവനെ കാണുക. അതാണു് ആവശ്യം. എന്നാൽ നിങ്ങളും ക്രിസ്തുതന്നെ ആയിത്തീരും. മററെല്ലാം വെറും സംസാരം. എത്രകുറച്ചു് സംസാരിക്കുന്നുവൊ അത്രയും നല്ലതാകുന്നു.

സന്ദേശം സന്ദേശവാഹിയെ ഉണ്ടാക്കുന്നു; ഈശ്വരൻ ക്ഷേത്രത്തെ ഉണ്ടാക്കുന്നു. അല്ലാതെ സന്ദേശവാഹി സന്ദേശത്തേയും ക്ഷേത്രം ഈശ്വരനേയും ഉണ്ടാക്കുകയല്ല ചെയ്യുന്നതു്.

ശ്വേതകേതുവിൻെറ മുഖപത്മത്തിൽക്കൂടെ പ്രകാശിച്ചതുപോലെ "നിങ്ങളുടെ മുഖത്തിൽ കൂടയും ഈശ്വരചൈതന്യം പ്രകാശിക്കുന്നതുവരെ" അഭ്യസിക്കുക.

ഒരു ഊഹത്തിന്നു് വിരോധമായി മററൊന്നു് ഊഹിക്കുന്നതുകൊണ്ടാണു് ലഹളകളെല്ലാം ഉണ്ടാകുന്നതു്. അതിനാൽ കണ്ടതിനെമാത്രം പറയുകയാണു വേണ്ടതു്. അതിനെ ആരെക്കൊണ്ടും പ്രതിഷേധിക്കുവാൻ സാധിക്കുക ഇല്ല. അനുഭൂതിയാൽ സ്വന്തഇഷ്ടയ്ക്കു് വിപരീതമായിക്കൂടെ പാൾ മാനസാന്തരപ്പെട്ടത്തപ്പെട്ടിട്ടില്ലേ?

*　　*　　*

ഭ്രമം ഭ്രമത്തെ ഉണ്ടാക്കുന്നു. ഭ്രാന്തിക്കു് അതിനെത്തന്നെ ഉണ്ടാക്കുവാനും അതിനെ ത്തന്നെ നശിപ്പിക്കുവാനും സാധിക്കും. അങ്ങിനെയാണു് മായയുടെ സ്വഭാവം. അറിവു് എന്നു് നമ്മാൽ സാധാരണമായി പറയപ്പെടുന്ന അറിവുകൾ എല്ലാം മായയെ അടിസ്ഥാനപ്പെട്ടത്തി ഉള്ളവകൾ ആകയാൽ അർത്ഥശൂന്യമായ വൃത്തം മാത്രമാണവ. ശരിയായ അവസരം വരുമ്പോൾ ആ അറിവുതന്നെ അതിനെ നശിപ്പിക്കുകയും

ചെയ്യും. "അത പാശമങ്ങോട്ടു പോകട്ടെ." ഭ്രാന്തിക്ക് അത്മാവിനെ സ്പർശിക്കുവാൻ ഒരിക്കലും സാധിക്കുക ഇല്ല. നാം കയറിനെ കടന്ന് പിടികൂടുമ്പോൾ—നാം മായയോടുകൂടി താദാത്മ്യത്തെ പ്രാപിക്കുമ്പോൾ—അതിന് നമ്മുടെ മേൽ സർവ്വശക്തികളും ഉണ്ടാകാതിരിക്കയില്ല. അതങ്ങോട്ടും പോയിക്കൊള്ളട്ടെ. സാക്ഷി മാത്രമായിരിക്കുക. അപ്പോൾ നിങ്ങൾക്ക് പ്രപഞ്ചത്തെ യാതൊരു പ്രതിബന്ധവും കൂടാതെ കണ്ടനുഭവിക്കുവാൻ സാധിക്കും.

# 30

## യോഗസൂത്രം.

---

ജൂലായി 24-ാംനു, ബുധനാഴ്ച—

യോഗാഭ്യാസം ചെയ്യുമ്പോൾ പല സിദ്ധികളും അതാതുകാലത്ത് യഥാക്രമം ഉണ്ടായിക്കൊണ്ടിരിക്കും. പരിപൂർണ്ണനായ യോഗിക്ക് അതൊന്നും തടസ്സങ്ങളായി തീരുക ഇല്ല. എന്നാൽ പ്രാരംഭദശയിൽ ഇരിക്കുന്നവർ, അവയുടെ പ്രയോഗം അത്ഭുതത്തേയും സന്തോഷത്തേയും ജനിപ്പിക്കുന്നതാകയാൽ, അതുനിമിത്തം വഴിപിഴച്ച് പോയ്യൊവാനും മതി. സിദ്ധികൾ ഒരുതരം ശക്തികളാണ്. അവ തന്നെ അഭ്യാസിയുടെ ഗതിയിലുള്ള അഭിവൃദ്ധിയെ കുറിയ്ക്കുകയും ചെയ്യുന്നുണ്ട്. ഈ സിദ്ധികളെ പലപ്രകാരത്തിലും സമ്പാദിക്കാം. യോഗാഭ്യാസത്തിൽ ചെയ്യുന്ന മന്ത്രജപം, ധ്യാനം, പ്രത്യാനുഷ്ഠാനം, ഇവകളെക്കൊണ്ടും ഔഷധപ്രയോഗംകൊണ്ടു കൂടിയും സിദ്ധികൾ ലഭ്യമായി എന്ന് വരാം. എന്നാൽ സിദ്ധമായിരിക്കുന്ന സിദ്ധികളിൽ ഉള്ള സകല അനുഗ്രഹങ്ങളേയും ഉപേക്ഷിച്ചവനായും അവക സിദ്ധികളുടെ പ്രയോഗങ്ങളിൽനിന്നുണ്ടാകുന്ന സകല ഗുണങ്ങളേയും നിശ്ശേഷം ത്യജിച്ചവനായും ഇരിക്കുന്ന

യോഗിമാത്രമേ "ധർമ്മമേഘം" എന്ന പേരോടുകൂടിയ സമാധിയെ പ്രാപിക്കുന്നുള്ളൂ. "ധർമ്മമേഘം" എന്നതു് സമാധിയുടെ ഒരു അവസ്ഥാഭേദമാണു്. മേഘത്തിൽനിന്നു് മഴയെന്നപോലെ ഈ സമാധിയിൽനിന്നു് ദിവ്യത്വം നാട്ടിലെങ്ങും പരക്കുന്നതുകൊണ്ടാണു് ഈ പേർ സിദ്ധിച്ചതു്.

ധാരണ എന്നതു് അനേക വിഷയങ്ങളെ ലക്ഷ്യമാക്കിയതും ധ്യാനം എന്നതു് ഏകവസ്തുവെ ലക്ഷ്യമാക്കിയതും ആകുന്നു.

മനസ്സു് ആത്മസന്നിധാനത്തിലാണെന്നല്ലാതെ അതു് ആത്മപ്രകാശത്തോടുകൂടി സമ്മേളിച്ചതല്ല. ആത്മാ ഒന്നിന്റെയും കാരണമായിരിക്കുവാൻ പാടില്ല. അതെങ്ങിനെ പാടുണ്ടു്? പുരുഷനു് പ്രകൃതിയോടുകൂടി എങ്ങിനെ യോജിക്കാം? അതു് യഥാർത്ഥത്തിൽ യോജിക്കുന്നില്ല. യോജിക്കുന്നുണ്ടു് എന്നു തോന്നുന്നതു വെറും ഭ്രാന്തികൊണ്ടു മാത്രമാണു്.

* * *

അന്യന്മാരിൽ സഹതാപം തോന്നാതെ അവരെ സഹായിക്കുവാൻ അഭ്യസിക്കുക; ദുഃഖമുണ്ടു് എന്നബോധത്തോടുകൂടാതെ അന്യന്മാരെ സഹായിക്കുവാൻ പഠിക്കുക; ബന്ധുക്കളിലും ശത്രുക്കളിലും ഒരേവിധ ഭാവത്തോടു കൂടിയിരിക്കുവാൻ ശീലിക്കുക; നിങ്ങൾക്കു് ഇതു സാദ്ധ്യമാകുമ്പോൾ—നിങ്ങൾക്കു പിന്നെ യാതൊരു അഗ്രഹവും ഇല്ലാതാകുമ്പോൾ—നിങ്ങൾ ലക്ഷ്യത്തെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു എന്നു നിശ്ചയിക്കാം.

നിസ്സംഗതയാകുന്ന കോടാലികൊണ്ടു് അഗ്രഹമാകുന്ന വലിയ അരയാൽവൃക്ഷത്തെ പറേറ മുറിച്ചു തള്ളണം. അപ്പോൾ ആ വൃക്ഷത്തിന്റെ ലാഞ്ഛനകൂടെ ഇല്ലാതായിരിക്കട്ടെ. അതെല്ലാം ഭ്രാന്തിയാണു്. "ഭ്രമവും വ്യാമോഹവും ഇല്ലാത്തവനാരോ—സംസർഗ്ഗദോഷത്തെ ഇല്ലായ്മചെയ്തിരിക്കുന്നവനാരോ—അവൻ മാത്രമാണു് "അസാദ്". അസാദ് എന്നാൽ സ്വതന്ത്രൻ എന്നർത്ഥം.

ഒരുവനെ വ്യഷ്ടിപരമായി സ്നേഹിക്കുന്നതു് ബന്ധനമാകുന്നു. എല്ലാവരേയും ഒരുപോലെ സ്നേഹിക്കുക. അപ്പോൾ എല്ലാ ആഗ്രഹങ്ങളും തനിയെ ഇല്ലാതായിക്കൊള്ളും.

സമസ്തത്തേയും തിന്നൊടുക്കുന്നവനായ കാലം വിളിയ്ക്കുമ്പോൾ എല്ലാവരും പോകുകതന്നെ വേണ്ടിവരും. പിന്നെ ഭൂമിയെ പരിഷ്കരിക്കുവാൻ പുറപ്പെടുന്നതു് എന്തിന്നു്? ചിത്രശലഭത്തെ വണ്ണം പിടിപ്പിക്കുവാൻ ശ്രമിക്കുന്നതെന്തിന്നു്? അതെല്ലാം ഒടുവിൽ പോകേണ്ടതായിത്തന്നെ വരുമെല്ലോ. കൂട്ടിൽപെട്ട വെള്ളെലിയെപ്പോലെ ആകുന്നതു് കഷ്ടമല്ലെ *. എല്ലായ്പോഴും അദ്ധ്വാനംതന്നെ—അദ്ധ്വാനംതന്നെ. എത്രതന്നെ പ്രവർത്തിച്ചാലും അതുകൊണ്ടൊന്നും ഒരു സാദ്ധ്യവും ഇല്ലതാനും. എല്ലാ ആഗ്രഹങ്ങളുടേയും ഫലം ഒന്നുതന്നെ—ചീത്തതന്നെ. ആഗ്രഹം ഏതുതരത്തിൽ ഉള്ളതായാലും ശരി; തനിക്കു് എത്തുവാൻ സാധിക്കാത്ത ഉയരത്തിൽ തൂക്കിയിരിക്കുന്ന മാംസഖണ്ഡത്തെ കൊതിച്ചു് ചാടുന്ന ശ്വാവിനെപ്പോലെയാണു് അതു്. ചാടുന്നതുതന്നെമിച്ചം. ഒടുവിൽഒരു ശ്വാവിനെപ്പോലെതന്നെ കിടന്നു് ചാകുകയും ചെയ്യാം. അങ്ങിനെ ആകരുതു്. എല്ലാ ആഗ്രഹങ്ങളേയും ബന്ധിക്കുക.

*    *    *

മായയെ ഭരിക്കുന്ന പരമാത്മാ—ഈശ്വരൻ. മായയ്ക്കു അധീനമായിരിക്കുന്നപരമാത്മാ—ജീവൻ. പ്രകടനത്തിന്റെ

---

* പരിഷ്കാരികളുടെ ബങ്കളാവുകളിൽ വെള്ളെലികളെ പിടിച്ചു് കൂട്ടിലാക്കി വളർത്താറുണ്ടു് ആ കൂട്ടിൻ നടുവിൽ ചെണ്ടക്കററിപോലെ ഒരു ചെറിയ ഉരുൾ പിടിപ്പിച്ചിരിക്കും. എലി അതിന്മേൽ കയറുവാനായി അതിനെ പിടിക്കുമ്പോൾ അതു തിരിഞ്ഞു് എലി താഴെപതിക്കുന്നു. പിടിക്കുന്നതിന്റെ വേഗത അനുസരിച്ചു് ചക്രത്തിന്റെ തിരിച്ചിലും വേഗത്തിൽ ഇരിക്കും. എത്രതവണ ശ്രമിച്ചാലും ഫലം ഒന്നുതന്നെ. നിന്നേടത്തുനിന്നു് നീങ്ങുകയുംഇല്ല; ആഗ്രഹിച്ചേടത്തു് എത്തുകയും ഇല്ല. ഇതായിരിക്കണം സ്വാമികൾ ഉദ്ദേശിച്ചിട്ടുള്ളതു്.

അകെതുക—മായാ. ഇതു് നിശ്ശേഷം അപ്രത്യക്ഷമാകുകയും ചെയ്യും.

നാം മായയെന്ന ആവരണത്തിനുള്ളിൽകൂടെ കാണുന്നതും യഥാൎത്ഥത്തിൽ ഈശ്വരപ്രകൃതിയെത്തന്നെ ആണു്. "എന്തുകൊണ്ടു്?" എന്നു് ഏതിനെ പററിയുള്ള ചോദ്യവും മായാകാൎയ്യം ആകുന്നു. മായ എന്തിനുണ്ടായി എന്നുള്ള ചോദ്യംതന്നെ കേവലം അനാവശ്യമായതാകുന്നു. അതിന്റെ സമാധാനം ഒരിക്കലും നമുക്കു് മായയിൽ ഇരുന്നുകൊണ്ടു് പറയുവാൻ സാധിക്കുകയില്ല. മായയ്ക്കു് അപ്പുറത്തുപോയാൽ ആ ചോദ്യം ആരും ചോദിക്കുകയും ഇല്ല. തിന്മയാണു "എന്തു്?" എന്നതിനെ ഉണ്ടാക്കുന്നതു്. അല്ലാതെ "എന്തു്" എന്നതു് തിന്മയെ അല്ല. "എന്തു്?" എന്ന ചോദിക്കുന്നതും തിന്മതന്നെ. ഭ്രാന്തിതന്നെ ഭ്രാന്തിയെ ഇല്ലാതാക്കുന്നു. യുക്തി എന്നതുതന്നെ, നിഷേധങ്ങളെ ആശ്രയിച്ചുള്ളതാകയാൽ, ഒരു വൃത്തവും തന്നെത്തന്നെ നശിപ്പിക്കുന്നതും ആകുന്നു. ഇന്ദ്രിയാനുഭൂതികളേ ഊഹം. എന്നാൽ എല്ലാ ഊഹവും ഉണ്ടാകുന്നതു് അനുഭൂതിയിൽനിന്നുതന്നെ ആകുന്നതാനും.

ഈശ്വരചൈതന്യത്തെ പ്രതിഫലിപ്പിക്കുന്നതുകൊണ്ടാണു് അജ്ഞാനത്തെ നമുക്കു കാണാറാകുന്നതു്. അല്ലാതെ അതിനെ തനിയെതന്നെ നോക്കിയാൽ വെറുംശൂന്യം മാത്രമാണു്. സൂൎയ്യരശ്മി പതിക്കാതിരുന്നാൽ മേഘം കാണപ്പെടുക ഇല്ല. അതുപോലെയാണു് അജ്ഞാനത്തിന്റെയും കഥ.

ഒരിക്കൽ നാലു് സഞ്ചാരികൾ ഒന്നിച്ചു് ഒരു ഉയരമേറിയ മതിൽക്കെട്ടിനരികിൽ എത്തിച്ചേൎന്നു. അവരിൽഒരുവൻ വളരെ കഷ്ടപ്പെട്ടു് അതിൻമീതെ പൊത്തിപ്പിടിച്ചു് കയറി. പിന്നെ പിന്നോക്കം നോക്കുകപോലും ചെയ്യാതെ ഉള്ളിലേയ്ക്കു് ഒരു ചാട്ടം വെച്ചുകൊടുത്തു. രണ്ടാമനും മതിലിന്മേൽ കഷ്ടപ്പെട്ടു കയറി, ഉള്ളിലേക്കു നോക്കി ഒരു അത്ഭുതശബ്ദം

പുറപ്പെടുവിച്ചുകൊണ്ടു അങ്ങുളം ഉള്ളിലേയ്ക്കു് ചാടിമറഞ്ഞു. മൂന്നാമനും മതിലിന്മേൽ പ്രയാസപ്പെട്ടുകയറി. തന്റെ കൂട്ടാളികൾ എവിടെ പോയിരിക്കുന്നു എന്നു് നോക്കി. സന്തോഷത്തോടുകൂടി പൊട്ടിചിരിച്ചു് അവനും ഉള്ളിലേയ്ക്കു് ചാടി. നാലാമനും അതുപോലെ തന്നെ ഉള്ളിൽ ചാടി; എങ്കിലും അവൻ തന്റെ സഹചാരികൾക്കു് എന്തു് സംഭവിച്ചുഎന്നു മററുള്ളവരോടു് പറയുവാനായി തിരിച്ചുവന്നു. അതുപോലെ അപ്പുറത്തു് ഏതാണ്ടു് ഒന്നുണ്ടു എന്നുള്ളതിന്നു് നമുക്കുള്ള തെളിവു്, മായയാകുന്ന ചുവരിന്നപ്പുറം ചാടിയ മഹാന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഹ്ലാദ ശബ്ദത്തിന്റെ സ്ഫുടതരമായ അരവം ആകുന്നു.

*　　　*　　　*

നാം കേവലത്തിൽനിന്നു് പിരിഞ്ഞു് നിന്നുകൊണ്ടും ആ കേവലത്തിൽ ഏതാനും ഗുണങ്ങളെ ആരോപിച്ചുകൊണ്ടും ആണു് ഈശ്വരനെ ഉണ്ടാക്കുന്നതു്. അതു നമ്മുടെ മനസ്സിൽകൂടെ കാണുന്ന പ്രകാരമുള്ള പ്രപഞ്ചത്തിന്റെ യാഥാൎത്ഥ്യാവസ്ഥയാണു്. വ്യഷ്ടിപരമായ "ചെത്താൻ" എന്നതാകട്ടെ അന്ധവിശ്വാസികളുടെ മനസ്സിൽകൂടെ കണ്ടതുപോലെയുള്ളലോകദുഷ്ടതയും ആകുന്നു.

## 31

### പതഞ്ജലീയോഗസൂത്രം.

(തുടച്ച)

ജൂലായി 25-ാംനു-, വ്യാഴാഴ്ച—

"നാം തന്നെ പ്രവൎത്തിച്ചാലും, അല്ലെങ്കിൽ മററുള്ളവരെ പ്രവൎത്തിക്കുവാൻ ഇടവരുത്തിയാലും, അല്ലെങ്കിൽ മററുള്ളവർ പ്രവൎത്തിച്ചതിനെ അദരിച്ചാലും" നമ്മളിൽ ഉണ്ടാകുന്നഫലം മിക്കവാറും ഒന്നുതന്നെ ആകുന്നു.

അഭംഗുരമായ ബ്രഹ്മചര്യം, മാനസികവും ആദ്ധ്യാത്മികവും ആയ ശക്തികളെ വദ്ധിപ്പിക്കുന്നു. ബ്രഹ്മചാരി മനസാ വാചാ കർമ്മണാ ശുദ്ധനായിരിക്കണം. ശരീരത്തെപ്പററി വളരെ കാര്യമായ ചിന്തകളേയും, കഴിയുന്നേടത്തോളം അതിനെപ്പററിയുള്ള ബോധത്തെ കൂടിയും ഇല്ലാതാക്കിയിരിക്കണം.

സ്ഥിരസുഖമാസനം—സ്ഥിരിവും സുഖവും ഉള്ളതായിരിക്കണം ആസനം എന്നാണു പതഞ്ജലിപറയുന്നതു്. മനസ്സിനെ പരിപൂർണ്ണവസ്തുവായി നിരന്തരം അനുസന്ധാനം ചെയ്തുകൊണ്ടിരുന്നാൽ അതു് സാധിക്കുന്നതാണു്.

ഒരേ വിഷയത്തെപ്പററിത്തന്നെ ഏകാഗ്രമായി ഇടവിടാതെ ചിന്തിച്ചുകൊണ്ടിരിക്കുന്നതാകുന്നു ധ്യാനം.

ശാന്തമായിരിക്കുന്ന ഒരു തടാകത്തിൽ ഒരു കല്ലെറിയുമ്പോൾ ഉണ്ടാകുന്ന അനേക ഓളവൃത്തങ്ങൾ ഓരോന്നും വെവ്വേറെ ഉള്ളവ ആണെങ്കിലും അന്യോന്യം ബന്ധത്തോടുകൂടിയവയും ആകുന്നു. നമ്മുടെ മനസ്സും അതുപോലെതന്നെയാണു്. നമുക്കു് മനസ്സിൻെറ അവക സ്വഭാവങ്ങളെപ്പററിയാതൊരു ബോധവും ഉണ്ടാകുന്നില്ലന്നേ ഉള്ളൂ. എന്നാൽ ഒരു യോഗിക്കു് ഇതെല്ലാം അറിയുകയും ചെയ്യാം. യോഗിവലയിൽ ഇരിക്കുന്ന എട്ടുകാലിയെപ്പോലെ ആണു്. എട്ടുകാലിക്കു് ഇഷ്ടമുള്ളപ്പോൾ എല്ലാം അതിൻെറ വലയുടെ ഏതു് ഇഴയിൽക്കൂടിയും സഞ്ചരിക്കുവാൻ സാധിക്കും. അതുപോലെ യോഗിക്കും ഇഷ്ടമുള്ള ഏതു് ഇഴയിൽകൂടിയും സഞ്ചരിക്കുവാൻ സാധിക്കുന്നതാകുന്നു. യോഗികൾ അല്ലാത്തവരാകട്ടെ അവർ ഇരിക്കുന്ന സ്ഥലത്തോടു ചേർത്തു ബന്ധിക്കപ്പെട്ടവരും ആകുന്നു.

*　　　*　　　*

മററൊരുവനെ ദ്രോഹിക്കുന്നതു ബന്ധനത്തെ ഉണ്ടാക്കും. അതുതന്നെ സത്യത്തെ മൂടിവെയ്ക്കുകയും ചെയ്യും. നിഷേധ സ്വഭാവത്തിലുള്ള ഗുണങ്ങൾമാത്രം ഉണ്ടായാൽ

പോരാ, നാം മായയെ കീഴടക്കുകതന്നെ വേണം. എന്നാൽ ആ മായ നമ്മുടെ പിന്നാലെ നടന്നുകൊള്ളും. വസ്തുക്കൾ നമ്മളെ ബന്ധിക്കാതിരിക്കുമ്പോൾ മാത്രമേ അവ നമുക്ക് ആവശ്യമായിരിക്കുന്നുള്ളു. ബന്ധനം ഇല്ലാതാകുമ്പോൾ എല്ലാ വസ്തുക്കളും നമ്മളെ പരമാർത്ഥമായി പ്രാപിച്ചുകൊള്ളും. യാതൊന്നും ആവശ്യമില്ലാതിരിക്കുന്നവൻ ആരോ അവൻ മാത്രമേ പ്രകൃതിയുടെ യജമാനനായി ഇരിക്കുന്നുള്ളു.

സ്വബന്ധനങ്ങളെ നിശ്ശേഷം ഭേദിച്ച ഒരുവനെ അഭയം പ്രാപിക്കുക. എന്നാൽ അവസരം വരുമ്പോൾ, അദ്ദേഹത്തിന്റെ ദയവുകൊണ്ടു് നിങ്ങളും സ്വതന്ത്രരായിത്തീരും. ഈശ്വരനിൽ അഭയംപ്രാപിക്കുന്നതു അതിലും ഉപരിയായ സംഗതിയാണു്. പക്ഷെ അതു് വളരെ വളരെ പ്രയാസമായ സംഗതി ആകുന്നു. ഒരു നൂററാണ്ടു കൂടുമ്പോൾകൂടെ ഇങ്ങിനെ അഭയം പ്രാപിച്ചവനായ ഒരുവനെ കണ്ടെത്തുവാൻപ്രയാസം. ഒന്നും അനുഭവിക്കരുതു്, ഒന്നും അറിയരുതു്, ഒന്നും പ്രവൃത്തിക്കരുതു്, ഒന്നും വെച്ചുകൊണ്ടിരിക്കരുതു്. എല്ലാം ഈശ്വരനായി വിട്ടുകൊടുത്തു് "നിന്തിരുവടിയുടെ ഇഷ്ടംപോലെ" എന്നുമാത്രം വിശ്വസിച്ചുറപ്പിക്കുക. നാം യഥാർത്ഥത്തിൽ ഈ ബന്ധനങ്ങളെയെല്ലാം സ്വപ്നംകാണുകയാകുന്നു. ഉണരുക. അതു് അതിന്റെ പാട്ടിൽ പോകട്ടെ. ഈശ്വരനിൽ അഭയം പ്രാപിക്കുക. ഇങ്ങിനെ മാത്രമേ നമുക്കു് മായയായ മരുഭൂമിയെ... 

ഈ ബന്ധനങ്ങളെയെല്ലാം

മണലാരണ്യത്തെ തരണംചെയ്യാൻ സാധിക്കുകയുള്ളു. "ധീരന്മാരായ സന്ന്യാസികളെ! നിങ്ങൾ ആ പഴയപിടി വിട്ടേയ്ക്കുക. 'ഓം-തത്-സത്-ഓം' എന്നു് ഉച്ചരിക്കുക."

അതെ, ദയാശീലനായിരിക്കുവാൻ സംഗതിവരുന്നതു് ഒരു വലിയ അനുഗ്രഹമാണു്. അങ്ങിനെ ആയാൽ മാത്രമേ നമുക്കു് വളരുവാൻ സാധിക്കുകയുള്ളു. നാം അനുഗ്രഹീതരായിത്തീരുവാൻവേണ്ടി സാധുക്കൾ കഷ്ടപ്പെടുന്നു. അതാ

യതു് സാധുക്കളുടെ സങ്കടാനുഭവംകൊണ്ടാണു് മററുള്ളവർ അനുഗ്രഹീതരായി തീരുന്നതു്. സാധുത്വവും ദുഃഖവും ദാരിദ്ര്യവും ഇല്ലെങ്കിൽ പിന്നെ നിങ്ങൾ ദയാശീലന്മാരും പരോപകാരികളും മററും ആകുന്നതെങ്ങിനെ? അതിനാൽ പരോപകാരം ചെയ്വാൻ ലഭ്യമാകുന്ന അവസരത്തെ പാഴാക്കിക്കളയാതിരിപ്പാൻ ശ്രദ്ധിക്കേണ്ടതു് അത്യാവശ്യംതന്നെ. ദാതാവു് ബന്ധനമസ്കാരം ചെയ്യട്ടെ. സ്വീകരിക്കുന്നവൻ എഴുന്നേററു് നിന്നു അനുഗ്രഹിക്കുകയും ചെയ്യട്ടെ. എല്ലാ ജീവജാലങ്ങളുടേയും പിമ്പുറത്തായി ഈശ്വരനെ കാണുക. ആ ഈശ്വരന്നായി കൊടുക്കുകയും ചെയ്യുക. സാധുമനുഷ്യർക്കല്ല; സാധുനാരായണന്മാർക്കാണു് ദാനംചെയ്യുന്നതു്. നാം ദുഃഖത്തെ കാണാതാകുമ്പോൾ നമുക്കു് ലോകംതന്നെ ഇല്ലാതായ്തീരും. നമ്മുടെ ആ തെററിനെ ശരിപ്പെടുത്തുന്നതു മാത്രമാണു് ലോകംകൊണ്ടുള്ള പ്രയോജനം. അപൂർണ്ണത ഉണ്ടു് എന്നുള്ള വിചാരം ലോകത്തെ ഉണ്ടാക്കുന്നു. ശക്തിയേയും പരിപൂർണ്ണതയേയും പററിയുള്ള ബോധംകൊണ്ടു് മാത്രമെ അതിനെ ഇല്ലാതാക്കുവാൻ സാധിക്കുകയുള്ളൂ. നിങ്ങൾ എത്രതന്നെ ആലോചിച്ചു എങ്ങിനെഒക്കെ സല്ക്കർമ്മം ചെയ്താലും അതിൽ അല്പമൊരു ദോഷഭാഗമെങ്കിലും ഉണ്ടാകാതിരിക്കയില്ല. അതു തീർച്ചതന്നെയാണു്. അതുകൊണ്ടു് യാതൊരു പ്രതിഫലേച്ഛയും കൂടാതെ ചെയ്യാനുള്ളതെല്ലാം ചെയ്യുക. എല്ലാ കർമ്മഫലങ്ങളേയും ഈശ്വരന്നായിക്കൊണ്ടു് സമർപ്പിക്കുക. എന്നാൽ നിങ്ങളെ ഗുണവും ദോഷവും ഒന്നും ബാധിക്കുകയില്ല.

കർമ്മം ചെയ്യുന്നതല്ല ധർമ്മം. എന്നാലും ശരിയായി ചെയ്യപ്പെടുന്ന കർമ്മം അതിൻെറ കർത്താവിനെ സ്വാതന്ത്ര്യത്തിലേയ്ക്കു് നയിക്കുന്നതായിരിക്കും. യഥാർത്ഥം പറയുകയാണെങ്കിൽ എല്ലാവിധ അനുഭാവങ്ങളും അന്ധത്വംതന്നെ ആണു്. നിങ്ങൾ അനുഭാവം കാണിക്കുന്നതു് ആരോടാണു്? നിങ്ങൾക്കു് ഈശ്വരനോടു് അനുഭാവം കാണിക്കാമൊ? ലോക

ത്തിൽ ഈശ്വരൻ ഒഴികെ വേറെ വല്ലതും ഉണ്ടോ? പിന്നെ
ഭരർ അവരോട്ട് അനുഭാവം കാണിക്കുന്നു! നിങ്ങളുടെ സ്വന്തം
അഭിവൃദ്ധിയെ സഹായിക്കുവാനായി, സദാചാരപരമായ ഒരു
കളരി എന്നപോലെ ഈ ലോകത്തെ തന്നിരിക്കുന്നതിന്നു്
ഈശ്വരനെ സ്തോത്രം ചെയ്യുക. അല്ലാതെ നിങ്ങളെക്കൊണ്ടു്
ലോകത്തെ സഹായിക്കുവാൻ കഴിയും എന്നും മററും ഒരിക്കലും
തെററിദ്ധരിച്ചുപോകരുതു്. നിങ്ങളെ ശപിക്കുന്നവരോട്ടു്
അധികം നന്ദിയുള്ളവരായിരിക്കണം. ശാപം എന്നതു്
എന്താണെന്നു് കാണുവാൻ നിങ്ങൾക്കു് ഒരു കണ്ണാടിയെ
തരുന്നതു് അവരല്ലെ? മനോനിയന്ത്രണത്തെ അഭ്യസിക്കു
വാൻ നിങ്ങൾക്കു ഒരു അവസരം ഉണ്ടാക്കിത്തരുന്നവരും
അവർതന്നെ അല്ലയോ? അതുകൊണ്ടു് അവരെ അനുഗ്ര
ഹിച്ചു് സന്തോഷത്തോടുകൂടി ഇരിക്കുക. കണ്ണാടികൂടാതെ
നിങ്ങൾക്കു് നിങ്ങളെത്തന്നെ കാണുവാൻ സാധിക്കുന്നില്ല;
ത്തതുപോലെ പരിശീലനം കൂടാതെ ശക്തിയെ പുറത്തുവരു
ത്തുവാനും സാധിക്കുക ഇല്ല.

അശുദ്ധമായ വിചാരം അശുദ്ധമായ പ്രവൃത്തിയെ
പ്പോലെതന്നെ നീചമായതാണു്. നിയന്ത്രിതമായ
ആഗ്രഹം നമ്മളെ ഉന്നതമായ ഫലത്തിലേയ്ക്കു് നയിക്കുന്നു.
കാമപൂരണത്തിനുള്ള വീര്യത്തെ ആദ്ധ്യാത്മികവീര്യമായി
മാററുക. എന്നാൽ പൌരുഷഹീനനായിപ്പോകയും അരുതു്.
അതു് ശക്തിയെ മാററുന്ന പണിഅല്ല. വെറുതേ വലിച്ചെറി
യുന്നതുപോലെയാണു്. ഈ കാമശക്തി എത്രത്തോളം അധികം
ഉണ്ടാകുന്നുവോ അത്രത്തോളം അധികം അതുകൊണ്ടു് സൽ
ഫലം ഉണ്ടാക്കുവാൻ സാധിക്കും. ശക്തിയോടുകൂടി വെള്ളം
വീഴുമ്പോൾ മാത്രമെ നിലം കുഴിയുകയുള്ളൂ.

നമുക്കു് ഇന്നു് അവശ്യമായിരിക്കുന്നതു് "ഈശ്വരൻ
ഉണ്ടു്" എന്നു് അറിവാനു്. "നമുക്കു് ഈശ്വരനെ ഇവി
ടെവെച്ചുതന്നെ കാണുവാനും അനുഭവിക്കുവാനും സാധിക്കുന്ന

താണ്" എന്നുകൂടെ അറിയണം. "നിങ്ങൾ ഈ ലോകത്തെ നല്ലതുപോലെ സൂക്ഷിച്ചുകൊള്ളുക. എന്നാൽ ദൈവംഅടുത്ത ലോകത്തെ നല്ലതുപോലെ സൂക്ഷിച്ചുകൊള്ളും." എന്ന് ഒരു ചിക്കാഗോ പ്രസംഗകർ പറയുന്നതുകേട്ടു. ഇതില്പരം അസംബന്ധമുണ്ടോ!! നമുക്ക് ഈ ലോകത്തെ വേണ്ടതുപോലെ സൂക്ഷിക്കുവാൻ സാധിക്കും എങ്കിൽ മറേറലോകത്തെ വേണ്ടതുപോലെ സൂക്ഷിക്കുവാൻ പിന്നെ ഒരു കരുണാശാലിയായ ഈശ്വരൻ ഉണ്ടായിരിക്കേണ്ട ആവശ്യം എന്തുണ്ട്?

## 32

## ബൃഹദാരണ്യകോപനിഷത്ത്.

——— * ———

ജൂലായി 26-ാംനു-, വെള്ളിയാഴ്ച —

എല്ലാ വസ്തുക്കളേയും ഒരുപോലെ സ്നേഹിക്കണം. പക്ഷെ സ്നേഹിക്കുന്നത് ആത്മാവിൽക്കൂടെയും ആത്മാവിന്നു വേണ്ടിയും ആകണം എന്നേ ഉള്ളു. "ആത്മാവിൽക്കൂടെ നാം എല്ലാവസ്തുക്കളെയുംഅറിയുന്നു" എന്നു യാജ്ഞവല്ക്യൻ അദ്ദേഹത്തിൻെറ സഹധർമ്മചാരിണിയായ മൈത്രേയിയോടു ഉപദേശിച്ചിരിക്കുന്നു. ആത്മാ ഒരിക്കലും അറിവിന്നു വിഷയമായിരിക്കയില്ല; മാത്രമല്ല അറിയുന്നവനെ അറിയുവാനുംസാധിക്കുകയില്ല. അറിയുന്നവനാരോ അവനാണ് ആത്മാ. ആ ആത്മാഅതിൻെറതന്നെ നിയമവും ആകുന്നു. താൻ പ്രപഞ്ചമാണെന്നും പ്രപഞ്ചത്തിൻെറ സ്രഷ്ടാവാണെന്നും ആത്മാവിന്നറിയാം.

പഴയ പുരാണകഥകളെ ഉൽപ്രേക്ഷാത്മചേണയുംമററും നിലനിത്തിക്കൊണ്ടുവരുന്നതും അതിന് ഉള്ളിൽ അധികം പ്രാധാന്യം കല്പിക്കുന്നതും അന്ധവിശ്വാസത്തെ വളൎത്തുന്ന

പണികളാണു്. അതു യഥാർത്ഥത്തിൽ ദുർബലതയും തന്നെ. സത്യത്തിന്നു വിട്ടുവിട്ടുതി ഒന്നുംതന്നെ ഇല്ല; അതിനാൽ സത്യത്തെ മാത്രംഉപദേശിക്കുക. അല്ലാതെ അന്ധവിശ്വാസങ്ങൾക്കൊന്നും വഴിവെച്ചുകൊടുക്കരുതു്. മാത്രവുമല്ല, സത്യത്തെ കേൾക്കുന്നവന്റെ സ്ഥാനത്തേയ്ക്കു വലിച്ചുതാഴ്ത്തുകയുംഅരുതു.

# 33

## കഠോപനിഷത്തു്.

---

ജൂലായി 27-ാംനു-, ശനിയാഴ്ച —

ആത്മാനുഭൂതി ഇല്ലാത്തവനിൽനിന്നു ആത്മതത്വങ്ങൾ പഠിക്കുന്നതു വലിയ അപൽക്കരം ആയിരിക്കും. മററുള്ളവരിൽ ഉള്ളതെല്ലാം വെറും വിട്ടുവാക്കുകൾ മാത്രമാണു്. അനുഭൂതി ഗുണത്തിന്നും ദോഷത്തിന്നും, ഭൂതത്തിന്നും ഭാവിക്കും, എല്ലാവിധദ്വന്ദ്വഭാവങ്ങൾക്കും അതീതമായതാകുന്നു. "കിൽബിഷലേശമില്ലാത്തവൻ ആത്മാവിനെ കാണുന്നു; സനാതനമായ ശാന്തി അവനിൽ പ്രജ്വലിക്കുകയും ചെയ്യുന്നു." സംസാരം, വാദം, ഗ്രന്ഥപാരായണം വിചാരം ഇവയൊന്നും, എന്തിനു് വേദങ്ങൾ കൂടിയും, ആത്മബോധത്തെ ഉണ്ടാക്കുവാൻ മതിയായവ അല്ല.

നമ്മളിൽ രണ്ടുവിധം ആത്മാക്കൾ ഉണ്ടെന്നു പറയാം. ഒന്നു ഈശ്വരാത്മാ (പരമാത്മാ) മററേതു് മനുഷ്യാത്മാ(ജീവാത്മാ). ജീവാത്മാ പരമാത്മാവിന്റെ ഒരു വെറും ഛായ മാത്രമാണെന്നും, പരമാത്മാ മാത്രമാണു് ശരിയായ സൂര്യനെന്നും സിദ്ധന്മാക്കു അറിയാം.

നാം നമ്മുടെ മനസ്സിനെ ഇന്ദ്രിയങ്ങളോടു യോജിപ്പിക്കാതിരുന്നാൽ നമുക്ക്, കണ്ണ്, മൂക്ക്, ചെവിമുതലായവയിൽനിന്നു യാതൊരു വിവരവും കിട്ടുന്നതായിരിക്കയില്ല. ഈ ബാഹ്യേന്ദ്രിയങ്ങൾ എല്ലാം പ്രവൎത്തിക്കുന്നതു മനസ്സിൻെറ ശക്തികൊണ്ടാണ്. ഇന്ദ്രിയങ്ങൾ ബഹിൎമ്മുഖങ്ങളാകാതെ നില്ക്കട്ടെ. അപ്പോൾ നിങ്ങൾക്കു ശരീരത്തേയും ബാഹ്യലോകത്തെ കൂടെയും ഉപേക്ഷിക്കുവാൻ സാധിക്കും.

നാം ഇവിടെ കാണുന്ന ഇതേ ബാഹ്യലോകത്തെത്തന്നെയാണ്, പരേതന്മാർ അവരുടെ സ്വന്ത മനസ്ഥിതിക്കനുസരിച്ച്, സ്വൎഗ്ഗമായൊ നരകമായൊ കാണുന്നതു്. ഇഹലോകം പരലോകം എന്നുള്ളവ രണ്ടും സ്വപ്നം. ഇഹലോകത്തെ അടിസ്ഥാനമാക്കി ഉണ്ടാക്കിയതു് പരലോകം; അത്രതന്നെ. ഇവയെ രണ്ടിനേയും കളഞ്ഞേക്കണം. എല്ലാ ഇടത്തും എല്ലാം ഒന്നുതന്നെ; എല്ലാം ഇത്രമാത്രംതന്നെ. പ്രകൃതിയും ശരീരവും മനസ്സും മരണഗൎത്തത്തിൽ പതിക്കുന്നു. നമ്മൾ അതിൽ ഉൾപ്പെടുന്നില്ല. നമ്മൾ പോകുന്നതും ഇല്ല; വരുന്നതും ഇല്ല; വിവേകാനന്ദൻ എന്ന മനുഷ്യൻ പ്രകൃതിക്ക് ചേൎന്നതാണ്. അതുകൊണ്ടു് ജനിക്കുകയും മരിക്കുകയും ചെയ്യും. എന്നാൽ വിവേകാനന്ദനായി കാണപ്പെടുന്ന ആത്മാവുണ്ടല്ലോ അതു ജനിക്കുന്നതും ഇല്ല, മരിക്കുന്നതും ഇല്ല. ആ ആത്മാ സനാതനവും മാററമില്ലാത്തതും ആയ ഒരു യാഥാൎത്ഥ്യവസ്തുവത്രെ.

മനസ്സിനെ അഞ്ചു് ഇന്ദ്രിയങ്ങളിലാക്കി വിഭജിച്ചാലും ശരി; ഒന്നിൽമാത്രമാക്കി നിൎത്തിയാലും ശരി; മനസ്സിൻെറ ശക്തി ഒരുപോലെയാണ്. "ഓരോന്നിന്മേലും തട്ടി പ്രതിധ്വനിക്കുന്ന ശബ്ദം ഓരോപ്രകാരം ആയിരിക്കും. അതുകൊണ്ടു ഞാൻ കൈ മുട്ടുമ്പോൾ ഉണ്ടാകുന്ന പ്രതിധ്വനിയെ നോക്കി വസ്തുവെ ഗ്രഹിക്കുന്നു. ഇങ്ങിനെ എൻെറ ചുററുമുള്ളവ എന്താണെന്നു് എനിക്കു അറിയുവാൻ സാധിക്കും." എന്നിങ്ങിനെ ഒരു

കുരുടൻ പറയുന്നു. അതുകൊണ്ടു് കോട (മൂടൽമഞ്ഞു്) വീഴുന്ന ദിവസത്തിലും കുരുടനു് കണ്ണുകാണ്മാൻ കഴിയുന്നവനെ ശരിയായി നയിച്ചുകൊണ്ടു പോകുവാൻ സാധിക്കും. മഞ്ഞോ, ഇരുട്ടോ അവനു് വലിയ വ്യത്യാസമൊന്നും ഉണ്ടാക്കുന്നില്ല.

മനസ്സിനെ നിയന്ത്രിക്കുക. ഇന്ദ്രിയങ്ങളെ അടക്കുക. എന്നാൽ നിങ്ങൾ ഒരു വലിയ യോഗിയായിത്തീരും. അതിനുശേഷം വേണ്ടതെല്ലാം തനിയെ വന്നുകൊള്ളുകയും ചെയ്യും. കേൾക്കുവാനും, കാണുവാനും, ഘ്രാണിക്കുവാനും, രസിക്കുവാനും സമ്മതമില്ലാത്തവനായി ഇരിക്കുക; അതായതു ബാഹ്യേന്ദ്രിയങ്ങളിൽനിന്നു മനഃസാന്നിദ്ധ്യത്തെ എടുത്തുകളയുക. നിങ്ങളുടെ മനസ്സു് ഏതെങ്കിലും സംഗതിയിൽ ഗാഢമായി പതിഞ്ഞിരിക്കാറില്ലേ? നിങ്ങൾ അറിയാതെ തന്നെ ഇങ്ങിനെ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നില്ലയോ? അതുപോലെ നിങ്ങൾക്കു അതിനെ അറിവോടു കൂടിത്തന്നെ അങ്ങിനെ നിയന്ത്രിക്കുവാൻ പഠിക്കാവുന്നതാണു്. മനസ്സിനു ഇന്ദ്രിയങ്ങളെ ഇഷ്ടമുള്ളേടത്തു നിർത്തുവാൻ സാധിക്കും. നാം ശരീരത്തിൽകൂടെ പ്രവർത്തിക്കുവാൻ നിർബ്ബന്ധിതർ ആയിരിക്കുന്നവരാണു് എന്നു പലരും വിശ്വസിക്കുന്നുണ്ടു്. ഈ വിശ്വാസം ദൃഢമൂലമായും ഇരിക്കുന്നു. എന്നാൽ കേവലം ഒരു അന്ധവിശ്വാസം മാത്രമാണതു്. അതിനെ ഉപേക്ഷിക്കുക. നാം അങ്ങിനെ നിർബ്ബന്ധിതർ അല്ലവല്ല. നിങ്ങൾ നിങ്ങളുടെ സ്വന്തമുറിയിൽ കടന്നുചെന്നു് നിങ്ങളുടെ സ്വത്തമത്തിൽ ചേർത്തുവെച്ചിരിക്കുന്ന ഉപനിഷത്തുക്കളെ എടുത്തു പരിശോധിച്ചു നോക്കുവിൻ. ഇതേവരെ ഉണ്ടായിട്ടുള്ളതും ഇനി ഉണ്ടാകുവാനുള്ളതും ആയ എല്ലാ പുസ്തകങ്ങളിൽവെച്ചും ഏററവും വലിയതും മഹത്വമേറിയതും ആയ പുസ്തകം നിങ്ങൾതന്നെയാണു്. സത്തായിട്ടുള്ളവയുടെയെല്ലാം ഇരിപ്പിടം നിങ്ങൾതന്നെയാകുന്നു. അന്തർഗ്ഗുരു പ്രബുദ്ധനാകുന്നതുവരെ പുറമേയുള്ള പഠിപ്പുകളെല്ലാം വെറുതെയാണു്. അതു

ഹൃദയപുസ്തകത്തെ തുറക്കുവാൻ ഉതകുന്നതായാൽ മാത്രമേ അതുകൊണ്ടു വല്ല വിദ്യയും ഉണ്ടാകയുള്ളൂ. പഠിപ്പുകൊണ്ട് അതൊരൊററ പ്രയോജനമല്ലാതെ മററൊന്നുംതന്നെ ഇല്ല.

യഥാത്ഥമനസ്സാക്ഷിതന്നെയാണ് നിങ്ങളുടെ ഭരണാധികാരി. ഈ ഭരണാധികാരിയുടെ ശബ്ദം വളരെ വളരെ മൃദുവാണ്. എങ്കിലും ഒട്ടും അസ്പഷ്ടമല്ല. ഇന്നതു ചെയ്യണം, ഇന്നതു ചെയ്യരുത് എന്ന് എല്ലായ്പോഴും പറയുന്നതുമുണ്ട്. നമ്മളെ ബന്ധിച്ചിരിക്കുന്നവയെല്ലാം ഉണ്ടാക്കിയിരിക്കുന്നതു അതുതന്നെ ആകുന്നു. എന്നാൽ നമ്മളെ ബന്ധനങ്ങളിൽനിന്നു മോചിപ്പിക്കുന്നതും അതുതന്നെ. അജ്ഞാനിയായ മനസ്സാക്ഷി ബന്ധനത്തിലേക്കു നയിക്കുന്നു; എന്നാൽ ജ്ഞാനിയായ മനഃസാക്ഷിബന്ധനത്തിൽനിന്നു മോചിപ്പിക്കുകയും ചെയ്യുന്നു. ഈ മനഃസാക്ഷിയെ ബലിഷ്ഠമാക്കിത്തീക്കുവാൻ അനേകായിരം മാർഗ്ഗങ്ങൾ ഉണ്ടു്. ഓരോ മാഗ്ഗവും ഓരോ മാതിരി യോഗംതന്നെ. എന്നാൽ വേണ്ടതുപോലെ വ്യവസ്ഥിതമായിരിക്കുന്ന യോഗം വേഗത്തിൽ ഫലപ്രാപ്തിയെ ഉണ്ടാക്കും. ഇവയിൽ പ്രാധാന്യം ഭക്തിയോഗം, കമ്മയോഗം, രാജയോഗം, ജ്ഞാനയോഗം ഇവകൾക്കാണ്. എന്നാൽ എല്ലാ ശക്തികളേയും സ്വരൂപിക്കുക. അതാണുത്തമം. തത്വജ്ഞാനം, കമ്മം, ഭജനം, ധ്യാനം ഇവയെല്ലാം ഏകോപിക്കട്ടെ. എല്ലാ പായയും എടുത്തു നിവത്തിക്കെട്ടുക. എഞ്ചിനിൽ തികച്ചും ആവിക്കൂടട്ടെ. നിങ്ങൾ വേഗം പ്രാപ്യസ്ഥാനത്തു എത്തിച്ചേരണം. അതാണാവശ്യം. എത്രവേഗം എത്തിച്ചേരുന്നുവോ അത്രയും നല്ലതുതന്നെ.

* * *

ജ്ഞാനസ്നാനം ബാഹ്യമായ ശുദ്ധിക്കുള്ള ഒരു ക്രിയയാണെങ്കിലും അതു സൂചിപ്പിക്കുന്നതു് അന്തരമായി വേണ്ടിയിരിക്കുന്ന പരിശുദ്ധിയെയാണ്. ഈ സമ്പ്രദായത്തെ ആദ്യമായി നടപ്പാക്കിയതു് ബുദ്ധമതക്കാരാകുന്നു.

ഏററവും പുരാതനമായ കാലത്ത്, ഏതാനും മൃഗപ്രായന്മാരായ ജനങ്ങളുടെ ഇടയിൽ നടപ്പുണ്ടായിരുന്ന ഒരു നീചസമ്പ്രദായത്തിൻെറ അവശിഷ്ടമാണു "ബലി" എന്നു പറയപ്പെടുന്നതു്. ആ പ്രാചീനവർഗ്ഗക്കാർ, അവരിൽ പ്രധാനികളുടെ യോഗ്യതയും ബലവും ബുദ്ധിശക്തിയും പ്രാബല്യവും മററും തങ്ങൾക്കും ഉണ്ടാകുവാൻവേണ്ടി ആ വക പ്രമാണികളെ പിടിച്ചു കൊന്നുതിന്നുക പലപ്പോഴും പതിവായിരുന്നു. ഇങ്ങിനെ ചെയ്താൽ, അവരുടെ ആ പ്രധാനിയെ അവ്വിധമാക്കിത്തീർത്ത സ്വഭാവങ്ങളെല്ലാം അവക്കും സിദ്ധിക്കും എന്നായിരുന്നു അവരുടെ വിശ്വാസം. ഒരുവൻ മാത്രം ധീരനും ജ്ഞാനിയും ആയിരിക്കുന്നതിനു പകരം, അവനെ കൊന്നുതിന്നു് ഒരു സമുദായം മുഴുവനും അവനെപ്പോലെ ധീരന്മാരും ജ്ഞാനികളും ആയിത്തീരുന്നതു ഒരു വലിയ കാൎയ്യമല്ലയൊ? അതുകൊണ്ടു് ഈ ബലികർമ്മത്തെ വലിയ സൽപ്രവൃത്തിയായിട്ടാണു് അവർ കണക്കാക്കിയിരുന്നതു്.

മനുഷ്യബലി യഹൂദരുടെ ഇടയിൽ ധാരാളമായി നടപ്പുണ്ടായിരുന്നു. ഈ സമ്പ്രദായം അവക്കു് വളരെ പത്ഥ്യമായിരുന്നതും ആയിരുന്നു. അവരെ ആ വിശ്വാസത്തിൽനിന്നു നിവൎത്തിക്കുവാൻ എത്ര തന്നെ ശ്രമിച്ചിട്ടും സാധിച്ചിട്ടില്ല. ജീസസ്സ് വളരെ മൃദുസ്വഭാവിയും കരുണാർദ്രഹൃദയനും ആയിരുന്നു. അതിനാൽ ആ ജീസസ്സിനെ യഹൂദവിശ്വാസങ്ങളോടു യോജിപ്പിക്കുവാൻ ഈ ബലിസമ്പ്രദായത്തെ അവർ ഒട്ടൊക്കെ പ്രകാരാന്തരപ്പെടുത്തേണ്ടിവന്നു. ജീസസ്സ് ബലിയെ അനുകൂലിച്ചു ഒന്നും ഒരിക്കലും പറയുക ഉണ്ടായിട്ടില്ല. സൂക്ഷ്മം പറയുകയാണെങ്കിൽ ഈ ക്രൂരമായ ആശയം ക്രിസ്തുമതത്തെ ഏശുവിൻെറ പരിശുദ്ധമായ സിദ്ധാന്തങ്ങളിൽനിന്നു് വ്യതിചലിക്കുവാൻ സഹായിക്കുക കൂടെയും ചെയ്തു. അതു നിമിത്തമാണു് മററു മതാവലംബികളെ ദ്രോഹിക്കുവാനും രക്തം ചൊരിയുവാനും ഉള്ള മോഹം അവരിൽ ഉണ്ടായിതീൎന്നതു്.

നിങ്ങൾ എന്തുതന്നെ ചെയ്യുമ്പോഴും "അതു് എന്റെ സ്വഭാവമാണു്" എന്നുവേണം പറയുവാൻ. അല്ലാതെ "അതു എന്റെ മുറയാണു്" എന്നു് ഒരിക്കലും പറഞ്ഞുപോകരുതു്.

"സത്യമേവ ജയതേ, നാനൃതം." സത്യം മാത്രമേ വിജയിക്കയുള്ളൂ. അസത്യം ഒരിക്കലും ജയിക്കയില്ല. അതിനാൽ സത്യത്തെതന്നെ ആശ്രയിക്കുക. അപ്പോൾ നിങ്ങൾ ഈശ്വരനെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു.

*　　　*　　　*

ഇന്ത്യയിൽ പുരാതനകാലം മുതല്ക്കുതന്നെ ബ്രാഹ്മണർ സ്വയമേവ സൎവ്വനിയമങ്ങൾക്കും അതീതരാക്കപ്പെട്ടവരായിതീൎന്നു. തങ്ങൾ ഈശ്വരന്മാർ ആണെന്നുകൂടെ അവർ വാദിച്ചു. അവർ ദരിദ്രന്മാരാണെന്നുള്ളതു് പരമാൎത്ഥം തന്നെ. എന്നാൽ അവരുടെ തെറ്റുകളെല്ലാം കിടക്കുന്നതു് അവർ ശക്തിയുടെ പ്രാബല്യത്തെ അനുഗ്രഹിക്കുന്നതിലാണു്. ഉദ്ദേശം അറുപതു് ലക്ഷത്തോളം ജനങ്ങൾ ഉണ്ടവർ. എല്ലാവരും നല്ലവരും, സദാചാരപ്രിയന്മാരും, എല്ലാംതന്നെയാണു്. അവൎക്കു് ഒരു സ്വത്തും ഇല്ല. മുമ്പു് എങ്ങിനെ ഇരുന്നുവോ അതുപോലെ തന്നെ ഇന്നും ഇരിക്കുന്നു. തങ്ങൾ നിയമാതീതന്മാർ ആണെന്നും, നിയമങ്ങളൊന്നും തങ്ങൾക്കു് ബാധകമല്ലെന്നും മറ്റും ജനനംമുതൽ അവർ പഠിച്ചുറപ്പിച്ചുവരുന്നതാണു്. ഇതിന്നു കാരണം അവർ തന്നെ അവർ ദ്വിജന്മാരാണെന്നും ഈശ്വരസന്താനങ്ങളാണെന്നും മറ്റും വിശ്വസിച്ചുപോയതാകുന്നു.

## 34

## ദത്താത്രേയരുടെ *അവധൂതഗീതാ.

ജൂലായി 23-ംനു, ഞായറാഴ്ച —

"എല്ലാ അറിവുകളും മനഃസമാധാനത്തെ അശ്രയിച്ചാണു് ഇരിക്കുന്നതു്."

"പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്നവനെ—സ്വന്തം അത്മാകൂടെ ആയിരിക്കുന്നവനെ —ഞാൻ എങ്ങിനെയാണു് നമസ്കരിക്കേണ്ടതു്?"

ആത്മാവിനെ സ്വന്തപ്രകൃതിയായി അറിയുന്നതു് ജ്ഞാനവും അനുഭൂതിയും രണ്ടും ആകുന്നു. "ഞാൻ അവൻ തന്നെ, അതിന്നു് അല്പംപോലും സംശയം ഇല്ല."

"വിചാരവും വാക്കും പ്രവൃത്തിയും എനിക്കു് യാതൊരു ബന്ധത്തേയും ഉണ്ടാക്കുന്നതല്ല. ഞാൻ ഇന്ദ്രിയങ്ങൾക്കും അതീതനാണു്. ഞാൻ സത്താണു്, ചിത്താണു്, അനന്ദമാണു്."

അസ്തിത്വവും ഇല്ല നാസ്തിത്വവും ഇല്ല, എല്ലാം ആത്മാതന്നെ. അന്യോന്യസംബന്ധത്തെ പററിയുള്ള അശയങ്ങളേയെല്ലാം വിട്ടേക്കണം. ആ വിചാരം എങ്ങിനെ ഉണ്ടാകാം? അന്യോന്യസംബന്ധത്തിന്നു് ഒന്നിലേറെ വസ്തു

* ദത്താത്രേയർ ഒരു അവതാരപുരുഷനാണു്. ഇദ്ദേഹത്തിൻെറ കാൎയ്യത്തിൽ ഒരു വിശേഷവിധികൂടെ ഉണ്ടു്. അവതാരങ്ങൾ അനേകം ഉണ്ടായിട്ടുണ്ടെങ്കിലും ആവക അവതാരങ്ങളെല്ലാം ഏതെങ്കിലും ഒരു പ്രത്യേകമൂൎത്തിയുടെ അവതാരമാണെന്നാണു് സാധാരണമായി പറയാറും വിശ്വസിക്കാറും ഉള്ളതു്. എന്നാൽ ദത്താത്രേയർ ത്രിമൂൎത്തികളുടേയും അവതാരമാണെന്നു് പറയപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിൻെറ പിതാവു് അത്രിയും മാതാവു് അനസൂയയും അണു്.

ക്കൾ വേണ്ടയൊ? അതെവിടെ? അവക എല്ലാ അസംബന്ധ ശാസനങ്ങളും പോകട്ടെ. ജാതിയും ജന്മവും, ദേവന്മാരും, മററും ദൂരത്തുപോയി മറയട്ടെ. അകുക, ആയിത്തീരുക, എന്നുള്ളതിനെപ്പററിയെല്ലാം വെറുതെ സംസാരിച്ചുകൊണ്ടിരിക്കുന്നതു് എന്തിനു്? നിങ്ങളുടെ ദ്വൈതത്തേയും സംസാരങ്ങളേയും കളഞ്ഞേക്കണം. ഒന്നിനെപ്പററിയൊ അല്ലെങ്കിൽ രണ്ടിനെ പററിയോ സംസാരിക്കുവാൻ നിങ്ങൾ എപ്പോഴാണു ഉണ്ടായി തീൎന്നതു്. ഈ പ്രപഞ്ചംതന്നെ ആ ദിവ്യമായ ഏക സത്തു്, ഒന്നേ ഒന്നുമാത്രം. നിങ്ങളെ ശുദ്ധമാക്കുവാൻ വേണ്ടിയുള്ള യോഗത്തെപ്പററി ഒന്നും സംസാരിക്കുകയേ വേണ്ട. നിങ്ങൾ സ്വപ്രകൃത്യാതന്നെ ശുദ്ധന്മാരല്ലയൊ? പിന്നെ അശുദ്ധി എവിടെനിന്നു്? യാതൊരാൾക്കും നിങ്ങളെ പഠിപ്പിക്കുവാൻ സാധിക്കുകയില്ല.

ഈ ഗീത എഴുതിയ മഹാത്മാവിനെപ്പോലെയുള്ളവരാണു് ധൎമ്മത്തെ എന്നെന്നും സജീവമാക്കി വെയ്ക്കുന്നതു്. അവർ സത്യത്തെ യഥാൎത്ഥമായി അനുഭവപ്പെട്ടുത്തിയിരിക്കുന്നു. പിന്നെ ഒന്നിനേയും ഗൌനിക്കുന്നില്ല. അവരുടെ ശരീരത്തിൽ എന്തുതന്നെ പ്രവൎത്തിച്ചാലും അതൊന്നും അവർ അറിയുന്നില്ല. അവർ ശീതമൊ ഉഷ്ണമൊ സുഖമൊ ദുഃഖമൊ ഒന്നുംതന്നെ ഗൌനിക്കുന്നില്ല. അവർ ശാന്തമായിരുന്നു് ആത്മാനന്ദം അനുഭവിക്കുകയാണു് ചെയ്യുന്നതു്. ജ്വലിക്കുന്ന കൽക്കരിക്കണൽ അവരുടെ ശരീരത്തെ ഒരു ഭാഗത്തു ദഹിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ കൂടെ അവർ അതൊന്നും അറിയാതെ ശാന്തരായി ആനന്ദത്തെ അനുഭവിക്കുകയാണു്.

"അറിയുന്നവൻ, അറിയപ്പെടുന്നതു്, അറിവു് എന്നീ ത്രിവിധബന്ധങ്ങളും ഇല്ലാതാകുമ്പോൾ ആത്മാനുഭൂതി ഉണ്ടാകുന്നു."

"ബന്ധനം, മോചനം, എന്നീ ഭ്രമം ഇല്ലാതാകുമ്പോൾ ആത്മാനുഭൂതി ഉണ്ടാകുന്നു."

"നിങ്ങൾ മനസ്സിനെ നിയന്ത്രിച്ചാലെന്താ, നിയന്ത്രിച്ചില്ലെങ്കിൽ എന്താ, നിങ്ങൾക്ക് ധാരാളം സമ്പത്തുണ്ടായാലെന്താ, നിങ്ങൾക്ക് ഒരു പൈപോലും ഇല്ലാതിരുന്നാലെന്താ നിങ്ങൾ എല്ലായ്പ്പോഴും പരിശുദ്ധമായിരിക്കുന്ന ആത്മാതന്നെ. ഞാൻ ആത്മാവാണ്. യാതൊരു ബന്ധത്തിന്നും എന്റെ അടുത്തുവരുവാൻ കൂടെ ശക്തിയില്ല. ഞാൻ മാററമില്ലാത്ത ആകാശം. വിശ്വാസമാകുന്ന മേഘങ്ങൾ എന്റെ മുമ്പിൽ കൂടെ കടന്നുപോയേക്കാം. അതുകൊണ്ടെന്ത്? അതൊന്നും എന്നെ സ്പർശിക്കുകയില്ല" എന്നുപറയുക.

"നന്മയേയും തിന്മയേയും ദഹിപ്പിക്കുക. 'സ്വാതന്ത്ര്യം' എന്നതു് പിള്ളർ ഭാഷണം. ഞാനോ, ആ സനാതനജ്ഞാനം; ആ പരിശുദ്ധി."

"ആരും ഒരിക്കലും ബദ്ധനായിട്ടില്ല; ആരും ഒരിക്കലും മുക്തനും ആയിട്ടില്ല. ഞാൻ അല്ലാതെ എങ്ങും എന്നും മററാരും ഇല്ല. ഞാൻ പരിപൂർണ്ണൻ, സദാ സ്വതന്ത്രൻ. എന്നോട്ട് സംസാരിക്കുന്നതെന്തിന്ന്! ജ്ഞാനത്തിന്റെ സത്തായിരിക്കുന്ന എന്നെ ഭേദപ്പെടുത്തുവാൻ ആരെക്കൊണ്ടു് സാധിക്കും! ആൎക്ക് പഠിപ്പിക്കാം; ആരെ പഠിപ്പിക്കാം?"

വാദപ്രതിവാദങ്ങളേയും തത്വജ്ഞാനങ്ങളേയും എല്ലാം തോട്ടിൽ എറിഞ്ഞേക്കട്ടെ.

"അടിമയെ കാണുന്നതു് അടിമമാത്രമാണ്. ഭ്രാന്തൻ മാത്രമേ ഭ്രാന്തിയെ കാണുന്നുള്ളു. അശുദ്ധിമാത്രമേ അശുദ്ധിയെ കാണുന്നുള്ളു."

കാലം—ദേശം—നിമിത്തം ഇതെല്ലാം മൊരംഭ്രാന്തി; നിങ്ങൾ ഇപ്പോൾ ബദ്ധനാണെന്നും ഇനി ഒരിക്കൽ സ്വതന്ത്രനാകുമെന്നും ഉള്ള നിങ്ങളുടെ വിചാരം നിങ്ങളെ ബാധിച്ചിരിക്കുന്ന രോഗമാണ്. നിങ്ങൾ മാററമില്ലാത്ത വസ്തു. ശബ്ദിക്കാതെ അവിടെ അടങ്ങി ഇരുന്നേച്ചാൽ മതി. എല്ലാ

വസ്തുക്കളും ദ്രവിച്ചുപോകട്ടെ. അവ വെറും സ്വപ്നം മാത്രമല്ലയൊ! പിരിവും ഇല്ല, ഭിന്നിപ്പും ഇല്ല, ഒന്നും ഇല്ല. ഉണ്ടെന്നു തോന്നുന്നതെല്ലാം വെറും അസംബന്ധം. അതുകൊണ്ടു് ശാന്തനായിരുന്നു് നിങ്ങൾ ആരാണെന്നു് അറിയുക.

"ഞാൻ ആനന്ദത്തിൻെറ സന്താനമാണു്." യാതൊരു നിർദ്ദേശത്തേയും പിന്തുടരരുതു്.. ഉള്ളതെല്ലാം നിങ്ങൾതന്നെ അല്ലെ. നാതൊന്നിനേയും ഭയപ്പെടുവാനും ഇല്ല. എന്തിന്നു ഭയപ്പെടുന്നു, ആരെ ഭയപ്പെടുന്നു? അസ്തിത്വത്തിൻെറ സത്തു തന്നെ നിങ്ങളല്ലെ. ശാന്തനായിരിക്കുക. നിങ്ങൾ നിങ്ങളെത്തന്നെ അലട്ടുന്നതെന്തിനു്? നിങ്ങൾ ഒരിക്കലും ബന്ധനത്തിലായിട്ടില്ല. നിങ്ങൾ ഒരിക്കലും പുണ്യവാനും ആയിട്ടില്ല നിങ്ങൾ ഒരിക്കലും പാപിഷ്ഠനും ആയിട്ടില്ല. ഈ വക ഭ്രമങ്ങളെയെല്ലാം ഉപേക്ഷിച്ചു് സമാധാനത്തോടുകൂടി ഇരിക്കുകയാണു് വേണ്ടതു്. പൂജിക്കുന്നതാര്, പൂജിക്കുന്നതാരെ? എല്ലാം ആത്മാതന്നെ. സംസാരിക്കുക എന്നതും വിചാരിക്കുക എന്നതും കൂടെ അസംബന്ധം. സദാ "ആത്മാരാമോഹം-ആത്മാരാമോഹം" എന്നുമാത്രം ജപിക്കുക. മറെറല്ലാം പോകട്ടെ.

## 35

## തത്വജ്ഞാനം.

---

ജൂലായി 29-ാംനു-, തിങ്കളാഴ്ച—

നാം പലപ്പോഴും ഓരോ വസ്തുവെ നിർദ്ദേശിക്കാറുള്ളതു് അതിൻെറ അതിർത്തികളെ വിവരിച്ചിട്ടാണു്. അതുപോലെ "സച്ചിദാനന്ദം" എന്നു് പറയുമ്പോഴും, നാം അവാച്യമായിരിക്കുന്ന ഒരു അതീതാവസ്ഥയുടെ കരകളേ മാത്രം കുറിക്കുകയേ

ചെയ്യുന്നുള്ളു. നമുക്ക് അതിനെപ്പററി "ഉണ്ട്—അസ്തി" എന്നുകൂടെ പറയുവാൻ നിവൃത്തിയില്ല. അതുകൂടെ സാകല്യേന യുള്ള ഒരു അറിവിനെയാണെല്ലോ കാണിക്കുന്നതു്. എല്ലാ ഊഹങ്ങളും എല്ലാ സങ്കല്പങ്ങളും എല്ലാം വെറുതെയാണ്. "നേതി—നേതി" എന്നുമാത്രം പറയാം. വിചാരിക്കുന്നതു കൂടെ ക്ലിപ്തപ്പെടുത്തുന്ന പ്രവൃത്തിയല്ലയോ? അതുകൊണ്ടു് അതിനെപററി ഒന്നുംതന്നെ വിചാരിക്കുവാനും ഊഹിക്കുവാനും സങ്കല്പിക്കുവാനും പറയുവാനും പാടില്ല.

ഇന്ദ്രിയങ്ങൾ നമ്മളെ രാവും പകലും ചതിക്കാറാണ് പതിവു്. ഈ തത്വം വേദാന്തം അനേകം വർഷങ്ങൾക്കു മുൻപെ കണ്ടറിഞ്ഞിരിക്കുന്നു. എന്നാൽ അതിനെത്തന്നെ ഇന്നത്തെ സൈൻസ് ഇപ്പോൾ മാത്രം കണ്ടുപിടിക്കുവാൻ തുടങ്ങുന്നതേ ഉള്ളു. ഒരു ചിത്രത്തിന്നു് നീളവും വീതിയും മാത്രമല്ലേ ഉള്ളു. ചിത്രക്കാരൻ നിമ്നോന്നത പ്രദേശത്തേയും അത്യുന്നത ഗിരിശിഖരങ്ങളേയും, വലിയ വൃക്ഷങ്ങളേയും, സൂർയ്യചന്ദ്രാദിഗ്രഹങ്ങളെക്കൂടയും അതിൽ കാണിക്കുന്നില്ലയോ? ചിത്രം കാണുമ്പോൾ നമുക്ക് മലയുടെ ഉയർച്ചയും വൃക്ഷത്തിൻെറ വലിപ്പവും സൂർയ്യചന്ദ്രാദി ഗ്രഹങ്ങളുടെ ദൂരവും എല്ലാം തോന്നുന്നതും ഉണ്ടു്. എന്തൊരു വഞ്ചനയാണിതു്? ഈ ലോകത്തെ ഏതെങ്കിലും രണ്ടാൾ കൂടയും ഒരേപ്രകാരം കാണുന്നില്ല. ഓരോരുത്തൎക്കും ഈ ലോകം വെവ്വേറെ തന്നെ ഇരിക്കുന്നു. എന്നാൽ ചലനം തന്നെ ഇല്ലെന്നും, യാതൊന്നിന്നും, യാതൊരു മാററവും ഇല്ലെന്നും, ഉണ്ടെന്നു് തോന്നുന്നതെല്ലാം മായകൊണ്ടാണെന്നും വിജ്ഞാനം നിങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതാണ്. പ്രകൃതിയെ സമഷ്ടിയായി പഠിച്ചുനോക്കുക. അതായതു് ചലനത്തെ ശരിയായി മനസ്സിലാക്കി നോക്കുക. മനസ്സും ശരീരവും നമ്മുടെ യഥാൎത്ഥ ആത്മാവല്ല. അവ രണ്ടും പ്രകൃതിക്കു ചേൎന്നതു്. എന്നാൽ ഈ പരമാൎത്ഥം നമുക്ക് ഒടുവിൽ മനസ്സിലാകുന്നതാണ്. അപ്പോൾ നാം

മനഃശരീരങ്ങളെ അതിക്രമിച്ചവരായി തീരുകയും ചെയ്യുന്നു. അതോടുകൂടി അതുന്നിമിത്തമുണ്ടായ എല്ലാധാരണകളും ഇല്ലാതാകുകയും ചെയ്യുന്നു. നിങ്ങൾ ഈ ലോകത്തെ നിശ്ശേഷം കാണാതേയും അറിയാതേയും ആകുന്നതു് എപ്പോഴൊ അപ്പോൾ നിങ്ങൾക്കു് ആത്മാനുഭൂതി ഉണ്ടായിരിക്കുന്നതാണു. സാകല്യേനയുള്ള അറിവുകളെ അതിക്രമിക്കുക എന്നതാണു് നമുക്കാവശ്യമായിരിക്കേണ്ടതു്. പരിപുഷ്ടമായ മനസ്സ്, അല്ലെങ്കിൽ പരിപൂർണ്ണമായ ജ്ഞാനം ഇവ രണ്ടും ഉണ്ടാകുവാൻ പാടില്ലാത്തവകൾ ആകുന്നു. എന്തുകൊണ്ടന്നാൽ മനസ്സും അറിവും പ്രകൃത്യാ ക്ലിപ്തഭാവങ്ങളോടുകൂടിയവ ആകുന്നു. നാം ഇപ്പോൾ കാണുന്നതെല്ലാം ഒരു മറയിൽകൂടെ ആണു്. അതുകൊണ്ടു് നമ്മുടെ കാഴ്ച യാഥാർത്ഥ്യത്തെ ശരിയായി ധരിപ്പിക്കുന്നില്ല.

നാം ഒരു കട്ടിയുള്ള കടലാസ്സിൽ (ഒരു കാർഡ്ബോർട്ടിൽ) മൊട്ടുസൂചികൊണ്ടു് ഒരു ചെറിയ സുഷിരം ഉണ്ടാക്കി അതിൽകൂടെ ഒരു ചിത്രത്തെ നോക്കിയാൽ നമുക്കു് കേവലം അവാസ്തവമായ ഒരു അറിവാണു് ഉണ്ടാകുന്നതു്. എന്നാലും നാം കാണുന്നതു് യഥാർത്ഥമായ ചിത്രത്തെതന്നെയാണുതാനും. ആ സുഷിരത്തെ ക്രമേണ വലുതാക്കിക്കൊണ്ടുവന്നാൽ നമുക്കു് അധികമധികം സ്പഷ്ടമായി കാണാകുന്നതാണു്. അതുപോലെ നാമരൂപങ്ങളാകുന്ന അവാസ്തവ ദർശനങ്ങൾക്കു് അനുസരണമായി നാം യാഥാർത്ഥ്യത്തെ നിദാനമാക്കി പല ഭാവങ്ങളേയും സൃഷ്ടിക്കുകയാണു് ചെയ്യുന്നതു്. പിന്നെ ആ കടലാസ്സിനെ കണ്ടത്തെതന്നെ അങ്ങോട്ടു് വലിച്ചെറിഞ്ഞാൽ നാം അതേ ചിത്രത്തെതന്നെ കാണുകയായി. ഇപ്പോൾ കാണുന്നതു്, അതു് യഥാർത്ഥത്തിൽ ഏതൊരുപ്രകാരം ഇരിക്കുന്നുവൊ അതേ പ്രകാരംതന്നെ ആയിരിക്കുകയും ചെയ്യും. നാം എല്ലാ സങ്കല്പങ്ങളേയും ഉണ്ടാക്കുന്നു, എല്ലാ തെററുകളേയും ആരോപിക്കുന്നു. അതുകൊണ്ടു് ചിത്രംതന്നെ പ്രകാരാന്തരപ്പെട്ടുപോയി. അതിനുള്ള കാരണം ആത്മാ എല്ലാററിന്റേയും യാഥാർത്ഥ്യം

ആയിരിക്കുന്നതുതന്നെ. നാം കാണുന്നതെല്ലാം ആത്മാവിനെത്തന്നെയാണ്. എന്നാൽ നാം കാണുന്നതുപോലെ നാമരൂപങ്ങളായിട്ടല്ല. നാമരൂപങ്ങളെല്ലാം മറയ്ക്കുള്ളിൽ—മായയ്ക്കുള്ളിൽ—മാത്രമേ ഉള്ളൂ.

ഈ നാമരൂപങ്ങൾ ഒരു ദൂരദർശിനിക്കുഴലിന്റെ വസ്തുഗ്രഹണഗ്ലാസിലെ ചെറുപുള്ളികൾപോലെ ആകുന്നു. എന്നാൽ ഈ പുള്ളികളെ നമ്മൾക്ക് കാണിച്ചു തരുന്നത് സൂര്യരശ്മിതന്നെ ആകുന്നുതാനും. അതുപോലെ യാഥാർത്ഥ്യമാകുന്ന പിൻതട്ട്—ബ്രഹ്മം—ഇല്ലെങ്കിൽ നമുക്ക് നാമരൂപങ്ങളാകുന്ന ഈ ഭ്രാന്തിയെത്തന്നെ കാണുവാൻ സാധിക്കുക ഇല്ല. സ്വാമി വിവേകാനന്ദൻ ആ ഗ്ലാസിലെ ഒരു ചെറുപുള്ളി മാത്രം. ഞാൻ ആത്മാ, യഥാർത്ഥവും മാററമില്ലാത്തതും ആയ ആത്മാ. ആ യാഥാർത്ഥ്യം തന്നെയാണ് എന്നെ സ്വാമിവിവേകാനന്ദനെ കാണുവാൻ സംഗതിയാക്കുന്നതും. ആത്മാ എല്ലാ ദർശനങ്ങളുടേയും ജീവനാണ്. എന്നാൽ സൂര്യൻ ഗ്ലാസിന്മേലുള്ള ഒരു പുള്ളിയാണെന്ന് ആരും തെററിധരിക്കാറില്ല. സൂര്യൻ ആ പുള്ളികളെ നമുക്ക് കാണിച്ചു തരിക മാത്രമാണ് ചെയ്യുന്നത്. നമ്മുടെ കർമ്മങ്ങൾ അവയുടെ തരാതരംപോലെ ഈ പുള്ളികളെ അധികരിപ്പിക്കുകയൊ കുറയ്ക്കുകയൊ ചെയ്യും. ദുഷ്കർമ്മങ്ങളാണെങ്കിൽ പുള്ളികൾ അധികരിക്കും; സൽകർമ്മങ്ങളാണെങ്കിൽ കുറയും. അത്രയേ ഉള്ളൂ. ഇങ്ങിനെ കുറഞ്ഞാലും ഏറിയാലും അത് നമ്മുടെ ഉള്ളിൽ ഇരിക്കുന്ന ഈശ്വരനെ ഒരു വിധത്തിലും ബാധിക്കുന്നില്ല. ഈ പുള്ളികളെല്ലാം നിശ്ശേഷം തുടച്ചുകളഞ്ഞ് മനസ്സിനെ നല്ലപോലെ ശുദ്ധമാക്കിയാൽ ഉടനെ തന്നെ "ഞാനും എന്റെ പിതാവും ഒന്നുതന്നെയാണ്" എന്ന് പ്രത്യക്ഷമായി കാണാകുന്നതാണ്.

നമുക്ക് ആദ്യമുണ്ടാകുന്നത് ദർശനം (അനുഭവം) ആകുന്നു. പിന്നെ അതിനെപ്പററി ആലോചിക്കുവാൻ തുടങ്ങുന്നു.

എന്നാൽ ഈ അനുഭൂതി വ്യക്തമായി ഉണ്ടാകുന്നതുമില്ല, ഉണ്ടാകുന്നതിനെത്തന്നെ അത്ര പരമാൎത്ഥമായി നാം കരുതുന്നതും ഇല്ല. അങ്ങിനെ ആയാൽ പോരാ. അതു് വ്യക്തമായി ഉണ്ടാകുകയും, പരമാൎത്ഥമെന്നു് ബോദ്ധ്യം വരികയും തന്നെ വേണം. അപ്പോൾ, അതിനെയാണു് ധൎമ്മം—അനുഭൂതി എന്നെല്ലാം പറയുന്നതു്. ഒരുവനു് അവന്റെ ജാതിധൎമ്മങ്ങളെപ്പററി യാതൊരുബോധവും ഇല്ല എന്നിരിക്കട്ടെ, പ്രവാചകനെപ്പററികേട്ടിട്ടില്ലാ എന്നിരിക്കട്ടെ, അവൻ ഗ്രന്ഥങ്ങളൊന്നും വായിച്ചിട്ടില്ലന്നും വരട്ടെ, അതുകൊണ്ടൊന്നും വിരോധമില്ല, അവനു് ഈ അനുഭൂതി ഉണ്ടായാൽ മാത്രം മതി. അവനു് അതിനുപരിയായി ഒന്നുംതന്നെ അവശ്യമായിട്ടില്ല. മനസ്സിനെ ശുദ്ധമാക്കുക; അതാണു് ധൎമ്മസൎവ്വസ്വം. നമ്മൾ തന്നെ ആ പുള്ളികളെ തുടച്ചു് വെടിപ്പാക്കുന്നതുവരെ, നമുക്കു യാഥാൎത്ഥ്യത്തെ അതേപ്രകാരത്തിൽ കാണുവാൻ സാധിക്കുക ഇല്ല. ഒരു ചെറിയ കുട്ടി യാതൊരു പാപത്തേയും കാണുന്നില്ല. പാപത്തെ അറിയുവാനുള്ള ബുദ്ധി അവൻവശം കിട്ടിക്കഴിഞ്ഞിട്ടില്ല. നിങ്ങൾ നിങ്ങളിൽത്തന്നെയുള്ള ന്യൂനതകളെയെല്ലാം ഉപേക്ഷിക്കുന്നതായാൽ പിന്നെ നിങ്ങൾക്കു് പുറത്തെങ്ങും യാതൊരു ന്യൂനതയേയും കാണുവാൻ സാധിക്കുകയില്ലതന്നെ. അകത്തുള്ളതു മാത്രമാണു് പുറത്തു് കാണുന്നതു്. ഒരു തസ്കരൻ മോഷണം ചെയ്യുന്നതു് ഒരു ചെറിയ കുഞ്ഞു് കണ്ടുകൊണ്ടിരിക്കുന്നു, എന്നിരിക്കട്ടെ. അവനു് അതിനെപ്പററി ഒരു ബോധവും ഉണ്ടാകുന്നില്ല. ഒരു കുട്ടക്കഴിക്കേണ്ട സമ്പ്രദായം നിങ്ങൾക്കു് ഒരിക്കൽ മനസ്സിലായിക്കഴിഞ്ഞാൽ പിന്നെ നിങ്ങൾക്കു് അതിനെ എപ്പോഴും എവിടെ കണ്ടാലും അഴിക്കാം. അതുപോലെ നിങ്ങൾ ഒരിക്കൽ സ്വതന്ത്രനും കന്മഷരഹിതനും ആയിക്കഴിഞ്ഞാൽ പിന്നെ നിങ്ങൾ ലോകത്തിലെങ്ങും എന്നും സ്വാതന്ത്ര്യത്തേയും പരിശുദ്ധിയേയും മാത്രമേ കാണുകയുള്ളൂ. ഹൃദയഗ്രന്ഥികളെല്ലാം ഛേദിക്കപ്പെടുകയും, എല്ലാ വളവുകളും ഇല്ലാതാ

2 MAY 19



കകയും ചെയ്യുമ്പോൾ, ആ നിമിഷത്തിൽ, ഈ ലോകം ഒരു സ്വപ്നം എന്നപോലെ അപ്രത്യക്ഷമായി തീരുന്നതാണ്. പിന്നെ ഉണൎന്നു നോക്കുമ്പോൾ "ഇങ്ങിനെ അഭാസമായ ഒരു സ്വപ്നം കണ്ടുവല്ലൊ" എന്നുവെച്ച് നിങ്ങൾതന്നെ അതിശയിക്കുകയും ലജ്ജിക്കുകകൂടിയും ചെയ്യും.

"അവനെ പ്രാപിച്ചുകഴിഞ്ഞാൽ മഹാമേരുവെപ്പോലെ ഉയരമുള്ള പാപകോടികൾ കൂടെ പിന്നെ നിങ്ങളുടെജീവനെ ചലിപ്പിക്കുവാൻ ശക്തിയുള്ളതായിരിക്കയില്ല."

ജ്ഞാനമാകുന്ന കോടാലികൊണ്ടു് ചക്രങ്ങളെ വെട്ടിമുറിക്കുക. ആത്മാ സ്വതന്ത്രനായി നില്ക്കട്ടെ. മനഃശരീരമാകുന്ന ചക്രത്തിന്നു്, അതിന്നു മുമ്പായി സിദ്ധിച്ചിരിക്കുന്ന ചലനശക്തി, പിന്നേയും അവയെ കുറച്ചു ദൂരത്തേയ്ക്കുകൂടെ ഓടിച്ചെയ്യുവാനും മതി. എന്നാലും അപ്പോൾ ഈ ചക്രത്തിന്നു് നേർമാർഗ്ഗത്തിൽക്കൂടെ മാത്രമേ ഉരുളവാൻ സാധിക്കുകയുള്ളൂ. മുമ്പു് കിട്ടിയ ശക്തിയെ, ഓടിഅവസാനിപ്പിക്കുക, എന്നല്ലാതെ പുതിയ ശക്തികളൊന്നും സിദ്ധിക്കാതിരിക്കുന്നതുകൊണ്ടു് അതിന്നു് വളയുവാനും തിരിയുവാനും ഒന്നും സാധിക്കുക ഇല്ല. അതായ്തു് അങ്ങിനെയുള്ള ആത്മാവിന്നു്—ജീവൻമുക്തന്നു്—സൽപ്രവൃത്തികളല്ലാതെ പിന്നെ ദുഷ്പ്രവൃത്തികളൊന്നും ചെയ്യാൻ സാധിക്കുകയില്ല. അല്ലാതെ, ആ ശരീരം പിന്നെ വല്ല തിന്മയും ചെയ്യുന്നുണ്ടെങ്കിൽ, ഞാൻ ജീവൻ മുക്തനാണെന്നു് പറഞ്ഞുകൊണ്ടു് അവൻ ദുർവ്യാപാരങ്ങളിൽ ഏർപ്പെട്ടുന്നുണ്ടെങ്കിൽ, അവൻ ജീവൻ മുക്തനേ അല്ലെന്നു് അറിഞ്ഞുകൊൾക. എന്നാൽ ഇവിടെ ഒരു കാൎയ്യം സൂക്ഷിക്കേണ്ടതായിട്ടുണ്ടു്. ചക്രങ്ങൾ ശരിയായി, വളയാതെ, ഓടികൊണ്ടിരിക്കുമ്പോൾ മാത്രമേ—അതായതു് മനസ്സിനെ ശരിയായി ശുദ്ധിചെയ്തു് നിൎമ്മലമാക്കിയിരിക്കുമ്പോൾമാത്രമേ—കോടാലിയെ പ്രയോഗിച്ചുകൂടൂ. ഓരോ ശുദ്ധീകരണപ്രവൃത്തിയും ഭ്രാന്തിയുടെ മേൽ പ്രയോഗിക്കുന്ന ഓരോ പ്രഹര

മാണ്. ഈ പരമാർത്ഥം നാം അറിഞ്ഞാലും ശരി, അറിയാതി രുന്നാലും ശരി. മററൊരുവനെ "പാപി" എന്ന് പറയുന്ന താണ് നിങ്ങൾക്ക് ചെയ്യാകുന്ന മഹാപാപങ്ങളിൽ വെച്ച് മഹത്തരമായ മഹാപാപം. സത്ക്കർമ്മങ്ങൾ അറിവുകൂടാതെ ചെയ്യപ്പെട്ടവയായാലും അറിവോടുകൂടി ചെയ്യപ്പെട്ടവ അയാലും ഉണ്ടാകുന്ന ഫലം ഒന്നുതന്നെ ആണ്. അതു ബന്ധ നത്തെ ഖണ്ഡിക്കുവാൻ സഹായമായി നില്ക്കുകതന്നെ ചെയ്യുന്നു.

ദൂരദർശിനിക്കുഴലിന്റെ വസ്തുഗ്രഹണചില്ലിന്മേലുള്ള പുള്ളിതന്നെയാണ് സൂര്യനെന്നുള്ള തെററിദ്ധാരണയാണ് നമ്മുടെ സ്ഥായിയായ തെററ്. സൂര്യൻ—ഞാൻ—യാതൊ ന്നിനാലും ബാധിക്കപ്പെടാത്തവൻ എന്ന് അറിയുക; പിന്നെ ആ പുള്ളികളെ തുടച്ച് വൃത്തിയാക്കുന്നതിൽ വ്യഗ്രനായും ഇരിക്കുക. ഇതേവരെ ഉണ്ടായിട്ടുള്ളതും മേലിൽ ഉണ്ടാകുന്നതും ആയ എല്ലാ ജീവികളിലുംവെച്ച് ഏററവും മഹത്വമേറിയ ജീവി മനുഷ്യൻ തന്നെ ആകുന്നു. അതുകൊണ്ട് ആരാധനക ളിലെല്ലാം വെച്ച് മഹത്തരമായ ആരാധന മനുഷ്യനെ കൃഷ്ണൻ, ബുദ്ധൻ, ക്രിസ്തു എന്നീ ഭാവങ്ങളിൽ ആരാധിക്കു ന്നതാകുന്നു. നിങ്ങൾക്കു വേണ്ടതിനെ നിങ്ങൾ ഉണ്ടാക്കുന്നു. അതിനാൽ ആഗ്രഹത്തെ ഉപേക്ഷിക്കുക.

* * *

ദേവകളും പിതൃക്കളും എല്ലാം ഇവിടെത്തന്നെയാണ്. അവർ സ്വർഗ്ഗമായി കണ്ടുകൊണ്ടിരിക്കുന്നതും ഈ ലോകത്തെ ത്തന്നെയാണ്. എല്ലാവരും കാണുന്നവസ്തു ഒന്നുതന്നെ. എങ്കിലും അതു് ഓരോരുത്തരുടേയും മനഃസ്ഥിതിപോലെ ഓരോരുത്തർക്കും വ്യത്യാസപ്പെട്ടുകൊണ്ടുതന്നെ ഇരിക്കും. എന്നാൽ അതിന്റെ ഏററവും നല്ല കാഴ്ച ഇവിടെ, ഭൂമി യിൽ നിന്ന്, ഉള്ളതാണ്. സ്വർഗ്ഗത്തിൽ പോകുവാൻ ആഗ്ര ഹിക്കുകയേ അരുതു്. സ്വർഗ്ഗത്തെപ്പററി ഭ്രമിക്കുന്നതാണ് ഏ ററവും ഹീനമായ ഭ്രാന്തി. ഇവിടത്തെധനവും, ഭൂരിധനവും

അസാഹ്യദാരിദ്ര്യവും, രണ്ടും ബന്ധനം തന്നെ ആകുന്നു. അവ നമ്മളെ ധൎമ്മത്തിൽനിന്ന് പിന്നോക്കം പിടിച്ചുനിൎത്തുകയും ചെയ്യുന്നു. ലോകത്തിൽ വളരെ ദുർല്ലഭമായിരിക്കുന്നതും ഈശ്വരാനുഗ്രഹം കൊണ്ടുതന്നെ ഉണ്ടാകേണ്ടതും ആയ അനുഗ്രഹങ്ങൾ മൂന്നെണ്ണമാണ്. ഒന്നാമതായി, മനുഷ്യശരീരം-അതായത് മനുഷ്യത്വം. മനുഷ്യമനസ്സ് ഈശ്വരന്റെ ഏററവും അടുത്തുള്ള പ്രതിഫലനമാണ്. നാം "ഈശ്വരന്റെ സ്വന്തരൂപം തന്നെ" ആകുന്നു. രണ്ടാമതായി മോക്ഷത്തിനുള്ള അനുഗ്രഹം, മുമുക്ഷുത്വം. മൂന്നാമതായി ഭ്രാന്തിയാകുന്ന സമുദ്രത്തെ തരണം ചെയ്ത ഒരു പുണ്യാത്മാവിന്റെ — ഗുരുവെന്ന നിലയിലുള്ളസഹായം. * നിങ്ങൾക്ക് ഇവ മൂന്നും ഉണ്ടാകുമ്പോൾ ഈശ്വരനെ സ്തോത്രം ചെയ്യുവിൻ! നിങ്ങൾ തീർച്ചയായും സ്വാതന്ത്ര്യത്തെ പ്രാപിച്ചുകൊള്ളും.

നിങ്ങൾ യുക്തിവാദം ചെയ്ത് ഗ്രഹിക്കുന്ന ഒന്നിനെ മറെറാരു യുക്തിവാദംകൊണ്ട് തള്ളിക്കളയുവാൻ സാധിച്ചു എന്നു വന്നേക്കാം. എന്നാൽ നിങ്ങൾക്ക് അനുഭവമാകുന്ന ഒന്ന് എന്നെന്നും നിങ്ങളുടേതുതന്നെ ആയിരിക്കുകയും ചെയ്യും. സംസാരംകൊണ്ട് — ധൎമ്മത്തെപ്പററി വലിയപ്രസംഗങ്ങളെല്ലാം ചെയ്യുന്നതുകൊണ്ട് — ഗണ്യമായ ഗുണമൊന്നും ഉണ്ടാകുവാനില്ല. അതിനുപകരം എല്ലാററിന്റേയും പിൻപിൽ ഈശ്വരനെ പ്രതിഷ്ഠിക്കുകയാണ് വേണ്ടത്. മനുഷ്യന്റേയും മൃഗത്തിന്റേയും ആഹാരത്തിന്റേയും പ്രവൃത്തികളുടേയും എന്നുവേണ്ട എല്ലാററിന്റേയും പിൻപിൽ ഈശ്വ

---

* ദുർല്ലഭം ത്രയമേവൈതൽ
ദൈവാനുഗ്രഹഹേതുകം
മനുഷ്യത്വം മുമുക്ഷുത്വം
മഹാപുരുഷസംശ്രയഃ

വിവേകചൂഡാമണി.

സ്ഥിതിചെയ്യട്ടെ. അതു നിങ്ങളുടെ ‡പ്രകൃതം തന്നെ ആയിത്തീരട്ടെ.

ഒരിക്കൽ വിദ്വാനായ ഇംഗർസോളും * —ഞാനും തമ്മിൽ താഴെക്കാണിക്കുന്ന പ്രകാരം ഒരു സംഭാഷണം നടക്കുക ഉണ്ടായി. അദ്ദേഹം പറഞ്ഞു:—"അതെ, ഈലോകത്തെ അനുഭവിക്കാവുന്നേടത്തോളം അനുഭവിക്കണം എന്നു തന്നെയാണു് ഞാനും അഭിപ്രായപ്പെടുന്നതു്. ഈ മധുരനാരങ്ങയുടെ രസം നിശ്ശേഷം ഞെക്കി എടുക്കണം. എന്തുകൊണ്ടെന്നാൽ, നമുക്കു് ഉണ്ടെന്നുറപ്പുള്ളതു് ഈ ലോകം മാത്രമാണല്ലോ." അതിനു ഞാൻ പറഞ്ഞ സമാധാനം ഇങ്ങനെ ആയിരുന്നു:—"നിങ്ങൾ പറയുന്നതു് പരമാർത്ഥം തന്നെ. എന്നാൽ അതിൽനിന്നു് അധികരസം കിട്ടുവാനായി, നിങ്ങൾ ഈ ലോകനാരങ്ങയെ ഞെക്കുന്നതിലും നല്ലതായ മറെറാരു സമ്പ്രദായം എനിക്കറിയാം. ഞാൻമരിക്കയില്ലെന്നു് എനിക്കു നല്ല ഉറപ്പുണ്ടു്; അതുകൊണ്ടു എനിക്കു ഒരു ബദ്ധപ്പാടും ഇല്ല. ഒന്നും ഭയപ്പെടുവാനില്ലെന്നും എനിക്കറിയാം. അതിനാൽ ഈ രസത്തെ അധികം അനുഭവിക്കുന്നതു് ഞാനാണു്. ഞാൻ ചെയ്യേണ്ടതായിട്ടൊന്നും ഇല്ല; എനിക്കു് ഭാര്യയില്ല, പുത്രരില്ല, സ്വത്തില്ല അങ്ങിനെയുള്ള ബന്ധങ്ങൾ ഒന്നും തന്നെ ഇല്ല. എല്ലാ സ്ത്രീപുരുഷന്മാരും എനിക്കു് ഒരുപോലെയാണു്. അവരെയെല്ലാം എനിക്കു ഒരുപോലെ സ്നേഹിക്കാം. എല്ലാവരും ഈശ്വരൻതന്നെയാണെന്നു് എനിക്കറിയുകയും ചെയ്യാം. മനുഷ്യനെ ഈശ്വരനായി സ്നേഹിക്കുന്നതിലുള്ള ആനന്ദം എത്രയായിരിക്കുമെന്നു് ഒന്നു ആലോചിച്ചു നോക്കുവിൻ! നിങ്ങളുടെ മധുരനാരങ്ങയെ ഈവിധം ഞെക്കിനോക്കി

* ഇംഗർസോൾ എന്ന മഹാൻ യൂറോപ്പിലെ ഒരു "അഗാധ"ചിന്തകനായിരുന്നു. അലൌകികമായ യാതൊന്നിനേയും സ്വീകരിക്കാത്ത ഒരുല്കൃഷ്ടപന്ഥാവിൽക്കൂടെ ആയിരുന്നു ആ ബുദ്ധിമാന്റെ ചിന്താശക്തി അനിവാരിതമായി ഓടിക്കൊണ്ടിരുന്നതു്. ഇദ്ദേഹം ക്രിസ്തുമതത്തിന്റെ ഒരു പരമവിരോധികൂടിയും ആയിരുന്നു.

യാട്ടെ. എന്നാൽ പതിനായിരം ഇരട്ടി അധികം രസം കിട്ടുന്നതു കാണാം. അങ്ങിനെ ഓരോതുള്ളിയും അനുഭവിക്കുക. രസം മുഴുവനും ഞെക്കിയെടുക്കേണ്ടതു് ഇങ്ങിനെയാണു്.”

നമുക്കു്, മനസ്സാക്ഷിയായി തോന്നുന്നതു് ആത്മാവിനെത്തന്നെയാണു്. അതു പരമാൎത്ഥത്തിൽ സ്വാതന്ത്ര്യം ആകുന്നു.

ജീസസ്സ് പരിപൂൎണ്ണനായിരുന്നില്ല. അതിന്റെ കാരണം, അദ്ദേഹം തികച്ചും അദ്ദേഹത്തിന്റെ ആദൎശം അനുസരിച്ചു് ജീവിക്കാതിരുന്നതുതന്നെയാണു്. മാത്രമല്ല, അദ്ദേഹം അദ്ദേഹത്തിന്റെ ധൎമ്മമാൎഗ്ഗത്തിൽ സ്ത്രീകൾക്കു് പുരുഷന്മാൎക്കു തുല്യമായ ഒരു സ്ഥാനം കൊടുക്കാതിരുന്നതു് സൎവ്വപ്രധാനമായ മറെറാരു കാരണമാകുന്നു. അദ്ദേഹത്തിനു വേണ്ടതെല്ലാം സ്ത്രീകളും ചെയ്യാതിരുന്നിട്ടില്ല. എന്നിട്ടും അവരിൽ ഒരാളെപ്പോലും അദ്ദേഹം അദ്ദേഹത്തിന്റെ ശിഷ്യവൎഗ്ഗത്തിൽ ഉൾപ്പെടുത്തുക ഉണ്ടായില്ല. ക്രിസ്തു യഹൂദസമ്പ്രദായങ്ങളാൽ വല്ലാതെ ഇടുക്കപ്പെട്ടവനായിരുന്നതുകൊണ്ടാണു് ഇങ്ങനെ ആദൎശത്തിന്നു് വിപരീതമായി പ്രവൎത്തിക്കേണ്ടിവന്നതു്. എങ്കിലും ശ്രീബുദ്ധദേവനെ കഴിച്ചാൽ പിന്നത്തെ മഹാമനുഷ്യൻ ക്രിസ്തുദേവൻതന്നെ ആണെന്നുള്ളതിന്നു സംശയമില്ല. എന്നാൽ ഈ ബുദ്ധദേവൻകൂടെയും തികച്ചും പരിപൂൎണ്ണനാണെന്നു് പറഞ്ഞുകൂടാ. ആദ്ധ്യാത്മികസംഗതികളിൽ സ്ത്രീകൾക്കും പുരുഷന്മാൎക്കു തുല്യമായ സ്ഥാനമുണ്ടെന്നു് അദ്ദേഹം അറിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഒന്നാമത്തെ ശിഷ്യതന്നെ അദ്ദേഹത്തിന്റെ ഭാൎയ്യയായിരുന്നുവെല്ലോ. ആധന്യ ശിഷ്യരിൽ ഒന്നാമത്തേതായി എന്നുമാത്രമല്ല, ശ്രീബുദ്ധദേവന്റെ പ്രധാന ശിഷ്യസംഘത്തിൽ ഒരു പ്രധാനാംശംതന്നെ ആയിത്തീൎന്നു. ഇന്ത്യൻ വനിതാലോകത്തിൽ ഉണ്ടായ ബുദ്ധമത പ്രചരണത്തിന്റെ നടുനായകവും നേതാവും ആ സ്ത്രീരത്നം തന്നെ ആയിരുന്നു.

എങ്ങിനെ ഒക്കെ ആയാലും ഈ മഹാപുരുഷന്മാരെ ഒരിക്കലും കുററം പറയരുത്. നാം അവരെ നമ്മളെക്കാൾ വളരെ വളരെ യോഗ്യന്മാരായിത്തന്നെ കരുതുകയും അവരെ അവ്വിധം ആരാധിക്കുകയും ബഹുമാനിക്കുകയും തന്നെവേണം. എന്നാൽ നമ്മുടെ വിശ്വാസത്തെ ആരിലും ബന്ധിക്കുന്നതു നന്നല്ല; അവൻ എത്രതന്നെ മഹാനായിരുന്നാലും ശരി, നമ്മളെല്ലാവരും ബുദ്ധന്മാരും ക്രിസ്തുക്കളും തന്നെ ആയിത്തീരണം.

അതേയും അവരുടെ കുററം നോക്കിയല്ല കണക്കാക്കേണ്ടതു്. ഒരുവനുള്ള സൽസ്വഭാവങ്ങളെല്ലാം അവൻേറതുതന്നെയാണു്. അതിന്നു പോക്കില്ല. അവകാശികളും ഇല്ല. എന്നാൽ അവൻേറ ന്യൂനതകളെല്ലാം മനുഷ്യസമുദായത്തിനു പൊതുവിലുള്ള ബലഹീനതയും ആകുന്നു. ആകയാൽ അവ അവൻേറ സ്വഭാവത്തെ പരിഗണിക്കുന്ന സംഗതിയിൽ ഒരിക്കലും ഗണനീയങ്ങളായിരിക്കരുതു്.

* * *

ഇംഗ്ലീഷിലെ 'വേർച്യു' എന്ന പദം സംസ്കൃതത്തിലെ "വീര" എന്ന പദത്തിൽനിന്നു് ഉണ്ടായതായിരിക്കണം. വേർച്യു എന്നാൽ സൽഗുണം എന്നു് അർത്ഥം. പണ്ടു് വീരയോദ്ധാക്കന്മാരെ സൽഗുണസമ്പന്നന്മാരായിട്ടായിരുന്നു കരുതിപ്പോന്നിരുന്നതു്.

## 36

## ആത്മജ്ഞാനം.

ജൂലായി 30-ാംനു, വ്യാഴാഴ്ച—

ക്രിസ്തുക്കളും ബുദ്ധന്മാരും മററു പ്രവാചകന്മാരും എല്ലാം നമ്മുടെ അന്തർശക്തികളെ ഉദ്ദീപിക്കുവാനുള്ള വെറും കരുക്കളാണു്. നമ്മുടെ പ്രാർത്ഥനകൾക്കു ഫലം തരുന്നതു നമ്മൾതന്നെ ആകുന്നു.

"ക്രിസ്തുദേവൻ അവതരിച്ചില്ലായിരുന്നു എങ്കിൽ മനുഷ്യസമുദായം രക്ഷപ്പെട്ടുമായിരുന്നില്ലേനെ" എന്നു വിചാരിക്കുന്നവരുണ്ടെങ്കിൽ അവർ പരമാബദ്ധന്മാർതന്നെ ആകുന്നു. മനുഷ്യസ്വഭാവത്തിലുള്ള ദിവ്യപ്രാഭവത്തെ ഇപ്രകാരം വിസ്മരിക്കുക എന്നതു്—മനുഷ്യനിൽ അടങ്ങിക്കിടക്കുന്നതും വിജൃംഭിതമായിത്തീരേണ്ടതും ആയ മനുഷ്യദിവ്യത്വത്തെ ഇപ്രകാരം വിസ്മരിക്കുക എന്നതു്—അതിഭയങ്കരമായ സംഗതിയാകുന്നു. മനുഷ്യസ്വഭാവത്തിന്റെ മാഹാത്മ്യത്തെ ആരും ഒരിക്കലും വിസ്മരിക്കരുതു്. ഇതേവരെ ഉണ്ടായിട്ടുള്ളതിലും മേലിൽ ഉണ്ടാകുവാനിരിക്കുന്നതിലുംവെച്ച് വലിയ ഈശ്വരൻ നമ്മൾതന്നെ ആകുന്നു. "ഞാൻ" എന്ന ആ പരിധിരഹിതമായ മഹാസമുദ്രത്തിലെ ഏതാനും അലകൾമാത്രമാണു് ക്രിസ്തുക്കളും ബുദ്ധന്മാരും. നിങ്ങൾ നിങ്ങളുടെ സ്വന്ത ആത്മാവിനെ അല്ലാതെ മറ്റൊന്നിനേയും കുമ്പിടേണ്ടതായിട്ടില്ല. കുമ്പിടുകയും വേണ്ട. ദേവന്മാരുടെ ദേവനായിരിക്കുന്ന ആ മഹാദേവൻ നിങ്ങൾതന്നെ ആണെന്നു നിങ്ങൾ അറിയുന്നതുവരെ നിങ്ങൾക്കു യാതൊരു സ്വാതന്ത്ര്യവും ഉണ്ടാകുന്നതല്ല തന്നെ.

നമ്മുടെ പൂർവ്വാർജ്ജിത കർമ്മങ്ങളെല്ലാം യഥാർത്ഥത്തിൽ നമുക്കു വേണ്ടവയും നല്ലവയും തന്നെ ആണു്. നാം അവസാനത്തിൽ എന്തൊന്നായി തീരേണമോ, അതായി തീരുന്നതിലേയ്ക്കു് അവയെല്ലാം സഹായങ്ങളായി തീർന്നിട്ടുണ്ടല്ലോ. ആരോടാണു് യാചിക്കേണ്ടതു്? "ഞാൻ" മാത്രമല്ലേ യഥാർത്ഥമായിട്ടുള്ളു. മറ്റെല്ലാം വെറും സ്വപ്നം. അവയും ഞാൻതന്നെ ആണെന്നുള്ളതിൽ അധികമായി അവയ്ക്കു് അസ്തിത്വമേ ഇല്ല. സമുദ്രം മുഴുവനും കൂടിയതാണു് ഞാൻ. അല്ലാതെ അതിൽ ഉണ്ടായ ഒരു ചെറിയ ഓളമല്ല. ഒരു ചെറിയ അലയെ "ഞാൻ" എന്നു് പറയുകയും അരുതു്. അതു് ഒരു വെറും അല മാത്രമാണെന്നു് അറിഞ്ഞുകൊള്ളണം. സത്യകാമൻ (സത്യത്തെ ആഗ്രഹിക്കുന്നവൻ എന്നു് അർത്ഥം) അവന്റെ

അന്തർശബ്ദത്തെ കേട്ടു. "നീ പരിപൂർണ്ണനാണ്—പ്രപഞ്ചം മുഴുവനും നിന്നിൽ അടങ്ങുന്നു. നീ നിന്നെത്തന്നെ നിയന്ത്രിക്കുക. പിന്നെ നിൻെറ സ്വന്തം ആത്മാവിൻെറ ധ്വനികളെത്തന്നെ ശ്രദ്ധിക്കുക" എന്നിങ്ങനെ തൻെറ ഉള്ളിൽനിന്ന് പറയുന്നതായിട്ടാണ് സത്യകാമൻ കേട്ടത്.

വളരെ താണപടിയിൽ ഇരിക്കുന്നവർ മാത്രമേ തമ്മിൽ തമ്മിൽ മല്ലുപിടിച്ചുകൊണ്ടിരിക്കയുള്ളു. മൌനമായി ദിവ്യജീവിതം നയിക്കുകയും, ഉത്തമവിചാരങ്ങൾമാത്രം വിചാരിക്കുകയും അങ്ങനെ ലോകത്തെ അനുഗ്രഹിക്കുകയും ചെയ്യുന്നവർ വഴക്കാളികളായ പ്രവാചകന്മാരെക്കാൾ വളരെ വളരെ ദിവ്യന്മാരാകുന്നു. ഈ തരക്കാർ, ഒരാൾക്കു പിമ്പിൽ ഒരാളായി കുറെ അധികം കടന്നുപോകുമ്പോൾ, ഒരുവൻ പുറപ്പെടുന്നതു കാണാം. പ്രസംഗം ചെയ്യാനും മററുമുള്ള ശക്തി അവക്ക് മാത്രമേയുള്ളു.

* * *

അറിവ് ഏതുകാലത്തും സ്ഥായിയായി നില്ക്കുന്നുണ്ട്. മനുഷ്യൻ അതിനെ കണ്ടെത്തുക മാത്രമേ ചെയ്യുന്നുള്ളു. വേദങ്ങൾ എന്നത് സനാതനങ്ങളായ അറിവുകൾ ആകുന്നു. വേദങ്ങളിൽ കൂടെയാണ് ഈശ്വരൻ ലോകത്തെ ഉണ്ടാക്കിയിരിക്കുന്നത് എന്നുകൂടെ പറയുന്നുണ്ട്. അവ ഉന്നതാശയങ്ങളെ—എന്തിന്, ഏററവും ഔന്നിത്യമുള്ള തത്വജ്ഞാനത്തെ—വഹിക്കുകയും ഈ മഹനീയമായ അവകാശത്തെ വാദിക്കുകയും ചെയ്യുന്നു.

* * *

സത്യം ധൈര്യമായി പറയണം. അതുകൊണ്ടു ദോഷമുണ്ടായാലും ശരി, ഗുണമുണ്ടായാലും ശരി, അതൊന്നും നോക്കീട്ടു കാര്യമില്ല. ഫലത്തെ നോക്കി സത്യം പറയുന്നതും പറയാതിരിക്കുന്നതും ദൌർബല്യംകൊണ്ടാണ്. ഒരിക്കലും ആ ദുർബ്ബലതയെ ലാളിക്കരുത്. ബുദ്ധിശാലികൾക്കു സത്യം കൂടി

യേകഴിയൂ എന്നില്ലെങ്കിൽ—അവക്കു് വേണ്ടതിലും കുറച്ചധികം ആണെങ്കിൽ—അതുകൊണ്ടവർ സത്യത്തെ തുടച്ചുനീക്കിക്കളയുകയാണെങ്കിൽ—അവർ അവരുടെ പാട്ടിനുപോകട്ടെ. എത്രവേഗം പോകുന്നുവൊ അത്രയും നല്ലതുതന്നെ. ബാലിശമായ ആശയങ്ങൾ കൊച്ചുകുട്ടികൾക്കും മൂഢപ്രായന്മാരായ മനുഷ്യർക്കും മാത്രമെ യോജിക്കുകയുള്ളു. ഈ കൂട്ടർ ശിശുസംരക്ഷണസ്ഥലങ്ങളിലും കാട്ടിലും മാത്രമല്ലാതായിരിക്കുന്നതാണു് സങ്കടം. അവരിൽ ചിലർ ദേവാലയങ്ങളുടെ പ്രസാദവേദികളിൽ കൂടെ ചാടിവീണിരിക്കുന്നു.

ആദ്ധ്യാത്മിക വിഷയത്തിൽ സാമാന്യം അഭിവൃദ്ധി ഉണ്ടായതിനുശേഷവും നിങ്ങൾ പള്ളികളിൽതന്നെ ഇരിക്കുന്നതു നന്നല്ല. അവിടെനിന്നു പുറത്തുകടന്നു് സ്വാതന്ത്ര്യമാകുന്ന തുറന്ന വായുവിൽ വീണു് ചാകരുതോ?

അഭിവൃദ്ധി, വളർച്ച എന്നുള്ളതെല്ലാം ഈ വ്യാവഹാരിക ലോകത്തിൽ മാത്രമേ ഉള്ളു. അതെല്ലാം സാകല്യേന ഉണ്ടാകുന്ന അറിവുകളാണു്. മനുഷ്യാകൃതിയാണു് ഏററവും ഉപരിയായ ആകൃതി, മനുഷ്യജന്മമാണു് ഏററവും ഉൽകൃഷ്ടമായ ജന്മം. ഇവിടെവെച്ചു് ഇപ്പോൾ തന്നെ നമുക്കു് ഈ വ്യാവഹാരികലോകത്തെ നിശ്ശേഷം ഇല്ലായ്മചെയ്യാൻ സാധിക്കുന്നു; ഇവിടെവെച്ചു് ഇപ്പോൾതന്നെ സ്വാതന്ത്ര്യം അടയുവാൻ സാധിക്കുന്നു. മററവിടെ വെച്ചും ആരാലും ഇതിന്നു് സാധിക്കുകയില്ല. ഇതുതന്നെയാണു് മനുഷ്യജന്മികളുടെ പ്രാപ്യസ്ഥാനം. നമുക്കു് ഈ പ്രാപ്യസ്ഥാനത്തെ പ്രാപിക്കുവാൻ സാധിക്കും എന്നുമാത്രമല്ല, നമ്മളിൽ പലരും അങ്ങനെ സ്വാതന്ത്ര്യത്തെ അടയുക തന്നെ ചെയ്തിട്ടും ഉണ്ടു്. അതുകൊണ്ടു് ശരീരം സൂക്ഷ്മമാകുന്നതൊന്നുമല്ല കാര്യം. അവക വ്യത്യാസങ്ങൾ എല്ലാം വ്യാവഹാരികലോകത്തിൽ മാത്രമെ ഉള്ളു. ആ സൂക്ഷ്മ ശരീരികൾക്കു നമ്മളെക്കാൾ അധികമായി ഒന്നുംതന്നെ ചെയ്യുവാൻ സാധിക്കുകയില്ല. സ്വാത

ന്ത്ര്യത്തെ പ്രാപിക്കുവാൻ സാധിക്കുന്നതു് ഇവിടെവെച്ച് നമ്മൾക്കു മാത്രമാണു്.

ദേവതകൾ ദുഷ്കർമ്മങ്ങളൊന്നും ചെയ്യുന്നില്ലാ എന്നുള്ളതു് പരമാർത്ഥം തന്നെ. അതുകൊണ്ടു് അവർ ശിക്ഷിതരായും തീരുന്നില്ല. അതുകൊണ്ടു തന്നെ അവർ രക്ഷപ്പെട്ടന്നതും ഇല്ല. പ്രഹരങ്ങൾ കൊണ്ടാണു് നാം ഉണരുന്നതു്. സ്വപ്നത്തെ ഭഞ്ജിക്കുവാൻ നമ്മളെ സഹായിക്കുന്നതും പ്രഹരംതന്നെയാണു്. അവ നമുക്ക് ഈ ലോകത്തിന്റെ അപൂർണ്ണതയെ (പോരായ്മയെ) കാണിച്ചു തരുന്നു. അതുകൊണ്ടു് അതിൽ നിന്നു് രക്ഷപ്പെട്ടുവാനും അങ്ങനെ സ്വാതന്ത്ര്യത്തെ പ്രാപിക്കുവാനും പ്രേരിപ്പിക്കുകയും ചെയ്യുന്നു.

*　　　*　　　*

ഒരു വസ്തുത മങ്ങി കാണപ്പെട്ടുമ്പോൾ നാം അതിന്നു് ഒരു പേർ കൊടുക്കുന്നു; അതേ വസ്തുതന്നെ നല്ലപോലെ വ്യക്തമായി കാണപ്പെട്ടുമ്പോൾ അതിന്നു മറെറാരു പേരും പറയുന്നു. സദാചാരപരമായ സ്വഭാവം എത്രത്തോളം ഉന്നതമായിരിക്കുന്നുവോ, അത്രത്തോളം ദർശനവും ഉന്നതമായിരിക്കും; ഇഛാബലിഷ്ഠമായും തീരും.

*　　　*　　　*

വിചാരവും വസ്തുവും തമ്മിൽ വലിയ സംബന്ധം കാണുന്നില്ലയൊ? അതിന്നുള്ള കാരണം അവ ഒരേവസ്തുവിന്റെ രണ്ടു ഭാഗങ്ങൾ മാത്രം ആയിരിക്കുന്നതാണു്. അവ്യാകൃതവസ്തുവിനു് എന്തു പേർ വേണമെങ്കിലും കൊടുക്കാം. അതുതന്നെ അന്തരവും ബാഹ്യവും ആയി രണ്ടുവിധം വിഭജിച്ചിരിക്കുകയാണു്.

ഇംഗ്ലീഷിലെ (സ്വർഗ്ഗലോകം എന്നുഅർത്ഥമുള്ള) "പാരഡൈസ്" എന്നപദം സംസ്കൃതത്തിലെ "പരദേശ"മെന്നപദത്തിൽനിന്നു വന്നതാണു്. ഈ പരദേശത്തെ ആദ്യം പേർഷ്യൻ ഭാഷയിലേക്കു എടുത്തു. അപ്പോഴും ദേശത്തിന്നപ്പുറം, അല്ലെങ്കിൽ അപ്പുറത്തുള്ള രാജ്യം, അല്ലെങ്കിൽ മറെറാ

രലോകം എന്നതന്നെ ആയിരുന്നു അൎത്ഥം. പ്രാചീനാൎയ്യന്മാർ ആത്മാവുണ്ടെന്നുള്ള വിശ്വാസത്തോടു കൂടിയവരായിരുന്നു. അല്ലാതെ, മനുഷ്യൻ ശരീരമാണ് എന്ന വിശ്വാസം അവൎക്കു ഒരിക്കലും ഉണ്ടായിട്ടില്ല. അവരുടെ സ്വർഗ്ഗവും നരകവും എല്ലാം ക്ഷണികങ്ങളും മാത്രമായിരുന്നു. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗവും നരകവും രണ്ടും കാൎയ്യങ്ങളാണ്, ഫലങ്ങളാണ്. കാൎയ്യങ്ങൾ അല്ലെങ്കിൽ ഫലങ്ങൾ ഒരിക്കലും കാരണത്തെ അധീകരിക്കുവാൻ നിവൃത്തിയില്ല. യാതൊരു കാരണവും സനാതനമായിരിക്കുവാനും നിവൃത്തിയില്ല. പിന്നെ കാൎയ്യങ്ങളായ സ്വർഗ്ഗനരകങ്ങൾ സനാതനങ്ങളായിരിക്കുന്നതെങ്ങിനെ? അതിനാൽ അവ തീൎച്ചയായും ഒരിക്കൽ നാശത്തെ പ്രാപിക്കാതിരിക്ക വഹിയ.

വേദാന്തതത്വജ്ഞാനം മുഴുവനും ഈ ചെറുകഥയിൽ അടങ്ങിയിട്ടുണ്ട്. സുവൎണ്ണതൂലികാഭരണങ്ങളോടുകൂടിയ രണ്ടു പക്ഷികൾ ഒരു വൃക്ഷത്തിന്മേൽ ഇരിക്കുന്നു. ഒന്നു മീതെയും മറ്റൊന്നു താഴേയും ആയിട്ടാണ് ഇരിക്കുന്നതു്. മീതെ ഇരിക്കുന്ന പക്ഷി ശാന്തനായും സമാധാനചിത്തനായും, എങ്കിലും പ്രാഗത്ഭ്യമുള്ളവനായും സ്വന്ത മാഹാത്മ്യത്തിൽ തന്നെ നിമഗ്നനായും അനങ്ങാതെ ഇരിക്കുകയാണ്. താഴെ ഇരിക്കുന്ന പക്ഷിയാകട്ടെ, അതു് അക്ഷമനായി അങ്ങുമിങ്ങും ചാടുവാനും അവിടെ കണ്ട ഫലങ്ങളെ ഓരോന്നോരോന്നായി കൊത്തിതിന്നുവാനും തുടങ്ങി. ഫലങ്ങളിൽ ചിലവ കയ്ച്ചുകൊണ്ടും ചിലവ മധുരിച്ചുകൊണ്ടും ഇരുന്നു. ഇങ്ങനെ ഇരിക്കെ ഒരിക്കൽ അതിന്നു് അത്യന്തം കയ്പ്പുരസമുള്ള ഒരു ഫലം തിന്നുന്നതിന്നു് ഇടയായി. അപ്പോൾ അതു് അല്പനേരത്തേയ്ക്കു് മേൽഭാഗത്തുള്ള പക്ഷിയെ നോക്കി അനങ്ങാതെ ഇരുന്നു. എങ്കിലും ആ കഥകളെല്ലാം പെട്ടെന്നു് മറന്നും, മേൽ ഇരിക്കുന്ന പക്ഷിയുടെ കഥതന്നെ കേവലം വിസ്മരിച്ചും പിന്നെയും മുമ്പിലേപ്പോലെതന്നെ കാൎയ്യം

കൊത്തിതിന്നുവാനും അവിടെകിടന്നു് കളിക്കുവാനുംതുടങ്ങി. പിന്നേയും ഒരിക്കൽ അതു് ഒരു കയ്പുള്ളകായകൊത്തി. അപ്പോൾ അതു് മേല്പോട്ടുനോക്കി, അവിടെ ഇരിക്കുന്നപക്ഷി യെകണ്ടു് അതിന്റെ അരികിലേയ്ക്കു് ഒരു ചാട്ടം കൊടുത്തു് ഒന്നുരണ്ടു് പുള്ളികൾക്കു മീതെ കയറി ഇരപ്പുറപ്പിച്ചു. ഇങ്ങിനെ കയ്പുള്ളകായ്കൾ കൊത്തുമ്പോഴെല്ലാം അതു് മുന്നോട്ടു് ഓരോ ചാട്ടം ചാടിക്കൊണ്ടിരുന്നു. പലതവണ ചാടിയപ്പോഴേക്കും അതു് മീത്തൽ ഇരിക്കുന്ന പക്ഷിയുടെ അടുത്തെത്തി. ഒടുവിൽ അതോടുകൂടി ഐക്യത്തെ പ്രാപിക്കുകയും ചെയ്തു. അതിന്നു് ഭിന്നമായ ഒരു അസ്തിത്വം തന്നെ ഇല്ലാതായി. രണ്ടു പക്ഷികൾ ഉണ്ടായിരുന്നില്ലെന്നും, അത്രകാലവും താനും, അ ശാന്തവും പ്രൌഢവും ആയി ആത്മാരാമനായിരിക്കുന്ന ആ പക്ഷിതന്നെ ആയിരുന്നു എന്നും, അതിന്നു് മനസ്സിലായതു് അപ്പോഴാണു്.

# 37

## ഭക്തിയോഗം.

---

ജൂലായി 31-ാംനു, ബുധനാഴ്ച—

ലൂത്തർ, ധർമ്മത്തിന്റെ (മതത്തിന്റെ) നടുവിൽ ഒരു അഗ്നി താഴ്ത്തിവിട്ടു. ധർമ്മത്തിൽനിന്നു ത്യാഗത്തെ എടുത്തു് അതിന്നുപകരം സദാചാരത്തെ കൊടുത്തപ്പോൾ ചെയ്ത പണിയാണിതു്. നിരീശ്വരവാദികൾക്കും ഭൌതികവാദികൾക്കും നീതിശാസ്ത്രങ്ങൾ ഉണ്ടാകാം. എന്നാൽ ഈശ്വരനിൽ വിശ്വസിക്കുന്നവൎക്കു് മാത്രമേ ധർമ്മം (മതം) ഉണ്ടായിരിക്കയുള്ളൂ.

ലോകത്തിൽ മഹായോഗ്യന്മാരായ പല ധാർമ്മികന്മാരേയും നാം കാണുന്നുണ്ടു്. അവരുടെ ആ മാഹാത്മ്യത്തി

ന്നെല്ലാം വിലകൊടുക്കുന്നതു് ദുഷ്ടജനങ്ങളാണു്. നിങ്ങൾ ഒരു ദുഷ്ടനെ കാണുമ്പോൾ ആലോചിക്കേണ്ടതു ഇങ്ങനെ ആകുന്നു. "ധനികൻെറ ആഡംബരകോലാഹലങ്ങൾക്കു വേലക്കാരുടെ ദേഹദണ്ഡം ഏതുപ്രകാരം നിദാനമായിരിക്കുന്നുവൊ അതുപോലെതന്നെയാണു് ആദ്ധ്യാത്മികലോകത്തിലേയും കഥ." മീരാഭായി ബുദ്ധൻ മുതലായവരെപ്പോലെയുള്ള പുണ്യാത്മാക്കളുടെ രൂപീകരണത്തിനു് പ്രകൃതി കൊടുക്കുന്ന വലിയ വില ഇന്ത്യയിലെ പൊതുജനങ്ങളുടെ കഷ്ടാൽ കഷ്ടതരമായ അധഃപതനമാണു്. ഒരു വലിയ കോട്ടയെ യുദ്ധംചെയ്തു് കൈവശപ്പെടുത്തുമ്പോൾ, ആ യുദ്ധത്തിൽ ഏർപ്പെട്ടവരിൽ നൂററിനു് തൊണ്ണൂറു് കണ്ടും മരിച്ചുപോയി എന്നു് വരാം. അതിനാൽ ജയലക്ഷ്മിയെ വരിക്കുന്നതു് അവശേഷിച്ച പത്തു പേർ മാത്രമാണു്. അത്യുന്നതങ്ങളായ അശംയവിശേഷങ്ങളോടുകൂടിയ ഒരു സമുദായത്തിൽ മാത്രമേ ആ വിധമുള്ള പുണ്യാത്മാക്കൾ ആവിർഭവിക്കുകയുള്ളു; എന്നാൽ പൊതുജനങ്ങൾ ആ ആദർശമനുസരിച്ചു് നടക്കുന്നതിൽ വൈമുഖ്യം കാണിക്കുന്നതുകൊണ്ടു് അവർ അധഃപതിക്കുകയും ചെയ്യുന്നു.

"ഞാൻ ദിവ്യങ്ങളിൽവെച്ചും ദിവ്യമാണു്. എല്ലാററിൻേറയും മൂലം ഞാൻതന്നെ ആകുന്നു. ഓരോരുത്തരും അവരവരുടെ ഇഷ്ടപ്രകാരം ഉപയോഗപ്പെടുത്തുന്നു. എങ്കിലും പ്രവത്തിക്കുന്നതെല്ലാം ഞാൻതന്നെ ആകുന്നു. ഞാൻ എല്ലാം ചെയ്യുന്നു. നീ നിമിത്തം മാത്രം" ഗീതാ.

വല്ലരെയൊക്കെ സംസാരിക്കുന്നതുകൊണ്ടു് ഒരു പ്രയോജനവും ഇല്ല. ഉള്ളിലുള്ള ചൈതന്യത്തെ അറിയുകയാണു് വേണ്ടതു്. അപ്പോൾ നിങ്ങൾ ഒരു ജ്ഞാനിയായി കഴിഞ്ഞിരിക്കുന്നു. ഇത്രമാത്രമാണു് ജ്ഞാനം. മററെല്ലാം അജ്ഞാനം. അറിയപ്പെടേണ്ടതായി ആകെ ഒന്നുമാത്രമേയുള്ളു. അതു തന്നെ ബ്രഹ്മം. അതുതന്നെ സമസ്തം. അതല്ലാതെ ഒന്നുംതന്നെഇല്ല.

ത്രിഗുണങ്ങളും ബന്ധനത്തെതന്നെ ഉണ്ടാക്കും. ബന്ധനത്തെ സംബന്ധിച്ചിടത്തോളം മൂന്നും ഒരുപോലെതന്നെ. എന്നാൽ ബന്ധനത്തിന്ന് പ്രകാരാന്തരമുണ്ടെന്നു പറയാം. സുഖത്തിനും ജ്ഞാനത്തിനും വേണ്ടിയുള്ള അന്വേഷണത്തിൽ കൂടെ സത്വം ബന്ധിക്കുന്നു; ആഗ്രഹങ്ങളിൽകൂടെ രജസ്സ് ബന്ധിക്കുന്നു; തെററായ ബോധങ്ങൾകൊണ്ടും മടികൊണ്ടും തമസ്സും ബന്ധിക്കുന്നു. രജസ്സിനേയും തമസ്സിനേയും സത്വം കൊണ്ട് ജയിക്കണം. പിന്നെ എല്ലാം ഈശ്വരന്നായി അർപ്പിച്ച് സ്വതന്ത്രനാകുകയും വേണം. ഭക്തിയോഗിക്കു ബ്രഹ്മാനുഭൂതി വേഗത്തിൽ ഉണ്ടാകുന്നു. ആ വഴി വളരെ സുഗമമാണ്. * ആ യോഗി ഈ മൂന്നുഗുണങ്ങളേയും വേഗത്തിൽ തരണം ചെയ്യുന്നു.

ഇച്ഛ, ബുദ്ധി, ഇന്ദ്രിയങ്ങൾ, ആഗ്രഹം, വികാരങ്ങൾ ഇവയെല്ലാം കൂടിച്ചേർന്നാണ് നാം "ജീവൻ" എന്നു പറയുന്നതിനെ ഉണ്ടാക്കുന്നത്.

ഒന്നാമതായി വ്യാവഹാരികമായ അഹം. (അതയതു് ഈ ശരീരം) പിന്നെ മാനസികമായ അഹം. (ഈ അഹമാണ് 'ഞാൻ ശരീരമാണ്' എന്നു തെററിദ്ധരിക്കുന്നതു്.) മായയാൽ വേഷ്ടിതമായ കേവലം ആണ് ഇതു്. മൂന്നാമതായി സദാ സ്വതന്ത്രനും സദാ വിശുദ്ധനും ആയ ആത്മാ. ഒട്ടേടമായി നോക്കുമ്പോൾ കാണുന്നതു് പ്രകൃതി; അകപ്പാടെ

---

* നിഷ്കാമം നിയതസ്വധർമ്മചരണം യൽകർമ്മയോഗാഭിധം
തദ്ദൂരേത്യഫലം യദൌപനിഷദജ്ഞാനോപലഭ്യം പുനഃ
തത്വവ്യക്തതയാസുദുർഗ്ഗമതരം ചിത്തസ്യ തസ്മാദ്വിഭോ
ത്വൽപ്രേമാത്മകഭക്തിരേവ സതതം സ്വാദീയസീ ശ്രേയസീ.

* * *

ത്വൽഭക്തിസ്തു കഥാരസാമൃതഝരീനിർമ്മജ്ജനേന സ്വയം
സിദ്ധ്യന്തീ വിമലപ്രബോധപദവീമക്ലേശതസ്തന്വതീ
സദ്യസ്സിദ്ധികരീ ജയത്യയി വിഭോ സൈവാസ്തു മേ ത്വൽപദ-
പ്രേമപ്രൌഢിരസാർദ്രതാ ദ്രുതതരം വാതാലയാധീശ്വര!

നോക്കുമ്പോൾ പ്രകൃതിയുമില്ല ഒന്നും ഇല്ല. അതിൻെറ ഒന്മ കൂടെ അപ്പോൾ ഉണ്ടാകുന്നില്ല. ഇങ്ങിനെ മൂന്നുകൂട്ടം സിദ്ധിക്കുന്നു. ഒന്നു് മാററത്തോട്(മരണത്തോട്) കൂടിയതു്—വ്യഷ്ടിപരമാത്മഭാവം. മറെറാന്നു് സനാതനമായി മാററത്തോട്ടുകൂടാത്തതു്—സമഷ്ടിപരമായ പ്രകൃതി. മൂന്നാമത്തു് മാററമേ ഇല്ലാത്തതു്—ആത്മാ.

*　　　　*　　　　*

യാതൊരാഗ്രഹവും ആശയവും ഇല്ലാത്തവനായിരിക്കുക. ഒരാഗ്രഹവും അരുതു്. അതാണു് അത്യുൽകൃഷ്ടമായ അവസ്ഥ. അല്ലെങ്കിൽ തന്നെ, എന്തൊന്നാണു് ആഗ്രഹിക്കുവാൻ ഉള്ളതു്? ആ ആശാപാശങ്ങളെയെല്ലാം അങ്ങോട്ടു് പൊട്ടിച്ചു് ദൂരെ എറിഞ്ഞേക്കണം. ആത്മാവിൽ തന്നെ ഉറച്ചു നില്ക്കുക. സമാധാനപൂൎണ്ണനായിഇരിക്കുക. ചെയ്യുന്നതു് എന്താണെന്നൊന്നും ചിന്തിക്കണ്ട, എല്ലാം ഭഗവദൎപ്പണമാക്കി ചെയ്തേച്ചാൽ മാത്രം മതി. എന്നാൽ ഇതിൽ കള്ളത്തരവും വഞ്ചനയും മററുള്ളവരെ ഒപ്പിയ്ക്കുവാനുള്ള വിദ്യയും ഒന്നും ലെവലേശം ഉണ്ടായിരിക്കുവാൻ പാടില്ല.

"സ്വസ്ഥ" എന്ന സംസ്കൃതപദത്തിൻെറ അൎത്ഥം "സ്വന്ത ആത്മാവിൽതന്നെ നില്ക്കുക" എന്നാണു്. ഈ പദത്തെ "നിങ്ങൾക്കു് ക്ഷേമംതന്നെയോ?" എന്ന അൎത്ഥത്തിൽ ഇന്ത്യയിൽ സാധാരണമായി ഉപയോഗിക്കാറുണ്ടു്. 'ഞാൻ "ഒരു സാധനം" കണ്ടു' എന്ന അൎത്ഥത്തിൽ ഹിന്തുക്കൾ പറയാറുള്ളതു് 'ഞാൻ "ഒരു പദാൎത്ഥം" കണ്ടു' എന്നാണു്. അവക്കു് ഈ പ്രപഞ്ചം കൂടെയും ഒരു പദത്തിൻെറ അൎത്ഥം (പദാൎത്ഥം) ആണു്.

*　　　　*　　　　*

പരിപൂൎണ്ണതയെ പ്രാപിച്ച ഒരുവൻെറ ശരീരം അവൻ പ്രത്യേകമായി ശ്രദ്ധിക്കാതിരുന്നാൽ കൂടെയും നന്മമാത്രമല്ലാതെ മറെറാന്നും ചെയ്യുയില്ല. ശരീരം തികച്ചും പരിശുദ്ധമാ

യതാകയാൽ അതിനെക്കൊണ്ട് പിന്നെ അശുദ്ധമായ യാതൊന്നും ചെയ്യുവാൻ സാധിക്കുകയില്ല. ചക്രത്തിൽ പിന്നീടും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആ പ്രേരകശക്തി നല്ലവമാത്രമായേ ഇരിക്കയുള്ളൂ. ദുഷ്ടവാസനകളെല്ലാം അതിന്നുമുമ്പേതന്നെ ദഹിച്ചുപോയിക്കഴിഞ്ഞിരിക്കുന്നു.

*　　　*　　　*

"മേഘച്ഛന്നമായും വർഷിച്ചും കൊണ്ടിരിക്കുന്ന ദിവസമല്ല ദുർദ്ദിവസം. ഈശ്വരനെപ്പററി സംസാരിക്കാതിരിക്കുന്ന ദിവസമാണ് യഥാർത്ഥത്തിൽ ദുർദ്ദിവസം."

ഭഗവാനെ ആത്മാർത്ഥമായി സ്നേഹിക്കുന്നതാണ് ശരിയായ ഭക്തി. മററേതൊന്നിനോടുമുള്ള സ്നേഹവും—അതെത്രതന്നെ മഹനീയമായതായിരുന്നാലും വേണ്ടതില്ല—ഭക്തിയല്ല. ഇവിടെ പറയപ്പെട്ട ഈശ്വരൻ എന്നതിനാൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ശക്തിവിശേഷം, നിങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ "സാകാരദൈവം" എന്നു പറയുന്നതിനാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിലും വളരെ ഉപരിയായതാകുന്നു. "യാവനൊരുവനിൽനിന്ന് ഈ പ്രപഞ്ചം വിജൃംഭിക്കുന്നുവൊ, യാവനൊരുവനിലേയ്ക്കു ഈ പ്രപഞ്ചം വിലയം പ്രാപിക്കുന്നുവൊ—അവനാണ് ഈശ്വരൻ." ശാശ്വതനും, പരിശുദ്ധനും, കരുണാമൂർത്തിയും, സർവ്വശക്തനും, സർവ്വസ്വതന്ത്രനും, സർവ്വജ്ഞനും, ഗുരുക്കന്മാരുടെ ഗുരുവും ആ ഈശ്വരൻ തന്നെ ആകുന്നു. ആ ഈശ്വരൻ സ്വപ്രകൃത്യാതന്നെ അവാച്യനായ പ്രേമസ്വരൂപനും ആകുന്നു.

മനുഷ്യൻ തന്റെ സ്വന്ത മസ്തിഷ്കംകൊണ്ടു ഈശ്വരനെ നിർമ്മിക്കുകയല്ല ചെയ്യുന്നതു്. അവർ അവന്റെ യോഗ്യതക്കനുസരണമായ വിധത്തിൽ ഈശ്വരനെ കാണുന്നു എന്നേയുള്ളൂ. അവൻ അവന്ന് അറിവുള്ളേടത്തോളം വൈശിഷ്ട്യങ്ങളെയെല്ലാം ആ ഈശ്വരനിൽ ആരോപിക്കുകയും ചെയ്യുന്നു. എന്നാൽ ഈ വിശേഷണങ്ങളിൽ ഓരോന്നും

ഈശ്വരൻെറ പൂർണ്ണഭാവമാണ്. ഇങ്ങനെ "സമസ്തവസ്തുവെ" ഒരു ഗുണംകൊണ്ടുമാത്രം സൂചിപ്പിക്കുന്നതാണ് സാകാരദൈവം. ഈശ്വരൻ നിരാകാരനാണ്. എന്നാൽ എല്ലാ ആകാരങ്ങളും ഈശ്വരൻേറതും ആകുന്നു. ഈശ്വരന് ഒരു ഗുണവും ഇല്ല. എങ്കിലും എല്ലാ ഗുണങ്ങളും ഈശ്വരൻേറതും ആകുന്നു. മനുഷ്യജീവികൾ എന്ന നിലയിൽ നാം അസ്തിത്വത്തെ, ഈശ്വരൻ, മനുഷ്യൻ, പ്രകൃതി ഇങ്ങനെ മൂന്നായിത്തന്നെ കണ്ടേ മതിയാകൂ. അല്ലാതെ ഗത്യന്തരമില്ല.

എന്നാൽ ഒരു യഥാർത്ഥ ഭക്തനെ സംബന്ധിച്ചേടത്തോളം, തത്വജ്ഞാനപരങ്ങളായ ഈവക വ്യത്യാസങ്ങൾ എല്ലാം വെറും ഭോഷത്വപ്രലപനങ്ങൾ മാത്രമാണ്. അവന്ന് വാദപ്രതിവാദത്തെപ്പററി യാതൊരു ചിന്തയും ശ്രദ്ധയും ഇല്ല. അവരെങ്കിലും എന്തെങ്കിലും എങ്ങിനെയെങ്കിലുംപറഞ്ഞോട്ടെ സംസാരത്തിൽ എന്തിരിക്കുന്നു! അവന്നു അതൊന്നും കാര്യമല്ല. അവന്ന് കാണണം, അവന്ന് അറിയണം, അവന്ന് അനുഭവിക്കണം. അതാണവന്നു കാര്യം. അവന്നു പരിശുദ്ധമായ ഈശ്വര പ്രേമത്തിൽ അവനെത്തന്നെ മറക്കപ്പെട്ടവനായിത്തീരണം. മോക്ഷം കൂടെ കാമ്യമായ സംഗതിയല്ല. ഈ ലയമാണ് മോക്ഷത്തേക്കാളും അഭിലഷണീയമായിരിക്കുന്നത്, എന്ന് വിചാരിക്കുന്ന ഭക്തന്മാർ അനേകം ഉണ്ട്. "എനിക്കു പഞ്ചസാര ആകേണ്ട—പഞ്ചസാരയുടെ മധുരം അനുഭവിച്ചുകൊണ്ടിരുന്നാൽമാത്രം മതി" എന്ന് ഭക്തന്മാർ പറയുന്നു. "എനിക്കു എൻെറ ഇഷ്ടദേവനെ സ്നേഹിക്കുകയും അനുഭവിക്കുകയുംമാത്രം ചെയ്താൽമതി."

ഭക്തിയോഗമാർഗ്ഗത്തിൽ സർവ്വപ്രധാനമായി ഉണ്ടായിരിക്കേണ്ട ഗുണം നിഷ്കപടമായും തീവ്രമായും ഉള്ള ഈശ്വരവാഞ്ഛയാണ്. നമ്മുടെ ഇപ്പോഴത്തെ മാതിരി നേരെ വിപരീതമാകുന്നു. ഈശ്വരനൊഴികെ മറെറല്ലാം നമുക്ക് ഇന്ന്

ഒഴിച്ചുകൂടാത്ത അവശ്യങ്ങളായി തീൎന്നിട്ടുണ്ട്. നമുക്കു നിത്യേന ഉണ്ടാകുന്ന ആഗ്രഹങ്ങളെല്ലാം ബാഹ്യലോകം കൊണ്ടുതന്നെ നിവൎത്തിക്കപ്പെടുന്നുണ്ട്. ഈശ്വരൻവന്നു ചെയ്യത്തക്കതായി ഒന്നും തന്നെ ഇല്ല; ഈശ്വരൻ ഒന്നുംതന്നെ ചെയ്യുതരുന്നതായും കാണുന്നില്ല. നമ്മുടെ ആഗ്രഹ കോടികളെ ഈ സ്ഥൂലപ്രപഞ്ചത്തിൻെറ നാലതിൎത്തിക്കുള്ളിൽ മാത്രമായി അടക്കി നിൎത്തുന്നേടത്തോളം കാലം നമുക്കു ഈശ്വരനെക്കൊണ്ടു യാതൊരാവശ്യവും വരികയില്ല. എന്നാൽ നമ്മുടെജീവിതത്തിൽ നല്ലനല്ല കഠിനപ്രഹരങ്ങൾകിട്ടുകയും തന്മൂലം ഐഹികവിഷയങ്ങളിലെല്ലാം വിരക്തിവരികയും ചെയ്യുമ്പോഴാണു് നമുക്കു ഇതിലുംഉപരിയായ ഒന്നിൻെറ ബോധം ഉണ്ടാകുന്നതും അവശ്യം നേരിടുന്നതും. അപ്പോഴാണു നാം ഈശ്വരനെ അന്വേഷിക്കുവാൻ പുറപ്പെടുന്നതു്.

ഭക്തി ഒരിക്കലും നശീകരണസ്വഭാവത്തോടുകൂടിയതല്ല. നമ്മുടെ സമസ്ത ശക്തികളും നമ്മളെ മുക്തിസ്ഥാനത്തിൽകൊണ്ടെത്തിക്കുവാൻ ഉപകരിക്കുന്നവയായിരിക്കും എന്നാണു് ഭക്തി പഠിപ്പിക്കുന്നതു്. പക്ഷെ അവയെയെല്ലാം നാം ഈശ്വരാഭിപ്രതിതിരിച്ചുനിൎത്തണം എന്നേയുള്ളൂ. കേവലംക്ഷണികങ്ങളായിരിക്കുന്ന ഐന്ദ്രിയ വിഷയങ്ങളിൽ അനാവശ്യമായി വ്യയം ചെയ്യുന്ന ആ പ്രേമത്തെ ഈശ്വരന്നായി ദാനംചെയ്യുക.

നിങ്ങൾ പാശ്ചാത്യരുടെഭക്തിയും ഞങ്ങൾ ഹിന്തുക്കളുടെ ഭക്തിയും തമ്മിൽ വലിയവ്യത്യാസം ഉണ്ട്. ഞങ്ങളുടെ ഭക്തിയിൽ ഭയത്തിനു സ്ഥാനമില്ല. "ഈശ്വരനെ ഭയപ്പെടണം"എന്ന ആശയമേ ഞങ്ങൾക്കു് ഇല്ല. എന്തിന്നു്, ഈശ്വരനെ സ്വന്ത പ്രിയസന്താനങ്ങളെപ്പോലെ ഭാവിക്കുന്ന ഭക്തശിരോമണികൾ തന്നെ അനേകം ഉണ്ടു്. ഭയവും ബഹുമാനവും ഒന്നും ഉണ്ടാകരുതു എന്നുവെച്ചാണു ആ വക ഭക്തന്മാർ ഈ ഭാവത്തെ സ്വീകരിക്കുന്നതു്. യഥാൎത്ഥമായ സ്നേഹത്തിൽ ഭയം ഉണ്ടാകുവാനേ പാടില്ല. അല്പം പോലും—ഒരു

അണുപ്രായം പോലും—ഭയം അവശേഷിച്ചു നില്ക്കുമ്പോൾ ഭക്തി ആരംഭിക്കുകയേ ഇല്ല. ഭക്തിയിൽപിന്നെ ഇരക്കലിന്നും (യാചനയ്ക്കും), കച്ചുമാററത്തിന്നും, വിലപേശലിന്നും സ്ഥാനമില്ലതന്നെ. ഈശ്വരനോടു എന്തെങ്കിലും ചോദിക്കുക എന്നതു ഒരു ഭക്തന്നു വളരെ നിഷിദ്ധമായ സംഗതിയാണു്. ഒരു യഥാർത്ഥഭക്തൻ "എന്റെ രോഗം മാററിത്തരണേ—എനിക്കു ധനം ഉണ്ടാക്കിത്തരണേ—എനിക്കു സ്വർഗ്ഗം തരണേ—ഇതു തരണേ—അതു തരണേ" എന്നൊന്നും—എന്തിന്നു "എന്റെ അപരാധങ്ങളെ ക്ഷമിക്കണേ—എനിക്കു മോക്ഷം തരണേ" എന്നുകൂടയും ഒരിക്കലും യാചിക്കുകയില്ല.

ഈശ്വരനെ സ്നേഹിക്കുവാൻ പുറപ്പെടുന്നവൻ—ഭക്തനാകുവാൻ ആഗ്രഹിക്കുന്നവൻ—ഈ വക ആഗ്രഹങ്ങളേയും അപേക്ഷകളേയും എല്ലാം ഒരു ഭാണ്ഡമായി കെട്ടി വാതലിന്നുവെളിയിൽ വെച്ചു കൈവീശിക്കൊണ്ടു ഉള്ളിൽ കടന്നാൽ മതി. ജ്യോതിർ ലോകത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവൻ വാണിഭത്തരങ്ങളെല്ലാം മൂട്ടകെട്ടി (അതുതന്നാൽ ഇതു തരാം, ഇതു തന്നാൽ ഇന്നതു തരാം, അത്രപോരാ, ഇത്രവേണം എന്നിങ്ങനെയുള്ള പിശക്കം) ദൂരത്തെറിഞ്ഞാൽ മാത്രമേ അവന്നു അങ്ങോട്ടു പടികയറുവാൻ സാധിക്കുകയുള്ളു. നിങ്ങൾ പ്രാർത്ഥിക്കുന്നതു നിങ്ങൾക്കു് കിട്ടുന്നില്ലന്നൊ, അല്ലെങ്കിൽ കിട്ടുകയില്ലെന്നൊ അല്ല ഞാൻ പറയുന്നതു്. നിങ്ങൾക്കു എല്ലാം കിട്ടുമായിരിക്കാം, അല്ലെങ്കിൽ കിട്ടുന്നുണ്ടായിരിക്കാം. എങ്കിലും അതു കേവലം നികൃഷ്ടവും നീചവും ആയ ഒരു ഇരപ്പാളിയുടെ ഹീനമതം ആകുന്നു. "ഗംഗാനദിയുടെ തീരത്തിരുന്നുകൊണ്ടു വെള്ളത്തിന്നായി കിണർ വെട്ടുന്നവൻ പെരുമണ്ടൻതന്നെയാണു്.—വജ്രഖനിയുടെ നടുവിൽ നിന്നുകൊണ്ടു് സ്ഫടികമണിയെ അന്വേഷിക്കുന്നവൻ ഒരു മഹാ മടയൻ തന്നെയാണു്." ആരോഗ്യം, ധനം, ലൌകികസുഖം മുതലായവയെ പ്രാർത്ഥിക്കുന്നതൊന്നും ഭക്തിയല്ല. അതു ഏററവും

താണ തരത്തിലുള്ള കർമ്മം മാത്രമാകുന്നു. ഭക്തി എന്നതു ഇതിൽനിന്നെല്ലാം വളരെവളരെ ഉപരിയായ ഒന്നാണു്. നാം ശ്രമിക്കുന്ന ഈ ശ്രമങ്ങളെല്ലാം രാജാധിരാജന്റെ തിരുമുമ്പിൽ പ്രവേശിക്കുവാൻ വേണ്ടിയാണു്. ഒരു ഇരപ്പാളിയുടെ (ഒരു യാചകന്റെ) വേഷത്തിൽ ചെല്ലുന്നവൎക്ക അവിടെ പ്രവേശനം കിട്ടുമോ? നമുക്കു നമ്മുടെ രാജ്യംവാഴുന്ന രാജാവിന്റെ മുമ്പിൽ പ്രവേശിക്കണമെങ്കിൽ അതിന്നു ഒരു ഇരപ്പാളിയുടെ ഉടുപ്പുമിട്ടു ചെന്നേച്ചാൽ മതിയാകുമോ? ഒരിക്കലും പോരാ. രാജോചിതമായ വേഷം തന്നെ ഉണ്ടായിരിക്കണം. എന്നാലേ മതിയാകൂ. അതില്ലെങ്കിൽ അവിടെ നില്ക്കുന്ന തവണക്കാരൻ നമ്മളെ പിടിച്ചു വെളിക്കിറക്കും. ഇതാണു് സാധാരണ രാജസന്നിധിയിലെ തോതെങ്കിൽ രാജാധിരാജന്റെ സന്നിധിയിലെ കഥ പിന്നെ പറയേണ്ടതുണ്ടോ? അവിടെ ഒരു യാചകന്റെവേഷത്തിൽ കടന്നുചെല്ലുവാൻ ഏതായാലും സാധിക്കുകയില്ല. തീൎച്ച തന്നെ. വ്യാപാരികൾക്കുമില്ല അവിടെ പ്രവേശനം. വാങ്ങലും കൊടുക്കലും ഒന്നും അവിടെയില്ല. അതിന്നെല്ലാം സ്ഥലവും ആളും വേറെയാണു്. ജീസസ്സ് ഈ കൊള്ളൽ-കൊടുക്കൽ-കാരെ ക്ഷേത്രത്തിന്നുവെളിയിൽ ആട്ടിഓടിച്ചതായി നിങ്ങൾ ബൈബിളിൽനിന്നു പഠിച്ചിട്ടില്ലയോ?

അതിനാൽ ഒരു ഭക്തനാകുവാൻ ഇച്ഛിക്കുന്നവന്നു സൎവ്വപ്രധാനമായി ഉണ്ടായിരിക്കേണ്ട ഗുണം, സ്വൎഗ്ഗലോകാദി ഭോഗങ്ങളെ പററിയുള്ള ആഗ്രഹങ്ങൾ പോലും നിശ്ശേഷം ഉപേക്ഷിച്ചിരിക്കുന്ന സ്വഭാവമാണു്. നിങ്ങളുടെ സ്വൎഗ്ഗം ഈ ലോകത്തെപ്പോലെ തന്നേയേ ഇരിക്കുകയുള്ളൂ. ഒരു പക്ഷെ അതിനേക്കാൾ അല്പംകൂടെ നല്ലതായെന്നു വന്നേക്കാം. ഏതായാലും അത്ര തന്നെ; അതിലേറെ ഒന്നും ഇല്ല. "സ്വൎഗ്ഗം എന്നാൽ ഐന്ദ്രിയസുഖാനുഭവങ്ങൾക്കെല്ലാം പരിപൂൎത്തിയുള്ള സ്ഥലം" എന്നാണു് ക്രിസ്ത്യാനികൾ വിചാരിക്കുന്നതു്. അവൎക്ക സ്വൎഗ്ഗത്തെ പററിയുള്ള ആശയം അത്രയേ ഉള്ളൂ.

എല്ലാത്തരസുഖങ്ങളും അവിടെയുണ്ടു്; അവ പൂൎത്തിയായിട്ടുമുണ്ടു്; അവ എന്നെന്നേയ്ക്കും ഉണ്ടു്; എന്നാൽപോരെ; പിന്നെ എന്തുവേണം! വേണ്ടസുഖങ്ങളെല്ലാം എന്നെന്നും പൂൎത്തിയായി അനുഭവിച്ചുകൊണ്ടിരിക്കുന്നതിൽ ഉപരിയായി എന്തൊന്നാണു് ഒരുവനു് വേണ്ടതായിട്ടുള്ളതു്! പക്ഷെ അതെങ്ങിനെ സാധിക്കും; അതു ഈശ്വരാനുഭൂതിയാകുമോ; എന്നൊന്നും അവർ ഗാഢമായി ചിന്തിക്കുന്നില്ല. സ്വൎഗ്ഗത്തിലേക്കു പോകേണമെന്നുള്ള ഈ അത്യാഗ്രഹപടലങ്ങളെല്ലാം സുഖാനുഭൂതിക്കുള്ള അത്യാഗ്രഹത്തിന്റെ രൂപാന്തരം മാത്രമാണു്. ഭക്തനു അതൊന്നും ഒട്ടും യോജിച്ചതല്ല. അവൻ അവക എല്ലാ അത്യാഗ്രഹങ്ങളേയും ഉപേക്ഷിക്കുകതന്നെ വേണം. ഭക്തന്റെ ഭക്തി നിശ്ശേഷം ശുദ്ധമായിരിക്കണം. യാതൊരു സ്വാൎത്ഥതയും ഇല്ലാത്തതായിരിക്കണം. ഇവിടെയാകട്ടെ, മറ്റെങ്ങാനുമാകട്ടെ, ഒന്നും കാമിക്കരുതു്.

സുഖദുഃഖങ്ങളെ പററിയും ലാഭാലാഭങ്ങളെ പററിയും ഉള്ള സൎവ്വാഗ്രഹങ്ങളേയും ഉപേക്ഷിക്കുക; ഒരു നിമിഷനേരവും വൃഥാ കളയാതെ ഈശ്വരനെ, രാവുംപകലും, ഭജിക്കുക.

അന്യവിചാരങ്ങളെയെല്ലാം വെടിഞ്ഞു് മനസ്സിനെ രാവും പകലും ഈശ്വരനിൽതന്നെ ഉറപ്പിച്ചു് നിൎത്തുക. ഇങ്ങിനെ രാവും പകലും ഇടവിടാതെ ഈശ്വരനെ ഭജിച്ചാൽ ഈശ്വരൻ ആ ഭക്തന്റെ മുമ്പിൽ പ്രത്യക്ഷമാകും. അങ്ങിനെ തന്റെ സാന്നിദ്ധ്യത്തെ ആ ഭക്തനു് അനുഭവപ്പെടുത്തി കൊടുക്കുകയും ചെയ്യും.

# 38

# ഗുരുഭക്തി.

---

അറിവിന്റെ സ്ഥാനം — ഈശ്വരൻ — പരോപകാരം — നിഷ്കാമകർമ്മം — രാജാരാമമോഹനറായി — ജന്മാന്തരങ്ങൾ.

ആഗസ്റ്റ് 1-ാംനു, വ്യാഴാഴ്ച —

ആദ്ധ്യാത്മിക പാരമ്പര്യത്തെ നമുക്ക് ആരിൽനിന്നു് ലഭ്യമാകുന്നുവൊ അവനാണ് നമ്മുടെ യഥാർത്ഥഗുരു. ആദ്ധ്യാത്മിക മഹാതീർത്ഥം നമ്മളിലേക്കു് പ്രവഹിക്കുന്നതു് ഗുരുവാകുന്ന തോട്ടിൽകൂടെ ആകുന്നു. ഈശ്വരഭാവത്തോടുകൂടി നമ്മളെ യോജിപ്പിക്കുന്ന കണ്ണിയും ആ ഗുരുവര്യൻ തന്നെ ആകുന്നു. എങ്കിലും വ്യക്തിഗതമായ പുരുഷവിശേഷങ്ങളിൽ അധികമായ വിശ്വാസത്തെ സമർപ്പിക്കുന്നതു് അബലതയെ ഉണ്ടാക്കുവാനുള്ള വാസനയെ ജനിപ്പിച്ചേക്കും. വിഗ്രഹാരാധനയ്ക്കുള്ള വാസനയെക്കൂടെ ജനിപ്പിക്കുന്നതും ഇതുതന്നെയാണ്. എന്നാൽ ഗുരുവിലുള്ള തീവ്രമായ പ്രേമം ശീഘ്രമായ അഭിവൃദ്ധിക്കു് നിദാനമായിത്തീരാതെ ഇരിക്കയില്ല. ബാഹ്യഗുരു നമ്മളെ ആന്തരമായ ഗുരുവിനോടു് ഘടിപ്പിക്കുന്നു. ഗുരുവിൽ യഥാർത്ഥമായ പരമാർത്ഥം ഉണ്ടെങ്കിൽ ആ ഗുരുവിനെ ബഹുമാനിക്കുക തന്നെ വേണം. ഗുരുഭക്തി ഏററവും ഉൽകൃഷ്ടസ്ഥാനത്തിലേക്കു് നയിക്കുന്ന ഒന്നാണ്.

*

ശ്രീരാമകൃഷ്ണദേവന്റെ പരിശുദ്ധി ഒരു ശിശുവിന്റേതുപോലെയുള്ളതാണ്. അദ്ദേഹം അദ്ദേഹത്തിന്റെ ജീവിതദശയിൽ പണം കൈകൊണ്ടു് തൊടുകകൂടെ ചെയ്തിട്ടില്ല.

കാമം എന്നതു് അദ്ദേഹത്തിൽ ലേശംപോലും ഉണ്ടായിരുന്നതുമില്ല. ഭൗതികതത്വവിജ്ഞാനീയങ്ങളെ അഭ്യസിക്കുവാനായി നിങ്ങൾ വലിയ അദ്ധ്യാത്മിക ഗുരുക്കന്മാരെ പ്രാപിക്കേണ്ടതില്ല. അവരുടെ സമസ്ത വീര്യവും അദ്ധ്യാത്മികഭാവത്തിലാണു് പ്രതിഷ്ഠിതമായിട്ടുള്ളതു്. ശ്രീരാമകൃഷ്ണപരമഹംസദേവനിൽ മാനുഷഭാവം നിശ്ശേഷം മൃതമായിരുന്നു. അവിടെ അവശേഷിച്ചിരുന്നതു് ഈശ്വരഭാവം ഒന്നുമാത്രമേ ആയിരുന്നുള്ളു. അദ്ദേഹത്തിന്നു് വാസ്തവമായി പാപത്തെ കാണുവാൻകൂടെ സാധിച്ചിരുന്നില്ല. യഥാർത്ഥം പറയുകയാണെങ്കിൽ അസമത്വത്തെ കാണുവാനുള്ള കണ്ണു് അദ്ദേഹത്തിന്നു് ഉണ്ടായിരുന്നതേ ഇല്ല. അസമത്വത്തെ കാണുവാൻ സാധിക്കാത്തവിധം അദ്ദേഹത്തിൻെറ സ്ഥിതി അത്രയ്ക്കു് പരിശുദ്ധമായിരുന്നു. ഇത്തരത്തിലുള്ള പരമഹംസന്മാർ വളരെ ദുർല്ലഭമായേ ഉണ്ടാകാറുള്ളു. എങ്കിലും ആ അല്പം ചിലരുടെ പരിശുദ്ധിയാണു് ഈ ലോകത്തെ ഒന്നായിച്ചേർത്തു് ഘടിപ്പിച്ചുകൊണ്ടിരിക്കുന്നതു്. അവരെല്ലാം ഇല്ലാതാകുകയും ഈ ലോകത്തെ ഉപേക്ഷിക്കുകയും ചെയ്താൽ ആ നിമിഷത്തിൽ ഈ കട്ടിയായ ലോകം ഛിന്നഭിന്നമായി പിരിഞ്ഞു് പോകുന്നതായിരിക്കും. അവർ "ജീവിച്ചിരിക്കുക" എന്ന ഒന്നുകൊണ്ടുതന്നെ ലോകത്തിന്നു് കണക്കില്ലാത്ത ഗുണം ചെയ്യുന്നുണ്ടു്. പക്ഷെ അവർ അതു് അറിയുന്നില്ല. അവർ "ഉണ്ടു്" അത്രമാത്രമേ അവർക്കു് അവരെപ്പററി അറിഞ്ഞുകൂടു.

* * *

ഗ്രന്ഥങ്ങൾ അന്തർചൈതന്യത്തേയും അതിനെ പുറത്തുകൊണ്ടുവരുവാനുള്ള സമ്പ്രദായത്തേയും സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. എന്നാൽ നമ്മൾതന്നെ അറിവിനെ സമ്പാദിക്കുമ്പോഴാണു് അവയെ അറിയുവാൻ നമ്മേക്കൊണ്ടു് സാധിക്കുന്നതു്. ആ അന്തർ ചൈതന്യം നിങ്ങളിൽ അടിക്കുമ്പോൾ ഗ്രന്ഥങ്ങളെല്ലാം തന്നിയെ നിങ്ങളെ വിട്ടുപോയിക്കൊള്ളും. പിന്നെ നിങ്ങൾക്കു് ഗ്രന്ഥങ്ങളെക്കൊണ്ടു് ഒരു

പ്രയോജനവും ഇല്ല. ഉള്ളിലേക്കുമാത്രം നോക്കിയേച്ചാൽമതി. നിങ്ങളിൽ എല്ലാം ഇരിപ്പുണ്ട്. സമസ്ത പുസ്തകങ്ങളിലും ഉള്ള എല്ലാ അറിവുകളും കൂടിയതിൽ അധികമായ അറിവുകൾ എല്ലാം നിങ്ങളിൽതന്നെ ഉണ്ട്. നിങ്ങൾക്ക് നിങ്ങളിൽതന്നെയുള്ള വിശ്വാസം—ആത്മവിശ്വാസം—ഒരിക്കലും കുറയരുത്. നിങ്ങൾക്ക് ഈ പ്രപഞ്ചത്തിൽ സർവ്വും ചെയ്യാൻ സാധിക്കും. അസാദ്ധ്യമായി ഒന്നുംതന്നെയില്ല. പ്രത്യുത, "എനിക്ക് ഒന്നിന്നും ശക്തിയില്ലേ" എന്ന് വിചാരിക്കുന്നതു വളരെ അബദ്ധമാകുന്നു. ഒരിക്കലും അത്തരം ബലഹീനതയിലേക്ക് പതിക്കരുത്. എല്ലാ ശക്തികളും നിങ്ങളുടേതുതന്നെയാണ്.

ധർമ്മവും (മതവും) ജീവിതവും ഗ്രന്ഥങ്ങളെ ആശ്രയിച്ചാണ് ഇരിക്കുന്നതെങ്കിൽ, അല്ലെങ്കിൽ ഏതെങ്കിലും പ്രവാചകനേയൊ ഗുരുവിനേയോ മററൊ ആശ്രയിച്ചാണ് ഇരിക്കുന്നതെങ്കിൽ ആ ധർമ്മത്തേയും ഗ്രന്ഥങ്ങളേയും പ്രവാചകനേയും ഗുരുവിനേയും അപ്പോഴെ കളഞ്ഞേക്കുകയാണ് ഭേദം. ധർമ്മം നമ്മളിലാണ് ഇരിക്കുന്നത്. അതിനെ കണ്ടുപിടിക്കുവാൻ നമ്മളെ സഹായിക്കുന്നതിൽ അധികമായി ഒരു പുസ്തകത്തെക്കൊണ്ടും ഒരു ഗുരുനാഥനെക്കൊണ്ടും ഒരിക്കലുംസാധിക്കുകയില്ല. എന്നാൽ ഈ പുസ്തകങ്ങളുടേയും ഗുരുവിൻേറയും സഹായം കൂടാതെതന്നെ നമുക്ക് ഉള്ളിലുള്ള സത്യത്തെ മുഴുവനും എടുക്കാവുന്നതും ആകുന്നു. എന്നാലും ഗ്രന്ഥങ്ങളോടും ഗുരുക്കന്മാരോടും ബഹുമാനമുള്ളവരായിത്തന്നെ ഇരിക്കണം. അവരോടുകൂടി ബന്ധപ്പെടുന്നതു് നന്നല്ല. ഗുരുവിനെ ഈശ്വരനെപ്പോലെതന്നെ പൂജിക്കാം. പൂജിക്കുകയും വേണം. എന്നാൽ കണ്ണുമൂടി അനുസരിക്കുന്നതു് നന്നല്ല. ഗുരുവിനെ എത്രത്തോളം സ്നേഹിക്കാമൊ അത്രയും സ്നേഹിക്കുക. എന്നാലും ആലോചനകളെല്ലാം തന്നെപ്പററിത്തന്നെ ആയിരിക്കണം. യാതൊരന്ധവിശ്വാസത്തിന്നും നിങ്ങളെ രക്ഷിക്കുവാൻ സാധിക്കുകയില്ല. നിങ്ങളുടെ മോക്ഷം നിങ്ങൾതന്നെ

പ്രവത്തിച്ചു് സമ്പാദിക്കണം. ഈശ്വരനെപ്പററി ഒരു വിചാരം—അതായതു് ഈശ്വരൻ സനാതനമായ ഒരു സഹായിയാണു് എന്നുള്ള ഒരു വിചാരം—മാത്രമേ ഉണ്ടാകാവൂ.

സ്വാതന്ത്ര്യവും അത്യുൽകൃഷ്ടപ്രേമവും ഒന്നായിപ്പോകട്ടെ. എന്നാൽ ഒന്നും തന്നെ ബന്ധനമായിത്തീരുകയില്ല. ഈശ്വരന്നു് നാം എന്തുകൊടുക്കുവാനാണു്! ഈശ്വരൻ മഹാപ്രഭു. ഭഗവാൻ നമുക്കാണു് എല്ലാം തരുന്നതു്. ഗുരുക്കന്മാരുടേയും ഗുരുവാണു് ഈശ്വരൻ. എന്നാൽ അതേ ഈശ്വരൻ തന്നെ നമ്മുടെ ആത്മാവും ആകുന്നു. ഈശ്വരൻ നമ്മുടെ സ്വന്ത ആത്മാതന്നെയാണെന്നു് നാം കാണണം. അങ്ങിനെയുള്ള ഈശ്വരനെ സ്നേഹിക്കുന്നതിൽ എന്താണു് അതിശയിക്കുവാനുള്ളതു്! നമ്മുടെ സ്വന്ത ആത്മാവല്ലയൊ! അതിലും അടുത്തും വിലയേറിയതും ആയി നമുക്കു് മററെന്തുണ്ടു്? അതിനെ ഒഴികെ മററെന്തൊന്നിനെ നമുക്കു് സ്നേഹിക്കാം. "ചൂട്ടും പുകയും കൂടാതേയും ചലനമില്ലാതേയും എരിയുന്ന ജ്വലനം" ആകണം നമ്മൾ. നിങ്ങൾ ഈശ്വരനെമാത്രം കാണുമ്പോൾ ആൎക്കു് ഗുണം ചെയ്യാനാണു് നിങ്ങളെക്കൊണ്ടു് സാധിക്കുന്നതു്! ഈശ്വരന്നു് ഉപകാരം ചെയ്യാൻ നിങ്ങളെക്കൊണ്ടു് കഴിയുകയില്ലല്ലൊ. അതു് നിശ്ചയംതന്നെയല്ലെ. പിന്നെ ആൎക്കാണു് ചെയ്യാനുള്ളതു്. ഈശ്വരനെ അറിയുമ്പോൾ സവ്വസംശയങ്ങളും നീങ്ങുന്നു. അപ്പോൾ എല്ലാം ഒന്നേ ഒന്നു തന്നെ. നിങ്ങൾ വല്ല ഉപകാരവും ചെയ്യുന്നുണ്ടെങ്കിൽ തന്നെ അതു് നിങ്ങൾക്കു് മാത്രം വേണ്ടിയാണു്. സ്വീകരിക്കുന്നവനാണു് ഉൽകൃഷ്ടൻ എന്ന ബോധം എല്ലായ്പോഴും ഉണ്ടായിരിക്കട്ടെ. നിങ്ങൾ മററൊരുവനെ ശുശ്രൂഷിക്കുന്നു; എന്തുകൊണ്ടു്? നിങ്ങൾ അവനേക്കാൾ താണവനായിരിക്കുന്നതുകൊണ്ടുതന്നെ. അല്ലാതെ അവൻ താണവനും നിങ്ങൾ ഉയൎന്നവനും ആയിട്ടില്ല. പനിനീർ പുഷ്പം അതിന്റെ സൌരഭ്യത്തെ പരത്തുന്നതുപോലെ പരോപകാരം ചെയ്യുക.

പരിമളത്തെ വിതരണം ചെയ്യുക എന്നതു് അതിന്റെ പ്രകൃതിയാണു്. അല്ലാതെ, അതങ്ങിനെ വിതരണം ചെയ്യുന്നു എന്ന ഒരോർമ്മകൂടയും അതിന്നില്ല. അതുപോലെയാകണം പരോപകാരം. ചെയ്യുന്നു എന്ന ഓർമ്മകൂടാതേയും അതിൽ ഒരു ഉദ്ദേശം കൂടാതേയും ഇരിക്കണം.

രാജാ രാമമോഹനറായി എന്നു് പേരായി ഒരു മഹാൻ ഉണ്ടായിരുന്നു. ഹിന്തുസമുദായത്തെ പരിഷ്കരിക്കുവാൻ അത്യദ്ധ്വാനം ചെയ്തിട്ടുള്ള വീരപുരുഷന്മാരിൽ അഗ്രഗണ്യൻ ഇദ്ദേഹമാണെന്നു് പറയാം. ഈ രാമമോഹനറായി നിഷ്കാമകർമ്മത്തിന്റെ ഒരു അത്യുൽകൃഷ്ടോദാഹരണമായിരുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനും ഇന്ത്യയുടെ പുനരുദ്ധാരണത്തിൽതന്നെ തല്പരനായി കഴിച്ചുകൂട്ടി. ഉടന്തടിചാട്ടം നിർത്തലാക്കിയ ആൾ ഇദ്ദേഹമാണു്. ഈ പരിഷ്കാരം വരുത്തിയതു് ഇംഗ്ലീഷുകാർ അല്ലാതെ മററാരും അല്ലെന്നാണു് സാധാരണമായി വിശ്വസിച്ചുപോരുന്നതു്. എന്നാൽ ഈ പ്രാചീനസമ്പ്രദായത്തെ നിർത്തൽ ചെയ്യേണ്ടതിന്നുള്ള പ്രക്ഷോഭണം ആദ്യം ആരംഭിച്ചതു് രാജാ രാമമോഹനറായി ആണു്. അദ്ദേഹത്തിന്റെ സംരംഭത്തിന്നു് ഗവൺമെൻറിന്റെ സഹായം സിദ്ധിച്ചു. അങ്ങിനെ അതു് നിർത്തലാക്കപ്പെടുകയും ചെയ്തു. അദ്ദേഹം ആ പ്രക്ഷോഭണം ആരംഭിക്കുന്നതുവരെ ഇംഗ്ലീഷുകാർ ഈ സംഗതിയിൽ ഒന്നുംതന്നെ പ്രവർത്തിച്ചിരുന്നില്ല. "ബ്രഹ്മസമാജം" എന്ന സംഘംതന്നെ സ്ഥാപിച്ചതു് അദ്ദേഹമാണു്. പിന്നെ ഒരു സർവ്വകലാശാല സ്ഥാപിക്കുവാനായി ഒരു ലക്ഷം ഡോളർ സംഭാവന ചെയ്കയും ഉണ്ടായി. ഇത്രയും കഴിഞ്ഞതിന്നുശേഷം അദ്ദേഹം മെല്ലെ പുറത്തു് കടന്നു നിന്നു്, മററുള്ളവരോടു്, തന്നെ കൂടാതെതന്നെ, മുന്നോട്ടു് പോയിക്കൊള്ളുവാൻ അപേക്ഷിച്ചു. അദ്ദേഹം പേരിന്നോ പ്രതിഫലത്തിന്നോ ലവലേശം ആഗ്രഹിച്ചില്ല.

*    *    *

പ്രകടനങ്ങൾ അനേക തരങ്ങളിൽ ആയിട്ടുണ്ടു്. യന്ത്ര ഊഞ്ഞാലുപോലെയാണു്. ഓരോ തൊട്ടികളിൽ ഇരുന്നു കൊണ്ടു് ആത്മാ സഞ്ചരിക്കുന്നു. ഈ പ്രകടനം പരമ്പരയാ ഉള്ളതാകുന്നു. പരിവർത്തനം നടന്നുകൊണ്ടേ ഇരിക്കുന്നുണ്ടു്. അതുകൊണ്ടാണു് ഒരുവന്റെ ഭൂതവും ഭാവിയും അറിയാമെന്നു പറയുന്നതു്. ഭൂതവും ഭാവിയും തന്നെ എവിടെ? എല്ലാം വർത്തമാനം അല്ലാതെ എന്തുണ്ടു്? ജീവൻ ഒരു പടിയിൽ ഇരിക്കുമ്പോൾ ആ പടിയിലെ അനുഭവങ്ങളെല്ലാം അതിനുണ്ടാകേണ്ടതായിത്തന്നെ വരും. ഒരു പടിയിൽനിന്നു ജീവൻ മറ്റൊന്നിലേയ്ക്കു് കടക്കുന്നു; അവിടെനിന്നു മറ്റൊന്നിലേയ്ക്കു് പ്രവേശിക്കുന്നു; ഇങ്ങിനെ സഞ്ചരിച്ചുകൊണ്ടേ ഇരിക്കുകയാണു്. ഇതിനിടയിൽ ഒരു പടിയിൽ നിന്നു് ബ്രഹ്മജ്ഞാനാനുഭൂതിയുണ്ടായി എന്നന്നേയ്ക്കുമായി രക്ഷപ്പെട്ടു പോകുകയും ചെയ്യുന്നു. എന്നാൽ ഒരു പടിയിലെ ഒരു പ്രധാന സംഭവത്തെ ബലവത്തരമായി പിടിച്ചു് പരിശോധിച്ചാൽ ആ പടിയിലെ സമസ്ത സംഗതികളേയും അവിടേയ്ക്കു് വരുത്തുകയും അവയെ സ്പഷ്ടമായി കാണുകയും ചെയ്യാം. ഈ ശക്തി ആർക്കും വേഗം സമ്പാദിക്കാവുന്നതേയുള്ളൂ. പക്ഷെ അതുകൊണ്ടു് വലിയ പ്രയോജനമൊന്നും ഉണ്ടാകുവാനില്ല. അതിനെ പരിചയിക്കും തോറും നാം അത്രയ്ക്കുമാത്രം നമ്മുടെ ആദ്ധ്യാത്മികശക്തികളിൽനിന്നു് വിട്ടൊഴിഞ്ഞു് മാറിപ്പോകുന്നതാകുന്നു. അതുകൊണ്ടു് ഇവയ്ക്കു പിന്നാലെ ഓടിനടക്കുന്നതു് നന്നല്ല. ഈശ്വരനെ ഭജിക്കുക. അത്രമാത്രം ചെയ്തേച്ചാൽ മതി. അതിൽ ഒട്ടും ഏറേയും വേണ്ട, ഒട്ടും കുറച്ചും വേണ്ട.

# നിഷ്ഠ.

---

## ധ്യാനം — സമാധി — ദ്വൈതവും അദ്വൈതവും — പുരാണങ്ങൾ — സദ്ഗുണബോധം — ആത്മാ.

അഗസ്റ്റ് 2-ാംനു, വെള്ളിയാഴ്ച —

"നിഷ്ഠ" എന്നാൽ ഒരു പ്രത്യേക ആദർശത്തോടുകൂടിയ പ്രത്യേക പ്രതിപത്തി എന്നർത്ഥം. അതു് അനുഭൂതിയുടെ പ്രാരംഭപടിയാകുന്നു. "എല്ലാ പൂക്കളിൽനിന്നും തേൻ ശേഖരിക്കുക; എല്ലാവരുടെ അടുത്തും സ്നേഹമായിരിക്കുക; എല്ലാവരോടും ബഹുമാനത്തോടുകൂടി ഇരിക്കുക; അതെ, സഹോദര! അതേ സഹോദര! എന്നു് എല്ലാവരോടും പറയുക. എന്നാൽ നിങ്ങളുടെ പ്രത്യേക മാർഗ്ഗത്തിൽ ദൃഢതയുള്ളവനായും ഇരിക്കുക". മറെറാരുവന്റെ പദവിയെ സ്വീകരിക്കുക എന്നതു് ഒരു ഉയർന്ന പടിയാണു്. സർവ്വവും ഞാൻതന്നെയായിരിക്കെ എനിക്കു് എന്തുകൊണ്ടു് എന്റെ സഹോദരനുമായി യഥാർത്ഥമായും തീവ്രമായും ഉള്ള അനുഭാവം ഉണ്ടായിക്കൂടാ? എനിക്കു് എന്തുകൊണ്ടു് അവൻ കാണുന്നതുപോലെ കണ്ടുകൂടാ? ഞാൻ ബലഹീനനായിരിക്കുമ്പോൾ ഞാൻ ഒരു നിഷ്ഠയെത്തന്നെ ബലമായി പിടിക്കണം. എന്നാൽ എനിക്കു് ശക്തിയുള്ളപ്പോൾ മററുള്ളവരോടെല്ലാം ഒത്തു് വിചാരിക്കുവാനും അവരുടെ ആശയങ്ങളോടുകൂടി പൂർണ്ണമായ അനുഭാവം കാണിക്കുവാനും കഴിയും.

"മറെറല്ലാം വിട്ടു് ഒരേ ആശയത്തെ മാത്രം പോഷിപ്പിക്കുക" എന്നുള്ളതായിരുന്നു പണ്ടത്തെ സമ്പ്രദായം. എന്നാൽ ഇന്നത്തേതു് "എല്ലാററേയും ഒരുപോലെ പോഷിപ്പിക്കുക" എന്നായിത്തീർന്നിരിക്കുന്നു. "മനസ്സിനെ പോഷിപ്പിച്ചു്

അതിനെ നിയന്ത്രിക്കുക" എന്നുള്ളതാണ് മൂന്നാമത്തേതു്. പിന്നെ ഈ മനസ്സിനെ നിങ്ങൾക്കു് ഇഷ്ടമുള്ളേടത്തു് വെയ്ക്കുവാൻ സാധിക്കും. അതിന്നു് സദ്യഃഫലം ഉണ്ടാകുകയും ചെയ്യും. നിങ്ങളെ ശരിയായ മാർഗ്ഗത്തിൽക്കൂടെ മുന്നോക്കം നയിക്കുന്നതു് ഇതാണു്. ഒന്നാമതായി മനസ്സിനെ ഏകാഗ്രമാക്കുവാൻ ശീലിക്കുക; അതിന്നു സാധിച്ചാൽ പിന്നെ അതിനെ ഏതുമാർഗ്ഗത്തിൽക്കൂടെ വേണമെങ്കിലും പ്രയോഗിക്കാം. അതുകൊണ്ടു് നിങ്ങൾക്കു് യാതൊരു നഷ്ടവും ദോഷവും വരാനില്ല. പൂർണ്ണതെ പ്രാപിച്ചവന്നു് തീർച്ചയായും അംശങ്ങളും സിദ്ധിച്ചിരിക്കുന്നു. ദ്വൈതം അദ്വൈതത്തിൽ ഉൾപ്പെട്ടിരിക്കുന്നതു് നോക്കുക.

*  *  *

സമാധി രണ്ടുതരം ഉണ്ടു്; ഒന്നു് സവികല്പ സമാധി, മറ്റൊന്നു് നിർവികല്പ സമാധി.

ഓരോ വിഭിന്ന ഭാഗങ്ങളോടും പൂർണ്ണമായി സഹതപിക്കുവാൻ നിങ്ങൾ പ്രാപ്തനായിത്തീരണം. എന്നാൽ പിന്നെ നിങ്ങൾക്കു് അദ്വൈതത്തിൽ പെട്ടെന്നു് ചാടി കടന്നു് നിൽക്കാം. ഇങ്ങിനെ അല്ലാതെ അദ്വൈതം വരികയില്ല. നിങ്ങൾ നിങ്ങളെത്തന്നെ പരിപൂർണ്ണമാക്കി തീർത്തതിനു് ശേഷം, നിങ്ങൾ നിങ്ങളെത്തന്നെ മനഃപൂർവ്വം ക്ലിപ്തപ്പെടുത്തി വെയ്ക്കണം. അതിന്നു് നിങ്ങളെക്കൊണ്ടു് സാധിക്കുകയും ചെയ്യും. ഓരോ പ്രവൃത്തിയിലും സമസ്ത ശക്തികളും പ്രയോഗിക്കുക. പരിപൂർണ്ണനായതിന്നുശേഷം, തൽക്കാലത്തേയ്ക്കു് അദ്വൈതത്തെ മറന്നു് ദ്വൈതത്തിൽ ഇറങ്ങി നില്ക്കുവാൻ സാധിക്കുന്നവനായി തീരുക. പിന്നെ ഇഷ്ടമുള്ളപ്പോൾ അദ്വൈതത്തെത്തന്നെ സ്വീകരിക്കാറാകുകയുംവേണം; സ്വീകരിക്കുകയും വേണം.

*  *  *

കാര്യകാരണങ്ങൾ മായാകാര്യമാണു്. കൊച്ചുങ്ങളുടെ വിനോദകഥകൾപോലെ അന്യോന്യസംബന്ധം ഇല്ലാത്തവ

നായി ഇപ്പോൾ പലതും കാണാം. എന്നാൽ ഇവയെല്ലാം തമ്മിൽ ശരിയായ സംബന്ധം ഉണ്ടു്. ആ സംബന്ധം പ്രത്യക്ഷത്തിൽ അറിയാകുന്ന കാലം ഒരിക്കൽ വരുന്നതായിരിക്കും. കാൎയ്യ-കാരണ-നിയതി എന്ന ഒന്നുതന്നെ പരമാൎത്ഥത്തിൽ ഇല്ലാത്തതാണു്. ഈ പരമാൎത്ഥം നമുക്കു് അവസാനത്തിൽ മനസ്സിലാകുകയും ചെയ്യും. പിന്നെ നിങ്ങളെക്കൊണ്ടു് സാധിക്കുമെങ്കിൽ നിങ്ങൾ നിങ്ങളുടെ ബുദ്ധിയെ ഒരു പടി താഴ്ത്തി പിടിക്കണം. അപ്പോൾ നിങ്ങളുടെ മനസ്സിൽ കൂടെ പല ചിത്രങ്ങളും കടന്നുപോകുന്നതു കാണാം. ആയിക്കൊള്ളട്ടെ. അവയുടെ സംബന്ധത്തെപ്പററി ഒന്നുംതന്നെ ചിന്തിക്കുകയേ വേണ്ട. കല്പിതങ്ങളും സുന്ദരങ്ങളും ആയ കവിതകൾ കേൾക്കുവാൻ ഉള്ള ആഗ്രഹത്തെ വളൎത്തിയാൽ മതി. പിന്നെ എല്ലാ പുരാണകഥകളേയും ആ കവിതാരസത്തിന്നായി ആസ്വദിക്കാം. ചരിത്രത്തിൻേറയും യുക്തിവാദങ്ങളുടേയും ബുദ്ധിവെച്ചുകൊണ്ടു് നിങ്ങൾ പുരാണകഥകളുടെ സമീപത്തിലേയ്ക്കു് വന്നേയ്ക്കരുതു്. അതു് ഒരു പ്രവാഹമെന്നപോലെ നിങ്ങളുടെ മനസ്സിൽക്കൂടെ പ്രവഹിക്കട്ടെ. അതിനെ നല്ലപോലെ മഥനം ചെയ്താൽ സത്യത്തിൻെറ അവശിഷ്ടം നിങ്ങളുടെ മനസ്സിൽ പതിഞ്ഞു കിടക്കുന്നതു കാണാം.

ഈ പുരാണകഥാകൎത്താക്കന്മാർ, അവർ കണ്ടതും കേട്ടതും ആയ സംഗതികളെയെല്ലാം അലങ്കാരഭാഷയിലാണു് എഴുതിവെച്ചതു്. അവർ ആവക ആശയങ്ങളെക്കൊണ്ടു് മനോഹരമായ ചിത്രങ്ങൾ ഉണ്ടാക്കി. അതുകൊണ്ടു് അവയുടെ നാനാഭാഗങ്ങളുടേയും യുക്തിയെപ്പററിയും സാധുത്വത്തെപ്പററിയും ന്യായവാദം ചെയ്തു ചിത്രത്തെത്തന്നെ നശിപ്പിക്കുവാൻ പുറപ്പെടുന്നതെന്തിനാണു്. അതിൻെറ കോമളിമ മനോഹരമായിരിക്കുന്നില്ലേ? അതിനാൽ അവ ഏതൊരു പ്രകാരം ഇരിക്കുന്നുവോ അതേപ്രകാരംതന്നെ അവയെ സ്വീകരിക്കുക. അവ നിങ്ങളുടെമേൽ പ്രവൎത്തിക്കട്ടെ. അവ നിങ്ങ

ളിൽ എന്തു ഫലം ഉണ്ടാക്കുന്നു എന്നു് നോക്കുക. അതിന്നനുസരണമായി അവയെ വിലവെച്ചാൽ മതി. അവയിൽനിന്നു് നിർഗ്ഗളിക്കുന്ന രസത്തെ മാത്രം ആസ്വദിച്ചാൽ മതി.

*                *                *

പ്രാർത്ഥനകൾക്കു തക്കതായ ഫലം തരുന്നതെല്ലാം സ്വന്തം മനഃസാക്ഷിതന്നെയാണു്. ആ മനസ്സാക്ഷി ഓരോ മതവിശ്വാസിയുടേയും മനഃസങ്കല്പം പോലെയുള്ള ഓരോ ഭാവത്തെ സ്വീകരിക്കുന്നു എന്നേ ഉള്ളു. അതിനെ (ബുദ്ധമതക്കാർ) ബുദ്ധനെന്നുപറഞ്ഞാലുംശരി; (ക്രിസ്തുമതക്കാർ) ജീസസ്സ് എന്നു പറഞ്ഞാലും ശരി; (ഹിന്ദുക്കൾ) കൃഷ്ണനെന്നു പറഞ്ഞാലുംശരി; (യഹൂദർ) യഹോവ എന്നു പറഞ്ഞാലും ശരി; (മഹമ്മദീയർ) ഹള്ളാ എന്നു പറഞ്ഞാലും ശരി; (സൌരാസ്ത്രർ) അഗ്നി എന്നു് പറഞ്ഞാലും ശരി;—കാര്യങ്ങളെല്ലാം ഒന്നുതന്നെ—സ്വന്തം ആത്മാവുതന്നെ—"ഞാൻ" തന്നെ—ആണു്.

*                *                *

നമ്മുടെ ബോധാവസ്ഥയ്ക്കു് പലപടിയും ഉണ്ടാകാം. ഇന്നലത്തെപ്പോലെ അല്ല ഇന്നു് എന്നു് വരാം. എന്നാൽ ഈ ബോധാവസ്ഥകളാണു് ഉൽപ്രേക്ഷാരൂപേണ പുരാണകഥകളായി കാണപ്പെടുന്നതെന്നും പറഞ്ഞുവല്ലോ. എന്നാലും ഈ കഥകൾക്കു ചരിത്രസംബന്ധമായ വില ഉണ്ടാകുവാൻ തരമില്ല. മോസസ്സ് പണ്ടു് കണ്ട ദർശനങ്ങൾ നമ്മൾ ഇന്നു കാണുന്നവകളെക്കാൾ വളരെ അധികം അബദ്ധമായവയാണെന്നു് വന്നേക്കാം. മോസസ്സിൻെറ കാലത്തു പ്രകടിതമായിരുന്ന അറിവനുസരിച്ചുള്ള സ്വപ്നമാണു് മോസസ്സ് കണ്ടതു്. ഇന്നത്തെ അവസ്ഥ അതിൽനിന്നു് വളരെ ഭേദപ്പെട്ടിരിക്കുന്നു. നമ്മുടെ അറിവു് ഇന്നു് അന്നത്തെക്കാൾ വളരെ അധികം വികസിതമായിത്തീർന്നിട്ടുണ്ടു്. അതുകൊണ്ടു ഇന്നു് നമുക്കുണ്ടാകുന്ന ദർശനം നമ്മുടെ ഇന്നത്തെ അറിവിനെ ആശ്രയിച്ചും ഇരിക്കും. അതിനാൽ മോസസ്സിൻെറ

അന്നത്തെ ദർശനങ്ങൾ നമ്മുടെ ഇന്നത്തെ ദർശനങ്ങളേക്കാൾ അധികം അബദ്ധമായതായിരിക്കുവാൻ സംഗതിയുണ്ട്. മോസസ്സായിരിക്കും ഭ്രാന്തിമൂലം നമ്മളെക്കാൾ അധികം വഞ്ചിതനായി തീൎന്നിട്ടുണ്ടായിരിക്കുക.

നമ്മുടെ സ്വന്ത ഗ്രന്ഥം തുറക്കുന്നതുവരെ അന്യഗ്രന്ഥങ്ങളെക്കൊണ്ടു് നമുക്കു വലിയ പ്രയോജനമൊന്നും ഉണ്ടാകുവാനില്ല. നമ്മുടെ ഗ്രന്ഥം തുറന്നുകഴിഞ്ഞാൽപിന്നെ അതിനോടു ഏതെല്ലാം ഗ്രന്ഥങ്ങൾ യോജിക്കുന്നവയായിരിക്കുന്നുവോ അവയെല്ലാം നല്ലതും സ്വീകാൎയ്യവുംതന്നെ. ശക്തനു മാത്രമേ ശക്തിയെ അറിയുവാൻ സാധിക്കുകയുള്ളൂ. സിംഹത്തിന്റെ ഭുജബലത്തെ ശരിയായി അറിയുന്നതു ശാൎദ്ദൂലനാണു്. അല്ലാതെ ഒരു ചെറുചുണ്ടെലിയെക്കൊണ്ടു സിംഹപരാക്രമത്തെപ്പററി എന്തുതന്നെ അറിയുവാൻ സാധിക്കും? നാം ജീസസ്സിനു സമാനന്മാരായിരിക്കുന്നതുവരെ നമുക്കു് ജീസസ്സിനെ അറിയുവാൻസാധിക്കുന്നതു് എങ്ങിനെയാണു്? രണ്ടു റൊട്ടികൊണ്ടു അയ്യായിരം ജനങ്ങളെ മൃഷ്ടാന്നമായി ഭക്ഷിപ്പിച്ചാലും അഞ്ചുറൊട്ടികൊണ്ടു രണ്ടുപേരെ ഭക്ഷിപ്പിച്ചാലും വേണ്ടതില്ല അതെല്ലാം അതുവരെവെറും സ്വപ്നപ്രായം മാത്രം. അവയെ പരമാൎത്ഥമായി അറിയുവാൻ നിങ്ങളെക്കൊണ്ടു സാധിക്കുകയില്ല. പ്രാമാണ്യത്തിനു മാത്രമേ പ്രാമാണ്യത്തെ അറിയുവാൻ സാധിക്കുകയുള്ളൂ. അതുപോലെ ഈശ്വരനു മാത്രമേ ഈശ്വരനെ അറിയുവാൻ സാധിക്കുകയുള്ളൂ. സ്വപ്നവും സ്വപ്നം കാണുന്നവനും ഒന്നുതന്നെ. അതിന്നു് വേറേ അടിസ്ഥാനമൊന്നുംഇല്ല. സ്വപ്നം ഒന്നുവേറെ സ്വപ്നംകാണുന്നവൻ ഒന്നുവേറെ അങ്ങിനെ ഇല്ല. ഒരേ ഒരു സംഗീതം. അതിന്നുള്ളിൽകൂടെ കേൾക്കുന്ന രാഗം ആകെ ഒന്നേ ഒന്നു്. "ബ്രഹ്മോഹം"—"ബ്രഹ്മോഹം" എന്നുള്ളതാണു് ആ രാഗം. മററു രാഗങ്ങളെല്ലാം അതാതു സമയം എടുത്തും വെച്ചും കൊണ്ടിരുന്നു എന്നു വരാം. അത്രയേയുള്ളൂ. അല്ലാതെ

അതൊന്നും ആ സംഗീതത്തെ ശരിയായി ബാധിക്കുന്നില്ല. സജീവ ഗ്രന്ഥങ്ങളാണു് നമ്മൾ. പുസ്തകങ്ങൾ എന്നു പറയപ്പെടുന്നവ തന്നെ നമ്മളാൽ പറയപ്പെട്ട വാക്കുകൾ മാത്രമല്ലയോ! എല്ലാ വസ്തുക്കളും ജീവിച്ചിരിക്കുന്ന ഈശ്വരൻ ആണു്; ജീവിച്ചിരിക്കുന്ന ക്രിസ്തുവാണു്; ആ നിലയ്ക്കുവേണം എല്ലാറ്റേയും കാണുവാൻ. മനുഷ്യഗ്രന്ഥത്തെ വായിക്കുക. സജീവകവിതയാണതു്. എല്ലാ ബൈബിളുകളേയും ശോഭിപ്പിക്കുന്ന തേജസ്സ് നമ്മളാണു്. ഇതുവരെ ഉണ്ടായിട്ടുള്ള ക്രിസ്തുക്കളും ബുദ്ധന്മാരും നമ്മൾതന്നെ. ഈ തേജസ്സു ഒന്നില്ലെങ്കിൽ ഇവയെല്ലാം നമുക്കു ജഡങ്ങൾ മാത്രം ആകുമായിരുന്നു.

നിങ്ങളുടെ സ്വന്ത ആത്മാവിൽ തന്നെ ഉറപ്പിച്ചു നില്ക്കുക.

മൃതശരീരം ആരെന്തുചെയ്താലും യാതൊരു സ്ക്ഷോഭത്തേയും പ്രകടിപ്പിക്കുന്നതായി ഇരിക്കുന്നില്ല. നാം നമ്മുടെ ശരീരത്തെ അപ്രകാരം ജഡപ്രായമാക്കുകയാണു് വേണ്ടതു്. നാം ശരീരമാണെന്നുള്ള ധാരണയേ ഇല്ലാതാകട്ടെ.

## 40

## ജീവിതഗതി.

---

### ത്യാഗവും വൈരാഗ്യവും—കർമ്മസന്യാസം—അനുഭൂതി—മായാ—മോക്ഷം.

അഗസ്റ്റ് 3-ാംനു, ശനിയാഴ്ച—

ഈ ജീവിതത്തിൽതന്നെ സ്വാതന്ത്ര്യം പ്രാപിക്കേണ്ടവർ ഈ ഒരു ജീവിതത്തിൽതന്നെ അനേകായിരം സംവത്സരങ്ങൾ

ജീവിക്കേണ്ടതായിരിക്കുന്നു * അവർ അവരുടെ കാലത്തെ അതിക്രമിച്ചും വളരെ വളരെ മുന്നോക്കം പോകണം. എന്നാൽ ഇത്ര വേഗത്തിൽ സഞ്ചരിക്കുവാൻ പൊതു ജനങ്ങളെക്കൊണ്ട് സാധിക്കുകയില്ല. അവർ കിടന്നേടത്ത് കിടന്ന് ഇഴയുകയാണ് ചെയ്യുന്നത്. മുന്നോക്കം അതിവേഗം പോയവരാണ് ക്രിസ്തുക്കളും ബുദ്ധന്മാരും ആയി തീരുന്നത്. അവർ കാലത്തിന് എത്രയോ മുമ്പിൽ കടന്ന് പോയിക്കഴിഞ്ഞിരിക്കുന്നു.

പണ്ട് ഒരു രാജ്യത്തു ഒരു ഹിന്ദുരാജ്ഞി രാജ്യം വാണിരുന്നു. ആ ധന്യസ്ത്രീ തന്റെ സന്താനങ്ങളെല്ലാം അതേ ജീവിതത്തിൽതന്നെ മോക്ഷമടയണം എന്നു ആഗ്രഹിച്ചു. അതിനാൽ അവരുടെ സർവ്വ ശുശ്രൂഷകളും രാജ്ഞിതന്നെയാണ് ചെയ്തുപോന്നതു്. ആ സ്ത്രീരത്നം കുട്ടികളെ ഉറക്കുമ്പോൾകൂടിയും "തൽ-ത്വം-അസി; തൽ-ത്വം-അസി" എന്നിങ്ങിനെ പാടിക്കൊണ്ടിരിക്കുക പതിവായിരുന്നു. ഇങ്ങിനെ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ ആകെ ഉണ്ടായിരുന്ന നാലു പുത്രന്മാരിൽ മൂന്നുപേരും ചെറുപ്രായത്തിൽതന്നെ സന്യസിച്ച് രാജ്യംവിട്ടുപോയി. ഇത്രയും കണ്ടപ്പോൾ നാലാമനും ഇതേ പ്രകാരം സന്യസിച്ചേയ്ക്കുമോ എന്നു പുരവാസികൾക്കു സംശയംതോന്നി. അങ്ങിനെയായാൽ രാജ്യഭരണത്തിനു് ആളില്ലാതായി തീരുമല്ലൊ എന്നു വിചാരിച്ച് അവർ വളരെ

---

* ഒരു സമുദായം തല്ക്കാലം ഏതൊരു സ്ഥാനത്ത് എത്തിയിരിക്കുന്നുവോ അതുവരെയുള്ള ജീവിതം മുഴുവനും ആ സമുദായത്തിൽ ജനിയ്ക്കുന്ന ശിശു, പ്രായപൂർത്തിയാകുന്നതിനു മുമ്പ് കഴിച്ചുകൂട്ടുന്നുണ്ട്. ആദ്യം യാതൊരു വിവേകവും കൂടാതെ ശുദ്ധമൃഗീയമായ ജീവിതം ആരംഭിക്കുകയും പിന്നെ ക്രമേണ പടിപടിയായി കയറി അപ്പോഴത്തെ സ്ഥാനംവരെ എത്തുകയും ആണ് ചെയ്യുന്നത്. എന്നാൽ മോക്ഷം അടയുവാനുള്ളവൻ അതുവരെ കഴിഞ്ഞതുമാത്രം പോരാ, അവിടെനിന്ന് അവസാനംവരെയുള്ള ഗതി മുഴുവനും കഴിച്ചുകൂട്ടേണ്ടതായിരിക്കുന്നു. ഇതാണ് സ്വാമികൾ "ഈ ജീവിതത്തിൽ അനേകായിരം സംവത്സരം ജീവിക്കേണ്ടതായിരിക്കുന്നു" എന്നു പറഞ്ഞതിന്റെ താല്പര്യം.

വ്യസനിച്ചു. അതിനാൽ നാലാമത്തെ പുത്രൻ രാജാവായിത്തീരേണ്ട നിലയിൽ വളൎത്തപ്പെടുവാനായി രാജ്ഞിയുടെ സ്വാധീനത്തിൽനിന്നു് ആ കുമാരനെ മാററിത്താമസിപ്പിക്കുവാൻ തീൎച്ചപ്പെടുത്തി. അതനുസരിച്ചു ആ പുത്രൻ മാതൃസവിധം വിട്ടുപോകുവാൻ പുറപ്പെട്ടപ്പോൾ ആ മാതാവു പുത്രനെ അരികെവിളിച്ചു്, തലയിൽ കൈവെച്ചു ആശീൎവ്വദിച്ചശേഷം ഒരു ചെറിയ കടലാസ്സുതുണ്ടു കയ്യിൽകൊടുത്തു് ഇങ്ങനെ പറഞ്ഞു:—"എന്റെ ഓമന കുമാര! നീ ഇതിനെ ഭദ്രമായി സൂക്ഷിക്കണം. നിനക്കു് പ്രായപൂൎത്തിയാകുന്നതുവരെ നീ ഇതു് തുറന്നുനോക്കരുതു്. പ്രായപൂൎത്തിയായാൽ തുറന്നുനോക്കാതേയും ഇരിക്കരുതു്. നിനക്കു വേണ്ടതെല്ലാം ഇതിൽഉണ്ടു്." പുത്രൻ ഈ കടലാസ്സുതുണ്ടിനെ, തനിക്കു് പതിനെട്ടുവയസ്സു് തികയുന്നതുവരെ, ഒരു നിധിയെന്നപോലെ സൂക്ഷിച്ചുകൊണ്ടുപോന്നു. ആ ദിവസം വന്നപ്പോൾ അദ്ദേഹം അത്യാദരയോടുകൂടി അതിൽ നിക്ഷേപിച്ചിരിക്കുന്ന നിധി എന്താണെന്നറിയുവാനായി കടലാസ്സുതുറന്നു വായിച്ചുനോക്കി "ഈശ്വരൻമാത്രം സത്യം—മററെല്ലാം മിത്ഥ്യ—ആത്മാ ഹനിക്കുന്നുമില്ല; ഹനിക്കപ്പെടുന്നതും ഇല്ല— ഒന്നുകിൽ ഏകാകിയായി താമസിക്കുക; അല്ലെങ്കിൽ മഹാപുരുഷന്മാരുമൊന്നിച്ചു് താമസിക്കുക" എന്നിങ്ങിനെ ആയിരുന്നു അതിൽ എഴുതിയിരുന്നതു്. അതു വായിച്ചു ഉടനെതന്നെ ആ യുവാവായ രാജാവു സൎവ്വസംഗപരിത്യാഗം ചെയ്തു് സന്ന്യാസിയായി പുറത്തിറങ്ങി.

ത്യജിക്കുക; ലോകത്തെ ത്യജിക്കുക!! അടുക്കളയിൽ കടന്നു് അവിടെ പാകംചെയ്തു വെച്ചിരിക്കുന്ന മാംസം കട്ടുതിന്നുന്ന ശ്വാവിനെപ്പോലെയാണു് നമ്മുടെ ഇപ്പോഴത്തെ സ്ഥിതി. എവിടെക്കൂടെയാണു് ഉടമസ്ഥൻ വരുന്നതു്; എപ്പോഴാണു് അടിച്ചോടിക്കുന്നതു്; എന്ന ഭയംകൊണ്ടു് നോട്ടമെല്ലാം നാലുപുറത്തേയ്ക്കും ആയിരിക്കുന്നു. ഇതിന്നുപകരം ഒരു രാജാവായിരിക്കുകയും ഈ ലോകം തന്റെ സ്വന്ത

മാണെന്നു അറിയുകയും അല്ലേ നല്ലതു്? എന്നാൽ ഈ ബോധം നിങ്ങൾ ലോകത്തെ നിശ്ശേഷം ഉപേക്ഷിക്കുന്നതുവരേയും ലോകം നിങ്ങളെ ബന്ധിക്കാതിരിക്കുന്നതുവരേയും വരികയില്ല. ബാഹ്യമായി ഉപേക്ഷിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ മനസ്സുകൊണ്ടെങ്കിലും ഉപേക്ഷിക്കുക വയ്യുന്നുണ്ടോ? മനഃപൂർവ്വമായി ഉപേക്ഷിക്കണം, അതാണാവശ്യം. വൈരാഗ്യം ഉണ്ടാകട്ടെ. തീവ്രമായ വൈരാഗ്യം വരട്ടെ. അപ്പോൾ നിങ്ങൾക്കു് ഈ ലോകത്തെ അനായാസേന വലിച്ചെറിയുവാൻ സാധിക്കും. അങ്ങിനെ ചെയ്യുന്നതാണു് യഥാർത്ഥമായ യജ്ഞം. ഈ യജ്ഞം ചെയ്യാതെ ആർക്കും ആദ്ധ്യാത്മികലോകത്തിൽ പ്രവേശിക്കുവാൻ പ്രയാസം. ഒരിക്കലും ഒന്നും ആഗ്രഹിക്കരുതു്. ആഗ്രഹിക്കുന്നതു യാതൊന്നോ അതു് തീർച്ചയായും കിട്ടാതിരിക്കയില്ല. എന്നാൽ അതോടുകൂടിത്തന്നെ വലുതായ ബന്ധനവും വരാതിരിക്കയില്ല. ആഗ്രഹംകൊണ്ടു്, പണ്ടു് മൂന്നുവരം വരിച്ച മുറിമൂക്കന്നു് ഉണ്ടായതുപോലെ മൂക്കുകൾ ഉണ്ടാക്കുക മാത്രമാണു് ചെയ്യുന്നതു്.* നാം തന്നെ

---

* സ്വാമികൾ സൂചിപ്പിച്ച മുറിമൂക്കന്റെ കഥ ഇങ്ങിനെയാണെന്നു് തോന്നുന്നു:—പണ്ടു് ഒരു മുറിമൂക്കൻ ഏതോ ഒരു മൂർത്തിയെ ഭജിച്ചു് പ്രത്യക്ഷമാക്കി മൂന്നു് വരങ്ങൾ അർത്ഥിച്ചു. ആ മൂർത്തി അവൻവശം ഒരു കരു കൊടുത്തു് "നീ എന്താഗ്രഹിച്ചു് ഇതിനെ തിരിച്ചാലും അതു നിനക്കു് തൽക്ഷണം ഉണ്ടാകുന്നതാണു്" എന്നു പറഞ്ഞു് മറഞ്ഞു. ആ ദുർഭഗൻ ഇതുകൊണ്ടു് തൃപ്തനായി വീട്ടിൽ മടങ്ങിവന്നു് വിവരമെല്ലാം ഭാര്യയെ അറിയിച്ചു. അതുകേട്ടപ്പോൾ ഭാര്യയ്ക്കും വളരെ സന്തോഷമായി അതിനാൽ ഭൂരിദ്രവ്യത്തെ കാംക്ഷിച്ചുകൊണ്ടു കരുതിരിക്കാം എന്നു് ഭാര്യ അഭിപ്രായപ്പെട്ടു. പക്ഷെ ഭർത്താവിന്റെ ആഗ്രഹം അങ്ങിനെതന്നെ ആയിരുന്നില്ല. "നിനക്കും എനിക്കും വളരെ കൗതുകം കുറഞ്ഞ മൂക്കാണല്ലോ ഉള്ളതു്. അതുകൊണ്ടു് ആളുകൾ നമ്മളെ ഹസിക്കുന്നതു് കേൾക്കാറില്ലെ; ഇത്രകാലവും നാം അതെല്ലാംകേട്ടു് സഹിച്ചുകൊണ്ടിരുന്നു. ഇനിയും അതിന്നു് പ്രയാസം. നമുക്കു് മൂന്നുവരങ്ങൾ ഉണ്ടല്ലൊ. അതിൽ രണ്ടെണ്ണംകൊണ്ടു് മറ്റു വേണ്ടതെല്ലാം സമ്പാദിക്കാം. ആദ്യം നമ്മുടെ മൂക്കു് നേരെയായിപോകട്ടെ" എന്നായി ആ ആൾ. ഭാര്യയ്ക്കു് ആഗ്രഹം—ധനം; ഭർത്താവിന്നു് ആഗ്രഹം—സൌന്ദര്യം. ഇങ്ങിനെ അവർ ഭിന്നാഭിപ്രായക്കാരായി വാദം തുടങ്ങി. ഭർത്താവു് ഏതായാലും കരു ഉരുട്ടുവാൻ

ത്താൻ തൃപ്തന്മാരായിരിക്കുന്നതുവരെ, നമുക്കു ഒരിക്കലും സ്വാതന്ത്ര്യം സിദ്ധിക്കുക ഇല്ല. ആത്മാവിനെ ആത്മാവു കൊണ്ടുതന്നെ രക്ഷിക്കണം "ഉദ്ധരേദാത്മനാത്മാനം." മററൊന്നുകൊണ്ടും അതിന്നു് സാധിക്കുന്നതല്ല.

നിങ്ങൾ അന്യശരീരങ്ങളിലാണെന്നു് അനുഭവപ്പെടുത്തുവാൻ പഠിക്കണം. അതിന്നു് സാധിക്കുമ്പോൾ നമ്മളെല്ലാം ഒന്നായിക്കഴിയും. മററെല്ലാ മണ്ടത്തരങ്ങളേയും കാററിൽ അടിച്ചുപരത്തിക്കളയുക. അവനവന്നുള്ള പണി അങ്ങോട്ടെടുത്തേയ്ക്കണം; അത്രതന്നെ. അവ നല്ലതായാലും ശരി; നല്ലതല്ലാത്തവ ആയാലും ശരി. ചെയ്യാനുള്ളതു് ചെയ്തുക്കുക മാത്രം. പിന്നെ അവയെപററി ഒന്നുംതന്നെ വിചാരിക്കുകയേ അരുതു്. ചെയ്തതു് ചെയ്തുകഴിഞ്ഞില്ലേ. പിന്നെ അതിനെ പററി വിചാരിച്ചിട്ടു് കാൎയ്യമെന്താ? എല്ലാ അന്ധവിശ്വാസങ്ങ

---

തന്നെ തീർച്ചയാക്കി. ഭാൎയ്യ കൈകടന്നു് പിടിച്ചു. അപ്പോൾ ആ ആൾ ഒരുവിധം, സാഹസപ്പെട്ടു കൈ കടഞ്ഞെടുത്തു് കരു താഴത്തോട്ടേറുകൊടുത്തു ആ ധൃതിയിൽ പറഞ്ഞതു്—"ഞങ്ങൾ രണ്ടുപേക്കും സൌന്ദൎയ്യംകൂടിയ മൂക്കുകൾ ഉണ്ടാകട്ടെ. അല്ലാതെ മററൊന്നും വേണ്ട" എന്നായിപ്പോയി. പെട്ടെന്നു അവരുടെ ശരീരത്തിൽ ആസകലം മൂക്കുകൾവന്നു് മുളച്ചു. എവിടെനോക്കിയാലും അവിടമെല്ലാം കൌതുകമുള്ള മൂക്കുകൾകൊണ്ടു നിറഞ്ഞു. ഇപ്പോൾ അവക്കു് മുമ്പിലത്തേക്കാൾ അധികം ഉപദ്രവമാണു് ഉണ്ടായതു്. അതുകൊണ്ടു ആ ഉപദ്രവം നീങ്ങി കിട്ടുവാനായി കരു ഒരിക്കൽക്കൂടെ എറിയുവാൻ അവർ രണ്ടുപേരും സമ്മതിച്ചു. പക്ഷെ അപ്പോൾ പ്രാൎത്ഥിച്ചതും "ഞങ്ങളുടെ മൂക്കുകൾ ഇല്ലാതാകട്ടെ" എന്നായിപ്പോയി. ഉടനെതന്നെ മൂക്കുകളെല്ലാം ഇല്ലാതാകുകയും ചെയ്തു. പണ്ടുണ്ടായിരുന്ന മുറിമൂക്കുകൂടെ ഇല്ലാതായി തന്നിമിത്തം അവർ പൂൎവ്വാധികം വിരൂപന്മാരായി തീൎന്നു. പിന്നെ വരം ഒന്നേയുള്ളു. അതുകൊണ്ടു ഓരോ നല്ല മൂക്കു് സമ്പാദിക്കാം എന്നുവെച്ചാൽ അതിന്നും വലിയൊരു പ്രതിബന്ധം അവക്കു് തോന്നി. "മൂക്കു് എങ്ങിനെ നന്നായി എന്നു ആളുകൾ അന്വേഷിക്കുവാൻ തുടങ്ങും; അപ്പോൾ ആളുകൾക്കു് കാൎയ്യങ്ങളെല്ലാം മനസ്സിലാകും; മൂന്നു വരങ്ങൾ കിട്ടിയിട്ടും തങ്ങളുടെ ദാരിദ്ര്യാവസ്ഥയെ ഭേദപ്പെടുത്തുവാൻ സാധിച്ചില്ലല്ലോ എന്നുവെച്ചു് ആളുകൾ അധിക്ഷേപിക്കും" എന്നെല്ലാം വിചാരിച്ചപ്പോൾ പണ്ടത്തെ മൂക്കുതന്നെ മതിയെന്നു് തീൎച്ചയാക്കി മൂന്നാമത്തു് അതിന്നായും കരു ഒന്നു് ഉരുട്ടി. മൂന്നാമത്തെ വരം അങ്ങിനേയും തീൎന്നു.

ളേയും ഉപേക്ഷിക്കുക. ആസന്നമരണനായിരിക്കുമ്പോൾ പോലും ധൈൎയ്യഹീനത ഉണ്ടായിരിക്കരുതു്. ഒന്നിനെപ്പററിയും പശ്ചാത്തപിക്കാതേയും, കഴിഞ്ഞ കാൎയ്യങ്ങളെപ്പററി ആലോചിച്ചു് കുണ്ഠിതപ്പെടാതേയും ചെയ്ത സൽക്കൎമ്മങ്ങളെ ഓൎമ്മിക്കുക കൂടെ ചെയ്യാതേയും ആസാദു് (സ്വതന്ത്രൻ) ആയിരിക്കുക. ബലഹീനനും ഭീരുവും അജ്ഞനും ഒരിക്കലും ആത്മാവിനെ പ്രാപിക്കുകയില്ല. "വീരാണാമേവ കരതലഗതാ മുക്തിഃ, നപുനഃ കാപുരുഷാണാം."

ചെയ്തതിനെ മാററിച്ചെയ്വാൻ നിങ്ങളെക്കൊണ്ടു് സാധിക്കുകയില്ലല്ലോ. അതു് കൈവിട്ടുപോയ കാൎയ്യമല്ലേ. അതിന്റെ ഫലം വന്നേകഴിയൂ. അതിനാൽ അതിനെ ധൈൎയ്യസമേതം പ്രതീക്ഷിക്കുകയാണു് വേണ്ടതു്. വീണ്ടും അങ്ങിനെ ചെയ്യാതിരിക്കുവാൻ സൂക്ഷിച്ചാൽ മതി. എല്ലാ കൎമ്മങ്ങളുടേയും ഫലം ഈശ്വരന്നായിക്കൊണ്ടു് കൊടുത്തേയ്ക്കണം; എല്ലാം അങ്ങോട്ടു വിട്ടുകൊടുത്തേയ്ക്കണം; അത്രതന്നെ. നല്ല ഫലവും ചീത്തഫലവും എല്ലാം അവിടെത്തന്നെ ഇരുന്നോട്ടെ. അല്ലാതെ നല്ലതെല്ലാം തനിക്കായി സൂക്ഷിച്ചുകൊണ്ടു് ദുഷ്പ്രവൃത്തികളുടെ ഫലംമാത്രം ഈശ്വരന്നായി കൊടുത്തേച്ചാൽ പോരാ. നേരേമറിച്ചു്, ചെയ്വാൻസാധിക്കുമെങ്കിൽ, അതായതു്, ദുഷ്കൎമ്മഫലങ്ങളെയെല്ലാം തനിക്കായി വെച്ചു് സൽക്കൎമ്മഫലങ്ങളെമാത്രം ഈശ്വരന്നു് വിട്ടുകൊടുക്കുവാൻ സാധിക്കുമെങ്കിൽ, അതാണു് ഉത്തമം. തങ്ങളെത്തന്നെ സഹായിക്കാത്തവരെ ഈശ്വരൻ തന്നെ സഹായിക്കുന്നു.

"ആഗ്രഹമാകുന്ന മദ്യം സേവിച്ചു് ലോകം ഭ്രാന്തമായി തീരുന്നു. പകലും രാവും ഒരിക്കലും ഒന്നിച്ചുണ്ടാകുവാൻ പാടില്ലാത്തതുപോലെ ആഗ്രഹവും ഈശ്വരനും കൂടി ഒരിക്കലും ഒന്നിച്ചിരിക്കയില്ല. അതിനാൽ ഈശ്വരനെ വേണമെങ്കിൽ ആഗ്രഹത്തെ ഉപേക്ഷിക്കുക."

* * *

12 MAY 19 7



"ആഹാരം ആഹാരം" എന്നു് വിളിച്ചുപറയുന്നതും ആഹാരം കഴിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമില്ലയോ! "വെള്ളം വെള്ളം" എന്നു് പറയുന്നതും വെള്ളംകുടിക്കുന്നതും ഒരുപോലെയാണൊ? അതുപോലെ "ഈശ്വരൻ-ഈശ്വരൻ" എന്നിങ്ങനെ വെറുതെ പറഞ്ഞുകൊണ്ടിരുന്നാൽ മാത്രം നമുക്കു് അനുഭൂതിഉണ്ടാകുന്നതല്ല. അതിന്നു് നല്ലവണ്ണം പരിശ്രമിക്കുകയും അഭ്യസിക്കുകതന്നെ വേണം.

ഒരു തിര സമുദ്രത്തിൽ ലയിച്ചു ചേരുന്നതുകൊണ്ടുമാത്രമേ അതു് അക്ലിപ്തഭാവത്തോടുകൂടിയതായി തീരുന്നുള്ളൂ. എന്നാൽ തിരയായിത്തന്നെ നില്ക്കുന്ന കാലത്തെല്ലാം അതു് ക്ലിപ്തഭാവത്തെ തന്നെ ആശ്രയിച്ചിരിക്കുന്നു. ഒരിക്കൽ സമുദ്രമായിതീൎന്നാൽ പിന്നേയും അതിന്നു് തിരയായിത്തീരാം. എത്രവലുതാകണമൊ അത്ര വലുതാകുകയും ചെയ്യാം. ഈ പ്രപഞ്ചപ്രവാഹത്തോടുകൂടിയുള്ള നിങ്ങളുടെ താദാത്മ്യത്തെ ഖണ്ഡിച്ചു് നിങ്ങൾ സ്വതന്ത്രരാണെന്നു് അറിയുക.

ഏതാനും അനുഭവങ്ങളെ ക്രമീകരിച്ചു് വെക്കുന്നതാകുന്നു യഥാൎത്ഥമായ തത്വവിജ്ഞാനീയം. ധൎമ്മം (മതം) ആരംഭിക്കുന്നേടത്തു് ബുദ്ധി അവസാനിക്കും. ആദേശം യുക്തിയെക്കാൾ വളരെ ഉപരിയായതാണു്. എന്നാൽ ആദേശത്തിന്നും യുക്തിക്കും തമ്മിൽ യോജിപ്പില്ലാതേയും ഇരിക്കരുതു്. യുക്തി- കഠിനപ്രവൃത്തികൾക്കുള്ള പരുക്കൻ ആയുധം. ആദേശം- നമ്മൾക്കു് സൎവ്വ രഹസ്യങ്ങളേയും കാണിച്ചുതരുവാനുള്ള തീക്ഷ്ണപ്രകാശം.

എന്നാൽ ഏതെങ്കിലും ഒരു കാൎയ്യം ചെയ്വാൻ ഉണ്ടാകുന്ന ഇച്ഛ ആദേശം ആയിരിക്കണം എന്നില്ല.

* * *

മായയിൽകൂടെയുള്ള ഗതി, അത്യന്തശൂന്യമായ വൃത്താകൃതിയിലേ പരിണമിക്കുകയുള്ളൂ. അതിൽകൂടെ ഗതി തുടൎന്നാൽ

പുറപ്പെട്ടേടത്തുതന്നെ എത്തിച്ചേരും. എന്നാൽ പുറപ്പെടുന്നതു് കേവലം അജ്ഞനായിട്ടാണെന്നും, അവസാനം എത്തുമ്പോഴയ്ക്കു് ജ്ഞാനിയായിത്തീരുന്നു എന്നും ഒരു വ്യത്യാസം ഇല്ലായ്കയില്ല.

ഈശ്വരാരാധനം വീരാരാധനം, ധ്യാനം, സമാധി, നിഷ്കാമകർമ്മം, ഇവയെല്ലാമാണു് മായാവലയിൽനിന്നു് പുറത്തു കടക്കുവാനുള്ള ഉപായങ്ങൾ. എന്നാൽ ഇവയെല്ലാം പുറമെ സ്വതന്ത്രനാകുവാൻ ബലവത്തരമായ ഇച്ഛ ഉണ്ടായിരിക്കയും വേണം. ഈ ഇച്ഛയാണു് സർവ്വപ്രധാനമായ സംഗതി. നമ്മുടെ തമസ്സിനെ നശിപ്പിക്കുവാനുള്ള ചൈതന്യം നമ്മളിൽ തന്നെ ഉണ്ടു്. ജ്ഞാനം ആണു് അതു്. അതു് നമ്മുടെ സ്വന്ത പ്രകൃതം തന്നെ ആകുന്നു. അല്ലാതെ അതു് നമ്മുടെ ജന്മാവകാശമാണെന്നുകൂടെ പറഞ്ഞുകൂടാ. ജനിക്കാത്ത നമ്മൾക്കു് ജന്മാവകാശം ഉണ്ടാകുന്നതെങ്ങിനെ? നമ്മളെ ആവരണം ചെയ്തുനില്ക്കുന്ന മേഘപടലത്തെ ഓട്ടിച്ചുകളയുകമാത്രമേ നാം ചെയ്യേണ്ടതായിട്ടുള്ളു.

ഇഹത്തിലും പരത്തിലും സുഖം അനുഭവിയ്ക്കുവാനുള്ള എല്ലാ അഗ്രഹങ്ങളേയും ഉപേക്ഷിയ്ക്കണം. താൻ ദുഃഖിതനാണു് എന്നുള്ളബോധം ലേശംപോലും കൂടാതെ എല്ലാദുഃഖങ്ങളേയും അനുഭവിക്കണം. സ്വാതന്ത്ര്യം ഒന്നിനെപ്പററി അല്ലാതെ മറെറാന്നിനെപ്പററിയും വിചാരിക്കരുതു്. ഗുരുവിലും, ഗുരുവിൻെറ ഉപദേശങ്ങളിലും, മോക്ഷത്തിലും പൂർണ്ണമായ വിശ്വാസത്തോടുകൂടിയവനായിരിക്കണം. എന്തുതന്നെ വന്നാലും "സോഹം—സോഹം" എന്നു മാത്രമേ പറയാവു. ഉണ്ണുമ്പോഴും, ഉറങ്ങുമ്പോഴും, നടക്കുമ്പോഴും ഇരിക്കുമ്പോഴും, ദുഃഖം അനുഭവിക്കുമ്പോഴും, സുഖം അനുഭവിക്കുമ്പോഴും, എന്നുവേണ്ട എല്ലായ്പോഴും അങ്ങനെതന്നെ പറയണം. "ഈ കാണുന്നതൊന്നും ഉള്ളതല്ല; ഉള്ളതായി 'ഞാൻ' മാത്രമേ ഉള്ളു" എന്നു് മനസ്സിനോടു് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുക. ഈ പ്രപഞ്ച സ്വപ്നം അങ്ങോട്ടു പോകട്ടെ.

ഈ പ്രപഞ്ചം അസത്താണെന്നും ഈശ്വരൻ മാത്രമേ സത്തായിട്ടുള്ളു എന്നും രാവും പകലും വിചാരിക്കുക. സ്വതന്ത്രനാകുവാൻ തീവ്രമായ അഗ്രഹത്തോടുകൂടിയവനായും ഇരിക്കുക.

നമ്മുടെ ബന്ധുക്കളും സ്നേഹിതന്മാരും എല്ലാം "വററി വരണ്ട പഴങ്കിണറുകൾ" ആണ്. നാം അവയിൽ തടഞ്ഞു വീഴുന്നു. പിന്നെ അവിടെ കിടന്നു ധർമ്മം, (മുറ) ബന്ധം, എന്നിങ്ങിനെ ഓരോ സ്വപ്നം കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിന്നു ഒരു അവസാനവും ഇല്ല. ആരേയും സഹായിക്കുന്നതുകൊണ്ടു ഭ്രാന്തിയെ ഉണ്ടാക്കുവാൻ ശ്രമിക്കരുത്. ഈ ഭ്രാന്തി നാടെങ്ങും മൂടിനില്ക്കുന്ന വലിയ പേരാൽ വൃക്ഷത്തെപ്പോലെ ആണ്. നിങ്ങൾ ഒരു ദ്വൈതി ആണെങ്കിൽ നിങ്ങൾ സർവ്വത്ര കാണുന്നോ നിങ്ങളുടെ ഈശ്വരനെ സഹായിക്കുവാൻ പുറപ്പെടുന്നതു് വലിയ മൂഢത്വമല്ലയോ? നിങ്ങൾ അദ്വൈതിയാണെങ്കിൽ നിങ്ങൾതന്നെ ഈശ്വരനാണെന്നു് നിങ്ങൾക്കു് അറിയുകയും ചെയ്യാമെല്ലോ. പിന്നെ ആർ ആരെ സഹായിക്കുന്നു; മുറയെവിടെ; ബന്ധമെവിടെ? നിങ്ങൾക്കു ആരോടും ഒരുകടമയും ഇല്ല. നിങ്ങൾ ചെയ്യേണ്ടതായ ഒരു ധർമ്മവും ഇല്ല. ഭാര്യയോടുമില്ല, കുട്ടികളോടുമില്ല, സ്നേഹിതന്മാരോടുമില്ല, അരോടുമില്ല. സംഗതികൾ വരുന്നതുപോലെ അവയെ സ്വീകരിച്ചുകണം. അനങ്ങാതെ മലന്നു കിടന്നേച്ചാൽ മാത്രംമതി. മീതേ പൊങ്ങി കിടന്നുകൊള്ളുക. തിരവരുമ്പോൾ അതോടുകൂടി പൊങ്ങിക്കൊള്ളാം. തിര താഴുമ്പോൾ അതോടുകൂടി താഴുകയും ചെയ്യാം. ഈ ശരീരം അങ്ങോട്ടു് നശിച്ചോട്ടെ. എന്താ ഇത്രയൊക്കെ പരിഭ്രമിക്കുവാനുള്ളതു്. ശരീരം എന്ന ഈ ആശയംതന്നെ ഒരു മഹാ പഴഞ്ചൻ കെട്ടുകഥയാണു്. "ശാന്തമായി ഇരുന്നു 'ഞാൻ ഈശ്വരനാണു്' എന്നു് അറിയുക."

വർത്തമാനത്തിന്നു മാത്രമേ അസ്തിത്വം ഉള്ളു. വിചാരത്തിൽ പോലും ഭൂതവുമില്ല, ഭാവിയും ഇല്ല. എന്തുകൊ

ണ്ടെന്നാൽ, അവയെ പററി വിചാരിക്കുമ്പോൾ നിങ്ങൾ അവയെ വൎത്തമാനം ആക്കേണ്ടതായിരിക്കുന്നുവെല്ലൊ. എല്ലാം ഉപേക്ഷിച്ചേയ്ക്കുക. അതു് പിന്നെ എവിടെ വേണ മെങ്കിലും പൊങ്ങി കിടന്നുകൊള്ളട്ടെ. ഈ ലോകം ഒരു വെറും ഭ്രാന്തിമാത്രം. അതു് നിങ്ങളെ ഇത്രകാലവും മണ്ട നാക്കി. ഇനിയെങ്കിലും അങ്ങിനെ മണ്ടനാക്കുവാൻ അനുവ ദിക്കാതിരിക്കരുതോ? അതു് യാതൊന്നല്ലയോ, അതായി നിങ്ങൾ അതിനെ ഇത്രകാലവും അറിഞ്ഞുവെല്ലൊ. ഇനി അതു് യാതൊന്നാണോ ഒരാമി നിങ്ങൾ അതിനെ അറി യുക. ശരീരത്തെ എവിടെവേണമെങ്കിലും വലിച്ചുകൊണ്ടു പോയിക്കൊള്ളട്ടെ. അതുകൊണ്ടു നഷ്ടം. അതു് എവിടെ പോകുന്നു; എവിടെ ഇരിക്കുന്നു; എന്നൊന്നും നിങ്ങൾ കാൎയ്യ മായി ചിന്തിക്കേണ്ടതില്ല. "നമ്മൾക്കു ചില ധൎമ്മങ്ങൾ (മുറ കൾ) ഉണ്ടു്, ഏതാനും കടങ്ങൾ ഉണ്ടു്" എന്നിങ്ങിനെയുള്ള വിചാരം ഒരു ഭയങ്കരമായ വിഷമാണു്. അതു് ലോകത്തെ സദാ നശിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

എന്തിന്നുവേണ്ടിയാണു് ഇനിയും കാത്തിരിക്കുന്നതു്; ആരെ കാണുവാനാണു്; ആരോടു് ആലോചിക്കുവാനാണു്? കാണുവാനും ആലോചിക്കുവാനും ഉള്ളതു് അവനവനെത്ത ന്നെയും അവനവനോടുകൂടിത്തന്നെയും അല്ലെ? അതു് ഇപ്പോൾതന്നെ ചെയ്യാതിരിക്കുന്നതു് എന്തിന്നു്? സ്വൎഗ്ഗത്തി ന്നുവേണ്ടികൂടിയും കാത്തിരിക്കേണ്ടതായ ആവശ്യം ഉണ്ടോ? അതിനെ, വേണമെങ്കിൽ ഇപ്പോൾതന്നെ, ഇവിടെത്തന്നെ ഉണ്ടാക്കാമെല്ലൊ. പിന്നെ എന്തുകൊണ്ടു് ഇവിടെവെച്ചു തന്നെ, ഇപ്പോൾ തന്നെ, ആരംഭിച്ചുകൂടാ? സ്വാതന്ത്ര്യത്തിന്റെ അട യാളം സന്യാസിയുടെ കാഷായവസ്ത്രമാണു്. ലോകത്തിലെ ഇരപ്പാളിയുടെ വസ്ത്രം എടുത്തു ദൂരത്തെറിഞ്ഞാട്ടെ. അതിന്നു പകരം സ്വാതന്ത്ര്യപതാകയെ വഹിക്കുക. ആ പരിശുദ്ധ മായ കാഷായവസ്ത്രം സ്വീകരിക്കുക.

# 41

## ആത്മാരാധനം.

ഭൌതികപ്രതിപത്തി—"എന്റെ" സ്വഭാവം—
ബ്രഹ്മവിത്തു്—ബുദ്ധമതക്കാരും മുക്തിയും—
ആത്മപ്രണിധാനം—വേദാന്തത്തിൽ
സ്ത്രീകൾക്കുള്ള സ്ഥാനം—ഏകാത്മാ—
ഏകധർമ്മം—പ്രത്യക്ഷാനുഭൂതി.

---

ആഗസ്റ്റ് 4 ാംനു, ഞായറാഴ്ച—

"അറിവില്ലാത്തവർ ആരാധിക്കുന്നതു് ആരെയാണോ അവനെത്തന്നെ ഞാൻ നിങ്ങൾക്കും ഉപദേശിക്കുന്നു."

ഈ ഏകനായ ഈശ്വരൻ അറിയപ്പെട്ടിട്ടുള്ള എല്ലാ വസ്തുക്കളിലും വെച്ചു് നല്ലപോലെ അറിയപ്പെട്ടിരിക്കുന്നവനാണു്. നാം എവിടേയും കാണുന്നതു് ആ ഈശ്വരനെത്തന്നെയാണു്. ആ ഏകവസ്തുവേ എവിടേയും ഉള്ളൂ. എല്ലാവക്കും ഈ വരുടെ സ്വന്തത്തെ അറിയാം. "എന്നെ" അറിയാത്തവർ ആരും തന്നെ ഇല്ല. മൃഗങ്ങൾക്കുംകൂടി അറിവുള്ളതാണതു്. എന്നാൽ നാം അറിയുന്നതെല്ലാം ആത്മാവിന്റെ വിജൃംഭണത്തെ മാത്രം ആകുന്നു. ഇതു് കുട്ടികളെക്കൂടെ പഠിപ്പിക്കുക. അവക്കുകൂടെ ഇതിനെ ധരിക്കുവാൻ സാധിക്കും. എല്ലാമതങ്ങളും ആത്മാവിനെ പൂജിക്കുകതന്നെയാണു് ചെയ്തിട്ടുള്ളതു്. പക്ഷെ പലരും പലപ്പോഴും ബോധത്തോടുകൂടി അല്ലാതായിരിക്കുവാനും മതി. എന്നാലും ആരും ആത്മാരാധനം ചെയ്യാതിരുന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ, ആത്മാ അല്ലാതെ മറ്റൊന്നും തന്നെ എങ്ങും ഇല്ലല്ലൊ.

നമുക്കു് ഇവിടെയുള്ള ഈ ജീവിതപ്രതിപത്തി—ഇങ്ങ നീചമായ പ്രതിപത്തിആണു് എല്ലാദുഃഖങ്ങൾക്കും കാരണം.

ഈ ചതികളും ഈ മോഷണത്തിന്നും എല്ലാം ഹേതു അതൊന്നാണ്. അതു് പണത്തെ ഈശ്വരനാക്കിതീൎക്കുന്നു; പണത്തിന്നില്ലാത്ത ഗുണങ്ങളൊന്നും ഇല്ലെന്നു വരുത്തുന്നു. "സൎവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തി". എല്ലാദുഃഖങ്ങളും ദോഷങ്ങളും ഭയങ്ങളും ഭവിഷ്യത്തുകളും എല്ലാം ഉണ്ടാകുന്നതു് ഇതിൽനിന്നാണ്. അതിനാൽ ഭൗതികമായ ഒന്നിനേയും വിലവെയ്ക്കുകയും ഒന്നിനോടും പ്രതിപത്തിയുള്ളവരായിരിക്കുകയും അരുതു്. നിങ്ങൾക്കു ഒന്നിനോടും ജീവിതത്തോടുകൂടിയും ചേൎച്ചയില്ലാതായിരിക്കുന്നു എങ്കിൽ പിന്നെ നിങ്ങൾക്കു ഒന്നുംതന്നെ ഭയപ്പെടുവാൻ ഇല്ല. "ഈ ലോകത്തിൽ ബഹുത്വത്തെ കാണുന്നവൻ ജനനമരണസ്വരൂപകമാകുന്ന സംസാരത്തിൽ കൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു." എല്ലാം ഒന്നുതന്നെയാണെന്നു കാണുമ്പോൾ നമുക്കു ഭൗതികമായ മരണമാകട്ടെ, മാനസികമായ മരണമാകട്ടെ ഉണ്ടായിരിക്കയില്ല. എല്ലാ ശരീരങ്ങളും എന്റേതുതന്നെ ആണ്. അതുകൊണ്ടു ശരീരം കൂടിയും സനാതനമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ; മരം, മൃഗം, സൂൎയ്യൻ, ചന്ദ്രൻ, എന്തിന്നു്, പ്രപഞ്ചംതന്നെ, എന്റെശരീരമല്ലയൊ? പിന്നെ അതു സനാതനമല്ലാതിരിക്കുന്നതു എങ്ങിനെ? അ ശരീരത്തിന്നു എങ്ങിനെ നാശമുണ്ടാകാം. എല്ലാ മനസ്സും എല്ലാ വിചാരവും എന്റേതുതന്നെ. പിന്നെ മരണത്തിന്നു എന്നെ എങ്ങിനെ ബാധിക്കാം? ആത്മാ ഒരിക്കലും ജനിച്ചിട്ടുമില്ല; ഒരിക്കലും മരിച്ചിട്ടുമില്ല; ഒരിക്കലും ജനിക്കുകയും ഇല്ല, മരിക്കുകയും ഇല്ല. നമുക്കു് ഈ അനുഭൂതി ഉണ്ടാകുമ്പോൾ എല്ലാ സംശയങ്ങളും അസ്തമിക്കും. "ഞാൻ ഇരിക്കുന്നു" "ഞാൻ അറിയുന്നു" "ഞാൻ സ്നേഹിക്കുന്നു" ഇവ മൂന്നും സംശയമില്ലാത്ത സംഗതികളാണ്. എനിക്കുവിശപ്പേ ഇല്ല എങ്ങിനെ വിശപ്പുണ്ടാകാം. ഉണ്ണുന്നതെല്ലാം ഞാനല്ലേ? ഒരു തലനാരിഴ കൊഴിയുമ്പോൾ നാം മരിക്കുന്നു എന്നു നമ്മളാരും വിചാരിക്കാറില്ല. അതുപോലെ ഒരു ശരീരം മരിക്കുന്നതു ഒരു രോമം കൊഴിയുന്നതുപോലെ മാത്രമേയുള്ളൂ.

സാധാരണബോധത്തിന്ന് അതീതമായി ഒരു അവസ്ഥ ഉണ്ട്. അതുതന്നെയാണ് ആത്മഭാവം, അല്ലെങ്കിൽ ഈശ്വര ഭാവം. അതു് വിചാരത്തിന്നും സംസാരത്തിന്നും ബോധ ത്തിന്നും അതീതമായതാകുന്നു. ഗുണങ്ങൾ മൂന്നാണല്ലോ. ഒന്ന് മൃഗീയത (തമോഗുണം) രണ്ട് മനുഷ്യത്വം (രജോഗുണം) മൂന്ന് ദേവത്വം (സത്വഗുണം). ഇവയിൽ ഏററവും ഉന്നതമായ സ്ഥാനത്തെ പ്രാപിക്കുന്നവർ "സത്തു"കൾ ആകുന്നു. ധർമ്മം (മുറ) എന്നതു് അവിടെ അവസാനിക്കുകയായി. ഒരു കാന്തം ഇരുമ്പിനെ എന്നപോലെ, അവർ മററുള്ളവരെ ആകർഷി ക്കുകയും സ്നേഹിക്കുകയും ആണു് ചെയ്യുന്നതു്. അതാണു് സ്വാതന്ത്ര്യം. പിന്നെ അവർ സദാചാരപരങ്ങളായ കർമ്മങ്ങൾ മാത്രം ചെയ്യുകയല്ല; ചെയ്യുന്നതെല്ലാം സദാചാരപരങ്ങളായ കർമ്മങ്ങൾ മാത്രം ആയിരിക്കുകയാണു്. ബ്രഹ്മവിത്തു് (ബ്ര ഹ്മത്തെ അറിഞ്ഞവൻ) എല്ലാ ദേവന്മാരെക്കാളും ശ്രേഷ്ഠനാ കുന്നു. ജീസസ്സ് മോഹത്തെ തോല്പിച്ചവനായിതീൎന്നപ്പോൾ ദേവദൂതന്മാർ അദ്ദേഹത്തെ പൂജിക്കുവാനായി വന്നില്ലേ. അങ്ങിനെയുള്ള ബ്രഹ്മവിത്തിന്നു് ആരുടേയും സഹായം ആവശ്യമില്ല. പ്രപഞ്ചം മുഴുവനും ആ പുണ്യാത്മാവിന്റെ കാക്കൽ നമസ്കരിച്ചുകൊണ്ടു് കിടക്കുകയാണു്. അദ്ദേഹ ത്തിന്റെ എല്ലാ ആഗ്രഹങ്ങളും സാധിതപ്രായങ്ങളായിരി ക്കുന്നു. പിന്നെ അദ്ദേഹത്തിന്റെ വെറും ആസ്തിത്വംതന്നെ മററുള്ളവരെ പരിശുദ്ധരാക്കിതീൎക്കുകയാണു ചെന്നതു്. അതു കൊണ്ടു നിങ്ങൾ ഏററവും ഉൽകൃഷ്ടമായ പദവിയെ പ്രാപി ക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ബ്രഹ്മവിത്തിനെ പൂജിക്കേ ണ്ടതു് അത്യാവശ്യംതന്നെയാണു്. ഈശ്വരാനുഗ്രഹംകൊണ്ടു മാത്രം സിദ്ധിക്കേണ്ടതും, തന്മൂലം ലോകത്തിൽ വളരെ ദുർല്ലഭ മായിരിക്കുന്നതും ആയ മൂന്നു അവസ്ഥകളും, അതായതു മനുഷ്യ ത്വവും, മുമുക്ഷുത്വവും, മഹാപുരുഷസംശ്രയവും നിങ്ങൾക്കു സിദ്ധിച്ചുകഴിഞ്ഞാൽ, മോക്ഷം കരഗതമായികഴിഞ്ഞിരിക്കുന്നു.

* * *

എന്നന്നയ്ക്കുമായുള്ള ശരീരനാശമാണ് നിർവ്വാണം. "ഇതു് ഞാൻ അല്ല; അതു് ഞാൻ അല്ല; ഞാൻ ഇതുമല്ല, അതുമല്ല" എന്നിങ്ങിനെപറയുന്ന "നേതി" വാദത്തെയാകുന്നു ബുദ്ധൻ അംഗീകരിച്ചിട്ടുള്ളതു്. എന്നാൽ വേദാന്തം ഒരടികൂടെ മുന്നാക്കം കടന്നു് നില്ക്കുന്നുണ്ടു്. അതു് സ്വീകരിച്ചിരിക്കുന്നതു് "അസ്തി" വാദത്തെയാണു്. അസ്തിവാദംതന്നെയാണു് മുക്തി; അല്ലെങ്കിൽ സ്വാതന്ത്ര്യം എന്നു പറയുന്നതു്. "സച്ചിദാനന്ദരൂപോഹം" എന്നുള്ളതാണു് വേദാന്തത്തിന്റെ പരമരഹസ്യം.

വടക്കൻശാഖയും തെക്കൻശാഖയും ആയി പിരിഞ്ഞിട്ടുള്ള ബുദ്ധമതക്കാരിൽ വടക്കൻശാഖയിലെ ഭൂരിപക്ഷം ജനങ്ങളും മുക്തിയിൽ വിശ്വസിക്കുന്നവരും യഥാർത്ഥവേദാന്തികളും ആകുന്നു. തെക്കൻ ശാഖക്കാരായ ലങ്കാദ്വീപുകാർ മാത്രമേ "ശരീരനാശം" എന്ന നിർവ്വാണത്തെ സ്വീകരിക്കുന്നവരായിട്ടുള്ളു.

"ഞാൻ" എന്നതിനെ വിശ്വാസത്തിന്നോ അവിശ്വാസത്തിന്നോ ഹിംസിക്കുവാൻ സാധിക്കുകയില്ല. വിശ്വാസത്തോട്ടുകൂടി വരികയും അവിശ്വാസത്തോട്ടുകൂടി പോകുകയും ചെയ്യുന്നതു് ഭ്രാന്തികൊണ്ടുണ്ടാകുന്നതു് മാത്രമായിരിക്കും. അതൊന്നും ആത്മാവിനെ സ്പർശിക്കുകയില്ല. "ഞാൻ എന്റെ സ്വന്തം ആത്മാവിനെ നമസ്കരിക്കുന്നു. ദീപ്തിമത്തായിരിക്കുന്ന 'എന്നെ' ഞാൻ നമസ്കരിക്കുന്നു. ഞാൻ ബ്രഹ്മമാകുന്നു." ശരീരം ഒരു ഇരുട്ടറയാണു്. "ഞാൻ" അതിൽ പ്രവേശിക്കുമ്പോൾ അതു് പ്രകാശമാനമായി തീരുന്നു; അതു് ജീവസ്സുള്ളതായി തീരുന്നു; എന്നേയുള്ളു. അതിന്നു് പ്രകൃത്യാപ്രകാശമൊ ജീവനൊ ഇല്ല. ഈ ചൈതന്യത്തെ ബാധിക്കുവാനൊ, അതിനെ നശിപ്പിക്കുവാനൊ, ഒന്നിനെക്കൊണ്ടും സാധിക്കുകയില്ല. അതിനെ മൂടിവെയ്ക്കാം; അത്രയേയുള്ളു. അല്ലാതെ ഒരിക്കലും നശിപ്പിക്കുവാൻ സാധിക്കുകയില്ല.

അക്ലിപ്തവീൎയ്യസ്വഭാവമായിരിക്കുന്ന മാതൃഭാവത്തിലാണ് ഈശ്വരനെ ഇക്കാലത്തു സ്വീകരിക്കേണ്ടതു്. അതു് നിങ്ങളെ പരിശുദ്ധതയിലേയ്ക്കു് നയിയ്ക്കുകയും അതുമൂലം നിങ്ങൾക്കു് ഇവിടെ—അമേരിക്കയിൽ—മഹത്തായ വീൎയ്യം ജാതമാകുകയും ചെയ്യും. ഇവിടെ നിങ്ങളെ പിടിച്ചു് കീഴോട്ടുതാഴ്ത്തുവാനായി ക്ഷേത്രങ്ങളൊന്നും ഇല്ലല്ലോ. ഇവിടെ അക്കം ദരിദ്രരാജ്യങ്ങളിൽ ഉള്ളതുപോലെയുള്ള ദുഃഖവും ഇല്ലല്ലോ. സ്ത്രീജനങ്ങൾ അനേകായിരം സംവത്സരങ്ങളായി അനുഭവിച്ച അനേക കഷ്ടപ്പാടുകൾ അവൎക്കു് നിസ്സീമമായ ശക്തിയേയും ഉത്സാഹത്തേയും പ്രദാനം ചെയ്തിരിക്കുന്നു. അവൎക്കു് എന്തെങ്കിലും ഒരു ആശയം കിട്ടിയാൽ അവർ അതിനെ ബലമായി പിടിച്ചുകൊള്ളും. അതാതു അന്ധവിശ്വാസപരമായ ധൎമ്മങ്ങളിൽ കൂടെയും മുന്നോക്കം കൊണ്ടുവരുന്നതു് ഈ ശക്തിയും ഈ ഉത്സാഹവും ആണു്. എല്ലാ രാജ്യങ്ങളിലുള്ള പുരോഹിതന്മാൎക്കും ബലമായ ഊന്നു് ഇവർ തന്നെ ആകുന്നു. അവരെ സ്വതന്ത്രകളാക്കി തീൎക്കുന്നതും ഇതുതന്നെ ആയിരിക്കും. നമ്മളെല്ലാം വേദാന്തികളായി തീരേണ്ടതായിട്ടുണ്ടു്. ഈ വലിയ ആശയത്തിൽതന്നെ ജീവിക്കേണ്ടതായിട്ടും ഉണ്ടു്. പൊതുജനങ്ങൾക്കു് ഈ തത്വം കരഗതമാകണം. സ്വതന്ത്രാമേരിക്കയിൽ മാത്രമേ ഇതിന്നു സാധിക്കുകയുള്ളൂ. ബുദ്ധൻ, ശങ്കരൻ മുതലായവരെപ്പോലെയുള്ള പുണ്യശ്ലോകന്മാർ ഈ ആശയത്തെ ഇന്ത്യയിൽ വിതരണം ചെയ്തു. പക്ഷെ അവിടുത്തെ പൊതുജനങ്ങളെക്കൊണ്ടു് അതിനെ സ്വീകരിച്ചു് സൂക്ഷിക്കുവാൻ സാധിച്ചില്ല. പൊതുജനങ്ങൾ വേദാന്തതത്വങ്ങളെ അംഗീകരിക്കുക എന്നതു് ഇനിമേലിൽ ഉണ്ടാകേണ്ടതായിട്ടാണു് ഇരിക്കുന്നതു്. അതു് സ്ത്രീകൾ മുഖാന്തരം തന്നെ സംഭവിക്കുകയും വേണ്ടിയിരിക്കുന്നു.

"സൎവ്വമംഗളസ്വരൂപിണിയായ ദേവി! രാജരാജേശ്വരീ! അനന്യശരണനായിരിക്കുന്ന ഈ ഭക്തനെ നിന്തിരുവടി ദയാ

പുരസ്സരം നല്കിയ്ക്കവിച്ച് ഹൃദയാന്തർ ഭാഗത്തിൽ സൂക്ഷിച്ചു കൊള്ളുന്നേ!

"ജിഹ്വയെ ഒഴിച്ച് മററെല്ലാം ദൂരെ എറിഞ്ഞേക്കണേ. അടിയന്നു് ജിഹ്വ ഒന്നുമാത്രം മതി. 'ദേവി ദേവി; അമ്മെ അമ്മെ' എന്നു് വിളിച്ച് നിലവിളിക്കുവാനായി അത്തുമാത്രം ബാക്കി വെച്ചേച്ചാൽ മതി.

"ദുർബ്ബോധക്കാരാരും അടുത്തുവരാതിരിക്കട്ടെ. അടിയൻ അമ്മയേയും എന്നെയേയും മാത്രമല്ലാതെ മററാരേയും കാണാതാകട്ടെ.

"ദേവി ജീവരാശികൾക്കെല്ലാം അതീതയാകുന്നു.

"എന്റെ ജീവന്റെ ചന്ദ്രനും ആത്മാവിന്റെ അത്മാവും നിന്തിരുവടിതന്നെ."

* * *

ശരീരം മനസ്സിന്റെ കയ്യിൽ ഇരിക്കുന്ന ഒരായുധം; അതുപോലെ മനസ്സ് ആത്മാവിന്റെ കയ്യിലിരിക്കുന്ന ഒരായുധം മാത്രമാണു്. വസ്തു (ഭ്രാം) എന്നതു് പുറമേയുള്ള ചലനം; മനസ്സ് എന്നതു് ഉള്ളിലുള്ള ചലനം. എല്ലാ മാററങ്ങളും ഉണ്ടാകുന്നതും അവസാനിക്കുന്നതും സമയത്തിൽ ആണു്. ആത്മാ മാററമില്ലാത്തതാണെങ്കിൽ അതു് തീച്ചയായും പരിപൂർണ്ണമായതായിരിക്കണം. പരിപൂർണ്ണത്തിനു മാത്രമേ മാററം ഉണ്ടാകാതിരിക്കയുള്ളൂ. പരിപൂർണ്ണമാണെങ്കിൽ അപരിമിതവും ആയിരിക്കണം. പരിമിതമായതെങ്ങിനെ പരിപൂർണ്ണമാകും. അപരിമിതമാണെങ്കിൽ അതു് അഖണ്ഡമായും ഇരിക്കണം. അഖണ്ഡമാണെങ്കിൽ അതു് ഏകമാകാതേയും ഇരിക്കവഹിയാ. ഒന്നിലേറ അഖണ്ഡവസ്തുക്കൾ ഉണ്ടാകുവാൻ പാടില്ലല്ലൊ. ഉണ്ടായാൽ തീച്ചയായും ഒന്നു് മറേറതിനെ പരിമിതമാക്കാതിരിക്കയില്ല. അതിനാൽ ആത്മാ ഒന്നുമാത്രമേ ഉണ്ടാകുവാൻ പാടുള്ളൂ എന്നു് സിദ്ധിക്കുന്നു. നമുക്കു് പലതായി

തോന്നുന്നുണ്ടെങ്കിലും യഥാൎത്ഥത്തിൽ അതെല്ലാം ഒന്നുതന്നെയാണു്. ഒരുവൻ ഇവിടെനിന്നു് സൂൎയ്യന്നഭിമുഖമായി പ്രയാണം ചെയ്യുന്നു എന്നു് വിചാരിക്കുക. എന്നാൽ ആ ഗതിയിൽ ഓരോ അടിയിലും സൂൎയ്യനെ ഓരോപ്രകാരം കാണുന്നതായിരിക്കും. എന്നാലും സൂൎയ്യൻ ആകെ ഒന്നുമാത്രമേ ഉള്ളു താനും.

“അസ്തി” എന്നതാണു് എല്ലാ യോജിപ്പിന്റേയും അടിസ്ഥാനം. ഈ അടിസ്ഥാനത്തെ കണ്ടെത്തിക്കഴിഞ്ഞാൽ ഉടനെതന്നെ പരിപൂൎണ്ണതയും ലഭ്യമാകുന്നു. എല്ലാ ചായങ്ങളേയും ഒരേ നിറമാക്കി മാററിയാൽ പിന്നെ ചിത്രം തന്നെ ഉണ്ടാകുന്നതെങ്ങിനെ. പരിപൂൎണ്ണമായ ഐകഭാവം ശാന്താകാരമാണു്. നാം എല്ലാ പ്രകടനങ്ങളേയും ഒരു ശക്തിയിലാണു് ആരോപിക്കുന്നതു്. ടൊൾസ്റ്റായി വൎഗ്ഗക്കാർ, കൺഫ്യൂക്കസ്സ് വൎഗ്ഗക്കാർ, ബൈബ്ലർ, ബൌദ്ധർ, ഹിന്ദുക്കൾ, മഹമ്മദീയർ, ക്രിസ്ത്യാനികൾ, സൌരാഷ്ട്രർ, ഇവരെല്ലാം സദാചാര തത്വസിദ്ധാന്തങ്ങളെ ഏതാണ്ടു് ഒരേ വാക്കുകളിൽ തന്നെയാണു് ഉപദേശിച്ചിട്ടുള്ളതു്. എന്നാൽ എന്തുകൊണ്ടു് എന്ന ചോദ്യത്തിനു് അവരാരും ഒരു സമാധാനവും പറഞ്ഞിട്ടില്ല. അവയുടെ ന്യായഭാഗത്തെ തെളിയിച്ചതു് ഹിന്ദുക്കൾ മാത്രമാകുന്നു. അതിനുള്ള കാരണം അവർ ന്യായത്തെ കണ്ടിരുന്നതു രന്നേയും ആയിരുന്നു. “എല്ലാവരേയും സ്നേഹിക്കുക” എന്നു് എല്ലാവരും പറഞ്ഞു. എന്നാൽ ‘എന്തിനു സ്നേഹിക്കണം’ എന്നു് ആരും പറഞ്ഞതുമില്ല. അതു് പറഞ്ഞതു് ഹിന്ദുക്കൾ മാത്രമാണു്. അവർ അതിന്റെ കാരണം കണ്ടെത്തി, കണ്ടതു് പറയുകയും ചെയ്തു. മററുള്ളവരെ സ്നേഹിക്കണം. കാരണം — സ്നേഹിക്കപ്പെടുന്ന മററുള്ളവരും സ്നേഹിക്കുന്ന നമ്മളും ഒന്നായതുതന്നെ. ആകെ ഒന്നേ ഉള്ളു.

ലോകത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ള മഹാചാൎയ്യന്മാരിൽ ലയോട്സ്, ബുദ്ധൻ, ജീസസ്സ്, എന്നീ മൂന്നുപേർ

മാത്രമേ സാധാരണ സദാചാരനിയമത്തെ അതിക്രമിച്ച് "നിങ്ങളുടെ ശത്രുക്കൾക്കും ഗുണം ചെയ്യുക." "നിങ്ങളെ വെറുക്കുന്നവരെക്കൂടെ സ്നേഹിക്കുക" എന്നു പറയുക ഉണ്ടായിട്ടുള്ളു.

തത്വങ്ങൾ എന്നെന്നും നിലനില്ക്കുന്നുണ്ട്. അല്ലാതെ നമ്മളാരും തത്വങ്ങളെ ഉണ്ടാക്കുന്നില്ല. നമ്മൾ അവയെ കണ്ടെത്തുക മാത്രമേ ചെയ്യുന്നുള്ളു......ധർമ്മം പ്രധാനമായി അനുഭൂതി തന്നെയാണ്. സിദ്ധാന്തങ്ങളെല്ലാം ഓരോ സമ്പ്രദായം മാത്രം. അല്ലാതെ അവയൊന്നും ധർമ്മമല്ല. ലോകത്തിൽ ആകെ ഒരു ധർമ്മം മാത്രമേ ഉള്ളു. ഇപ്പോൾ കാണപ്പെടുന്ന മതങ്ങളെല്ലാം ആ ഏകധർമ്മത്തെ ഓരോരുത്തരുടേയും സ്വഭാവത്തിന് യോജിക്കുന്ന പ്രകാരം ഓരോരുത്തരും എടുത്ത് ശരിപ്പെടുത്തിയവ ആകുന്നു. സിദ്ധാന്തങ്ങൾ കലാപത്തിന്നു മാത്രമേ വഴിവെച്ചു കൊടുക്കുകയുള്ളു. അതിനാൽ ലോകത്തിലെങ്ങും സമാധാനത്തിന്നു നിദാനമായിരിക്കേണ്ട ഈശ്വരനാമം ലോകത്തിൽ ഉണ്ടായിട്ടുള്ള രക്തച്ചൊരിച്ചിലിൽ പകുതിയിലേറഭാഗത്തിന്നും നിദാനമായിതീൎന്നു.

വഴിക്കെല്ലാം നിന്ന് വഴക്കടിക്കുന്നതു് എന്തിന്നു്? ഉത്ഭവസ്ഥാനത്തേക്കുതന്നെ ചെല്ലുക; മുരട്ടിൽ തന്നെ പിടിക്കുക; ഈശ്വരനോടുതന്നെ ചോദിക്കുക ഈശ്വരൻ ആരാണെന്നു്. സമാധാനം പറയുമോ എന്നു് നോക്കാം. ഇല്ലെങ്കിൽ ഈശ്വരനില്ല. എന്നാൽ ഓരോ മതവും പഠിപ്പിക്കുന്നതു് ഈശ്വരൻ സമാധാനം പറയും എന്നുതന്നെയാണു്.

എന്നാൽ കയ്യും വീശിച്ചെന്നു് ചോദിച്ചാൽ പോരാ. അവനവന്നുതന്നെ ചിലതെല്ലാം പറയുവാൻ ഉണ്ടായിരിക്കണം. അതില്ലെങ്കിൽ പിന്നെ മററുള്ളവർ പറയുന്നതിനെപ്പററി നിങ്ങൾക്ക് എന്തൊരു അറിവാണു് ഉണ്ടാകുവാനിടയുള്ളതു്? പഴയ അന്ധവിശ്വാസങ്ങളെ ഒന്നും ബലമായി

പിടിക്കരുതു്. പുതിയ ആശയങ്ങളെ സ്വീകരിക്കുവാൻ തയ്യാറായിരിക്കണം. "പൂർവ്വികന്മാർ ഉണ്ടാക്കിയതാണെന്നുള്ള കാരണം പറഞ്ഞു് പഴയ കിണററിലെ ഉപ്പുവെള്ളം കോരിക്കുടിക്കുകയും, അടുത്തുള്ള കിണററിലെ ശുദ്ധജലം, അതു് മററുള്ളവർ ഉണ്ടാക്കിയതാണെന്നുള്ള കാരണത്താൽ മാത്രം, ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നവൻ വലിയ ബുദ്ധിശൂന്യൻതന്നെ". നാം തന്നെ ഈശ്വരനെ അനുഭവപ്പെടുത്തുന്നതുവരെ, നമുക്കു് ഈശ്വരനെപ്പററി ഒന്നും തന്നെ അറിയുവാൻ സാധിക്കുകയില്ല. ഓരോരുത്തനും സ്വപ്രകൃത്യാ തന്നെ പരിപൂർണ്ണനാണു്. പ്രവാചകന്മാരായികഴിഞ്ഞവർ ഈ പരിപൂർണ്ണതയെ തികച്ചും പ്രകടിപ്പിച്ചു് കഴിഞ്ഞിരിക്കുന്നു. ആ പരിപൂർണ്ണഭാവം നമ്മളിൽ സംകുചിതാവസ്ഥയിൽ കിടക്കുന്നതേ ഉള്ളൂ. നമ്മൾതന്നെ ഈശ്വരനെ കാണാതിരിക്കുമ്പോൾ, മോസസ്സ് ഈശ്വരനെ കണ്ടു എന്നുള്ളതു് നമുക്കു് എങ്ങിനെ വിശ്വസിക്കുവാൻ സാധിക്കും?

ഈശ്വരൻ എപ്പോഴെങ്കിലും ആർക്കെങ്കിലും പ്രത്യക്ഷം കൊടുത്തിട്ടുണ്ടെങ്കിൽ എനിക്കും അതേപ്രകാരംതന്നെപ്രത്യക്ഷം തരണം. ഞാൻ ഈശ്വരസന്നിധാനത്തിലേയ്ക്കുതന്നെ നേരെ ചെല്ലാം. ഈശ്വരൻ എന്നോടു് സംസാരിക്കട്ടെ. വിശ്വാസത്തെ മാത്രം അടിസ്ഥാനമാക്കുവാൻ ഞാൻ തയ്യാറില്ല. അതു് നിരീശ്വരവാദവും അവാസ്തവകഥനവും ആണു്. അതിനെ സ്വീകരിക്കുവാൻ ഞാൻ ഒരുക്കമില്ല. അറേബിയായിലെ മരുഭൂമിയിൽ വെച്ചു്, രണ്ടായിരം സംവത്സരങ്ങൾക്കുമുമ്പെ ഈശ്വരൻ ഒരാളോടു് സംസാരിച്ചുവെങ്കിൽ ആ ഈശ്വരനു് ഇന്നു് എന്നോടു എന്തുകൊണ്ടു് സംസാരിച്ചുകൂടാ ഇല്ലെങ്കിൽ ആ ഈശ്വരൻ ഇന്നേയ്ക്കു് ചത്തു് മണ്ണടിച്ചുപോയില്ലാ എന്നു് എനിയ്ക്കു് എങ്ങിനെ വിശ്വസിക്കാം.

നിങ്ങൾക്കു് സാദ്ധ്യമാകുന്ന ഏതു വഴിയിൽക്കൂടെ ആയാലും വേണ്ടതില്ല, ഈശ്വരങ്കലേയ്ക്കു വന്നേച്ചാൽമതി. വന്നേ

യ്യേണം, അത്രയേ ഉള്ളു. എന്നാൽ ഇങ്ങിനെവരുമ്പോൾ സഹപാഠികളിൽആരേയും വഴിയിൽതള്ളി മറിച്ചിട്ടുവാൻ ശ്രമിക്കാതിരിക്കുകയും വേണം.

അറിവുള്ളർ അറിവില്ലാത്തവരുടെ പേരിൽ ദയവുള്ളവരായിരിക്കേണ്ടതാണ്. "അറിയുന്നവൻ" ആരാണ്? ഒരു ഉറുമ്പിന്നുവേണ്ടിക്കൂടിയും തൻെറ ശരീരത്തെ ഉപേക്ഷിക്കുവാൻ തയ്യാറുള്ളവനാണ് "അറിയുന്നവൻ" മററുള്ളവർ അറിഞ്ഞതൊന്നും അറിവല്ല.

# 42

## ജീവൻെറഗതി.

നാലുമാൎഗ്ഗങ്ങൾ—ഗുരുവിൻെറ ഉത്തരവാദിത്വം— മനോനിയന്ത്രണം—ശിഷ്യശിക്ഷണം— സാകാര ഈശ്വരൻ—ഈശ്വരനും പ്രപഞ്ചവും— അവതാരകാൎയ്യം—സത്യവാദം—ത്യാഗം.

---

ആഗസ്റ്റ് 5-ാംനു, തിങ്കളാഴ്ച—

ഇതാണ് ചോദ്യം:—പരമോന്നതമായ പദവിയെ പ്രാപിക്കുവാൻ, താണപടികളിൽ കൂടെയെല്ലാം കടന്നുപോകേണമെന്നുണ്ടോ? അതോ; ഓരോററ ചാട്ടംകൊണ്ടു തന്നെ അങ്ങേ അററത്തു എത്തിക്കൂടാ എന്നുണ്ടോ? തൻെറ പൂൎവ്വികന്മാർ അനേകം നൂററാണ്ടുകളെക്കൊണ്ടു് എത്തിച്ചേൎന്നതായ സ്ഥാനത്തു എത്തിച്ചേരുവാൻ ഇന്നത്തെ അമേരിക്കൻ ബാലന് കവിഞ്ഞപക്ഷം ഇരുപതുസംവത്സരം ഉണ്ടായാൽ മതിയാകുന്നു. തൻെറ പൂൎവ്വികന്മാർ എത്തിച്ചേരുവാൻ എണ്ണായിരം സംവത്സരങ്ങൾ വേണ്ടിവന്ന സ്ഥാനം കൈവശപ്പെടുത്തുവാൻ ഇന്നത്തെ ഹിന്ദുബാലന്ന് ഇരുപതുകൊല്ലംകൂടെ

വേണ്ടതായിരിക്കുന്നില്ല. ഇതു് നമ്മുടെ സൂക്ഷ്മമായ ഗതിയാണ്. സ്ഥൂലമായി നോക്കുന്നതായാൽ, ഏററവും ചെറുതായ ഒരു കീടം തുടങ്ങി ഒരു പരിപൂർണ്ണമനുഷ്യൻ വരെയുള്ള സകല മാററങ്ങളും ഗർഭപാത്രത്തിൽ വെച്ചുതന്നെ സംഭവിക്കുന്നു. ഇങ്ങനെയെല്ലാമാണ് ഇന്നത്തെ സൈൻസ് നമ്മളെ പഠിപ്പിക്കുന്നതു്. എന്നാൽ വേദാന്തം ഇവിടേയും നില്ക്കുന്നില്ല. അതു പറയുന്നതു്, മനുഷ്യജന്മികൾക്ക് ഇതേവരെ ഉണ്ടായ ജീവിതംമാത്രം പോരാ, മേലിൽ ഉണ്ടാകാവുന്ന സമസ്തജന്മങ്ങൾക്കൂടെയും നയിക്കണം എന്നാണ്. ഇതിൽ ഒന്നാമത്തേതിന്നു് — അതായതു്, കഴിഞ്ഞജന്മങ്ങളെ ജീവിക്കുന്നതിന്ന് — സാധിക്കുന്നവൻ പഠിപ്പുള്ളവനും, രണ്ടാമത്തേതിന്നു് — അതായതു് വരാനുള്ള ജന്മങ്ങളെ മുഴുവനും ജീവിക്കുന്നതിന്നു — സാധിക്കുന്നവൻ ജീവൻമുക്തനും ആകുന്നു.

കാലം എന്നതുതന്നെ എന്താണ്? നമ്മുടെ വിചാരക്കോടികളുടെ ഒരു അളവു്. ഈ വിചാരം സീമാതീതമായ വേഗതയോടു കൂടിയതാകയാൽ നമ്മുടെ ഈ ജീവിതത്തിൽ, ഭാവിജീവിതത്തെ ഇത്രമാത്രമേ ഇത്രകാലംകൊണ്ടു ജീവിച്ചുകൂട്ടു എന്ന ക്ലിപ്തം ഒന്നും ഇല്ലതന്നെ. അതുകൊണ്ടു് ഭാവിജീവിതം മുഴുവനും ജീവിച്ചുതീക്കുവാൻ ഇത്രകാലം വേണ്ടിവരും എന്നൊന്നും പറയുവാൻ സാധിക്കുന്നതല്ല. അതു് ഒരു നൊടി ഇടകൊണ്ടു സാധിച്ചു എന്നും വരാം; അല്ലെങ്കിൽ അതിന്നു അൻപതു ജന്മമൊ അതിലേറയൊ വേണ്ടിവന്നു എന്നും വരാം. അതു് വിചാരത്തിൻെറ തീവ്രതയെ ആശ്രയിച്ചിരിക്കും. അതുകൊണ്ടു് പഠിക്കുന്നവൻെറ ആവശ്യംപോലെ പഠിപ്പിക്കുന്നതും ഭേദപ്പെട്ടിരിക്കണം. ജ്വലനസ്വഭാവത്തോടുകൂടിയ അഗ്നി അവിടെ തയ്യാറുണ്ട്. അതിൽ ഏതു വീണാലും ദഹിച്ചുകൊള്ളും.

അനേകം ചില്ലുകൾ നിറച്ചു ഒരു വെടി കൊടുത്താൽ ഒന്നെങ്കിലും കൊള്ളാതിരിക്കയില്ല. പദാർത്ഥങ്ങളെ പല

പ്രകാരത്തിൽ ഒരുക്കിവെച്ചിരിക്കുന്ന ഒരു കാഴ്ചബങ്കളാവിൽ മനുഷ്യനെ പിടിച്ചുവിട്ടാൽ, അവൻ അവിടെ കണ്ടവയിൽ നിന്ന് തനിക്കു ബോധിച്ച ഏതെങ്കിലും ഒന്നിനെ സ്വീകരിക്കാതിരിക്കയില്ല. നമ്മുടെ ഇന്നത്തെ വാസന അതീത ജന്മാന്തരങ്ങൾകൊണ്ട് രൂപീകരിക്കപ്പെട്ടതാണ്. അതിനെ ഇവിടെ വെച്ച് ഇപ്പോൾ മാററുവാനോ ഭേദപ്പെടുത്തുവാനോ സാധിക്കുകയില്ല. അതുകൊണ്ട ശിഷ്യന്നു വാസനയ്ക്കനുസരിച്ചുള്ളതു കൊടുക്കുകതന്നെ വേണം. ബുദ്ധിപരമായ സമ്പ്രദായം (ജ്ഞാനയോഗം) ഒന്ന്; സ്തോഭപരമായ സമ്പ്രദായം മററൊന്ന് (രാജയോഗം); ഭക്തിപരമായ സമ്പ്രദായം വേറെ ഒന്ന് (ഭക്തിയോഗം); പ്രവൃത്തിപരമായ സമ്പ്രദായം നാലാമതൊന്ന് (കർമ്മയോഗം); ഇവയിൽ ഏതെങ്കിലും ഒന്നിനെ പ്രധാനമായി ആശ്രയിക്കണം. എന്നാൽ അതോടുകൂടിത്തന്നെ മററു മൂന്ന് മാർഗ്ഗങ്ങളെയും സ്വീകരിക്കുകതന്നെ വേണ്ടതാകുന്നു. ബുദ്ധിപരമായ സമ്പ്രദായം (ജ്ഞാനയോഗം) പ്രേമത്തോടു് (ഭക്തിയോടു) കൂടിയതായിരിക്കണം; സ്തോഭത്തോടുകൂടിയതു് (രാജമാർഗ്ഗം) യുക്തിയോടു് (ജ്ഞാനത്തോടു) കൂടിയതായും ഇരിക്കണം. കർമ്മം എല്ലാററിനോടുകൂടിയും ഉണ്ടായിരിക്കുകയും വേണം. ഇതാണ് ഉത്തമമായ സമ്പ്രദായം. യോഗരഹസ്യവും ഇതുതന്നെ ആകുന്നു. ഒരുവൻ എവിടെ നില്ക്കുന്നുവോ അവനെ അവിടെവെച്ചു പിടിക്കുകയാണു വേണ്ടതു്. പിന്നെ പുറകിൽ നിന്നു് തള്ളിക്കൊടുക്കുക. ധാർമ്മികമായ ശിക്ഷണങ്ങളെല്ലാം സംഘടിതപരങ്ങളായേ ഇരിക്കാവൂ. ഒരിക്കലും വിഘടിതപരങ്ങളായി ഇരിക്കരുതു്. അതായതു അവ കൊണ്ടു് സൃഷ്ടിക്കുക അല്ലാതെ സംഹരിക്കരുതു്.

ഓരോരുത്തരുടേയും വാസന അവരുടെ ജന്മാന്തരങ്ങളിലെ ജീവിതരീതിയെ കാണിക്കുന്നതായിരിക്കും. സംസാരസമുദ്രത്തിൽ ഓരോരുത്തരുടേയും മാർഗ്ഗത്തെ കാണിച്ചുകൊടുക്കുന്ന വടക്കുനോക്കിയും അതുതന്നെ ആകുന്നു. എന്നാൽ

എല്ലാവഴികളും കേന്ദ്രത്തിൽ ചെന്നു് യോജിക്കാതിരിക്കയില്ല. അതിനാൽ അതുടെ വാസനയേയും ഭേദിപ്പിക്കുവാനുള്ള ശ്രമം പോലും ഒരിക്കലും ചെയ്തുപോകരുതു്. എന്തിനു് ഭേദിപ്പിക്കുന്നു? ആ വഴിയെ തന്നെ പോയാൽ എത്തേണ്ട ദിക്കിൽ എത്താതിരിക്കുമോ? മാത്രവുമല്ല, ശിഷ്യന്റെ വാസനയെ മാററുവാൻ ശ്രമിക്കുന്നതു് ഗുരുവിനും ശിഷ്യനും ഹാനികരമായേ ഇരിക്കയുള്ളു. അതിനാൽ ശിഷ്യന്റെ വാസന അറിഞ്ഞു് ഉപദേശിക്കുക എന്നുള്ളതാണു് ഗുരുവിന്റെ ചുമതല. ജ്ഞാനം ഉപദേശിക്കുമ്പോൾ ഒരു ഒന്നാന്തരം ജ്ഞാനിയായിരിക്കണം. പിന്നെ ശിഷ്യൻ എവിടെ നിൽക്കുന്നുവോ ആ സ്ഥാനത്തു മനസാ ഇറങ്ങിനിൽക്കുകയും വേണം. മററുള്ള യോഗങ്ങൾ ഉപദേശിക്കുമ്പോഴും ചെയ്യേണ്ടതു് ഇങ്ങനെതന്നെയാണു്. ഓരോന്നിലും ഉള്ള പ്രത്യേക സാമർത്ഥ്യത്തെ, അതൊന്നുമാത്രമേ ഉള്ളു എന്ന നിലയിൽ അഭിവൃദ്ധിപ്പെടുത്തുക. എല്ലാ ഭാവങ്ങളേയും ഒരുപോലെ പുഷ്ടിപ്പെടുത്തുന്നതിനെപ്പററി മുമ്പു പറയുക ഉണ്ടായിട്ടുണ്ടല്ലൊ. ആ സമ്പ്രദായത്തിന്റെ രഹസ്യം ഇതാണു്. അതായതു തീവ്രതയോടുകൂടിത്തന്നെ വ്യാപ്തിയും ഉണ്ടാകണം. ഒന്നിനെ ഉപേക്ഷിച്ചു് മറോതിനെ മാത്രം അഭിവൃദ്ധിപ്പെടുത്തുന്നതു് നന്നല്ല. നാം പൂർണ്ണന്മാരാണു്, നമ്മളിൽ ക്ലിപ്തത ഒന്നും ഇല്ല. നമുക്കു് (ശ്രദ്ധമൂലമായ വിശ്വാസത്തോടുകൂടിയ മഹമ്മദീയനെപ്പോലെ) ഏററവും തീവ്രതരമായ ഭാവത്തോടുകൂടിയവനും (ഉച്ചത്തിൽ ഗർജ്ജിക്കുന്ന നിരീശ്വരവാദിയെപ്പോലെ) ഏററവും വ്യാപ്തിയോടുകൂടിയവനും ആയിത്തീരാം. അല്ലാതെ ഒന്നുമാത്രമേ പാടുള്ളു എന്നോ, അതുതന്നെ ഇത്രമാത്രമേ ആയിക്കൂടു എന്നോ, ഒന്നും ഇല്ല.

ഇതിനെ സാധിക്കുവാനുള്ള ഉപായം മനസ്സിനെ ഏതെങ്കിലും ഒരു വിഷയത്തിൽ മാത്രമാക്കി നിർത്തുന്നതല്ല. പ്രത്യുത മനസ്സിനെ പരിപുഷ്ടിപ്പെടുത്തി നിയന്ത്രിക്കുക എന്നതാണു്;

ഇങ്ങനെ നിയന്ത്രിക്കുവാൻ സാധിച്ചാൽപിന്നെ നിങ്ങൾക്ക് അ മനസ്സിനെ നിങ്ങളുടെ ഇഷ്ടം പോലെ എവിടെ വേണ മെങ്കിലും നിൎത്താം. ഇങ്ങനെയാണ് തീവ്രതയും വിപുലത യും നിങ്ങൾക്കു സാദ്ധ്യമാകുന്നതു്. ജ്ഞാനം ഒന്നുമാത്രമേ ഉള്ളൂ എന്നവണ്ണമുള്ള വിശ്വാസത്തോടുകൂടി വേണം ജ്ഞാന ത്തെ ശീലിക്കുവാൻ. അതുപോലെതന്നെ ഭക്തിയേയും. അതു പോലെ തന്നെ യോഗത്തേയും. അതുപോലെ തന്നെ കൎമ്മ ത്തേയും. തിരകളെ വിട്ടു് സമുദ്രത്തിലേയ്ക്കു പോകുക, പി ന്നെ നിങ്ങൾക്കു ഇഷ്ടമുള്ളപ്പോഴെല്ലാം തിരകളായും തീരാകു ന്നതാണ്. നിങ്ങളുടെ സ്വന്തമാനസതടാകത്തെ ഭരിക്കുവാൻ സാധിച്ചാൽ മാത്രമേ, മററുള്ളവരുടെ മാനസ താടകത്തെ അറിയുവാൻ നിങ്ങളെക്കൊണ്ടു് സാധിക്കുകയുള്ളൂ.

സ്വശക്തിയെ മുഴുവനും ശിഷ്യന്റെ വാസനയിൽ ചിലത്തുവാൻ സാധിക്കുന്നവനാണ് ശരിയായ ഗുരുനാഥൻ. യഥാൎത്ഥമായ അനുതാപം കൂടാതെ ഒരിക്കലും ശരിയായി ശിക്ഷിക്കുവാൻ സാധിക്കുന്നതല്ല. മനുഷ്യൻ ഒരു ഉത്തരവാ ദിത്വമുള്ള ജീവിയാണ് എന്നുള്ള ധാരണയേ ഉപേക്ഷിച്ചേ ക്കണം. പരിപൂൎണ്ണമനുഷ്യൻ മാത്രമേ ഉത്തരവാദിത്വത്തോടു കൂടിയവനായി ഇരിക്കുന്നുള്ളൂ. അറിവില്ലാത്തവർ ഭ്രാന്തിയാ കുന്നു മദ്യം ധാരാളമായി സേവിച്ചതുകൊണ്ടു് ബോധശൂന്യ രായി തോന്നിയപോലെയെല്ലാം നടക്കുന്നു. “അറിയുന്നവർ” ആയ നിങ്ങൾക്കു് ഈ കൂട്ടുകാരിൽ നിസ്സീമമായ പ്രതിപത്തി ഉണ്ടായിരിക്കേണ്ടതാണ്. അവരിൽ പ്രേമമൊന്നല്ലാതെ മറെറാന്നും ഉണ്ടാകുവാൻ പാടില്ല. അവർ ലോകത്തെ ഈ വിധം വികൃതമായി കാണുവാൻ സംഗതിയാക്കിയ അവരുടെ രോഗം എന്താണെന്നു് കണ്ടുപിടിക്കുക. പിന്നെ ആ രോഗം മാറുവാൻ വേണ്ട ചികിത്സകളെല്ലാം ചെയ്യുക. അവർ ശരിയായി കാണുവാൻ സാധിക്കുന്നവരായി തീരട്ടെ. അതി നുവേണ്ട ഒത്താശകൾ എല്ലാം ചെയ്തുകൊടുക്കണം. സ്വത

ഒന്നുമാത്രമേ സ്വാതന്ത്ര്യമായ ഇച്ഛ ഉള്ളു എന്നു് നിങ്ങൾ സദാ ഓൎമ്മിക്കേണ്ടതാണു്. ബാക്കിയുള്ളവയെല്ലാം കിടക്കുന്നതു് ബന്ധനത്തിൽ തന്നെ. അതുകൊണ്ടു് അവർ ചെയ്യുന്ന പ്രവൃത്തികൾക്കൊന്നിനും അവർ ഉത്തരവാദികളല്ല. ഇച്ഛ ഇച്ഛയെന്ന ഭാവത്തിൽ ബന്ധനത്തോടുകൂടിയതാണു്. ഹിമാലയപൎവ്വതത്തിന്റെ അത്യുന്നതശൃംഗങ്ങളിൽ ഹിമം ദ്രവിച്ചുണ്ടാകുന്ന വെള്ളം സ്വാതന്ത്ര്യത്തോടുകൂടിയതാണെങ്കിലും അവിടെനിന്നു് താഴോട്ടിറങ്ങി ഗംഗയായി തീരുമ്പോഴേയ്ക്കും അതു് കരകളാകുന്ന പരിധികളാൽ ക്ലിപ്തപ്പെട്ടതായി തീരുന്നു. എന്നാലും അതിന്റെ ആദിയായുള്ള വാസന അതിനെ സമുദ്രത്തിലേയ്ക്കു തന്നെ നയിക്കുന്നു. അങ്ങിനെ അതു് അതിന്റെ സ്വാതന്ത്ര്യത്തെ രണ്ടാമതും സമ്പാദിക്കുകയും ചെയ്യുന്നു. ഒന്നാമത്തായി "മനുഷ്യന്റെ പതനം" ആണു്. രണ്ടാമതാണു് "പുനരുത്ഥാനം." ഒരൊററ പരമാണുവിന്നുപോലും അതിന്റെ സ്വാതന്ത്ര്യം സമ്പാദിക്കുന്നതുവരെ ശാന്തമായും സ്വസ്ഥമായും ഇരിക്കുവാൻ സാധിക്കുകയില്ല.

നമ്മുടെ സങ്കല്പങ്ങൾ ബന്ധനങ്ങളെ ഉണ്ടാക്കുന്നു. എന്നാൽ ആവക സങ്കല്പങ്ങളിൽ തന്നെ ചിലവ ആ ബന്ധനത്തെ തന്നെ ഖണ്ഡിക്കുവാൻ സഹായിക്കുന്നവയായും തീരുന്നു. ഈ പ്രപഞ്ചം തന്നെ സങ്കല്പമാത്രമായതല്ലയൊ? എന്നാൽ ഒരുതരം സങ്കല്പങ്ങളെ മറെറാരുതരം സങ്കല്പങ്ങൾ ഇല്ലാതാക്കിത്തീൎക്കും. പാപമുണ്ടു്—ദുഃഖമുണ്ടു്—മരണമുണ്ടു് എന്നെല്ലാം പറയുന്ന സങ്കല്പങ്ങൾ വളരെ വളരെ ഭയങ്കരങ്ങളാണു്. എന്നാൽ ഞാൻ ദിവ്യനാണു്-ഈശ്വരൻ ഉണ്ടു്-ദുഃഖമില്ല എന്നെല്ലാം പറയുന്ന മറെറാരുതരത്തിലുള്ള സങ്കല്പങ്ങൾ നല്ലവയും മറേറവയുടെ ബന്ധനങ്ങളെ ഖണ്ഡിക്കുവാൻ സഹായിക്കുന്നവയും ആകുന്നു. ഈ സംസാരമാകുന്ന ശൃംഖലയുടെ എല്ലാ കണ്ണികളേയും ഖണ്ഡിക്കുവാൻ ശക്തിയുള്ള ഏററവും ഉൽകൃഷ്ടസങ്കല്പം സാകാരഈശ്വര സങ്കല്പം ഒന്നുമാത്രമേ ഉള്ളൂ.

മായയ്ക്കു് അതീതമായ വസ്തു ആകെ ഒന്നേ ഒന്നുമാത്രമേ
ഉള്ളൂ. അതു് "ഓം തത് സത്" എന്നതുതന്നെ. ഈശ്വ
രൻ എന്നെന്നും ഉണ്ടു്. എത്രകാലംവരെ "നയാഗ്രാ വെള്ള
ച്ചാട്ടം" ഉണ്ടാകുമോ അത്രകാലം മഴവില്ലും ഉണ്ടായിരിക്കും.
എന്നാൽ വെള്ളം ഒരേടത്തുതന്നെ കെട്ടിനില്ക്കാതെ സദാ
കീഴോട്ടു ചാടി ഒഴുകിപ്പോയിക്കൊണ്ടിരിക്കുകയാണു ചെയ്യു
ന്നതു്. ഈ വെള്ളച്ചാട്ടമാണു് പ്രപഞ്ചം. മഴവില്ലു് ഈശ്വ
രൻ. രണ്ടും ഒരേവിധം സനാതനതത്വങ്ങൾ തന്നെ.
പ്രപഞ്ചം ഉള്ളകാലത്തെല്ലാം ഈശ്വരനും ഉണ്ടായേ മതി
യാകൂ. ഈശ്വരൻ പ്രപഞ്ചത്തെ ഉണ്ടാക്കുന്നു; പ്രപഞ്ചം
ഈശ്വരനേയും ഉണ്ടാക്കുന്നു. ഇങ്ങിനെ ഒന്നു നിലനില്ക്കു
മ്പോൾ മറേറതും നിലനില്ക്കുന്നുണ്ടു്. മായ സത്തും അല്ല,
അസത്തും അല്ല. നയാഗ്രാ വെള്ളച്ചാട്ടവും മഴവില്ലും സദാ
മാറിമാറിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നുണ്ടല്ലോ.
അതാണു് മായാകാര്യം. പേർഷ്യൻകാരും ക്രിസ്ത്യാനികളും
മായയെ നല്ലതും തീയതും ആയ രണ്ടുഭാഗങ്ങളായി വിളക്കു
കയും അതിൽ നല്ലഭാഗത്തിന്നു് ഈശ്വരനെന്നും, നല്ലത
ല്ലാത്തഭാഗത്തിന്നു് ചെകുത്താനെന്നും പേരിടുകയും ചെയ്യും.
എന്നാൽ വേദാന്തമാകട്ടെ, മായയെ ഒന്നായിട്ടാണു് എടുക്കു
ന്നതു്. ഈ മാററമുള്ള മായയ്ക്കു് അപ്പുറത്തായി മാററമി
ല്ലാത്ത മറെറാന്നിനെക്കൂടെ കാണുന്നതും ഉണ്ടു്. ഈ മറെറാ
ന്നാണു് "ബ്രഹ്മം—ബ്രഹ്മം" എന്നു പറയപ്പെടുന്നതു്.

* * *

ക്രിസ്തുവിന്റെ ഏകദൈവ വിശ്വാസം ക്രമേണ അ
മതത്തെ വിട്ടുമാറുവാൻ തുടങ്ങി. ഇതു കണ്ടപ്പോഴാണു് മഹ
മ്മദ് അദ്ദേഹത്തിന്റെ മതവുംകൊണ്ടു പുറപ്പെട്ടതു്. ക്രിസ്തു
മതം ഏകദൈവവിശ്വാസത്തെ കൈവിടരുതെന്നായിരുന്നു
മഹമ്മദിന്റെ ആഗ്രഹം. "ഞാനും എന്റെ പിതാവും ഒന്നു
തന്നെ ആകുന്നു." എന്ന ക്രിസ്തുവിന്റെ തിരുവചനം അജ്ഞ
ന്മാരുടെ ആശയം അനുസരിച്ചുള്ളതാണു്. ഈ ആശയം

മഹമ്മദിനെ അലട്ടുകയും ഭയവിഹ്വലനാക്കിത്തീൎക്കുകയും ചെയ്തു. പരമാൎത്ഥം നോക്കുകയാണെങ്കിൽ, യഹോവ മനുഷ്യനിൽനിന്നു കേവലം ഭിന്നനാണെന്നുള്ള യഹൂദരുടെ ആശയത്തെക്കാൾ ക്രിസ്ത്യാനികളുടെ ത്രിമൂൎത്തിബോധം വളരെ വളരെ പരിഷ്കൃതമായതുതന്നെയാണ്. മനുഷ്യനും ഈശ്വരനും ഒന്നുതന്നെയാണെന്നുള്ള സംബന്ധത്തെ കാണിക്കുന്ന ആശയത്തിൽ അവതാരകാൎയ്യം ഒരു പ്രധാനമായ സംഗതിയാണ്. ആദ്യം ഈശ്വരൻ ഒരു മനുഷ്യാകൃതിയിൽ പ്രത്യക്ഷമാകുന്നു. പിന്നെ അപ്രത്യക്ഷമാകുന്നു; പിന്നേയും അനേകരൂപങ്ങൾ എടുത്ത് വന്നും പോയും കൊണ്ടിരിക്കുന്നു; എന്നിങ്ങനെയാണ് അവതാരസിദ്ധാന്തം ഘോഷിക്കുന്നത്. ഈ സിദ്ധാന്തത്തെ തന്നെ പിന്നെ ഓരോ മനുഷ്യനേയും ബാധിക്കുന്നതാക്കിത്തീൎത്തു.

ഏകത്വമാണ് ഉന്നതാവസ്ഥ. മററുള്ളവയെല്ലാം അതിന്നു താഴെ തന്നെ. ഇതു് തൎക്കമററ സംഗതിയാണ്. യുക്തിവാദത്തെക്കാൾ എളുപ്പത്തിലും വേഗത്തിലും സങ്കല്പം ഒരുവനെ ഉന്നതപദവിയിലേക്ക് നയിക്കുന്നതാണ്.

അല്പം ചിലരെങ്കിലും വലയുടെ പുറത്തുകടന്നു നില്ക്കുവാനും ഈശ്വരന്നുമാത്രംവേണ്ടിജീവിക്കുവാനും ഇഷ്ടമുള്ള വരായിത്തീരട്ടെ. അങ്ങിനെ ലോകത്തിനുവേണ്ടി ധൎമ്മത്തെ സംരക്ഷിക്കട്ടെ. നിങ്ങൾ ഭ്രാന്തിയെ മാത്രം ജനിപ്പിയ്ക്കുന്നവരായിരിക്കുകയും ജനകനെപ്പോലെ*യാണെന്നു നടിക്കുകയും അരുതു്. ഏതായാലും പരമാൎത്ഥിയായിരിക്കുക. നിങ്ങളെക്കൊണ്ടു

---

* ജനകൻ=(സാധാരണനാമമായിരിക്കുമ്പോൾ) ജനിപ്പിക്കുന്നവൻ. (പ്രത്യേകനാമമായിരിക്കുമ്പോൾ) ജനകമഹാരാജാവു്. ഈ ജനകമഹാരാജാവു് ഒരു കൎമ്മയോഗി ആയിരുന്നു. മനഃപൂൎവ്വമായി സകലതും ഉപേക്ഷിട്ടും അദ്ദേഹം പ്രജാരക്ഷണത്തെ ലാക്കാക്കി, സ്വധൎമ്മമായ രാജ്യഭാരം നിൎവ്വഹിച്ചു. കൎമ്മയോഗികളുടെ ഒരു ഉത്തമദൃഷ്ടാന്തമായിട്ടാണ് ജനകനെ കരുതിപോരുന്നതു്. ശ്രീശുകമഹർഷിതന്നെ ജനകനെ ഗുരുവാക്കി വരിക്കേണ്ടിവന്നിട്ടുണ്ടു.

നിങ്ങളുടെ ആദർശത്തെ സമീപിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ആ വിവരം തുറന്നു പറഞ്ഞേക്കുകയാണു് ഭേദം. "ആദർശം ഞാൻ കാണുന്നുണ്ടു്. എന്നാൽ അതിനെ പ്രാപിക്കുവാൻ എന്നാൽ സാധിക്കുന്നില്ല" എന്നു തുറന്നങ്ങോട്ടു പറഞ്ഞേക്കുകയാണു് നല്ലതു്. ഇല്ലാത്ത ഒന്നു് ഉണ്ടെന്നു ഒരിക്കലും നടിക്കുകയും പറയുകയും അരുതു്. ചെയ്യുന്നതു് ധൈര്യമായിത്തന്നെ ചെയ്യണം. യുദ്ധത്തിൽ മുറിവേററു താഴെ വീണാലും വേണ്ടതില്ല, കൊടിയെ പിടിച്ചെടുത്തു അതിനെ മുന്നോട്ടു തന്നെ കൊണ്ടുപോകണം. ആരു വീണാലും ശരി, ആരു എഴുന്നേററാലും ശരി. ഈശ്വരൻ സത്യസ്വരൂപനാണു്. വീഴുന്നവൻ കൊടി നില്ക്കുന്നവൻെറ കയ്യിൽ കൊടുക്കട്ടെ. അവൻ അതിനെ മുന്നോക്കം കൊണ്ടുപോകട്ടെ. അതു ഒരിക്കലും താഴെ വീഴുവാൻ പാടുള്ളതല്ല.

ഞാൻ മലിനതകളെ പ്രക്ഷാളനം ചെയ്തു് ശുചിയുള്ളവനായിത്തീരുമ്പോൾ എൻെറ മേൽ അഴുക്കുകൾ വെച്ചുപിടിപ്പിക്കുന്നതു് എന്തിനാണു്? ഒന്നാമതായി "ഈശ്വരരാജ്യം" സമ്പാദിക്കുക. മററെല്ലാം പോകട്ടെ. അവയൊന്നും വെച്ചുകെട്ടീട്ടു ആവശ്യമില്ല. അവയെല്ലാം പോകുമ്പോൾ സന്തോഷിക്കുകയേ വേണ്ടു. ത്യജിക്കുക; എന്നാൽ തീർച്ചയായും ലഭിക്കും. വിജയത്തിലേക്കു ഈ ത്യാഗമെന്ന ഏക പന്ഥാവേ ഉള്ളു എന്നു നല്ലപോലെ അറിയുക. പക്ഷെ ഈ വിജയം നിങ്ങൾ കാണുന്നില്ലാ എന്നു വന്നേക്കാം. എന്നാൽ കാണുന്നില്ലെ! ജീസസ്സ് പന്ത്രണ്ടു മുക്കുവപ്പിള്ളരെയല്ലയോ വിട്ടേച്ചുപോയതു്! എന്നിട്ടോ! ആ പന്ത്രണ്ടുപേർകൂടി റോമാ സാമ്രാജ്യത്തെ കീഴ്മേൽ മറിച്ചില്ലെ? എന്താ, ഇതു് നിസ്സാരമായ ഒരു സംഗതിയാണെന്നൊ?

ഈശ്വരൻെറ പീഠത്തിൽ ലോകത്തിലെ സർവ്വനന്മകളേയും വിശുദ്ധികളേയും എല്ലാം സന്തോഷപുരസ്സരം ബലി കഴിക്കണം. യാതൊന്നും ശ്രമിക്കാതെ ഒരേടത്തു് മടിയനായി

ഇരിക്കുന്നതിനേക്കാൾ വളരെ ഭേദമാണ് എന്തെങ്കിലും ശ്ര മിച്ച് കഷ്ടപ്പെടുന്നത്. സവ്വും ത്യജിച്ച ഒരു ത്യാഗിവയ്യ നെ കാണുന്നതുതന്നെ എത്ര ആനന്ദകരമായിരിക്കുന്നു! ആ കാഴ്ചയ്ക്കുതന്നെ നമ്മളെ ശുദ്ധിചെയ്യാനുള്ള ശക്തിയുണ്ട്. ഈ രഹസ്യം മാത്രംവേണ്ടി ജീവിക്കുക. ലോകം അതിന്റെ പാട്ടിനു പോകട്ടെ. അല്ലാതെ ഇടയ്ക്കുള്ള വിദ്യകളൊന്നും നന്നല്ല. ലോകത്തെ നിശ്ശേഷം ത്യജിക്കുകതന്നെ വേണം. എന്നാൽ മാത്രമേ നിങ്ങൾ ശരീരബന്ധത്തിൽ നിന്നു വേർ പെട്ടവരായി തീരുകയുള്ളൂ. ശരീരത്തിൽ നിന്ന് വേർപെട്ട മ്പോൾ നിങ്ങൾ "അസാട്" (സ്വതന്ത്രൻ) ആയിത്തീരുന്നു. സ്വതന്ത്രനായിരിക്കുക. അതുതന്നെയാണ് വേണ്ടത്. മര ണത്തിന്നുതന്നെ നമ്മളെ സ്വതന്ത്രനാക്കുവാൻ സാധിക്കുക യില്ല. ജീവനോടുകൂടിയിരിക്കുമ്പോൾ നാം ചെയ്യുന്ന ശ്രമ ങ്ങളുടെ ഫലമായിത്തന്നെ വേണം സ്വാതന്ത്ര്യം സമ്പാദിക്കു വാൻ. പിന്നെ ശരീരം വീണുപോകുമ്പോൾ ആ സ്വതന്ത്ര ന്ന് വീണ്ടും ജനനമുണ്ടാകുകയില്ല. അതോടുകൂടി അവന്റെ ജനനമരണസ്വരൂപകമായിരിക്കുന്ന സംസാരം അവസാനി ക്കുന്നു.

സത്യത്തെ സത്യംകൊണ്ടുതന്നെ തിട്ടപ്പെടുത്തണം. മ റെറാന്നുകൊണ്ടായാലും മതിയാകുകയില്ല. നന്മചെയ്യുന്നു എന്നു ള്ളതല്ല സത്യവാന്റെ ലക്ഷണം. സൂയ്യനെ കാണുവാൻ ചൂട്ടിന്റെ ആവശ്യം ഇല്ലല്ലോ. സത്യം പ്രപഞ്ചത്തെ മുഴു വനും നശിപ്പിക്കുകയാണ് ചെയ്യുന്നതെന്നാൽകൂടെയും അതു് സത്യംതന്നെയാണ്. അതിനെത്തന്നെ വേണം ആശ്ര യിക്കുവാൻ.

ധമ്മത്തിലെ ബാഹ്യചടങ്ങുകളെ പരിശീലിക്കുന്നതു് വളരെ എളുപ്പമാണ്. അതു് പൊതുജനങ്ങളെ ആകഷിക്കു കയും ചെയ്യും. എന്നാൽ, വാസ്തവം നോക്കുകയാണെങ്കിൽ, ആവക ബാഹ്യസംഗതികളിൽ ഒന്നുംതന്നെ ആവശ്യവുംഇല്ല.

"എട്ടുകാലി തന്നിൽനിന്നുതന്നെ നൂലെടുത്ത് വലയുണ്ടാക്കുകയും, അതിൽതന്നെ ഇരിക്കുകയും, ഒടുവിൽ ആ വലയെ ഉള്ളിലേയ്ക്കുതന്നെ വലിക്കുകയും ചെയ്യുന്നതുപോലെ ഈശ്വരൻ പ്രപഞ്ചത്തെ പുറത്തേക്കു കാട്ടുകയും, അതിൽതന്നെ ഇരിക്കുകയും ഒടുവിൽ ഉള്ളിലേക്കു അടക്കുകയും ചെയ്യുന്നു."

*　　　*　　　*

## 43

## ആന്തരവും ബാഹ്യവും.

നിവൃത്തിയും പ്രവൃത്തിയും—മായാവൃത്തം—നന്മയും തിന്മയും - കാര്യകാരണവും സ്വാതന്ത്ര്യഭാവവും—സൈൻസും മതവും—പരിശുദ്ധി—രാക്ഷസിക ഭാവം—ഈശ്വരൻ—"ചൂടും പുകയും ഇല്ലാത്ത" അഗ്നിനാളം—വാസനാബലം—ബുദ്ധദേവനും ശത്രുക്കളും.

---

ആഗസ്റ്റ് 6-ാംനു, ചൊവ്വാഴ്ച—

"ഞാൻ" ഇല്ലാതെ "നിങ്ങൾ" ഇല്ല. ഉള്ളിൽ "ഞാൻ" ഉണ്ടെങ്കിലേ പുറത്ത് "നിങ്ങൾ" ഉള്ളു. ഇത്രയും എല്ലാവരും സമ്മതിക്കുന്നു. എന്നാൽ ഇതിൽനിന്നു ചില തത്വജ്ഞാനികൾ സിദ്ധാന്തിക്കുന്നതു് ഉള്ളിലല്ലാതെ ബാഹ്യലോകം സ്ഥിതിചെയ്യുന്നതേ ഇല്ല എന്നാണ്. അതായതു് "നിങ്ങൾ" സ്ഥിതിചെയ്യുന്നതു് "എന്നിൽ" മാത്രം. ഇങ്ങനെയാണ് ഒരുവക. മറെറാരുവക തത്വജ്ഞാനികൾ പറയുന്നതു് "ഞാൻ" എന്നതിനെ "നീ" എന്നതിൽക്കൂടെ മാത്രമേ അറിയുവാൻ സാധിക്കുകയുള്ളു എന്നാണ്. ഇതിന്നു നല്ല ന്യായങ്ങളും ഉണ്ടു്. എന്നാൽ ഈ രണ്ടു് അഭിപ്രായങ്ങളും

ഏതാണ്ട് പരമാത്ഥങ്ങളും ആകുന്നു. ഓരോന്നിലും ഒട്ടാകെ അബദ്ധങ്ങളും ഉണ്ട്, ഒട്ടാകെ സുബദ്ധങ്ങളും ഉണ്ട്. വിചാരംകൂടെയും ശരീരമെന്നതുപോലെ ഒരു വസ്തു; പ്രകൃതിയിൽ ഉള്ളതും തന്നെ. എന്നാൽ മനസ്സും വസ്തുവും മൂന്നാമതൊന്നിലാണ് സ്ഥിതിചെയ്യുന്നതു്. ആ സമുച്ചയവസ്തു മനസ്സും പദാത്ഥവും ആയി പിരിയുക ആകുന്നു. ഈ മുസച്ചയവസ്തുവാണ് ആത്മാ.

ഇങ്ങിനെ മനസ്സും പദാത്ഥവുമായി പ്രകടിക്കുന്ന ഏകവസ്തുവിൻെറ, ദൃശ്യലോകത്തിലുള്ള ചലനങ്ങളെല്ലാം ഏതാനം വ്യവസ്ഥിതരീതിയിൽ മാത്രമാകുന്നു. ഈ രീതിയെയാണു നിയതി അല്ലെങ്കിൽ നിയമം എന്നു് പറയുന്നതു്. "ഏക" പദാത്ഥം എന്ന നിലയിൽ അതു് സ്വതന്ത്രമായതാണു്. "ബദ്ധ" എന്ന നിലയിൽ നിയമങ്ങളാൽ അതുതന്നെ ബദ്ധവും ആകുന്നു. എന്നാൽ ഇങ്ങനെ എല്ലാംബന്ധനങ്ങൾ ഉണ്ടായാലും അവയോടുകൂടി സ്വാതന്ത്ര്യത്തിൻെറ ഒരു സ്മരണം സദാസ്ഥായിയായിത്തന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിനെയാണ് "നിവൃത്തി" എന്നു് പറയുന്നതു്. ഈ ലൌകികവ്യാപാരങ്ങളിൽ ഊർജ്ജിതമായി പ്രവത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ശക്തി "പ്രവൃത്തി"യും ആകുന്നു.

ഭൂതങ്ങളുടെ ബന്ധനങ്ങളിൽ നിന്നു് നമ്മളെ സ്വതന്ത്രരാക്കിത്തീക്കുന്ന കമ്മങ്ങളാണ് സദാചാരകമ്മങ്ങൾ. പ്രത്യുത, ഭൂതങ്ങളുടെബന്ധനങ്ങളിൽ കുടുങ്ങുവാൻ ഇടയാക്കിത്തീക്കുന്ന കമ്മങ്ങൾ സദാചാരവിരുദ്ധങ്ങളും ആകുന്നു. ഈ ലോകം പരിപൂണ്ണമായ ഒന്നുപോലെയാണ് നമ്മാൽ കാണപ്പെടുന്നതു്. അതിന്നുള്ള കാരണം അതിൻെറ ഗതി വൃത്താകൃതിയിൽ ഇരിക്കുന്നതും ആകുന്നു. അതു് പുറപ്പെട്ടടത്തേയ്ക്കു തന്നെ മടങ്ങി ചെല്ലുകയാണ് ചെയ്യുന്നതു്. അതുകൊണ്ടു് ഇവിടെ എവിടേയും ശാന്തിയൊ സമാധാനമൊ ഇല്ലതന്നെ.

നാം പുറത്തു കടക്കണം. നമുക്ക് പ്രാപിക്കുവാനുള്ള ഏക സ്ഥാനം മുക്തിഎന്നതു് മാത്രമാകുന്നു.

* * *

ദോഷം (തിന്മ) അകൃതിയിൽ ഭേദപ്പെട്ടുകൊണ്ടിരിക്കും എന്നാൽ ഗുണത്തിൽ എന്നും ഒരുപോലെതന്നെ ഇരിക്കുകയും ചെയ്യും. പണ്ടത്തെ കാലത്തു ലോകത്തെ ഭരിച്ചുകൊണ്ടിരുന്നതു് ശക്തിയായിരുന്നു. ഇന്നു് ഭരിക്കുന്നതു തന്ത്രം (ഉപായം) ആയിത്തീന്നിരിക്കുന്നു. ഇന്ത്യയിലെ ദുഃഖം അമേരിക്കയിലെ ദുഃഖംപോലെ അത്ര കഠിനമല്ല. ഇവിടത്തെ ദരിദ്രനു് അവൻെറ ദാരിദ്ര്യാവസ്ഥയോടു് തട്ടിച്ചുനോക്കുവാനുള്ള സൌഭാഗ്യാവസ്ഥ ഇന്ത്യയിലെ ദരിദ്രനുള്ളതിനെക്കാൾ വളരെ വിപുലവും മഹനീയവും ആയിരിക്കുന്നു.

നന്മയും തിന്മയും തമ്മിൽ അന്യോന്യം യാതൊരു വിധത്തിലും വേർപിരിയുവാൻ വഹിയാത്തവിധം അത്രയ്ക്കു് യോജിച്ചാണു് കിടക്കുന്നതു്. അതുകൊണ്ടു് ഒന്നിനെ മറേറതു കൂടാതെ സ്വീകരിക്കുവാൻ സാധിക്കുകയില്ല. ഈ പ്രപഞ്ചത്തിലെ വിശ്വത്തിൻെറ ആകെ തുകയെ ഒരു ജലാശയത്തോടു ഉപമിക്കാം. ജലാശയത്തിൽ ഒരു തിര ഉത്ഭവിക്കുമ്പോൾ അതിന്നനുസരണമായ ഒരു പാത്തി മറെറാരേടത്തു് ഉണ്ടാകാതെ കഴികയില്ല. പാത്തിയുണ്ടെങ്കിൽ തിരയുമുണ്ടു്. തിരയുണ്ടെങ്കിൽ പാത്തിയും ഉണ്ടു്. ഒന്നും ഇല്ലെങ്കിൽ ഒന്നും ഇല്ല. ഇങ്ങിനെ ആകെ തുക എല്ലായ്പോഴും ഒരുപോലെതന്നെ ഇരിക്കും. അതിനു് വ്യത്യാസം വരികവഹിയാ അതുകൊണ്ടു ഒരുവൻ സുഖിയായി തീരണമെങ്കിൽ മറെറാരുവൻ തീച്ചയായും ദുഃഖിയായി തീന്നേമതിയാകൂ. ബാഹ്യമായ സുഖം കേവലം ഭൌതികവും അതിൻെറ തുക പരിമിതവും ആകുന്നു. അതുകൊണ്ടു് അതിൽ ഒരു തരി ഒരുവന്നു് കിട്ടണമെങ്കിൽ അത്രയും മറെറാരുവനിൽനിന്നു് അപഹരിക്കാതെ ഗത്യന്തമില്ല. എന്നാൽ ഈ ഭൌതികലോകത്തിന്നപ്പുറമുള്ള ആനന്ദ

ത്തിൻെറ കഥ അങ്ങിനെയല്ല. അതിനെ ആക്കും ഒരു നഷ്ടവും കൂടാതെ എത്രവേണമെങ്കിലും എടുക്കാം. ഭൌതിക സുഖം എന്നതുതന്നെ ഭൌതികദുഃഖത്തിൻെറ ഒരു രൂപാന്തരം മാത്രമല്ലാതെ മറെറാന്നും തന്നെ അല്ലല്ലൊ.

തിന്മയിൽ ജനിക്കുകയും തിന്മയിൽതന്നെ ജീവിതം നയിക്കുകയും ചെയ്യുന്നവർ പാത്തിയെ കാണുന്നില്ല. അവിടുത്തെ കഥകൾ എന്തെല്ലാമാണന്നു് അന്വേഷിക്കുന്നതുമില്ല, അറിയുന്നതും ഇല്ല. ഈ ലോകത്തെ സുഖപ്പെടുത്തുവാനൊ, ഇതിനെ നന്നാക്കുവാനൊ നിങ്ങൾ ആരെക്കൊണ്ടും സാധിക്കുമെന്നു് ഒരിക്കലും വിചാരിക്കണ്ട. ചക്കിനുചുട്ടിയ മൂരിയുടെ മുമ്പിൽ തൂക്കിയിരിക്കുന്ന വയ്ക്കോൽ ശിഥിലം എത്രതന്നെ നടന്നാലും ആ മൂരിക്കു് എത്തുകയില്ല. അതു് ചക്കാട്ടുക മാത്രമെ ചെയ്യുന്നുള്ളൂ. അതുപോലെയാണു് നാം എപ്പോഴും സുഖത്തെ തേടി അതിൻെറ പിന്നാലെ എത്തുവാൻ ശ്രമിക്കുന്നതു്. ആ സുഖം നമ്മളെ സദാ കളിപ്പിക്കുകയേ ചെയ്യുന്നുള്ളൂ. നമ്മൾക്കു് പ്രകൃതിയുടെ ചക്കാട്ടുക തന്നെ പണി. അങ്ങിനെഓടി ഓടിക്കൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ഒരേടത്തു് വീണു് ചാകുകയും ചെയ്യും. അതോടുകൂടിയെങ്കിലും അവസാനിച്ചോ? അതൊട്ടില്ലതാനും. വീണ്ടും ഇതേ പണിതന്നെ ആവത്തിക്കുവാൻ വീണ്ടും ജനിക്കുകതന്നെ ആയി. നമ്മളെക്കൊണ്ടു് ദുഃഖത്തെ ഇല്ലായ്മചെയ്യാൻ സാധിച്ചു എന്നു് വന്നാൽ, നാം പിന്നെ ഒരിക്കലും അതിലും ഉപരിയായ യാതൊന്നിനേയും പ്രാപിക്കുകയില്ല. അതുകൊണ്ടു തൃപ്തിപ്പെട്ടു്, സ്വതന്ത്രനാകുവാൻ മതിക്കാതെ അവിടെത്തന്നെ, അലസനായി അടങ്ങികിടക്കുകയേ ഉള്ളൂ. സുഖത്തെ ലാക്കാക്കി ഭൌതികവസ്തുക്കളിൽ ചെയ്യുന്ന അന്വേഷണങ്ങളെല്ലാം വെറും അസംബന്ധങ്ങൾ മാത്രമാണന്നു് കാണുമ്പോഴാണു് മനുഷ്യനു് ധമ്മം (മതം) ആരംഭിക്കുവാൻ പുറപ്പെട്ടന്നതു്. മാനുഷികമായ എല്ലാ അറിവുകളും, ഒരുവിധം നോക്കുമ്പോൾ ധമ്മത്തിൻെറ ഓരോ ഭാഗംതന്നെ ആകുന്നു.

മനുഷ്യശരീരത്തിനു നന്മയും തിന്മയും തുല്യമാക്കിയാണു് വെച്ചിരിക്കുന്നതു്. അതിനാൽ ഇവ രണ്ടിൽനിന്നും രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നതിനുകൂടെ മനുഷ്യന്നു് അവകാശം നിഢിക്കുന്നുണ്ടു്. അത്രയ്ക്കു് തുല്യമായിട്ടാണു് അവ ഇരിക്കുന്നതു്.

സ്വതന്ത്രൻ ഒരിക്കലും ബദ്ധനായിത്തീരുന്നില്ല. "സ്വതന്ത്രൻ എങ്ങിനെയാണു് ബദ്ധനായിത്തീർന്നതു" എന്ന ചോദ്യംതന്നെ യുക്തിഹീനമായ ഒന്നാണു്. വെറും അസംബന്ധം അണ്ണതു്. ബന്ധം ഇല്ലാത്തേടത്തു് "കാൎയ്യകാരണം" ഇല്ല. ഉറക്കത്തിൽ ഞാൻ ഒരു സ്വപ്നം കണ്ടു എന്നിരിക്കട്ടെ. "ഞാൻ ഒരു കുറുനരിയായി; ഒരു ശ്വാനൻ എന്നെ ഓടിയെത്തി" എന്നായിരുന്നു സ്വപ്നം എന്നും വിചാരിക്കുക. എന്നാൽ ശ്വാനൻ എന്നെ ഓടിയെത്തുവാനുള്ള കാരണമെന്താണു് എന്നു് എങ്ങിനെ ചോദിക്കാം. കുറുക്കൻ സ്വപ്നത്തിന്റെ ഒരു ഭാഗം; അതിനെത്തുടൎന്നു് നായും മറ്റൊരുഭാഗം. അത്രതന്നെ. രണ്ടും സ്വപ്നത്തിന്നു് ചേൎന്നവകൾതന്നെ. സ്വപ്നത്തിൽനിന്നു് പുറത്തു അതിന്നു് യാതൊരു അസ്തിത്വവും ഇല്ല. സൈൻസും (ഭൌതികതത്വശാസ്ത്രവും) മതവും (ആദ്ധ്യാത്മികധൎമ്മശാസ്ത്രവും) രണ്ടുംനമ്മളെ ബന്ധനത്തിൽനിന്നു് വലിച്ചു് പുറത്തിടുവാൻ തന്നെയാണു് ശ്രമിക്കുന്നതു്. ഇതിൽ മതം വളരെ പുരാതനമായതാണു്. അതുകൊണ്ടു് അതാണു് അധികം ദിവ്യമായിട്ടുള്ളതു് എന്ന ഒരു പ്രത്യേകാവകാശം കൂടെ വന്നുകൂടിയിരിക്കുന്നു. അതിൽ ഒട്ടൊക്കെ പരമാൎത്ഥവും ഇല്ലായ്കയില്ല. എന്തുകൊണ്ടെന്നാൽ ധൎമ്മം സദാചാരത്തെ ഒരു പ്രധാന സംഗതിയായി കരുതുന്നുണ്ടു്. സൈൻസു അങ്ങിനെ ചെയ്യുന്നില്ല. അതിനാൽ ആ ഒരു മഹത്വം മതത്തിന്നു് പ്രത്യേകമായുണ്ടെന്നുതന്നെ പറയാം.

"ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണുന്നതാകകൊണ്ടു് അവർ അനുഗ്രഹീതന്മാരാകുന്നു." എല്ലാ മതഗ്രന്ഥ

ങ്ങളും എല്ലാ പ്രവാചകന്മാരും ഇല്ലാതായിപ്പോയാലും ഈ ഒരൊററ വചനം തന്നെ മനുഷ്യസമുദായത്തെ ആകമാനം സംരക്ഷിക്കുവാൻ മതിയാകുന്നതായിരിക്കും. മനഃശ്ശുദ്ധി ഈശ്വരാനുഭൂതിയെ ആനയിക്കുന്നു. ലോകത്തിലെ സർവ്വ സംഗീതങ്ങളുടേയും രാഗം "ഹൃദയശ്ശുദ്ധി" ആണു്. അതിൽ ബന്ധനമൊന്നുംഇല്ല. പരിശ്ശുദ്ധികൊണ്ടു് അജ്ഞാനമാകുന്ന മൂടുപടത്തെ അങ്ങൊട്ടു് നീക്കിക്കളയുക. അപ്പോൾ നാം യഥാൎത്ഥത്തിൽ യാതൊന്നാണൊ അതായിത്തന്നെ പ്രകടിതമായിരിക്കുന്നതാകുന്നു. അപ്പോൾ തന്നെ, നാം ഒരിക്കലും ബന്ധനത്തിൽ അയിരിക്കുന്നില്ലെന്നു് അറിയുകയും ചെയ്യുന്നു. ലോകത്തിലുള്ള പാപങ്ങളിലെല്ലാം വെച്ചു് വലുതായ പാപം ബഹുതാ ദർശനമാണു്. എല്ലാം ആത്മാവായി കാണുക. എല്ലാവരേയും സ്നേഹിക്കുകയും ചെയ്യുക. വ്യത്യാസം, ഭിന്നിപ്പു, വ്യന്നിങ്ങനെയുള്ള ആശയങ്ങളെ ഉണ്ടായിരിക്കരുതു്.

* * *

എന്നിൽ രാക്ഷസികമായ ഒരു ഭാവമുണ്ടു്. ഒരു മുറിവൊ ഒരു വ്രണമൊ ശരീരത്തിന്നു് ഏതു പ്രകാരമാണോ അതേപ്രകാരമാണു് ഈ രാക്ഷസ ഭാവവും. നാംഅതിനെ ശുശ്രൂഷിച്ചു് ഭേദമാക്കിക്കൊണ്ടുവരുന്നേ മതിയാകൂ. അതുപോലെ ഈ രാക്ഷസഭാവത്തേയും — അതു് നിശ്ശേഷം ഇല്ലാതായി വീണ്ടും പൂൎണ്ണാരോഗ്യം ലഭ്യമാകുന്നതുവരേ—നിരന്തരം ശുശ്രൂഷിച്ചു് ഇല്ലാതാക്കിക്കൊണ്ടു വരികതന്നെ വേണം. നാം വ്യാവഹാരികമായ അവസ്ഥയിൽനിന്നു് ആലോചിക്കുമ്പോൾ—ശരീരം എന്ന നിലയിൽ നമ്മളെ മററുള്ളവൎക്കു ഉപദ്രവിക്കുവാൻ സാധിക്കുമെന്നും അതുപോലെതന്നെ മററുള്ളവരെക്കൊണ്ടു നമ്മളെസഹായിക്കുവാൻ സാധിക്കുമെന്നും വിശ്വസിക്കുവാൻ ന്യായമായ അവകാശംഉണ്ടു്. ഈ സഹായാശയത്തെ തനിച്ചെടുത്തു് ഒരുക്കൂട്ടിയതിനെയാണു് നാം ഈശ്വരൻ എന്നു് പറയുന്നതു്. സഹായത്തെപ്പററിയുള്ള സർവ്വാശയങ്ങളുടേയും ആകെത്തുകയാകുന്നു ഈശ്വരൻ.

ദയവോട്ടുകൂടിയതായും, സഹായകാരിയായും, നല്ലതായും, പ്രപഞ്ചത്തിൽ എന്തെല്ലാം ഉണ്ടോ അവയുടെയെല്ലാം സത്തിന്റെ സമുച്ചയഭാവമാണ് ഈശ്വരൻ. ഇങ്ങനെ അറിയിരിക്കണം നമ്മുടെ സർവ്വപ്രധാനമായ ആശയം. ആത്മഭാവത്തിൽ നോക്കുകയാണെങ്കിൽ ശരീരമേ ഇല്ലാ എന്നുവേണം പറയുവാൻ. "ഞാൻ ഈശ്വരനാണ് — വിഷം എന്നെബാധിക്കുകയില്ല" എന്ന് പറയുന്നതു് വെറും അസംബന്ധംതന്നെ. നമുക്ക് ഒരു ശരീരമുണ്ടായിരിക്കുകയും, നാം അതിനെ കണ്ടുകൊണ്ടിരിക്കയും ചെയ്യുമ്പോൾ നമുക്ക് തീച്ചയായും ഈശ്വരാനുഭൂതി ഉണ്ടായിക്കഴിഞ്ഞിട്ടില്ല. നദി വററി വരണ്ടുപോയതിന്നുശേഷവും അതിലെ ചെറുചുഴി അവശേഷിച്ച് നില്ക്കുന്നതായിരിക്കുമോ? സഹായത്തിന്നുവേണ്ടി നിലവിളിക്കുക; അതു തീച്ചയായും നിങ്ങൾക്ക് കിട്ടുകയും ചെയ്യും. എന്നാൽസഹായത്തെ അത്ഥിച്ച് കരഞ്ഞവൻ ആരോ അവൻ അപ്രത്യക്ഷനായി കഴിഞ്ഞിരിക്കുന്നു എന്ന് നിങ്ങൾക്കൊടുവിൽ കാണാകുന്നതാണ്. അതുപോലെതന്നെ സഹായിച്ചവനും അപ്രത്യക്ഷമായിത്തീരും. അപ്പോൾ കളിയേ കഴിഞ്ഞു. പിന്നെ ആത്മാ മാത്രം അവശേഷിക്കുന്നു.

ഇങ്ങനെ ഒരിക്കൽ സംഭവിച്ചു കഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് ഇഷ്ടമുള്ളപ്പോഴെല്ലാം വന്ന് ഇഷ്ടംപോലെ കളിക്കാം. ഈ ശരീരത്തെക്കൊണ്ട് അപ്പോൾ ഒരു ദോഷവും ചെയ്യുവാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ദോഷം ചെയ്യാനുള്ള എല്ലാ ദുഷ്ടശക്തികളും നിശ്ശേഷം ദഹിച്ചതിന്നതിന്നുശേഷം മാത്രമേ ഈ വിമോക്ഷം സിദ്ധിക്കുകയുള്ളൂ. എല്ലാ അഴുക്കുകളും ദഹിച്ചുപോയിക്കഴിഞ്ഞിരിക്കുന്നതിനാൽ പിന്നെ ദുഷ്ടതകളൊന്നും ആ ശരീരത്തിൽ നിന്ന് പുറപ്പെടുകയില്ല. തദനന്തരം അവശേഷിക്കുന്നതു് "ചൂട്ടും പുകയും ഇല്ലാത്ത നാളം" മാത്രം.

എന്നാലും പൂൎവ്വവാസന ശരീരത്തെ പിന്നേയും ഇട്ടു കുറെ ഓടിക്കും. എങ്കിലും അതിനെക്കൊണ്ടു് അല്പോൾഗ്രഹണം മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. സ്വാതന്ത്ര്യം വരുന്നതിനു മുമ്പായിത്തന്നെ തിന്മ ചെയ്യാനുള്ള ശക്തികളെല്ലാം ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നുവല്ലൊ. തസ്കരൻ കഴുവിന്മേൽ കിടന്നു് ചാകുന്നു. അവന്റെ ജന്മാന്തരകൃതപുണ്യം ഫലിക്കുന്നതു് അപ്പോഴാണു്. അവൻ പണ്ടു് ഒരിക്കൽ ഒരു യോഗിയായിരുന്നു. അവിടെ നിന്നു് വഴുതി അതുകൊണ്ടു് പിന്നേയും ജനിക്കേണ്ടതായിവന്നു. അവൻ പിന്നേയും വഴുതി. പിന്നെയാണു് തസ്കരനായി വന്നതു്. എന്നാൽ അവൻ ജന്മാന്തരങ്ങളിൽ ചെയ്ത സൽക്കൎമ്മങ്ങൾ ഫലവത്തായതു് അപ്പോഴാണു്. ഇങ്ങനെ അവൻ സ്വതന്ത്രനാകുവാനുള്ള ആ അവസരത്തിൽ ജീസസ്സിനെ കണ്ടു. അദ്ദേഹത്തിന്റെ ഒരൊററ വാക്കുതന്നെ അവനെ സ്വതന്ത്രനാക്കിത്തീൎക്കുകയും ചെയ്തു.

ബുദ്ധദേവൻ അദ്ദേഹത്തിന്റെ പരമശത്രുവിനെക്കൂടെ സ്വതന്ത്രനാക്കാതിരുന്നില്ല. ശത്രുവിനു് ബുദ്ധദേവനോടുണ്ടായിരുന്ന അതികഠിനമായ വിദ്വേഷം നിമിത്തം അവൻ എപ്പോഴും ബുദ്ധദേവനെപ്പററിത്തന്നെ ആലോചിച്ചുകൊണ്ടിരുന്നു. ആ വിചാരം ആ ആളുടെ മനസ്സിനെ ശുദ്ധമാക്കി. അങ്ങനെ സ്വാതന്ത്ര്യത്തിനു് അൎഹനാക്കിത്തീൎക്കുകയും ചെയ്തു. അതുകൊണ്ടു് എല്ലായ്പോഴും ഈശ്വരനെത്തന്നെ വിചാരിച്ചുകൊണ്ടിരിക്കുക. അതു് നിങ്ങളെ ക്രമേണ പരിശുദ്ധരാക്കിത്തീൎക്കും.

ഓം ഹരിഃ ഹരിഃ ഹരിഃ

ശുഭം.

---

ഈ പുസ്തകത്തിന്റെ സൎവ്വാവകാശവും, കൊല്ലം "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടം ഉടമസ്ഥരിൽ ഇരിക്കുന്നു.

181

810.8